032.3M933.11
F6

MURUGAN BINDING
WORKS,
NO. 3, BOMMULIER STREET,
ELEPHANT GATE, MADRAS-1.

MUL
094308

Madras University Libra

DOCTRINA-VIM-PROMOVET INSITAM

Call Number

Accession Number

Available for loan from

This book should be returned on or befc
the date last marked below.

15 MAR 1954
28 AUG 1957
3 DEC 1958
24 MAR 1959
20 APR 1959
21 SEP 1959
8 SEP 1960
5 OCT 1960

16 JUN 1968
23 DEC 19

O. 61

# താരാഭായി.

## രസകരമായ ഒരു നോവൽ.

പ്രസാധകൻ,

എം. കെ. ഗോവിന്ദപ്പിള്ള.

പ്രകാശകൻ,

കെ. ജി. പരമേശ്വരൻപിള്ള.

പ്രൊപ്രൈറ്റർ,

"ശ്രീരാമവിലാസം" പ്രസ്സ് — കൊല്ലം.

B. V. BOOK DEPOT & PRINTING WORKS
PRINTERS, PUBLISHERS, BOOK SELLERS, ETC.
TRIVANDRUM. TRICHUR.

൧-ാം പതിപ്പ് കാ[illegible]

94308

ശ്രീ.

# താരാഭായി.

---

## അദ്ധ്യായം ൧.

സുമാർ അഞ്ഞൂറു കൊല്ലങ്ങൾക്കുമുമ്പു, അതായതു പതിനഞ്ചാം ശതാബ്ദത്തിന്റെ ആരംഭത്തിൽ ഉള്ള ഒരു ദിവസം സൂര്യോദയസമയം ഈ കഥ ആരംഭിക്കുന്നു. ഉദയഭാനുവിന്റെ ചെങ്കനൽപ്രഭ ഉദയഗിരിനഗരത്തിലെ മേൽമാളികകളുടെ സ്തൂപികകളെ അഗ്നികണങ്ങൾ എന്നപോലെ പ്രകാശിപ്പിച്ചിരുന്നു. ആ പുരാതനനഗരത്തിന്റെ ഒരു ഭാഗത്തുകൂടി ഒഴുകുന്ന കലാവതി നദിയുടെ തീരപ്രദേശങ്ങളിൽ വളർന്നുനിന്നിരുന്ന നെല്ലോലകൾക്കു അരുണകിരണപ്രതിഫലനം ഒരു മെച്ചമായ ശോഭയെ നൽകി.

സൂര്യപ്രകാശം ഭൂപൃഷ്ഠത്തിലെവിടെയും വെളിച്ചംകൊടുത്തു ജാഗ്രദവസ്ഥയെ പരിപാലിച്ചുകൊണ്ടിരിക്കുമ്പോൾ, ഉദയപുരിയിലുള്ള രജതവിലാസം സൌധത്തിന്റെ അടിവാരത്തിൽ നിർമ്മിച്ചിട്ടുള്ള നിഗൂഢമായ ഒരു കല്ലറയുണ്ടായിരുന്നു. സൂര്യന്റെ ചുട്ടുപഴുപ്പിച്ച വെയിൽ തട്ടി നാടൊക്കെ വെളുത്തിരുന്നിട്ടും ആ കല്ലറമാത്രം ഇരുട്ടടഞ്ഞതായിരുന്നിരുന്നു. അതിൽ അടയ്ക്കപ്പെട്ടിരുന്ന കുററക്കാരെല്ലാം വെളിച്ചം കിട്ടുവാൻ ആഗ്രഹത്തോടുകൂടി അതിന്റെ വാതിലിൽ ദൃഷ്ടിപതിപ്പിച്ചു കാത്തിരിക്കുകയായിരുന്നു. ആ കുററക്കാരുടെ സ്ഥിതി ദയനീയമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. അതിൽ അക്കാലത്തിൽ അകപ്പെട്ടിരുന്ന കുററക്കാരിൽ ഒരു ചെറുപ്പക്കാരൻമാത്രം ഏററവും ആശയോടുകൂടി വാതിൽ തുറന്നുകിട്ടുവാൻ പ്രതീക്ഷയോടുകൂടി ഇരുന്നിരുന്നു. അവന്റെ മുഖം ആ കല്ലറയിലുള്ള ഇരുട്ടിനേക്കാൾ ഭയങ്കരവും പരിതാപജനകവുമായ ഇരുളടഞ്ഞതായിരുന്നു. സാധാരണ ഭൂമിയുടെ നിരപ്പിൽനിന്നു വളരെയധികം ആഴത്തിൽ പണിചെയ്യപ്പെട്ടിരുന്ന ആ ഇരുട്ടറയിൽകിടന്നു ക്ലേശിച്ചു ആ യുവാവിന്റെ സകല പൌരുഷങ്ങളും നശിച്ചുകഴിഞ്ഞിരുന്നു. ദുഃഖപര്യവസായിയായ ജീവിതാശ, ബുദ്ധിയുള്ളവർ അംഗീകരിക്കുകയില്ല. ൧൨ മാസക്കാലം ആ നരകഗർഭത്തിൽ അവൻ കഴിച്ചുകൂട്ടിയതു നിമിത്തം അവന്റെ ബുദ്ധിക്കുള്ള വ്യാപാരവും വിചാരണചെയ്ക കഴിവു, ആയ ശക്തി തീരെ നശിച്ചുകഴിഞ്ഞിരിക്കുന്നു എന്നുതന്നെ പറയാം. ഇത്ര ഭയങ്കരമായ ദുഃഖാനുഭൂതിക്കു അവ

ന്നെ കീഴ്പെടുത്തിയ ആ പാപകർമ്മം എന്തായിരിക്കും? അവന്റെനിലയെ പരിശോധിക്കുന്ന ഒരാൾക്ക് അവന്റെ ഹൃദയത്തിൽ വേദനപ്പെടുത്തിക്കൊണ്ടിരിക്കുന്ന ആ താപകാരണം കണ്ടുപിടിക്കാൻ കഴിയാതാവുകയില്ല.

അവൻ ഉയർന്ന സ്ഥിതിയിലുള്ള ഒരുത്തമകന്യകയെ ആഗ്രഹിക്കയും, അന്തർവാളിൽ ഉദ്വേഗകരമായ അനുരാഗവികാരത്തെ മുളപ്പിക്കയും ചെയ്തു. ക്ഷന്തവ്യമല്ലാത്ത ഒരു കുറ്റമായി ഗണിക്കപ്പെട്ടതിന്റെ ഫലമാകുന്നു ഈ ഏകാന്തതടവ്. അസ്ഥാനത്തിൽ ജനിക്കുന്ന കാമം ഏതുതരമായാലും ആപത്തിലകപ്പെട്ടു നട്ടംതിരിയുവാൻ ഇടയാക്കിത്തീർക്കുമെന്നുള്ളതു് ഒരു തെളിഞ്ഞ പരമാർത്ഥമാകുന്നു. ആ കന്യകയും ഇവനെത്തന്നെ മനസാ വരിച്ചുകഴിഞ്ഞിരിക്കുന്നു. രാജകുമാരിയുടെ സ്ഥിതിയിലിരിക്കുന്ന ഒരു കന്യക ഒരു ദരിദ്രനെ വരിക്കുക എന്നതു കേവലം അയോഗ്യമാകുന്നു. സ്ഥിതിയുടെ ഉൽക്കർഷാപകർഷങ്ങൾ പ്രവൃത്തിയെ ആശ്രയിച്ചിരിക്കുന്നു. ഉയർന്ന സ്ഥിതിയിലുള്ളവൻ നീചകർമ്മംമൂലം അധഃകൃതനായി ഭവിക്കുന്നു. താഴ്ന്നവൻ തന്റെ സൽക്കർമ്മഫലങ്ങൾകൊണ്ടു് ഉത്തരോത്തരം ഉയർന്നു് ഉൽക്കർഷപദവിക്കർഹനായി ഭവിക്കുന്നു. അതിനാൽ ഈ തടവുകാരൻ ആ കന്യകയുടെ ഹൃദയക്ഷേത്രത്തിൽ നട്ടുപിടിപ്പിച്ച അനുരാഗബീജം മുളച്ചു തഴച്ചു വളർന്നുവരുന്നു. ഇതു് അവളെ ഉന്നതിയിൽനിന്നും അധഃപതിപ്പിക്കുമെന്ന ശങ്കയാലായിരിക്കണം അവനെ പിടിച്ചു് ആ ഇരുട്ടറയിൽ ബന്ധിച്ചിരിക്കുന്നതു്. ഉദയപുരിയിലെ ജമീൻദാരായ രാജശേഖരൻ പ്രാഭവത്തിലും അധികാരബലത്തിലും രാജതുല്യനായ ഒരു പ്രഭുവാകുന്നു. അയാളുടെ ഏകസന്താനമായ താരാഭായിയെയാണു് ഏറ്റവും ദരിദ്രനായ വീരസിംഹൻ ആഗ്രഹിച്ചതു്.

അക്കാലത്തിൽ രാജ്യങ്ങൾ പല ഖണ്ഡങ്ങളായി വിഭജിക്കപ്പെടുകയും ഓരോ ഖണ്ഡങ്ങൾ ഓരോ ജമീൻദാരുടെ ഭരണത്തിൽപെടുകയും ചെയ്തിരുന്നു. ഈ ജമീന്ദാരന്മാരെല്ലാം ചക്രവർത്തിക്കു കപ്പം കൊടുക്കണമെന്നും, യുദ്ധകാര്യങ്ങളുണ്ടാകുമ്പോൾ സൈന്യശേഖരം ചെയ്തയച്ചും, ആവശ്യപ്പെട്ട ധനംകൊടുത്തും ചിലപ്പോൾ ശത്രുക്കളോടു് എതിർത്തു യുദ്ധംചെയ്തും സഹായിക്കണമെന്നും ഒരു നിർബ്ബന്ധമേ ഉണ്ടായിരുന്നുള്ളു. ജമീൻദാരന്മാരിൽ പലരും താന്താങ്ങൾക്കുള്ള ഭരണസാമർത്ഥ്യംകൊണ്ടും മറ്റും വലിയ പ്രഭുക്കളായി തീർന്നിരുന്നു. അവരവരുടെ കോയിമ്മക്കുള്ളിൽ സകല അധികാരശക്തിയും അവരുടേതുതന്നെയായിരുന്നു.

രാജശേഖരൻ അക്കാലത്തെ ജമീൻദാരന്മാരിൽവച്ചു ഒരു വല ഉ[illegible] പ്രാപിച്ചു. ചക്രവർത്തിയുടെ സ്നേഹാദരങ്ങൾക്കു പാത്രീഭവിച്ചവർ [illegible] സ്ഥാനത്തിൽ വലിയവൻ തന്നെ, രാജശേഖരന്റെ ആ

ജ്ഞയെ സുഗ്രീവാജ്ഞയായി ഗണിച്ചിരുന്നു. അയാളുടെ നിയമങ്ങളെ ആ രാജ്യവാസികൾ അനുസരിച്ചു രാജഭോഗം നല്കിവന്നു. നിയമലംഘനം ചെയ്യുന്നവൎക്ക കൊടുത്തുവന്ന ശിക്ഷ ഭയജനകമായിരുന്നു. എന്നാൽ സാധുജനങ്ങളിൽ മാതാവിനെപ്പോലെ മനസ്സലിവുള്ള മഹാമനസ്കന്മാരിൽ അയാൾ അഗ്ര്യനായിരുന്നു.

വീരസിംഹൻ തന്റെ മകളെ അനുഗ്രഹിക്കയും അവളുടെ മനശ്ശുദ്ധിയെ സ്വാധീനം ചെയ്കയും ചെയ്തതായി കിട്ടിയ അറിവിനെ ആസ്പദമാക്കി അവനെപ്പിടിച്ചു് ഇരുട്ടറയിൽ അടയ്ക്കുവാൻ രാജശേഖരൻ കല്പിച്ചതിന്റെ ഫലമാകുന്നു അവൻ അതിൽ കിടന്നുഴലുന്നതു്.

വീരസിംഹൻ കാഴ്ചയിൽ സുമുഖനും സുന്ദരനും ആയ ഒരു യുവാവായിരുന്നു. ധീരതയും, പ്രാരബ്ധകൎമ്മഫലപ്രാപ്തിവരെ പ്രവൃത്തിചെയ്യാനുള്ള സ്ഥൈൎയ്യവും, ബലവും, ശൗൎയ്യവും ഉള്ള ചെറുപ്പക്കാരിൽ അയാൾ ഒന്നാമനായിരുന്നു. ഇരുട്ടറയിൽ കിടന്നനുഭവിച്ച ദയനീയസ്ഥിതിനിമിത്തം അവന്റെ ഹൃദയം കഠിനമായി ഭവിച്ചു. ഏതു സ്ഥിതിയിലും മോചനം ലഭിച്ചാൽ രാജശേഖരനെ ധ്വംസിക്കണമെന്നുള്ള ഒരു വൈരനിര്യാതനബുദ്ധി അവനുണ്ടായി. അവൻ ചിലപ്പോൾ ഇങ്ങനെ വിചാരിച്ചിരുന്നു. നിരപരാധിയായ എന്നെ ന്യായരഹിതമായി കഷ്ടപ്പെടുത്തുന്നതിലേക്കു തക്കതായ പ്രതിക്രിയ ചെയ്യാത്ത കാലമില്ല: രാജശേഖരനെയും അയാളുടെ മന്ത്രിയെയും ഹിംസിക്കയും ആദരായിയെ വരിക്കുകയും ചെയ്യുന്നതിലേക്ക ദൈവത്തിന്റെയോ മററു ഭൂതങ്ങളുടെയോ ആനുകൂല്യം ശരി, ഒരന്യസഹായം ലഭിക്കുന്നതായാൽ ഞാനതു ചെയ്യാതെ അടങ്ങുകില്ല. അതിനായി എന്റെ ജീവനെത്തന്നെയും പണയം കൊടുക്കുവാൻ തയ്യാറാണു്.

ഇങ്ങനെയിരിക്കെ, ഒരു ദിവസം ആ ഇരുട്ടറയുടെ വാതിൽ തുറന്നു കാവൽക്കാരൻ കൈയിൽ ഒരു ദീപവുമായി വീരസിംഹന്റെ മുമ്പിൽ അവതരിച്ചു. അവനെ കണ്ടു് ആ കാറക്കാരൻ തനിക്കു ഭക്ഷണം കിട്ടേണ്ട സമയമായിട്ടും ലഭിച്ചില്ലെന്നും തനിക്കുവിശപ്പു ജാസ്തിയായിട്ടുണ്ടെന്നും പറഞ്ഞു. എനിക്കു് ഇനിയും വിടുതലിനുള്ള സമയം ആയിട്ടില്ലേ എന്നു കാവൽക്കാരനോടു ചോദിച്ചു.

കാവൽക്കാരൻ:—വീരസിംഹൻ! ഈ സ്ഥലത്തിൽ ഒരാൾ സന്തോഷസംഗതിയെ വിട്ടു ദുഃഖസംഗതിയെ പ്രതീക്ഷിക്കേണ്ടതായിട്ടുണ്ടു്. അതു് ഇന്നേദിവസമാകുന്നു.

വീരസിംഹൻ— ഇന്നാണോ? എന്റെ വിമോചനമോ?

കാവൽ.——ഞാൻ നിന്റെ വിടുതൽകാൎയ്യത്തെപ്പററി പറയുവാനായി വന്നതല്ല. എന്നാൽ ഇനി ഒരു മണിക്കൂർ കഴിഞ്ഞു ന്യായസഭമുമ്പാകെ നിനക്കു പറയാനുള്ളതു പറയേണ്ടതായിവരും. അതു് എന്തെന്നു കാലേക്കൂട്ടി ആലോചിച്ചുറച്ചുകൊള്ളുക.

വീരസിം—ആ! ഇതു സന്തോഷജനകമായ സന്ദേശമാകുന്നു. നിങ്ങളുടെ വാക്കിൽനിന്നും എനിക്കു വിമോചനമുണ്ടാകുമെന്ന ആശ വ്യർത്ഥമാകുകയില്ലെന്നു ഊഹിക്കുവാൻ യുക്തി ലഭിക്കുന്നു. എന്റെമേൽ ആരോപിച്ചിട്ടുള്ള അനീതിയായ കുറ്റത്തെ ലഘുവായി വിചാരിച്ചു തള്ളിക്കളയുമെന്നു് എനിക്കു തോന്നുന്നു. ഏതായാലും വിമോചനകാംക്ഷയാ എനിക്കുള്ളതാനും.

കാവൽ:—അങ്ങനെ വിചാരിക്കാതെ പിന്നീടു് ഫലപ്പെടാത്ത വിശ്വാസം വച്ചുകൊള്ളരുതു്. നിന്റെമേൽ ആരോപിക്കപ്പെട്ട കുറ്റം എന്താണെന്നാണു് നീ വിചാരിക്കുന്നതു്.

വീര—ഞാൻ രാജശേഖരന്റെ മകളെ ബലമായി വിവാഹംചെയ്യുവാൻ യത്നിച്ചതായി രാജ്യമൊട്ടുക്കു കിംവദന്തിയുണ്ടായിട്ടുണ്ടു്. എന്നാൽ, എന്റെ പ്രണയം അനീതിയായതല്ല. ഗൗരവഹാനിയല്ലാത്തതും, പരിശുദ്ധമായതും ആയ ഒരു പ്രണയമാകുന്നു അതു്. എന്റെ ഹൃദയത്തിൽ അനാസ്പദമായ വിചാരങ്ങൾ മുളയ്ക്കുകയില്ല. എന്റെ ബുദ്ധി, നീചമായ മാർഗ്ഗത്തെ ആശ്രയിക്കുകയില്ല. എനിക്കു ജമീന്ദാരാവാൻ കഴിയില്ലെന്നേയുള്ളൂ. ഒരു മാന്യപൗരന്റെ സ്ഥാനത്തുനിന്നു ച്യുതിചലിക്കത്തക്ക ഗതികളൊന്നുംതന്നെ എന്നെസ്പർശിച്ചിട്ടില്ല.

കാവൽ—ആ കന്യക ജനിച്ച ഉടൻതന്നെ ചക്രവർത്തിയുടെ മകന്നായി സങ്കല്പിച്ചിട്ടുള്ളതും ചക്രവർത്തി അതു വിശ്വസിച്ചു രാജശേഖരനെ സ്വാധീനത്തിൽ വച്ചിട്ടുള്ളതും ആയ സംഗതി നിനക്കും അറിവുണ്ടല്ലോ.

വീര:—അതു് എനിക്കു നല്ലപോലെ അറിയാം. എന്നാൽ ആ കന്യകയും ഞാനും പരസ്പരം കാണുകയും ഞങ്ങൾ തമ്മിൽ പ്രണയയോഗജന്യമായ സ്നേഹത്താൽ സംബന്ധപ്പെടുകയും ചെയ്തിരിക്കുന്നു. ആ കന്യകയുടെ ദൃഷ്ടിപഥത്തിൽ ഒരിക്കലും എത്തീട്ടില്ലാത്ത പ്രതാപവീരന്റെ മേലല്ലാ, നേരിട്ടുകണ്ടു സംഭാഷണംചെയ്ത എന്റെ മേലാണു് ആ കന്യകയുടെ പരിശുദ്ധമായ അനുരാഗവാത്സല്യപ്രവാഹമുണ്ടായതു്.

കാവൽ:—അങ്ങനെയാണെങ്കിൽ നിന്റെ കുറ്റത്തെ നീതന്നെ സമ്മതിക്കുന്നു എന്നുവേണം പറവാൻ.

വീര. അതെങ്ങനെ കുറ്റമാകും? അനുരാഗമെന്നതു് പ്രകൃതിജന്യമായ ഒരു ചിത്തവികൃതിയല്ലയോ? അതു ശരീരോല്പത്തി പ്രകൃതിയാൽ വേണ്ടകാലത്തു വിജൃംഭണം ഉദിക്കത്തക്കനിലയിൽ നിക്ഷിപ്തവുമാകുന്നു. എല്ലാ ജീവരാശികളിലും അതിന്റെ വിജൃംഭണം പരിശുദ്ധമായി സ്ഫുടീഭവിക്കുന്നു. അതിനു പരപ്രേരണയുടെ ആഭിമുഖ്യം ഉണ്ടാകുന്നില്ല. കാന്തം ഉരുക്കുസൂചിയെയല്ലാതെ, ചെമ്പിനെയോ, വെള്ളിയെയോ ആകർഷിക്കുന്നില്ലല്ലോ. പ്രകൃതിയുടെ സ്വാഭാവികശക്ത്യനുസരണമായി, സമാനവസ്തുക്കൾക്കു് ആകർഷണമുണ്ടാകുന്നു. അത

ന്റെ വിപൎയ്യയം ചെയ്യുന്നതിനോ, സമാകൎഷകമായി പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന മനോവ്യാപാരത്തെ തടുത്തുമറ്റൊന്നിൽ വിലയം ചെയ്യിക്കുന്നതിനോ ആൎക്കും കഴികയില്ല. പരം പരമാൎത്ഥസംഗതിമനസ്സിലായിട്ടുള്ള ഒരുവനും അതു കുറ്റമായി ഗണിക്കുകയില്ല. ആ കന്യകയെ ഞാൻ ആഗ്രഹിച്ചതും അതിനെ ആ സാധ്വി അംഗീകരിച്ചതും ഒരിക്കലും ഒരു കുറ്റമായി സ്ഥാപിക്കുന്നതിനു നീതിക്കു സാദ്ധ്യമല്ല.

കാവൽ:—നീ പറയുന്നതു ശരിയല്ല. നിന്റെ യുക്തികൾ വസ്തുക്കളെ സംബന്ധിച്ചിടത്തോളം ശരിയാകുന്നു. മനുഷ്യരിൽ അതിനു പ്രവൎത്തിക്കുവാൻ സ്ഥാനമില്ല. മനുഷ്യർ സാമുദായികവും ലൌകികവും ആയ ആചാരങ്ങളാൽ കെട്ടപ്പെട്ടവരാകുന്നു. ഒരുവന്റെ നേരെ ഒരു സ്ത്രീക്കോ, ഒരു സ്ത്രീയുടെമേൽ ഒരു പുരുഷനോ അനുരാഗം ചിലപ്പോൾ ജനിക്കുമെന്നതു പ്രകൃതിനിയമം തന്നെയാകുന്നു. എന്നാൽ അതു ചിലപ്പോൾ അസ്ഥാനത്തിലായി വന്നേക്കാം. ഒരു ചണ്ഡാലൻ രൂപസൌഭാഗ്യങ്ങൾകൊണ്ട്, ഒരുയൎന്ന ജാതിജകന്യകയുടെ ചിത്തവിക്ഷേപത്തിനു കാരണമുണ്ടാക്കിയെന്നു വരാം. അവളെ അവനനുഭവിക്കുക എന്നല്ല, ആ സംഗതിപ്രസ്താവത്തിൽ കൊണ്ടുവരുന്നതുപോലും ആക്ഷേപമായി തീരുന്നതാകുന്നു. അതിന്നുമന്നം ഒരു ജമീൻദാരുടെ കന്യകയെ കാമിക്കുന്നതിനു രാജയോഗ്യമായ സ്ഥിതിയിലുള്ളവനാണ് അൎഹതയുള്ളത്. ഈ രാജ്യത്തെ സാധാരണ പൌരന്മാരിൽ ആൎക്കും തന്നെ അങ്ങനെ ചെയ്വാൻ പാടുള്ളതല്ല. അതു രാജനീതിയാകുന്നു. അതിന്റെ അതിൎത്തി രാജസാധാരണമായ പ്രാഭവമുള്ളവരുടെ സാന്നിദ്ധ്യത്തിൽ നിന്നു കവിയുന്നില്ല. ഇതിനു വിപരീതമായി സാധാരണ പൌരന്മാരിലൊരുവൻ ഒരു രാജകന്യകയെ കാമിക്കുന്നതു ക്ഷന്തവ്യമല്ലാത്ത രാജശിക്ഷയ്ക്കു കാരണവുമാകുന്നു. ഇവിടെ വിശേഷിച്ചും ചക്രവൎത്തിയുടെ ഏകസന്താനമായ പ്രതാപചീമനായി നിശ്ചയം ചെയ്തിട്ടുള്ള ഒരു കന്യകയെ, സാമന്തജമീനുകളിൽ ഒരു കുടിയാൻ കാമിക്കുകയും, ആ കന്യകയുടെ ചാരിത്രശുദ്ധിയെ മലിനപ്പെടുത്താൻ പല നീചകൎമ്മങ്ങൾ ചെയ്കയും ചെയ്ത സംഭവം ഒരിക്കലും ക്ഷന്തവ്യമായ ഒരു കുറ്റമായിരിക്കയില്ല. പീരങ്കിമുഖത്തു കെട്ടി പറപ്പിക്കുകയെന്ന ശിക്ഷയാണിതിനു ശരിയായിട്ടുള്ളത്. ആ കന്യകയെ നേരെ നോക്കുന്ന കൎമ്മംപോലും ശിക്ഷാൎഹമാകുന്നു.

വിര:—ഇതിനുള്ള ശിക്ഷ, മരണദണ്ഡനമാണോ? ഇതു അനീതിയാകുന്നു. നിനക്കതിനെക്കുറിച്ച് അത്ര അറിവുള്ളൂ. അങ്ങനെ ഒരിക്കലും ഉണ്ടാകുകയില്ല. മനുഷ്യന്റെ ദുൎന്നയം അതുമൂലം അക്രമരൂപത്തിൽ പരിണമിക്കുമോ, ഒരിക്കലുമില്ല.

കാവൽ:—അധികാരവും ബലവുമുള്ള ജമീൻദാരുടെ വിരോധം രാജവിരോധമാകുന്നു. അതിനേക്കാൾ ഭയങ്കരമായ കുറ്റം ഒന്നുംതന്നെ

യില്ല. നീ ഈ പാതാളക്കിടങ്ങിൽ അടയ്ക്കപ്പെട്ടപ്പോൾതന്നെ നിന്റെ പ്രാണൻ പോയതായി വിചാരിച്ചുകൊള്ളുക.

വീര:—നിനക്കെങ്ങനെ ഈ സംഗതിയുടെ പരമാൎത്ഥം മനസ്സിലായി? ശിക്ഷിക്കുമെന്നും ഇന്ന ശിക്ഷയായിരിക്കുമെന്നും നിനക്കറിവുണ്ടായതെങ്ങനെ?

കാവൽ:—എനിക്കതു് ഊഹിച്ചറിയാൻ കഴിയും. ഞാനും ഒരു അനുഭവസ്ഥനാകുന്നു. ഞാനും ഒരിക്കൽ ഈ ഇരുട്ടറയിൽ അടയ്ക്കപ്പെട്ടവനായിരുന്നു. ഇന്നും എന്റെ പാൎപ്പിടം ഇതായിരിക്കുമായിരുന്നു. എന്റെ ഇപ്പോഴുള്ള കാവൽജോലിയിൽ മരണപൎയ്യന്തം ഇരുന്നുകൊള്ളാമെന്നു ശപഥംചെയ്തശേഷം എന്നെ തടവിൽ നിന്നും മോചിപ്പിച്ചു. ഞാനും മരണദണ്ഡനയ്ക്കൎഹനായിരുന്നു.

വീര:—ഇതിൽനിന്നു രക്ഷപെടാൻ ഒരു മാൎഗ്ഗവുമില്ലയോ? ഞാൻ നിരപരാധിയാകയാൽ എന്നെ സഹായിക്കണേ.

കാവൽ:—ഒരു വഴിയും കാണുന്നില്ല.

എന്നു പറഞ്ഞശേഷം കുറേനേരം മൌനമായി ആലോചിച്ചു. ആ! ക്ഷമിക്കു! മറന്നുപോയിരുന്നു. ഒരു മാൎഗ്ഗമുണ്ടു്. അതു വിചാരിക്കുമ്പോൾ എന്റെ ഹൃദയം ക്രൂടിവിറയ്ക്കുന്നു. അതു മഹാഭയങ്കരമായതാകുന്നു. ഞാനതിന്നു മമതമുള്ളവനായിത്തീരുന്നോളം. ഏതോ ദൈവകടാക്ഷത്താൽ നല്ലറിവു കരുക്കവെര, ഹേ! അങ്ങിനെയുള്ളമാൎഗ്ഗപ്രവേശം കുബേരധനമഹിമയെയും, അതുല്യമായ അധികാരബലത്തെയും, വിസ്മയകരമായസാമൎത്ഥ്യത്തെയും,നല്കുന്നതായിരിക്കും. എങ്കിലും അതിന്റെ നിബന്ധനയിൽ പെട്ടു ജീവിക്കുന്നതിനെക്കാൾ മെച്ചമായിട്ടുള്ളതു് ഒരു കാവൽപണിതന്നെയാകുന്നു.

വീര:—അതെന്താ! അത്ര ഭയങ്കരമായ നിബന്ധനയോ?

കാവൽ:— വേണ്ട, വേണ്ട. ഇനി അതേപ്പറ്റി പറയുന്നതിന്നു് എന്നെ അധികമായുപദ്രവിക്കരുതു്.

വീര.—ദയചെയ്തു് ആ വിവരം അല്പമായിട്ടെങ്കിലും എനിക്കു പറഞ്ഞു തരുമോ? നീ എന്റെ ജീവിതാശയെ അധികമായി ഉദ്ദീപനം ചെയ്തു.

കാവൽ:—ഇല്ല ഇല്ല; ഞാൻ പറയുകയേ ഇല്ല. ആ! അതു് ഇതേ അറയിൽതന്നെ.

വീര.—മനുഷ്യസാധാരണമായ ഭയവിശേഷത്തിന്നു ഞാനൎഹനാകുന്നു. അതുനിമിത്തം കഷ്ടസ്ഥിതിയിൽ ആണ്ടുപോയിരിക്കുന്ന എന്നിൽ ദയതോന്നി എനിക്കുപദേശിച്ചുതരിക. എന്റെ മടിശ്ശീലയിൽ ഉള്ള സ്വൎണ്ണനാണയം നീ എടുത്തുകൊള്ളുക. എനിക്കതുകൊണ്ടു് ഒരു പ്രയോജനവുമില്ല. ആ രഹസ്യസംഗതി മാത്രം ഉപദേശിച്ചാൽ മതിയാകും.

കാവൽക്കാരൻ വീരസിംഹന്റെ സ്വഭാവനിൎമ്മലതയിൽ ആൎദ്രമനസ്സനായി അവന്നായിട്ട് ഉപദേശിക്കാമെന്നു നിശ്ചയിച്ചു. പ്രതിഫലമായി കൊടുക്കാമെന്നു പറഞ്ഞ സ്വൎണ്ണനാണയമെടുത്തുകൊണ്ട് ഇങ്ങിനെ പറഞ്ഞു. "ഏകദേശം നൂററമ്പതു വൎഷങ്ങൾക്കു മുമ്പിൽ ആ സംഗതി ഇവിടെ നടന്നതായി വിചാരിക്കപ്പെട്ടുവരുന്നു. ആ രഹസ്യവൃത്താന്തം ഈ അറയ്ക്കു വെളിയിൽ പോയിട്ടില്ല. രഹസ്യശാസ്ത്രങ്ങളിലും മഹാമന്ത്രങ്ങളിലും പ്രവീണനായ ഒരുവൻ ഈ ഇരുട്ടറയിൽ അടയ്ക്കപ്പെട്ടിരുന്നു. അവനും മരണാൎഹനായിട്ടാണു വിധിക്കപ്പെട്ടിരുന്നത്. അവൻ ഒരു മഹാമന്ത്രഉച്ചാടനത്താൽ ഒരു ഭൂതത്തെ ആവാഹിച്ചു, കുറേക്കാലം ഭൂമിയിൽ ജീവനോടുകൂടിയിരുന്ന്, ഐശ്വൎയ്യം, അധികാരം, ബലം മുതലായ പൌരുഷശക്തികളനുഭവിക്കുന്നതിനു വേണ്ട സ്വാധീനശക്തി നല്കിയാൽ തന്റെ ജീവനെ പണയം കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയും, ആ ഭൂതം അതിന്നുമന്നം സമ്മതിച്ച് ആ കുററക്കാരനെ ഇതിൽ നിന്നും മായമായി കൊണ്ടുപോയ്ക്കളകയും ചെയ്തു. അവൻ തന്റെ കൈപ്പടയിൽ എഴുതിയ മന്ത്രം ഈ അറയുടെ ഭിത്തിയിലുണ്ട്. അത് എന്തുകൊണ്ടും മായ്ക്കാൻ വിചാരിച്ചാൽ മായുകയില്ല. ഇപ്പോഴും അതു നമുക്കു കാണാം" എന്നു പറഞ്ഞു തന്റെ കൈയിലുള്ള ദീപത്തെ തെളിച്ച് ആ അറയിലുള്ള ഭിത്തിയിൽ എഴുതപ്പെട്ടിരുന്ന മന്ത്രത്തെ കാണിച്ചു. വീരസിംഹൻ അത്യാശ്ചൎയ്യത്തോടുകൂടി അതിനെ നോക്കി.

കാവൽ:- വേണ്ട. അതു വായിക്കരുത്- വായിച്ചാൽ ഭൂതം പ്രത്യക്ഷമായിവന്നുചേരും.

എന്നു പറഞ്ഞിട്ട്, വിളക്കുമെടുത്തു ഞാൻ പോയിവരട്ടെ, തയ്യാറായി ഇരിക്കുക, വേഗം നിന്നെ കൂട്ടിക്കൊണ്ടുപോകുന്നതിനായി ആളുകൾ വന്നുചേരും. എന്നു വീണ്ടും പറഞ്ഞിട്ടു വാതിലടച്ചു പൂട്ടി കാവൽക്കാരൻ പോയി. ഇവൻ നല്ലവനായിരിക്കുന്നു. അയാൾ എനിക്കു നൽകിയ ഉപദേശം വളരെ സാരമുള്ളതും രക്ഷാജനകവുമായിരിക്കുന്നു. എനിക്കും ആ മാന്ത്രികനു ലഭിച്ചപോലെ നല്ല ഗതിയുണ്ടാകുന്നതിനു ദൈവസഹായം ഉണ്ടാകട്ടെ എന്നു വീരസിംഹൻ പിന്നീട് വിചാരിച്ചു.

അല്ലയോ താരാഭായി! ഞാൻ നിനക്കു വേണ്ടി എന്തിനും തയ്യാറായിരിക്കുന്നു എന്ന വാസ്തവം നീ അറിയുന്നില്ല. അല്പ സമയങ്ങൾക്കുള്ളിൽ എന്റെ പരിതാപകരമായ ചിന്തകളെല്ലാം മാറിപ്പോയിരിക്കുന്നു. എന്റെമനസ്സിന് ഒരു പുതിയ പ്രസ്ഥാനത്തിൽ പ്രവേശിക്കുവാനുള്ള അഭിലാഷം ഉണ്ടായിട്ടുണ്ട്. ഞാൻ ആ ഭയങ്കരമായ കഥ കേൾക്കാതിരുന്നാൽ, നന്നായിരുന്നു. എന്റെമനസ്സ കലങ്ങി വശായിരിക്കുന്നു. നിന്നെ വരിക്കുന്നതിനും, അനീതിയായി എന്റെ മേൽ

ചുമത്തിയ മരണദണ്ഡന ചുമത്തിയവൎക്കു തക്ക ശിക്ഷ നൾകുന്നതിനും, എനിക്കു സഹായം ലഭിക്കുമെങ്കിൽ, ഏതുതരം നിബന്ധനകളും ക്കായാലും ഞാൻ സമ്മതിക്കുതന്നെ ചെയ്യുന്നവനാകുന്നു വീരസിംഹന്റെ ഈ വിചാരപൎയ്യവസാനത്തിൽ ആ അറയുടെ വാതിൽ വീണ്ടും തുറക്കപ്പെട്ടു. കൈയിൽ വിളക്കോടുകൂടി ഒരുദ്യോഗസ്ഥൻ വാതലിനുള്ളിൽ കടന്നു. വീരസിംഹൻ! നിന്നെ പ്രധാന ന്യായാധിപന്റെ മുമ്പിൽ കൊണ്ടുപോകുന്നതിനായി ആജ്ഞപ്രകാരം വരികയാണു്. കച്ചേരി കൂടുമ്പോൾ നിന്നെ ഹാജരാക്കണമെന്നു് ആജ്ഞാപിച്ചിരിക്കുന്നു എന്നു് ആ ഉദ്യോഗസ്ഥൻ അവനോടു പറഞ്ഞു.

ഇതുകേട്ടു വീരസിംഹൻ ഭയംകൊണ്ടു വല്ലാതെ അന്ധനായി ചമഞ്ഞു. കുറച്ചുനേരത്തേക്കു തന്റെ സകല ബോധവും സ്തബ്ധമായി. പിന്നീടു ബോധമുണ്ടായി. ഉടനെ ഉദ്യോഗസ്ഥനോടിങ്ങനെ ദീനസ്വരത്തിൽ അപേക്ഷിച്ചു. അവിടുന്നു് എനിക്കു് അല്പം ദയചെയ്യണം. അഞ്ചുപത്തുനിമിഷങ്ങൾക്കു് അനുവദിക്കണം. എന്റെ മനോബലത്തെ ദൃഢപ്പെടുത്തിക്കൊണ്ടു് ഞാൻ പുറപ്പെട്ടുകൊള്ളാം.

ഉദ്യോഗസ്ഥൻ.—ഇനിയും അല്പം സമയങ്ങൾമാത്രം ജീവനോടിരിക്കാൻ സാധിക്കുന്നനിങ്ങൾക്കു് ഈ സഹായം ചെയ്യാതിരുന്നാൽ കഷ്ടമാണു്. അതിനാൽ മനസ്സിനെ സ്ഥൈൎയ്യമാക്കിക്കൊണ്ടു പുറപ്പെട്ടാൽമതി.

എന്നു പറഞ്ഞു ദീപത്തെ അറയ്ക്കുള്ളിൽ വച്ചിട്ടു് ഉദ്യോഗസ്ഥൻ അറവിട്ടു പുറത്തുപോയി, അവന്റെ വരവും കാത്തിരുന്നു. അയാൾ പറഞ്ഞ വാക്കുകളിലടങ്ങിയ ഭയങ്കരാൎത്ഥത്തെ ഓൎത്തു വീരസിംഹൻ അതിയായി വ്യസനിച്ചു. കാൎയ്യങ്ങളെല്ലാം മുമ്പകൂട്ടി നിശ്ചയിച്ചു കഴിഞ്ഞിരിക്കുന്നു അല്ലെ, നല്ലതു്. ആ കാവൽക്കാരൻ പറഞ്ഞതെല്ലാം പരമാൎത്ഥമായിരിക്കുന്നു, എന്നു വീരസിംഹൻ ഓൎത്തിട്ടു കുറച്ചുനേരം ആലോചനയിൽ മഗ്നനായിരുന്നു.

'ഹേ! ചീത്തമനമേ! അല്പസുഖത്തിനായി ഭാവികാലമത്രയും ഭ്രത്തിന്നു് അടിമയായി തീരുകയോ? ഇതതന്നു ബുദ്ധി!, എന്നിങ്ങനെയായിരുന്നു ആലോചിച്ചതു്. ഇതിനുള്ളിൽ ഉദ്യോഗസ്ഥൻ വീണ്ടും അറയിൽ കടന്നുവന്നു. ഹേ! യുവാവെ! നിങ്ങൾ ആവശ്യപ്പെട്ട സമയം കഴിഞ്ഞിരിക്കുന്നു. അധികം താമസിച്ചാൽ ന്യായാധിപൻകോപിക്കും. അതിനാൽ പുറപ്പെട്ടുക, പോകാം എന്നു പറഞ്ഞു.

വീര:—ദയചെയ്തു് ഒരു നിമിഷനേരംകൂടി അനുവദിക്കുക. അതിനായി ഞാൻ പ്രത്യേകം അപേക്ഷിക്കുന്നു. അതുകഴിഞ്ഞാൽ തടസ്സം ഒന്നും പറയാതെ കൂടെ പോന്നുകൊള്ളാം. ഒരു ഒരു നിമിഷനേരം കൂടി മതിയാകും.

ഉദ്യോ:—നീ നിമിത്തം ന്യായാധിപന്റെ കോപത്തിനു ഞാൻ

പാത്രമാകും. എങ്കിലും ഇരിക്കട്ടെ. നിന്റെ അപേക്ഷയെ ഞാൻ അംഗീകരിച്ചിരിക്കുന്നു. ഇതു നിന്റെ അവസാന അപേക്ഷയുമാണല്ലോ. അതിനെ ധിക്കരിക്കുവാൻ എനിക്കു ധൈര്യമുണ്ടാകുന്നില്ല.

എന്നു പറഞ്ഞു് ഉദ്യോഗസ്ഥൻ വീണ്ടും പുറത്തിറങ്ങി ഇരുന്നു. വീരസിംഹൻ വീണ്ടും മനോരാജ്യത്തിൽ ഏർപ്പെട്ടു. ഈ ചെറിയ പ്രായത്തിൽ ജീവിതാശയെ വെടിഞ്ഞു കഴുകുമരത്തിൽ കയറുകയോ! ലോകഭോഗസുഖത്തെ ബലികൊടുത്തു മരണമടയുകയോ! ഇല്ല, ഇല്ല. ഞാൻ ഈ ചെറുപ്രായത്തിൽ മരിക്കുന്നതു് ഉചിതമല്ല. പ്രിയ താരാഭായി! ഞാൻ നിന്നെ വീണ്ടും സന്ദർശിക്കുന്നതാണു്. ഈ അല്പസമയംകൊണ്ടു കാര്യങ്ങൾ കണ്ടുകൊള്ളണം. എന്നു വിചാരിച്ചിട്ടു് ആ ദീപവുമായി മന്ത്രം എഴുതിട്ടുള്ള ഭിത്തിയുടെ പാർശ്വഭാഗം പരിശോധിച്ചു. ഇരുപത്തിരണ്ടു വയസ്സുമാത്രം ഉള്ള ഈ പ്രായത്തിൽ മരിക്കുന്നതു മറ്റു മാർഗ്ഗങ്ങളില്ലെങ്കിൽ ആവശ്യംതന്നെ. ദുഷ്ടന്മാരുടെ അഭിലാഷത്തിനനുരൂപമായി മരിക്കുവാൻ മുതിർന്നാൽ അവരുടെ മതം വിജയിക്കുന്നതു സിദ്ധാന്തമെന്നു. അതിനിടയാകുന്നതു കേവലം നിസ്സാരസ്ഥിതിയുമാകുന്നു. എന്നിങ്ങനെയുള്ള വിചാരത്തോടുകൂടി മന്ത്രം കണ്ടുപിടിച്ചു. അതിലെഴുതിയിരുന്ന മന്ത്രത്തെ ഇങ്ങനെ വായിച്ചു.

"ആണയാണെ മുക്കോലാണെ
തൻകൊലയറിഞ്ഞോൻതലമേലാണെ
കഴുക്കുറ്റികടുംപിണംതിന്നും
കാണായോരിളയിർമേലാണെ
തലവൻപിള്ളതൻതലമേലാണെ
ചുടലത്തീയിൽചുടർമേലാണെ
ഭൂതഗണങ്ങൾക്കധിപതിയാകും
ഭൂതേശ്വരനെ! ഭൂതലവാസൻ!
എതിരില്ലാത്തൊരത്ഭുതബലമോട
എതിരേവരുക വരങ്ങളനല്കുക
അങ്ങ് ഷങ്ങ് വങ്ങ് രങ്ങ് ഹാം ഹ്രീം ഹോം സ്വാഹാ."

ഒടുവിലത്തെ ബീജാക്ഷരങ്ങൾ വായിച്ചു വായടയ്ക്കുന്നതിനുമുമ്പായി വീരസിംഹൻ ഭയന്നു പുറകോട്ടുമാറി പരിഭ്രമിച്ചു വശായി. കൈയിൽ പിടിച്ചിരുന്ന ദീപം വഴുകി താഴത്തുവീണതവനറിഞ്ഞില്ല. ഈ പരിഭ്രമത്തിനു ഹേതു മനുഷ്യരൂപമെടുത്തു് ആ ഭൂതനായകൻ പ്രത്യക്ഷീഭവിച്ചതായിരുന്നു. ഭയപ്പെടത്തക്ക വികൃതവേഷങ്ങളൊന്നും ആ രൂപത്തിനുണ്ടായിരുന്നില്ലെങ്കിലും ബാല്യാദാരഭ്യ കേട്ടുധരിച്ചിരുന്ന ഭൂതത്തിന്റെ കരാളരൂപം അയാളുടെ മനസ്സിൽ നിഴലിച്ചിരുന്നു. ഭൂതത്തെച്ചുറ്റി ജാജ്വല്യമാനമായ തേജസ്സിന്റെ പരിവേഷം പ്രകാശിച്ചിരുന്നു എന്നു

ഒരു വിശേഷമേ പ്രത്യേകമായി പറയാനുണ്ടായിരുന്നുള്ളു.

ഭൂതം— ഞാൻ നിനക്ക് എന്തു സഹായം ചെയ്യണം. നീ എന്തിനായി എന്നെ ആശ്രയിച്ചു?

വീര—(തൊഴുതിട്ട്) എന്നെ ഈ ഇരുട്ടറയിൽ നിന്നും എത്രയും വേഗം വിമോചിപ്പിക്കണം.

ഭൂതം അങ്ങനെയാകട്ടെ.

എന്നു പറഞ്ഞു വീരസിംഹൻെറ കൈയിൽ പിടിച്ചുകൊണ്ട് ആകാശമാർഗ്ഗമായി പൊങ്ങി. ആ സമയം അവനു് ഓർമ്മയുണ്ടായിരുന്നില്ല. അവനു സ്വബോധം ഉണ്ടായപ്പോൾ അവൻ പതിവായി പാർത്തിരുന്ന അവൻെറ ഗൃഹത്തിൽ ഇരിക്കുകയായിരുന്നു. അവൻ ഒരു കസേരമേൽ ഇരുന്നിരുന്നു. അവൻ ഇരുട്ടറയിൽ അടയ്ക്കപ്പെട്ടപ്പോൾ അവൻെറ കൈയിലുണ്ടായിരുന്ന പുസ്തകം അവൻെറ മുമ്പിൽ കിടന്നിരുന്ന മേശയിൽ ഇരിപ്പുണ്ടായിരുന്നു. ചുറ്റും പരപര എന്നു മിഴിച്ചു നോക്കി. ഇതെന്താശ്ചര്യം. രജതസൌധത്തിൻെറ അടിയിലുള്ള പാതാളക്കിടങ്ങിൽ അടയ്ക്കപ്പെട്ട് ആറുമാസം അനുഭവിച്ച കഷ്ടങ്ങൾ ഒരു സ്വപ്നമായി ഭവിച്ചിരിക്കുന്നു. എങ്കിലും എൻെറ നെഞ്ഞിടിപ്പു നില്ക്കുന്നില്ല. എന്തുഭയം! എന്ത് ആശ്ചര്യമായ സ്വപ്നം! ശരി! ഇനി താരാഭായിയെ പോയി കാണണം എന്നുപറഞ്ഞുകൊണ്ടു കസേരയിൽനിന്നും എഴുന്നേററു. അപ്പോൾ അവനുണ്ടായ ഭയവും കിടുകിടുപ്പും ഇത്രയെന്നു പറയാൻമേലാ. അവൻ എഴുന്നേററു ജനാലയിൽകൂടി നോക്കിയപ്പോൾ ഇരുട്ടറയിൽ കണ്ട ഭൂതം അതേ രൂപത്തോടുകൂടി അവിടെ നില്ക്കുന്നതു കണ്ടു. അയ്യോ! ദൈവമേ! ഇതു സ്വപ്നമല്ല. ഭൂതത്തിൻെറ ചേഷ്ടയാണ് എന്ന് അവൻ തന്നെത്താൻ പറഞ്ഞു.

ഭൂതം—അതേ, സ്വപ്നമല്ല നീ അനുഭവിച്ചതെല്ലാം സത്യം തന്നെ. എന്നാൽ ഒന്നും കടന്നുപോയിട്ടില്ല. ഇപ്പോൾ വേണമെങ്കിൽ എൻെറ സഹായത്തെ ഉപേക്ഷിച്ചു നിൻെറ ഇഷ്ടപ്രകാരം നടക്കാം.

വീര— അങ്ങനെയാണെങ്കിൽ നീ പൊയ്ക്കൊ. നിൻെറ സഹായം ആവശ്യമില്ല.

ഭൂതം.—അല്പം ക്ഷമിക്കു. എൻെറ സഹായം ആവശ്യമില്ലെങ്കിൽ തൽക്ഷണം നിന്നെ നീ ഇരുന്ന പാതാളക്കിടങ്ങിൽ കൊണ്ടുപോയി വിട്ടേയ്ക്കാം. അവിടെനിന്നു നേരെ കഴുകുമരത്തിലേക്കു പോയ്ക്കൊള്ളുക.

വീര.—എന്തെങ്കിലും ആകട്ടെ. ഞാൻ ദൈവത്തെ ആശ്രയിക്കുന്നു. താരാഭായി എനിക്കു യോഗമുണ്ടെങ്കിൽ ലഭിക്കട്ടെ.

ഭൂതം.— ഓ! മൂഢ! നീ മുഠാളത്തനമായുഴലുന്നു. എത്രയോ ഉയന്ന സ്ഥിതിയിൽ ജനിച്ച ജമീൻദാരുടെ ഐശ്വര്യവതിയായ പുത്രിഇ

നിയും നിന്നെ ആഗ്രഹിച്ചുകൊണ്ടിരിക്കകയാകുന്നോ? നീ ആറുമാസ കാലമായി ഈ ഭട്ടറയിൽ കിടന്നിരുന്ന സംഗതി അവൾക്കറിവുള്ളതല്ല. നീ അവളെ ഇത്രയുംകാലം കാണാതിരുന്നതിനാൽ, അവൾക്കു നിൻെറ പേരിൽ വെറുപ്പുണ്ടാകത്തക്ക സംഗതി ഏൎപ്പെട്ടുപോയിരിക്കുന്നു. ഈ സംഗതി അവളുടെ പിതാവിനുമറിയാം.

വീര:—അതു സത്യമായിരുന്നാൽ അതായതു്, അവൾ എന്നെ മറന്നു വേറൊരുവനെ സ്നേഹിക്കുന്നതായി മാത്രം എനിക്കു വിശ്വാസം വന്നാൽ അവനെ ജയിച്ചു താരാഭായിയെ ലഭിക്കുന്നതിനായി നിൻെറ സകല നിബന്ധനകളെയും ഞാൻ അംഗീകരിച്ചുകൊള്ളാം. അതു ശരിയാണെന്നു് എന്നെ ബോധപ്പെടുത്തുക.

ഭൂതം:—നീ എന്നെ വിശ്വസിക്കുന്നില്ലെങ്കിൽ ഞാൻ അതിനെ ബോധപ്പെടുത്തുന്നതുകൊണ്ടുള്ള പ്രയോജനമെന്തു്?

വീര:—ഇല്ല. അതു സത്യമായിരുന്നാൽ ഞാൻ, ഐശ്വൎയ്യവും പ്രാഭവവും ലഭിക്കുന്നതിനായി നിൻെറ നിബന്ധനകളെ അംഗീകരിച്ചു കൊള്ളാം. ഇതു കളവല്ല.

ഭൂതം.—എൻെറ നിബന്ധനകൾ എഴുതിയ പത്രത്തിൽ നീ ഒപ്പിട്ടു തരണം. അതിനു കഴിയുമോ? സത്യമായി പറക!

വീര.—സത്യമായി ഒപ്പിട്ടു തന്നുകൊള്ളാം.

ഭൂതം.—ശരി. അങ്ങനെയാണെങ്കിൽ നിൻെറ ഇഷ്ടപ്രകാരം കാണിക്കാം.

"മന്ത്രവാദിയെൻമന്ത്രബലത്താൽ
തന്ത്രമാകവേ താരാഭായിനീ
ഇക്ഷണത്തിലിരിക്കുംനിൻനിലയെ
അക്ഷിയിൽകാട്ടിമറിഞ്ഞിടസംപാഠം"

എന്നുച്ചരിച്ചിട്ടു വാതിലിൽ നോക്കു് എന്നു പറഞ്ഞു ചൂണ്ടിക്കാണിച്ചു: വീരസിംഹൻ നോക്കുമ്പോൾ വാതൽവശം മുഴുവൻ ഇരുണ്ട ധൂമികകളാകെ, ഒന്നും തിരിച്ചറിവാൻ കഴിയാത്തവിധം അസ്പഷ്ടമായിരുന്നു. ആ ധൂമിക കുറേശ്ശയായി നീങ്ങിയപ്പോൾ താരാഭായി അവളുടെ സ്വന്തം അറയിൽ ഇരിക്കുന്ന നില സ്പഷ്ടമായി തെളിഞ്ഞു. അവൾ ഒരു സോഫയുടെ ചുരുളിൽചാരി ഇരിക്കുന്നു. കൈയിൽ ഒരു ചെറിയ പടംവച്ചു നോക്കി അവളുടെ മനഃശക്തി മുഴുവൻ അതിൽ ലയിപ്പിച്ചു് സ്തബ്ധയായിരിക്കുന്നു.

വീര:—ഹാ! ഹാ! അവൾ തന്നെ. അവൾ തന്നെ. സന്ദേഹമേയില്ല.

ഭൂതം:—അതേ അവൾ തന്നെ അവൾ കൈയിൽവച്ചു്, ഏകാഗ്രചിത്തയായി നോക്കി, ഛായാദൎശനസുഖത്തിൽ ലയിച്ചു സൎവ്വവും മറന്നിരിക്കുന്നുവല്ലോ. ആ പടം അവളുടെ കാമുകൻെറതാകുന്നു.

ഇതുകേട്ട് അടക്കാൻ വഹിയാത്ത കോപത്തോടുകൂടി വീരസിംഹൻ ആ പടത്തിലെ ഛായ ആരുടേതെന്നറിയാനായി എത്തിനോക്കുവാൻ പെട്ടെന്നെഴുന്നേററു. അപ്പോൾ അവിടെ കണ്ടിരുന്ന കാഴ്ചയെല്ലാം മറഞ്ഞുപോയി. അവൻ ആ സമയം തന്നെത്താനെ ഇങ്ങനെ പുലമ്പി. ഇപ്പോൾ മനസ്സിലായി. അവൾ ആറുമാസം എനിക്കായി കാത്തിരുന്നു. എന്നിട്ടും എന്നിൽനിന്ന് ഒരു സംഗതിയും അവൾക്കറിയാൻ കഴിഞ്ഞില്ല. ഞാൻ ഇരുട്ടറയിൽ അടയ്ക്കപ്പെട്ടിരുന്നവാസ്തവം അവൾക്കറിവില്ലായിരുന്നു. അതോടുകൂടി എന്നെക്കുറിച്ച് അവൾക്കു വെറുപ്പുണ്ടാകത്തക്കവണ്ണം പല അസംബന്ധങ്ങൾ പറഞ്ഞിരിക്കുകയും ചെയ്തു. അവൾ എന്തുചെയ്യും. പാവം! ഹേ! അവൾ എന്നെ വിസ്മരിച്ച സ്ഥിതിക്കു ഭാവിജീവിതംകൊണ്ടുള്ള പ്രയോജനമെന്ത്? പൂർവ്വസ്ഥിതിയിൽ ഇരുട്ടറയെ ശരണം പ്രാപിക്കുകതന്നെ ഉത്തമം.

ഭൂതം.—ആ! അസത്യവാനേ! ഇപ്രകാരം മനശ്ശക്തിയില്ലാത്ത നീയാണോ അനേകായിരം ജനങ്ങളുടെ മുമ്പിൽവച്ചു ധൈര്യമായിമരിക്കുവാൻ മുതിർന്നവൻ! അടാ ഉന്മത്തനേ!

വീര.—എന്റെ ദുഃഖം അത്രത്തോളം കഠിനമായിരിക്കുന്നുവെന്നു തെളിയിക്കുക. പിന്നീടു യാതൊരാക്ഷേപവും പറയാതെ ഒപ്പിട്ടുതന്നേക്കാം. ഇനി തെററുകയില്ല. ഇതു സത്യം സത്യം.

ഭൂതം:—അങ്ങനെയാണെങ്കിൽ മുൻപോലെ നോക്കിക്കൊൾക.

“ഏവനുംനടുങ്ങുന്നൊരെന്നുടെമന്ത്രത്താൽ
ചാവുചെയ്തിട്ടുംതൂക്കുമരത്തെയുംചുററിക്കൂട്ടും
ലോകസംഖ്യയംതന്റെയവധിവിട്ടുള്ളതേ
ഏവരുംകാണകാണകാട്ടുവേനിന്നുസ്വാഹാ”

ഇങ്ങനെ മന്ത്രം ഉച്ചരിച്ചപ്പോൾ പഴയപോലെ ധൂമികാകാരമായ ഒരു ഇരുളടഞ്ഞ ഭാഗം കാണപ്പെട്ടു. ഇരുളിൻമദ്ധ്യേ കാരാഗൃഹത്തിന്റെ മുൻവശത്തുള്ള മൈതാനവും അതിന്റെ മദ്ധ്യേ നാട്ടീട്ടുള്ള തൂക്കുമരവും ലക്ഷ്യമായി. അതിനു ചുററുമായി തൂക്കുകാണുവാൻ അസംഖ്യം ജനം കൂട്ടംകൂട്ടമായി കൂടിയിരിക്കുന്നു. ഇത്രയും കണ്ടപ്പോൾ വീരസിംഹൻ മതിമതി എന്നു പറഞ്ഞു സൂക്ഷിച്ചു നോക്കുക. ഇനി രണ്ടുനിമിഷനേരംകൂടി നോക്കിനില്ക്കുക എന്നു ഭൂതം ക്ഷണിച്ചു. ആ സമയം ആ ജനക്കൂട്ടത്തിന്റെ മദ്ധ്യേനിന്നു ഒരു മനുഷ്യൻ ഒരു വലിയ മണിയടിച്ചുകൊണ്ട് “ഒ! ജനങ്ങളെ! ഇന്നുമദ്ധ്യാഹ്നസമയം ഇവിടെ തൂക്കുവാൻ നിശ്ചയിച്ചിട്ടുള്ള വീരസിംഹൻ എന്നവന്റെ ആത്മനിർവൃതിക്കായി ഈശ്വരപ്രാർത്ഥന ചെയ്യുക” എന്നു പറഞ്ഞു ഘോഷിച്ചു.

ഇതുകണ്ടു വീരസിംഹൻ രണ്ടുകൈകൾകൊണ്ടും കണ്ണുപൊത്തു

പ്പിടിച്ചിട്ട മതിമതി, മതിയാക്കുക. ഇതെല്ലാം മറച്ചുവിടുക എന്നപേക്ഷിച്ചു.

ഭൂതം:—അവിടെ നടക്കുന്ന ഏർപ്പാടെല്ലാം നിനക്കായിട്ടാകുന്നു. നോക്കുക. നന്നായി നോക്കിക്കൊൾക. നീ തപ്പിപ്പിഴച്ച കഥ അവർക്കറിവില്ല. അവർ നിന്നെ തുണക്കുന്നതിനായി വേണ്ട ഒരുക്കങ്ങളും പൂർത്തിയാക്കുകയാകുന്നു.

വീരസിംഹ:—മതി മതി. ഞാൻ വിശ്വസിച്ചിരിക്കുന്നു. ഇനി എന്നെ രക്ഷിച്ചുകൊണ്ടാൽ മതി.

ഭൂതം:—സമ്മതമായോ? ഭയപ്പെടാതെ. രക്ഷിച്ചുകൊള്ളാം. ഐശ്വര്യം, ബലം, പൌരുഷം, ജയം എല്ലാം നീ വിചാരിക്കുന്നതുപോലെ ലഭിക്കുവാൻ സഹായിക്കാം. ഇന്നുമുതൽ ഇരുപത്തിനാലുവത്സരം ഞാൻ നിന്റെ അടിമയായിരുന്നു ഇഷ്ടം അനുസരിച്ചു പ്രവർത്തിച്ചുകൊള്ളാം. അതിനുശേഷം നീ നിന്റെ ദേഹത്തെയും ആത്മാവേയും എന്നെ ഏല്പിച്ചുകൊള്ളണം.

വീര:—ശരി! അപ്രകാരം സമ്മതിച്ചിരിക്കുന്നു.

അനന്തരം ഭൂതം തന്റെ മടിയിലിരുന്ന ഒരു പത്രം എടുത്തു വീരസിംഹന്റെ പക്കൽ കൊടുത്തു. അതിൽ മേല്പറഞ്ഞ നിബന്ധനകളെല്ലാം വ്യക്തമായി എഴുതീട്ടുണ്ടായിരുന്നു. പേനയും മഷിയും കൂടി തയ്യാറാക്കിയിരുന്നു. വീരസിംഹൻ സസന്തോഷം അതിൽ ഒപ്പിട്ടു മടക്കിക്കൊടുത്തു. ഭൂതം അതു വാങ്ങി അവന്റെ മുമ്പിൽനിന്നു മറഞ്ഞു. അവൻ കസേരയിൽ അല്പം മനസ്താപത്തോടെ ചാരി ചിന്താകുലനായി ഇരുന്നു.

---

## അദ്ധ്യായം ൨.

ഒന്നാം അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങൾ നടന്നതിന്റെ മൂന്നാം ദിവസം വൈകുന്നേരം സൂര്യാസ്തമയസമയം മേഗ്രാമം എന്ന നഗരത്തിലുള്ള അനപൂർണ്ണി ഹോട്ടലിന്റെ നേരെ ഒരു പാന്ഥൻ ഏകനായി കുതിരപ്പുറത്തു വരുന്നുണ്ടായിരുന്നു. ആ പാന്ഥൻ കാഴ്ചയിൽ സുമുഖനും ഇരുപത്തിമൂന്നു വയസ്സുമാത്രം പ്രായമുള്ളവനുമായ ഒരു യുവാവാകുന്നു. ബലപൌരുഷങ്ങളും തേജസ്സും ഉജ്ജ്വലതയും ആയാളുടെ മുഖഭാവംകൊണ്ടു ഊഹിക്കാവുന്നതുള്ള നിലയിൽ സ്ഫുരിക്കുന്നുണ്ട്. ഒരു നോട്ടത്തിൽ ആയാൾ ഒരു ഭരണകർത്താവോ എന്നു തോന്നിപ്പോകും. ആയാളെ വഴിയിൽ കണ്ടുമുട്ടുന്നവർ അവരറിയാതെതന്നെ ആയാൾക്കു ആചാരം ചെയ്തുപോകുന്നു. ആയാളുടെ വേഷം അധികമായ ആഡംബരപ്രൌഢിയിൽ പ്രസക്തികമല്ലായിരുന്നെങ്കിലും ഏറ

വും മാന്യനിലയ്ക്കുട്ടത്തതായിരുന്നു. അയാളുടെ ഭാവവിശേഷങ്ങളെല്ലാം അധികാരശക്തിയും പ്രാബല്യവുംനിറഞ്ഞ ഒരുയൎന്ന സ്ഥാനത്തിൽ ജനിച്ചവനാണെന്ന സ്ഥിതിയെ പ്രകാശിപ്പിക്കുന്നുണ്ട്.

ഹോട്ടലിന്റെ സമീപത്തെത്തിയപ്പോൾ അതിന്റെ ഉടമസ്ഥൻ വേഗത്തിൽ അടുത്തുചെന്നു, പാന്ഥനെ ആചാരംചെയ്തു കൈകൊടുത്തു കുതിരയിൽനിന്നും ഇറക്കി. ഇറങ്ങുമ്പോൾ പാന്ഥൻ ഹോട്ടൽ ഉടമസ്ഥനോട് ഇവിടെനിന്നും ഉദയപുരിക്കു എത്രദൂരമുണ്ടാകും എന്നു ചോദിച്ചു. സുമാർ പത്തുനാഴികയിരിക്കും, വഴി സുഗമമല്ല. പാതയും ശരിയായതല്ല. വഴിയിൽ പല അക്രമികളായ കൊള്ളക്കാരുടെ ശല്യവുമുണ്ട് എന്നു മറുപടിപറഞ്ഞിട്ട് അവൻ അവിടെയിരുന്ന ഉദരാനന്ദൻ സന്ന്യാസിയോടു താൻ പറഞ്ഞതു ശരിയല്ലേ എന്നു ചോദിക്കയും അതിലേക്കു അയാൾ തലകുലുക്കി ശരിയാണെന്നു സ്ഥാപിക്കയും ചെയ്തു.

ഉദരാനന്ദൻ ആ പാന്ഥനെ ഗാഢമായിനോക്കി പരിശോധിക്കയും പാന്ഥനെക്കുറിച്ചു ഏതോ ചിലതു് ആലോചിക്കയും ചെയ്തശേഷം ഏഴുനേററു് അവിടെ തലകുനിച്ചു് ഉലാവി നടന്നുകൊണ്ടിരുന്നു. പിന്നീടു പാന്ഥനെ നോക്കി നിങ്ങൾ പോകാൻ ഭാവിക്കുന്ന മാൎഗ്ഗം തീരെ അപായകരമായതാകുന്നു. ഏതു ധീരനായാലും തക്കതായ പിൻബലംകൂടാതെ ആ വഴിയേക്കൂടി പകൽകാലത്തുപോലും സഞ്ചരിക്കുക സാദ്ധ്യമല്ല എന്നു വീണ്ടും പറഞ്ഞു.

ഇതുകേട്ട്, ആ പാന്ഥൻ തന്നെമറന്നുണ്ടായകോപത്തോടുകൂടി എന്തു്! രാജശേഖരൻപ്രഭു തനിക്കുചുററും കൊള്ളക്കാർ അധിവസിക്കുവാൻ അഭയംകൊടുത്തിട്ടുണ്ടോ? പാന്ഥന്മാരുടെ ക്ഷേമൈശ്വൎയ്യങ്ങളെ ഗൌനിക്കാതെ അലക്ഷ്യമായിരിക്കുന്നുവോ? എന്തു ഭരണം! എന്നു സഗൌരവം തന്നത്താനെ പറഞ്ഞു. അപ്പോഴുണ്ടായ മുഖഭാവം ഏററവും ഔദ്ധത്യപ്പാടും കോപകലുഷങ്ങളോടും കൂടിയതായിരുന്നു.

ഉദരാനന്ദൻ—ഇവിടെനിന്നും കടക്കുന്ന മാൎഗ്ഗം ഒരു വനത്തിൽകൂടെ പോകുകയാണു്. അതു് രാജശേഖരന്റെ ജമീനിൽ ഉൾപ്പെട്ടതല്ല. അതിന്റെ ഉടമസ്ഥൻ ഇളംകാട്ടു ജമീൻദാരാകുന്നു.

പാന്ഥൻ—ഇളംകാട്ടു ജമീൻദാരോ? അയാളാര്?

ഉദരാന—ക്രൂരവിജയൻപ്രഭു.

പാന്ഥൻ—ഏതു ക്രൂരവിജയൻപ്രഭു? ഓഹോ! മുമ്പുകണ്ട ചക്രവൎത്തിയുടെ കിരീടധാരണമഹോത്സവത്തിൽ എല്ലാ ഉപരാജാക്കന്മാരായ ജമീൻദാരന്മാർ കൂടിയ സന്ദൎഭത്തിൽ കൂട്ടത്തിൽകൂടാതെയും ആ ഉത്സവത്തിനു ചേരാതെയും തിരക്കാട്ടുകയാതെയും അലക്ഷ്യമായിരുന്ന ക്രൂരവിജയപ്രഭുവോ? മനസ്സിലായി.

ഹോട്ടലുടമസ്ഥൻ തനിക്കുള്ളതായി എന്തോകുശുകുശുവെന്നു മുന

ങ്ങിയശേഷം അതേ അദ്ദേഹം തന്നെ. അദ്ദേഹത്തിന്റെ നാട്ടിൽകൂടി പ്രയാണം ചെയ്യുന്നതും അദ്ദേഹത്തെക്കുറിച്ച് അലക്ഷ്യമായി എന്തെങ്കിലും പറയുന്നതും അപായകരമായ സംഗതിയാകുന്നു എന്നു പറഞ്ഞു. ആ സമയം ഉദാരാനന്ദൻ അവിടെനിന്നും നഴുവി മറ്റൊരു വശത്തു മറഞ്ഞു. പാന്ഥൻ കുതിരയുടെ പിടിവിടാതെ നിന്നു് അല്പം ആലോചിച്ചിട്ട് ഏതായാലും എന്റെ യാത്രയെ നിറുത്തുവാൻ വിചാരിക്കുന്നില്ല. കുറച്ച് ആഹാരം കഴിച്ചു വിശ്രമിച്ചിട്ടു യാത്രയെ തുടരുവാൻ വിചാരിക്കുന്നു. നീ പോയി സമർത്ഥന്മാരായ രണ്ടാളുകളെ എനിക്കു സഹായമായി വരുവാൻ കൂട്ടിക്കൊണ്ടു വരൂ. അവക്ക് ഇഷ്ടമുള്ള പ്രതിഫലം കൊടുക്കാം എന്നു ഹോട്ടൽകാരനോടു പറഞ്ഞു. അനന്തരം കുതിരയെ അവിടെ നിറുത്തീട്ടു പാന്ഥൻ ഹോട്ടലിൽ പ്രവേശിച്ചു.

കുതിരയെ ഹോട്ടൽവക ലായത്തിൽ കൊണ്ടുപോയി കെട്ടുവാൻ ഹോട്ടലുടമസ്ഥൻ ആരംഭിച്ചതു് ഉദാരാനന്ദൻ കണ്ടു, ഹേ! നാഗേന്ദ്രം! ആ പാന്ഥൻ ഇന്നു് ഇവിടംവിട്ടു പോകാനയയ്ക്കരുതു് എന്നു ശബ്ദം കേട്ടു.

നാഗേന്ദ്രം--സ്വാമിൻ! ഞാനെങ്ങനെ തടസ്സം ചെയ്യും? എന്തു സമാധാനം പറയും?

ഉദാരാനന്ദൻ--കുതിരയ്ക്കു പെട്ടെന്നു നടക്കാൻ പാടില്ലാത്തവിധം വ്യാധിയുണ്ടാകയോ, അതിന്റെ കാലുകൾക്കു പരുക്കേല്ക്കുകയോ ചെയ്യട്ടെ. സഹായികളെയും ലഭിക്കരുതു്.

നാഗേന്ദ്രം:--ശരി! അപ്രകാരം ചെയ്തേക്കാം സ്വാമി.

ഉദാ:--ഇന്നുരാത്രിയിൽ അയാളെ മന്ത്രമുറിയിൽ കിടക്കുവാൻ ശട്ടം ചെയ്യണം.

നാഗേന്ദ്രം--അതിന്മണ്ണം ചെയ്യാം.

ഉദാരാനന്ദൻ ഹോട്ടലിലേക്കും നാഗേന്ദ്രം കുതിരയുമായി ലായത്തിലേക്കും പോയി. പാന്ഥൻ ഉദാരാനന്ദനെ ആരും മനസ്സിലാക്കാതെ കാപ്പി പലഹാരങ്ങൾക്കായി കൂട്ടിക്കൂട്ടുവാൻ ക്ഷണിക്കയും അയാൾ അതിന്മണ്ണം ചേരുകയും രണ്ടാളുംകൂടി ആരംഭിക്കയുംചെയ്തു.

ഉദാ--(പാന്ഥനോടു) ഇന്നു് ഒരു ദീർഘയാത്ര ചെയ്തതായി തോന്നുന്നുവല്ലോ.

പാന്ഥൻ--അതേ. മുമ്പു പ്രസ്താവിച്ച ക്രൂരവിജയൻപ്രഭു തന്റെ അയൽനിവാസിയായ ജമീൻദാർ രാജശേഖരനോടു വിരോധമായിരിക്കുന്നുവെന്നു കേട്ടിരിക്കുന്നു. അതു ശരിതന്നെയല്ലേ?

ഉദാ.--അങ്ങനെതന്നെയാണു കേൾവി.

പാന്ഥൻ--അതുകൂടാതെ ക്രൂരവിജയൻപ്രഭുവിനെ ജനങ്ങൾ അധികമായി ഭയപ്പെടുന്നുവെന്നും, അനേകവിഷയങ്ങളിൽ ആ പ്രഭുവിന്റെ നടപടികൾ ഭയങ്കരമായിരിക്കുന്നുവെന്നും ഞാൻകേട്ടു.

ഉദരാ:—അങ്ങനെതന്നെയാണു കേൾവി.

പത്മനാഭൻ:—ആ പ്രഭുവിന്റെ സഹോദരൻ പെട്ടെന്നു മരിച്ചുപോയി, ഇല്ലേ?

ഉദരാ:—ഹേ! പത്മനാഭൻ! ഞാൻ ദൈവവിചാരത്തിലിരിക്കുന്നവൻ. ലൌകികമായി ഓരോരുത്തരുടെ വൃത്താന്തങ്ങൾ അറിയേണ്ടുന്ന ആവശ്യം എനിക്കില്ല. ഇവിടങ്ങളിലുള്ള ആളുകളുടെ സംഗതികൾ അറിയേണ്ടതായിട്ടുണ്ടെങ്കിൽ ഹോട്ടലുടമസ്ഥൻ നാഗേന്ദ്രനോടു ചോദിച്ചാൽ വ്യക്തമായറിയാം. ഇതിനിടയിൽ നാഗേന്ദ്രം കടന്നുചെന്നു് ഇങ്ങനെ പറഞ്ഞു.

നാഗേന്ദ്രം:—ഹേ! പ്രഭോ! തങ്ങളെ വിളിക്കാൻ അയച്ച വേലക്കാരൻ മടങ്ങിവന്നു. ഇന്നു് ഇനി ആളെ കിട്ടുകയില്ലെന്നു പറഞ്ഞിരിക്കുന്നു. സമീപമുള്ള ഒരു ഗ്രാമത്തിലെ അടിയന്തിരം പ്രമാണിച്ചു് ഈ നാട്ടിലെ ഒരുവിധക്കാരെല്ലാം പോയിരിക്കുന്നുവത്രെ.

പത്മനാഭൻ:—അങ്ങനെയാണെങ്കിൽ ഞാൻ തനിയെ എങ്കിലും പോയിത്തീരേണ്ടിയിരിക്കുന്നു. എന്റെ കൈവശം ധനവും ഒന്നുമില്ല. എന്റെ ജീവൻകൊണ്ടു കള്ളന്മാൎക്കു പ്രയോജനമൊന്നുമില്ല.

നാഗേന്ദ്രം—എനിക്കിനി ഒന്നുകൂടി പറവാനുണ്ടു്. അവിടുത്തെ കുതിരയ്ക്കു പെട്ടെന്നു് എന്തോ ദീനം പിടിപെട്ടിരിക്കുന്നു.

പത്മനാഭൻ—(പരിഭ്രമിച്ചിട്ടു്) അഹോ. കെട്ടകാലമേ! ഇന്നു് ഈ ഗ്രാമത്തിൽ ഈ രാത്രിയിൽ തങ്ങേണ്ടതായ ആവശ്യം ഏൎപ്പെട്ടതുപോലിരിക്കുന്നു. ഏതായാലും ലായത്തിൽ ചെന്നു കുതിരയെ നോക്കാം. താനും കൂടി വരൂ.

അയാളും നാഗേന്ദ്രനുംകൂടി ലായത്തിൽ ചെന്നു കുതിരയെ കണ്ടു. നാഗേന്ദ്രം പറഞ്ഞതു ശരിയായിരുന്നു. അതു യാത്രക്കു സൌകൎയ്യപ്പെടാത്തവിധം വ്യാധിയാൽ പീഡിതമായിരുന്നു. അതു കണ്ടു പത്മനാഭൻ വെറുപ്പോടെ നിന്നു, ഓടി ക്ഷീണിച്ചു വിയൎത്ത കുതിരയെ ഉടൻതന്നെ പച്ചവെള്ളത്തിൽ കുളിപ്പിച്ചിരിക്കുന്നു. അതുകൊണ്ടുതന്നെ അസൌഖ്യമുണ്ടായതു്. രാത്രിയിൽ ഇവിടെത്തന്നെ തങ്ങേണ്ടിവന്നിരിക്കുന്നു. രാവിലെ യാത്രയ്ക്കുതക്കവണ്ണം കുതിരയെ തയ്യാറാക്കി നിൎത്തിക്കൊൾക എന്നു നാഗേന്ദ്രനോടു പറഞ്ഞിട്ടു്, കുതിരക്കോപ്പിൽ സൂക്ഷിച്ചിരുന്ന ഒരു മരുന്നെടുത്തു കുതിരയ്ക്കു കൊടുത്തു.

പിന്നീടു്, പത്മനാഭൻ ഹോട്ടലിനുള്ളിൽ ചെന്നിരുന്നു് ഊണിനാരംഭിച്ചു. നാഗേന്ദ്രനെയും സമീപത്തുവച്ചു ഉണ്ടുകൊണ്ടിരിക്കുമ്പോൾ രാജശേഖരനും ക്രൂരവിജയനും തമ്മിലുള്ള മത്സരഹേതുവെക്കുറിച്ചു സംഭാഷണംചെയ്തു. നാഗേന്ദ്രം ഒന്നിനും വായ് തുറന്നതേയില്ല. അവിടെ സമീപത്തായി ഉദരാനന്ദൻ ഊണുകഴിച്ചു മൌനമായിരുന്നതു നാഗേന്ദ്രം സൂക്ഷിച്ചിരുന്നു. അതിനാൽ ഗുണദോഷവിമൎശനത്തിൽ ഉൾ

ളപ്പെടുവാൻ അവനു ധൈര്യമുണ്ടായില്ല. അഭിപ്രായങ്ങൾക്കെല്ലാം അതേ, എന്നുമാത്രം ഉത്തരം പറഞ്ഞതേയുള്ളു. ഇതിൽ വിപ്പ്രിവരത്തോടെ പാന്ഥൻ ഊണുകഴിഞ്ഞെഴുന്നേറ്റു് എനിക്കു കിടക്കുവാനുള്ള മുറി ഏതാണു്. തയ്യാറുചെയ്ക എന്നു നാഗേന്ദ്രനോടു പറഞ്ഞു. അവൻ ഒരു വിളക്കുമായി പാന്ഥനെ കൂട്ടിക്കൊണ്ടുപോയി യന്ത്രമുറിയിലുള്ള കട്ടിലിൽ വിരിപ്പു തയ്യാറാക്കിക്കൊടുത്തു. വിളക്കും അവിടത്തന്നെ വച്ചിട്ടു പുറത്തുപോയി.

ഈ യന്ത്രമുറി വളരെ വിശാലമായ ഒന്നാകുന്നു. അതിന്റെ നാലുപുറത്തുമുള്ള ഭിത്തികൾ പലകകൊണ്ടുണ്ടാക്കിയതായിരുന്നു. ഒരു ചുവരിന്റെ അടുക്കലായി ഒരു മേശയിട്ടിരുന്നു. കട്ടിൽ ആ അറയുടെ മദ്ധ്യത്തിലായി ഇട്ടിരിക്കുന്നു. ഇതു യുക്തിഹീനമെന്നു പാന്ഥനു തോന്നി. നാഗേന്ദ്രൻ പുറത്തുപോകാൻ തുടങ്ങിയപ്പോൾ പാന്ഥൻ അവന്റെ തോളിൽ പിടിച്ചു തടഞ്ഞുനിറുത്തി സന്യാസി ആരു് എന്നു ചോദിച്ചു. അതിലേക്കു് അദ്ദേഹം ഉദരാനന്ദൻ എന്ന ഒരു ഗൌരവമേറിയ ഗുരുനാഥനാകുന്നു എന്നു പറഞ്ഞിട്ടു് അവരെവിട്ടു പുറത്തിറങ്ങിപ്പോയി. പോകുന്ന സമയം കതകു പുറത്തുനിന്നു അടച്ചു താഴിട്ടതായി പാന്ഥനു തോന്നി. പാന്ഥൻ ഉടൻ എഴുന്നേറ്റു കതകു തുറന്നുനോക്കി. അതു തുറന്നില്ല. വെളിയിൽനിന്നും താഴിട്ടു പൂട്ടിയതായി തോന്നിയതു ശരിയായിരുന്നു. പാന്ഥൻ വല്ലാതെ അന്ധാളിച്ചു. ഇതിന്റെ അർത്ഥമെന്തു്? ജനാലയിൽനോക്കിയപ്പോൾ അതു ബലമേറിയ ഇരുമ്പഴികളാൽ ഘടിപ്പിക്കപ്പെട്ടിരുന്നു. ഇതെന്തു തന്ത്രം! ഇതിനു എന്തോ സാരമായ അർത്ഥമുണ്ടു്. എന്നെ അപായപ്പെടുത്തുവാൻ ആരോ ശ്രമിക്കുന്നുണ്ടു്! അതാരായിരിക്കാം. അതിനു കാരണങ്ങളൊന്നും കാണുന്നുമില്ല. എനിക്കിവിടെ ശത്രുവായുള്ളവൻ ആരു്? എന്നിങ്ങനെ ഓരോ വിചാരങ്ങളിൽ പാന്ഥന്റെ മനോഗതി മാറിമാറി സഞ്ചരിച്ചു. കൈയിൽ ദീപമെടുത്തു് അറയുടെ നാലുപാടും നന്നായി പരിശോധിച്ചു. ഒരറ്റത്തു ചേർത്തിട്ടിരുന്ന മേശമേൽ ഒരു പാത്രത്തിൽ ജലവും ഒരു തട്ടവും വെച്ചിരുന്നതൊഴികെ വിശേഷവിധിയായി ഒന്നും തന്നെ കാണ്മാനുണ്ടായിരുന്നില്ല.

പാന്ഥൻ അതു നോക്കിനില്ക്കുമ്പോൾ മേശയുടെ അല്പം മുകളിലായി ഭിത്തിയിൽ ഉള്ള ഒരു ചെറിയ കതകു തുറക്കപ്പെട്ടതും അതുവഴിയായി ഒരുകൈ മുഴംകൈയോളം ഉള്ളിൽകടത്തി ഒരു ഈട്ടി എന്ന ആയുധം മേശമേൽ കുത്തിനിറുത്തിയിട്ടു കൈ വെളിക്കെടുത്തു ആ വാതിൽ പൂർവ്വസ്ഥിതിയിൽ അടച്ചതും ഒന്നായിക്കഴിഞ്ഞു. ഇതെല്ലാം കണ്ണടച്ചു തുറക്കുന്ന സമയത്തിനുള്ളിൽ സാധിച്ചു.

അതുകണ്ടു പാന്ഥൻ ഓടിച്ചെന്നു് ആ കതകു കണ്ടുപിടിക്കാൻ നോക്കിയതിൽ സാധിച്ചില്ല. പിന്നീടു് ആ ഈട്ടിയെ പരിശോധിച്ചു

അതിന്റെ അഗ്രത്തിൽ ഒരു വെള്ളനാട (ടേപ്പ്) കെട്ടപ്പെട്ടിരുന്നു. ആ നാടയുടെ ഒററത്തിൽ ഒരു ചെറിയ എഴുത്തു കെട്ടിയിട്ടുണ്ടായിരുന്നു. പാന്ഥൻ ആ എഴുത്തെടുത്തു വായിച്ചുനോക്കി. ഉടൻ അയാളുടെ മുഖം വിവർണ്ണമായി ചമഞ്ഞു. കുത്തിയാൽകൂടി ചോര പൊടിക്കാത്ത നിലയിൽ മിളറി. ഭയപാരവശ്യങ്ങൾകൊണ്ടു ഹൃദയം തെരുതെരെ ഇടിക്കാൻ തുടങ്ങി. ദേഹം സർവ്വത്ര വിയർച്ചു. എന്തോ തന്നത്താൻ പറയാൻഭാവിച്ചതിൽ നാവു വരണ്ടുപോയിരുന്നതിനാൽ സാധിച്ചില്ല. ആ എഴുത്തിൽ എഴുതിയിരുന്നതു താഴെക്കാണുന്നവിധമായിരുന്നു. "ഈ ഈരട്ടിനാടയാൽ നിന്നോടു ചെയ്യുന്ന പ്രതിജ്ഞയാവിതു്:--രാത്രിയിൽ പന്ത്രണ്ടുമണിക്കു വന്നു വിളിക്കുന്ന ആളിനോടുകൂടി യാതൊന്നും മറുത്തു പറയാതെയും, അവനോടെതിർക്കാൻ വിചാരിക്കാതെയും വരേണ്ടതാകുന്നു. ഇതിൽ വ്യത്യാസം വരരുതു്" നമ്മുടെ പാന്ഥൻ ഭയമെന്നുള്ളതു് അറിഞ്ഞിട്ടില്ലാത്ത ഒരു ഉത്തമവീരനായിരുന്നിട്ടും ഭയംകാരൃത്യാകണ്ടു ഭയപ്പെട്ടുപോയി. ദേഹം സർവ്വത്ര വിയപ്പുതുള്ളികൾ പൊടിച്ചു. അതോടുകൂടി കട്ടിലിൽ കയറി ചരിഞ്ഞു കിടന്നു. ഹാ! ദൈവമേ! ഇതു എന്നെപ്പോലുള്ളവരാൽകൂടി മറുക്കാൻ പാടില്ലാത്ത നിബന്ധനയായിരിക്കുന്നു"എന്നു തന്നത്താനെ ഒരു ദീർഘശ്വാസത്തോടുകൂടി പറഞ്ഞു.

വായനക്കാരുടെ അറിവിനായി ഒരു സംഗതി ഇവിടെ വ്യക്തമാക്കേണ്ടിയിരിക്കുന്നു. കഥ നടക്കുംതോറും സംഗതികൾ തെളിവിൽ വരുമെങ്കിലും ഒരു ചെറിയസൂചനയുടെ ആവശ്യം ഇവിടെയുണ്ടെന്നു വിചാരിക്കുന്നു. ഈകഥ നടന്നകാലത്തു ചില രാജ്യങ്ങളിൽ അരാജകസംഘംപോലുള്ള ചിലരഹസ്യ സംഘങ്ങൾ ഏർപ്പെടുത്തപ്പെട്ടിരുന്നു. ഒരു സംഘത്തിൽ വലിയ കുബേരന്മാരും, രാജകുടുംബക്കാരും, അധികാരബലമുള്ളവരും പ്രഭുക്കന്മാരും കള്ളന്മാരും, കൃത്രിമക്കാരും മററുപലവിധത്തിലുള്ള ആളുകളും ഉൾപ്പെട്ടിരുന്നു. ആ സംഘത്തിലെ നടപടികളെല്ലാം വളരെരഹസ്യമായി സൂക്ഷിച്ചിരുന്നു. ഒരു സംഘത്തിനെ വേഗിം സംഘമെന്നു വിളിച്ചിരുന്നു. ഇതിന്റെ അധികാരത്തിനും ബലത്തിനും അളവുണ്ടായിരുന്നില്ല. ഇതിലെപ്പെട്ടവർ പലതൊഴിലുകാരായി നാട്ടിൽ പല സ്ഥലങ്ങളിലുമുണ്ടു്. ഇവരെ കണ്ടുപിടിക്കാൻ കഴിയാത്തവിധം സംഗതികൾ നിഗൂഢമായി നടന്നിരുന്നു. ഒരുകാലത്തിൽ ഇതിന്റെ ശക്തി ലോകത്തിൽ പകുതി സ്ഥലങ്ങളിലും വ്യാപിച്ചിരുന്നു. ഇതിന്റെ ഭരണം ഏററക്കുറവുകളുള്ള അധികാരബലത്തോടുകൂടിയ പലരിലും നിക്ഷിപ്തമായിരുന്നു. ഓരോ ജില്ലക്കും ഓരോ അധിപനുണ്ടു്. ഈ സംഘത്തെ, ഒരു വാക്കുപോലും പറയുന്നതിനു ജനങ്ങൾ ഭയപ്പെട്ടിരുന്നു. ഇതിനെപ്പററി ആരെങ്കിലുംആക്ഷേപരൂപമായി പറയുന്നതു് സംഘത്തിലെ മെംബർന്മാരിൽ ആരെങ്കിലും കേട്ടാ

ൽ വിവരം സംഘാധ്യക്ഷന്ന് അറിവു കൊടുക്കണം. നമ്മുടെ പാന്ഥന്നു ലഭിച്ചിട്ടുള്ളതായി മുൻവിവരിച്ച മാതിരിയിലുള്ള ഒരു സന്ദേശമയച്ച് അവനെ വരുത്തി പൊതുയോഗത്തിന്റെ മുമ്പിൽ വിചാരണചെയ്യും. അവൻ സംഘബലത്തിന്നു കീഴ്‌വണങ്ങി സംഘനിർദ്ദേശംപോലെ നടന്നുകൊള്ളാമെന്നു വ്യവസ്ഥചെയ്താൽ അവന്നു ജീവിക്കാൻ കഴിയും. ഏതു കുറ്റത്തിനും മരണദണ്ഡനം എന്ന ഒരേ ശിക്ഷമാത്രമേ സംഘത്തിന്റെ നിയമപ്രകാരം ചെയ്യുവാനുള്ളു. സംഘത്തിന്റെ കല്പനയെ നിഷേധിക്കുന്നവനെ തൂക്കി കൊല്ലുമെന്നുള്ളതു നിർബന്ധമാകുന്നു. ഈ ക്രൂരശിക്ഷ നിമിത്തം ലോകം മുഴുവൻ സംഘത്തെ ഭയപ്പെട്ടിരുന്നു. ഇങ്ങനെ മരണമടഞ്ഞ ജനത്തിന്നു അവധിയില്ല. ഇതിലെ മെമ്പറന്മാർ കഠിനനിബന്ധനയാൽ കെട്ടപ്പെട്ടവരായിരുന്നു. ഈ സംഘത്തിൽ ചേർന്നവൻ ഇതിന്റെ രഹസ്യത്തെ പിതാവിനോ മകനോ ഭാര്യയ്ക്കോ സഹോദരനോ പോലും പറഞ്ഞുകൊടുക്കയില്ല. സംഘാധ്യക്ഷന്റെ കല്പന എന്തുതന്നെയായിരുന്നാലും അതിന്റെ മെമ്പറന്മാർ അതിന്മണ്ണം പ്രവർത്തിക്കുവാൻ നിർബന്ധിതരാകുന്നു. യാതൊന്നും മറുത്തുപറയാൻ ആർക്കും പാടുള്ളതല്ല. വല്ലവനും മറുത്തിട്ടുണ്ടെങ്കിൽ അവനെ തൂക്കിക്കൊന്നിട്ടുണ്ടെന്നുള്ളതു നിശ്ചയമാകുന്നു. തന്റെ പുത്രനെ അല്ലെങ്കിൽ പിതാവിനെ തന്നെ കൊല്ലണമെന്നു കല്പനയുണ്ടായാൽ കൊന്നുതന്നെ തീരണം. ഇതിന്റെ തീരുമാനങ്ങൾ ഖണ്ഡിതവും ക്രൂരവുമായവയാകുന്നു. ഇതിലെ മെമ്പറന്മാർ പല വേഷങ്ങളിലായി ജനസാമാന്യത്തിൽ കൂടപ്പെട്ടു സഞ്ചരിച്ചുകൊണ്ടേയിരിക്കും. മോഷണം പിടിച്ചുപറി മുതലായവയാൽ ലഭിക്കുന്ന ധനത്തിന്റെ ഒന്നുപകുതി സംഘത്തിന്റെ അവകാശത്തിൽപെട്ടതാകുന്നു. അനേകം രാജാക്കന്മാരെയും അധികാരബലമുള്ളവരെയും ഈ സംഘം കഴുമരത്തിൽ കയററിട്ടുണ്ട്. പല രാജാക്കന്മാരും ഈ സംഘത്തെ നശിപ്പിക്കുവാൻ പല യത്നങ്ങളും ചെയ്തിരുന്നു. ക്രമേണ അതിലെ പല തലവന്മാരെയും പിടിച്ചു തൂക്കിക്കൊല്ലുകയും സംഘശക്തിയെയുടയ്ക്കുകയും ചെയ്കയാൽ സംഘം ഒരു കാലത്തിൽ നാമാവശിഷ്ടമായി നശിച്ചുപോയി. ഈ കഥാഗതിയിൽ നിന്ന് ഈ സംഘത്തിന്റെ ശക്തികളും സമ്പ്രദായങ്ങളും പരിണാമവും മനസ്സിലാകും. യോഗിസംഘത്തെക്കുറിച്ചുള്ള വിവരണം അങ്ങനെ നില്ക്കട്ടെ, നമുക്കു കഥാഗതിയെ തുടരാം.

നമ്മുടെ പാന്ഥൻ ഈട്ടിനാടായിൽ കണ്ട സന്ദേശം വായിച്ചു തീവ്രമായി ഭയപ്പെട്ടു കട്ടിലിൽ കിടന്നു എന്നു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. അല്പം ആലോചന കഴിച്ചശേഷം ധൈര്യത്തോടുകൂടി ഛേ! ഇതിൽ അധൈര്യപ്പെടുവാനെന്തുള്ളു. നാം ഇതിൽ ഭയപ്പെടുന്നതുതന്നെ ലജ്ജാകരമാകുന്നു. നാം ഈ സംഘത്തെ എന്തിനായി ഭയപ്പെടണം. ഈ നിബന്ധനപ്രകാരം ഏതായാലും പ്രവർത്തിച്ചുതീരണമെന്നുള്ളതു നിർബ്ബ

ന്ധമാണല്ലോ. അല്ലെങ്കിൽ ഈ സംഘാദ്ധ്യക്ഷൻ മരണദണ്ഡനത്തിനു വിധിക്കുമെന്നുള്ളതും തീൎച്ചയാകുന്നു. ഏതായാലും ഈ സംഘത്തിന്റെ മുമ്പിൽ ന്യായവാദം ചെയ്തു നോക്കേണ്ടതു ധൎമ്മമാകുന്നു. ഇവരുടെ സിദ്ധാന്തവും അധികാരവും എത്രമാത്രമെന്നു നോക്കാമല്ലോ എന്നു വിചാരിച്ചു കൊണ്ടിരുന്നു.

ഏകദേശം അൎദ്ധരാത്രിയായി. അപ്പോൾ വെളിയിൽ നിന്നും താഴ് തുറന്ന് ഒരുവൻ പാന്ഥന്റെ അറയിൽ കടന്നു ചെന്നു. അവൻ സകലവിധമായ ആയുധങ്ങളും ധരിച്ചിരുന്നു. മഹാബലിഷ്ഠനും ധൈൎയ്യശാലിയുമാണെന്ന് അവന്റെ നോട്ടങ്ങളിൽനിന്നനുമാനിക്കാം. ഒരു കൈയിൽ തയ്യാറാക്കിയ കൈത്തോക്കും മറ്റൊന്നിൽ ഒരു ഈട്ടിയും ധരിച്ചിരുന്നു. ഈട്ടിയുടെ മുന സൂച്യഗ്രംപോലെ കൂൎത്തും നിശിതവുമായിരുന്നു. നമ്മുടെ പാന്ഥൻ അവനെ ഒരിക്കലും കണ്ടിട്ടില്ല. അവന്റെ കൈയിലിരുന്ന ഈട്ടിയുടെ അഗ്രത്തിലും വെളുത്ത നാട ചുററിയിരുന്നു. ഇതു തന്നെയാണു സംഘത്തിന്റെ അടയാളം. പാന്ഥൻ അവനെക്കണ്ടു നിൎഭയമായി നോക്കിക്കൊണ്ടിരുന്നു. വന്നവൻ വാ തുറന്ന് ഒന്നും തന്നെ പറഞ്ഞില്ല. കൂടെ പോന്നുകൊള്ളുവാൻ ആംഗ്യം കാണിച്ചിട്ടു മുറിവിട്ടു പുറത്തിറങ്ങി. ഹോട്ടലിന്റെ പുറത്തുവശത്തു കൂടി അവർ സമീപമുള്ള കാട്ടിൽ കടന്നു. അവിടെ ഒരാൾ ദീപയഷ്ടിയുമായി ഇവരുടെ വരവിനെ പ്രതീക്ഷിക്കുന്നുണ്ടായിരുന്നു. പാന്ഥനും കൂട്ടുകാരനും ആ നല്ലവെളിച്ചം കണ്ടു കൂട്ടുകാർ കാണിച്ച പാതവഴി നടന്നു തുടങ്ങി. അല്പനേരം കഴിഞ്ഞു തിരിഞ്ഞു നോക്കിയപ്പോൾ ഏതാനും ആയുധപാണികളായ ആളുകൾ ഇവരെ അനുഗമിക്കുന്നുണ്ടെന്നും, ഇതു തന്റെ ശത്രുവിന്റെ ആൾക്കാരെന്നും മനസ്സിലാക്കി മൌനം അവലംബിച്ചു നടന്നു.

ആ സമയം പാന്ഥനോടുകൂടെ വന്നയാൾ "ഇനി നിങ്ങളുടെ കണ്ണുകെട്ടുവാൻ ഞങ്ങൾ വിചാരിക്കുന്നു. അതിലേക്കു നിങ്ങൾ ഭയപ്പെടേണ്ട. ഞങ്ങൾ മേലാവിന്റെ ആജ്ഞയെ അനുസരിക്കേണ്ടവർ. നിങ്ങളെ ഉപദ്രവിക്കേണമെന്നു ഞങ്ങൾക്കു മോഹമില്ല. അങ്ങനെ വിചാരിക്കുന്നുമില്ല" എന്നു പറഞ്ഞു.

ഇതുകേട്ടു പാന്ഥനു തന്നെ അറിയാതെതന്നെ ഒരു ഭയം ഉണ്ടായി. ധൈൎയ്യം അവലംബിച്ചു ഭയത്തെ ഒതുക്കി. 'നിങ്ങൾ എന്നെ എവിടെ കൊണ്ടുപോകുന്നു" എന്നു പാന്ഥൻ കൂട്ടുകാരനോടു ചോദിച്ചു.

'നിങ്ങളെ ഈട്ടിയും നാടയും അടയാളമാക്കി പ്രവൎത്തിക്കുന്ന സംഘത്തിന്റെ മുമ്പിൽ കൊണ്ടുപോകുന്നു എന്ന് അയാൾ ഉത്തരം പറഞ്ഞു. അനന്തരം അവന്റെ അരയിൽ തിരുകിയിരുന്നതും നാട കെട്ടിയതുമായ ഈട്ടിയെ കാണിച്ചു. പാന്ഥൻ ക്ഷണികങ്ങളായ മനഃക്ഷോഭങ്ങളെ ക്ഷമയോടുകൂടി മനസ്സിൽ അടക്കി നിയമനം ചെയ്തിട്ടു കണ്ണു

കെട്ടികൊള്ളുവാൻ സമ്മതം നല്കി. അവർ കണ്ണുകെട്ടി. അതിന്റെ ശേഷം ഒരു മണിക്കൂറോളം സമയം അവരാരുംതന്നെ ഒരു സംഗതിയെക്കുറിച്ചും ശബ്ദിച്ചില്ല. പാന്ഥൻ ഒരാളുടെ തോളിൽ പിടിച്ചുനടന്നുപോയി. ഏകദേശം ഒരു നാലുനാഴിക നടന്നശേഷം അവർ ഒരു സ്ഥലത്തുനിന്നു. ഉടൻ ഒരു ചെറിയ കാഹളം മുഴക്കി. ഈ വാദ്യം സാധാരണയായി യുദ്ധകാലത്തു സൈന്യങ്ങളെക്കൊണ്ടു, സേനാനായകൻ ഉദ്ദേശിക്കുന്ന മാതിരിയിൽ യുദ്ധത്തിൽ പ്രവർത്തിപ്പിക്കുവാൻ ഉപയോഗിക്കുന്നതാകുന്നു. ഇതിന്റെ ശബ്ദഭേദംകൊണ്ടു സേനകൾ കാര്യങ്ങൾ മനസ്സിലാക്കിക്കൊള്ളുന്നു. അതിന്മണ്ണം ഒരു കാഹളം മുഴക്കി കാര്യം ധരിപ്പിച്ച സംഘത്തിന്റെ പ്രബലമായ ശക്തി ഊഹ്യമാണ്. കാഹളശബ്ദം കേട്ട് എതിർക്കരയിൽ ഉയർന്ന സ്ഥലത്തുനിന്നും ഒരുവൻ ആരവിടെ എന്നൊരു ചോദ്യം ചെയ്തു അതിലേക്കു മറുവടിയായി പാന്ഥന്റെ കൂടെയുള്ളവരിൽ ഒരാൾ ഏതോ ഒരു സംകേതഭാഷയിൽ ഒരു വാക്കു പറഞ്ഞു.

അതുകഴിഞ്ഞയുടൻ ഒരു കതകു തുറക്കപ്പെട്ട ശബ്ദവും, തൂക്കുപാലം നിലത്തിൽ വീഴുമ്പോൾ ഉള്ള ചങ്ങലയുടെ ശബ്ദവും പാന്ഥന്റെ കർണ്ണങ്ങളിൽ പതിഞ്ഞു. പാന്ഥൻ ഒരു നല്ല യോദ്ധാവായിരുന്നതിനാൽ തന്റെ അപ്പോഴത്തെ നില ഒരു കോട്ടയുടെ എതിർക്കരയിലാണെന്നും, തുറക്കപ്പെട്ട വാതിൽ കോട്ടയുടേതാണെന്നും, കിടങ്ങു കടക്കാനായി തൂക്കുപാലം ഇറക്കിയതാണെന്നും, താൻ നില്ക്കുന്ന സ്ഥലത്തിനും കോട്ടയ്ക്കുംമദ്ധ്യേ ഒരു കിടങ്ങുണ്ടെന്നും, മനസ്സിലാക്കി; പിന്നീടു നടന്നുപോയി. കാൽചുവടു ശ്രദ്ധാപൂർവ്വം പതിപ്പിച്ചിരുന്നതിനാൽ നടക്കുന്നതു പലകമേൽ കൂടിയാണെന്നും അതു പാലമായിരിക്കണമെന്നും ഊഹിച്ചു.

അതുകഴിഞ്ഞു ഇഷ്ടികയിട്ടുറപ്പിച്ച നിലത്തു പവുട്ടി ചില പടികൾ കേറിയും ഇറങ്ങിയും നടന്നുപോയി. ഇങ്ങനെ രണ്ടുമൂന്നു വാതിൽപടികൾ കടന്ന് ഒരു ചുഴൽപടിക്കെട്ടുവഴിയായി മേല്പെട്ടു കയറിപ്പോയിക്കൊണ്ടിരുന്നു. ഏകദേശം ഒരമ്പതുപടിക്കെട്ടുകൾ കയറി ഒരു മുറിയിൽ കടന്നതായിത്തോന്നി. കൂടെവന്നവർ അവിടെ നിന്നുകൊള്ളുവാൻ ആജ്ഞാപിച്ചു. തന്റെ കണ്ണുകൾ കെട്ടപ്പെട്ടിരുന്നു എങ്കിലും അത്യന്തം പ്രകാശമുള്ള വെളിച്ചത്തിന്റെ പ്രഭാസ്ഫുലിംഗങ്ങൾ നേത്രഗോളത്തിന്റെ വലയങ്ങളിൽ പതിഞ്ഞു. അതിൽനിന്നും താൻ നില്ക്കുന്നതു ശക്തിയേറിയ ഇലക്ട്രിക്‌വെളിച്ചംപോലെ തീക്ഷ്ണപ്രകാശമുള്ള വെളിച്ചംനിറഞ്ഞ ഒരു മുറിയിലാണെന്ന് ആ പാന്ഥൻ നിർണ്ണയിച്ചു. ഉടൻ അവിടെയിരുന്ന ഒരാൾ "കെട്ടഴിച്ചു വിടുക" എന്നാജ്ഞാപിച്ചു. ആ ശബ്ദം താൻ എവിടെയോ വച്ചു കേട്ടിരുന്ന കരൻ

ശബ്ദംപോലെ പാന്ഥന്നു തോന്നി. ഉത്തരക്ഷണത്തിൽ കെട്ടഴിച്ചുവിട്ടു.

പാന്ഥൻ നാലുപുറവും നോക്കി. അതു് ഒരു വലിപ്പമുള്ള ഹാൾ. കൂടിക്കാഴ്ചകൾക്കും (ഡർബാർ) മററും പണിതുണ്ടാക്കിയിട്ടുള്ള വലിയ ഹാൾപോലെ അതിവിശാലമായ ഒരു സ്ഥലമാകുന്നു അതു്. അതിനു ചെയ്തിട്ടുള്ള അലങ്കാരം രാജസന്നിധാനങ്ങളിൽ എന്നപോലെ മനോഹരമായിരുന്നു. അതിന്റെ ഒരു ഭാഗത്തു സിംഹാസനംപോലുള്ള ഒരു ഇരിപ്പിടം കുറച്ചധികം പൊക്കത്തിൽ പണിതിട്ടുണ്ടു്. അതിൽ സംഘാദ്ധ്യക്ഷൻ ഇരുന്നിരുന്നു. അയാളുടെ ശബ്ദമാണു തനിക്കു പഴക്കമുള്ളതുപോലെ തോന്നിയതു്. പാന്ഥൻ ആ മനുഷ്യനെ പ്രത്യേകം സൂക്ഷിച്ചു് ആളെ മനസ്സിലാക്കി. താൻ ഹോട്ടലിൽ വച്ചു കണ്ട ഉദരാനന്ദനാണു് എന്നു വ്യക്തമായി ഗ്രഹിച്ചു. അദ്ധ്യക്ഷന്റെ മുമ്പിലായി പത്തിരുപതു കസേരകൾ ഇട്ടിരുന്നു. അവയിലെല്ലാം ആളുകൾ ഇരിക്കുന്നുമുണ്ടായിരുന്നു. ഇവർ ആ സംഘത്തിലെ മെമ്പറന്മാരായിരിക്കും എന്നു പാന്ഥൻ വിചാരിച്ചു്, അവരെയെല്ലാം പ്രത്യേകാനിഷ്കർഷയോടെ സൂക്ഷിച്ചു. അവരിൽ ആരുംതന്നെ ആയുധപാണികളായിരുന്നില്ല. ആ ഹാളിന്റെ മദ്ധ്യേ ഉൽകിരണശില്പവിഭൂഷമായ ഒരു വട്ടമേശയും അതിന്റെ മുകളിൽ തങ്കത്താൽ പണിതിട്ടുള്ള ഒരു ഇരുട്ടിയും, വെള്ളിക്കസവുകൊണ്ടു നെയ്തിട്ടുള്ള ഒരു നാടയും ആ സംഘത്തിന്റെ ലക്ഷ്യലക്ഷണപ്രകാരമായി വയ്ക്കപ്പെട്ടിരുന്നു. അതു “വേശം”സംഘത്തിന്റെ അവിവേകജടിലവും, ഘാതകക്രിയയുടെ വിജ്ഞപ്തിപ്രകടനവും ആണെന്നു പാന്ഥൻ അനുമാനിച്ചു. എന്നുതന്നെയല്ല, അതു് ആ സംഘത്തിന്റെ ഒരു വിജയപതാകയായും, ക്രൈസ്തവസംഘത്തിന്റെ കുരിശു (ക്രോസ്) എന്നപോലെ, ഒരു മാനുഷിക ചിഹ്നമായും സങ്കല്പിക്കപ്പെട്ടിരുന്നു. മരണബന്ധനം അനുഭവിക്കുക ഒന്നുമാത്രമാണു ശിക്ഷയെന്നു സൂചിപ്പിക്കുന്ന ഒരു ചുരുൾ നൂൽക്കയറും ആ മേശമേൽ വയ്ക്കപ്പെട്ടിരുന്നു. നൂററിലധികം ദളങ്ങളുള്ള ഒരു ചക്രാചിയഷ്ടി ആ മേശയുടെ സമീപത്തായി സ്ഥാപിച്ചിരുന്നു. എരിഞ്ഞുവീഴുന്ന കരിയുടെ ശകലങ്ങളും തൈലകണങ്ങളും വീണടിയുവാൻതക്കവണ്ണം അതിന്റെ ചുററുമായി ചെമ്പുപാളികൊണ്ടുണ്ടാക്കിയ ഒരു പാത്രത്തിന്റെ മദ്ധ്യത്തിലാണു് അതിന്റെ സ്ഥിതി. കൂടാതെ, സംഘാദ്ധ്യക്ഷനും സാമാജികന്മാരും ഇരിക്കുന്നതിനു ചുററും മെഴുകുതിരികൾ വരിയായി കത്തിച്ചുവയ്ക്കപ്പെട്ടിരുന്നു.

പാന്ഥന്റെ കണ്ണുകൾ അടച്ചു കെട്ടിയിരുന്നതഴിച്ചശേഷം അല്പസമയങ്ങൾ അവിടം നിശ്ശബ്ദമായിരുന്നു. പിന്നീടു പാന്ഥനെ തന്റെ മുമ്പിൽ നീക്കിനിറുത്തുവാൻ അദ്ധ്യക്ഷൻ ആജ്ഞാപിച്ചു. ഇരു

ആജ്ഞാപനം കേട്ട്, പാന്ഥൻ നിർഭയനായി അദ്ധ്യക്ഷന്റെമുമ്പിൽ ചെന്നു "ഞാൻ ഇതാ നില്ക്കുന്നു" എന്നു പറഞ്ഞു.

അദ്ധ്യക്ഷൻ— നി ആര്?

പാന്ഥൻ—ഞാൻ ആരെന്നു ചോദിക്കേണ്ട ആവശ്യമില്ല- ഞാൻ ഇന്നാരെന്നു നിങ്ങൾ അറിയാതെ എന്നെ തന്ത്രമായി അകപ്പെടുത്തി കൂട്ടിക്കൊണ്ടുവരുവാൻ ശ്രമിക്കുമായിരുന്നോ?

അദ്ധ്യക്ഷൻ—ഞങ്ങളെ ഒന്നും പഠിപ്പിക്കേണ്ടതില്ല. എന്തുപേരോടുകൂടി ഇപ്പോൾ യാത്രചെയ്യുന്നു? ഈ ചോദ്യം ഒരുസമയം നിങ്ങൾക്ക് ഇഷ്ടമുള്ള ചോദ്യമായിരിക്കാം.

പാന്ഥൻ എന്റെ പേർ എന്റെ യാത്രാസന്ദേശത്തിൽ കാണുന്ന തന്ത്രപാലൻ എന്നാകുന്നു. പ്രോഗ്രാം ഇതാനോക്കിക്കൊള്ളുക: (എന്നുപറഞ്ഞു് അതിനെ അദ്ധ്യക്ഷന്റെ കൈയിൽ കൊടുത്തു)

അദ്ധ്യ--(അതു വാങ്ങി നോക്കീട്ട്) ഭേഷ് നന്നായിരിക്കുന്നു. ആ പേരിനു ശരിയായ അർത്ഥകല്പനം ഉദ്ദേശിച്ചിരിക്കുന്നു. ശരി! ഏതായാലും ഞങ്ങൾക്കു മതിയാകും. നീ എന്താണ് ഇവിടെ വന്നത്.

പാന്ഥൻ---ഈട്ടിനാമായിൽ കണ്ട ആജ്ഞയനുസരിച്ച്.

അദ്ധ്യ--സംഘത്തിനുള്ള ആ അധികാരം ന്യായമായിട്ടുള്ളതെന്നു നീ സമ്മതിക്കുന്നുവോ?

(പാന്ഥൻ--മൌനം അവലംബിച്ചു)

അദ്ധ്യ--നീ സമ്മതം നല്കത്തക്കവണ്ണം പ്രവർത്തിക്കുവാൻ എനിക്കറിയാം. ഇതാ ഈ ലേഖനംവായിച്ചുനോക്കുക! ഇതിലെ വ്യവസ്ഥകളനുസരിച്ച് ഒപ്പിടുന്നതിലേക്കു നിന്നെനിർബന്ധിക്കുന്നു.

പാന്ഥൻ ആ ലേഖനം (ഉടമ്പടിപ്പത്രം) വായിച്ചുനോക്കി: അതിലെ സംഗതികൾ മനസ്സിൽപതിയുംതോറും അയാളുടെ നേത്രങ്ങൾ കോപകലുഷങ്ങളായി ചുവന്നുവശായി: അനന്തരം അദ്ധ്യക്ഷനെ നോക്കി "ഞാൻ ഒരുകാലത്തും ഇതിലെ വ്യവസ്ഥകളെ അംഗീകരിക്കുകയോ ഇതിൽ ഒപ്പിടുകയോ ചെയ്കയില്ല" എന്നുപറഞ്ഞുദുസ്സഹമായ ക്രോധാവേശത്തോടുംവെറുപ്പോടുംകൂടി അതിനെ തറയിൽ വീശിയെറിഞ്ഞുകളഞ്ഞു.

അദ്ധ്യ--ഇതിലെ വ്യവസ്ഥകളെ സമ്മതിച്ചുനടക്കുന്നതിനായി മനസ്സിൽ ഉറയ്ക്കുകയും ഇതിൽ ഒപ്പിട്ട് ആ സമ്മതത്തെ രേഖപ്പെടുത്തുകയും ചെയ്താൽ ക്ഷേമമായി മടങ്ങിപ്പോകാം.

പാന്ഥ--അങ്ങനെ ചെയ്തില്ലെങ്കിൽ?

അദ്ധ്യ--മരണം ഭവിക്കും.

പാന്ഥ--ആരെന്നുവിചാരിച്ച് ഇമ്മാതിരി ഭയപ്പെടുത്തുന്നു.

അദ്ധ്യ--ആളെനിക്കറിയാം. അതാണ് ഈ സംഘത്തിൽ ഒ-

രംഗമായിരിക്കണമെന്നു ഞങ്ങൾ നിർബന്ധിക്കുന്നതു്.

പാ:--അതു സാദ്ധ്യമല്ലതന്നെ.

അദ്ധ്യ--അങ്ങനെ പറഞ്ഞാൽ സംഘനിശ്ചയം അനുസരിച്ചു പ്രവർത്തിക്കേണ്ടിവരും. അതിനാൽ ഒന്നുകൂടി ആലോചിച്ചുമറുപടി പറയുക.

പാനഥൻ:--എനിക്കു് ആലോചിക്കുവാനൊന്നുമേയില്ല. നിങ്ങൾ പറയുന്നവിധമുള്ള അക്രമങ്ങളെപ്പററി നിങ്ങൾതന്നെ ഗാഢമായി ആലോചിക്കേണ്ടതാകുന്നു. എളുപ്പത്തിൽ രക്ഷപെടുകയില്ല, നിശ്ചയംതന്നെ.

അദ്ധ്യ· അങ്ങനെയാണെങ്കിൽ നിന്നെ തൂക്കിക്കൊല്ലുന്നതിനായി ഞാൻ ആജ്ഞാപിക്കുന്നു. ആരവിടെ!

അദ്ധ്യക്ഷന്റെ ഹുങ്കാരരൂപത്തിലുള്ള ചോദ്യം കേട്ടു് ആറു പേർ മുമ്പോട്ടു നീങ്ങിനിന്നു. അദ്ധ്യക്ഷൻ മേശപ്പുറത്തിരിക്കുന്ന കയറിനെ ചൂണ്ടിക്കാണിച്ചു. ഉടൻ ഒരുവൻ ആ കയറെടുക്കുകയും മററവർ കടന്നു പാനഥനെ പിടിക്കുകയും ചെയ്തു. അദ്ധ്യക്ഷൻ അവരോടായി “നിങ്ങൾ ആറുപേരും ഇപ്പോൾതന്നെ ഇവനെ കൊണ്ടുപോയി കോട്ടയുടെ വെളിയിലുള്ള ഒരു കാട്ടിൽ, ഒരുമരത്തിന്റെ മുകളിൽ കെട്ടിത്തൂക്കിക്കൊന്നിട്ടു മടങ്ങിപ്പോരണം. എന്നാൽ ഈ ക്രിയ വല്ലകള്ളന്മാരും ചെയ്തതായി വിചാരിക്കാനിടയുണ്ടു്. അതിനാൽ നാടാ കെട്ടിയ ഒരു ഈട്ടി ഇവന്റെ പ്രേതത്തിൽ കുത്തിനിറുത്തി മരത്തിൽതന്നെ തൂങ്ങിക്കിടക്കത്തക്കവണ്ണം കൂടി ചെയ്തിരിക്കണം. ശീഘ്രം! നടക്കുക” എന്നിങ്ങനെ കല്പനകൊടുത്തു.

പാനഥന്നു് ഈ സമയം തീരെ ക്ഷീണം തോന്നിയില്ല. അവൻ കൊലയാളികളോടുകൂടി പോകാൻ ഭാവിച്ചസമയം ആ സംഘത്തെനോക്കി “നിങ്ങളുടെ ഈ പ്രവൃത്തിയുടെ ക്രൂരവു നിർദ്ദയവും അക്രമവും ഭയങ്കരവും അനീതികരവും ദുഷ്ടവും നീചവുമായ നില ആ ജഗന്നിയന്താവിന്റെ മനസ്സുകതിയെ കോപിപ്പിക്കുന്നതും നിങ്ങൾ ഓരോന്നിനും എണ്ണി എണ്ണി ആ പരാശക്തിയുടെ മുമ്പിൽ ഉത്തരം പറയേണ്ടതും ആയ അവസരം വന്നുചേരുമെന്നുള്ളതിനെ നിങ്ങൾ മറന്നുകളയരുതു്. ദൈവകോപത്താൽ ഈ ഘാതകസംഘം മൂലച്ഛേദം ഭവിക്കുകയും സംഘാംഗങ്ങളായ നിങ്ങൾക്കു തക്ക ശിക്ഷകൾ ലഭിക്കുകയും ചെയ്യുമെന്നു ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. എന്റെ ജീവനാശത്തെ ഞാൻ ഒട്ടും ഭയപ്പെടുന്നില്ല. ഇമ്മാതിരി നിങ്ങൾ ചെയ്ത അനേകായിരം ജീവനാശത്തിൽ ഞാൻ സഹതപിക്കയും ഈ സംഘം അചിരേണ നാശോന്മുഖമായി ഭവിക്കുവാൻ ഞാൻ ഹാർദ്ദമായി ദൈവത്തോടു പ്രാർത്ഥിക്കുകയും ചെയ്യുന്നു” എന്നു പറഞ്ഞിട്ടു് ധീരചിത്തനായി തിരിഞ്ഞു നടന്നു.

രോഷാകലുഷനായ പാനഥന്റെ വാക്കുകളിലടങ്ങിയസംഗതികളും, ആസംഘാദ്ധ്യക്ഷന്റെയും തദംഗങ്ങളുടേയും മനഃശക്തിയെയസാരതയും ബലവും ആയി ഒന്നു ഉച്ചലിപ്പിക്കാതെയിരുന്നില്ല. എന്നാൽ സംഘനിർദ്ദേശപ്രകാരം അതിലെതത്വങ്ങളെപ്പറ്റി ഒന്നുംതന്നെതമ്മിൽതമ്മിൽപോലും പറയുവാൻ അവക്കു് അധികാരവും അവകാശവുമില്ലാതെയിരുന്നാൽ അതു് ആമനോമണ്ഡലത്തിൽ തന്നെ ലയിക്കുകയായിരുന്നു.

കാലദൂതന്മാരെപ്പോലുള്ള ആ കിങ്കരന്മാർ വലിച്ചുപിടിച്ചു നമ്മുടെ നിരായുധനായ പാനഥനെയുംകൊണ്ടുകോട്ടകടന്നു, മറുകരയിലുള്ള കാട്ടിലേക്കുപോയി. മരണമടയുന്നതിനായികൊണ്ടുപോകുന്നവന്റെ കണ്ണുകെട്ടിയതുകൊണ്ടു പ്രയോജനമില്ലെന്നുകരുതി തുറന്നകണ്ണുകളോടുകൂടിത്തന്നെ അയാളെയും കൊണ്ടുപോകുകയായിരുന്നു. ആ സമയം പാനഥൻ കോട്ടയേയും കിടങ്ങിനെയുംമററുംപററി പൂർണ്ണമായ അറിവു സമ്പാദിച്ചു. ഇതുക്രൂരവിജയൻപ്രഭുവായ ജമിന്ദാരുടെ കോട്ടയായിരിക്കുമെന്നു് ഊഹിച്ചു.

അവർ അതിലെ അരമണിക്കൂർസമയം നടന്നു. കാട്ടിൽ അല്പം വെളിവായ ഒരുസ്ഥലത്തു പാനഥനെ നിറുത്തി അയാളുടെ കൈകൾ രണ്ടുംപിടിച്ചു പുറകിലാക്കിച്ചുകെട്ടി. കയററിൻകുടുക്കു് കഴുത്തിലിട്ടു മറുതല പൊക്കമുള്ള ഒരുമരത്തിന്റെ ശാഖയിന്മീതേക്കൂടി മറുവശത്തുകൊണ്ടുവന്നു അതിനെ നാലുപേർക്കൂടി വലിക്കുവാൻതക്കവണ്ണം തോടുകൂടി കയ്യിൽവച്ചുകൊണ്ടുനിന്നു. "ഒടുവിൽ ആത്മനിർവൃതിക്കായി ഈശപ്രാർത്ഥനം ചെയ്യുന്നതുണ്ടെങ്കിൽ ചെയ്തുകൊള്ളുക എന്നു അവർ പറഞ്ഞതനുസരിച്ചു പാനഥൻ ഈശപ്രാർത്ഥനംചെയ്തു. പിന്നീടു ആ കൂട്ടത്തിൽ തലവന്റെ ആജ്ഞയെപ്പോലെ അവർ തിരിഞ്ഞുനോക്കി.

---

# അദ്ധ്യായം ൩.

പാനഥനെ തൂക്കിക്കൊല്ലുന്നതിനുള്ള ഒരുക്കങ്ങളെല്ലാം പൂർത്തിയായിരിക്കുന്നു. കയറുപിടിച്ചു വലിച്ചാൽ അയാൾ മരത്തിന്റെ മുകളിൽ ചെന്നു തൂങ്ങിക്കിടന്നു പിടച്ചുമരിക്കുമെന്നുള്ളതു തീർച്ചതന്നെ. കയറുപിടിച്ചു വലിക്കേണ്ടതാമസം ഒന്നുമാത്രമേയുള്ളു. നാലുപേരും വരുതിക്കായി കാത്തു കൈകൾ എത്താവുന്നിടത്തോളം ഉയരത്തിൽ പിടിച്ചുകൊണ്ടു നില്ക്കുന്നു. ഇനി ഒരു വിനാഴികയ്ക്കുള്ളിൽ പാനഥൻ പിണമായിത്തീരുവാൻ തുടങ്ങുന്നു.

ആ സമയം, അതായതു് കഴുപിടിച്ചുവലിക്കുവാൻ ആഞ്ഞസമയം, കറുത്ത വസ്ത്രങ്ങൾകൊണ്ടുദേഹം മുഴുവൻ മറച്ചുപൊക്കമുള്ള ഒരു മനുഷ്യൻ പെട്ടെന്നു അവരുടെ മുമ്പിൽ ആവിർഭവിച്ചു. ഉടൻഉച്ചൂടമായ പ്രാഭവശക്തിയോടുകൂടി "ആരവിടെ! വിടവനെ" എന്നുപറകയും അതോടുകൂടി ആസത്വത്തിൻെറ കയ്യിൽ വിളങ്ങിക്കൊണ്ടിരുന്ന വാളോങ്ങി പാന്ഥൻെറ കഴുത്തിൽ കെട്ടിയിരുന്ന കയററുത്തുകളകയുംചെയ്തു. ആ സമയം അവരിൽ തലവനായി വന്നവൻ ആ പുതിയമനുഷ്യനെ, കൂട്ടുകാൎക്കു കാണിച്ചുകൊടുത്തിട്ടു, "എടെ! ഇവനെപിടിച്ചുകൊള്ളുക. നമ്മുടെ സംഘത്തിൻെറ അധികാരത്തെയും കല്പനയെയുംഅലക്ഷ്യം ചെയ്യുവനെ നല്ലപാഠംപഠിപ്പിക്കണം" എന്നു പറഞ്ഞു.

രണ്ടുപേർ പാന്ഥനെ പിടിച്ചുകൊണ്ടു മററുനാലുപേരും ആ പുതിയ ആളെആക്രമിക്കുവാൻ ഒരുങ്ങി. എന്നാൽ അയാൾ അലക്ഷ്യമായി, "ഛീ! ഛീ! മൂഢന്മാരേ! ഓടാതെ ദൂരത്തുപോകുവിൻ നിങ്ങൾ കൈവയ്ക്കുന്നതു ആരുടെ നേരേ എന്നു നിങ്ങൾക്കറിവില്ല" എന്നു പറഞ്ഞവസാനിക്കുന്നതിനുമുമ്പായി അവർ അയാളെ കടന്നുപിടിച്ചു, അയാൾ അവരുടെ മുഖത്തു സൂക്ഷിച്ചു നോക്കി. അപ്പോൾ അതു് അമ്പഴങ്ങപോലെ തുറിച്ച കണ്ണും വലിയവീരപ്പല്ലും തുറിച്ചമൂക്കും നീണ്ട നാക്കും തീക്കനൽ ചിതറുമാറുള്ള നോട്ടവും ഉള്ള ഒരുഭയങ്കരസത്വമാണെന്നു അവൎക്കു തോന്നി. അവർ ഭയന്നു കിടുകിടെ വിറച്ചു. കയ്യിൽ വച്ചിരുന്ന പന്തവും ആയുധങ്ങളും കൈകളിൽനിന്നു നഴുവി താഴത്തു വീണുപോയി. അവർ നിന്നനിലയിൽ സ്തബ്ധരായിനിന്നു.

പുതിയ ആൾ പാന്ഥൻെറ സമീപത്തുചെന്നു അയാളെ പിടിച്ചുകൊണ്ടുനിന്ന രണ്ടുപേൎക്കും ഓരോ തള്ളുകൊടുത്തു. അവർ കൂട്ടുകാരുടെ നിലകണ്ടു ഭയന്നുമാറി. കൈകളുടെ കെട്ടുകളറുത്തു് പാന്ഥനെ ശത്രുക്കളിൽനിന്നും വിമോചിപ്പിച്ചു് "എൻെറകൂടെ പോന്നുകൊള്ളുക" എന്നുപറഞ്ഞു മുമ്പോട്ടു നടന്നു. പാന്ഥൻ പുതിയ മനുഷ്യനെ ആശ്രയിച്ചു പുറകെനടന്നു. ഘാതകന്മാർ സ്തബ്ധരായി ആ നിലയിൽ നോക്കിക്കൊണ്ടു നിന്നതല്ലാതെ അവിടെനിന്നു് അനങ്ങിയതേയില്ല.

ഈ സംഭവം പാന്ഥനു് അതിയായ വിസ്മയമുണ്ടാക്കി. ഘാതകന്മാർ ഭയന്നനിലയിൽതന്നെ നില്ക്കുന്നു. പിന്നാലെ ഓടിവന്നു പിടിക്കാമെന്നു വിചാരിക്കുന്നില്ല. താഴത്തുവീണ പന്തം അവിടെ കിടന്നു കത്തുന്നു. ആയുധങ്ങളെല്ലാം ആ നിലയിൽ കിടക്കുന്നു. ഈയവസ്ഥതികളെല്ലാം സ്വപ്നമായിരിക്കുമോ എന്നു് അവൻ ശങ്കിച്ചു. "അല്ലയോ! കൃപാലുവായ മഹാനേ! നമുക്കു കുറച്ചുകൂടി ദൂരമകന്നുകൊള്ളാം. അവർ ഓടിവന്നു വളഞ്ഞാലും ഈ വിവരം അവർ കൂട്ടുകാരെ അറിയിച്ചാലും അനൎത്ഥമായിത്തീരും. എന്നെ സഹായിച്ചതിനു് അവരുടെ

കയ്യിൽപെടാൻ സംഗതിയാകുന്നതു് അവിടേക്കുകൂടി ദുഃഖപ്രദമാകുമല്ലോ എന്നു ഞാൻ വിചാരിക്കുന്നു" എന്നു പാന്ഥൻ പറഞ്ഞു

അതുകേട്ടു പുതിയ മനുഷ്യൻ തിരിഞ്ഞു നോക്കി. നിങ്ങൾ ഒന്നുകൊണ്ടും ഭയപ്പെടേണ്ട. ഞാൻ സമീപത്തുള്ളപ്പോൾ നിങ്ങൾക്കാപത്തില്ല- ഒരുവലിയ സൈന്യം തന്നെ നിങ്ങളെ പിടിക്കുവാൻ വന്നാലും ഞാനുള്ളപ്പോൾ നിങ്ങളെകൊണ്ടുപോകുക സാദ്ധ്യമല്ല എന്നു തീരെ നിസ്സാരമായ സ്വരത്തിൽ മറുവടി പറഞ്ഞു. പാന്ഥന് ആ സഹായം ദൈവികമെന്നല്ലാ, ശത്രുസംഘത്തിലെ ഒരംഗം ഏതാനുമറെറാരു കാര്യസാദ്ധ്യത്തിനായി തന്ത്രത്തിൽതന്നെക്കൂട്ടിച്ചുകൊണ്ടുപോകയാണെന്നും, ഘാതകന്മാർ എതിരിടാനാപുറകെ ഓടിഎത്താനും ധുനിയാതിരുന്നതു് അതുകൊണ്ടായിരിക്കുന്നമെന്നും ആണു തല്ക്കാലം തോന്നിയതു്.

പുതിയമനുഷ്യന്റെ പുറകെ കാട്ടിൽകൂടി പോയിക്കൊണ്ടിരുന്ന അവസരത്തിൽപാന്ഥന്റെ മനസ്സ് ഭയപാരവശ്യങ്ങൾ നിശ്ശേഷം, വിട്ടുമാറിയതായിരുന്നില്ല. അല്പസമയംകൊണ്ട് അവർ കാടുവിട്ടു നാട്ടിലെത്തി പഴയ ഹോട്ടലിന്റെ സമീപത്തുചെന്നു. ആ സ്ഥലം പാന്ഥനു ഭയജനകമായതായിരുന്നു. അവിടെ എത്തിയ ഉടൻ പുതിയ ആൾ "നിങ്ങൾ ഇവിടെ നിന്നാൽ മതി. ഞാൻപോയി നിങ്ങളുടെ കുതിരയെ കൊണ്ടുവരാം" എന്നു പറഞ്ഞു ലായത്തിലേക്കുപോയി

പാന്ഥന് ആ സ്ഥലത്തു തനിച്ചുനില്ക്കുവാൻ ഭയമുണ്ടായിരുന്നു. ശത്രുക്കൾ പുറകെവന്ന് ഇനിയും പിടിച്ചുവെങ്കിലോ എന്നു തുടങ്ങി. ചറപറ എന്ന് ഉദയപുരത്തെനോക്കി നടന്നാലോ എന്നു വിചാരിച്ചു. എന്നാൽ അയാൾ കൊണ്ടുവന്ന ശുപാർശിക്കത്തു് കുതിരയുടെ പുറത്തിട്ടിരിക്കുന്ന കുതിരക്കോപ്പിൽ അകപ്പെട്ടുപോയിരുന്നതിനാൽ അതിനു ധൈര്യമുണ്ടായില്ല. അതില്ലാതെ അങ്ങു ചെന്നാൽ ആ പ്രഭു ഏല്ക്കുമോ ഇല്ലയോ എന്നു സന്ദേഹം ജനിച്ചു.

പാന്ഥന്റെ മനസ്സിൽകൂടി ൧൦൦ വക ചാപല്യചിന്തകൾ കടന്നുപൊയ്ക്കൊണ്ടിരുന്നു. പിന്നിട്ടു കുതിരയുടെ കാലടിശബ്ദം കേട്ടു. ലായത്തിൽ പോയ ആൾ രണ്ടുനിമിഷങ്ങൾകൊണ്ടു മടങ്ങിയെത്തിയിരിക്കുന്നു. അയാൾ കറുത്ത ഒരു വലിയ കുതിരയിൽ കയറിപാന്ഥന്റെ കുതിരയെ പിടിച്ചുകൊണ്ടു വന്നടുത്തു. ആസമയം കുതിരയുടെ വല്ലായ്മമാറി പൂർണ്ണസൌഖ്യത്തെ പ്രാപിച്ചിരിക്കുന്നു. അയാൾ പാന്ഥനെ നോക്കി "ഹീ നിന്റെ കുതിരപ്പുറത്തു കയറിക്കൊൾക" എന്നു പറഞ്ഞു. പാന്ഥൻ തന്റെ കുതിരപ്പുറത്തു കയറി സാമാനങ്ങൾനോക്കിയതിൽ എല്ലാം ശരിയായി അതിലുണ്ടായിരുന്നു, അതു് അവന്റെ വിസ്മയത്തെ ദ്വിഗുണീകരിച്ചു.

പാന്ഥൻ:-- എന്റെ പ്രാണാപായ സന്ദർഭത്തിൽ ജീവദാനം ചെയ്തു സഹായിച്ച അവിടുത്തെ പേരെന്തു്?

പുതിയ ആൾ:—നാം വീണ്ടും സന്ധിക്കും. അപ്പോൾ പറയാം.

പാന്ഥ:— വീണ്ടും കാണുമോ? എപ്പോൾ എവിടെ?

പുതി:--ഉദയപുരത്തിൽ രജതസൌധത്തിൽ വച്ചു കാണാം. ഇനി വഴി പിഴയ്ക്കുകയില്ല. നേരെ പോയാൽ അവിടെത്തന്നെ ചെന്നുചേരും. ഇനിമേൽ യാതൊരാപത്തിനും ഭയപ്പെടേണ്ട. നല്ല സഹായിയെ ലഭിച്ചിട്ടുണ്ടു്. നിങ്ങൾക്കു്, ആ സംഗതി അറിയാൻ പാടില്ലതിരുന്നാലും നല്ല പിൻബലം തക്ക അവസരത്തിൽ ഉണ്ടാകും. ഇന്നു മുതൽ ഏഴാംദിവസം രജതസൌധത്തിൽ വച്ചു ഒരു ഗംഭീരമായ അടിയന്തിരം നടക്കും. ഞാൻ അപ്പോൾ അവിടെയുണ്ടായിരിക്കും.

എന്നു പറഞ്ഞു് ഒരു നിമിഷനേരം കൊണ്ടു പുതിയ ആൾ തന്റെ കുതിരയെ അതിവേഗമായി പായിച്ചു പാന്ഥന്റെ ദൃഷ്ടിപഥത്തിൽനിന്നു മറഞ്ഞു. ഉദയപുരം ഒരു ചെറിയ നഗരമാകുന്നു. മിക്ക പ്രസിദ്ധന്മാരായ ജമീൻദാരന്മാരും അവിടെ വന്നു രാജശേഖരൻപിള്ളവിന്റെ സല്ക്കാരം സ്വീകരിച്ചു പോയിട്ടുണ്ടു്. രജതസൌധം കോട്ടയിൽനിന്നു ഒരു നാഴിക ദൂരമുള്ള ഒരു വലിയ കുന്നിന്റെ മുകളിൽ കെട്ടപ്പെട്ടിരിക്കുന്നു. ഇതു് ഒരുതരം വെളുത്ത കളൂർമക്കല്ലുകളാൽ രചിക്കപ്പെട്ടതും സൂര്യകിരണങ്ങൾ തട്ടുമ്പോൾ വെള്ളിയെന്നു തോന്നത്തക്ക പ്രഭയോടുകൂടിയതുമായ ഒരു സൌധവിശേഷമാകുന്നു. ഇതിന്റെ വാസ്തുകമായ ശോഭയും വിചിത്രകൃതിയിൽ ചെയ്യപ്പെട്ടിട്ടുള്ള പണിത്തരങ്ങളും പല രാജാക്കന്മാരെയും ആകർഷിച്ചിട്ടുണ്ടു്. ഔന്നത്യമധികമുള്ള കുന്നിന്റെ മുകളിലാകയാൽ ഉഷ്ണകാലങ്ങളിൽ കാറ്റുകൊണ്ടു സുഖിക്കാനായി രാജശേഖരൻ സകുടുംബം അവിടെപ്പോയി പാർക്കുക സഹജമാകുന്നു. രാജധാനി കൂടെക്കൂടെ അവിടെ മാറ്റപ്പെട്ടു വന്നിരുന്നതിൽ നിന്നും അതിനു ചുറ്റും ഒരു നഗരത്തിന്റെ ഛായയുണ്ടായിട്ടുണ്ടു്. ചുറ്റും കോട്ടകെട്ടി ഉറപ്പിച്ചിരിക്കുന്നു. ഇതിന്റെ ഉൾവിസ്താരം നാലുനാഴികയിൽ കുറവില്ല. സമീപഭൂമികൾ കൃഷിക്കാരുടെ പാർപ്പിടങ്ങളായി വരുന്നതോടും നല്ല വിളവുള്ള ഭൂമിയായി തീർന്നിട്ടുണ്ടു്. അക്കാലത്തെ ജമീനുകളിൽ വച്ചു് അതു് ദ്രവ്യപുഷ്ടികൊണ്ടു വളരെ ഉച്ചയുള്ളതായിരുന്നു.

സമസ്തഭാഗ്യയോഗങ്ങളിലും കുറവില്ലാതിരുന്ന രാജശേഖരൻപിള്ളയ്ക്കു് ഒരു വിഷയത്തിൽ മാത്രം മനസ്താപത്തിനു കാരണമുണ്ടായിരുന്നു. അയാൾക്കും സമീപസ്ഥനായ മായാപുരം ജമീൻദാർ ക്രൂരവിജയനും തമ്മിൽ കുറേക്കാലമായി നടന്നുകൊണ്ടിരിക്കുന്ന വിരോധസംഗതി ഒന്നു മാത്രമാണു് സീമാധികമായ മനഃസുഖത്തെ ഭഞ്ജിച്ചിരുന്നതു്. രണ്ടു കൂട്ടരും രണ്ടുവിധ ബലങ്ങൾകൊണ്ടു പ്രശസ്തന്മാരായിരുന്നു.

ക്രൂരവിജയൻ രാജശേഖരന്റെ ഏകസന്താനമായ താരാഭായിയുടെ സൌന്ദൎയ്യാതിശയം അറിഞ്ഞു് അവളെ തനിക്കു വിവാഹംചെയ്തുകൊടുക്കണമെന്നാവശ്യപ്പെട്ടു. അതിനെ അനുസരിക്കാതിരിക്കുവാൻ ഒന്നിലധികം കാരണങ്ങളുണ്ടായിരുന്നു. ഒന്നാമത്തു് താരാഭായിയുടെ ജനനസമയത്തിൽതന്നെ അവളെ ചക്രവൎത്തിയുടെ പുത്രനായ പ്രതാപവീരനു കൊടുത്തുകൊള്ളാമെന്നു ചക്രവൎത്തിയും രാജശേഖരനുംതമ്മിൽ ഒരു വാഗ്ദാനമുണ്ടാകയും അതിനെ പ്രതാപവീരൻ പ്രതീക്ഷിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. ഈ വാഗ്ദാനമുണ്ടായില്ലെങ്കിലും അവളെ ക്രൂരവിജയനു കൊടുക്കുക സാധ്യമല്ല. ഭയങ്കരമായ അനേക ക്രൂരകൃത്യങ്ങൾ ചെയ്യുന്ന ദ്രോഹിസംഘത്തിലെ ഒരു ഉന്നതസാമാജികനും പ്രധാനസഹായിയും ക്രൂരവിജയനാണു്. തന്നിമിത്തം അയാൾ ക്രൂരകൎമ്മങ്ങളിൽ ജയംനേടി നാമധേയത്തെ അന്വൎത്ഥമാക്കിച്ചെയ്തിട്ടുണ്ടു്. ഇത്ര ദുഷ്ടനായ ഒരാൾക്കു തന്റെ ഏകസന്താനമായ പുത്രിയെ കൊടുക്കുന്നതു് ഒന്നുകൊണ്ടും ശുഭകരമായിരിക്കയില്ലല്ലോ. താരാഭായിയെ പ്രസവിച്ച ഉടൻ മാതാവു മരിച്ചുപോയി. അതുമുതൽ തന്റെ അടുക്കൽനിന്നും പിരിയാതെ വാത്സല്യത്തോടു വളൎത്തിയ അവളെ ആ ദുഷ്ടനു കൊടുക്കുവാൻ ഏതുനിസ്സാരനും സമ്മതിക്കുകയില്ല.

ഇക്കാരണത്താൽ രാജശേഖരനും ക്രൂരവിജയനും തമ്മിൽ ഒരു ഭയങ്കരശത്രുതയിൽ ആണ്ടുപോയിരിക്കുന്നു. ഇതുനിമിത്തം രണ്ടു രാജ്യങ്ങളിലെ കുടികൾക്കും കൂടെക്കൂടെ മത്സരവും കലഹവും ലഹളയും അധികമായ കഷ്ടനഷ്ടങ്ങളും സംഭവിച്ചുകൊണ്ടിരിക്കയാണു്.

താരാഭായി, തന്റെ മനോഹരമായ അറയിൽ പട്ടുവസ്ത്രങ്ങളിൽ ചിത്രവേലകൾ തുന്നിപ്പിടിപ്പിച്ചുകൊണ്ടിരുന്നു. കോകിലം എന്നും പത്മാവതി എന്നും അവൾക്കു രണ്ടു തോഴികളുണ്ടു്. അവർ താരാഭായി ഇരിക്കുന്നതിനടുത്തുള്ള അറയിൽ ഇരുന്നു പിന്നൽവേല ചെയ്തുകൊണ്ടിരുന്നു.

രൂപസൌഭാഗ്യംകൊണ്ടു് അക്കാലത്തെ സ്ത്രീലോകത്തിൽ താരാഭായി നടുനായകമായിരുന്നു. അവളുടെ ഓരോ അവയവങ്ങളും വേണ്ടതക്ക മുഴുപ്പും പുഷ്ടിയുംകൊണ്ടു് ആ കോമളശരീരത്തിന്റെ പരമശോഭയെ വൎദ്ധിപ്പിച്ചിരുന്നു. താരാഭായിയുടെ സൌന്ദൎയ്യലഹരിയിൽ അവൾക്കുതന്നെ ചിലപ്പോൾ അഹങ്കാരം തോന്നീട്ടില്ലയോ എന്നു സംശയമുണ്ടു്.

കോകിലവും പത്മാവതിയും താരാഭായിയുടെ തോഴികളാണെങ്കിലും സൌന്ദൎയ്യസമ്പത്തിയിൽ അവർ ഒട്ടും കുറഞ്ഞവരല്ല. അവരെപ്പോലെ രൂപഗുണമുള്ളവർ രാജമന്ദിരങ്ങളിലും ഉണ്ടായിരുന്നില്ല. അക്കാലത്തെ സുന്ദരിത്രയം എന്നു് അവർ മൂന്നുപേരെയും അടക്കി ജനങ്ങൾ ശ്ലാഘിച്ചിരുന്നു. കോകിലത്തിനു പത്തൊൻപതും പത്മാവ

തിക്കു പതിനേഴും വയസ്സു പ്രായമുണ്ടായിരുന്നു. അവർ രണ്ടുപേരും വസ്ത്രാഭരണധാരണംകൊണ്ടു മാന്യനിലയെപ്രകാശിപ്പിച്ചിരുന്നു. കോകിലത്തേക്കാൾ പത്മാവതിക്കു് അല്പം ശോഭയേറും. ഉന്നതസ്ഥിതിയിൽ ജനിച്ച സ്ത്രീകളെപ്പോലെ ഗൌരവാവഹമായ സ്ഥിതിയിലാണു പത്മാവതി കഴിഞ്ഞുകൂടുന്നതു്. താരാഭായിയും പത്മാവതിയും സമസ്ഥിതിയിൽ വർത്തിച്ചിരുന്നു. കഴിഞ്ഞ അദ്ധ്യായത്തിൽ വിവരിച്ച സംഭവങ്ങളുണ്ടായതിൻെറ അടുത്തദിവസം ഇവർ മൂന്നുപേരും മുമ്പു പറഞ്ഞ സ്ഥിതിയിൽ ഇരുന്നിരുന്നു. അപ്പോൾ സമയംഏകദേശം മദ്ധ്യാഹ്നമായിരിക്കും.

താരാഭായി—(മററെ രണ്ടുപേരോടും) എൻെറ അച്ഛൻെറ അടുക്കൽ വന്നിരിക്കുന്ന അതിഥിയെപ്പററി നിങ്ങൾ എന്തു വിചാരിക്കുന്നു.

കോകിലം—ഇന്നു രാവിലെ പ്രഭുവിനു ഭക്ഷണസാധനങ്ങൾ വിളമ്പിക്കൊണ്ടിരുന്ന അവസരത്തിൽ ഞാൻസദഃസ്സ്ര യത്തിൽ അദ്ദേഹത്തെ നോക്കിക്കണ്ടു. ശ്രമക്കൂടുതൽകൊണ്ടു മുഖത്തിന് അല്പംവാട്ടം തട്ടിയിരിക്കുന്നതുപോലെ തോന്നുന്നു. അങ്ങനെയായിരുന്നാലും നല്ല സുന്ദരനാണെന്നു തോന്നുന്നുണ്ടു്.

താരാഭാ:—മായാപുരത്തിലുള്ള ഹോട്ടലിൽവച്ചു് അദ്ദേഹത്തിനു് ഏതോ മനഃശ്ചാഞ്ചല്യകരമായ സംഭവം നടന്നുവത്രെ. അതു് ഇന്നത്തെന്നു വ്യക്തമായില്ല.

കോകി:—രാവിലെ കോട്ടയ്ക്കുള്ളിൽ കടന്നസമയം അദ്ദേഹത്തിൻെറ മുഖം ഒരു പ്രേതത്തിൻെറ മുഖംപോലെ വിളറി രക്തിമ നിശ്ശേഷം മാഞ്ഞും ഒരു ഇരുളടഞ്ഞമാതിരി നിസ്തേജമായും ഇരുന്നിരുന്നു എന്നു് നമ്മുടെ പുഷ്പവനത്തിലെ കാവൽക്കാരൻ കിഴവൻപറഞ്ഞു.

പത്മാവതി—അദ്ദേഹം ആ ഭയങ്കരമായ കാട്ടിൽകൂടി തനിയേ വന്നസമയം കഠിനമായി ഭയപ്പെട്ടിരിക്കാം.

കോകി:—അദ്ദേഹം ഏതുസ്ഥിതിയിലുള്ള ആളെന്നു മനസ്സിലായില്ലല്ലോ.

താരാ.—അദ്ദേഹത്തിൻെറ കുടുംബസ്ഥിതിയെക്കുറിച്ചു് അച്ഛനു് ഒന്നുംതന്നെ അറിവില്ലന്നാണു് എനിക്കുതോന്നുന്നതു്. അദ്ദേഹം കൊണ്ടുവന്ന സന്ദേശത്തിൽ വിവരിച്ചിട്ടുള്ളതിൽനിന്നു് അറിയാവുന്നതു മാത്രമേ അച്ഛനറിവുള്ളൂ. ആ സന്ദേശം ചക്രവർത്തിയുടെ പ്രധാനമന്ത്രി എഴുതിയതാണെന്നു ഞാൻമനസ്സിലാക്കി. നമ്മുടെ അതിഥിയായ ആമാന്യൻ ഒരുഉന്നത സ്ഥിതിയിലുള്ള ആളെന്നും അദ്ദേഹം ദേശസഞ്ചാരം ചെയ്യുകയാണെന്നും, ഈമഹാരാജ്യത്തിലുള്ള എല്ലാരാജാക്കന്മാരും, ജമീൻദാരന്മാരായ പ്രഭുക്കന്മാരും, അദ്ദേഹത്തിനെ മാന്യ

നിലയിൽ വേണ്ടതു ചെയ്തുകൊടുക്കുന്നതാണെന്നും, ആ എഴുത്തിൽ വിവരിച്ചിരുന്നു.

കോകി:—അത്ര ഉയൎന്നതുപാൎത്തു കൊണ്ടുവന്നയാൾ നാമ്മുടെ പ്രഭുത്വക്കാരത്തിലുള്ള മൎയ്യാദ ചെയ്തിരിക്കുന്നു.

താരാ:—ആഹാ! അതിൽ സംശയിക്കാനുണ്ടോ, (എന്നു പുഞ്ചിരിയോടുകൂടി) നീ എന്താണു് ആ മാന്യനെക്കുറിച്ചു് ഇത്രയധികം ചികഞ്ഞു ചോദിക്കുന്നതു്? അല്ലാ! ഉറങ്ങിയോ?

കോകി:—ഇല്ല ഇല്ല. എനിക്കു പുരുഷന്മാരെ ഭയമാകുന്നു. ചതിക്കാൻ അവൎക്കു വലിയ സാമൎത്ഥ്യമുണ്ടു്. അതിൽ അവർ കുശലന്മാരാണു്.

താരാ:—നീ പറഞ്ഞതു പരമാൎത്ഥം തന്നെ. ഞാൻ ആ വീരസിംഹനെ എത്ര പരിശുദ്ധമായ പ്രണയത്തോടു കൂടി സ്നേഹിക്കുന്നു. ഒടുവിൽ......

കോകി—ആ മനുഷ്യൻ ഒടുവിൽ ദ്രോഹചിന്തയിൽ കൊണ്ടുവിട്ടിരിക്കുന്നു. ഇല്ലേ?

താരാ—നാം അവസരപ്പെട്ടു് അങ്ങിനെ വിചാരിച്ചുകൂടാത്തതാകുന്നു. ആറുമാസക്കാലമായി അദ്ദേഹത്തെപ്പറ്റി ഒന്നും തന്നെ അറിയാതിരുന്നു. ആ മനുഷ്യർ ഓടിപ്പോയി എന്നും; മറ്റൊരു നാട്ടിൽ ചെന്നു താഴ്ന്ന ജാതിജനായ ഒരുത്തിയെ വിവാഹം ചെയ്തിരിക്കുന്നു എന്നും അച്ഛൻ ഇയ്യിടെ എന്നോടു പറഞ്ഞു. ആ സമയം നിങ്ങൾ രണ്ടുപേരും അതു ശരിയായിരിക്കുമെന്നു് അച്ഛന്റെ അഭിപ്രായത്തെ സ്ഥാപിച്ചു.

കോകി—അതു പുരുഷന്മാരുടെ നടപടികൾക്കു സാധാരണമാകയാലാണു ഞങ്ങളും ഒത്തുപറഞ്ഞതു്.

പത്മാ—നമ്മുടെ രാജാവായ പ്രഭു ഇത്തരത്തിലുള്ള അബദ്ധം പറകയില്ലെന്നു വിശ്വസിച്ചുപോയി.

താരാ—എന്നാൽ ഞാൻമാത്രം ആ കഥയെ വിശ്വസിച്ചില്ല. ഹ! ദൈവമേ! എന്റെ പിതാവിന്റെ വാക്കുകളെ ഞാൻ വിശ്വസിക്കുന്നില്ലെന്നു പറഞ്ഞ അപരാധത്തെ ക്ഷമിച്ചു് എനിക്കു മാപ്പുതരണേ (എന്നു ദൈവത്തോടു പ്രാൎത്ഥിച്ചിട്ടു) 'വീരസിംഹൻജീ വനനോടിരിക്കുന്നു. നിരന്നതന്നെ മനസ്സിൽ ഗാഢപ്രേമത്തോടുകൂടി സ്നേഹിക്കുന്നു" എന്നു് ആരോ എന്റെ ചെവിയിൽ പറയുന്നതുപോലെ എനിക്കു തോന്നിയിരുന്നു. ഒടുവിൽ എന്റെ വിശ്വാസം വാസ്തവമായിത്തന്നെയിരിക്കുന്നു ആ വാസ്തവം ദൈവകൃപയാൽ എനിക്കറിവു കിട്ടി. അദ്ദേഹം ആറുമാസക്കാലം പാതാളക്കെട്ടിൽ അടയ്ക്കപ്പെട്ടു് അതീതമായ ദുരിതം അനുഭവിച്ചു. ഒടുവിൽ എന്തോ സംഗതിക്കായി തൂക്കിലിട്ടു കൊല്ലുവാൻ തീൎച്ചയാക്കിയതും നിങ്ങൾക്കു് ഓൎമ്മയുണ്ടല്ലോ. ആ സംഗതി

അന്നു കാലത്താണു് എനിക്കറിവു കിട്ടിയതു്. അന്നു് മദ്ധ്യാഹ്നത്തിൽ അദ്ദേഹത്തെ തൂക്കിക്കൊല്ലുവാൻ പോകുന്നു എന്ന വാൎത്ത ഇപ്പോഴും ഓൎമ്മിക്കുംതോറും ഭയം ജനിപ്പിച്ചുകൊണ്ടേ ഇരിക്കുന്നു. ഹൃദയം നുറുങ്ങുന്നു. കോകിലം, നിന്റെ സഹോദരൻ എഴുതിത്തന്ന വീരസിംഹന്റെ ഛായാപടം ഞാൻ കൈയിൽവച്ചു് അന്നേദിവസം കാലത്തു നോക്കിക്കൊണ്ടിരിക്കുമ്പോൾ ഒരത്ഭുതസംഭവമുണ്ടായി. അതായതു് വീരസിംഹൻ ദൂരത്തുനിന്നു് എന്നെ നോക്കിക്കൊണ്ടു നില്ക്കുന്നതായി എനിക്കു തോന്നി. ആ കാഴ്ച കുറച്ചുനേരത്തേക്കുണ്ടായിരുന്നു. ആ സമയം അച്ഛൻ വന്നു് നിൎദ്ദയമായി "വീരസിംഹൻ കാൽമണിക്കൂർ സമയത്തിനുള്ളിൽ തൂക്കിക്കൊല്ലപ്പെടും. അതിനുള്ള ഒരുക്കങ്ങളെല്ലാം പൂൎത്തിയായിരിക്കുന്നു്" എന്നു പറഞ്ഞു: എന്റെ ചെവിയിൽ ആ ശബ്ദം കടന്ന നിമിഷം തന്നെ എനിക്കു മൂൎച്ഛയുണ്ടായി നിലത്തു പതിച്ചുപോയിരുന്നു.

എനിക്കു ബോധം വീഴുകയും ഞാൻ കണ്ണുതുറന്നു നോക്കുകയും ചെയ്ത സമയം ഹാ! എന്താശ്ചൎയ്യം! എന്റെ ഹൃദയത്തിനു് ആശ്വാസകരമായ വാൎത്ത എന്റെ കൎണ്ണങ്ങളിൽ പതിഞ്ഞു. അതായതു് "വീരസിംഹൻ എങ്ങനെയോ രക്ഷപ്പെട്ടു് ഓടിപ്പോയിരിക്കുന്നു. എങ്ങനെ പോയി എന്നും എവിടെപ്പോയി എന്നും ആൎക്കും ഒരു രൂപവുമില്ല" എന്നുള്ളതായിരുന്നു.

കോകി — എങ്ങനെയോ പോയി. അതു് ആരും കണ്ടുപിടിച്ചുമില്ല.

പത്മാ — ഉദ്യോഗസ്ഥന്മാർ തന്നെ ആ സംഗതി അധികമായി പരസ്യപ്പെടുത്തി ബഹളമുണ്ടാക്കാതെ അടക്കിക്കളഞ്ഞിരിക്കുന്നു.

രാമാ -- അതു കഴിഞ്ഞിട്ടു് ഇപ്പോൾ രണ്ടു വാരങ്ങളായിട്ടുണ്ടു്. ഇനിയും അദ്ദേഹം എന്നെക്കാണ്മാൻ വന്നില്ലല്ലോ.

കോ -- ഈ സംഗതിയിൽ ഇനി ഒരത്ഭുതമുള്ളതറിയാമോ. ഉദയപുരിയിൽ തന്നെ അദ്ദേഹത്തെ പലരും കണ്ടതായും ഇപ്പോഴും ഇവിടെയുള്ളതായും ഉദ്യോഗസ്ഥന്മാൎക്കു് അദ്ദേഹത്തെ വീണ്ടും അറസ്റ്റുചെയ്വാൻ ധൈൎയ്യമില്ലാതിരിക്കുന്നതായും പറയപ്പെടുന്നുണ്ടു്.

ഇവർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരുന്നമദ്ധ്യേ ഒരാൾ ആയുധപാണിയായി ഇവരുടെ മുമ്പിൽ വന്നുനിന്നു. അതു് അവിടത്തെ കോട്ടയെ ശത്രുക്കളുടെ ആക്രമണത്തിൽ രക്ഷിക്കുവാനായി നിയുക്തനായിരുന്ന രാമകുമാരനായിരുന്നു.

---

## അദ്ധ്യായം ൪.

രാമകുമാരൻ താരാബായിയുടെ മുമ്പിൽ ചെന്നു വിനയത്തോടുകൂടി "ഞാൻ ദുഃഖകരമായ ഒരു സംഗതി അറിയിക്കുവാൻ വന്നതാകുന്നു" എന്നു പറഞ്ഞു.

താരാ:—ആ! അങ്ങനെയോ! വേഗം പറയുക! എന്തുവന്നാലും ദൈവനിശ്ചയം അനുസരിച്ചു് അനുഭവിച്ചുതീരുകതന്നെ വേണം. എന്റെ പിതാവിനുമാത്രം യാതൊരാപത്തും വരാതിരുന്നാൽ മതി. അത്രമാത്രമേ എനിക്കാഗ്രഹമുള്ളു.

രാമകുമാരൻ:—നിങ്ങളെല്ലാവരും എത്രയുംവേഗം ഭൂമിയുടെ അടിയിലുള്ള കല്ലറകളിൽ ഒളിച്ചുകൊള്ളണം. ഇനി അല്പസമയത്തിനുള്ളിൽ ശത്രുക്കളുടെ ആക്രമണം കോട്ടകളിൽ ആരംഭിക്കുന്നതായിരിക്കും. അവരുടെ പീരങ്കിയുണ്ടകളിൽ ചിലതു് ഇവിടെവന്നു വീണു് അപായമുണ്ടാക്കാൻമതി. അതിനാൽ വേഗം പൊയ്ക്കൊൾക.

താരാ— എന്തു്? ശത്രുക്കളോ?

രാമകു— അതേ! ഭയപ്പെടേണ്ട. ക്രൂരവിജയൻപ്രഭുവായ ജമീൻദാർ ഒരു വലിയ സൈന്യത്തോടുകൂടി കോട്ടയിൽ എത്തിയിരിക്കുന്നു. നിങ്ങൾ ഇനി ഇവിടെ നില്ക്കരുതു്. വേഗം പൊയ്ക്കൊള്ളുക.

താരാ—അച്ഛനോ?

രാമകു—അദ്ദേഹം മുഴുവൻ സൈന്യത്തിന്റെയും നേതാവായി കോട്ടയിൽ നില്ക്കുന്നുണ്ടു്. നിങ്ങളെ കല്ലറകളിൽപോകുവാൻ ആജ്ഞാപിക്കുന്നതായി അറിയിക്കുവാൻ എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞിട്ടു രാമകുമാരൻ വേഗം തിരിഞ്ഞുനടന്നു. കന്യകകൾ മൂന്നുപേരും കല്ലറയെന്നു പറയുന്ന ശിലാഗൃഹത്തിൽ കടന്നു് ഒളിച്ചു. ഇതിനിടയിൽ ക്രൂരവിജയന്റെ ഒരു ദൂതൻ കോട്ടയുടെ വെളിയിൽ എത്തി ഒരു വെളുത്ത കൊടിയുയർത്തി സമാധാനം സമ്മതമാണെന്നുള്ള വസ്തുതയെ വെളിപ്പെടുത്തി. രാജശേഖരൻപ്രഭുവും അതിഥിയായ തന്ത്രപാലനും കോട്ടയുടെ മുകളിലുള്ള മാളികയിൽ ചെന്നുനിന്നു ശത്രുവിന്റെ ദൂതനെക്കൊണ്ടു വന്നകാര്യമെന്തെന്നു ചോദിപ്പിച്ചു.

ദൂതൻ— അത്ഭുതകരമായ സാമത്ഥ്യവും ഗൌരവവും നിറഞ്ഞ ഞങ്ങളുടെ ജമീൻദാരായ പ്രഭു സത്യവിജയമാർത്താണ്ഡധീരനായ ക്രൂരവിജയൻ കല്പനയാൽ തെര്യപ്പെടുത്തുന്നതു് എന്തെന്നാൽ—തന്ത്രപാലൻ എന്നു പേരുള്ള ഒരാൾ ഇപ്പോൾ അവിടത്തെ മാളികയിൽ അതിഥിയായിട്ടുണ്ടുപോലും. അയാളെ തക്ക ബന്തവസ്സോടു് എന്റെകൂടെ അയച്ചു ഞങ്ങളുടെ പ്രഭുവിന്റെ അടുക്കൽ ഏല്പിച്ചുതരേണ്ടതാകുന്നു. ഇതിലേക്കു ന്യായമായ കാരണങ്ങളുണ്ടായിട്ടുണ്ടു്. എന്നാൽ അവയൊന്നും ഇപ്പോൾ ഇവിടെ പറയേണ്ട ആവശ്യമേയില്ല.

രാജശേഖരൻ—തന്ത്രപാലൻ എന്ന ആൾ നിന്റെ യജമാനന്റെ നേരെ എന്തു കുററംതന്നെ ചെയ്തിരുന്നാലും ഇപ്പോൾ അയാൾ എന്റെ അതിഥിയായിരിക്കുന്നതിനാൽ അയാളെ വിട്ടുതരാൻ സാധിക്കയില്ല. എന്റെ ജീവനെത്തന്നെ പോൎക്കളത്തിൽ ബലികഴിച്ചും ആശ്രിതനെ രക്ഷിക്കേണ്ടതു്, ക്ഷത്രിയധൎമ്മവുമാകുന്നു. ഈ വസ്തുതയെ നിന്റെ യജമാനനോടു പറയുക.

ദൂതൻ—അങ്ങനെയാകുന്നെങ്കിൽ ഒരു വിനാഴികമുതൽ എന്റെ പ്രഭുവിനും താങ്കൾക്കും ഒരു കഠിനമായ യുദ്ധം ആരംഭിക്കപ്പെട്ടിരിക്കുന്നു. (എന്നു പറഞ്ഞിട്ടു് അവൻ മടങ്ങിപ്പോയി)

ഇതുകണ്ടു തന്ത്രപാലൻ രാജശേഖരനോടിങ്ങനെ പറഞ്ഞു. ഞാൻ ഒരിക്കലും ക്രൂരവിജയനെ കണ്ടിട്ടുതന്നെയില്ല. അങ്ങനെയിരിക്കെ ഞാൻ അയാൾക്കു വിരോധം പ്രവൎത്തിച്ചിരിക്കുന്നു എന്നു പറഞ്ഞതിന്റെ അൎത്ഥം മനസ്സിലായില്ല. എങ്ങനെയായാലും ഈ യുദ്ധം ആരംഭിച്ചാൽ വെറുതെ അനേകം ജീവനാശം സംഭവിക്കും. ഞാൻ ഒരുവൻ കാരണമായി അങ്ങനെ ഒരു ഭയങ്കരവും പരിതാപകരവുമായ സംഭവത്തിനിടയാകുന്നതു് ആശാസ്യവും ധൎമ്മവുമല്ല. തക്കപരമായത എന്നകൂടെ അന്വേഷിക്കുക. ഞാൻ അവനോടു വാദിച്ച കാൎയ്യം മനസ്സിലാകണം. ഒരു സംഗതിമാത്രം നടന്നിട്ടുണ്ടു്. അതായതു് മായപുരത്തു നാഗേന്ദ്രത്തിന്റെ ചോട്ടിൽ ഇരുന്ന ഒരു സന്യാസിയുടെ നേരെമാത്രം ക്രൂരവിജയനെക്കുറിച്ചു് അല്പം കഠിനമായി ചിലതു പറഞ്ഞുപോയിട്ടുണ്ടു്. ആ സന്യാസിയെ പിന്നീടു് ഒരുദിക്കിൽ കണ്ടിരുന്നു.

രാജശേഖരൻ—നിങ്ങളുടെ കഥയെല്ലാം ഒരു ഭാഗത്തിരിക്കട്ടെ. നിങ്ങൾ എങ്ങനെയുള്ള ഒരാളുടെ സന്ദേശംകൊണ്ടു വന്നിരിക്കുന്നു എന്നുള്ളതു വിസ്മരിക്കത്തക്കതല്ല. കൂടാതെ എന്റെ അതിഥിയായി വന്നിരിക്കുന്ന നിങ്ങളെ ആ ദുഷ്ടൻവശം ഏല്പിക്കുന്നതായാൽ എന്റെ കുലവും യോഗ്യതയും വീൎയ്യവും പിന്നെ എന്തിനായി സൂക്ഷിക്കണം. നിങ്ങൾ മിണ്ടാതിരിക്ക. കഴിയുമെങ്കിൽ യുദ്ധത്തിൽ സഹായമായി വല്ലതും ചെയ്യുക.

തന്ത്രപാലൻ—എന്റെ ജീവൻ ഇരിക്കുന്നിടത്തോളംകാലം യുദ്ധരംഗത്തിൽ മുന്നണിയിൽ നിന്നു ശത്രുസംഘത്തെ പാട്ടുള്ളിടത്തോളം സൎവ്വശക്തിയും ഉപയോഗിച്ചു ധ്വംസിക്കുന്നതിനു സന്നദ്ധനാകുന്നു.

രാജശേഖരൻപ്രഭുവിനു് ഇക്കാലത്തു വയസ്സു് അൻപതിൽ കുറവില്ലെങ്കിലും പ്രബലമായ ശക്തിയും ധീരോദാത്തമായ സാമൎത്ഥ്യവും അപ്രതിഹതമായ യുദ്ധരസതൃഷ്ണയും ഉള്ള ശൂരകേസരിയാകുന്നു. അദ്ദേഹം കവചംധരിച്ചു് ആയുധപാണിയായി ചെറുപ്പക്കാരെക്കാൾ ചുറുചുറുപ്പോടെ സൈന്യത്തെ വ്യൂഹവിധാനംചെയ്തു തയ്യാറായി നിന്നു.

എത്രനേരവും തുടൎന്നു വെടിവെയ്ക്കാവുന്ന ഒരു തോക്കു സജ്ജമാക്കി കൈയിൽ പിടിച്ചിരുന്നു; പലവിധങ്ങളായ ആയുധങ്ങളും അരപ്പട്ടയിൽ തിരുകിയിരുന്നു. തന്റെ സേനാധിപനായ രാജകുമാരനോട് സൈന്യങ്ങളെല്ലാം തയ്യാറായിട്ടുണ്ടല്ലോ എന്നു ചോദിച്ചു.

രാമകു: ശത്രുമാൎഗ്ഗത്തെ ലക്ഷ്യമാക്കി നൂറു പീരങ്കികൾ കോട്ടയിൽ സന്നദ്ധമാക്കിയിട്ടുണ്ട്. ഓരോ സ്ഥലത്തും പ്രത്യേകം കാവൽ വക്കപ്പെട്ടിരിക്കുന്നു.

രാജശേഖ:—ഇപ്പോൾ നിങ്ങളുടെ കീഴിൽ സൈന്യം എത്രമാത്രമുണ്ട്?

രാമകു—ആറായിരംപേർ ആരണിയായി നിരന്നിട്ടുണ്ട്. പോഷകസൈന്യം പിന്നണിയിൽ പ്രത്യേകം തയ്യാറാക്കിക്കൊണ്ടിരിക്കയും ചെയ്യുന്നു. എത്രയും ക്ഷണത്തിൽ പോഷകസൈന്യങ്ങൾ തികഞ്ഞുവരുമെന്നും ആശിക്കുന്നു.

രാജശേ—വളരെ സന്തോഷം! ശത്രുക്കളെയും അവരുടെ ബലത്തെയും പററി നിങ്ങളുടെ അഭിപ്രായമെന്ത്?

രാമ.—അവരുടെ സന്ദേശവാഹകന്മാരിൽനിന്നും ആയിരം പേരിൽ കൂടുതലില്ലെന്നാണറിയുന്നത്. എന്നാൽ അതു നമ്മെ തെററിക്കാൻ പറഞ്ഞ നയമെന്നേ ഞാൻ കരുതുന്നുള്ളു. എങ്കിലും നമ്മെ ജയിച്ചു പോകാനുള്ള സൈന്യബലം അവൎക്കുണ്ടാകാനിടയില്ലെന്നുള്ളതു തീൎച്ചയാണ്. ക്രൂരവിജയനെപ്പററി അവിടത്തെ ജനസാമാന്യത്തിൽ ഭിന്നാഭിപ്രായമുള്ള സ്ഥിതിക്കു സൈന്യശക്തി കുറയുവാനേ തരമുള്ളു.

രാജ:—അവരുടെ ശക്തിയെക്കുറിച്ചു എനിക്കു ലേശവും അധൈൎയ്യമില്ല. രണ്ടുകൊല്ലങ്ങളായി ഗൎഭത്തിൽ പ്രവൎത്തിച്ചുകൊണ്ടിരുന്ന യുദ്ധപ്രസക്തി ഇപ്പോൾ ഞെരുങ്ങി നേരേവന്നു ചാടിയിരിക്കുന്നു. ഇതോടുകൂടി അവരുടെ വിചാരത്തെ നിശ്ശേഷം നശിപ്പിച്ചുകളയേണ്ടതു് അവശ്യകൎത്തവ്യമാകുന്നു.

രാമ:—അവിടുത്തെ അഭിപ്രായംതന്നെയാണു് എനിക്കുമുണ്ടായിരുന്നതു്: നമ്മുടെ ആളുകളെല്ലാം തയ്യാറായി, ഒരുക്കങ്ങൾ പൂൎണ്ണമായിരിക്കുന്നു. മുന്നോട്ടുചെന്നു ശത്രുക്കളെ മദ്ധ്യമാൎഗ്ഗം എതിൎത്തുനിന്നു യുദ്ധംചെയ്യാൻ ഉദ്ദേശിച്ചിരിക്കുന്നു

രാജ:—അതു നന്നുതന്നെ! അതാ! നോക്കു! ശത്രുസൈന്യം കാട്ടുവിട്ടിറങ്ങ തുടങ്ങിയിരിക്കുന്നു.

രാമകുമാരൻ അതു കണ്ടു. കോട്ടയിൽനിന്നും രണ്ടുനാഴികദൂരത്തോളമുള്ള ഒരു കാടു മുൻകൂട്ടി അഴിക്കപ്പെട്ടിരുന്നതിനാൽ ശത്രുസൈന്യങ്ങളെ അത്ര ദൂരത്തുനിന്നും കാണ്മാൻ കഴിഞ്ഞു. അല്പസമയത്തിനകത്തെങ്ങളിയ കാലാൾപ്പട വ്യസ്തമായി പരന്നിരിക്കുന്നു. അല്പനേരം കഴിഞ്ഞു് ഒരു് പെരിയ പീരങ്കിസൈന്യം വെളിപ്പെട്ടു. അതുമുന്നണിസൈന്യ

ന്യത്തിന്റെ വലത്തുവശത്തു സുമാർമുന്നൂറുഗജം ദൂരത്തിൽ ആയിരുന്നു. പീരങ്കിപ്പാത്തിയിട്ടുകൊണ്ടു ഒരു കാവൽസൈന്യം ചുററും നിന്നിരുന്നു. അതാ ക്രൂരവിജയപ്രഭു ഒരു മുഴുക്കവചം ധരിച്ചു സേനാധിപന്റെ വലത്തുവശത്തായി കുതിരപ്പുറത്തു വരുന്നു എന്നു രാമകുമാരൻ പറഞ്ഞു.

രാമകുമാരന്റെ ആശ്ചര്യം കണ്ടു ഒരു കമാൻറും കുഴൽ ഊതപ്പെട്ടു. ഉടൻ രാജശേഖരന്റെ സൈന്യം മുമ്പോട്ടു നീങ്ങുവാൻ തുടങ്ങി. ഉടൻ പീരങ്കിയിൽനിന്നും ഉണ്ട പാഞ്ഞു പോകുന്ന ശബ്ദം കൊണ്ടു ആകാശമണ്ഡലം ഇരുളടയുകയും ശബ്ദായമാനമായി തീരുകയും ചെയ്തു.

പീരങ്കിവെടിയേററു ശത്രുസംഘത്തിൽ പല നാശങ്ങളുമുണ്ടായി, സൈന്യം കുഴഞ്ഞു. യുദ്ധാരംഭസ്ഥാനത്തിൽ പഴക്കമുള്ള രാജശേഖരന്റെ കണ്ണുകൾ ശത്രുസൈന്യത്തിൽ സംഭവിച്ചു കുഴപ്പം കണ്ടു രാമകുമാരനെ നോക്കി. അതാ! നമ്മുടെ പീരങ്കികൾ അതിന്റെ കൎമ്മത്തെ വേണ്ടവിധം പരിപാലിക്കുന്നു എന്നു മറുപടി പറഞ്ഞു.

ഇതിനുള്ളിൽ ക്രൂരവിജയന്റെ മറെറാരു സൈന്യം കിഴക്കൻമാൎഗ്ഗമായി ചുററിത്തിരിഞ്ഞു കോട്ടയെ സമീപിക്കയും വളയുകയും ചെയ്തു. ഇതെല്ലാം കണ്ടു പടിഞ്ഞാറൻ സൈന്യപ്രവാഹവും പീരങ്കിയിൽ നശിച്ചതുകഴിച്ചു ബാക്കിയുള്ളതു അതിനോടു ലയിച്ചു കോട്ടയെ ധ്വംസിക്കാൻ തുടങ്ങി.

രാമകു:—ശത്രുക്കൾ അല്പസൈന്യങ്ങൾകൊണ്ടു വലിയ ഫലം ലഭിപ്പാനുള്ള തന്ത്രം ഉപയോഗിക്കുന്നു. പെട്ടെന്നു അവരുടെ സൈന്യസംഘം കോട്ടയെ ആക്രമിച്ചാൽ കീഴടങ്ങിപ്പോകുമെന്നും ഈ വസ്തുതയറിയാതെ നാം ഉദാസീനമായിരുന്നാൽ ശത്രുവിന്നു കീഴ്പെടുമെന്നും ആണു അവരുടെ ലാക്കു.

രാജ—നിങ്ങൾ പറഞ്ഞതു വാസ്തവം തന്നെ. അതാ നോക്കു. ആ കുന്നിൽ അവരുടെ പീരങ്കികൾ നിരത്തിയിട്ടു ഇങ്ങോട്ടും വെടി ആരംഭിച്ചിരിക്കുന്നു.

യുദ്ധം മുറുകി രണ്ടു ശക്തികളും വിജിഗീഷയോടെ ജീവൻ കളഞ്ഞു പോരാടിക്കൊണ്ടിരുന്നു. ഇരുപുറവുമുള്ള പീരങ്കിശബ്ദത്താൽ ആകാശമണ്ഡലം മുഴുവൻ മുഴങ്ങുന്നു. ശത്രുക്കൾ ഇതിന്നിടയിൽ വളരെപ്പേർ ഏരഞ്ഞു പാരമായി പറന്നുപോയിരിക്കുന്നു. എങ്കിലും ക്രൂരവിജയന്റെ ബുദ്ധിപൂൎവ്വമായ നോട്ടത്താൽ പല തടികളും പലകകളും ഇട്ടു പാലമുണ്ടാക്കി കിടങ്ങിൽ വീഴാതെ മറുകര കടപ്പാൻ യത്നം ചെയ്തുണ്ടായിരുന്നു. ഈ സമയം യുദ്ധം അധികമായി മുറുകി. മൂന്നു പ്രാവശ്യം കോട്ടയിൽ കടക്കുവാൻ ശത്രുസൈന്യം സൎവ്വബലം പ്രയോഗിച്ചു പരീക്ഷിച്ചു. അകത്തു നിന്നും പുറപ്പെട്ടുകൊണ്ടിരുന്ന തീക്ഷ്ണമായ ധ്വംസനത്താൽ അതു സാധിച്ചില്ല. നാലാമതും അവർ കോട്ടയിൽ പ്രവേശിക്കുവാൻ പ്രയത്നിച്ചു. പലപ്രാവശ്യം ശത്രുക്കളുടെ ആ

ക്രമണത്തെ തടുത്തുനില്ക്കുവാൻ പ്രബലമായി ശ്രമപ്പെട്ടതിനാൽ കോട്ടയിലെ സൈന്യം ഏറ്റവും ക്ഷീണരായിരുന്നിരുന്നു. നാലാമത്തെ ആക്രമണം പൂർവ്വാധികം ശക്തിയോടുകൂടി ആയിരുന്നു. ശത്രുസൈന്യത്തിന്റെ സംഖ്യയും ഭയജനകമാംവണ്ണം വർദ്ധിച്ചുകണ്ടതിനാൽ കോട്ടയ്ക്കുള്ളിലുള്ള സൈന്യം വളരെ ഭയന്നതായിത്തോന്നി. അതിന്നുമുന്നം പടിഞ്ഞാറെക്കോട്ട പൊളിച്ചു ശത്രുസൈന്യം അകത്തു കടക്കത്തക്കവണ്ണം ആ സൈന്യനിര മുറിയാറായതായി ഒരു സേനാനായകന്റെ സന്ദേശവും ലഭിച്ചു.

അല്പസമയത്തിനുള്ളിൽ കോട്ടയിലെ സൈന്യനിരകൾ സാകല്യേന സാരമായ ഒരു ശക്തിക്ഷയം നേരിട്ടതായ ലക്ഷ്യം ബോധപ്പെട്ടു. ഈ അവസരത്തിൽ ഉപക്ഷീണനായ ഒരു വീരൻ ഓടിവന്നു് "പ്രഭോ! എല്ലാം ശിഥിലമായിപ്പോയിരിക്കുന്നു. ശത്രുക്കൾ പടിഞ്ഞാറെ നിര ഭേദിച്ചു കോട്ടയുടെ മുകളിൽ എത്തിയിരിക്കുന്നു. ഒരു സംഘം ഉള്ളിലോട്ടു കടന്നു സ്ത്രീജനങ്ങൾ ഇരിക്കുന്ന മാളികയുടെ ഭിത്തികൾ തകർത്തുടങ്ങിയിരിക്കുന്നു" എന്നു രാജശേഖരൻപ്രഭുവിനെ അറിയിച്ചു്, അവൻ ബോധരഹിതനായി നിലത്തുപതിച്ചു.

ഈ സംഗതികേട്ടു രാജശേഖരൻ "ആ! എന്റെ പുത്രി! താരാഭായി! ഓടുക! വേഗം! വേഗം! എന്നു് ആജ്ഞാപിച്ചിട്ടു തന്റെ സൈന്യത്തെനോക്കി ഓടിപ്പോയി സ്ത്രീജനങ്ങളെ രക്ഷിക്കണം" എന്നു വീണ്ടും കല്പനകൊടുത്തു.

രാജകുമാരന്റെ സൈന്യം അണിമുറിയാതെ ആവശ്യമുള്ള പോഷകസൈന്യങ്ങൾ അവിടവിടെ ചേർത്തു വ്യൂഹത്തിനു ശക്തിയും ഉത്സാഹവും വർദ്ധിപ്പിച്ചുകൊണ്ടു കിഴക്കേ കോട്ടയെ സംരക്ഷിച്ചുകൊണ്ടു് അയാൾ അവിടെ നില്ക്കുന്നു.

തന്ത്രപാലൻ എന്ന പാന്ഥൻ അപ്രതിഹതനായ ഒരു യുദ്ധവീരനാണു്. അയാൾ കോട്ടയുടെ മുകളിൽനിന്നു് അകത്തോട്ടുള്ള ശത്രുസൈന്യപ്രവാഹത്തെ എതിർത്തു കണ്ണിമയ്ക്കാതെ പോരാടിക്കൊണ്ടുതന്നെ നില്ക്കുന്നു. അയാളുടെ കൌശലങ്ങളിൽനിന്നും കോട്ടയുടെമീതെ കയറിയ ശത്രുക്കളിലധികവും കിടങ്ങിൽവീണു നശിച്ചുപോകുവാൻ സംഗതിയായി. തന്ത്രപാലനെ ഉദയാനന്ദൻ കണ്ടു. അതാ നമ്മുടെ വേട്ടമൃഗം പുറത്തുവന്നിരിക്കുന്നു. വിടരുതു്. തല കൊയ്തുകളയണം എന്നുള്ള ഉദയാനന്ദന്റെ ആജ്ഞ തന്ത്രപാലന്റെ കർണ്ണങ്ങളിൽ പതിഞ്ഞു. അതോടുകൂടി തന്റെനില അപായകരമായ ഘട്ടത്തിൽ എത്തിയിരിക്കുന്നു എന്നുള്ള ഓർമ്മ അയാൾക്കുണ്ടായി. തിരിഞ്ഞുനോക്കുവാൻകൂടി അവസരം ലഭിക്കാത്തനിലയിൽ അതിസമർത്ഥന്മാരായ ആറുപേർ അയാളെ വളഞ്ഞു. അയാൾ അവരോടെതിർത്തും കോട്ടയിൽ കയറിവരുന്ന ഭടന്മാരെ വെട്ടി കിടങ്ങിൽതള്ളിയും പോരാടിക്കൊണ്ടുനി

ന്നു. മിക്കവാറും നിരാശയിൽ അവസാനിക്കുമെന്ന ശങ്കയോടുകൂടി ക്ഷീണനായി തീർന്നിരിക്കുന്നു. ശത്രുക്കളുടെ കൈയിൽ അകപ്പെട്ടുകൂടെന്നുള്ള ഒരേ ഉദ്ദേശമാണ് അയാളുടെ ശക്തിക്കു ക്ഷയം നേരിടാതെ തട്ടുത്തുനിന്നു യുദ്ധംചെയ്യത്തക്ക മനോബലം ഉണ്ടാക്കിത്തീർത്തതു്. ഏകദേശം അതിന്റെ അതിരും പൊളിഞ്ഞുതുടങ്ങി. രക്ഷക്കു് ആരെയും കാണുന്നുമില്ല. ശത്രുബലം വർദ്ധിച്ചുവരികയും ചെയ്യുന്നു. ഇനി ചെയ്യേണ്ടതെന്തു്? ശത്രുക്കളുടെ കൈയിൽപെട്ടു മരിക്കുകയേ ഗതിയുള്ളു. ഇതിനിടയിൽ പൂർണ്ണബലവാന്മാരായ രണ്ടു യുദ്ധവീരന്മാർ കോട്ടയുടെ മുകളിലെത്തി തന്ത്രപാലന്റെ പിന്നിലണഞ്ഞുനിന്നു് അയാളെ എതിർക്കുവാൻ തുടങ്ങി. അവരോടു തടുത്തുനിന്നും ഏണിവഴി കയറിവരുന്ന ഭടന്മാരെ തടഞ്ഞു് പടവെട്ടിപരാജിതരാക്കിയും തന്ത്രപാലൻ സർവ്വശക്തിയും ഉപയോഗിച്ചു. അയാളുടെ പിന്നിൽ ശത്രുക്കളുടെ തുക വർദ്ധിച്ചു. ഇനി അതിനൊന്നിനും അശക്തതാപാകത്തിൽ അയാൾ കുഴങ്ങി. ഈ സന്ദർഭത്തിൽ പുറകിൽ എത്തിയവരിൽ ഒരുവൻ ഒരു നിശിതഖഡ്ഗം അയാളുടെ കണ്ഠത്തെ ലക്ഷ്യമാക്കി ഓങ്ങിയതു ത്വരിതമായി കീഴ്പെട്ടുവരുന്നു. ഈ സംഗതി അയാൾ അറിയുന്നില്ല. രണ്ടു വിനാഴികയ്ക്കുള്ളിൽ അയാളുടെ തല ഉടലിൽനിന്നും വേർപെട്ടു വീഴുമെന്നുള്ളതു് നിസ്തർക്കമാകുന്നു.

ആ സമയം ഉഗ്രനും ഭയങ്കരനും ആയ ഒരു വീരൻ ഖഡ്ഗപാണിയായി പെട്ടെന്നു് അവിടെ കാണപ്പെട്ടു. ആ ഘോരരൂപം തന്ത്രപാലനെ വെട്ടുവാൻ ഓങ്ങിയ ശത്രുവിന്റെ കരത്തെ തന്റെ വാൾകൊണ്ടു വെട്ടി തോളോടുകൂടി അറ്റുനിലത്തുവീഴ്ത്തി. ഖഡ്ഗവും ശത്രുകരവുമായി തന്ത്രപാലന്റെ മുമ്പിൽ പതിച്ചു.

ആ സത്വം ഒരു പൂർണ്ണകവചമണിഞ്ഞിരുന്നു. അയാൾ തന്റെ ഖഡ്ഗം അതിവേഗമായി വീശിക്കൊണ്ടു, കോട്ടയുടെ മുകളിലുള്ള ശത്രുസംഘത്തിന്റെ നേരെ അണഞ്ഞു. അവർ അയാളെ കണ്ടു ഭയന്നു നിലവിളിച്ചുകൊണ്ടു ഉൽപ്ലവിക്കയും കിടങ്ങിൽ വീണു മരിക്കുകയും ചെയ്തു. കോട്ടമതിലിൽ കയറിക്കൊണ്ടിരുന്ന ശത്രുഭടന്മാരും അയാളെക്കണ്ടു ഞെട്ടി വിറച്ചു് പേപിടിച്ചവരെപ്പോലെ ഓടിത്തുടങ്ങി. അനേകം തലകീഴായി കിടങ്ങിൽ വീണു. അധികം എണ്ണവും "ഇങ്ങിനി വരാതവണ്ണം പോയവർ തോക്കാട്ടവർ" എന്ന നിലയെ പ്രാപിച്ചു. ഈ ഭയം ശത്രുസംഘത്തിൽ ആകമാനം വ്യാപിച്ചു അവർ തന്നറിയാതെ, പ്രഥമപ്രഥമികയാ പരിഭ്രാന്തമായിളകി നാലുപാടും പാഞ്ഞു. ഈ വിപ്ലവത്തിൽ വളരെപ്പേർ മരിക്കയും ശേഷിച്ചവർ ഓടിപ്പോകയും ചെയ്തു.

ഈ ഘോരനായ വീരന്റെ സാന്നിദ്ധ്യം ശത്രുസൈന്യത്തിൽ എത്രകണ്ടു നാശവും പരാജയവുമുണ്ടാക്കിയോ, അത്രകണ്ടു് തന്ത്രപാല

ന്റെ കക്ഷിയിൽപെട്ടവൎക്ക ധൈൎയ്യത്തെയും ഉത്സാഹത്തെയുംജനിപ്പിച്ചു. അവരെല്ലാം ആ വീരനെ അനുഗമിച്ചു, ശത്രുക്കളെ പലായനം ചെയ്യിച്ചു. ശത്രുക്കൾക്കു ലഭിച്ച സ്ഥലങ്ങളെപ്പോലും അവർ ഉപേക്ഷിച്ചിട്ട് ഓടിപ്പോയി.

യുദ്ധം അവസാനിച്ചതോടുകൂടി സൂൎയ്യനും ചരമാബ്ധിയിൽ മുങ്ങി. യാഗാവസാനത്തിലെ അവഭൃതസ്നാനംപോലെ, യുദ്ധാവസാനത്തിൽ സ്നാനംചെയ്തു. ഒരു പുതിയ വീരന്റെ സാന്നിദ്ധ്യമാണു ജയത്തിനു ഹേതുവെന്നു രാജശേഖരൻപ്രഭുവും സൈന്യങ്ങളും മനസ്സിലാക്കി. എന്നാൽ ആ വീരൻആരു്? അയാൾ എവിടെനിന്നുവന്നു? ഈ യുദ്ധരംഗത്തിൽ അയാൾക്കു് എന്തു സംബന്ധം. അയാൾ കോട്ടയ്ക്കുള്ളിൽ കടന്നതെങ്ങനെ? ഇപ്പോൾ എവിടെപ്പോയി? എന്നീ ചോദ്യങ്ങൾ എല്ലാവൎക്കുംതോന്നിയെങ്കിലും ഉത്തരംപറവാനുള്ള അറിവു് ആൎക്കുമുണ്ടായില്ല.

തന്ത്രപാലനു് അയാൾ തന്നെരക്ഷിക്കാൻവന്ന ആളായിരുന്നു എന്ന വാസ്തവം അറിയാമായിരുന്നു. വേഗിസംഘക്കാർ തൂക്കിക്കൊല്ലുവാൻ തുനിഞ്ഞ അവസരത്തിൽ അവരെ തോല്പിച്ചു് അവിടെനിന്നും മോചനം നൽകിയവനും ഈ ആളും ഒന്നുതന്നെ എന്നു നിശ്ചയമായി മനസ്സിലാക്കിയിരുന്നു. എന്നാൽ ആ വിവരം അയാൾ പുറത്തുപറഞ്ഞില്ല. ആ വീരനെക്കുറിച്ചുള്ള രഹസ്യങ്ങളൊന്നുംതന്നെ തന്ത്രപാലനും അറിഞ്ഞുകൂടായിരുന്നു.

യുദ്ധം മുറുകിയിരുന്ന അവസരത്തിൽ വ്യൂഹംമുറിച്ചു കോട്ടയ്ക്കുള്ളിൽകടന്ന ശത്രുസംഘം ആദ്യമായി പ്രവൎത്തിച്ചതു് സ്ത്രീജനങ്ങളുടെ വാസസ്ഥലം കണ്ടുപിടിക്കേണ്ട സംഗതിയിലായിരുന്നു. അവർ പാതാളക്കിണറു കണ്ടുപിടിക്കുകയും ആ കല്ലറയിൽ കടന്നു താരാഭായിയെ ബലംപ്രയോഗിച്ചു പിടിച്ചുകൊണ്ടുപോകുകയും ചെയ്തിരുന്നു. ഈ വിവരം യുദ്ധാവസാനത്തിലേ വെളിപ്പെട്ടുള്ളു.

അപ്പോഴുണ്ടായ ആപത്തിനെപ്പററി ആലോചിക്കുവാനായി ഉടൻതന്നെ ഒരു സംഘം വിളിച്ചുകൂട്ടി അതിൽ തന്ത്രപാലനും സന്ധിച്ചിരുന്നു. ആ സംഘത്തിൽ വച്ചു രാജശേഖരൻ ഇങ്ങനെ മററുപല ഗംഭീരന്മാരെ നോക്കിപ്പറഞ്ഞു.

ക്രൂരവിജയൻ അകാരണമായി നമ്മുടെ രാജ്യത്തിൽകടന്നു ചെയ്തിട്ടുള്ള വ്യസനകരമായ അക്രമപ്രവൃത്തികൾ നിങ്ങൾക്കു അറിവുള്ളതിൽ ഒന്നാകുന്നു. കോകിലത്തെ വരുത്തി ചോദിച്ചതിൽ വടക്കെമതിൽ കയറിക്കടന്നു് ആറുപേർ ആയുധപാണികളായി താരാഭായി ഇരുന്ന കല്ലറയുടെ മേൽമൂടിക്കല്ലിളക്കി ഉള്ളിൽചെന്നു് അവളെ എടുത്തുകൊണ്ടുപോയതായി പറഞ്ഞിരിക്കുന്നു. അവരെക്കണ്ടു ഉടൻ അവൾ ബോധരഹിതയായിവീഴുകയും അവർ താങ്ങി എടുത്തുകൊണ്ടു

ഷോകന്യമുമാണെന്നുണ്ടായത്തു്. ഇതിൽ നാം ചെയ്യേണ്ട പ്രതിക്രിയ എന്തായിരിക്കണം?

രാമകുമാരൻ—മഹാപ്രഭോ! ഇപ്പോൾ സൈന്യവകുപ്പിലുള്ള ശൂരന്മാരിൽനിന്നും രണ്ടായിരംപേരെ എന്റെകൂടെ അയച്ചാൽ ഞാൻ ചെന്നു് അവരെ ജയിച്ചു താരാഭായിയെ് വീണ്ടുകൊണ്ടുപോരാം. അതിനു സാധിക്കാത്തപക്ഷം എന്റെ പ്രാണനെയെങ്കിലും നശിപ്പിച്ചു തൃപ്തിയടയാം.

രാജശേഖരൻ—അയ്യോ! ദൈവമേ! ഇതാണോ ഈശ്വരഭജനത്തിന്റെഫലം. ദൈവത്തെ കുററം പറയുന്നതു മൌഢ്യമാകുന്നു. ദൈവം നിഷ്ക്രിയനാകുന്നു. ദൈവം ഒരു മനുഷ്യനോ മൃഗമോ കല്ലോ മരമോ മണ്ണോ അല്ല. അതു സകലചരാചരങ്ങളിലും ചൈതന്യരൂപത്തിൽ വർത്തിക്കുന്ന ഒരു ശക്തിവിശേഷം മാത്രമാകുന്നു. അതിനാൽ ദൈവത്തിനു പ്രവൃത്തിചെയ്യുന്നതിനോ നിവൃത്തിചെയ്യുന്നതിനോ കഴികയില്ല. പ്രപഞ്ചത്തിൽ നടക്കുന്ന സമസ്തസംഭവങ്ങളും സ്വാഭാവികങ്ങളാകുന്നു. യാതൊന്നിനെയും നിയമനം ചെയ്വാൻ ദൈവശക്തിക്കു സാദ്ധ്യമല്ല. ദൈവം എന്നു് ഒന്നുണ്ടെങ്കിൽ അതു് അവനവനിൽതന്നെയുള്ള ശക്തിവിശേഷമാകയാൽ ദൈവത്തെ തിരക്കിപ്പോകേണ്ട കാൎയ്യമില്ല; ആരെങ്കിലും അതിനു വിപരീതമായി പ്രവൎത്തിക്കുന്നുണ്ടെങ്കിൽ അതു മൌഢ്യത്തിന്റെ ഫലമെന്നല്ലാതെ നിസ്തൎക്കമാകുന്നു. തനിക്കുതന്നെ ദൈവത്തെ വിളിച്ചു സങ്കടം പറയുന്നതും ദൈവത്തെ കുററപ്പെടുത്തുന്നതും അവനവന്റെ ഹൃദയാകാശത്തിൽ വ്യാപിച്ചിട്ടുള്ള അജ്ഞാനതിമിരംകൊണ്ടാകുന്നു. എന്നാൽ ആപല്ക്കാലങ്ങളിൽ ദൈവത്തോടു സങ്കടം പറകയും ശരണപ്പെടുകയും മററും ചെയ്യുന്നതുകൊണ്ടു് ഖേദത്തിന്റെ അസഹ്യമായ അവസ്ഥയെ താങ്ങിക്കൊള്ളുന്നതിന് ഉൾക്കരുത്തും സമാധാനവും ഉണ്ടായി ജീവിതരീതിയിൽ വെറുപ്പോ ഉണൎച്ചക്കുറവോ ഉണ്ടാകാതെ ക്ഷമിച്ചിരിക്കുവാൻ ധൈൎയ്യമുണ്ടായി തീൎന്നുകൊള്ളുന്നു. നിങ്ങൾ സൈന്യസമേതം അവിടെച്ചെല്ലുന്നതിനുമുമ്പേതന്നെ ബലം പ്രയോഗിച്ചു താരാഭായിയെ വിവാഹംചെയ്തുകൊണ്ടെങ്കിലോ എന്നു ഞാൻ അത്യന്തം ഭയപ്പെടുന്നു.

ഇതുകേട്ടു തന്ത്രപാലൻ എഴുന്നേററു, താരാഭായിയെ ചക്രവൎത്തിയുടെ പുത്രനായ പ്രതാപവീരനു കൊടുക്കുവാൻ ചെയ്തിട്ടുള്ള പ്രതിജ്ഞ ക്രൂരവിജയൻ അറിഞ്ഞിട്ടുണ്ടോ എന്നു് അത്യാസക്തിയോടുകൂടി ചോദിച്ചു.

രാജശേഖരൻ:—ആഹാ! ആ വിഷയം അവനു നല്ലപോലെ അറിയാം. അവൻ ആവശ്യപ്പെട്ട അവസരത്തിൽ ഞാൻ പറഞ്ഞിട്ടുള്ള തടസ്സമേ അതാകുന്നു. എന്നാൽ അവൻ ചക്രവൎത്തിയെക്കൂടി വകവെയ്ക്കാത്ത അഹങ്കാരിയാണു്. ഏതോ രഹസ്യമായ അധികാരലാഭം

കൊണ്ടു്, അസാധാരണ ഗൎവ്വംകൊണ്ടു് അവൻ മദിച്ചു് പൊങ്ങിവശായിരിക്കുകയാണു്. അവനു് അനേകംപേർ സഹായികളായിട്ടുണ്ടു്. സിംഹാസനസ്ഥനായി എല്ലാ രാജാക്കന്മാരെയും അടക്കിബ്ഭരിക്കുന്ന ചക്രവൎത്തിയും തന്റെ നേരെ യാതൊന്നും ചെയ്വാൻ ശക്തനല്ലെന്നാണു് അവന്റെ അടിക്കടിയുള്ള ആൎഭാടനം.

തന്ത്രപാലൻ—(അധികം വെറുപ്പോടെ) അവൻ മഹാ അഹംകാരിയാകിയ നീചൻ. ഇപ്പോൾ പ്രഭുപിന്നങ്ങളായ സകല വിപത്തുകൾക്കും കാരണം ഞാനാകുന്നു. അതിനാൽ എന്നെ അവൻവശം ഏല്പിച്ചുകൊള്ളുക. ഞാൻപോയി അവനജ്ഞാനാംവശവാൻ ശ്രമിക്കാം.

രാജ.—നിങ്ങൾ വ്യൎത്ഥമായി ജീവഹാനിവരുത്തുവാനിടയാക്കരുതു്. നിങ്ങളെ അവനു വിട്ടുകൊടുക്കണമെന്നു സിദ്ധാന്തിക്കുവാൻ നിങ്ങൾ അവന്റെനേരെ വല്ല കുറ്റവും ചെയ്തുപോയിട്ടുണ്ടോ?

തന്ത്ര—ഞാൻ മലയാപുരത്തുള്ള ഹോട്ടലിൽവച്ചു് ഉദയാനന്ദൻ എന്ന സന്യാസിയോടു് അവന്റെ നിലയ്ക്കു് അകൎമ്മങ്ങളായ ചിലതുകളെക്കുറിച്ചു പറഞ്ഞുപോയിട്ടുണ്ടു്. അതു് അവന്റെ ചെവിയിൽ എത്തിയിരിക്കുന്നതിനാണിടയുണ്ടു് എന്നു വിചാരിക്കുന്നു.

വേഗിംസംഘത്തിൽവച്ചു സംഭവിച്ച സംഗതികൾകൊണ്ടാണു് അവർ തന്ത്രപാലനെ പിടിപ്പാൻ ഗാഢമായി ശ്രമിക്കുന്നതു്, എന്നുള്ള പരമാൎത്ഥം ആ അവസരത്തിൽ മാത്രമേ തന്ത്രപാലനു് ഓൎമ്മിക്കാൻകഴിഞ്ഞുള്ളു. എന്നാൽ അതു രഹസ്യമായി മനസ്സിൽ സൂക്ഷിച്ചതല്ലാതെ പുറത്തേക്കുവിട്ടില്ല.

രാജശേഖരൻ—ഇപ്പോൾ സംഗതികളെല്ലാം വെളിപ്പെട്ടുവരുന്നു. ക്രൂരവിജയൻ താരാഭായിയെ ബലംപ്രയോഗിച്ചു് അക്രമമായി കൊണ്ടുപോകണമെന്നു തക്കം നോക്കിയിരുന്നു. ഈഘട്ടത്തിൽ എന്റെ അതിഥിയായ തന്ത്രപാലനെ ഞാൻ ഉപേക്ഷിക്കയില്ലെന്ന വാസ്തവം അവനു നല്ലപോലെ അറിയാം. ഇതുതന്നെയാണു് ഉദ്ദേശസിദ്ധിക്കു് അവസരമെന്നുകരുതി യുദ്ധത്തിനായി പുറപ്പെട്ടതു്.

രാമകുമാരൻ—ഇതു സത്യംതന്നെ.

രാജ:—നമ്മെ സ്നേഹിക്കുന്ന സൈന്യങ്ങളെല്ലാം രാമകുമാരനോടുകൂടി നാളെരാവിലെതന്നെ പുറപ്പെടണം. യുദ്ധം ചെയ്തുകോട്ട മുറിച്ചു് അകത്തുകടന്നു് എന്റെ സീമന്തപുത്രിയായ താരാഭായിയെ വീണ്ടുകൊണ്ടുവരണം എന്നുള്ള നമ്മുടെ ആജ്ഞ അലംഘ്യമായതാകുന്നു. ഇതിലേക്കു പൌരപ്രധാനികളെല്ലാം കഴിയുന്ന ഒത്താശകളെല്ലാം ചെയ്തുതരണം. ദയാനിധിയായ ദൈവം നമ്മുടെ അഭിമതത്തെ നല്കി കാത്തുരക്ഷിക്കുവാൻ പ്രാൎത്ഥിച്ചുകൊള്ളുന്നു.

രാജശേഖരപ്രഭുവിന്റെ കല്പനയെ സകല പൌരന്മാരും സൈന്യങ്ങളും സംവദിക്കയും അതിനു് അവർ ഒരുക്കമാണെന്നുള്ള സന്തോ

ഷത്തെ അറിയിക്കയും ചെയ്തു. അതു കഴിഞ്ഞു സഭ പിരിഞ്ഞു. അന്നു രാത്രിയിൽ അവിടത്തെ ഊട്ടുപുരയിൽ സകല ആളുകളും അസന്തോഷസൂചകമായി ഭക്ഷണം കഴിച്ചു. ദുഃഖവിഹീനമായ രാജധാനിയുടെ പ്രതിച്ഛായ പൌരന്മാരിലും സൈന്യങ്ങളിലും പ്രതിഫലിച്ചിരുന്നു. വീണ്ടും ഒരു മഹാസമരത്തിനുള്ള ഒരുക്കങ്ങൾ എവിടെയും സജ്ജീകരിക്കപ്പെട്ടിരുന്നു. യുദ്ധോദ്യുക്തമായ പ്രോത്സാഹനം പ്രജാസമുച്ചയത്തിൽ അപ്രതിരോധമായി പ്രവൃത്തിച്ചുകൊണ്ടിരുന്നതു കണ്ടിരുന്ന രാമകുമാരൻ തന്ത്രപാലനുമായി കോട്ടപ്പുറത്തുകയറി അല്പനേരം ഉലാത്തിക്കൊണ്ടിരുന്നു. തന്ത്രപാലന്റെ ധീരതയും, ആയോധനസമർത്ഥതയും സമയോചിതമായ ബുദ്ധിവിശേഷവും കണ്ടുണ്ടായ സന്തോഷാതിരേകത്താൽ തന്ത്രപാലന്റെ സ്നേഹസമ്പാദനം സ്പൃഹണീയമെന്നു രാമകുമാരൻ വിചാരിച്ചു. അവർ തമ്മിൽ ഒരു ചെറിയ സംഭാഷണം നടന്നു.

തന്ത്രപാ:—നാളത്തെ സംഗതി എങ്ങനെയാകുമെന്നു വിചാരിക്കുന്നു.

രാമക.—എനിക്കു പൂർണ്ണവിശ്വാസമുണ്ട്. എന്റെ മനസ്സാക്ഷി അങ്ങനെ വിശ്വസിപ്പിക്കുന്നു. നമ്മുടെ സൈന്യങ്ങൾ ആജ്ഞാനുസരണം ഏകധാരമായി പ്രവൃത്തിച്ച് അവരവരുടെ ചുമതലകളെ നിറവേററുവാൻ ശ്രമിക്കുന്നതായിരുന്നാൽ ക്രൂരവിജയന്റെ കോട്ട ശിഥിലമാവുന്നതിനും നമ്മുടെ ചുവപ്പുകൊടി അതിന്മുകളിൽ പറക്കുന്നതിനും സംഗതിയാകുന്നതാണ്.

തന്ത്ര.—യുദ്ധപരിജ്ഞാനമുള്ള സമർത്ഥന്മാർ ആ കോട്ട അതിബലിഷ്ഠമെന്നു വിശ്വസിക്കുന്നുണ്ടോ?

രാമക—എത്രബലമേറിയതായിരുന്നാലും, ബലഹീനമായ ചിലഭാഗങ്ങൾ ഇടയ്ക്കിടെയുണ്ട്. വേഗത്തിൽ ആ ഭാഗങ്ങളെ നിങ്ങൾക്കു കാട്ടിത്തരാം. കോട്ടയ്ക്കു സമീപം വനമുള്ളതിനാൽ ശത്രുക്കളുടെ പീരങ്കികൾ സമീപത്തെത്തുന്നതിനു മുമ്പ്, ആ കോട്ടയ്ക്കുള്ളിലുള്ള സൈന്യങ്ങൾക്കു കണ്ടുകൊള്ളുവാൻ തരമില്ല.

തന്ത്ര:—ആ കോട്ട എവിടെയാണ്?

രാമ—മായാപുരത്തിനു തെക്കുകിഴക്കു സുമാർ പതിനഞ്ചു നാഴിക അകലത്തിലാകുന്നു.

തന്ത്ര:—(ഏതോ വിചാരിച്ച് ആശങ്കയോടെ) ആ സ്ഥലത്തു വേറെ കോട്ടകളുണ്ടോ?

രാമ—ഇല്ല.

തന്ത്ര:—(പിന്നെയും സംശയത്തോടെ) ആ കോട്ടയുടെ മുൻഭാഗത്ത് ഒരു വട്ടമായ ഗോപുരവും, ആ ഗോപുരത്തിന്മേൽ ഉന്നതമായ കൊടിമരവും ഉണ്ട്. ഇല്ലേ?

രാമ:—അതേ! അതേ! ശരിതന്നെ. നിങ്ങൾ എപ്പോഴെങ്കിലും ആ കോട്ടയെ കണ്ടിട്ടുണ്ടോ?

ഈ ചോദ്യത്തിന്ന തന്ത്രപാലൻ ഉത്തരം പറഞ്ഞില്ല. വേഗം സംഘക്കാർ തന്നെ കൂട്ടിക്കൊണ്ടുപോയതു് ആ കോട്ടയിലാണെന്നു അവൻ വിചാരിച്ചു. ക്രൂരവിജയൻ തന്നെ പിടിക്കുവാൻ യത്നംചെയ്തതിന്റെ രഹസ്യം ബോധപ്പെട്ടു. ആ സംഘത്തിന്റെ അചഞ്ചലമായ ശക്തിയും, അതിലെ ചട്ടങ്ങളുടെ ക്രൂരവും ഭയങ്കരവുമായ നിയമങ്ങളും, അവന്നു നല്ലപോലെ അറിയാമായിരുന്നു. അതിലെ അംഗങ്ങളായ മെമ്പറന്മാർ എവിടെയും ഉണ്ടായിരിക്കും. തന്നോടു സംസാരിക്കുന്ന രാമകുമാരനും ചിലപ്പോൾ അതിൽപെട്ടവനായിരിക്കാം. അതിനാൽ ആ സംഗതി ആരോടു പറയുന്നതിന്നും അയാൾക്കു പ്രിയമില്ല. ഈ കാരണത്താലാണു രാമകുമാരന്റെ ചോദ്യത്തിന്ന് ഉത്തരം പറയാതിരുന്നതു്. അല്പനേരം മൌനഭജനം ചെയ്തശേഷം വീണ്ടും സംഭാഷണത്തെ തുടൎന്നു. ക്രൂരവിജയനെപ്പററി അനേകം അത്ഭുതങ്ങൾ കേൾക്കുന്നുണ്ടു്. അവയെല്ലാം ശരിയായിരിക്കും. ഇല്ലേ?

രാമ:—അതേ! ഞാൻ അനേകം കേട്ടിട്ടുണ്ടു്. അയാൾ വളരെ കാലത്തിന്നുമുമ്പു് ഒരു സൈന്യത്തിൽ ഉദ്യോഗസ്ഥനായിരുന്നതു ഞാനറിയും

തന്ത്ര:—അതെപ്പോൾ?

രാമ:—അതു് ഏകദേശം ഇരുപതുകൊല്ലങ്ങൾക്കു മുമ്പാകുന്നു. ഇവനും ഇവന്റെ സഹോദരൻ സിംഹവൎമ്മനും എന്ന രണ്ടുപുത്രന്മാർ മാത്രമേ ഇവന്റെ പിതാവിന്നുള്ളു. സിംഹവൎമ്മൻ ഏററവും ശാന്തൻ! ആണത്തവും ദയയും നീതിയും പ്രജാവത്സല്യവും ഉള്ളവനായിരുന്നു. ക്രൂരവിജയൻ എപ്പോഴും മൂഢ്യം, കപടവും, ക്രൂരതയും, ദുഷ്കൎമ്മവും ഉള്ളവൻ. പിതാവു ക്രൂരവിജയനോടു വെറുപ്പായി പ്രവൎത്തിച്ചിരുന്നു. തന്റെ മുമ്പിൽ കാണരുതെന്നു സിദ്ധാന്തമായി ആജ്ഞാപിച്ചിരുന്നു. അതിന്നുള്ള ഹേതു എന്താണെന്നു വെളിക്കായിട്ടില്ല. അങ്ങിനെയിരിക്കുമ്പോൾ ഒരു ജനശ്രുതി പരന്നു. പിതാവിന്നും സഹോദരനും വിഷംകൊടുത്തു എന്നുള്ളതാണു് അതു്. ആ കേൾവിയിൽ സത്യമുണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിച്ചിട്ടില്ല. പുറമേയുള്ള ജനശ്രുതിയെ പറഞ്ഞു എന്നേയുള്ളൂ. പിതാവു ക്രൂരവിജയനെ ഗൃഹത്തിൽനിന്നും പുറത്താട്ടിപ്പായിച്ചതുമാത്രം സത്യമാകുന്നു. അപ്പോൾ അവന്നു നല്ല പുരുഷപ്രായമായിരിക്കും. ആ സന്ദൎഭത്തിലാണു് അവൻ പട്ടാളത്തിൽ ചേൎന്നതു്. ഞാനും അവനും ഏകകാലത്തിൽ പട്ടാളം ഉദ്യോഗസ്ഥന്മാരായിരുന്നു. അവന്റെ ശിലാഹൃദയവും ക്രൂരകൎമ്മങ്ങളും എനിക്കു അന്നു അസുഖമായി തോന്നിയിരുന്നു. ഞങ്ങൾ സ്നേഹിതന്മാരായിരുന്നില്ല. എന്നാൽ ഒരു ഡിപ്പാർട്ടുമെന്റിൽ ഒരേ-

കാലത്തു് ഉദ്യോഗത്തിലിരുന്നു എന്നേയുള്ളു. അങ്ങനെയിരിക്കെ, അയാളുടെ പിതാവു മരിച്ചു. അവന്റെ സഹോദരൻ സിംഹവർമ്മനു രാജ്യാധിപത്യവും ധനവും ലഭിച്ചു. ബാക്കി കഥ തുടരുന്നതിനു് എനിക്കു നല്ല തൃപ്തിയില്ല.

തന്ത്രു.—അതല്ല. ഇത്രയും പറഞ്ഞ സ്ഥിതിക്കു് അതുംകൂടി തുറന്നുപറയുകതന്നെ വേണം.

രാമ.—ഉത്തമഗുണവാനായ സിംഹവർമ്മനും പതിവ്രതാരത്നമായ രത്നാംഗിയുമായി ക്ഷേമത്തോടെ രാജ്യം ഭരിച്ചിരുന്നപ്പോൾ ഒരിക്കൽ സിംഹവർമ്മൻ പതിവുംപ്രകാരം വേട്ടയ്ക്കു പോയിരുന്നു. എന്നാൽ അയാൾ മടങ്ങി എത്തിയിരുന്നില്ല. വേട്ടസ്ഥലത്തുനിന്നു സ്വമേധയായി കൂട്ടരെ വിട്ടുപിരിഞ്ഞു വളരെ ദൂരം അകന്നുപോയിരുന്നു. കൂട്ടുകാർ തിരക്കിയതിൽ മായാപുരത്തിനു പത്തുനാഴിക അകലത്തുള്ള ഒരു കാട്ടിൽ കൊല്ലപ്പെട്ടിരുന്നതായി കണ്ടു.

തന്ത്രപാലൻ കൊലചെയ്തവർ ആരെന്നറിവാൻ അന്വേഷണങ്ങൾ ചെയ്തില്ലേ?

രാമകുമാരൻ ഈ ചോദ്യത്തിനു് ഉടൻ ഉത്തരം പറഞ്ഞില്ല. അല്പസമയം കഴിഞ്ഞു താഴ്ന്നസ്വരത്തിൽ മൃദുവായി "അവന്റെ ശവത്തിനു സമീപം ഒരു ചെട്ടിയും നാരായവും കുത്തിനിറുത്തിയിരുന്നു" എന്നുപറഞ്ഞു. ഇതു കേട്ട ഉടൻ ഒരു തീക്കൊള്ളി തന്ത്രപാലന്റെ അടിവയറ്റിൽനിന്നും പാഞ്ഞു നെഞ്ഞത്തുകൂടി മേല്പെട്ടു കയറുന്നതായി തോന്നി. ഹൃദയം തിക്കിലടഞ്ഞു. ഒന്നുരണ്ടുപ്രാവശ്യം ദേഹം ഞെട്ടി. അയ്യോ! ദൈവമേ! അവന്റെ ഭാര്യയുടെയും ശിശുവിന്റെയും കഥ എന്തായിരിക്കും എന്നു താനറിയാതെ പറഞ്ഞു.

രാമകുമാ: ആ സാധ്വി, ഭർത്തൃവിയോഗദുഃഖത്തിന്റെ ദുസ്സഹതയാൽ പ്രാണത്യാഗംചെയ്തു് അകാലമരണം പ്രാപിച്ചു് ഭർത്താവിന്റെ ആത്മാവിനെ അനുഗമിച്ചു. വാത്സല്യനിധിയായി വളർത്തിയ പ്രിയപുത്രിയെ, ആ വിദശയിലെ നിസ്സഹായതയും ലോകജീവിതത്തിന്റെ ദുഃഖഭൂയിഷ്ഠമായ പരിണാമവും ഓർത്തു കൊന്നുകളഞ്ഞു. അവളും ആത്മത്യാഗം ചെയ്കയായിരുന്നു എന്നാണു ജനങ്ങൾ വിശ്വസിക്കുന്നതു്.

തന്ത്രു:—അവളുടെ പുത്രി അവളുടെ മരണശേഷം ലോകജീവിതത്തെ ആശ്രയിക്കുന്നതു് അവളുടെ മനസ്സിനു തൃപ്തികരമായിരുന്നില്ല.

രാമ:—അങ്ങനെയാണു കേൾവി. ഈ സംഭവത്തിനു ശേഷം ക്രൂരവിജയനെ ജമിന്ദാരായി പട്ടംകെട്ടി. അസംഖ്യധനത്തിന്റെ അവകാശി അയാളായി ഭവിച്ചു. ഈ സംഗതികൾ നടന്നിട്ടു് ഇപ്പോൾ പതിനാറു പതിനേഴു വത്സരങ്ങൾ ആയിട്ടുണ്ടു്. നമ്മുടെ പ്രസംഗം അധികം കവിഞ്ഞുപോകയാൽ സമയദൈർഘ്യം അറിഞ്ഞില്ല. കാ

വൽസേനാവിഭാഗത്തെ തയ്യാറാക്കേണ്ടിയിരിക്കുകൊണ്ടു ഞാൻ പാളയത്തിലേക്കു പോകട്ടെ.

എന്നു പറഞ്ഞു തന്ത്രപാലനോട്ട് അനുമതി വാങ്ങിട്ടു രാമകുമാരൻ പിരിഞ്ഞു. തന്ത്രപാലനും മടങ്ങി. കോട്ടപ്പുറത്തുനിന്നു താഴത്തിറങ്ങി പല കെട്ടുകളും മുററങ്ങളും കടന്നു, തന്റെ അധിവാസ ഗൃഹത്തെ നോക്കി നടന്നു. ഒരു താഴ്‌വാരത്തിൽക്കൂടെ നടന്നുകൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീയുടെ ശബ്ദം അയാളുടെ കർണ്ണഗ്രന്ഥങ്ങളിൽ പതിഞ്ഞു. അയാൾ നാലുപുറവും തിരിഞ്ഞുനോക്കി. വലത്തുഭാഗത്തായി ഒരുയൎന്ന സ്ഥലത്തുള്ള കെട്ടിടത്തിൽ അല്പം തുറന്നിരുന്ന ഒരു വലിയ വാതിൽവഴിയായി വിളക്കിൻവെളിച്ചംപ്രകാശിച്ചു കണ്ടു. അയാൾ അതിന്റെനേരെ പോകുവാൻ ആരംഭിച്ചസമയം എങ്ങലിയോടെ കരയുന്ന ഒരു സ്ത്രീയുടെ ദീനസ്വരം വ്യക്തമായി കേട്ടു. അയാൾ ധ്രുതഗതിയായി നടന്നു മുമ്പുപറഞ്ഞ കെട്ടിടത്തിലെത്തി. ആ വലിയ കതകു തുറന്ന് അകത്തു കടന്നു. അതു ദൈവപ്രാൎത്ഥന ചെയ്യുന്ന മുറിയാണെന്ന് അവിടെ കാണപ്പെട്ട ചില ലക്ഷ്യങ്ങളിൽ നിന്നനുമാനിച്ചു. ആരായിരുന്നാലും ദുഃഖത്തിലിരുന്നാൽ ഒരുസമയംതന്നെക്കൊണ്ടു വല്ല പ്രയോജനവുമുണ്ടായി എന്നുവന്നേക്കാം, എന്നുവിചാരിച്ചുകൊണ്ട് അടുത്ത മുറിയിൽ കടന്നു.

ആ വിശാലമായ അറയുടെ ഒരു ഭാഗത്തിലിരിക്കുന്ന ഒരുയൎന്ന സ്ഥലത്തു രണ്ടു ദീപങ്ങൾ എരിഞ്ഞുകൊണ്ടിരുന്നു. അതിന് എതിരായി ഒരു കന്യക ഇരിപ്പുണ്ടായിരുന്നു. അവൾ വാതലിൽ പൃഷ്ഠംതിരിഞ്ഞിരുന്നതിനാൽ തന്ത്രപാലൻ ചെല്ലുന്നതു കണ്ടിരുന്നില്ല. തന്ത്രപാലൻ അവളുടെ ദൎശനീയമായ രൂപലാവണ്യംകണ്ടു വിസ്മയിച്ചു. കാലടികളുടെ ശബ്ദംപോലുംമന്ദമാക്കികൊണ്ട് അയാൾ അവളെ സമീപിച്ചു. ആ സമയം അവൾ ഭക്തിയോടുകൂടി,

“ആ! ദൈവമേ! മഹാ ഉത്തമയായ എന്റെ യജമാനത്തിയെ ആപത്തിൽനിന്നു രക്ഷിക്കണേ. അവളിൽ നിന്നു യാതൊരു പീഡയും ഒരു പ്രാണിക്കും ഉണ്ടാകാത്ത നിലയിൽ ആൎദ്രചിത്തയായ അവൾക്ക് സകല ശാന്തിയെയും നല്കണേ. പരമദയാലോ! അവിടുന്ന് അണുമുതൽ ബ്രഹ്മാവരെയും അറുകംപുല്ലുമുതൽ മഹാമേരുവരെയും നിറഞ്ഞിരിക്കുന്ന ചൈതന്യവസ്തുവാണല്ലോ. ആസ്ഥിതിക്ക് അവൾ എവിടെ കൊണ്ടുപോകപ്പെട്ടു എന്നുള്ളതു ലോകസാക്ഷിയായ അവിടുത്തേക്ക് അറിവുള്ളതല്ലാതിരിക്കാൻ നിവൃത്തിയില്ല. അവളുടെ ഹൃദയശുദ്ധിയെ പരിക്ഷിക്കാൻ വിചാരിക്കരുതെ. കായവാങ്മാനസികമായി യാതൊരധൎമ്മവും അവൾക്കു ചെയ്യാൻ കഴിയാത്തവിധം അവളുടെ മനസ്സു പരിശുദ്ധമായതാകുന്നു. അധൎമ്മകൎമ്മനിരതന്മാരെ പ്രജാസമുച്ചയത്തിന്റെ വെളിച്ചത്തു കൊണ്ടുവന്ന് അവരുടെ സ്വാൎത്ഥജീ

വിതത്തിന്റെ നികൃഷ്ടപ്രസ്ഥാനത്തെ നാശമാക്കി ശിക്ഷിക്കുന്നതിൽ അവിടുത്തെ കൃപാകണികയുണ്ടാകണെ. എന്നു പ്രാൎത്ഥിച്ചിട്ട്, വീണ്ടും തേങ്ങി തേങ്ങി അവൾ കരഞ്ഞു.

ഈ പ്രാൎത്ഥനകളും വ്യസനവും കേട്ടുകൊണ്ടു തന്ത്രപാലൻ ആ നിലയിൽ തന്നെ നിന്നു. അവൾ തിരിഞ്ഞു നോക്കിയപ്പോൾ നിശ്ചലനായ ഒരു പുരുഷൻ നില്ക്കുന്നതുകണ്ടു ഭയന്നു ഞെട്ടി. തിരിഞ്ഞ സമയം പ്രകാശിച്ച രാകാചന്ദ്രമണ്ഡലംപോലുള്ള മുഖശോഭകണ്ടു തന്ത്രപാലൻ വിസ്മയപരവശനായിട്ട് ഇങ്ങനെ പറഞ്ഞു. ഞാൻ അടുത്തുതാഴ്വാരത്തിൽക്കൂടെയുള്ള പാതയിൽക്കൂടി പോയിക്കൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീയുടെ ദയനീയമായ സ്വരം കേട്ടു. അതാരായിരിക്കുമെന്നും എന്തിനായി വ്യസനിക്കുന്നുവെന്നും അറിയുവാനായി ഉടൻ ഇങ്ങോട്ടുപുറപ്പെട്ട് ഇവിടെ വന്നുചേൎന്നു. അനുവാദംകൂടാതെ നിങ്ങളുടെ വീട്ടിൽ കയറിയതിനു മാപ്പപേക്ഷിച്ചുകൊള്ളുന്നു.

പത്മാവതി അതുകേട്ടു ക്ഷീണസ്വരത്തിൽ ഇങ്ങനെ മറുപടി പറഞ്ഞു. നിങ്ങൾ വന്നതിൽ എനിക്കു പരിഭവമില്ല. അത് ഒരു കുറ്റമായി ഞാൻ ഗണിക്കുകയില്ല. നിങ്ങളെക്കണ്ടതിൽ എനിക്കു ഭയമില്ലെന്നു തന്നെയല്ല, മനസ്സിന് എന്തോ ഒരു സ്വാസ്ഥ്യമുണ്ടാകയും ചെയ്യുന്നു. എന്റെ യജമാനത്തിയായ താരാഭായിയെ ക്രൂരവിജയന്റെ ആൾക്കാർ ബലംപ്രയോഗിച്ചു പിടിച്ചുകൊണ്ടുപോയി. ഈ ആപത്തിൽനിന്നും അവൾക്കു മോചനം നല്കാനായി ഞാൻ ഈശ്വരപ്രാൎത്ഥന ചെയ്കയായിരുന്നു. പരിതാപകരമായ നിലയിൽ അകപ്പെട്ടു ദുഃഖിക്കുന്ന മഹാമനസ്കയായ ആ പരിശുദ്ധകന്യകയ്ക്കു സൎവ്വവിജയവും നല്കുവാനായുള്ള പ്രാൎത്ഥനയിൽ ഞാൻ അറിയാതെതന്നെ വ്യസനം ഉണ്ടായിക്കൊള്ളുന്നു. തന്നിമിത്തം എന്റെ ദീനപ്രലാപം ഉച്ചത്തിൽ വന്നുപോയി.

അവളുടെ സൌന്ദൎയ്യാതിശയമായ ശരീരസുഷമയും ഐശ്വൎയ്യദേവതയുടെ കേളീരംഗമെന്നപോലെ ശോഭിക്കുന്ന മുഖകാന്തിയും മാന്യനിലയിൽ ഉള്ള സംഭാഷണരീതിയും കണ്ടു്, നീ നിന്റെ യജമാനത്തിയുടെ മേൽ അധികം പ്രീതിയുള്ളവളായി കാണുന്നതു സ്തുത്യൎഹമാകുന്നു എന്നു പറഞ്ഞു.

പത്മാവതി.— ഞാൻ ബാല്യംമുതൽ അവളോടിണങ്ങിയും ഐക്യതയോടും വളൎന്നുവന്നു. അവൾ വളരെ വാത്സല്യമായി രക്ഷിച്ചുവന്നു. അതിലേയ്ക്കു ആമരണം നന്ദിക്കു ഞാൻ അവൾക്കു കടപ്പെട്ടിരിക്കുകയല്ലേ. അവളെ പിരിഞ്ഞിരിക്കുന്നതിന് എന്റെ മനഃശക്തിക്കു സാദ്ധ്യമല്ലാത്ത നിലയിൽ ഞങ്ങൾ രണ്ടുപേരും പാവനങ്ങളായ പെരുമാററങ്ങളാൽ ആന്തരാത്മാവിനു ഐക്യത സിദ്ധിച്ചുപോയിരിക്കുന്നു.

തന്ത്ര—കരുണയുള്ള ദൈവം വീണ്ടും അവളെ നിന്നോടുകൂടി ക്ഷേമപൂൎവ്വം യോജിപ്പിക്കും. നിന്റെ നിൎമ്മലഭക്തിപ്രവാഹരൂപങ്ങളായ പ്രാൎത്ഥനകളെ ദൈവം കൈക്കൊള്ളാതിരിക്കയില്ല.

പത്മാവതി—എന്റെ അതിരറ്റ വ്യസനത്തിന് അതല്ലാതെ മറ്റുപായമില്ല. ഒരു അമാനുഷികശക്തിയുടെ അവതരണം കൂടാതെ ഈ ആപത്തു നീങ്ങുകയില്ല. ദൈവപ്രാൎത്ഥനകളല്ലാതെ അന്തരംഗത്തെ തള്ളിപ്പൊളിച്ചുയരുന്ന താപത്തിനു ഉപശമമുണ്ടാകുന്നില്ല. ആ ക്രൂരവിജയപ്രഭുവിന്റെ നിൎദ്ദയമായ ഹൃദയത്തെയും, അയാളുടെ ജീവാപായപ്രയോഗയുക്തങ്ങളായ കഠിനകൎമ്മങ്ങളെയും കുറിച്ചു വിചാരിക്കുമ്പോൾ, സാധ്വിയും സുമനസ്വിനിയുമായ എന്റെ സഖിയുടെ ക്ഷേമോദയം ഭയനീയമെന്നു ഭയപ്പെടേണ്ടതായിരിക്കുന്നു.

തന്ത്ര—നാളെ രാവിലെ അവളെ വീണ്ടെടുക്കുന്നതിനായി അവളുടെ പിതാവ് എല്ലാ ഒരുക്കങ്ങളും തയ്യാറാക്കിയിരിക്കുന്നു. ശക്തിയേറിയ ഒരു സൈന്യബലം നാളെ അവന്റെ കോട്ടയെ ഉപരോധിക്കാതെയിരിക്കയില്ല. ഇപ്പോഴും സൈന്യത്തിൽ ആളുകൾ ചേൎന്നുകൊണ്ടുതന്നെയിരിക്കുന്നു. പ്രപഞ്ചശില്പിയായ ആ പരമകാരുണികന്റെ കൃപാകണികയുണ്ടായാൽ താരാഭായിയുടെ വിമോചനം രണ്ടുദിവസങ്ങൾക്കുള്ളിൽ സാദ്ധ്യംതന്നെ.

പത്മാ—എന്റെ പ്രാൎത്ഥനയുടെ നിൎവ്യാജവും ഭക്തിബഹുലത്താൽ പ്രൌഢവും ആയ ശക്തി, നിങ്ങളുടെ പ്രയത്നങ്ങൾക്കു സഹായമായിരിക്കും.

എന്നു സൌമ്യമായി പറഞ്ഞിട്ട് അവളുടെ ശയനമുറിയിലേക്ക് അവൾ കടന്നുപോയി. ലാവണ്യദേവതയായ അവളുടെ മനോഹരച്ഛായ, തന്ത്രപാലന്റെ നേത്രദൎശനിയിൽ കൂടെ കടന്നു ഹൃദയസ്ഫടികത്തിൽ പ്രബലമായി പതിഞ്ഞു. ഈ വികാരം അവളിലും അതേ കാലത്തിൽ സ്ഫുടനം ചെയ്കയാൽ ഇനി അല്പസമയംപോലും അയാളുടെ മുമ്പിൽ ഇരിക്കുവാൻ അശക്തയായിട്ടത്രേ, ഉറങ്ങുവാൻ വൈകി എന്ന വ്യാജേന ശയനമുറിയിലേക്കു കടന്നുപോയത്.

മായാപുരത്തെ ഉപരോധിക്കുവാൻ തയ്യാറാകുന്ന സൈന്യസംഘം എന്തോ ബലമേറിയ ഒരു പ്രയോഗശക്തിയിൽ അന്തൎഹിതമായിട്ട് ഉത്സാഹങ്ങൾ മിക്കവാറും കുറഞ്ഞുവരികയായിരുന്നു. ഇതു ഗുണത്തിനോ അതല്ല, ദോഷത്തിനോ കാരണമാകുന്നതെന്നു കണ്ടുനിൎണ്ണയിക്കേണ്ടിയിരിക്കുന്നു. ഈ പ്രയോഗം അസാമാന്യനായ ഒരാളുടേതായിരിക്കയില്ല. ഏതെങ്കിലും എല്ലാം വഴിയേ വ്യക്തമാകും.

# അദ്ധ്യായം ൮

താരാഭായി ഗൂഢാമന്ദിര(കല്ലറ)ത്തിൽ നിന്നു ക്രൂരവിജയപ്രഭുവിനാൽ അപഹരിക്കപ്പെട്ടു കൊണ്ടുപോകുമ്പോൾ അവൾ ബോധരഹിതയായിരുന്നുവെന്നു പറഞ്ഞിട്ടുണ്ടല്ലോ. അവളെ ആ നിലയിൽത്തന്നെ കൊണ്ടുപോയി. കോട്ട കടന്നശേഷം അവളെ കുതിരപ്പുറത്തു കയററി ഒരാളിന്റെ മാറോടുകൂടി ചുററും കുതിരകളിൽ ആയുധപാണികളായ ഭടന്മാർ സംരക്ഷിതയായിട്ടായിരുന്നു കൊണ്ടുപോയിരുന്നതു്.

താരാഭായിക്കു് ഓർമ്മയുണ്ടായി കണ്ണുതുറന്നു നോക്കിയപ്പോൾ തന്റെ സ്ഥിതി അപകടത്തിൽപ്പെട്ടിരിക്കുന്നു എന്നു ചുററുപാടും നോക്കി മനസ്സിലാക്കി. അവൾ വാഹകന്മാരോടു "നിങ്ങൾ എന്നെ എവിടെ കൊണ്ടുപോകുന്നു" എന്നു ചോദിച്ചു. "ആ സംഗതി വേഗം മനസ്സിലാകും. ഒന്നുകൊണ്ടും ഭയപ്പെടേണ്ടതില്ല. ഒരാപത്തും വരികയില്ല" എന്നു സംവാഹകന്മാർ മറുവടി പറഞ്ഞു.

ഇവരോടു ചോദിച്ചതുകൊണ്ടു പ്രയോജനമില്ല. ഏതായാലും വരുന്നതെല്ലാം ക്ഷമയോടുകൂടി അനുഭവിക്കുകയേ തരമുള്ളുവല്ലോ. ക്രൂരവിജയനല്ലാതെ മര്യാദയില്ലാത്ത കൃത്യം ചെയ്വാൻ മുതിരുന്നവരാരുമില്ല എന്നു അവൾ മനസ്സിൽ വിചാരിച്ചിട്ടു മൌനമായിരുന്നു.

അല്പനേരം കഴിഞ്ഞപ്പോൾ അത്യുന്നതമായ സൌധത്തിന്റെ സ്വർണ്ണസ്തൂപികകൾ നിരന്നുകണ്ടു. രാജസൌധം സമീപിച്ചതായി അവൾക്കു തോന്നി. ശത്രുഗൃഹം സമീപിക്കുന്തോറും അവളുടെ ധൈര്യം ശിഥിലമായിക്കൊണ്ടിരുന്നു. കിടങ്ങിലെ മരപ്പാലത്തിൽക്കൂടി നടക്കുന്ന ശബ്ദശ്രവണമാത്രത്താൽ അവളുടെ ഹൃദയം തകർന്നു. നെഞ്ഞിടിപ്പും ദേഹം മുഴുവനും ഭയപരവശമായ ഒരു വിറയലുമുണ്ടായി. കിടങ്ങുകടന്നു കോട്ടയ്ക്കുള്ളിൽ പ്രവേശിച്ചു. ഒരു വിസ്തീർണ്ണമായ മുററത്തു യാത്ര അവസാനിച്ചു. താരാഭായി കുതിരപ്പുറത്തുനിന്നു ഇറങ്ങി. അവിടെയുള്ള ഒരുന്നതമായ ചതുർഗൃഹത്തിൽ അവളെ കയററി കൊണ്ടുപോയി. ഞെരുങ്ങിയ പടിക്കെട്ടുകളിൽക്കൂടി ഒരു വീരൻ അവളെ വഴികാണിച്ചുകൊണ്ടു നടന്നു. ഈ മാർഗ്ഗം വളരെ ദീർഘക്കൂടിയതായിരുന്നു. അതു വേറൊരു ഉള്ളറയുള്ള മുറിയുടെ മുമ്പിൽ അവസാനിച്ചു. ആ ഇടുങ്ങിയ മാർഗ്ഗം അധികമായി ആൾസഞ്ചാരമില്ലാത്തതാണെന്നു പൊടിയും വലയുംകൊണ്ടു് അവൾ അനുമാനിച്ചു. കൂടെവന്ന ഭടൻ ആ വാതിലിൽ മുട്ടി. ഉടൻ ഉള്ളിൽ നിന്നും കതകു തുറന്നു് ഒരു വൃദ്ധ പ്രവേശിച്ചു. ഇവളുടെ ആകൃതി ഏകദേശം ബാണയുദ്ധത്തിലെ കുംഭാണ്ഡിയെപ്പോലിരുന്നു. എന്നാൽ ആ സാമ്യം ആകൃതിക്കല്ലാതെ പ്രകൃതിക്കുണ്ടായിരുന്നില്ല.

അവളുടെ വസ്ത്രധാരണരീതികൊണ്ടും മററും അവളുടെ സ്ഥിതി ഉയൎന്നതാണെന്നു വിചാരിക്കാം. ആ ഗൃഹത്തിൽ മററു സ്ത്രീകളില്ലാതിരുന്നതിനാലും, ഇവൾക്ക് ആ സ്ഥലത്തെ അധികാരശക്തിക്കു തന്നിമിത്തം പ്രാബല്യം വൎദ്ധിച്ചിരുന്നതുകൊണ്ടും, ദുൎന്നയങ്ങളിൽ സമൎത്ഥന്മാരായ ജനങ്ങളോടു സഹവസിച്ച് ആ വിദ്യയിൽ വിജയം ലഭിച്ചിരുന്നതുകൊണ്ടും അവളുടെ അധികാരബലം ക്രൂരവിജയന്റെ ആജ്ഞയുടെ സീമയെപ്പോലും അതിലംഘിച്ചു പ്രവൎത്തിച്ചിരുന്നു. താരാഭായിയെ അവളുടെ മുമ്പിൽ നിറുത്തി, "പണ്ടു പാഞ്ചാലീസ്വയംവരം കഴിഞ്ഞു കുന്തീദേവിയുടെ അടുക്കൽ ചെന്നു ധൎമ്മപുത്രൻ പറഞ്ഞതുപോലെ,, ഹേ! കരുതിഅമ്മേ! "ഞങ്ങൾ യുദ്ധം ചെയ്തതിൽ കിട്ടിയ ധനം ഇതാണ്. ഇവൾ നമ്മുടെ രാജധാനിക്ക് ഒരലങ്കാരദേവതയായിരിക്കും. നമ്മുടെ പ്രഭുവിന്റെ ഭാഗ്യലക്ഷ്മിയായ ഇവളെ യഥായോഗ്യം പരിചരിക്കണമെന്നുള്ള ഓൎമ്മയുണ്ടായിരിക്കണം" എന്നു പറഞ്ഞേല്പിച്ച് അവൻ മടങ്ങിപ്പോയി.

അനന്തരം ആ വൃദ്ധ താരാഭായിയെ ഒരു വിശാലമായ അറയിൽ കൊണ്ടുപോയിരുത്തി. അവിടെ തല്ക്കാലക്ഷീണശമനത്തിനു പൎയ്യാപ്തമായ ലഘുഭക്ഷണദ്രവ്യങ്ങൾ തയ്യാറാക്കപ്പെട്ടിരുന്നു. താരാഭായി ആ സമയം ഒന്നുംതന്നെ ഭക്ഷിച്ചില്ല. അവളുടെ സന്ത്രാസം ഒട്ടും ശമിച്ചിരുന്നില്ല. ഭയങ്കരമായ ആപത്തിലും ദുഷ്പ്രവേശമായ ഗൃഹത്തിലും അകപ്പെട്ടു തളൎന്നു വിവശയായ അവൾക്ക് ആ സമയം ഭക്ഷണപ്രീതിയുണ്ടാവുക സാധാരണമല്ലല്ലോ. മുഖംവാടി കരുവാളിച്ചും, ചിന്താപാരവശ്യത്തിൽ ആമഗ്നമായി കമ്പിട്ടും, ഉള്ളിൽ കത്തിയെഴുന്നു പ്രജ്വലിച്ചിരുന്ന താപാഗ്നിയുടെ ഉഷ്ണവൃദ്ധിയാൽ നിശ്വാസരൂപേണ പ്രവഹിച്ചും അവളുടെ തല്ക്കാലസ്ഥിതി ദയനീയമായിത്തന്നെയിരുന്നു.

ഇങ്ങനെ കുറെനേരം ചിന്താമഗ്നയായിരുന്നശേഷം താരാഭായി ആ വൃദ്ധയോട്, "നീ നല്ലവളെന്നു ഞാൻ വിചാരിക്കുന്നു. എന്നാൽ ഒരുപകാരം എനിക്കു ചെയ്തുതരണം. എന്നെ എന്തിനായി ഇവിടെ കൊണ്ടുവന്നിരിക്കുന്നു എന്നു പറയുന്നതിനേക്കാൾ വലിയൊരുപകാരം എനിക്കു ചെയ്യുവാനില്ല" എന്നു ചോദിച്ചു. "നിനക്കു ഇഷ്ടപ്രകാരവും ഇഷ്ടമുണ്ടാകുന്ന വിധത്തിലും എന്തു ചെയ്യുന്നതിനും തയ്യാറായിരിക്കുന്നു. എന്നാൽ യാതൊരു ചോദ്യത്തിനും ഉത്തരം പറയുവാൻ "എനിക്കധികാരമില്ല" എന്നു ആ വൃദ്ധ മറുവടി പറഞ്ഞു. താരാഭായി ഇരുന്നിരുന്ന അറയുടെ സമീപമുള്ള രണ്ടറകളെക്കൂടെ ചൂണ്ടിക്കാണിച്ചിട്ട് "ഇതു നിനക്കു യഥേഷ്ടം സഞ്ചരിക്കുവാനുള്ള അറകളാകുന്നു. നിനക്ക് ഈ അറയിൽ തനിയേ ഇരുന്നു മുഷിയുമ്പോൾ മറേറ അറകളിലും കടന്നു വിഹരിക്കുന്നതിനു വിരോധമില്ല. എനിക്ക് അനേകം ചുമതലയുള്ള ജോലികൾ ഉള്ളതുനിമിത്തം എന്നെ എല്ലാ സമയവും ഇവി

ടെ കാണ്മാൻ തരപ്പെടുകയില്ല. നിനക്ക് ആവശ്യമുള്ള സകല വേലകളും യഥാവസരം നിവൃത്തിക്കപ്പെടുന്നതിൽ അമാന്തമുണ്ടാവുകയും ഇല്ല. നീ വരുന്ന വൃത്താന്തം ഇന്നു കാലത്തു മാത്രമേ എനിക്കറിവു കിട്ടിയുള്ളു. കുറേനാളായി ചിലന്തികളും കൊതുകിനും മററും വാസനിലയനമായി അടച്ചുപൂട്ടിയിട്ടിരുന്നതുനിമിത്തം ഈ അറകൾ ഒന്നുംതന്നെ ഉപട്ടപ്പുള്ളവയായിരിക്കയില്ല. ഈ അറ ഞാൻ വൃത്തിയാക്കി പുതിയ മേല്ക്കെട്ടിയും അലങ്കാരങ്ങളും ചെയ്യിച്ചു തയ്യാറാക്കി. നിന്നെപ്പോലുള്ളവർക്ക് അധിവസിക്കുവാൻ ഈ അറയായ തല്ക്കാലം നല്ലതായിട്ടുള്ളു എന്നു പറഞ്ഞു് ഒരു വിളക്കും കത്തിച്ചു വച്ചിട്ടു; ഞാൻ പുറത്തേക്കു് ഒന്നു പോയിവരട്ടെ എന്നു പറഞ്ഞു വൃദ്ധാ പുറത്തുപോയി.

താരാഭായി വൃദ്ധയുടെ വാക്കുകൾക്കൊന്നിനും മറുപടി പറഞ്ഞില്ല. മൌനമായി ഇരുന്നതേയുള്ളു. തന്റെ ഉള്ളിൽ കൊള്ളാതെ വന്ന വ്യസനത്താൽ കുറേനേരം ഏങ്ങിഏങ്ങിക്കരഞ്ഞു. കണ്ണുനീർവീണു നെഞ്ചുംമുലപ്പടവും മുഴുവൻ നനയുകയും മുഖം ചുവന്നും നാസാദ്വാരം തുടിച്ചും കാണപ്പെടുകയും ചെയ്തു. അവളിരുന്ന മുറിയ്ക്കുള്ളിൽ നാലുപാടും നോക്കി. അതു വളരെക്കാലമായി ജനസഞ്ചാരമില്ലാതെ അടച്ചുപൂട്ടി ഇട്ടിരുന്നതായിരുന്നു എന്നു തോന്നി. അതിൽ കിടന്ന സാമാനങ്ങളെല്ലാം പുരാതനങ്ങളായവയുമായിരുന്നു. ഒരു കട്ടിലും അതിലുള്ള മെത്തയും ജീർണ്ണിച്ചു ഭവിച്ചവതന്നെ. ഒരുമേശ പണ്ടത്തെ ആശാരിമാരുടെ തക്ഷശില്പത്തിന്റെ അപരിഷ്കൃതാവസ്ഥയ്ക്കു് ഉദാഹരണമാകുന്നു. മേനിയും വൃത്തിയും കൂടാത്ത പണിത്തരങ്ങൾകൊണ്ടു് അവ വിരവിചിതങ്ങൾതന്നെ.

താരാഭായിയുടെ ഈ ഏകാന്തത്തടവ് എന്തിനായിട്ടാണെന്നു് അവൾക്കു പൂർണ്ണമായി വിചാരിക്കാൻകഴിഞ്ഞില്ല. അവൾ ഇടയ്ക്കിടെ ദീർഘനിശ്വാസംചെയ്തു് ഉള്ളിലുള്ളതാപത്തിന്റെ ഔഷ്ണ്യത്തെ പുറത്തു കളഞ്ഞും പിന്നെയും ഖേദിച്ചും പിന്നെയും വിരമിച്ചും ആരാത്രി ശിവരാത്രിയായിത്തന്നെ കഴിച്ചുകൂട്ടി. അവൾ ഗാഢമായി ദൈവത്തെ സ്മരിച്ചു. ഹാ! ദൈവമേ! എന്നെ എന്തിനായി സൃഷ്ടിച്ചു! ദുഃഖപര്യവസായിയായ ഈ ജന്മം എനിക്കു നൽകിയതെന്തിനാണു്. എന്റെ ജന്മംകൊണ്ടു ഹർഷാകുലനായിരുന്ന എന്റെ പിതാവിന്റെ ഇന്നത്തെ അവസ്ഥ എന്തായിരിക്കും? ഹാ! ജഗന്നിയന്താവേ! മനുഷ്യജന്മത്തിന്റെ പരമപ്രയോജനം ഇതായിരിക്കുമോ! സാമുദായികമായും സദാചാരകമായുംപലതും പ്രവർത്തിച്ചു സഹായസഹകരണങ്ങൾകൊണ്ടു പരോപകാരപ്രവർത്തനംചെയ്തു് ചരിതാർത്ഥതയിൽ ആത്മമനസ്സുകൾ വിലയം ചെയ്തു വിരമിക്കേണ്ടതിനു പകരം കൊല്ലാക്കൊലയും പുല്ലാപുലിയാട്ടും ഏകവൃതമായിച്ചകൾകൊണ്ടു്, പരജനാഗ്രഹത്തിൽ പരമാനന്ദലഹരി പിടിച്ചു്, പ്രമോദമറിയാതെ പരനിന്ദക്കു പാത്രമായി ലോകാപ

ലം കളഞ്ഞു്, ജീവിതോദ്ദേശത്തിൻെറ വിജയശ്രുദ്ധി നശിപ്പിച്ചു്, കേവലം മൃഗപ്രായത്തിൽ കണ്ണും കരളും കളഞ്ഞുകുളിക്കുവാനാണോ ഈ ഉൽകൃഷ്ടജന്മം ലഭിച്ചിട്ടുള്ളതു്. ലോകസ്ഥിതികൾ ഇങ്ങിനെയാണെങ്കിൽ ദൈവമേ! ഇതിൻെറ പരിണാമം വേഗത്തിലാകണേ. ഞാൻ ഭഗവൽപാദങ്ങളിൽ നിർവ്യാജഭക്തിയോടുകൂടി ശരണം പ്രാപിച്ചുകൊള്ളുന്നു. എൻെറ പിതാവിൻെറ ദുഃഖത്തെ ശാന്തമാക്കണേ എന്നിങ്ങനെ അവൾ ശോകാതിരേകത്താൽ പലതും പറഞ്ഞു പുലമ്പിക്കൊണ്ടിരുന്നു.

ഇവിടെനിന്നും രക്ഷപ്പെടുവാൻ വല്ല മാർഗ്ഗവും ലഭിക്കുമോ എന്നുള്ള ചിന്ത ഇതിനിടയിൽ അവൾക്കുണ്ടായി. ഉടൻ അവൾ എഴുന്നേററിരുന്നു നാലുപാടും നോക്കി. ഛേ! ഛേ! എന്തു മൂഢബുദ്ധി. പക്ഷിയെ പിടിച്ചു കൂട്ടിലടയ്ക്കുന്നവൻ അതിൻെറ വാതിൽ തുറന്നു വയ്ക്കുമോ? എന്തെല്ലാം ദുർഗ്ഗമങ്ങളായ മാർഗ്ഗങ്ങളെ കടന്നാലും കോട്ടയ്ക്കരികിലുള്ള കിടങ്ങു കടക്കുക എളുപ്പമുള്ളതല്ലല്ലോ. എന്നു വിരമിച്ചു വീണ്ടും വ്യസനിക്കുവാൻ തുടങ്ങി. അല്പനേരം കഴിഞ്ഞപ്പോൾ ഛേ! അങ്ങിനെയല്ല. എത്ര സമർത്ഥനും ചിലപ്പോൾ അജാഗ്രതയായിരുന്നുപോകാവുന്നതാണു്. തൻെറ കൈയിൽ നിന്നും വിട്ടുപോകുന്നതല്ലെന്നു വിചാരിച്ചു, പ്രതിബന്ധശക്തിയെ ബലമായി പ്രയോഗിക്കായ്കനിമിത്തം പല തടവുകാരും തടവുചാടിപ്പോയിട്ടുള്ളതായി കേട്ടിട്ടുണ്ടല്ലോ. നമ്മുടെ ശത്രു സകല മാർഗ്ഗങ്ങളും നിരോധിച്ചു തടഞ്ഞാലും, ഭക്തന്മാർക്കുവേണ്ടി പരമകാരുണികനായ ദൈവം ഒരു ഗൂഢമാർഗ്ഗം തുറന്നുകൊടുക്കുക സഹജമാകുന്നു. അതിനാൽ ഉള്ള സമയം വെറുതെ കളയുന്നതു കഷ്ടമാകുന്നു. ഏതായാലും പരിശോധിക്കുന്നതുകൊണ്ടു ദോഷമില്ലല്ലോ, എന്നു വിചാരിച്ചുറച്ചു് കൈയിൽ ദീപവുമായി എഴുന്നേററു് ആ അറയ്ക്കകം ഗാഢമായി പരിശോധിക്കുവാൻ തുടങ്ങി. അതിൽ യാതൊരു വിശേഷവും കണ്ടില്ല. അതിൽ കാണപ്പെട്ട സാമാനങ്ങൾ അതീതകാലങ്ങളിലുള്ളവയും ജീർണ്ണം ഭവിച്ചു നിരുപയോഗമായിത്തീർന്നവയുമായിരുന്നു. എന്നാൽ പഴയ കാലങ്ങളിലെ ശില്പവൈഭവത്തിനു് അവയെല്ലാം നിദർശനങ്ങളായവയായിരുന്നു.

ഇങ്ങിനെ രണ്ടറകളുടെ പരിശോധന കഴിഞ്ഞു മൂന്നാമത്തെ അറയിൽ കടന്നു. അതു് ഏററവും ഇടുങ്ങിയതും വിസ്താരക്കുറവുകൊണ്ടു സഞ്ചാരസൌകര്യമില്ലാത്തതുമായിരുന്നു. അതിൽ ഒരു മനുഷ്യൻെറ മുഴുവൻ രൂപമുള്ള പടം തൂക്കിയിരുന്നു. അതിലെ ഛായകൊണ്ടു അതു് ഒരു യുവാവിൻെറ രൂപമാണെന്നു തെളിയുന്നു. ആ അറയ്ക്കു രണ്ടു വിഭാഗങ്ങളുണ്ടു്. ഒന്നു് അവൾ നില്ക്കുന്നതും മററൊന്നു അതിൻെറ മുകളിലുള്ളതുമായിരുന്നു. മുകളിലെ അറയിൽ നാലു വെള്ളിവിളക്കുകൾ ഇരുന്നിരുന്നു. ആ പടത്തിലെ ഛായ അവ്യക്തമായിരുന്നതിനാ

ൽ പൊടികൾ തുടച്ചുനോക്കി. ഉന്നത സ്ഥിതിയിലുള്ള ഒരാളുടെ ഛായയാണെന്നുതോന്നി. വസ്ത്രാദ്യലങ്കാരങ്ങൾ അതിലേക്കു ദൃഷ്ടാന്തമായിരുന്നു.

ആ മുറിയിലുള്ള മറ്റെച്ചുവരിൽ സൌന്ദര്യസമ്പത്തികൊണ്ടു മനോമോഹനയായ ഒരു യുവതിയുടെ ഛായയും വയ്ക്കപ്പെട്ടിരുന്നു. ആ പടവും പൊടികൊണ്ട് അസ്പഷ്ടമായിരുന്നു. പൊടി കളഞ്ഞുനോക്കിയതിൽ സ്ത്രീവർഗ്ഗത്തിന്നാകമാനം അസൂയയുണ്ടാകത്തക്കനിലയിൽ സൌന്ദര്യധാമമായ ഒരു ഛായയെന്നുതോന്നി. ആ ഛായ തന്റെ മനോദർപ്പണത്തിൽ പ്രതിഫലിക്കാത്ത ഒരാളുടേതായിട്ടുതോന്നിയില്ല. ആ മോഹനരൂപം താരാഭായിയുടെ ദൃഷ്ടിയെ ബലമായാകർഷിച്ചു. പടം എല്ലാം മേല്പട്ട് കയറി തൂക്കിയിരുന്നതിനാൽ ഒരു പീഠമിട്ട് അതിന്റെ മുകളിൽ കയറിനിന്ന് ആ പടം പിടിച്ചു തിരിച്ചും മറിച്ചും ചാച്ചും ചെരിച്ചും ഛായാബോധം വരുത്തുവാൻ ശ്രമിച്ചു. പടം പിടിച്ചു തിരിച്ചു ഉടൻ ഭയന്നു ഞെട്ടി താരാഭായി പീഠത്തിൽനിന്നു പുറകോട്ടുചാടി മാറിനിന്നു.

ആ പടത്തിന്റെ പുറകിലുള്ള ഭിത്തിയിലെ ഒരു പലക പൊട്ടുന്നു മാറി. നോക്കിയപ്പോൾ അത് ഒരു ചെറിയ വാതിലാണെന്നു കണ്ടു. ഇതായിരുന്നു അവളെ സംഭ്രമിപ്പിച്ചത്. ആ വാതിൽവഴി വല്ലവനും വരികയായിരിക്കുമോ എന്ന് ആദ്യം ശങ്കിച്ചു. ക്രമേണ ആ മിഥ്യാഭ്രമം മാറി സ്വസ്ഥയായി ചമഞ്ഞു അവൾ ആ വാതിൽ പരിശോധിച്ചതിൽ ഒരു സൂത്രത്തമ്പുപിടിച്ചുവില്ലിൽപെട്ട് കതക് അടഞ്ഞിരിക്കുന്നതായി തോന്നി. തല്ക്കാലം അതിനെ പൂർവ്വസ്ഥിതിയിൽ വില്ലുമായി ഘടിപ്പിച്ചിട്ട് അവൾ ആ അറയിൽനിന്നും അവൾക്കസാധാരണമായി ഇരിക്കാൻ നിശ്ചയംചെയ്തിട്ടുള്ള അറയിലേക്കുപോന്നു. കഥതിയായ അവിടുത്തെ വേലക്കാരിവന്ന് ഈ സമ്പ്രദായങ്ങൾ കണ്ടെങ്കിലോ എന്ന ഭയവും അവൾക്കുണ്ടായിരുന്നു.

അവൾ വിളക്കു പൂർവ്വസ്ഥിതിയിൽ മേശമേൽ വച്ചിട്ട് ഇരിക്കുമ്പോൾ, ആരോ നടക്കുന്ന കാലടികളുടെ ശബ്ദം അവളുടെ ചെവികളിൽ പതിഞ്ഞു നാലുപാടും തിരിഞ്ഞു സംഭ്രാന്തയായി നോക്കി. ആ സമയം അവളുടെ മനസ്സിനുണ്ടായ സന്തോഷാതിരേകവും അത്ഭുതവും അതിരില്ലാത്ത ഹർഷത്തെ ജനിപ്പിച്ചു. തന്റെ മനോദർപ്പണത്തിൽ നിഴലിച്ച മാഞ്ഞുപോകാതെ പ്രതിക്ഷണം ഉജ്ജ്വലമായി പ്രകാശിച്ചുകൊണ്ടിരുന്ന വീരസിംഹൻ അവളുടെ മുമ്പിൽ അവതരിച്ച് അവളെ സമീപിക്കുകയായിരുന്നു. ഇതിലധികം ഒരു സുഖാതിശയം അവൾക്കുണ്ടാകാനില്ല. എന്നാൽ ആ സ്ഥലത്തിന്റെ പ്രതിബന്ധശക്തികൾ അവളുടെ ഓർമ്മയിൽ വന്നതോടുകൂടി വീരസിംഹന് അവിടെ കടന്നുവരുവാൻ സാധ്യമാകുമോ എന്നും വല്ലവരും തന്റെ മനസ്സിനെ പരി

ക്ഷിക്കാൻവേഷം ധരിച്ചിരിക്കയാണോ എന്നും സംശയിച്ച് അധീരയായി അല്പം പുറകോട്ടു മാറിനിന്നു, തന്റെ മുമ്പിൽ നില്ക്കുന്ന രൂപത്തെ സൂക്ഷ്മാവലോകനം ചെയ്തു.

വീരസിംഹൻ, ഹാ! നമ്മുടെ മുഖത്തു നോക്കുന്നതിന് അവൾക്കു ലജ്ജ തോന്നുന്നു. വികസിതമായ മുഖശോഭ പെട്ടെന്നു മങ്ങിക്കരുവാളിച്ചു ചിന്താവ്യാപാരത്തിൽ പ്രവേശിച്ചു് എന്തോ സംശയിച്ചു രൂപശോധനയിൽ പ്രവർത്തിക്കുന്നു. "കുററമുള്ള ഹൃദയം കുറുകുറുക്കും" എന്ന പഴഞ്ചൊല്ലു പതിരില്ലാത്തതുതന്നെ എന്നു മനസ്സിൽ വിചാരിച്ചിട്ടു, താരാഭായി! ഒരു പഴയ സ്നേഹിതൻ ഭവതിയുടെ സമീപത്തു നില്ക്കുന്നതു അറിയുന്നുണ്ടോ? സന്തോഷഭാവപ്രകടനത്തിനു് അസുഖം തോന്നുന്നുവോ എന്നു ചോദിച്ചു.

ഈ ചോദ്യം അവളുടെ സകല സന്ദേഹങ്ങളെയും പരിഹരിച്ചു. പരിതപ്തമയമായ ദേഹത്തിൽ ഹിമവൃഷ്ടിപാതമേററതുപോലെ അവൾ, മനസാ പരമാനന്ദസുഖം അനുഭവിച്ചു് അരനിമേഷം നിന്നുപോയി. പെട്ടെന്നു് ആ വികാരത്തിൽ നിന്നുണർന്നു, വീരസിംഹന്റെ അടുക്കൽ ആഞ്ഞണഞ്ഞെത്തു്, അയാളെ ആലിംഗനം ചെയ്തു് അല്പനേരം അതേനിലയിൽ ചാരിനിന്നു്, ആശ്രയത്തിന്റെ ഉചിതത്വത്തെ അനുരാഗപാരവശ്യത്താൽ ഉളവാകുന്ന നോട്ടംകൊണ്ടു് അഭിസംജ്ഞാപനംചെയ്തു. ആ! ദൈവമേ! നീ എന്നെ കൈവെടിഞ്ഞിട്ടില്ല. ഇപ്പോഴാണു് ഇവൾ എന്റെ ഹൃദയസ്ഥയായ താരാഭായിയായി പരിണമിച്ചതു്. ഫലോദ്ഗമത്തെ പ്രതീക്ഷിച്ചു ചുററിത്തിരിഞ്ഞിരുന്ന എന്റെ മനോരഥം ഇപ്പോഴാണു യഥാർത്ഥനിലയെ പ്രാപിച്ചതു്. ഇനി ഞാൻ ധന്യൻ തന്നെ. ഈ പരമശക്തിയെ ഉടയ്ക്കുവാൻ ഇനി ആരാലും ശക്യമല്ല.

താരാഭാ:—പ്രിയതമ! ഏതു മാർഗ്ഗമായി അങ്ങു് ഇവിടെ വന്നു? ശക്തിയേറിയ കാവലുകളും പല ദുർഗ്ഗമങ്ങളായ വഴികളുംകൊണ്ടു് ഈ സ്ഥലം കണ്ടുപിടിക്കുവാൻ ആരാലും ദുസ്സകമാകുന്നു.

വീരസിം:—താരാഭായി ആത്മപ്രിയതമേ! എന്നെ ഭവതിക്കു നല്ലപോലെ അറിയുവാൻ ഇനിയും അവസരം ലഭിച്ചിട്ടില്ലായ്കയാൽ ഈ സംശയം ജനിച്ചതാണു്. എത്ര ബലമേറിയ കോട്ടകളും, എത്ര സൂക്ഷ്മമേറിയ കാവലുകളും, എത്ര അവഗാഹമായ മാർഗ്ഗവിശേഷങ്ങളും എന്നെ പ്രതിബന്ധിക്കുന്നതിനു ശക്തമല്ല.

താരാ:—പ്രാണനായക! താങ്കളുടെ വീര്യവും ധീരതയും ശക്തിയുമെല്ലാം എനിക്കറിവില്ലാത്തവയല്ല. എന്നാൽ, ഇവിടെ ഏതു വഴിവന്നു എന്നറിവാൻ എനിക്കതിയായ ആഗ്രഹമുണ്ടു്. ആരും കാണാതെ കടന്നുകൂടിയ ആ മാർഗ്ഗം ഏതാണെന്നു് എന്നെ അറിയിക്കണം.

വീര:—ഇപ്പോൾ അതേസംബന്ധിച്ച് ഒന്നും ചോദിക്കരുതു. നമുക്ക് ഇവക സംഭാഷണങ്ങൾക്ക് ഇനി അവസരം ഇപ്പോഴില്ല. ഞാൻ പറയുന്നതു കേൾക്കുക. ഇനി രണ്ടുനിമിഷത്തിനകമ്മിൽ ഗർവിഷ്ഠനായ ക്രൂരവിജയൻ ഇവിടെ വരും.

താരാ:—അയ്യോ! ദൈവമേ! എന്നെ രക്ഷിക്കണേ. ഞാനെന്തു ചെയ്യേണ്ടു. തങ്കളെന്നെ രക്ഷിക്കണേ.

വീര:—ഞാൻ പറയുന്നതു കേൾക്കു. ഭവതിയെരക്ഷിക്കുവാൻ എന്നാൽ സാദ്ധ്യംതന്നെ.

താരാ:—അങ്ങനെയാണെങ്കിൽ എന്നെക്കൂടെ കൊണ്ടുപോകണേ. ആലോചിക്കേണ്ട അവസരം ഇതല്ല. എന്നെ രക്ഷിക്കുക.

വീര:—ഭവതിയെ ഇവിടെ നിന്നും ഇഷ്ടമുള്ള സ്ഥലത്തുകൊണ്ടുപോകാൻ എനിക്കു കഴിയും. ഇവിടെ ഇരുന്നാൽ താമസം കൂടാതെ ക്രൂരവിജയൻ ഭവതിയെ ബലം പ്രയോഗിച്ചു വിവാഹം ചെയ്യുമെന്നുള്ളതു സിദ്ധാന്തപക്ഷമാകുന്നു. അങ്ങനെ സംഭവിക്കാതെ ഞാൻ രക്ഷിച്ചുകൊള്ളാം. എന്നാൽ എന്റെ ചോദ്യത്തിനു സമാധാനംചെയ്യണം. ഭവതി എന്നെ പരസ്യമായി വിവാഹംചെയ്യുമോ? സർവ്വവുമുപേക്ഷിച്ചു ഞാൻ വിളിക്കുന്നിടത്തു വരുമോ? പിതാവോടൊന്നിച്ചിരുന്നാൽ നമ്മുടെ സമാഗമത്തെ നിർബന്ധമായി തടുക്കും. അതിനാൽ അദ്ദേഹം അറിയാതെ എന്നോടൊന്നിച്ചു വന്നു പാർക്കുമോ? ഇതിലേക്കു വേഗം ഉത്തരം പറയുക.

താരാഭായി.—(കണ്ണുനീർ പൊഴിച്ചുകൊണ്ടു) ഈ വ്യസനാകരമായ ആപത്തിൽപെട്ട എന്നെക്കൊണ്ടു നിർബ്ബന്ധനിബന്ധനകൾക്കു ഒപ്പുവയ്പിക്കുവാൻ ശ്രമിക്കുകയാണോ? അതിലേക്കു ഇതാണോ അവസരം കണ്ടതു്?

വീര:—അതേ! വലയുമ്പോൾ പിടിച്ചാലെ ഒടിയുകയുള്ളു. ഞാൻ ഭവതിയെ അത്ര ശക്തിയായി സ്നേഹിച്ചുപോയി.

താരാ:—വൃദ്ധതയിലെത്തിയ എന്റെപിതാവിനെ ഞാൻ ഉപേക്ഷിക്കുകയില്ല. താങ്കൾക്കുവേണ്ടിയായാലും അദ്ദേഹത്തെവിട്ടുപിരിയുകയില്ല. എന്റെ ജന്മം മുഴുവൻ ദുഃഖപര്യവസായിയായിഭവിച്ചാലും എന്റെ പിതാവിനെ വിട്ടുകളവാൻ ഞാൻ ശക്തയല്ല.

വീര—അങ്ങനെയായാൽ ഞാൻ ഭവതിക്കു യാതൊരുസഹായവും ചെയ്കയില്ല. ഭവതിയുടെമേലുള്ള അവകാശം എനിക്കുസ്വാതന്ത്ര്യമായിരിക്കണം.

ആ സമയം ആരോവരുന്ന കാലടിശബ്ദം കേട്ടു വീരസിംഹൻ അതാ! ക്രൂരവിജയൻ വരുന്നു എന്നു പറഞ്ഞു. അതുകേട്ടു് എന്നെ, രക്ഷിക്കരക്ഷിക്ക എന്നു കരഞ്ഞുകൊണ്ടപേക്ഷിച്ചു, താരാഭായി അയാളുടെ കാലുപിടിച്ചു.

വീര—അങ്ങനെതന്നെ രക്ഷിച്ചുകൊള്ളാം. എന്റെ അഭിപ്രായം അനുസരിച്ചു വാഗ്ദാനം ചെയ്ക.

താരാ—അയ്യോ എല്ലാം ചെയ്യാമെ! എന്റെ പിതാവിനെ മാത്രം ഞാൻ ഉപേക്ഷിക്കുകയില്ല.

വീര:—എന്നാൽ പ്രയാസമാകുന്നു, ഏതായാലും പിന്നെ വരാം. ക്രൂരവിജയൻ അടുത്തു വന്നുകഴിഞ്ഞു. അയാൾ വിവാഹകാൎയ്യത്തിൽ നിൎബന്ധംചെയ്താൽ രണ്ടുമൂന്നുദിവസംകഴിഞ്ഞു മനസ്സിനു സ്വാസ്ഥ്യം ഭവിച്ചശേഷം ആകാമെന്നു മറുപടി പറഞ്ഞയയ്ക്കുക. ഞാൻ പിന്നെയുംവരാം. നമ്മുടെ കാൎയ്യം അപ്പോൾ പറഞ്ഞുകൊള്ളാം. ഭയപ്പെടാതെ.

താരാ—അയ്യോ! എന്നെ കൈവിട്ടുപോകുകയാണോ, ദൈവമേ! എനിക്കിനി ആരും ആശ്രയമില്ലേ. എന്നെ രക്ഷിക്കണെ എന്നുവാവിട്ടു കരഞ്ഞു.

വീരസിംഹൻ വായ് പൊത്തിപ്പിടിച്ചിട്ടു കരയാതെ. ഞാൻ നാളെ വന്നുകൊള്ളാം. എന്റെ അഭിപ്രായങ്ങളെ ആലോചിച്ചു തീരുമാനിച്ചുകൊള്ളുക. ഇത്രയും പറഞ്ഞതുകേട്ട് അവൾ നിവൎന്നുനോക്കിയപ്പോൾ വീരസിംഹൻ അപ്രത്യക്ഷനായിരിക്കുന്നു. ഇതെന്തുവൈചിത്ര്യം! എങ്ങോട്ടുപോയി! എതിലേപോയി.

ആ സമയം കതകു തുറന്നു ക്രൂരവിജയപ്രഭുരാജാ തനിയെ താരാഭായിയുടെ അറയിൽ പ്രവേശിച്ചു. അവൾ ദൂരെ മാറി ഭയന്നുകട്ടകിടെ വിറച്ചുകൊണ്ടു ഭിത്തിയിൽ ചാരി കുനിഞ്ഞു നിന്നു. അയാൾ മുറിയിൽ കടന്ന് ഒരു പീഠത്തിൽ ഇരുന്നു. ഉടൻധൈൎയ്യത്തെ അവലംബിച്ച് എന്നാൽ നിങ്ങൾക്കെന്നോടുള്ള കാൎയ്യമെന്താണ് എന്നു താരാഭായി ചോദിച്ചു.

ക്രൂര: ഭേഷ്! ഭംഗിയായ ചോദ്യം. വൃഥാ സംസാരിക്കുന്നതിന് എനിക്കും സമയമില്ല. മനസ്സുണ്ടായാലും ഇല്ലെങ്കിലും ശരി. നാളെ ഞാൻ നിന്നെ വിവാഹം ചെയ്യുന്നതാണ്. നീ അതിലേക്കു തയ്യാറായി ഇരുന്നുകൊള്ളണം:

താരാ —നാളെയോ? പ്രഭോ! എനിക്ക് അതെപ്പററി തന്നത്താനെ ആലോചിക്കുന്നതിനും സമയം അനുവദിക്കുകയില്ലെന്നോ?

ക്രൂര—അനുകൂലമായിരുന്നാൽ കാലതാമസം അനുവദിക്കുന്നതിനു വിരോധമില്ല.

താരാ—എന്നെ സങ്കടപ്പെടുത്തേണ്ടതുണ്ടോ? ഞാൻ പ്രഭുവിന്റെ ഗൃഹത്തിൽതന്നെ ഇരിക്കുകയല്ലേ? എനിക്കു മനസ്സമാധാനമുണ്ടാകുന്നതിനായി അഞ്ചുദിവസത്തെ അവധി അനുവദിക്കണം.

ക്രൂര—അങ്ങനെ തന്നെ.

അങ്ങനെ സമയം ചെയ്തിട്ടു പ്രഭു ആ അറയിൽനിന്നും പുറത്തേ

ക്കു കടന്നുപോയി. എന്റെ പിതാവിന്റെ സ്ഥിതി എന്തായിഎന്നറിഞ്ഞില്ല. അതു ചോദിക്കാൻ വിട്ടുപോയി. യുദ്ധത്തിന്റെപൎയ്യവസാനം എങ്ങിനെആയി എന്നറിഞ്ഞില്ല. വൃദ്ധനായപിതാവു് എന്നെക്കുറിച്ചു ദുഃഖിക്കുന്നവനായിരിക്കണം. ഈ വാൎദ്ധക്യകാലത്തു് അദ്ദേഹം വ്യസനിക്കുന്നതു കാണ്മാൻ ഇടയാക്കിയ പാപശക്തിക്കു ഹേതു എന്തായിരിക്കുമോ? എനിക്കൊന്നും അറിവില്ല. ദൈവമേ! എന്റെ പിതാവിനു കരുണയോടുകൂടി സമാധാനം നല്കേണമേ എന്നു് അവൾ മനസ്സലിഞ്ഞു ഭക്തിയോടുകൂടി പ്രാൎത്ഥിച്ചു.

അടുത്തദിവസം സൂൎയ്യൻ സമുദ്രചക്രവാളത്തിൽനിന്നു് അരുണപ്രഭയോടുകൂടി ഉദയംചെയ്തു. മായാപുരം കോട്ടയിൽനിന്നു സുമാർ ഏഴെട്ടുനാഴിക അകലെയുള്ള കാഞ്ചനപൎവ്വതശിഖരത്തിലുള്ള തൂണാകടങ്ങളിൽ പററിയ ഹിമരാശികളിൽ സൂൎയ്യകരങ്ങൾ തട്ടി രജതപൎവ്വതമെന്നു തോന്നുമാറു ധവളകാന്തിയെ പ്രകാശിപ്പിച്ചു; ആ പൎവ്വതപ്രാന്തങ്ങളിൽ ഉറന്നൂറി പ്രവഹിക്കുന്ന നദികളിൽ ആ ധവളിമ രജതസാരസ്യനംപോലെ വിളങ്ങി. ആ പൎവ്വതശിഖരത്തിനു നാലായിരം അടികൾക്കുമേൽ പൊക്കമുണ്ടു്. ആ കൊടുമുടിയിൽനിന്നു ചുററും നോക്കുന്ന ദ്രഷ്ടാവിനു നൂററമ്പതുമൈൽസകലത്തുള്ള സ്ഥലങ്ങളെ കാണ്മാൻ പ്രയാസമില്ല. ഇടയ്ക്കിടെയുണ്ടായിട്ടുള്ളഭൂകമ്പങ്ങൾമൂലം മലയോരങ്ങളിൽ പാതാളംവരെ ആഴമുള്ള പിളൎപ്പുകൾ കാണ്മാനുണ്ടു്. ഈ വിടവുകൾ കടക്കുവാനുള്ള അസാദ്ധ്യംമൂലം ഈപൎവ്വതം പ്രായേണ ജനസഞ്ചാരശൂന്യമായിരുന്നു.

ഇത്ര ദുൎഗ്ഗമമായ പൎവ്വതത്തിന്റെ മുകളിൽ അന്നുരാവിലെ രണ്ടു മനുഷ്യർ സംസാരിച്ചുകൊണ്ടു നില്ക്കുന്നുണ്ടായിരുന്നു. ഇത്രധീരതയും ശൂരതയുമുള്ളവർ ആരായിരിക്കും. അവർ നമ്മുടെ വീരസിംഹനും ഭൂതരാജനും തന്നെ. മററാൎക്കും അതിനു കഴിവില്ല.

ഭൂത—വീരസിംഹൻ ഇനിയും നീ അങ്ങനെ തന്നെ ആഗ്രഹിക്കുന്നുവോ?

വീര—അതേ! അതേ! അവർ ഇന്നു ക്രൂരവിജയന്റെ കോട്ടയെ ഉപരോധിക്കുവാനുള്ള ശ്രമത്തെ നിശ്ചലമായി തടയുകതന്നെ വേണം.

ഭൂത—ഇതാ നോക്കു് നമ്മുടെ മുമ്പിൽ തഴച്ചു വളൎന്നു വികസിച്ചിട്ടുള്ള പുഷ്പങ്ങളെയും, സ്വാദിഷ്ഠങ്ങളായ ഫലങ്ങളെയും, താങ്ങിക്കൊണ്ടു് അലഞ്ഞാടി, വായുപ്രവാഹങ്ങളേററു ചലിക്കുന്ന വൃക്ഷലതാദികളെ നോക്കു്. ഇനി ഒരു മണിക്കൂറിനുള്ളിൽ ഇവയെല്ലാം തലകീഴായി വീണു നശിച്ചുപോകുമെന്നല്ലേ നീ വിചാരിക്കുന്നതു്?

വീര—ഇന്നു രാത്രിയിൽ രാജശേഖരൻപ്രഭു തന്റെമകളെ മോചനം ചെയ്യത്തക്കവണ്ണം യാതൊന്നും പ്രവൎത്തിക്കാതെ ഇരിക്കുകതന്നെ വേണം.

ഭൂതം:—ഞാൻ നിനക്കു നല്കീട്ടുള്ള ശക്തിയുണ്ടായിരിക്കെ, അതിനെ സാധിക്കുവാനുള്ള ശക്തി നിനക്കില്ലെന്നു എന്തുകൊണ്ടു സന്ദേഹിക്കുന്നു?

വീര—ആഹാ! ഞാൻ ഏതുസൈന്യത്തെയും ഒരുനിമിഷംകൊണ്ടു പഞ്ഞിപോലെ പറത്തി ആ കന്യകയെ വീണ്ടുകൊണ്ടുപോരാം. എന്നാൽ ഒരു കന്യകയുടെ മനസ്സിനെ സ്വാധീനംചെയ്തു ബലമായി പിന്തിരിക്കുവാനുള്ള ശക്തി എനിക്കു തന്നിട്ടുണ്ടോ?

ഭൂതം - ശരി! അതു സത്യംതന്നെ.

വീര:—അതിനാൽ മന്ത്രംകൊണ്ടു അവളുടെ മനഃശക്തി എനിക്കു സ്വാധീനപ്പെടുന്നതിനുവേണ്ട സമ്പ്രദായം അറിയേണ്ടിയിരിക്കുന്നു.

ഭൂതം—ഹേ! മൂഢമനുഷ്യ! അങ്ങനെ ചെയ്യുന്നതിനുള്ള ശക്തി നിനക്കു ഇല്ലെന്നു വിചാരിക്കാതെ. ഞങ്ങളുടെ വംശക്കാർ നിർദ്ദയന്മാരെന്നും, മനുഷ്യർ ദയയും ജീവകാരുണ്യവും ഉള്ളവരെന്നും നടിക്കുന്നതു നിരർത്ഥമാകുന്നു. എനിക്കു നിന്റെമേലുള്ള ദയാവാത്സല്യങ്ങളാൽ നിന്റെ ഏതു ഹിതത്തെയും സാധിപ്പിച്ചുതരുവാൻ എന്റെ സഹായം നിനക്കു സിദ്ധമായിത്തന്നെയിരിക്കുന്നു നോക്കൂ. ഈ വനത്തിലുള്ള മൃഗം, പക്ഷി, അണുപ്രാണികൾ മുതലായ സമസ്തജീവജാലങ്ങളും സാധുക്കളായ എത്രയോ മനുഷ്യരും അല്പസമയത്തേക്കു അനുഭവിക്കുന്ന പ്രയാസങ്ങളും സങ്കടങ്ങളും നോക്കുക. ഇവയിൽ എത്രയോ എണ്ണങ്ങളുടെ ആയുസ്സു ഇന്നുകൊണ്ടു അവസാനിക്കുന്നതാകുന്നു.

വീര--എന്നാൽ ശരി? ഇനി നിങ്ങൾ കാര്യത്തിൽ പ്രവേശിക്കുക.

ഭൂതം ഉടൻതന്നെ വടക്കു തിരിഞ്ഞുനിന്നു രണ്ടുകൈയുംചേർത്തു മേല്പോട്ടു പൊക്കി അടിയിൽ കണ്ട മന്ത്രത്തെ ഉച്ചരിച്ചു.

"വാവാവാവാ മഴയേ വാവാ
കാററുംമഴയും കടുകനെ വാവാ
ശക്തിയെഴുംമേഘങ്ങൾസമർത്ഥാ
വിക്രമമുള്ളകൊടുങ്കാററോടും
കിഴ്കാററുംനൽചുഴലിക്കാററും
ചുഴലയടിക്കുംശ്രുവേലിയും
ഒന്നായ്ക്രീഡിച്ചൊരുമയോടികൊണ്ടു
മിന്നിയെഴുന്നോരമിന്നലുമെല്ലാം
അതലവുമതുഭവനങ്ങളടങ്ങി
വിതലവുമിന്നുവിറച്ചുകുഴങ്ങി
മണ്ണുംമരവും വീണുനുറുങ്ങി

32.J.
94308
O32:3M933:H
F6

അണ്ഡകടാഹമതിളകിമുഴങ്ങി
മണ്ഡലമെല്ലാംക്രൂരിതരംപൊങ്ങി
കണ്ടവരെല്ലാമോടിയടങ്ങി
സ്ഥാവരമെല്ലാംചിഴുത്തുപുഴങ്ങി
ജീവികളെല്ലാംജീവനൊടുങ്ങി
തീപ്പൊരിവർഷിച്ചുംഭ്രമമേററി
ആളിപ്പോട്ടകടലുംകരയുംചുററി–
ട്ടുലകിടമിളിപൊടിതവിളായ്യോക
ശഢ്‌ ഢരഢ്രീഢ് സ്രീഢ്രീ ഢംഢ് ജ്ജ്ഢ്
ആം ഹ്രൂം ഫോം ഫെം ഹ്രീം സ്വാഹാ."

എന്നസംധ്യാനാമത്തോടുകൂടിയമന്ത്രോച്ചാടനംചെയ്തു വായടയ്ക്കുന്നതിന്നുമുമ്പിൽ അല്പവും വ്യത്യാസമില്ലാതിരുന്ന പരിശുദ്ധമായ ആകാശത്തിൽ വടക്കുമാറി അതിദൂരത്തായിട്ടു്, ഒരുപക്ഷി പറക്കുന്നുവോ എന്നു തോന്നുമാറു് ഒരു കാർമേഘം ഉദിക്കുന്നു കണ്ടു. അരമണിക്കൂർ സമയംകൊണ്ടു് അതു് ആകാശമണ്ഡലംമുഴുവൻ വ്യാപിച്ചു. അടുത്തുനില്ക്കുന്ന വസ്തുവെ തിരിച്ചറിവാൻ പാടില്ലാത്തവിധം ക്രൂരിതരം എങ്ങും പരന്നു. അനേകായിരം പീരങ്കിവെടികൾ ഒന്നിച്ചു വെടിവെയ്ക്കുന്നതുപോലുള്ള ചടപടശബ്ദങ്ങളായ ഇടിവെട്ടലുകൾ തുടർന്നു. അതിതീവ്രങ്ങളായ മിന്നൽപിണരുകൾ അടിക്കടി മിന്നി നേത്രങ്ങൾവഴി ഞരമ്പുകളിൽലയിച്ചു ലോകർക്കു് ഒരുവിധം ഭയത്തെയും സന്ത്രാസത്തെയും ഉണ്ടാക്കി. അതോടുകൂടി ഘോരമായ വൃഷ്ടിപാതവും തുടങ്ങി. ഒരു മണിക്കൂർകൊണ്ടു ലോകംമുഴുവൻ സമുദ്രമയമായിത്തോന്നി.

ജീവരാശികൾ വെള്ളത്തിൽ മുങ്ങിയും പൊങ്ങിയും കുടിച്ചും ചിത്തും നീന്തിയും ഉന്തിയുംതള്ളിയും ജീവാപേക്ഷയിൽതള്ളാടിവലയുന്നു. പക്ഷിവർഗ്ഗങ്ങൾ വെള്ളത്തിൽവീണു ചിറകിട്ടടിച്ചു പരിചിതജീവിതാശയിൽനിന്നു പിരിയുവാനുള്ള വെറുപ്പിനെ പ്രകാശിപ്പിക്കുന്നു. അത്യുന്നതങ്ങളായ വൃക്ഷങ്ങൾ വേരുകൾപറിഞ്ഞു ഭയങ്കരശബ്ദങ്ങളോടുകൂടി മറിയുന്നു. മൃഗങ്ങൾ നീന്തിയും കുടിച്ചും കൈകാലുകളിട്ടടിച്ചും വെള്ളംകുടിച്ചും പള്ളവീർത്തും ശ്വാസംമുട്ടിയും ചത്തുപൊങ്ങുന്നു. സൌധങ്ങളുടെ കുടികൾ വെള്ളത്തിന്മീതേ പൊങ്ങിയൊഴുകുന്നു. അത്യുന്നതങ്ങളായ ഗോപുരങ്ങളും മേടമാളികകളും ഇടിഞ്ഞും തകർന്നും വീഴുന്നു. അനേകശതം ഗൃഹങ്ങളുടെ മേൽക്കൂരകൾ അടിയോടിളകി മറിച്ചുകൊണ്ടു് ഉഗ്രമായ കൊടുങ്കാററു മുഴമ്പട്ടു പാഞ്ഞുപൊയ്ക്കൊണ്ടിരിക്കുന്നു.

എന്തിനേറെപ്പറയുന്നു. നിശ്ശബ്ദമായി നിരതിശയാനന്ദത്തിൽ മുങ്ങിയിരുന്ന മനുഷ്യർ വേദാന്തികളുടെ "നശ്വര"പദത്തിന്റെ അകവും പുറവും അല്പസമയംകൊണ്ടറിഞ്ഞുകഴിഞ്ഞു എന്നുപറഞ്ഞാൽ മ

തി. മഴയുടെ ഉഗ്രശക്തിക്കു കുറവുണ്ടായെങ്കിലും അതു് ഉദ്ദേശം ആറു മണിക്കൂർ സമയംകൊണ്ടേ ശമിച്ചുള്ളു. ഇടിയും മഴയും ആരംഭിച്ചഉടൻ വീരസിംഹൻ പർവതശിഖരത്തിൽ നിന്നു മായമായി മറഞ്ഞുകളഞ്ഞു. ഭൂതംമാത്രം ഇതിന്റെ പര്യവസാനംവരെ അവിടെനിന്നിരുന്നു.

---

## അദ്ധ്യായം ൬.

ഇടിയും മഴയും കൊടുങ്കാറ്റും ആരംഭിക്കുന്നതിനുമുമ്പായിത്തന്നെ താരാഭായി എഴുന്നേറ്റിരുന്നിരുന്നു. തനിക്കുണ്ടായ ആപത്തിനെസംബന്ധിച്ചു വിചാരണചെയ്തിരുന്ന മനോരംഗത്തിൽ പിതാവിന്റെ അജ്ഞാതമായ സ്ഥിതിഗതികളുടെ ആകാംക്ഷ ഉദയംചെയ്തു. അതേപ്പറ്റി ഒരറിവും അവൾക്കു ലഭിക്കാതിരുന്നതിനാൽ തത്സംബന്ധമായ ഒരു വ്യാകുലം "കൂനിന്മേൽകുരു" എന്നപോലെ, അവളുടെ സന്തപ്തഹൃദയത്തിന്റെ താപവേഗത്തെ ഒന്നുകൂടി വർദ്ധിപ്പിച്ചു. ശത്രുഗൃഹത്തിൽ ഏകാന്തതടവുപോലെ അടയ്ക്കപ്പെട്ടു്, നിർജ്ജനാലയാംശത്തിൽ മൌനാവലംബിയായി വർത്തിക്കുന്ന തനിക്കു് ആവക സംഗതികൾ അറിവാനുള്ള മാർഗ്ഗമേ ഇല്ല. തനിക്കുവേണ്ടിമാത്രം ജീവിതത്തിന്റെ ഉത്തരകാലത്തെ നയിച്ചിരുന്ന പിതാവിന്റെ അനന്തരസ്ഥിതികളെന്തായിരിക്കുമെന്നിങ്ങനെ ഒന്നും തിരിച്ചറിവാൻ വഴിയില്ലാതെ അവളുടെ മനോവേഗം അങ്ങുമിങ്ങുംമുട്ടി തനിയെ അമർന്നു വിചാരലഹരിപിടിച്ചു മഗ്നമായി. ഇനി നാലുദിവസങ്ങളേയുള്ളു ക്രൂരവിജയന്റെ വിജയപതാകയുടെ ഇളകിയാട്ടം മുറുകിവരുന്നു, നാളെ വരാം എന്നു പറഞ്ഞുപിരിഞ്ഞ വീരസിംഹൻ വരുവാനമാന്തിക്കുമോ. അദ്ദേഹത്തിനു് എന്റെമേൽ മുമ്പുണ്ടായിരുന്നതുപോലുള്ള പരിശുദ്ധപ്രണയം ഇപ്പോഴില്ലെന്നു തോന്നുന്നു. എന്നാൽ അതിനു കാരണമില്ല. അത്രമാതിരി അഗാധമായ പ്രണയപാരവശ്യം അദ്ദേഹത്തിനുണ്ടായിരുന്നുവെങ്കിൽ ഈ ആപൽപതനത്തിൽ ഇമ്മാതിരി കഠിനനിബന്ധനകൾ ആവശ്യപ്പെടുമോ. പുരുഷഹൃദയം വാസ്തവത്തിൽ സ്വൈരമുള്ളതല്ല. അതു് ഉദ്ദേശസാദ്ധ്യത്തിനുള്ള വ്യാമോഹത്തിൽ വർത്തിക്കുകയാണെന്നസാധാരണം. അതിന്റെ നിർമ്മലമായ പരിമളം പുരാണപുരുഷന്മാരായ ശ്രീരാമൻ, നളൻ മുതലായവരിൽക്കൂടിയും പരിണാമമുറപ്പുവരെ വീശിയിരുന്നതായി കാണുന്നില്ല. ഗർഭിണിയായിരുന്ന സീതയെ നിർജ്ജനമായ വനത്തിലുപേക്ഷിക്കാൻ കാരണം അതുതന്നെയായിരുന്നു. രാവണഗൃഹത്തിലെ വാസം അശങ്കിതമെന്നു് അഗ്നിപ്രവേശംകൊണ്ടു രാമഹിതമായി ബോദ്ധ്യംവരുത്തിയതിനെ ആദരിച്ചു സ്വീകരിക്കയും, ഗർഭോല്പാദനംവരെ അതു പ്രണയപരവശതയിൽ ലയിച്ചു സുഖാവബോധത്തിൽ

വർത്തിക്കയുംചെയ്തിരുന്ന സാധ്വീതമമായ സീതയെ നിസ്സാരന്മാരായ നർമ്മസചിവന്മാരുടെ വാക്കുകളെ അനുമതിച്ചു, പക്ഷിമൃഗാദികളെക്കൊണ്ടുകളയുന്നതുപോലെ പരിത്യജിപ്പാനുണ്ടാക്കിയ ധൈര്യം, പരിശുദ്ധപ്രണയത്തിന്റെ അഭാവമോ, അതിന്റെ സ്ഥായിഭാവത്തിനുള്ള അസ്ഥിരതയോ ആയിരിക്കണമെന്ന് ആർക്കുതന്നെ അറിഞ്ഞുകൂട.

ആന്തരമായ സ്നേഹത്തിന്റെ വിജൃംഭണവും വിസ്രംഭവും ഉണ്ടാകുന്ന അവസരം ആപല്ക്കാലങ്ങളിലാകുന്നു. തന്റെ സ്നേഹിതനോ ഭാര്യാപുത്രൻ തുടങ്ങിയ ഭരണീയജനങ്ങൾക്കോ ആപത്തു നേരിടുമ്പോഴാണ് അവരെക്കുറിച്ചു തനിക്കുള്ള സ്നേഹാദരപ്രണയങ്ങളെ അളന്നു തിട്ടപ്പെടുത്താനവസരം ലഭിക്കുന്നത്. ആ സമയം വിപരീതമായി പ്രവർത്തിക്കുന്നതു് അധമസ്വഭാവംതന്നെ. മൌനാവലംബനം അസ്ഥിരതയുടെ അടയാളവുമാകുന്നു. ഭർത്തൃഹരിയുടെ

"സന്തപ്തായസി സംസ്ഥിതസ്യ പയസോ നാമാപി ന ശ്രൂയതേ,
മുക്താകാരതയാ തദേവ നളിനീപത്രസ്ഥിതം ദൃശ്യതേ,
അന്തസ്സാഗരശുക്തിമദ്ധ്യപതിതം തന്മൌക്തികം ദൃശ്യതേ,
പ്രായേണാധമമദ്ധ്യമോത്തമജുഷാമേവംവിധാവൃത്തയഃ"

എന്നുള്ള ഉത്തമ, മദ്ധ്യമ അധമ സ്നേഹിതന്മാരുടെ സ്വഭാവഗതികളെസ്സൂക്ഷ്മാവലോകനം ചെയ്ത് അന്യാദൃശങ്ങളായ ഉദാഹരണങ്ങൾകൊണ്ട് അവയെ തെളിയിച്ചിരിക്കുന്നത് എത്ര ശരിയായിരിക്കുന്നു.

അതിനുമുന്നം വീരസിംഹനുള്ളതായി പ്രകടനം ചെയ്തിരുന്ന പ്രണയം ഇപ്പോൾ അതിന്റെ പരിശുദ്ധാവസ്ഥക്കു ഹാനിതട്ടിയമാതിരിയിൽ പ്രകാശിക്കുകയല്ലേ എന്നാണ് എനിക്കുള്ള സംശയം. അതു ശരിയായിരിക്കുമെങ്കിൽ എന്റെ രക്ഷാസ്ഥാനം നിരാശ്രയതയിൽ ഉറച്ചുപോയിരിക്കാനാണിടയുള്ളത്. ഈ വിചാരത്തിലെത്തിയപ്പോൾ താരാഭായിയുടെ നേത്രങ്ങൾ അശ്രുപൂർണ്ണങ്ങളായി.

ആ സമയം കുമതി അവിടെ കടന്നുചെന്നു രാവിലത്തെ ഭക്ഷണം തയ്യാറായിരിക്കുന്നു കൊണ്ടുവരട്ടെ എന്നു ചോദിച്ചു. ഇതിനുള്ളിൽ കാററും മഴയും ഇടിയും മിന്നലുമെല്ലാം ആരംഭിച്ചിരുന്നു. വിചാരമഗ്നയായ അവൾ, അതൊന്നും അറിഞ്ഞില്ല. അവൾ ഇരിക്കുന്ന അറ എഴുനിലമാളികയുടെ അടിയിലുള്ളതായിരുന്നതുകൊണ്ടും ചുററും കെട്ടിടങ്ങളും പാതാളഗൃഹങ്ങളുംകൊണ്ടു ഇടുങ്ങിയിരുന്നതിനാലും ഇവയുടെ ഉഗ്രശക്തികളൊന്നും ഉള്ളവണ്ണം അറിയുവാൻ അവൾക്കു കഴിവില്ല. ഇടിയുടേയും കാററിന്റേയും വൃഷ്ടിപാതത്തിന്റേയും പ്രതിദ്ധ്വനികൾ ഭയങ്കരമായിരുന്നുതാനും.

അവൾ ഭുജിക്കുവാൻ തുടങ്ങി. എന്നാൽ അപ്പോഴും അവളുടെ ഹൃദയം വിചാരവിശേഷങ്ങൾക്കു രംഗമായിത്തന്നെ ഇരുന്നിരുന്നു. അ

തുകൊണ്ട് "എന്താ ശരിയായിഉറങ്ങ കഴിക്കാത്തത്. ഞാൻ വിളമ്പി യതുകൊണ്ടോ ഇവിടുള്ളതുകൊണ്ടോ ആണെങ്കിൽ അതിലേക്ക വേറേ വ്യവസ്ഥ ചെയ്യാം. നീ വ്യസനിച്ചുകൊണ്ടുതന്നെ ഇരിക്കേണ്ടതല്ലാം, നിനക്ക് ഇവിടെ ഇരിക്കുന്നതിനേക്കാൾ മഹത്തായ ഭാഗ്യം ലോകത്തിൽ വേറെഇല്ല" എന്നു കമതി തന്റെ അഭിപ്രായം കൊണ്ടു താരാബായിയുടെ സ്ഥാനം അത്യന്തം ദുർല്ലഭവും ഉൽക്കൃഷ്ടവുമുള്ളതാണെന്നു ബോധപ്പെടുത്തി.

താര:—തന്റെ ഗൃഹംവിട്ടു ഇൗ വിധം കോട്ടയ്ക്കുള്ളിൽ കിളിയെഅടച്ചു പൂട്ടിയിടുന്നതുപോലെ ഏകാന്തത്തടവിൽ അകപ്പെട്ടിരിക്കുമ്പോൾ ആൎക്കുതന്നെ വ്യസനംവരില്ല?

കമതി: — ഹായി! ഇൗ കോട്ടയുടെ അധിപനായ പ്രഭു നിന്റെമേൽ അളവററ ആഗ്രഹമുള്ളവനായിത്തീൎന്നിരിക്കുന്നു. മഹത്തായ ഔദാൎയ്യവും, ധൈൎയ്യവും, ഐശ്വൎയ്യവുമുള്ള പ്രഭു സ്വാധീനത്തിലായാൽ പിന്നെ ദുഃഖത്തിന്നിരിക്കാൻ ഇടമേയില്ലല്ലോ. അങ്ങനെയുള്ള പ്രഭുവിനെ വിട്ടു ദരിദ്രനായ വീരസിംഹനെ നീ സ്നേഹിക്കുന്നതു് എന്താക്ഷേപമാണെന്നുള്ള വാസ്തവം നിനക്കറിവില്ല. നിന്റെ ബുദ്ധി എത്ര നീചമായിരിക്കുന്നു എന്നു് ആലോചിച്ചു നോക്കു്. അപ്പോൾ സമാധാനമുണ്ടാകും. എല്ലാ മനുഷ്യരും ഉൽക്കൎഷത്തിനായി യത്നിക്കുന്നു. നീ മാത്രം അപകൎഷത്തിനായി പ്രയത്നപ്പെടുന്നു. വിപരീതബുദ്ധിക്കു തിപ്പിട്ടിമാത്രം തിന്നു ശീലിച്ചവനു കല്ക്കണ്ടത്തിന്റെസ്വാദറിയില്ല.

താരാ:—ദരിദ്രനായ വീരസിംഹനെ നീ കണ്ടിട്ടുണ്ടോ?

കമതി: —പേർമാത്രം കേട്ടിട്ടുണ്ടു്. പ്രഭു ആവശ്യപ്പെട്ടതിൽ കൊടുക്കാതിരുന്നതിന്നും അതു നിനക്കു സമ്മതമാകാതിരുന്നതിന്നും കാരണം അവന്റെമേൽ നിനക്കു് ആശയുള്ളതുകൊണ്ടാണെന്നു ഞാൻ അറിഞ്ഞിട്ടുണ്ടു്. അവൻ അധികം സൌന്ദൎയ്യമുള്ളവനാണെന്നും കേട്ടിട്ടുണ്ടു്.

താരാ:— നീ ഒരിക്കലും കണ്ടിട്ടില്ല, ഇല്ല?

കമതി. — ഇല്ല ഇല്ല. ഒരു നിസ്സാരനും ദരിദ്രനുമായവനെക്കുറിച്ചു് എന്തു കേൾക്കാനാണു്? ഞാൻ വെളിക്കെങ്ങും സഞ്ചരിക്കാറില്ല. ഉദയപുരം കണ്ടിട്ടു കാലം കുറേയായി. ആ ചെറുപ്പക്കാരൻ ഇൗ കോട്ടയിലെങ്ങും വരികില്ല.

താരാ.— (അല്പം തല കുനിച്ചു്) ഇന്നലെ ഇവിടെ ആരെങ്കിലും പുതിയ ആളുകൾ വന്നിരുന്നുവോ?

കമതി. — ആരും വന്നിരുന്നില്ല. നീ ഏതോ സ്വപ്നംകണ്ടു ഭ്രമിച്ചിരിക്കുന്നു. അവനെ അടിയോടെ മറന്നുകളക. ക്രൂരവിജയ പ്രഭുവിനെക്കുറിച്ചു മാത്രം വിചാരിച്ചുകൊണ്ടിരിക്കുക. എന്നാൽ നിനക്കു വിജയം ലഭിക്കും.

താരാ.—(കോപത്തോടെ) എനിക്കുബുദ്ധ്യുപദേശം ചെയ്വാൻ ഞാൻ ആവശ്യപ്പെട്ടില്ല. എന്റെ പിതാവിന്റെ ഇപ്പോഴത്തെ സ്ഥിതി എന്തു്? അതു പറഞ്ഞാൽ നീ നല്ലവളായിരിക്കും.

കുമതി.—അതുനിമിത്തം നിന്റെ മനസ്സിനു സമാധാനമുണ്ടാകുമെന്നറിഞ്ഞാൽ.........

താരാ.—അതേ! അതേ! എന്റെ പിതാവു ക്ഷേമമായിരിക്കുന്നു എന്നറിഞ്ഞാൽ ഈ ഏകാന്തത്തടവു് സമാധാനത്തോടെ അനുഭവിക്കും.

കുമതി.—രാജശേഖരപ്രഭു ക്ഷേമത്തോടുകൂടിത്തന്നെ തന്റെ രാജധാനിയിൽ വർത്തിക്കുന്നു. ഞങ്ങളുടെ പ്രഭുവിന്റെ ഉദ്ദേശം സാധിച്ചുപോയതിനാൽ യുദ്ധപ്രസക്തിയെ നിറുത്തിവച്ചു്, സൈന്യങ്ങളെ മടക്കിവിളിച്ചിരിക്കുന്നു. അവർ മടങ്ങിപ്പോരുകയും ചെയ്തു.

താരാ.—എന്റെ പിതാവിനു് ആപത്തൊന്നും ഉണ്ടായിട്ടില്ലെങ്കിൽ എന്നെ ഈ നിലയിൽ വിട്ടിട്ടു സ്വസ്ഥനായി ഇരിക്കുകയില്ല.

കുമതി.—സുമനസ്വിനി! ആ വിശ്വാസം ദൂരെക്കളക. അദ്ദേഹത്തിന്റെ സൈന്യബലം ശിഥിലീഭവിച്ചുപോവുകയാൽ യുദ്ധോദ്യമം നിറുത്തി വച്ചു മൗനത്തെ അവലംബിച്ചിരിക്കുന്നു. ഇനി സഹായലാഭം ഭവിക്കാതെ എതിർക്കുന്നതിനു തരമില്ല. അതിനാൽ നിന്നെ നമ്മുടെ പ്രഭുവിനെക്കൊണ്ടു വിവാഹം ചെയ്യിച്ചു സമാധാനമായി വർത്തിക്കുകയല്ലാതെ, എതിർത്തുവരിക ഉണ്ടാകുന്നതേയല്ല.

താരാഭായി ഇതിനു മറുവടി ഒന്നും പറഞ്ഞില്ല. ഇവരുടെ സംഭാഷണം നടക്കുന്ന അവസരത്തിൽ ഇടിയും മിന്നലും ഊക്കൻമഴയും നടന്നുകൊണ്ടിരുന്നു. അതുകണ്ടു ലോകാവസാനം വരികയാണോ എന്നു കുമതി ഭയപ്പെട്ടു. തന്റെ അറയിൽ പോയി മൂടിപ്പുതച്ചു കിടക്കുന്നതാണു നല്ലതെന്നുദ്ദേശിച്ചു് അവൾ താരാഭായിയുടെ മുമ്പിൽനിന്നും പിരിഞ്ഞു.

കുമതി പിരിഞ്ഞ ഉടൻ താരാഭായി അവിടെനിന്നും എഴുന്നേറ്റു തന്റെ അറയിലേക്കും പോയി. അവിടെ തൂക്കിയിരുന്ന പടത്തിലുള്ള ഛായ, തന്നെ ദയയോടെ നോക്കുന്നുവെന്നു് അവൾക്കു തോന്നി. ഈ തോന്നൽ മനോവിഭ്രാന്തിയുടെ വികാരഭേദത്താൽ സംവേദിനിനാഡികൾക്കു പറ്റിയ തകരാറു നിമിത്തം ഉണ്ടായ മിഥ്യാബോധമായിരുന്നു. അവൾക്കു താനറിയാതെതന്നെ അതിന്റെ നേരെ ഭയഭക്തിസമ്മിശ്രമായ ഒരു വികാരം ഉണ്ടായിരുന്നു. അവൾ ആ ഛായയെ നോക്കി ഏകാഗ്രമായി വിചാരണ തുടങ്ങിയപ്പോൾ ആ ഛായയ്ക്കും തന്റെ തോഴിയായ പത്മാവതിയുടെ ഛായയ്ക്കും തമ്മിൽ അസാമാന്യമായ സംബന്ധം ഉണ്ടെന്നു തോന്നി. അതേ! ഇതു് ആ ഛായതന്നെയാണു്. ഒടുവിൽ അതു് അവളിൽ ശക്തിയായ സന്ത്രാസത്തെ ജനിപ്പി

ച്ചു; താരാഭായി കഴങ്ങിയ മനസ്സോടും തളൎന്ന ശരീരത്തോടും രണ്ടുമൊരേ ഛായതന്നെയാകുന്നു എന്നു തന്നത്താൻ പറഞ്ഞു.

ഇതെന്തൊരാശ്ചൎയ്യം! അതേ കണ്ണും അതു മൂക്കും അതു ചെവിയും അതേ കഴുത്തും അതേ മുഖപ്രകൃതിയും എത്ര ശരിയായിരിക്കുന്നു. ഉയൎന്ന കുലത്തിൽ ജനിച്ചവളെന്നു തോന്നിക്കത്തക്കതായ വസ്ത്രാലംകാരങ്ങളുള്ള ഈ ഛായയ്ക്കും, സാധുകുടുംബത്തിൽ ജനിച്ച പ്രതിമാവതിയ്ക്കും ഈ രൂപസാമ്യം എങ്ങനെയുണ്ടായി? ഇതിന്റെ അൎത്ഥമെന്തു? എന്നു തന്റെ മനോരംഗത്തിൽ ഒരു ചൎച്ച നടന്നുകൊണ്ടിരുന്നു. ഏതായാലും ഇതിൽ ഒരു രഹസ്യസംഗതി അന്തൎഭവിച്ചിട്ടുണ്ട്. ആകട്ടെ! അതറിയാൻ വഴിയെന്തു്? എന്നിങ്ങനെ ആകാംക്ഷയോടെ അവൾ ആ രഹസ്യകതകു തുറന്നു. അല്പനേരം ഭയത്തോടുകൂടി നിശ്ശബ്ദയായി നിന്നു. അക്കാലത്തിൽ ഒരു കോട്ടയിൽ നിന്നു മറ്റൊരു കോട്ടയിലേക്കും ഒരു സൗധത്തിൽനിന്നു മറ്റൊരു സൗധത്തിലേക്കും ഗൂഢമാൎഗ്ഗങ്ങളായ തുരങ്കങ്ങളുണ്ടായിരുന്നു എന്ന ഓൎമ്മ അവളുടെ മനോവിഭ്രാന്തിയെ ശാന്തമാക്കി. അല്പമായ ധൈൎയ്യവുമുണ്ടായി.

പടത്തിന്റെ പുറകിൽ കാണപ്പെട്ട ആ ചെറിയ വാതിൽ തുറന്നു നോക്കിയപ്പോൾ നെടുനീളത്തിലുള്ള ഒരു തുരങ്കം കാണപ്പെട്ടു. അവൾ അതിൽ കടന്നു സാവധാനം നടന്നു. ഉദ്ദേശം ഇരുപതടി ചെന്നപ്പോൾ അവിടെ മറ്റൊരു വാതിലുകൊണ്ട് ആ മാൎഗ്ഗം പ്രതിബന്ധിച്ചിരുന്നതായി കണ്ടു. അവളുടെ കൈയിൽ വിളക്കുണ്ടായിരുന്നു. ആ തുരങ്കം ഇരുളടഞ്ഞിരുന്നതിനാൽ മാൎഗ്ഗവിപ്ലവം വരാതിരിക്കുന്നതിനും അവിടുള്ള സമ്പ്രദായങ്ങളും മറ്റും കണ്ടറിയുന്നതിനും വിളക്കിന്റെ സഹായംകൂടാതെ സാദ്ധ്യമല്ലായിരുന്നു. മാൎഗ്ഗരോധം ചെയ്ത ആ കതകു പൂട്ടപ്പെട്ടിരുന്നതായി തോന്നി. എങ്കിലും തള്ളിനോക്കാമെന്നു വിചാരിച്ചു് ഊക്കോടെ ഒന്നു തള്ളി. കതകു പെട്ടെന്നു തുറക്കപ്പെട്ടു. പൂട്ടു തറച്ചിരുന്ന ഭാഗമെല്ലാം കാലപ്പഴക്കംകൊണ്ടു ദ്രവിച്ചുപോയിരുന്നതിനാൽ, പൂട്ടു പറിഞ്ഞുപോരികയും കതകു തുറന്നുപോകുകയും ചെയ്തു.

ആ മുറിയിൽ കടന്നു പരിശോധിച്ചു. അതു് ഒരു ശയനമുറിപോലിരുന്നു. അതിനുള്ള ലക്ഷ്യങ്ങളെല്ലാം അവിടെ കണ്ടിരുന്നു. ഒരു മഞ്ചം, മെത്ത, തലയണ, കൊതുകുവല മുതലായവ് ജീൎണ്ണങ്ങളും പൊടികളും, ചെറിയ പ്രാണികളുംകൊണ്ടു മലിനങ്ങളുമായിരുന്നു. മെത്ത വിരിക്കപ്പെട്ടും അതിൽ ആൾ ശയിക്കപ്പെട്ടും ഇരുന്ന ലക്ഷ്യങ്ങളും കാണ്മാനുണ്ടു്. ഒരു മേശമേൽ ഭക്ഷണശിഷ്ടങ്ങളായ പദാൎത്ഥങ്ങൾ ദ്രവിച്ചു പൂത്തു ചിതയായിരുന്നിരുന്നു. അതിൽ ഒടുവിൽ വാസംചെയ്തിരുന്ന ആളിന്റെ ഒടുവിലത്തെ ഭക്ഷണമായിരിക്കാം അതു് എന്നു താരാഭായി അനുമാനിച്ചു. അതിലെ ഓരോ ഴുക്കനോക്കംതോറും ഭയജനകമായിരുന്നു.

ആ അറയുടെ ഗുപ്തനിൎമ്മിതിയും, അതിലെ കള്ളക്കതകുകളും, അതിലടയ്ക്കപ്പെടുന്നവൎക്കു രക്ഷപ്പെടുവാൻ യാതൊരുവിധത്തിലും ദുസ്സാധമായ പ്രതിബന്ധങ്ങളും, ബലമായ ഇരുമ്പഴികൾകൊണ്ടുള്ള മേല്പുരയും ചുവരുകളിന്റെ നിബിഡതയും, എല്ലാംകൂടി ഒരുമിച്ചു ചേൎത്തു പൎയ്യാലോചിച്ചാൽ അതു പരന്മാൎക്കു കണ്ടറിവാൻ കഴിയാത്ത ഒരു ഏകാന്തതടവുപോലെയിരുന്നു. ഇതു താരാഭായിയുടെ രാജസദനങ്ങളിലും ഉണ്ടായിരുന്നതിനാൽ വിസ്മയത്തിനൊന്നിനും അവകാശമില്ലായിരുന്നു. ഇതുപോലുള്ള ഒരു തുരങ്കത്തിലാണ് ആദ്യകാലത്തിൽ വീരസിംഹൻ അടയ്ക്കപ്പെട്ടിരുന്നതു്. എന്നാൽ രണ്ടിന്റെയും സമ്പ്രദായം രണ്ടുവിധത്തിലായിരുന്നു എന്നേയുള്ളു.

അവിടെ തുറന്നിട്ടിരുന്ന ഒരു അൎമ്മാര വയ്ക്കപ്പെട്ടിരുന്നു. അതു പരിശോധിച്ചപ്പോൾ ഒടുവിൽ ആ ഗുപ്തവസതിയിൽ അടയ്ക്കപ്പെട്ടിരുന്നതു് ഒരു സ്ത്രീയായിരുന്നുവെന്നൂഹിച്ചു. സ്ത്രീകൾ ധരിക്കാറുള്ള മേത്തരം വസ്ത്രങ്ങൾ ചെറുപ്രാണികളരിച്ചും അഴുക്കടഞ്ഞും അതിൽ കിടന്നിരുന്നു. അങ്ങിനെപ്പോലെ ഒരു സ്ത്രീ അവിടെ അടയ്ക്കപ്പെട്ടിരുന്നതായും, തന്റെ രക്ഷക്കു ഉണ്ടായിട്ടുള്ള കാരണങ്ങൾ അവളുടെ ഏകാന്തതടവിനും കാരണമായിരുന്നിരിക്കുമെന്നും താരാഭായിയുടെ ബോധത്തിൽ നിഴലിച്ചു. ഇങ്ങനെ ഈ പരിശോധന നടന്നുകൊണ്ടിരിക്കുമ്പോൾ ആ ഭയങ്കരമായ കൊടുങ്കാറ്റിന്റെ ഉഗ്രക്കൊടുകൂടിയ പ്രവാഹശക്തിയും ഗോപുരം അടൎന്നോ വൃക്ഷങ്ങൾ പിഴുതോ കൊടിമരം മുറിഞ്ഞോ വീഴുന്ന ശബ്ദങ്ങളും അവളുടെ ചെവികളിൽ പതിഞ്ഞു. അപ്പോൾ വെളിയിൽ കാറ്റും മഴയും ഇടിയും മററുംകൊണ്ടു് ഒരതിഭയങ്കരമായ അവസ്ഥാന്തരം സംഭവിക്കുന്നുണ്ടെന്നും ജനങ്ങളുടെ ശ്രദ്ധ രക്ഷാമാൎഗ്ഗങ്ങളിൽമാത്രം പ്രവേശിച്ചിരിപ്പാനിടയുണ്ടെന്നും, ക്രൂരവിജയപ്രവൃത്തികൾപോലും അതിൽ ശ്രദ്ധപതിപ്പിച്ചിരിക്കാൻ സംഗതിയുള്ളതിനാൽ, തന്റെ ഗുപ്താന്വേഷണം പല്ലവരും കാണുന്നുണ്ടോ എന്നു സംശയിക്കുവാനവകാശമില്ലെന്നും അവൾ സമാധാനിച്ചു.

അൎമ്മാരയിലുള്ള ദ്രവ്യം തുറന്നു വെളിക്കെടുത്തു. അതിൽ ഒരു വലിയ ഓലച്ചുരുണ്ടയിരുന്നിരുന്നു. ജാതകങ്ങളും മററും എഴുതുന്ന മാതിരിയിൽ കുറുകിയ ഓലക്കഷണങ്ങൾ കോൎത്തുകെട്ടി ചുരുളാക്കിയിരുന്നു. അതവൾ അരക്കെട്ടു മടിക്കുത്തിൽ തിരുകി. സമയം അധികമായിരിക്കുമെന്നും ചിലപ്പോൾ കുമതിവന്നു കണ്ടാൽ കാൎയ്യം അപകടത്തിലാകുമെന്നും ഭയന്നു്, അവൾ പരിശോധന നിൎത്തിവച്ചു്, അവൾ പതിവായിരിക്കുന്ന അറയിലേക്കു മടങ്ങിപ്പോന്നു.

ലോകംമുഴുവൻ തലകീഴായി മറിയുമോ എന്നു ഭയപ്പെടത്തക്കവണ്ണം കൊടുങ്കാറ്റിന്റെയും ഇടിമുഴക്കത്തിന്റെയും മഴയുടെയും പ്രതിധ്വനിക്കെ

ണ്ടു് ആകാശമണ്ഡലം ഗംഭീരമായി മുഴങ്ങിക്കൊണ്ടിരുന്നു. മതിൽക്കെട്ടുകളിൽ പാറാക്കാരായിനിന്ന ഭടന്മാർ ഭയന്നു് അങ്ങുമിങ്ങും ഓടി അമർന്നിരുന്നതിനാൽ രാജമാർഗ്ഗങ്ങൾ നിർബാധകങ്ങളായിരുന്നു. ഉന്നതങ്ങളായ സൌധങ്ങൾക്കുപോലും പല ഉടവുകളും നാശങ്ങളും ഭവിച്ചു സ്ഥിതിക്കു സാധുക്കളുടെ കുടിലുകളുടെ അവസ്ഥ എന്തായിരിക്കും എന്നു കരുണയുള്ള അവളുടെ മനസ്സിൽ ആർദ്രമായ ഒരു വിചാരം അല്പനേരത്തേക്കു് ഉദയം ചെയ്തിരുന്നു.

ഈ വിചാരം പെട്ടെന്നു തടുക്കപ്പെട്ടു. അതായതു്, അവൾ ഇരുന്ന അറയുടെ കതകു് ആരോ മന്ദമന്ദം തുറക്കുന്നതായി തോന്നി. നോക്കിയപ്പോൾ വീരസിംഹൻ പ്രത്യക്ഷനായിരിക്കുന്നു. താരാബായിയുടെ മനസ്സു് സന്തോഷം വീണ്ടും അവതരിച്ചു. ആ! താങ്കൾ പറഞ്ഞതുപോലെതന്നെ വന്നല്ലോ. എന്നു പറഞ്ഞു.

വീര—(ആലിംഗനം ചെയ്തിട്ടു്) എന്റെ വരവിനെ നോക്കിത്തന്നെയിരുന്നിരുന്നു. ഇല്ലേ?

താരാ—അതിൽ സന്ദേഹിക്കുന്നുവോ? ഞാൻ ഏതു കാലത്തു താങ്കളെ ആദ്യമായി കണ്ടുവോ അതുമുതൽ നോക്കിയിരിക്കാത്ത ഒരു വിനാഴികയെങ്കിലും ഉണ്ടായിരിക്കുകയില്ല. നിശ്ചയം തന്നെ.

വീര—ഈ ദരിദ്രനായ വീരസിംഹൻ തുറുങ്കത്തിൽ അടയ്ക്കപ്പെട്ടു് ഏകാന്തത്തടവു് അനുഭവിക്കുന്ന കാലങ്ങളിലും ഭവതിയുടെ വിചാരം ഇങ്ങനെയായിരുന്നുവോ?

താരാ—താങ്കളെ എനിക്കു മറന്നുകളവാൻ കഴികയില്ല. താങ്കൾ ഏതോ ഒരു സ്ത്രീയെ അപഹരിച്ചു നാടുവിട്ടു പൊയ്ക്കളഞ്ഞു എന്നു് ഒരു വർത്തമാനമുണ്ടായി. എന്നല്ല, എവിടെനിന്നോ കുറെ പണം അപഹരിച്ചു ദുഷ്ടസംസർഗ്ഗത്തിൽ പെട്ടു് ആഭാസമായി അലഞ്ഞുതിരിയുന്നുവെന്നും, തന്നിമിത്തം എന്റെ ആശ അസ്ഥാനത്തിൽ പരിണമിച്ചിരിക്കുന്നുവെന്നും, ഇനി എത്രവേഗം സാധിക്കുമോ അത്ര വേഗം അവനെ മറന്നുകളയണമെന്നും എന്നോടു് ഉപദേശിക്കപ്പെട്ടിരുന്നു. ആ അവസരങ്ങളിലും താങ്കളെ എനിക്കു വിസ്മരിക്കാൻ ശക്തിയുണ്ടായില്ല. എന്റെ മനഃശ്ശുക്തികയിൽ നിങ്ങളുടെ രൂപം പ്രതിഷ്ഠിക്കപ്പെട്ടുപോയിരിക്കുന്നു. ഇനി അതിനെ ഇളക്കിമാറ്റുവാൻ ആരാലും ശക്യമല്ല. നിങ്ങൾ സത്യവും യോഗ്യതയും സാമർത്ഥ്യവും തികഞ്ഞ ഒരാളാണെന്നത്രേ എന്റെ വിശ്വാസം.

വീര—താരാബായി! നീ പറയുന്നതു സത്യംതന്നെയാണോ?

താരാ—ഞാൻ സത്യമേ പറകയുള്ളു. നിങ്ങൾ സന്ദേഹിക്കുന്നതുപോലെ തോന്നുന്നുവല്ലോ. അതിനു കാരണമെന്തു്?

വീര—ഭവതി പറയുന്നതു സത്യമാണല്ലോ. നീ നിന്റെ മാറോടണച്ചു ക്രൂരക്രൂരരുടെ നോക്കുന്നതും പ്രണയപാരവശ്യം കൊണ്ടു അ

തിനെ വിട്ടുപിരിയാതെ വച്ചുസൂക്ഷിക്കുന്നതും ആയ ആ പടം ആരുടേതാണ്?

താരാ—പടമോ? ഏതുപടം? അതു താങ്കൾ എങ്ങനെ അറിഞ്ഞു?

വീര—എനിക്ക് എല്ലാമറിയാം. ഞാനൊന്നും അറിയുന്നില്ലെന്നാണോ ഭവതി വിചാരിക്കുന്നത്? ഭവതി തനിച്ചിരിക്കുന്ന മിക്ക സന്ദർഭങ്ങളിലും ഏററവും ആശയോടുകൂടി ആ പടത്തെ എടുത്തുനോക്കുന്നതും, ചില സമയം അതുനോക്കിക്കൊണ്ടു വിരഹപാരവശ്യമായി വ്യസനഭാവം കാണിക്കുന്നതും എനിക്കറിയാം.

താരാ—അതാണോ ഒരു കുറ്റമായി എന്റെമേൽ ആരോപിക്കുന്നത്? നിങ്ങൾ ഈ സ്ഥലത്തുണ്ടെന്ന് അറിയാതിരിക്കുമ്പോഴും, നിങ്ങളെ കാണാതിരിക്കുന്ന സന്ദർഭങ്ങളിലും, ആ പടത്തിലുള്ള രൂപത്തെയെങ്കിലുംനോക്കി, എന്റെ മനോവ്യഥയെ അല്പമായി ശമനം വരുത്തുന്നതാണോ ഒരു കുറ്റമായി നിങ്ങൾ കണ്ടതു? നന്നായി.

വീര—ഇപ്പോൾ സംഗതി മനസ്സിലായി. ഞാൻ ഭവതിയെ മറന്നുകളഞ്ഞുവെന്നും, തന്നിമിത്തം വേറെ ആരുടെയോമേൽ ആഗ്രഹം ജനിച്ചുവെന്നും, ഭവതിയുടെ സ്ഥിതിസമത്വങ്ങളിൽ ഞാൻ കുറഞ്ഞവനാകയാൽ എന്നെക്കുറിച്ചുള്ള ആഗ്രഹം നിന്ദ്യമാണെന്നു ഭവതി വിചാരിച്ചതു ശരിതന്നെ. എന്നാൽ ഭവതിയുടെ വിചാരത്തെ തള്ളിക്കളയൂ. എത്ര ധനം വേണം? ദേഹം മുഴുവൻ നവരത്നങ്ങളാൽ അലങ്കരിക്കപ്പെടണമോ? ദുർല്ലഭങ്ങളായ രത്നങ്ങൾ വേണമോ? ലോകത്തിൽ യാതൊരു രാജാക്കന്മാർക്കുംകൂടി അനുഭവിക്കാൻകഴിയാത്ത അത്ര ഉപരിയായ സുഖസൌഭാഗ്യമുണ്ടാകണമോ? നിന്റെ മാളികയിലുള്ള സാമാനങ്ങൾ മുഴുവനും തങ്കത്താൽ ആയിരിക്കണമോ? അവിടെ നവരത്നസുരംഗങ്ങൾ ഉണ്ടായിരിക്കണമോ? എന്താണു നിന്റെ ഇഷ്ടമെന്നു പറയുക. പറഞ്ഞുതീരാത്ത താമസമേയുള്ളൂ. അതു് ഏതു ലോകത്തിൽ ഉള്ളതായിരുന്നാലും ഒരു നൊടിയിടകൊണ്ടു നിന്റെ മുമ്പിൽ കാണാം.

ഈവാക്കുകൾ കേട്ടതിൽനിന്നും വീരസിംഹൻ തെററിദ്ധരിച്ചിരിക്കുന്നു എന്നു് അവൾക്കു മനസ്സിലായി. പിന്നീടു് അവനെ നോക്കി "ഞാൻ ഏതെങ്കിലും ആശയോടുകൂടിയാണു നിങ്ങളെ പ്രണയിച്ചതെന്നു വിചാരിച്ചതു തീരെ നീചമാകുന്നു. നിങ്ങൾ എത്ര ഐശ്വര്യവാനായാലുംശരി, ഒരു സാധാരണമനുഷ്യനാണെന്നും ദരിദ്രനാണെന്നും ഉള്ള പൂർണ്ണബോധത്തോടുകൂടിയാണു ഞാൻനിങ്ങളെസ്നേഹിച്ചതു് ആ സ്നേഹം നിർവ്യാജമാകുന്നു. ഇത്രമാത്രമേ എനിക്കറിവുള്ളൂ.

വീര:--അതു സത്യംതന്നെ. എന്നാൽ എന്നെ തടവിൽ അടച്ചതു യാതൊരുകർമ്മവും ചെയ്യാതിരുന്ന അവസരത്തിലാകുന്നു. അതി

ന കാരണം ആരായിരുന്നു എന്നു് ഇനിമേലിൽ പറയാം. എന്റെ ഗൌരവം ശമിച്ചു് അനാഥനായി വിട്ടതുമൂലം എന്റെമേൽ വെറുപ്പുണ്ടായി എന്നുള്ളതും എനിക്കറിയാം.

താരാ (കോപത്തോടെ) നിങ്ങൾ എന്താ എന്റെ മേൽ കുറ്റം ആരോപിച്ചു സംസാരിക്കുന്നതു്.

വീര—ആ പടത്തെ ആശയോടുകൂടി നിനോക്കിക്കൊണ്ടിരിക്കുന്നതാണെന്നു സമ്മതിച്ചുവല്ലോ?

താരാ—ഇതെന്തു കഥയില്ലായ്മ. നിങ്ങളുടെ ചോദ്യത്തിന്റെ അൎത്ഥം മനസ്സിലായില്ല. ഇപ്പോഴും ഞാൻ പറയുന്നതു കേൾക്കുക. ആ പടം ഒന്നുമാത്രമാണു് എന്റെ തീരാത്ത ദുഃഖത്തിനു ശമനോപായമായിരുന്നതു്. അതിലേക്കു നിങ്ങൾക്കു വയറെരിച്ചലുണ്ടാകുന്നതെന്തിനു?

വീര—വേറെ ആൎക്കു വയറെരിച്ചലുണ്ടാകണം? എന്റെശത്രുവിന്റെ പടത്തെക്കുറിച്ചു കോപിക്കേണ്ടതു ഞാനല്ലയോ?

താരാ—അമ്പോ! വിരോധിയോ? ശേഷ്! ഞാൻ ഇതേവരെ അവനവന്റെ ഛായയെ വിരോധിയുടെ ഛായയെന്നു പറയുന്ന ഭ്രാന്തനെ രിടത്തും കണ്ടിട്ടില്ല.

ഇതുകേട്ടു് വീരസിംഹൻ തന്നറിയാതെ സന്തോഷിച്ചിട്ടു് എന്തു പറഞ്ഞു? അവനവന്റെ ഛായയോ? വൃഥാ എന്നെ ഭ്രമിപ്പിക്കുന്നതെന്തിനു്?

താരാ—അങ്ങനെയാണോ സംഗതി. നിങ്ങളോടുകൂടെ പാഠശാലയിൽ പഠിച്ചുകൊണ്ടിരുന്ന ദേവദത്തനെ നിങ്ങൾ മറന്നിരിക്കയില്ലല്ലോ.

വീര—മറന്നിട്ടില്ല അതിനും ഇതിനും സംബന്ധമെന്തു്?

താരാ—സംബന്ധമോ? പറയാം. അവൻ ചിത്രമെഴുത്തുകാരനല്ലയോ? അവന്റെ സഹോദരിയായ കോകിലം എന്നവൾ എന്റെ തോഴിയല്ലയോ? അവളെക്കൊണ്ടു് അവനോടു പറയിച്ചു, നിങ്ങളുടെ പടം എഴുതിച്ചു് എന്റെ കൈയിൽ വച്ചുകൊണ്ടിരിക്കാൻ പാടില്ലയോ?

ഇത്രയും കേട്ട തന്റെ വിഡ്ഢിത്തത്തെയും അവൻ, താനന്നു വ്യാജം സ്നേഹിക്കുകയാണു ചെയ്യുന്നതെന്ന പരമാൎത്ഥത്തെ മനസ്സിലാക്കാതെ തെറ്റിദ്ധരിച്ചതിനെയും ഓൎത്തു ലജ്ജിച്ചു. താരാബായി നീ പറഞ്ഞതു പരമാൎത്ഥം തന്നെയോ? എന്റെ പടമോ? എവിടെ അതു്? എന്നു് അത്യാൎത്തിയോടെ ചോദിച്ചു താരാബായി ഉടൻതന്നെ തന്റെ മടിയിൽ സൂക്ഷിച്ചിരുന്ന ആ പടമെടുത്തു് അവന്റെ കൈയിൽകൊടുത്തു. അവൻ അതു നോക്കി, പരമാൎത്ഥം മനസ്സിലായി. അപ്പോൾ കഠിനമായ വെറുപ്പും കോപവും കൊണ്ടു് അവന്റെ ശരീരം വിറച്ചു. കഷ്ടം! ഞാനെത്ര മൂഢനാണു്. ചതിയിൽ പെട്ടു് എത്രയധികം തെ

ററി ധരിച്ചുപോയിരിക്കുന്നു. ദൈവമേ! ഞാൻ നിരപരാധിനിയായ ഈ സാധ്വീരത്നത്തിന്റെമേൽ വിചാരിച്ചിരുന്ന സകല അബദ്ധവിചാരങ്ങൾക്കും എനിക്കു മാപ്പുതരണേ. ഞാൻ ഇപ്പോഴെങ്കിലും ഈ പരമാൎത്ഥം അറിയാതിരുന്നാൽ സംഗതികൾ എത്രകണ്ടു വഷളായി കലാശിക്കുമായിരുന്നു. അവന്റെ ഈ സങ്കടം കണ്ടു് ആരോ അവനെ തെററിദ്ധരിപ്പിച്ചിരിക്കുമെന്നു് അവൾക്കു മനസ്സിലായി. "കഷ്ടം! ദൈവമേ! ആരോ പാപികൾ താങ്കളെ ചതിച്ചിരിക്കുന്നു. താങ്കൾ അതു സത്യമായിരിക്കുമെന്നു വിശ്വസിച്ചു് അപരാധിയായി തീരുകയും ചെയ്തിരിക്കുന്നു" എന്നു പറഞ്ഞു

വീര—കഷ്ടമേ! എത്ര മൂഢമായിരിക്കുന്നു. ഈ വിധം ചതിയെന്നു മനസ്സിലായിരുന്നുവെങ്കിൽ എന്തെല്ലാം കാൎയ്യങ്ങൾ തടുക്കപ്പെടുമായിരുന്നു.

താരാ— ഇപ്പോൾ നിങ്ങൾ പറഞ്ഞ വാക്കിൽനിന്നും വലിയ ഭയം ജനിച്ചിരിക്കുന്നു. അല്പം മുമ്പായി നിങ്ങൾക്കു സൎവ്വവല്ലഭത്വവുമുണ്ടെന്നു പറഞ്ഞുവല്ലോ. ഇപ്പോൾ നിങ്ങൾ ഈ കോട്ടയ്ക്കുള്ളിൽ എങ്ങനെ കടന്നു? ദയവുചെയ്തു പറയുകതന്നെ വേണം.

വീര—ഭവതി എന്റെ മേലുള്ള സ്നേഹത്തെ മറന്നിട്ടില്ലെന്നു ബോദ്ധ്യമായിരിക്കുന്നു. ഞാൻ അവിവേകമായി അബദ്ധവിചാരം ചെയ്തുപോയി.

താരാ:—ഞാൻ ഒരു വിനാഴികസമയംകൂടി നിങ്ങളെ മറന്നവളല്ല.

വീര—ഈ സ്ഥിതിയിൽ ഒരു നിബന്ധനയും ആവശ്യകമില്ല. ഞാൻ ഈ ബന്ധനത്തിലിരുന്നു് ഇപ്പോൾതന്നെ മോചിപ്പിച്ചേക്കാം. ഇനി ഭവതിയുടെ ക്ഷേമകാൎയ്യങ്ങളെക്കുറിച്ചുള്ള അന്വേഷണം ഒന്നുമാത്രമാണു് എന്റെ ആയുഷ്കാലത്തിലെ കൃത്യം. രാത്രിയിൽ ൧൨ മണിക്കു ഞാൻ ഇവിടെ വരും. അപ്പോൾ ഭവതിയെയും കൊണ്ടുപൊയ്ക്കൊള്ളാം. നീ ശ്രദ്ധയോടിരിക്കണം.

എന്നു പറഞ്ഞു പിരിഞ്ഞു. ആ! ഇന്നുരാത്രിയിൽ ൧൨. മണിക്കു് ഈ ബന്ധനത്തിൽനിന്നു വിമുക്തയായി പിതാവിനെ ദർശിക്കാം. വീരസിംഹൻ ഈ കോട്ടയിൽ സൎവ്വസാധാരണമായി വന്നും പോയുംകൊണ്ടിരിക്കുന്നതിന്റെ രഹസ്യം മനസ്സിലാകുന്നില്ല. ഇവരുടെ സംഭാഷണസമയമെല്ലാം കൊടുങ്കാററും ഇടിയും മിന്നലും ഉണ്ടായിക്കൊണ്ടുതന്നെ ഇരുന്നു. അല്പസമയം കഴിഞ്ഞു കുമതി ഭക്ഷണവുംകൊണ്ടുവന്നു. കാററിനും മഴയ്ക്കും ശമനപ്പെട്ടേണമെന്നു പറഞ്ഞിട്ടു് അവൾ മടങ്ങിപ്പോയി. താരാഭായി ഭക്ഷണം കഴിച്ചശേഷം തന്റെ അറയുടെ വാതൽ ഉള്ളിൽനിന്നു് അടച്ചു് ഓടാമ്പലിട്ടിട്ടു തന്റെ കൈയിൽ കിട്ടിയ ഓലച്ചുരുൾ പരിശോധിക്കാൻ തുടങ്ങി. ആ ചുരുണയിൽ പല എഴുത്തു

കളും ഉണ്ടായിരുന്നു. ഒരു വലിയക്രൂട്ടം ഉണ്ടായിരുന്നതിൽ സ്പഷ്ടമായി വായിക്കത്തക്കവിധം എഴുതിയിരുന്നു ചിലേടം ദ്രവിച്ചുപോയും ഇരുന്നു. അതിലെ വിവരങ്ങൾ താഴെക്കാണുന്ന വിധത്തിലായിരുന്നു.

“ജനങ്ങളേ! സ്വപ്നത്തിൽകൂടി വിചാരിക്കാൻ വഹിയാത്ത പട്ടമോശത്തിൽ അകപ്പെട്ടുപോയിരിക്കുന്നു. വിചാരിക്കുംതോറും ഭയമുണ്ടായിക്കൊണ്ടുതന്നെ ഇരിക്കുന്നു. എന്റെ അവസാനം ഭയങ്കരമായിരിക്കും. ഈ ഗുഹാവാസം ദുരിതാല്പരം ദുരിതമാകുന്നു. ആ! രാത്രിയിൽ ഉറങ്ങിക്കിടക്കുമ്പോൾ കഴുത്തറുത്തുവിടുന്നതിനോ ഉദ്ദേശമെന്നറിയുന്നില്ല. ഈ പാപിദുഷ്ടൻ എന്തുചെയ്വാൻ വിചാരിക്കുന്നോ അറിയുന്നില്ല. എന്നെ കൊല്ലുകില്ലായിരിക്കണം. കൊല്ലുന്നമെന്നുണ്ടായിരുന്നാൽ എന്തിനായി ഇത്രദൂരം അമാന്തിക്കണം. ഇതു് ഇപ്പോൾ ആറു വാരങ്ങൾ കഴിഞ്ഞുവല്ലോ. കാലടികൾ പതിയുന്ന ശബ്ദം എപ്പോഴും ഭയപ്പെടുത്തിക്കൊണ്ടുതന്നെ ഇരിക്കുന്നു. എത്ര മഹാ സൗഭാഗ്യഭാഗ്യങ്ങളനുഭവിച്ചിരുന്ന ഞാൻ പെട്ടെന്നു് ഈ ഗുഹാവാസത്തിന്റെ കഠിനവും ഭയജനകവും നീചവുമായ നിർഭാഗ്യസ്വപ്നത്തിൽ ലീനയായിരിക്കുന്നു. ഇതിനെക്കാൾ ചിത്തവിഭ്രമത്തിനു ശക്തമായ ഹേതു വേറെ വേണമെന്നില്ല. ഓരോ നിമിഷവും മനസ്സു കലുഷമായിത്തീരുന്നു. ആ സമയങ്ങളിൽ അപൂർവ്വങ്ങളായ ഓരോ ഭയങ്കരരൂപം എന്റെ കണ്ണുകളിൽ പതിയുന്നതായി തോന്നുന്നുണ്ടു്. ദൈവമേ! ഇനിയും എത്ര ദിവസങ്ങൾ ഈ നരകവേദന അനുഭവിക്കണമെന്നറിഞ്ഞില്ല. എനിക്കു് എന്തു് അപകൃഷ്ടമായ ഗതി അണഞ്ഞിരിക്കുന്നുവോ?

ഹാ! നാടായും ഇരുട്ടിയും മരണസൂചകങ്ങളായ ലക്ഷണങ്ങൾ തന്നെ. അപ്പോൾതന്നെ അച്ഛനെ കൊന്ന പാതകൻ തന്റെ കൈയാൽ കൊല്ലാതിരുന്നാലും മറൊരുവനെക്കൊണ്ടു് ആ കാര്യം പൂർത്തിയാക്കിക്കഴിഞ്ഞു. അവൻ ആരെന്നുള്ളതു് അപ്പോൾതന്നെ എന്റെ മനസ്സിനു ബോധ്യമായിട്ടുണ്ടു്. എന്റെ ഭർത്താവിനെ കൊന്നതുകൊണ്ടു തൃപ്തിപ്പെടാതെ, എന്റെ കൈയിലിരുന്ന ശിശുവിനെയും എന്റെ മടിയിലിരുന്നു ബലംപ്രയോഗിച്ചു പിടിച്ചുപറിച്ചുകൊണ്ടു പൊയ്ക്കളഞ്ഞതല്ലോ. അതും ഒരു കൊലപാതകമായി ഗണിക്കാം. എന്റെ ഐശ്വര്യവർദ്ധനയിൽ ഞാൻ അഹങ്കരിച്ചിട്ടേയില്ല. സാധുക്കളെ ദേഹംതോറും ചെന്നു് അവരുടെ ക്ഷേമത്തെ അന്വേഷിച്ചു് യഥാശക്തി സഹായം ചെയ്തുകൊടുത്തുകൊണ്ടാണു് എന്റെ ജീവിതത്തെ നയിച്ചുവന്നിരുന്നതു്. ആ സ്ഥിതിക്കു് ഒരു സങ്കടാനുഭൂതിക്കു ഞാൻ അർഹയല്ലായിരുന്നു. ദൈവം എന്റെ കായവാങ്മാനസികകൃത്യങ്ങളുടെ അകൃത്രിമത്തെ അറിയുന്നുണ്ടല്ലോ. അവന്റെ വിചാരം വെളിപ്പെട്ടു. ഞാൻ ചണ്ഡാലനു വശപ്പെട്ടിരിക്കുന്നുമാത്രേ. അഹോ! പാപം! ഇതിലധികം ഒരു ദുരിതമില്ല. അവനു് അനുകൂലയായിരുന്നാൽ ഈ ഗുഹയി

ൻ സകല സുഖങ്ങൾ ഭാഗ്യങ്ങളുമനുഭവിച്ചിരിക്കാമെന്നല്ല പറഞ്ഞതു്. ഞാൻ ചിറക്കോട്ടക്കുഴിയിലിരിക്കുന്നെങ്കിലും മരിച്ചുപോയി എന്നു് ഇവൻ പ്രസിദ്ധംചെയ്തുകഴിഞ്ഞു. ഇനി മരിക്കുവാൻ തയ്യാറായി ഇരിക്കതന്നെവേണം.

ആ വലിയ കറപ്പൻ അതായതു്, എനിക്കു ഭക്ഷണം കൊണ്ടുവരുന്നവൻ എന്റെ മേലിൽ ഇപ്പോൾ ദയയുള്ളവനായിരിക്കുന്നു. ഇത്ര സുഗ്രീവാജ്ഞയുള്ളതുറയിൽ എഴുതുന്നതിനു വേണ്ട ഉപകരണങ്ങൾ അവൻ കൊണ്ടുവന്നു തന്നിരിക്കുന്നു. അത്ര ദയാവാനായ അവൻ എന്റെ പ്രാർത്ഥനകൾക്കും ഞാൻപൊഴിക്കും കണ്ണീരിനും മനസ്സലിഞ്ഞു് ഒരുപക്ഷേ എന്നെ വിമോചനംചെയ്വാൻ സഹായിച്ചുവെന്നും വരാവുന്നതാണു്. ഈ ഉദ്ദേശം ചിലപ്പോൾ വൃഥാ സ്വപ്നസമാനമായിരിക്കാനുംമതി; എന്റെ അപേക്ഷയെ രണ്ടു തവണ അവനോടു പ്രാർത്ഥിച്ചുനോക്കി. അശ്രുപ്രവാഹവും ദുഃഖവും കണ്ടാൽ കരളും കല്ലുകൂടി അലിയാതിരിക്കയില്ല. എന്നാൽ ഈ ദുഷ്ടന്റെ ഹൃദയത്തിന്നു് ഒരു ചലനവും ഉണ്ടായില്ല. അവൻ അനുശോചിക്കയും ശിശുവിനെപ്പറ്റി പറയുകയും ചെയ്തതല്ലാതെ മറുവടി ഒന്നും പറഞ്ഞില്ല. എന്തുപറഞ്ഞാലും വായ്പൊത്തി നിശ്ശബ്ദമായിരിക്കാൻ ആഗ്രഹം കാണിക്കുന്നതല്ലാതൊന്നും വിമോചനസംബന്ധമായി പറയുന്നില്ല. ഒന്നരണ്ടു തവണ വെളിയിലേക്കു ചൂണ്ടിക്കാണിക്കുകയുണ്ടായി. അതിന്റെ അർത്ഥം ഇവനെ വിശ്വാസംമതിയാകായ്കയാൽ, ഇവനെസൂക്ഷിക്കുന്ന മറ്റൊരുവനെ ഇവന്റെപുറകിൽ ഏർപ്പെടുത്തിയിരിക്കുന്നുവെന്നും അവൻകൂടി വിചാരിച്ചുവെങ്കിലേ കാര്യസാദ്ധ്യം ഉണ്ടാവുകയുള്ളൂ എന്നും ആകുന്നു.

എന്റെ ആപത്തുകളും കഷ്ടങ്ങളും ഇതിൽ എഴുതുംതോറും അവയുടെ കാഠിന്യം കുറയുന്നതുപോലെ തോന്നുന്നു. ഞാനെന്തിനായി ഇതെഴുതുന്നുവെന്നു് എനിക്കറിവില്ല ഇവന്റെ ആത്മപൌരുഷം എന്റെ പ്രത്യാശയെ ശിഥിലീകരിക്കാൻ ശക്തമല്ല. അതിനാൽ ഇവന്റെ ആയുധമേററ മരണമേ എനിക്കു നിശ്ചയമാകുന്നു. ഞാൻ ഇതെഴുതുന്നതു് ഈ സ്ഥലത്തു് എന്നെപ്പോലെ വല്ലകാലത്തും വരാനിടയുള്ള ഭാഗ്യഹീനർ അറിവാൻവേണ്ടി മാത്രമാകുന്നു.

........ആ ചണ്ഡാലൻ ഇന്നും എന്റെ അടുക്കൽ വന്നിരുന്നു ഞാൻ അവനെ വിവാഹംചെയ്യുന്നമെന്നു് അവൻ നിർബന്ധിച്ചു. അതുകേട്ടു് എന്റെ മനസ്സു തട്ടി. "എന്റെ ഭർത്താവിനെ കൊലചെയ്ത ഘാതകനായ നിങ്ങളെ വിവാഹംചെയ്വാൻ അത്ര അല്പയായ ഒരുവളല്ല ഞാൻ" എന്നു് അവനോടു പറഞ്ഞു. "ഞാൻ പറയുന്നതു് ഗൌരവമായ കാര്യം. നീ എന്നെ നിന്ദിക്കുന്നു. ഇതിനാലുള്ള നീ അനുഭവിക്കാൻ ഉള്ള ദുഃഖത്തിന്റെശക്തി നിനക്കറിവില്ല. ഒരു

നീതിസഭയുടെ കല്പനപ്രകാരം നിന്റെ ഭർത്താവിനു മരണം ഏല്പ്പെട്ടതാകുന്നു; വേശിംസംഘത്തിന്റെ നിയമത്തെ ലംഘിച്ചതിനാൽ അവൻ മരിച്ചു" എന്ന് ആ ക്രൂരദുഷ്ടൻ പറഞ്ഞു. എടാ! ദുഷ്ട! ചണ്ഡാല! ആ സംഘം നീതിയായി വിചാരണചെയ്ത് ശരിയായതെളിവിനെ ആസ്പദമാക്കിയാണോ കൊന്നത്? സംഘാദ്ധ്യക്ഷന്റെ മാളികയിൽ ഹാജരാകുന്നതിന്, അല്ലെങ്കിൽ മലയിൽമരച്ചുവട്ടിൽഹാജരാകുന്നതിന് എന്റെ ഭർത്താവിനെ ന്യായമായിഅറിയിച്ചിട്ടുണ്ടോ? എന്നു ഞാൻ വീണ്ടും ചോദിച്ചു. "നിന്നോടു വ്യവഹാരം പറയുവാനല്ല ഞാൻ വന്നത്. നിന്റെ ശിശു നിനക്കുവീണ്ടും ലഭിക്കണമെങ്കിൽ നീ ചെയ്യുണ്ട കാര്യം ഇന്നതെന്നു നിന്നെ അറിയിക്കുവാൻ മാത്രമാണ്. ഞാനിവിടെ വന്നത്. ഞാൻ പറയുന്നതിനെ അനുസരിച്ചാൽ നിന്റെ ശിശുവിനെ ലഭിക്കയും നിനക്കു സൌഖ്യജീവിതം ഉണ്ടാകയും ചെയ്യും. ക്ഷമയോടിരുന്ന് ആലോചിക്കുവാനായി മൂന്നുദിവസത്തെ ഇട നിനക്കു തന്നിരിക്കുന്നു. അതിനുള്ളിൽ നല്ലപോലെ വിചാരിച്ച് എന്റെ ആജ്ഞയെ അനുസരിച്ചാലുള്ള ഫലവും മറുത്താലുള്ളഫലവും തീർച്ചപ്പെടുത്തിക്കൊള്ളുക. ഇനിയത്തെ കാഴ്ചയിൽ എല്ലാം തീർച്ചയായിരിക്കണം" എന്നു പറഞ്ഞ് അവൻ മടങ്ങി.

ഇനി ആലോചിക്കാനൊന്നുമില്ല. മരിക്കുന്നതിനായി തയ്യാറായിരിക്കത്തന്നെവേണം. ഇന്നു മൂന്നാംദിവസമാകുന്നു. അവൻ സമയംചെയ്തതുപോലെ വന്നുചേരും. അവന് ആനുകൂല്യം എന്നിൽനിന്നുണ്ടാകുന്നില്ലെങ്കിൽ എന്റെ ഭർത്താവിന്റെ ഗതിയെ എനിക്കും തുടരാം. ശാന്തമായി അദ്ദേഹത്തിന്റെ ആത്മാവോടൊന്നിച്ചു രമിക്കാം. ഇന്ന് എവിടെ നോക്കിയിട്ടും അവശകുനമായിത്തന്നെ കാണുന്നു. വലിയ കറുപ്പനെ ഇന്നു കണ്ടതേയില്ല. അവനു പകരം ഭക്ഷണം കൊണ്ടുവന്നവൻ വലിയ മൂർഖനാണെന്നു തോന്നുന്നു. അവനോട് അവന്റെ വിലക്ഷണമായ മുഖം കണ്ടാൽ ഒന്നും പറവാൻ തോന്നുകയില്ല. ഞാൻ അവനോടു കഴിയുന്നവിധം സാന്ത്വനങ്ങൾ പറഞ്ഞുനോക്കി. അവൻ ഇതൊന്നത്തിൽ വായ്ക്കുടി തുറക്കുകയില്ലെന്നു ഖണ്ഡിതമായിപ്പറഞ്ഞൊഴിഞ്ഞു കളഞ്ഞു. ദിനംതോറും ഈ ജാലത്തിൽക്കൂടെ അകത്തു കടന്നു വന്നുകൊണ്ടിരുന്ന കുരുവി എന്ന ആ ചെറുപക്ഷിയും കൂടെ എന്റെ അവസാനയാത്രയിൽ ഇന്നലെതന്നെ യാത്ര പറഞ്ഞു പിരിഞ്ഞതുപോലെ തോന്നുന്നു. ഇതു തന്നെയാണ് ഒടുവിലത്തെ വാക്യം. കണ്ണുനീർകൊണ്ടു കലുഷമായ കണ്ണുകൾക്ക് ഒടുവിൽ എഴുതാൻ പ്രയാസമുണ്ടാക്കുമാറു കാഴ്ച കുറഞ്ഞുപോയിരുന്നു.

കഷ്ടം! സാധുശീലയായ ആ സ്ത്രീ ആരായിരുന്നാലും അനുഭവിച്ച ദുഃഖം അതിരില്ലാത്തതായിരുന്നു. എത്ര അനാഥാവസ്ഥയിലും അവൾ പതിവ്രതാധർമ്മത്തെ ബലികഴിക്കാതെ, ആ ക്രൂരന്റെ കൈയിൽ പെട്ടു

മരണമടഞ്ഞതിൽ അവളുടെ സ്ഥിരബുദ്ധിത്വത്തെ ശ്ലാഘിക്കതന്നെ വേണം. ഈ ഓലകൾ എല്ലാം ഒരു വലിയ കഥയുടെ ഒരു ഭാഗംപോലെ തോന്നുന്നു. പല അക്രമങ്ങളായ വൃത്തികൾ നടത്തപ്പെട്ടിരുന്നു എന്നു് ഇതിൽനിന്നു കാണാം. അവളുടെ വ്യഥയ്ക്കു നിഷ്ഠുരങ്ങളാം പ്രവൃത്തിച്ച ദുഷ്ടന്റെ ഹൃദയംതന്നെയാണു് യഥാൎത്ഥമായ കരുമ്പാറ. എന്നിങ്ങനെ താരാഭായി വിചാരിച്ചുകൊണ്ടിരുന്നപ്പോൾ ക്രൂരവിജയന്റെ ചെറുപ്പകാലത്തിലെ ചരിത്രം അവളുടെ ഓൎമ്മയിൽ വന്നു.

താൻ വായിച്ച ആ കഥ ക്രൂരവിജയന്റെ കാമാതുരത്വത്തിന്റെ ദൃഷ്ടാന്തങ്ങളിൽ ഒന്നാണെന്നു അവൾ ഓൎമ്മിച്ചു. ഇതെഴുതിയതു സിംഹവൎമ്മന്റെ പത്നിയായിരിക്കണമെന്നും അവൾ ഭൎത്താവെന്നു പറഞ്ഞിരുന്നതു സിംഹവൎമ്മനെയായിരിക്കണമെന്നും നിശ്ചയിച്ചു. ആ ഉത്തമസ്ത്രീയെ ഹിംസിച്ചവൻ ക്രൂരവിജയനല്ലാതെ മററാരുമായിരിക്കയില്ലെന്നും അവൾ ഊഹിച്ചു. ഈ ഭയങ്കരനായ പാപിഷ്ഠൻ തന്നെ വിവാഹംചെയ്വാൻ ആലോചിച്ചതുതന്നെ ദുരദൃഷ്ടമാകുന്നു. അതിന്നു് അനുസരണം ചെയ്യായ്കനിമിത്തം യുദ്ധത്തിനു മുതിൎന്നതും യുദ്ധമദ്ധ്യേ തന്നെ മോഷണംചെയ്തുകൊണ്ടുപോന്നതും, വീരസിംഹന്റെ സഹായമില്ലാതിരുന്നുവെങ്കിൽ മരണഹേതുവായി പരിണമിപ്പിക്കുമായിരുന്നു. ഇനി ഒരുനിമിഷംപോലും ഇവിടെ ഇരിക്കാൻ പാടുള്ളതല്ല എന്നു താരാഭായി വിചാരിച്ചിട്ടു വീരസിംഹന്റെ വരവുംകാത്തിരുന്നു.

ഇങ്ങനെ താരാഭായി വിചാരസാഗരത്തിൽ നിമഗ്നയായിരിക്കുമ്പോൾ കോട്ടയിലെ മണിയടിക്കുന്ന ശബ്ദം കേട്ടു. സമയം അൎദ്ധരാത്രിയായി എന്നു് മനസ്സിലായി. വിളക്കിൽ വീഴ്ത്തിയിരുന്ന എണ്ണയും മിക്കവാറും അവസാനിക്കാറായിരുന്നു. ഈ അവസരത്തിൽ വീരസിംഹൻ താരാഭായിയുടെ മുമ്പിൽ മൂന്നാംപ്രാവശ്യവും പ്രത്യക്ഷനായി. "താരാഭായി പറഞ്ഞതിന്മണ്ണം ഞാൻ ഇതാ തയ്യാറായിരിക്കുന്നു" എന്നു മന്ദഹാസത്തോടുകൂടി പറഞ്ഞുകൊണ്ടു് അവളെ സമീപിച്ചു. അവൾ അത്യന്തം ഹൎഷാകുലയായി അയാളെ ആലിംഗനം ചെയ്തു.

താരാ:—തങ്കാ, വരും എന്ന നിശ്ചയമെനിക്കുണ്ടു്. ഇവിടെനിന്നു എങ്ങനെ വെളിയിൽ കൊണ്ടുപോകാനുള്ള കൗശലമെന്താണു്? നാലുഭാഗങ്ങളിലും ശക്തിയേറിയ കാവലുള്ള ഈ കോട്ടയ്ക്കുള്ളിൽനിന്നും രക്ഷപ്പെടുക ദുസ്സാധ്യമാകുന്നു. ഈ സംഗതിയെക്കുറിച്ചുള്ള വിചാരം എന്റെ ഹൃദയത്തിൽ ഭയത്തെ ജനിപ്പിക്കുന്നു.

വീര:—കാവൽക്കാൎക്കു തൃപ്തി വരത്തക്കവണ്ണം ലക്ഷംകണക്കിൽ ഞാൻ കൊടുത്തു് അവരെ സ്വാധീനം ചെയ്തിരിക്കുന്നു. കുമതി നല്ലപോലെ ഉറക്കത്തിൽ ഏൎപ്പെട്ടിരിക്കുകയാണു്. വരുക! പോകാം.

അയാൾ വിളിച്ച ഉടനെ അവൾ തയ്യാറായി. അവളുടെ കൈയിൽ, പുതച്ചുകൊൾവാൻ ഒരു വസ്ത്രം അയാൾ കൊടുത്തു. അതിനെ

അവൻെറ ഹിതാനുസരണം ആകമാനം മൂടിക്കൊണ്ടു് ആ ഓലച്ചൂട്ടുമെടുത്തു് അവൻെറ പുറകെ താരാഭായി പുറപ്പെട്ടു. വൃദ്ധയുടെ ഉറക്കറ വഴി അവർ കടന്നുപോകുമ്പോൾ അവളുടെ കൂർക്കാവലി നന്നായിക്കേൾക്കാമായിരുന്നു. വെളിയിൽ കടന്ന ഉടൻ കൈയിൽ ലേംട്ടിയുമായി ഒരു യുദ്ധവീരൻ നില്ക്കുന്നതുകണ്ടു താരാഭായി ഭയന്നു വീരസിംഹൻെറ പുറകിൽ ഞെരുങ്ങിയണഞ്ഞു. എന്നാൽ അയാൾ അവളുടെ കൈ പിടിച്ചുകൊണ്ടു നടന്നുപോയി. ആ വാതലിൽ നിന്ന കാവൽക്കാരൻ ഇവർ കടന്നുപോയതിനെ ശ്രദ്ധിച്ചതായി തോന്നിയില്ല. ഇവരുടെ നടപ്പിൽ കാലൊടികളുടെയോ വസ്ത്രാഞ്ചലത്തിൻെറയോ ശബ്ദംപോലും ഉണ്ടായിരുന്നില്ല. ഒരു സമയം അവൾക്കു് അല്പം ഭയമുള്ളതുപോലെ തോന്നുകയാൽ താഴത്തു വീണുപോയെങ്കിലോ എന്നു വിചാരിച്ചു്, അയാൾ ധീരനേത്രങ്ങൾകൊണ്ടു് അവളുടെ മുഖത്തുനോക്കി. അയാളുടെ നേത്രങ്ങൾവഴി അവളുടെ ഉള്ളിൽ വജ്രശക്തിപോലുള്ള ധൈര്യം ആവിർഭവിച്ചു! അവർ യാത്രയെത്തുടർന്നു. അവസാനവാതലിൽ എത്തിയപ്പോൾ അയാൾ ആ വാതൽ തള്ളിത്തുറന്നു. അവർ അതു കടന്നു മുററത്തിറങ്ങി. അവിടം കടന്നു വെളിയിലുള്ള വാതലിൽ എത്തി. ഇരുമ്പുചട്ടത്താലും ചങ്ങലയാലും അതു ബന്ധിക്കപ്പെട്ടിരുന്നു. വീരസിംഹൻ ചട്ടം അഴിക്കുകയും ചങ്ങലയുടെ കണ്ണികൾ വിടർത്തു വേർപെടുത്തുകയും ചെയ്തു. അവിടെ രണ്ടു കാവൽക്കാർ ഇരുന്നു സംസാരിക്കുന്നുണ്ടായിരുന്നു. രണ്ടാളുകൾ അതുവഴി കടന്നുപോയകഥ അവരറിയാഞ്ഞിട്ടോ സമ്മതമുണ്ടായിരുന്നിട്ടോ മൌനാവലംബികളായിരിക്കയായിരുന്നു. കമ്പിയും ചങ്ങലയും വിടുർത്തിയ ശബ്ദംപോലും കേൾക്കപ്പെട്ടില്ല. ഈ അത്ഭുതകരങ്ങളായ പ്രവൃത്തികൾ കണ്ടു് തൻെറ വരനുള്ള മായാശക്തിയിൽ ഭയം ജനിച്ചു.

അവളുടെ കൈക്കു പിടിച്ചു വലിച്ചിഴച്ചുകൊണ്ടു് അയാൾ കിടങ്ങുവരെ പോയി. ഏററവും വിസ്താരവും അഗാധവുമുള്ള അതിനെ കടക്കേണ്ടതെങ്ങനെയെന്നുള്ള വിചാരം മനസ്സിൽ ലേശവും അധൈര്യമുണ്ടാക്കിയില്ല. "ആ കാണുന്ന ചെറിയ പടവിൽ കയറിവേണം നമുക്കു് ഈ കിടങ്ങു കടക്കുവാൻ" എന്നു് അയാൾ അവളെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു. അതിലേക്കു് അവൾ ഈ ബോട്ടു് എവിടെനിന്നു വന്നു എന്നു ചോദിച്ചു. "ഇതു് നമുക്കായി തയ്യാറാക്കിയിരിക്കുകയാണു്" എന്നു വീണ്ടും പറഞ്ഞു. അവളെ കൈക്കു പിടിച്ചു അതിൽ കയററി ബോട്ടുവിട്ടു. അവൾ ഇരുന്നിരുന്ന അറയിൽനിന്നു അതുവരെ നടന്ന സംഭവങ്ങൾ കണ്ടു അവൾക്കു ഭയവും പരിഭ്രമവുമുണ്ടായി മൂർഛിച്ചു. അയാളുടെ ധൈര്യമുള്ള സാന്ത്വനങ്ങൾ അവളുടെ ഭയപരവശതകളെ നിഷ്കാസനം ചെയ്തു വീണ്ടും അചഞ്ചലമായ ധൈര്യത്തെ ജനിപ്പിച്ചു. അവർ അക്കരെ പററി പടിക്കെട്ടുകൾ കയറി നേരേ

നടന്നു. അരനാഴികകൊണ്ടു ക്രൂരവിജയന്റെ ഭൂമിയിൽ നിന്നും കടന്നു. "കണ്മണി! നിന്നെ തടവിൽനിന്നും മോചനംചെയ്തു് അവന്റെ രാജ്യത്തിൽനിന്നും വെളിക്കു കൊണ്ടുപോന്നിരിക്കുന്നു." ഇനി തീരെ ഭയപ്പെടേണ്ട. ഈ സന്തോഷകരമായ സമാധാനം അവൾക്ക് അയാളുടെ മേൽ അതിയായ ബഹുമതിയെ ഉണ്ടാക്കി. 'എന്റെ കൈകളെ പിടിച്ചുകൊൾക. അപരിചിതമായ മാർഗ്ഗത്തിൽ വ്യതിചലനം വന്നേക്കും. നമുക്കായി അടുത്തുതന്നെ കുതിരകൾ തയ്യാറാക്കി നിർത്തപ്പെട്ടിട്ടുണ്ട്. അതിനാൽ ഇനി നടന്നു ബുദ്ധിമുട്ടേണ്ടുന്ന ആവശ്യമില്ല എന്നു വീരസിംഹൻ പറഞ്ഞു. തന്റെ വരന് ഇത്ര വിസ്മയകരമായ സാമർത്ഥ്യങ്ങളുണ്ടായിരിക്കുമെന്നു താരാഭായി ലേശവും വിചാരിച്ചിരുന്നില്ല. ഇപ്പോൾ അമാനുഷമായ എന്തോ ഒരു ശക്തി അയാൾക്കുണ്ടെന്ന് അവൾ മനനംചെയ്തു.

അവർ ഏകദേശം നാഴികകൾ നടന്നപ്പോൾ അവിടെ രണ്ടു കുതിരകൾ കോപ്പുകളിട്ടിണക്കി തയ്യാറാക്കി നിർത്തപ്പെട്ടിരുന്നു. എന്നാൽ അവിടെ ആരുമുണ്ടായിരുന്നുമില്ല. താരാഭായിയും വീരസിംഹനും ഓരോ കുതിരകളിൽ കയറി കുതിരയെ നടത്തി. എന്നാൽ അവൾക്കു ഏറിയിരുന്ന കുതിരയെ തന്റെ സമീപത്തുവെച്ചുകൊണ്ടാണ് അവർ യാത്രചെയ്തത്. താൻ ക്രൂരവിജയപ്രഭുവിന്റെ ചിറയിൽ നിന്നു രക്ഷപ്പെട്ടതും വഴിക്കു ഉപദ്രവങ്ങളൊന്നും കൂടാതെ കടന്നുപോന്നതും, തന്നെ വഹിച്ചുകൊണ്ടു യാത്രാവേഗത്തെ കുതിരമുഖേന സാധിപ്പിച്ചതും ഇനി അര നിമിഷത്തിനുള്ളിൽ പിതാവിനെ കാണ്മാൻ സാധിക്കും എന്നുള്ള ആശ്വാസസ്ഥാനത്തിൽ തന്നെ എല്ലാപ്പെട്ടതും ഓർത്തപ്പോൾ താരാഭായിയുടെ ഉള്ളിൽ കൊള്ളാത്ത ഒരു പരമാഹ്ലാദം ഉണ്ടായി അവളുടെ ക്ഷീണത്തെ നിശ്ശേഷം നശിപ്പിച്ചു.

കുതിരകളുടെ കാലടിശബ്ദങ്ങളും വായുപ്രവാഹത്തിൽ ഇളകിയാടുന്ന മരങ്ങളുടെ ഇലകൾ തമ്മിൽ തല്ലിയുണ്ടാകുന്ന ശബ്ദങ്ങളും കേട്ട് അവൾ സന്തോഷാതിരേകത്താൽ പൊട്ടിച്ചിരിച്ചു. "പ്രാണനാഥ! താൻ വലിയ മറിമായനാണ്. കോട്ടയെ കടന്നു ഞാൻ പുറത്തു വന്നസമയം വളരെ വിനോദമായ ഒരു വിചാരം എനിക്കുണ്ടായി. ആ വിചാരത്തോടുകൂടി ഹൃദയം സ്തംഭിച്ചു ഞാൻ വീണുപോകുമെന്നുതന്നെ വിചാരിച്ചു. ഇതുകേട്ടു നല്ല ചന്ദ്രികയുടെ വെളിച്ചത്തിൽ ഓജസ്സോടുകൂടി തെളിഞ്ഞ അവളുടെ മുഖശോഭയെ സൂക്ഷിച്ചുനോക്കിക്കൊണ്ടു "നിനക്കുണ്ടായ വിചാരം എന്തായിരുന്നു" എന്നു വീരസിംഹൻ ചോദിച്ചു.

താരാ:—ഒന്നുമില്ല. ഒരു ഭ്രാന്തിയുടെ വിചാരംപോലുള്ളതായിരുന്നു.

വീര—അതുതന്നെ എന്തായിരുന്നു എന്നു വ്യക്തമായി പറയുക.

താരാഭാ:—ഞാൻ പറഞ്ഞാൽ നിങ്ങൾ എന്നെ പരിഹസിക്കും.

വീ:—ഇല്ല. ചില സമയങ്ങളിൽ വിനോദമായ വിചാരങ്ങൾ നമ്മുടെ മനസ്സിലുണ്ടാകുന്നതു സാഹജമാകുന്നു. അതിൽ പരിഹസിക്കുവാനൊന്നുമില്ല.

താരാ:—അതേ! നാം ക്രൂരവിജയന്റെ ഗുഹാഗൎഭത്തിൽ നിന്നു പുറത്തേക്കു പോന്നിരുന്ന ആ നടത്തയിൽ പിശാചുക്കളെപ്പോലെ നിശ്ശബ്ദരായി നടക്കുകയായിരുന്നു. നാം ശ്വാസം വിടുന്ന ശബ്ദംപോലും ആ സമയം നമുക്കു കേൾക്കുമായിരുന്നില്ല. ഇതു് ആ സമയം എന്റെ ഉള്ളിൽ ഭയപാരവശ്യത്തെയും വിസ്മയത്തെയും ജനിപ്പിച്ചു. ചിത്തവിഭ്രമംപോലെ ഒരു തിരിച്ചറിവില്ലായ്മ അല്പനിമിഷനേരങ്ങൾക്കു് എന്റെ തലച്ചോറിൽ നൃത്തംചെയ്തു. ഇതു് എന്റെ അധൈൎയ്യത്തിന്റെ ഫലമായിരുന്നു എന്നു പിന്നീടേ ബോധമുണ്ടായുള്ളു. ഇപ്പോൾ ആ ചഞ്ചലങ്ങളെല്ലാം വിട്ടുപോയി, ഞാൻ പൂൎവ്വാധികം ധീരയായി ഭവിച്ചിരിക്കുന്നു.

വീര:—ഇത്രേയുള്ളോ? ഇതിൽ ഭവതിക്കു മൌഢ്യമൊന്നുമില്ല. ഈ സംഗതി എത്ര ധീരന്റെ മനഃശക്തിയെയും ഇളക്കി മറിക്കുവാൻ ഉതകുന്നതിലൊന്നാകുന്നു. നമ്മുടെ ഗതിയെയും, അവിടുള്ള പ്രതിബന്ധശക്തികളെയും, അവയെ നിഷ്പ്രയാസം ഭഞ്ജിച്ച സമ്പ്രദായങ്ങളെയും മററും പററി ഗാഢമായി ചിന്തിക്കുന്ന ഒരാൾക്കു ഭവതി പറഞ്ഞതുപോലുള്ള വിചാരങ്ങളെ ജനിപ്പിക്കാമെന്നുള്ളതിൽ യാതൊരു സന്ദേഹവും ഇല്ല. ഈ വിചാരം ഭവതിക്കുണ്ടായിരുന്നപ്പോൾ ഭവതി നല്ലപോലെ ഭയപ്പെട്ടിരിക്കുന്നുമെന്നും എനിക്കു് അപ്പോൾതന്നെ അറിയാമായിരുന്നു. നമുക്കിനി അധികം ദൂരമില്ല. അരനാഴികയ്ക്കുള്ളിൽ ഭവതി പിതാവിന്റെ രാജസദനത്തിൽ ചെന്നുചേരും.

അയാൾ പറഞ്ഞതിന്മണ്ണം അരനാഴികസമയം കൃത്യമായിചെന്നപ്പോൾ അവരുടെ യാത്ര, രാജശേഖരൻ പ്രഭുവിന്റെ രാജസൗധത്തിന്റെ നേരെയുള്ള കോട്ടവാതലിൽ അവസാനിച്ചു. രണ്ടുപേരും കുതിരകളിൽനിന്നു് ഇറങ്ങി. "നിങ്ങൾക്കു സാക്ഷാൽ ഭഗവാന്റെ കൃപാപൂൎണ്ണങ്ങളായ കടാക്ഷങ്ങളുണ്ടാകുവാനായി ഞാൻ ദൈവപ്രാൎത്ഥനചെയ്യുന്നു. ഈ ലോകത്തിലെ ഭാവിജീവിതം നിങ്ങൾക്കായി വിട്ടുതന്നിരിക്കുന്നു. ജീവദാനംചെയ്തതിനു തക്കതായ പ്രതിഫലം നല്കുവാൻ ഒരു മനുഷ്യനാൽ സാദ്ധ്യമല്ല" എന്നു വീരസേനന്റെ രണ്ടു കൈകളും പിടിച്ചു തന്റെ മാറോടണച്ചുകൊണ്ടു പരിശുദ്ധഹൃദയയായ ആ സാധ്വി അയാളോടു പറഞ്ഞു. അപ്പോഴത്തെ അവളുടെ വാക്കുകളും ഭാവവിശേഷങ്ങളും കളങ്കരഹിതമായ പ്രകൃതിയുംകണ്ടു് അവന്റെ ശരീരം സൎവ്വത്ര രോമാഞ്ചമുണ്ടായി. "ലോകത്തിൽ അവളെപ്പോലെ ശുദ്ധഹൃദയമുള്ളവർ ആരുമുണ്ടായിരിക്കുകില്ല"എന്നു് അവനു ബോധംവ

ന്നു. ആ സമയം അവന്റെ ശരീരത്തിൽനിന്നും രക്തം ശിര്! ശിര്! എന്നു തെറിച്ചു മേല്പോട്ടുകയറി അല്പസമയത്തേക്കു ദുസ്സഹമാക്കിത്തീൎത്തു ഈ വികാരം അയാളുടെ മുഖത്തു വ്യക്തമായി പ്രകാശിച്ചു. അയാളുടെ ചുണ്ടുകൾ വിറയ്ക്കുകയും വിളറുകയും നാസാദ്വാരങ്ങൾ തുറിക്കുകയും നേത്രങ്ങൾ നിശ്ചലങ്ങളാകയും ചെയ്തു. അതുകണ്ടു ഭയന്നു അവൾ അയാളെ മാറോടുചേൎത്തു ആലിംഗനം ചെയ്കയും മുതുകിൽ കോമളകരങ്ങളാൽ തലോടുകയും ചെയ്തിട്ടു "നിങ്ങൾക്കു വല്ലായ്മയുള്ളതുപോലെ തോന്നുന്നുവല്ലോ എന്താ അതു്" എന്നു ചോദിച്ചു. അവളുടെ സുധാനിഷ്യന്ദികളായ വചനങ്ങളും കരസ്പൎശവും പരിരംഭണവും ഏററു് അയാളുടെ തല്ക്കാലത്തെ അസൌഖ്യങ്ങൾ ശമിച്ചു. "ഇല്ല ഒന്നുമില്ല. ഭവതിയുടെ വിയോഗദുസ്സഹതകൊണ്ടുണ്ടായ ഒരു വല്ലായ്മ മാത്രമേയുള്ളു. ആ വികൃതി ഇപ്പോൾ നിശ്ശേഷം വിട്ടുപോയിരിക്കുന്നു.

താരാ:—പ്രപഞ്ചശില്പിയായ ആ പരിപൂൎണ്ണചിദ്വിലാസത്തിന്റെ കരുണാതിശയംകൊണ്ടു നിൎമ്മലയായ താരാബായി വീരസിംഹന്റേതാകുന്നു. അതിനെ മററാൎക്കും സ്പൎശിക്കാൻ കഴികയില്ല. അതു വിചാരിച്ചു ലേശവും വ്യസനിക്കരുതു്. നിങ്ങൾ ചെയ്ത ജീവദാനത്തിനു ഞാൻ ഭാവിമംഗളങ്ങളെ ആശംസിക്കുന്നു.

വീര.—അക്കാൎയ്യത്തിൽ എന്റെ സംശയങ്ങളെല്ലാം ഇപ്പോൾ വിട്ടുപോയിരിക്കുന്നു. എന്റെ ഹൃദയം ആനന്ദംകൊണ്ടും ദേഹം ഭവതിയുടെ ആശ്ലേഷസൌഭാഗ്യത്താൽ പുളകോൽഗമമായും ഭവിച്ചിരിക്കുന്നു. ഭവതിയെ ക്രൂരവിജയന്റെ ഉപരാഗത്തിൽനിന്നു വിമോചനംചെയ്തതു നിസ്സാരനായ വീരസിംഹനാണെന്നുള്ള സംഗതി പിതാവിനോടു പറയണം. ഞാൻ വീണ്ടും ഭവതിയെ സന്ധിക്കുന്നതാകുന്നു. അടുത്തുതന്നെ ഭവതിയുടെ പിതാവു് ഒരു വിരുന്നുസല്ക്കാരമഹോത്സവം നടത്തുന്നതായറിയുന്നു. അന്നു ഞാനും അവിടെ വരും.

എന്നു താരാബായിയുമായി സംഭാഷണം അവസാനിപ്പിച്ചിട്ടു് ഒരു ശൃംഗം എടുത്തു് ഒന്നു് ഊതി. ആ ശബ്ദംകേട്ടു കിടങ്ങിന്റെ മറുകരയിൽ ഒരു കാവൽക്കാരൻ ഹാജരായി "ആരതു" എന്നു ചോദിച്ചു "അഭായ്!" എന്നു് അവൾ അതിനു മറുപടി പറഞ്ഞു. അതുകേട്ടു ക്ഷണംതന്നെ അവൻ തൂക്കുപാലം അഴിച്ചു കിടങ്ങിലിട്ടു. അവൾ വീരസിംഹന്റെ കൈയും പിടിച്ചു പാലത്തിൽക്കൂടി കയറി മറുകരയിലെത്തി അയാളോടു യാത്രപറഞ്ഞു പിരിഞ്ഞു. അവൾ തന്റെ മാളികയിൽ ചെന്നുകയറുന്നതുവരെ വീരസിംഹൻ നോക്കിനിന്നിട്ടു ഒരു ദീൎഘനിശ്വാസത്തോടുകൂടി മടങ്ങി മറുകരയിൽപോന്നു. തന്റെ കുതിരയിൽ കയറി മറേറാ കുതിരയെ പിടിച്ചുംകൊണ്ടു് അവനും പോയി മറഞ്ഞു.

---

# അദ്ധ്യായം ൭.

പുത്രിയുടെ വിയോഗദുഃഖത്തിൽ മഗ്നനായി രാജ്യകാൎയ്യങ്ങളിൽ പോലും തൃഷ്ണ കുറഞ്ഞിരുന്ന രാജശേഖരൻ വീണ്ടും സന്തോഷസാഗരത്തിൽ മജ്ജനംചെയ്തു തുടങ്ങിയിരിക്കുന്നു. താരാഭായി മടങ്ങിയെത്തിയതിന്റെ നാലാംദിവസം യുദ്ധത്തിൽ പങ്കുകൊണ്ടവരെ അനുമോദിക്കുന്നതിനായി രാജസൌധത്തിൽവച്ചു തന്നെ ഒരു വിരുന്നുസല്ക്കാരം ഘോഷിക്കുവാൻ തീൎച്ചയാക്കുകയും അതിനുള്ള സകല ഒരുക്കങ്ങളും പൂൎത്തിയാവുകയും ചെയ്തിരിക്കുന്നു. ഇതിലേക്ക് ഉദയപുരത്തിലുള്ള പ്രഭുക്കൾ, ന്യായാധിപതിമാർ, പൌരപ്രമാണികൾ മുതലായ യോഗ്യന്മാർ ക്ഷണിക്കപ്പെട്ടിരുന്നു. രജതസൌധം അന്ന് അന്വൎത്ഥനാമമായി ഭവിച്ചു. അതിൽ മോഹനകരങ്ങളായ അനവധി അലങ്കാരങ്ങൾ ചെയ്തിരുന്നു. സൈന്യാധിപന്മാൎക്ക് പ്രത്യേകം സ്ഥാനങ്ങളിൽ വേണ്ട സൌകൎയ്യങ്ങൾ ചെയ്യപ്പെട്ടിരുന്നു. താരാഭായി ബലാൽ തപ്പിപ്പിഴച്ചു പോന്നതു നിമിത്തം ക്രൂരവിജയൻ വീണ്ടും യുദ്ധസന്നദ്ധനായി വന്നെങ്കിലോ എന്നുശങ്കിച്ച്, അയാൾക്കു കോട്ടയെ ഒരുവിധവും ഉപരോധിക്കാൻ കഴിയാത്തവണ്ണം വേണ്ടമുൻകരുതലുകളെല്ലാം ചെയ്തിരുന്നു. ആ നഗരം മുഴുവൻ കൊടിക്കൂറകൾ, തോരണങ്ങൾ, കലവാഴകൾ, വള്ളവാതലുകൾ മുതലായ അലങ്കാരങ്ങൾകൊണ്ട്, ഒരു ഉത്സവാഡംബരത്തെ പ്രകാശിപ്പിച്ചിരിക്കുന്നു. സദ്യവട്ടം തയ്യാറാക്കുന്ന സ്ഥലത്തുനിന്നും ഭക്ഷണസാധനങ്ങളുടെ ഗന്ധം വഹിച്ചുകൊണ്ടു ഗന്ധവാഹൻ നാലുപാടും സഞ്ചരിക്കുന്നു. കോട്ടയുടെ രക്ഷയ്ക്കായും ആഘോഷത്തിന്റെ ഉൽഭടതയുടെ സൂചകമായും പ്രധാനസേനാനായകനായ രാമകുമാരൻ രണ്ടണി സൈന്യനിരയെ തയ്യാറാക്കി നിൎത്തിയിരിക്കുന്നു. ക്ഷണിക്കപ്പെട്ട ജനങ്ങൾ വന്നുവന്ന് അതതു് ആസനങ്ങളിൽ ഇരുന്നുതുടങ്ങിയിരിക്കുന്നു.

താരാഭായി തന്റെ സ്ഥിതിക്കനുസരണമായ വസ്ത്രാഭരണങ്ങൾ ധരിച്ചു ജഗന്മോഹിനിയായി, തന്റെ തോഴിമാരായ കോകിലം, പത്മാവതി എന്നിവരോടുകൂടി രാജമണ്ഡലത്തിൽ ഹാജരായി ഒരു മാന്യസ്ഥാനത്തിരുന്നു. തന്ത്രപാലൻ അവിടെ മുൻകൂട്ടിത്തന്നെ സ്ഥലം പിടിച്ചിരുന്നു. താരാഭായി തോഴിമാരോടൊന്നിച്ചു മണ്ഡപപ്രവേശംചെയ്ത സമയം അയാൾ എഴുന്നേററു് അവളെ ആദരിച്ചു്, ശ്രേഷ്ഠമായ ആസനത്തിലിരുത്തി. പത്മാവതിയുടെ സമീപത്തായി അയാളും ഇരുന്നു. തന്ത്രപാലന്റെ സാമീപ്യം പത്മാവതിക്കു ഹൃദയാകൎഷകമായി തോന്നി. ക്ഷണിക്കപ്പെട്ട ജനങ്ങളെയെല്ലാം പ്രത്യക്ഷമായി കാണത്തക്ക ഒരാസനത്തിലും സ്വസ്ഥമായ നിലയിലുമാണു താരാഭായിഇരുന്നി

ക്കുന്നതു്. അവളുടെ നേത്രങ്ങൾ വന്നുകൂടുന്ന ആളുകളെ സൂക്ഷ്മമായി പരിശോധിക്കുന്നതിലേർപ്പെട്ടിരിക്കുന്നു. അവൾ കൂടെക്കൂടെ ഏതോ ഉല്ക്കണ്ഠയോടെ നോക്കുന്നുണ്ടായിരുന്നു. അവളുടെ നോട്ടങ്ങൾ ആരെയോ പ്രത്യേകം പ്രതീക്ഷിക്കുന്നതുപോലെ കാണപ്പെട്ടിരുന്നു.

അല്പം കഴിഞ്ഞപ്പോൾ രാജശേഖരൻ തന്റെ രാജകീയചിഹ്നങ്ങളോടുകൂടി സഭാമണ്ഡപത്തിൽ തയ്യാറാക്കിയിരുന്ന സിംഹാസനത്തിൽ ഉപവിഷ്ടനായി. താരാഭായി സിംഹാസനത്തോടു ചേർത്തിട്ടിരുന്ന ഒരു സോഫയിൽ ഇരുന്നിരുന്നു. പിതാവും മകളുമായി അല്പനേരം സംഭാഷണം ചെയ്തു. അതിൽനിന്നു് അവളുടെ ശ്രദ്ധ വ്യതിചലിച്ചിരിക്കുന്നു എന്നും, അവളുടെ മനസ്സിന്നു് എന്തോ അസ്വാസ്ഥ്യം നേരിട്ടിരിക്കുന്നു എന്നും, അതു വീരസിംഹനെ സംബന്ധിച്ചായിരിക്കുമെന്നും രാജശേഖരൻ അനുമാനിച്ചു. അദ്ദേഹം മകളോടിങ്ങനെ പറഞ്ഞു.

രാജ—പ്രിയപുത്രി! നിന്റെ മനസ്സ് അസ്വസ്ഥമായിരിക്കുന്നതുപോലെ തോന്നുന്നുവല്ലോ. ഈ ഉത്സാഹജനകമായ സന്ദർഭത്തിൽ കുമാരി നീ അസ്വാസ്ഥ്യമുള്ളവളായി കാണപ്പെടുന്നതു ശോചനീയമാകുന്നു. നിനക്കു ബുദ്ധിയില്ലേ? നിന്റെ സ്ഥിതിക്കുള്ള ഗൌരവത്തെ നീ അറിയുന്നില്ല. നിന്നെക്കാണുന്നതിനായി നമ്മുടെ ഉദ്യോഗസ്ഥന്മാരുടെ സ്ത്രീകളും വലിയ മാന്യകളായ പൌരസ്ത്രീകളും വന്നുചേർന്നുകൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അവരോടു കുശലം ചോദിച്ചു സന്തോഷപ്രകടനം ചെയ്യേണ്ടതിനു പകരം നീ വിളറിയ മുഖശോഭയെ പ്രകാശിപ്പിക്കുന്നതു് എത്ര കഷ്ടമായിരിക്കുന്നു എന്നു് ഇനിയെങ്കിലും നീ ഓർമ്മിക്കണം. നിന്റെ ഉജ്ജ്വലമായ മുഖകാന്തി മ്ലാനമായിത്തീരുന്നതിനു വാസ്തവമായി യാതൊരു കാരണങ്ങളുമില്ലെന്നു് എനിക്കറിയാം. എന്നാൽ നീ നിന്നിൽത്തന്നെ മറഞ്ഞിരിക്കുവാൻ ശ്രമിക്കുന്നു. അതു നമ്മുടെ സ്ഥിതിക്കു് അഗണ്യമാകുന്നു.

താരാ:—പിതാവിന്റെ കല്പനയെ ഞാനാദരിക്കുന്നു. എന്നാൽ മനസ്സിനെ സ്വാധീനത്തിൽ നിർത്തുവാൻ ആർക്കും ശക്യമല്ല. അതു ചപലസ്വഭാവമുള്ളതല്ലേ. ഒരു വിനാഴികനേരം കൊണ്ടു പത്തോ അൻപതോ നാഴിക ദൂരം ഓടുവാനുള്ള കരുത്തു മനസ്സിനുണ്ടു്. ഇത്ര അതിവേഗമുള്ള മനസ്സിനെപ്പിടിച്ചു നിറുത്തുന്നതിന്നു് എനിക്കു ശക്തിയില്ല. അതു് എന്റെ വിചാരശക്തിയെ കടന്നു പ്രവർത്തിക്കുന്നു.

രാജശേഖരൻ:—വളരെക്കാലമായി നീ എന്റെ ആജ്ഞയ്ക്കും വിചാരത്തിന്നും സ്ഥിതിക്കും വിപരീതമായി നിസ്സാരനായ ഒരുവനെ സ്നേഹിക്കുന്നുണ്ടെന്നു് എനിക്കറിയാം. അവനെ ഞാൻ ക്ഷണിച്ചില്ലെന്നു വിചാരിച്ചു നീ വ്യസനിക്കുകയാണോ?

താരാ—അതിസമൎത്ഥനും അജയ്യനുമായ ക്രൂരവിജയൻ പ്രഭുവിന്റെ പ്രതിബന്ധശക്തികളെ ജയിച്ചു് എന്നെ വീണ്ടെടുത്തതു് അനിസ്സാരനല്ലേ? ആ ശക്തി ഈ രാജ്യത്തിൽ അവനല്ലാതെ മററാൎക്കാണുണ്ടായതു്?

രാജ—അതു വലുതായ ഉപകാരമെന്നു ഞാൻ സമ്മതിക്കുന്നു. അവൻ നിന്നെ വിമോചിപ്പിച്ചു തന്നതിലേക്കു് അവനുഹിതമുള്ള സമ്മാനമെന്താണോ അതു കൊടുക്കുവാൻ ഞാൻ തയ്യാറായിരിക്കുന്നു. ഈ സംഗതി അവനോടു ചോദിച്ചു് അവന്റെ അഭിമതം അറിയുന്നതിന്നായി ഞാൻ രാമകുമാരനെ ചുമതലപ്പെടുത്തിയിരിക്കുന്നു. അവൻ ലക്ഷം കണക്കിൽ കൈക്കൂലികൊടുത്തു എന്നു പറയുന്ന ധനം അവനു് എവിടെനിന്നു ലഭിച്ചു എന്നു് എനിക്കറിവില്ല. അവന്റെ സ്ഥിതി ഈ നാട്ടുകാൎക്കെല്ലാം ബോദ്ധ്യമുള്ളതാണല്ലോ. അവൻപാവം! ദരിദ്രൻ

താരാ—അയാളുടെ സ്ഥിതി പിതാവിന്നറിവില്ല. സാധാരണമായി നാം വിചാരിക്കുന്നതുപോലല്ലാ, അവന്റെ സ്ഥിതി എന്നുള്ളതു നിശ്ചയമാകുന്നു. അവന്റെ സ്ഥിതി, ധനം, സാമൎത്ഥ്യം മുതലായവ മനുഷ്യസാധാരണതയിൽ കവിഞ്ഞുള്ളതാണെന്നു ഞാൻ വിചാരിക്കുന്നു.

രാജ—ആ സംഗതിയിൽ നാം തമ്മിൽ തൎക്കിക്കേണ്ടതില്ല. നിനക്കു് അവനെക്കുറിച്ചുള്ള അഭിമാനം വാസ്തവത്തിൽ എനിക്കില്ല. എന്റെ അഭിപ്രായം ശരിയാണെന്നു നീ പിന്നീടു സമ്മതിക്കും. അതു പോകട്ടെ. അവൻ ചെയ്ത ഉപകാരത്തിന്നു് എന്തു പ്രത്യുപകാരം ഞാൻ അവനു ചെയ്യേണ്ടതുണ്ടോ അതു പറഞ്ഞയയ്ക്കുവാനായി ഞാൻ രാമകുമാരനെ അയച്ചു ചോദിപ്പിച്ചുനോക്കി. അവൻ ചെയ്ത തെററിനു മാപ്പു കൊടുത്തിരിക്കുന്നതായും, അവൻ ചെയ്ത ഉപകാരത്തിന്നു നന്ദിപറഞ്ഞിരിക്കുന്നതായും, ഇനി അവനെ രക്ഷിക്കുന്നതിന്നു തയ്യാറായിരിക്കുന്നതായും അറിയിച്ചിരുന്നു. എന്നാൽ രാമകുമാരന്റെ അഭിപ്രായം കേട്ടതിൽ അവൻ വീൺഡംഭം പറയുന്നവൻ എന്നു മനസ്സിലായി.

ഇവർ ഇങ്ങനെ സംസാരിച്ചുകൊണ്ടിരിക്കുന്നമദ്ധ്യേ പ്രധാനസചിവനായ കുമാരിലഭട്ടൻ വന്നുചേൎന്നു. അയാൾക്കു് ഇപ്പോൾ അമ്പതുവയസ്സിൽ കുറവില്ല. അയാൾ മഹാ വഞ്ചകൻ എന്നുള്ളതും, കഠിനമുള്ളവൻ എന്നുള്ളതും അയാളുടെ മുഖലക്ഷണംകൊണ്ടനുമാനിക്കാം. ഇത്ര നിൎദ്ദയനായ മനുഷ്യൻ ലോകത്തിൽ ഉണ്ടായിട്ടില്ല. അയാളെ കണ്ടുകൂടുമ്പോൾ രാജശേഖരൻ എഴുന്നേററു, അയാളുടെ കൈയും പിടിച്ചു് അകലെ ചെന്നുനിന്നു് എന്തോ രഹസ്യസംഭാഷണം ചെയ്തു. അതു മററൊന്നുമല്ലായിരുന്നു. കല്ലറയിലിരുന്നു് ആരുമറിയാതെ താരാഭായിയെ തട്ടിക്കൊണ്ടുപോന്ന ആ പിച്ചക്കാരന്റെ മേൽ അവളുടെ ആഗ്രഹം വീണ്ടും പ്രവൎത്തിച്ചുതുടങ്ങിയിരിക്കുന്നു എന്നു പറ

ഞ്ഞതായിരുന്നു. ഈ സംഗതിയിൽ കുമാരിലഭട്ടൻ വല്ലാതെ ഒന്നു് അന്ധാളിച്ചു. ഈ വികാരത്തെ രാജശേഖരൻപ്രഭു സൂക്ഷിച്ചിരുന്നു.

കുമാരിലഭട്ടൻ--പ്രഭോ! ഇനി ഞാൻ അവന്റെകാൎയ്യത്തിൽ പ്രവേശിക്കുകയില്ല.

രാജ— അവന്നു യാതൊരു ശിക്ഷയും ചെയ്യണമെന്നു ഞാൻവിചാരിക്കുന്നില്ല. ആ പരമദുഷ്ടനായ ക്രൂരവിജയന്റെ രാജസൌധത്തിൽനിന്നു് അവൻ എന്റെ മകളെ ഗൂഢമായി തട്ടിക്കൊണ്ടുവന്നു നൽകിയതിൽ എനിക്കു അവന്റെമേൽ അപരിമിതമായനന്ദിയുണ്ടു്. എന്നാൽ അവനെ ഈനാട്ടിൽ പാൎക്കാനനുവദിക്കുന്നതു് മേലാൽശോഭനമല്ല. അതിനാൽ അവനെ ഈ നാട്ടിൽനിന്നും അകററി മറെറാരു നാട്ടിലയച്ചുപാൎപ്പിക്കണം. ഈ സംഗതി രഹസ്യമായിരിക്കണം. വേഗം നിങ്ങൾതന്നെ ചെയ്യുകയുംവേണം.

കുമാരില—എനിക്കു് ഐന്ദ്രപദവിതന്നെ ലഭിച്ചാലും അവന്റെ കാൎയ്യത്തിൽ ഞാൻ പ്രവേശിക്കുകയേ ഇല്ല. തടവിലിരുന്നു രക്ഷപ്പെടുത്തിക്കൊണ്ടുവന്നല്ലീട്ടു് ഈ ഉദയപുരത്തിൽ അവൻ താമസിക്കുമ്പോൾ ഞാൻ വെറുതെയിരുന്നിരിക്കുമെന്നാണോ വിചാരിക്കുന്നതു്? അവനെ സംബന്ധിച്ചു തൽക്കാലം ഒന്നും ചെയ്യാതിരിക്കുന്നതിലേക്കു തക്കതായ കാരണമുണ്ടു്.

രാജ—ആ കാരണം എന്താണു? ഈ ചോദ്യം അയാളുടെ മനസ്സിൽ വലിയ കുഴപ്പത്തെയുണ്ടാക്കി.

കുമാരില—എന്തായാലും ഞാൻ അതു പുറത്തു പറയുകയില്ല.

ഇനി ഇതുസംബന്ധമായി അധികം സംസാരിച്ചാൽ കലഹത്തിനിടയാകും എന്നോൎത്തു കുമാരിലഭട്ടൻ അവിടെ നിന്നും പൊയ്ക്കളഞ്ഞു. ക്ഷണിക്കപ്പെട്ടവരോടു് ഉപചാരം പറയുന്നതിനായി പ്രഭുവും തിരിഞ്ഞു. പല മാന്യന്മാരും മാന്യസ്ത്രീകളും വന്നുവന്നു സഭാമണ്ഡപം നിറഞ്ഞു. അതിസുന്ദരികളായ അനേകം സ്ത്രീകൾ അവിടെ കൂടിയിരുന്നു. എങ്കിലും താരാബായിയെപ്പോലെ മനോമോഹനമായ സൌന്ദൎയ്യവിശേഷം അവരിലാൎക്കും ഉണ്ടായിരുന്നില്ല.

സഭയിലിരുന്ന ജനങ്ങളെല്ലാം പരസ്പരം ഓരോന്നു സംസാരിച്ചുകൊണ്ടിരുന്നു. ആ കൂട്ടത്തിൽ തന്ത്രപാലനും പത്മാവതിയും തമ്മിലുള്ള സംഭാഷണം നടന്നിരുന്നു.

തന്ത്രപാലൻ--ഞാൻ നിന്നെ കുറെനാളായി കാണുന്നുണ്ടു്. എനിക്കു നിന്നെ കുറിച്ചു് അകാരണമായി ഒരു സ്നേഹാതിശയമുണ്ടായിരിക്കുന്നു. എന്നാൽ എന്റെസ്ഥിതിനോക്കിയാൽ അതിലേക്കു ഞാൻ അൎഹനല്ല. ഞാൻ ഒരുപ്രഭുവോ ഒരു ഭദ്രനോ അല്ല. സാധാരണ കുടിയാന്മാരിൽ ഒരുവനാകുന്നു.

പത്മാവതി:—ഞാൻ ഒരു ദരിദ്രയുടെ സന്താനമാകുന്നു. താരാഭായിയുടെ മാതാവ് ദയയോടുകൂടി എന്നെ.........

തന്ത്രപാല—നീ ഒരു ദരിദ്രയായും ഞാൻ ഒരു രാജകുമാരനായും ഇരുന്നാൽതന്നെയും നിന്നെ ലഭിക്കുന്നതു് ഒരു ഭാഗ്യമായി വിചാരിക്കതന്നെ ചെയ്യും. എന്തോ നിന്നെക്കുറിച്ചു് അങ്ങനെ ഒരു ആശാപരിണതി എനിക്കുണ്ടായിരിക്കുന്നു നിനക്ക് എന്റെമേൽ അതിന്നു സമ്മതിക്കത്തക്ക ആഗ്രഹമുണ്ടാകുന്നുണ്ടോ എന്നറിഞ്ഞാൽമാത്രം മതിയാകും.

ഈ ചോദ്യത്തിന്നു് അവൾ യാതൊരു മറുവടിയും പറഞ്ഞില്ല. അയാളെ അടിമുതൽ മുടിവരെ സൂക്ഷിച്ചുനോക്കീട്ടു് നമ്രയായിരുന്നു. ഈ പ്രവൃത്തിയിൽനിന്നു് അവൾക്കു തന്റെമേൽ ആശയുണ്ടെന്നു് അവൻ ഗ്രഹിച്ചുവെച്ചു. അവൾക്കു നല്ലകാലമുണ്ടായ ലജ്ജയേയും പ്രണയത്തെയും അടക്കവഹിയാതായിട്ടു് അവൾ എഴുന്നേററു പുറത്തേക്കു പോയി. അവൾ പോയതിനെമാത്രം ഏറ്റവും ധാരമായ ശ്രദ്ധയോടുകൂടി നോക്കിയിരുന്ന തന്ത്രപാലന്റെ തോളിൽ ആരോ കൈവച്ചതുപോലെ തോന്നി തിരിഞ്ഞുനോക്കി. അപ്പോൾ തന്റെ മുമ്പിൽ സൌന്ദര്യസർവ്വസ്വമായ രൂപസൌഭാഗ്യമുള്ള ഒരു ചെറുപ്പക്കാരനെ കണ്ടു. “ഇപ്പോൾ എഴുന്നേററുപോയ ആ യുവതിയെ നിങ്ങൾ ആഗ്രഹിക്കുന്നുവോ എന്നു് ആ ചെറുപ്പക്കാരൻ ചോദിച്ചു.

തന്ത്ര·— അതിനെപ്പററി അറിഞ്ഞിട്ടു നിങ്ങൾക്കെന്തുവേണം?

അന്യൻ— ഒന്നുമില്ല. അങ്ങനെ ചോദിച്ചുവെന്നേയുള്ളു. “നിങ്ങളെ വലുതായ ആപത്തിൽനിന്നു് ഒരാൾ രക്ഷിച്ചാൽ നിങ്ങൾക്കു് അയാളുടെമേൽ നന്ദിയോടുകൂടിയ ഒരു സംബന്ധശക്തിയുണ്ടാകുമോ?

തന്ത്ര— ഉണ്ടാകും. എനിക്കു് എന്തെങ്കിലും ആപത്തുണ്ടാകുമെന്നു നിങ്ങൾക്കറിയാമോ?

അന്യ—ഇല്ല. ക്രൂരവിജയന്റെ വനത്തിൽവച്ചു വേഗിംസംഘത്തിലെ സിൽബന്ധികളുടെ പക്കൽനിന്നു് ഒരാൾ നിങ്ങളുടെ ജീവനെ രക്ഷിച്ചതായ സംഗതി നിങ്ങൾ ഓർമ്മിക്കുന്നുവോ?

തന്ത്ര—ഓർമ്മിക്കുന്നുണ്ടു്. ആ ആൾ ആരെന്നു നിങ്ങൾക്കറിയാമോ?

അന്യ—അല്പം ക്ഷമിക്കുക. ഈ കോട്ടയിൽവച്ചു് ഒരു പ്രാവശ്യം രക്ഷിക്കപ്പെട്ടതും നിങ്ങൾക്കു് ഓർമ്മയുണ്ടല്ലോ?

തന്ത്ര—“അതേ. ആ, ആ സ്വാമിയെ—”

അന്യ— നിങ്ങളെ വേഗിംസംഘത്തിൽനിന്നു രക്ഷിച്ചവനും ഈ കോട്ടയിൽവച്ചു രക്ഷിച്ചവനും ഒരേ ആൾതന്നെയാകുന്നു.

തന്ത്ര—വലിയ ഉപകാരം. “ആ ആളിനെ ഞാൻ ഒന്നു കാണാൻ—”

അന്ത്യ—നിങ്ങളുടെ നന്ദിയറിയാനുള്ള അവസരം വന്നുചേർന്നിട്ടുണ്ട്.

തന്ത്ര—അങ്ങിനെയാണോ. ആമാന്ത്യൻ എവിടെയുണ്ട്. ഞാൻ ചെയ്യേണ്ടതെന്താണ്?

അന്ത്യ—നിങ്ങളെ രക്ഷിച്ചവൻ ഞാൻതന്നെയാണ്.

തന്ത്ര:—നിങ്ങളോ? വന്ദനം പറഞ്ഞുകൊള്ളുന്നു. എന്നിൽ നിന്നു നിങ്ങൾക്കു ലഭിക്കേണ്ടതെന്താണ്?

അന്ത്യ—പത്മാവതിയിൽ നിങ്ങൾക്കു ജനിച്ചിരിക്കുന്ന ആശ സ്ഥിരമായിട്ടുള്ളതാണെങ്കിൽ, ഞാൻ പറയുന്നതുപോലെ ചെയ്യുന്നതു് ഏററവും ലഘുവായ കാൎയ്യമാകുന്നു.

എന്നു പറഞ്ഞിട്ടു് ഒരു എഴുത്തെടുത്തു തന്ത്രപാലന്റെ കയ്യിൽ കൊടുത്തു. അയാൾ അതു വായിച്ചുനോക്കീട്ടു് ഏററവും വിസ്മിതനായി ഭവിച്ചു് ആ ചെറുപ്പക്കാരനെ സൂക്ഷിച്ചുനോക്കി. "നിങ്ങളെ എനിക്കറിയാം. അതെങ്ങിനെയറിയുമെന്നു എന്നോടു ചോദിക്കരുതു്. രണ്ടു പ്രാവശ്യം നിങ്ങളുടെ ജീവൻ ഞാൻ രക്ഷിച്ചു തന്നിട്ടുണ്ടു്. ഇപ്പോൾ ഞാൻ ആവശ്യപ്പെടുന്ന കാൎയ്യം അതിനെക്കാൾ ചെറുതാണോ" എന്നു് ആ ചെറുപ്പക്കാരൻ തുടൎന്നു പറഞ്ഞു. അതു കേട്ടിട്ടു "ഇല്ല. എനിക്കു പ്രാണഭിക്ഷ നല്കിയതാകുന്ന ആവശ്യപ്പെടുന്നതുപോലെ ചെയ്യുന്നതിനു ഞാൻ തയ്യാറായിരിക്കുന്നു. എന്റെ അറയിൽ ചെന്നു പേനയും മഷിയും എടുത്തുകൊണ്ടുവന്നു് ഇതിൽ ഒപ്പുവച്ചുതന്നേക്കാം" എന്നു തന്ത്രപാലൻ മറുപടി പറഞ്ഞു. "അതുരണ്ടും ഇതാ എന്റെ പക്കൽ തന്നെയുണ്ടു്" എന്നു പറഞ്ഞിട്ടു പേനയിൽ മഷിമുക്കി തന്ത്രപാലന്റെ നേരെ നീട്ടി. അയാൾ വാങ്ങി ഒപ്പിട്ടു രണ്ടുംകൂടി മടക്കി കൊടുത്തു. അതിനെ വാങ്ങി അതിലേ കടന്നുപോയ ഒരുവന്റെ കൈയിൽ കൊടുത്തു് ഇതിനെ ഭദ്രമായി സൂക്ഷിച്ചുകൊള്ളുക എന്നു പറഞ്ഞയച്ചിട്ടു ചെറുപ്പക്കാരൻ അവിടെത്തന്നെ ഇരുന്നു.

ഈ സമയം ഭയങ്കരമായ ഒരു ശബ്ദമുണ്ടായി. രാജശേഖരൻറ്റ ഭൂ അതിരില്ലാത്ത കോപത്തോടുകൂടി കോലാഹലം കൂട്ടുന്ന ശബ്ദമായിരുന്നു അതു്. അതുകേട്ടു് അവിടെ കൂടിയവരെല്ലാം ഭയപ്പെട്ടു ഉരുളുവര എഴുന്നേററു.

---

## അദ്ധ്യായം ൮.

തന്ത്രപാലനും അയാളുടെ സമീപത്തിരുന്ന ആ ചെറുപ്പക്കാരനും തമ്മിൽ സംഭാഷണം നടന്നുകൊണ്ടിരിക്കുന്നതിനിടയിൽ, ആ സംഘത്തിന്റെ മറേറാരു ഭാഗത്തു് ഒരു വലിയ കുഴപ്പം സംഭവിച്ചിരുന്നു.

പ്രധാന സചിവനായ കുമാരിലഭട്ടൻ ആ സമ്പ്രദായങ്ങളെ പറഞ്ഞു. നിങ്ങളെല്ലാവരും ഓരോ വിഷയങ്ങളെ സംബന്ധിച്ചു സംസാരിച്ചു രസിക്കുന്നുണ്ടു്. എന്നാൽ ഞാൻ ഒരു കാൎയ്യത്തെപ്പററി പറയാൻ തുടങ്ങുന്നു. ശ്രദ്ധയോടുകൂടി കേൾക്കണം.

ഞാൻ പറയാൻ ആരംഭിക്കുന്ന വിഷയം നടന്നിട്ടു് ഇപ്പോൾ ഇരുപത്തിനാലു കൊല്ലങ്ങളായിരിക്കുന്നു. അക്കാലത്തിൽ എനിക്കു ചക്രവൎത്തിയുടെ അരമനയിൽ ഒരു ഉദ്യോഗം ലഭിച്ചു് അധികനാൾ ആയിരുന്നില്ല. നഗരശുചീകരണസംബന്ധമായ കാൎയ്യങ്ങൾ ചുമതലയോടുകൂടി ചെയ്യുന്നുണ്ടോ എന്നുള്ള ഒരു പരിശോധനമാത്രമേ അക്കാലത്തു് എനിക്കുണ്ടായിരുന്നുള്ളു. ആ ഉദ്യോഗത്തിൽ പ്രവേശിച്ചു് ഒരു കൊല്ലം കഴിഞ്ഞ അവസരത്തിൽ, ചക്രവൎത്തിയുടെ കൊട്ടാരത്തിൽ എന്നെ വിളിപ്പിച്ചുവരുത്തി. ഞാൻ അവിടെ ചെല്ലുന്നതിനു മുമ്പായി പ്രധാനമന്ത്രി മുതലായ ഉദ്യോഗസ്ഥന്മാർ അവിടെ കൂടിയിരുന്നു. ചക്രവൎത്തിനിക്കു പ്രസവകാലം സമീപിച്ചിരുന്നു. പ്രസവം നടക്കുന്ന സമയം കൃത്യമായി കുറിച്ചു് ഏല്പിക്കണമെന്നു ചട്ടംകെട്ടിയിരുന്നു. പ്രസവിച്ചാൽ ജനനക്കണക്കിൽ കുറിക്കണമെന്നു വിചാരിച്ചു ഞാൻ കണക്കുപുസ്തകംകൂടി കൊണ്ടുപോയിരുന്നു. രാജകുടുംബത്തിൽ ശിശു ജനിച്ചാൽ പൌരോഹിത്യകൎമ്മം പലതും ചെയ്യാനുണ്ടാകും. ജനിച്ചശിശുവിനെ ഉടൻതന്നെ അവിടെ കൂടീട്ടുള്ള ഉദ്യോഗസ്ഥന്മാരെ കാണിക്കും. ജനനസമയം ആണോ പെണ്ണോ എന്നുള്ള വിവരം, ഗ്രഹങ്ങളുടെ സ്ഥിതി ഇവ കണക്കിൽ എഴുതിക്കൊള്ളും. പിന്നീടു സൂതികൎമ്മിണി ആ ശിശുവിനെ കുളിപ്പിച്ചു പ്രത്യേകം ഒരറയിൽ കൊണ്ടുപോകും. അന്നു മുഴുവൻ സൂതികൎമ്മിണിയുടെ നോട്ടത്തിൽ വയ്ക്കും. അവൾ ശിശുവുമായി വേറെ മുറിയിൽ പ്രവേശിച്ചാൽ ഉടൻ ആ അറ പട്ടാളത്തിന്റെ വശത്തിൽ വയ്ക്കും. നടയിൽ പാറാകൊടുക്കുന്നതിനു ഭടന്മാർ നിയോഗിക്കപ്പെടും. അന്നു രാത്രിയിൽ പാറാക്കാരൻ ഉറങ്ങിപ്പോകുന്നതായാൽ അതിനു മരണശിക്ഷ വിധിക്കും. ഈ ക്രൂരനിയമമുള്ളതിനാൽ ആരും ഉറങ്ങിപ്പോകാറില്ല. പാറാക്കാരൻ ആരായിരിക്കണമെന്നു വിശ്വസ്തന്മാരായ ഭടന്മാരുടെ പേരെഴുതിയ നറുക്കിട്ടെടുക്കും. നറുക്കു വരുന്നവന്നു അതിൽ ദൈവികമായ സംബന്ധമുണ്ടെന്നാണു വിചാരിച്ചുപോരുന്നതു്. മൂന്നാംദിവസം സൈന്യത്തിന്റെ മുന്നണിയിൽ ആ ശിശുവിനെ ആ ഭടൻ കൈകളിലെടുത്തു പട്ടുവസ്ത്രത്തിൽ പൊതിഞ്ഞു കൊണ്ടുപോയി കാണിക്കണം. സൈന്യങ്ങൾ രാജോചിതമായ ആചാരം ചെയ്തു രാജാംശമായി സ്വീകരിക്കും. അനന്തരം ശിശുവിനെ മാതൃസമീപത്തിൽ കൊണ്ടുപോയി ഏല്പിക്കും. അതു കഴിഞ്ഞാൽ ആ ഭടന്നു അനേകം സമ്മാനങ്ങൾ നല്കി വിട്ടയയ്ക്കും. ഈ സമ്പ്രദായം വളരെക്കാലമായി നടന്നുവരുന്നു.

ഞാൻ ഇനി പറയാൻപോകുന്ന സംഗതി ഈ വിവരമെല്ലാം ഓൎമ്മിച്ചുകൊണ്ടു വേണം ഗ്രഹിക്കുവാൻ. ചക്രവൎത്തിയുടെ ഭാൎയ്യ പ്രസവവേദനയിൽ ഏൎപ്പെട്ടിരിക്കുന്നു. ഉദ്യോഗസ്ഥലോകത്തിന്റെ മദ്ധ്യേയായി ചക്രവൎത്തിയുടെ സഹോദരനും ഇരുന്നിരുന്നു. ആ സമയം കുറെ കഴിഞ്ഞപ്പോൾ ഒരു വൈദ്യൻ സൂതികാഗ്രഹത്തിൽനിന്നും പുറത്തിറങ്ങി ഉദ്യോഗസ്ഥന്മാരുടെ മുമ്പിൽ ചെന്നു, പ്രസവിച്ചു എന്നും ആൺകുഞ്ഞു് ആകുന്നു എന്നും പറഞ്ഞു. ആ ശിശുവാണു് ഇപ്പോൾ നമ്മാൽ അറിയപ്പെട്ടിട്ടുള്ള പ്രതാപവീരൻ. ആ വീരശിഖാമണിക്കായി താരാഭായിയെ വിവാഹം ചെയ്തുകൊടുക്കുന്നതിനു വാഗ്ദാനം ചെയ്യപ്പെട്ടിരിക്കുന്നു. വിവാഹകൎമ്മത്തിനായി അദ്ദേഹം ഇവിടെ വന്നുചേരും. ആ വരവിനെ പ്രതീക്ഷിച്ചു ഞാൻ ഇരിക്കുകയാണെന്നുള്ള വസ്തവവും നിങ്ങൾ മറന്നുകളയരുതു്, എന്നു കുമാരിലഭട്ടൻ പ്രസംഗിച്ചവസാനിപ്പിച്ചു. അതിന്റെ യഥാൎത്ഥ്യത്തെ രാജശേഖരൻ പ്രഭു സമ്മതിച്ചു സ്ഥിരീകരിക്കുകയും ചെയ്തു.

ഒരു പ്രസംഗത്തിലെ പ്രധാന തത്വമായ വിവാഹകൎമ്മവിവരണം താരാഭായിക്കു ദുഃഖപ്രദമായിരുന്നു. എന്നാൽ അവൾ അതിനെ മനസ്സിൽ അടക്കീട്ടു സഭയിൽ സഗൌരവം ഇരുന്നിരുന്നു. കുമാരിലഭട്ടൻ പ്രസംഗത്തെ വീണ്ടും തുടൎന്നു. പ്രതാപവീരൻ ജനിച്ച ഉടൻ സൂതികൎമ്മിണി നടപ്പിൻപ്രകാരം ശിശുവിനെ കൊണ്ടുവന്നു ഞങ്ങളെ കാണിച്ചു. ഞാൻ നാളും പേരും ദേഹത്തിലുള്ള അടയാളങ്ങളും ഗ്രഹസ്ഥിതിയും കണക്കിൽ കുറിച്ചു. അവൾ ശിശുവിനെ പനിനീരിൽ കുളിപ്പിച്ചു തൊട്ടിൽഅറയിൽ കൊണ്ടുപോയി. അന്നു് അവിടെ പാറാക്കാരനായി നിയോഗിക്കപ്പെട്ടതു് "ദുഷ്ടകേതു" എന്ന ഒരു ഭടനെയായിരുന്നു. അവനെ അതിനായി നിയമിച്ചതു ശരിയായില്ലെന്നു് എനിക്കു തോന്നി. അവൻ പരമ ദുഷ്ടനും അസത്യവാനും ആയിരുന്നു. പ്രധാന മന്ത്രിയും സേനാനായകനുംകൂടി നിശ്ചയിച്ച സംഗതിയിൽ അഭിപ്രായഭേദം പറയുവാൻ ആൎക്കും അധികാരമില്ല. തന്നിമിത്തം ഞാൻ മൌനം ദീക്ഷിച്ചു എങ്കിലും അതു് എന്റെ മനശ്ശക്തിയെ പ്രബലമായി ഇളക്കിക്കൊണ്ടുതന്നെ ഇരുന്നു.

ദുഷ്ടകേതുവിനു് അന്നു മുപ്പതുവയസ്സിരിക്കും. എന്നാൽ അവൻ ചെയ്തിട്ടുള്ള കഷ്ടപ്രവൃത്തികളുടെ സംഖ്യ, തുലോം കൂടുതലായിരുന്നു. ഉദ്യോഗസ്ഥന്മാരും ഞാനും അവിടെനിന്നും സല്ക്കാരസ്ഥലത്തേക്കുപോയി. ഞങ്ങൾ ഭക്ഷണത്തിനാരംഭിച്ചു എങ്കിലും ധൈൎയ്യക്കുറവിനാൽ ഞാൻ അവിടെ അധികനേരം ഇരുന്നില്ല. ദുഷ്ടകേതു വല്ലവിക്രിയകളും ചെയ്യുമെങ്കിലോ എന്നു ഭയന്നു് അവന്റെ പാറാസ്ഥലത്തു കാലടികളുടെ ശബ്ദംപോലും പുറപ്പെടിക്കാതെ മന്ദമന്ദം നടന്നുചെന്നു. വിളക്കുകൾ പ്രകാശമായി എരിഞ്ഞുകൊണ്ടിരിക്കുന്നു. എന്നാൽ ഞാൻ

ആ പാറാക്കാരനെ അവിടെ കണ്ടില്ല. ഞാൻ തൊട്ടിൽ അറയ്ക്കകത്തു ചെന്നു. അവിടെ ഉള്ളിൽ ആരോ മൃദുവായി സംസാരിക്കുന്ന ശബ്ദം കേട്ടു. "അർദ്ധരാത്രിയിലായിരിക്കണം" എന്നു ആരോ പറഞ്ഞതു് എന്റെ ചെവികളിൽ പതിഞ്ഞു. ശബ്ദസാമ്യംകൊണ്ടു് അതു വൈദ്യനായിരിക്കണമെന്നു നിശ്ചയിച്ചു. "അപ്പോഴായാൽ ആരും കാണുകില്ല" എന്ന് അതിലേക്കു സൂതികർമ്മിണിയുടെ മറുപടിയുമുണ്ടായി. "എനിക്ക് ഇതിൽ എന്തു ലാഭാംശം" എന്നു ദുഷ്ടകേതു ചോദിച്ചു. "അതു് ഇതാ ഇരിക്കുന്നു. ചക്രവർത്തിയുടെ അനുജൻ എനിക്കു സമ്മാനമായി തന്ന മോതിരം തനിക്കു തന്നേക്കാം. അതു വിലമതിക്കത്തക്കതല്ല. ഇതു വിറ്റാൽകിട്ടുന്ന ധനംകൊണ്ടു കുബേരനാകാം. ഞാൻ പറഞ്ഞ പ്രകാരം ചെയ്തു കഴിഞ്ഞാൽ ഉടൻ മോതിരം തന്റെ കൈയിൽ തരാം. എന്റെ കാര്യത്തിനും എന്റെ സഹോദരിയുടെ കാര്യത്തിനും നീ സഹായിയായിരിക്കണം. അങ്ങനെ ചെയ്താൽ മോതിരം നിന്റേതായി" എന്നു വൈദ്യൻ വീണ്ടും പറഞ്ഞു. "ഇതിൽ വച്ചു നിനക്കു എന്താപത്തു വന്നാലും ഞാനും എന്റെ ഭർത്താവും നിനക്കു സർവ്വസഹായവും ചെയ്തുകൊള്ളാം" എന്നു സൂതികർമ്മിണിയും പറഞ്ഞു. "അതു സത്യം. എന്റെ ജീവനും ധനവും നശിച്ചാലും ഈ കാര്യത്തെ ചെയ്തു സമാപിപ്പിക്കുവാൻ ഞാൻ തയ്യാറായിരിക്കുന്നു. എന്റെ ഭാര്യയും ഇപ്പോൾ സൂതികർമ്മിണിയായി വന്നതും ഇതിലേക്കാണ്" എന്നു പിന്നെയും വൈദ്യൻ പറഞ്ഞു." "നിങ്ങൾ പറയുന്നവിധം ചെയ്തേക്കാം. നിങ്ങൾ ഇന്നുച്ചക്കു ഇഷ്ടമുള്ളതു തരാം എന്ന് എന്നോടു പറഞ്ഞതില്ലേ. എനിക്കു ശീട്ടു കിട്ടിയപ്പോൾതന്നെ ഇതിൽനിന്ന് ഒരു വലിയതുക സമ്പാദിക്കാൻ എന്തു മാർഗ്ഗമാണെന്നു ഞാൻ വിചാരിച്ചു. അപ്പോൾ നിങ്ങളെ കാണുകയും സംഗതികൾ പറകയും ചെയ്ത സമയം അതു ഉദ്ദേശസിദ്ധിക്കനുകൂലമായിരുന്നതിനാൽ ഞാൻ കൈക്കൊള്ളുകയും ചെയ്തു. ഇനി അതിൽ അധൈര്യം വേണ്ട" എന്നു ദുഷ്ടകേതു വീണ്ടും പറഞ്ഞു. "നീ പറഞ്ഞതു ശരിതന്നെ. ഈ ഒരു മോതിരം നിന്നെ കുബേരപദവിക്കു അർഹനാക്കിത്തീർക്കുമെന്നു ഞാൻ പറഞ്ഞില്ലേ. ഇതിൽ കൂടുതൽ എന്തു തന്നെ വേണം" എന്നു വൈദ്യർ പറഞ്ഞു.

ഈ സമയം ആ മുറിക്കുള്ളിൽ എന്തോ ശബ്ദം കേട്ടു. എന്തോ രഹസ്യമായി ഒരു ഭയങ്കരകൃത്യത്തിന് അവർ തയ്യാറാവുകയാണെന്ന് എനിക്കു മനസ്സിലായി. ഞാൻ ഒളിച്ചിരുന്ന് ഈ സംഗതികൾ കേൾക്കുന്നുണ്ടെന്ന് അവർക്ക് അറിവു കിട്ടിയാൽ, തരക്കേടാകും എന്നു വിചാരിച്ചു, പാറാക്കാരൻ പുറത്തു വരുന്നതിനു മുമ്പായി ഞാൻ കടന്നുപോന്നു എന്നു കുമാരിലഭട്ടൻ പറഞ്ഞു.

"ഇപ്പോൾ കഥയുടെ രഹസ്യധാര മുറുകിത്തുടങ്ങിയിരിക്കുന്നു. എല്ലാവരും ശ്രദ്ധിക്കണം" എന്നു രാജശേഖരൻപ്രഭു പറഞ്ഞു. ഈ അ

ഘോഷത്തിൽ കഥ തുടരുന്നതിനു മുമ്പായി ഒരുഭടൻ പ്രത്യേകകല്പന കൂടാതെ ആ ജനക്കൂട്ടത്തിന്റെ നടുവിൽ കടന്നുവന്നു, രാജശേഖരൻ പ്രഭുവിന്റെ മുമ്പിൽ ഒരു ഈട്ടിയെ കുത്തി നിറുത്തി. ഇതുകണ്ടു് അവിടെ കൂടിയിരുന്നവരെല്ലാം ഭയന്നു കിടുകിടെ വിറച്ചു സന്ത്രസ്തരായിഭവിച്ചു. എല്ലാജനങ്ങളുടേയും ജീവനാഡികൾ സ്തംഭിക്കയും രക്തധാര മേല്പോട്ടു നിരച്ചുകയറി ഓൎമ്മശക്തിയെ ആവരണം ചെയ്കയും ചെയ്തു. അതിനാൽ അവൻ ആരായിരിക്കുമെന്നറിയുന്നതിനുമുമ്പേ അവിടെനിന്നും അപ്രത്യക്ഷനായി. അവനെതടയുവാൻ ആൎക്കും സാധിച്ചുമില്ല.

രാജശേഖരൻപ്രഭു കുപിതനായി. "ഇതെന്തു് അന്യായം! എന്തക്രമം!" എന്നു് അട്ടഹാസം ചെയ്തു. ആ ഈട്ടിയുടെ കണ്ഠസൂത്രമായി കെട്ടപ്പെട്ടിരുന്നനാടാഅഴിച്ചു് അതിൽ കെട്ടപ്പെട്ടിരുന്ന ഓലച്ചുരുളെടുത്തു നിവൎത്തിനോക്കി. അതിൽമൂന്നു് ഈട്ടികളുടെ അടയാളം വരയ്ക്കപ്പെട്ടിരുന്നു. അതു "വേഗി" സംഘത്തിന്റെ അടയാളമായിരുന്നതിനാൽ വരാൻപോകുന്ന ആപത്തിനെ ഓൎത്തു ജനങ്ങൾ നടുങ്ങി.

ജനസംഘത്തിന്റെ ഇടയിൽ സ്ഥാപിച്ച ഈട്ടിയെകണ്ടു, വേഗിസംഘത്തിന്റെ ഉപദ്രവശക്തിയുണ്ടാകാൻപോകുന്നു എന്നോൎത്തു താരാഭായി ഭയന്നു.

"കിടങ്ങുപാലം എടുത്തുകളയട്ടെ. ഈ കോട്ടയിൽ നിന്നും യാതൊരുവനെയും പുറത്തുവിടരുതു്. സൈന്യത്തെ വേഗത്തിൽ വൎദ്ധിപ്പിക്കയും ആയുധപാണികളാക്കി സജ്ജീകരിക്കയും ചെയ്യട്ടെ" എന്നു പ്രഭു കല്പനകൊടുത്തു. രാജഭടന്മാരും സേനാധിപന്മാരും അവരവരുടെ ജോലിക്കായി മുതിൎന്നു.

ആ ഓലയിൽ എഴുതിയിരുന്നതിനെ സംഘമദ്ധ്യേ വായിച്ചു. "ഈട്ടി നാമങ്ങളുടെ ലക്ഷണമുള്ള സംഘത്താൽ ആജ്ഞാപിക്കുന്നതെന്തെന്നാൽ, അടുത്ത ഞായറാഴ്ച മദ്ധ്യാഹ്നത്തിൽ മലയോരത്തിലുള്ള മധുവനത്തിൽ നിൽക്കും വലിയ പയിൻമരച്ചുവട്ടിൽ തനിച്ചും നിരായുധനായും രാജശേഖരൻപ്രഭു ഹാജരായിക്കൊള്ളണം"

ഇതു വായിച്ചുകേട്ട ഉടൻ പ്രഭുവിന്റെ കോപദഹനൻ കത്തിജ്വലിച്ചുയൎന്നു ദുസ്സഹമായി ഭവിച്ചു. "ഈ ധീരപ്രവൃത്തിചെയ്തവനെ പിടിച്ചുകൊടുക്കുന്നവർ ആരായിരുന്നാലും, അവർ ചോദിക്കുന്നതിനെ കൊടുക്കുന്നതിനു ഞാൻ തയ്യാറായിരിക്കുന്നു. ഈ വാക്കു സത്യമാകുന്നു. എന്നെക്കൊണ്ടു സാധിക്കുന്നതെന്താണോ അതിനെ ചോദിക്കേണ്ടതുമാകുന്നു." അതുകേട്ട ഭേഷ്! നന്നായി! എന്നു് സചിവനും പറഞ്ഞു.

"പ്രഭുവിന്റെ പ്രതിജ്ഞ സത്യമാണെങ്കിൽ അവനെ ഞാൻപിടിച്ചേല്പിക്കാം" എന്നു തന്ത്രപാലന്റെ അടുത്തിരുന്ന ആ ചെറുപ്പക്കാ

ണനായ സുന്ദരപുരുഷൻ (വീരസിംഹൻ) പറഞ്ഞു. അവൻ ആ സംഘമദ്ധ്യേ എഴുന്നേററുനിന്നു. ഇത്രധൈര്യശാലിയും സമർത്ഥനും വേഗിസംഘത്തോടെതിൎക്കത്തക്ക ശക്തനും ആയ ആ വീരൻ ആരായിരിക്കുമെന്നു ജനങ്ങളെല്ലാം ഉൽക്കണ്ഠയോടുകൂടി അവനെനോക്കി. അല്ലാ! വീരസിംഹനോ? എന്നു രാജശേഖരൻപ്രഭു ചോദിച്ചു.

"അവിടുന്നു കല്പിച്ചതുപോലെ ചെയ്വാൻ തയ്യാറാണു്" എന്നു് അവൻ സധൈര്യം അറിയിച്ചു.

"നമ്മുടെ വീരസിംഹനോ" എന്നു താരാഭായി സസന്തോഷം അവൾ തന്നെത്താനേ മനസ്സുകൊണ്ടു് ഉദ്ബോധനം ചെയ്തു. ഉടൻ അവളുടെ ശരീരം പുളകിതമായി. അവിടെക്കൂടിയ ജനങ്ങൾ പ്രഭുവിന്റെ കല്പനകൂടാതെ പോകുവാൻ പാടില്ലാത്ത സ്ഥിതിയിൽ അകപ്പെട്ടതിൽ അവൎക്കു് അസാമാന്യമായ മനഃക്ലേശമുണ്ടായി.

തന്നെ രണ്ടുസന്ദൎഭത്തിൽ സംരക്ഷിച്ചവന്റെ പേർ ഇപ്പോൾ മാത്രമേ താരാഭായിക്കു അറിവാൻ സംഗതി വന്നുള്ളൂ. വീരസിംഹൻ എഴുന്നേററു പുറത്തേക്കുപോയി. ആ സ്ഥലം കുറേനേരത്തേക്കു നിശ്ശബ്ദമായിരുന്നു. പിന്നീടു് കുശുകുശുവെന്നു് അവിടവിടെ സംഭാഷണശബ്ദം ആരംഭിച്ചു. വീരസിംഹൻ സഭാമണ്ഡപത്തിൽ വീണ്ടും പ്രവേശിച്ചപ്പോൾ അവിടം വീണ്ടും നിശ്ശബ്ദമായി. വീരസിംഹൻ നേരെ പ്രഭുവിന്റെ സമീപത്തുചെന്നു "കുററക്കാരനെ പിടിച്ചിരിക്കുന്നു" എന്നു അറിയിച്ചു.

പ്രഭു:—അവനെവിടെ?

വീര:—സേനാധിപൻവശം ഏല്പിച്ചിരിക്കുന്നു.

പ്രഭു:—നന്നായി. ആരവിടെ?

ഒരുഭടൻ:—(പ്രവേശിച്ചു്) അടിയൻ.

പ്രഭു:—വീരസിംഹൻ പിടിച്ചേല്പിച്ച ക്രൂരവിജയന്റെ ദൂതനെ ഭദ്രമായി സൂക്ഷിക്കണം.

ഭടൻ:—അടിയൻ. (എന്നുപറഞ്ഞു് വെളിയിലേക്കുപോയി)

പ്രഭു:—ന്യായാധിപതിയും ഇവിടെത്തന്നെയുണ്ടല്ലോ. താനാൽ ഏൎപ്പെടുത്തപ്പെട്ട ഒരു ഘാതകസംഘത്തിൽനിന്നു, നമ്മെപ്പോലുള്ളവരെക്കൂടി അലക്ഷ്യമായി നോട്ടീസ്മൂലം വരുത്തിഭയപ്പെടുത്തിക്കളയാമെന്നു വിചാരിച്ച ധിക്കാരം അതിർകവിഞ്ഞതാകുന്നു.

ന്യായാധിപൻ:—അതേ! വേഗിസംഘത്തിൽ പെട്ടവർ, ചക്രവൎത്തിയുടെ അധികാരത്തിന്നു വിപരീതക്കാർ എന്നാണു് ഞാൻവിചാരിക്കുന്നതു്. ഈ സംഘം രാജദ്രോഹസംഘം അല്ലെങ്കിൽ അരാജകസംഘം എന്നു കൂടിപ്പറയാം.

ന്യായാധിപന്റെ അഭിപ്രായം കേട്ടിരുന്ന പൌരന്മാർ എല്ലാം ഭയംകൊണ്ടു വിറച്ചു. വേഗിസംഘത്തെ അലക്ഷ്യമായി വിചാരിക്കു

ന്നവനെ അവർ കൊന്നുകളയുന്നതു് സാധാരണമാകുന്നു. അതിഭയംകരമായ ആ സംഘത്തിന്റെ പേർകൂടിപ്പറയുന്നതിനു ജനങ്ങൾക്കു ഭയമാകുന്നു.

രാജശേഖ:— എന്തക്രമം! ഈ സംഘം രഹസ്യമായി സാധിക്കുന്ന ഘാതകവൃത്തികൾ ദുസ്സഹമായി വർദ്ധിച്ചുപോയിരിക്കുന്നു. ക്രൂരവിജയന്റെ പ്രേരണമൂലം ഈ സംഘം നമുക്കു ഈറ്റിനാടാകല്ലെന്ന അയച്ചിരിക്കുന്നതെന്നുള്ളതു് നിരാക്ഷേപകമായ ഒരു വാസ്തവമാകുന്നു. ആ സംഘനേതാക്കന്മാരിൽ ഒരുവനാണവൻ എന്നുള്ളതു് ആർക്കും അറിവുള്ളതിൽ ഒന്നാണു്. നേരേ യുദ്ധംചെയ്തു തോല്പിക്കാൻ കഴിയാതായപ്പോൾ നിസ്സഹായനായും നിരായുധനായും ഉള്ള അവസരത്തിൽ എന്നോടു പ്രതിക്രിയചെയ്യാനായൊരുങ്ങുന്നു. അതുകൊണ്ടു കൊല്ലപ്പെട്ടതാമെന്നു് അവൻ ആശിക്കുന്നു. ഇന്നത്തെ ആഹ്ലാദകരമായ ഈ സമ്മേളനത്തെ ധ്വംസിച്ച ആ സംഘഭടനു് എന്തുശിക്ഷനല്കണമെന്നു നിങ്ങൾ വിചാരിക്കുന്നു?

ന്യായാധിപൻ— ഈറ്റി ഇവിടെ കൊണ്ടുവന്നു നട്ടിയതു് അവനാണെന്നുള്ളതിലേക്കു ലക്ഷ്യം കിട്ടിയിട്ടുണ്ടോ?

വീരസിംഹൻ—ലക്ഷ്യം ലഭിച്ചിട്ടുണ്ടു്. ഈ പ്രവൃത്തിതന്നെ ഒരു മേന്മയായിട്ടാണു് അവൻ വിചാരിക്കുന്നതു്. തന്നിമിത്തം അവൻ അതു് ഏററുപറഞ്ഞിരിക്കുന്നു. കൂടാതെ സംഘത്തിൽനിന്നു സംഘാദ്ധ്യക്ഷന്റെ ഒപ്പോടുകൂടിയ ഒരു കല്പനം അവന്റെ മടിക്കുത്തിൽനിന്നു കിട്ടിയിട്ടുമുണ്ടു്. അതിൽ ഈ സംഗതി വ്യക്തമാകും. ആ ലേഖനം (രാമകുമാര) ന്യായാധിപന്റെ കൈവശമുണ്ടു്.

ന്യായാധി— തെളിവു ശരിയായിരിക്കുന്നുവെങ്കിൽ അവൻ ശിക്ഷാർഹൻതന്നെ. ഈ സംഘത്തിന്റെ ശക്തികളെ രാജനീതികൊണ്ടും രാജബലംകൊണ്ടും നശിപ്പിക്കേണ്ടതാകയാൽ ഈ കുററത്തിനു മരണശിക്ഷ അത്യുത്തമംതന്നെ. രാജദ്വാരത്തിൽ ഒരു വലിയ തടിയിൽ അവനെ തൂക്കിക്കൊല്ലട്ടെ. അവന്റെ ശവശരീരം ഒരു പകൽസമയത്തേക്കു് തൂങ്ങിനില്ക്കട്ടെ. അപകൃത്യങ്ങൾക്കു ശിക്ഷ ഇത്ര ക്രൂരമേറിയതാണെന്നു നാട്ടുകാരും ധരിക്കട്ടെ. തന്റെ സംഘബലം രാജബലത്താൽ ഹനിക്കപ്പെട്ടുമെന്നും ഇതു് അതിന്റെ പ്രാരംഭപ്രയോഗമാണെന്നും സംഘവും ധരിക്കട്ടെ.

അതുകേട്ടു ജമീൻദാർ അതിന്മണ്ണം ചെയ്വാൻ കല്പനകൊടുത്തു. കോട്ടയിലെ മേലധികാരി ഉടൻ എഴുന്നേററു അഭിവന്ദനം ചെയ്തു് ആജ്ഞാനിർവ്വഹണത്തിനായി വെളിയിലേക്കുപോയി. ഇത്ര ധൈര്യമായി വേഗിസംഘത്തിൽപെട്ട ഒരുവനെ തൂക്കിക്കൊല്ലുവാൻ അവർ രണ്ടുപേരും ചെയ്ത അഭിപ്രായങ്ങളിൽ നിന്നും, അവനെ പരസ്യമായി തൂക്കിക്കൊന്നതിൽനിന്നും വേഗിസംഘത്തിന്റെ ഘാതകകൃത്യങ്ങൾ

രാജാക്കന്മാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിച്ചിട്ടുണ്ടെന്നും, ഇതിൽനിന്നും സംഘബലവും രാജബലവും തമ്മിൽ ഒരു ഭയങ്കരമായ ഇടച്ചിലും തന്മൂലം സംഘത്തിന്ന് ഇടിച്ചിലും സംഭവിക്കാനിടയുണ്ടെന്നും അവിടുത്തെ ജനസാമാന്യത്തിൽ സ്ഥിരമായ ഒരു ബോധം വ്യാപിച്ചു. വീരസിംഹൻ ജമീൻദാരുടെ പ്രതിജ്ഞാപിതത്തെ പ്രതീക്ഷിച്ചു.

രാജശേഖ:—വീരസിംഹന്റെ കൃത്യങ്ങളെല്ലാം സമർത്ഥങ്ങളും പ്രശംസാർഹങ്ങളുമായി കാണുന്നതിൽ നാം സന്തോഷിക്കുന്നു. എന്റെ മൈത്രിലാഭത്തിന്ന് ഒന്നിലധികം കാരണങ്ങൾ ഉണ്ടായിട്ടുണ്ട്. എന്റെ പ്രതിജ്ഞയാൽ ലബ്ധാവകാശബോധംകൊണ്ട് എന്തും ആവശ്യപ്പെടാമെന്നു വിചാരിക്കുന്നതു സാഹസമായിരിക്കും. എന്നാൽ ദുഷ്പ്രാപമായ അതിരിനുള്ളിൽ അടങ്ങുന്ന ആഗ്രഹങ്ങളെ കളഞ്ഞു സുസാധമായ സംഗതിയിൽ മനസ്സിരുത്തി വേണ്ടതു ചോദിച്ചുകൊള്ളുക.

വീര:—പ്രഭോ! "എന്നാൽ സാദ്ധ്യമായതിനെ ചോദിച്ചാൽ നല്കാം" എന്നാണു പ്രതിജ്ഞ. അതിനാൽ ദുസ്സാധമായതിനെ ആഗ്രഹിക്കുകയില്ല. അങ്ങനെ ആഗ്രഹിക്കുന്നതു ശരിയുമല്ല.

രാജ.—നീ പറഞ്ഞതു സത്യംതന്നെ. നീ രണ്ടു പ്രബലസഹായങ്ങൾ നമുക്കു ചെയ്തുതന്നിട്ടുണ്ട്. രണ്ടും അസാധാരണങ്ങളുമാകുന്നു. ഈ രണ്ടു മഹാകൃത്യങ്ങൾക്കും കൂടി ഒരു പാരിതോഷികം ചെയ്വാനുള്ള കടമയെക്കുറിച്ചു ഞാൻ ഉൽപതിഷ്ണുവായിരിക്കുന്നു. ചോദിച്ചുകൊള്ളുക.

വീര:—എന്റെ അപേക്ഷയെ അറിയിക്കുന്നതിനുമുമ്പായി ഞാൻ ചെയ്തിട്ടുള്ള മറ്റൊരു കൃത്യത്തെയും അറിയിക്കേണ്ട ആവശ്യം ഉണ്ടായിട്ടുണ്ട്. ക്രൂരവിജയനുമായി നടന്ന യുദ്ധത്തിൽ അവന്റെ ബലം ഏറും കോട്ടയെ മുറിച്ച് അകത്തു കടന്ന സമയം ഞാൻ ദുരന്തവേഷം ധരിച്ചു നമ്മുടെ സൈന്യങ്ങളോടുകൂടി യുദ്ധം ചെയ്കയും അവരുടെ സൈന്യത്തെ ചിതറിക്കുകയും ദിഗ്ഭ്രമമുണ്ടാക്കി അവരുടെ സൈന്യങ്ങൾ തമ്മിൽ തമ്മിൽ യുദ്ധം ചെയ്വാനുള്ള സമ്പ്രദായം ചെയ്കയും ചെയ്തു. തന്നിമിത്തം അവർ പരാജിതരായി ഓടിപ്പോകേണ്ടിവന്നു. അതിനാൽ ആ യുദ്ധത്തിന്റെ ജയത്തിനു ഹേതു ഞാനാകുന്നു.

രാജ:—ഇതു് ആരോ പറഞ്ഞതുകേട്ടു് അതും നീതന്നെയെന്നു പറഞ്ഞതാകുന്നു. ഈ വ്യാജം എന്റെ നേരെ പറയേണ്ടുന്ന ആവശ്യമേയില്ല.

വീര:—എന്നെ വിശ്വസിക്കുന്നില്ലേ? അതു കാലവൈഭവം തന്നെ. തക്കതായ സാക്ഷ്യം തരുവാൻ തയ്യാറുണ്ട്. തന്ത്രപാലനോടു ചോദിക്കുക.

തന്ത്ര:—വീരസിംഹന്റെ വാക്കിൽ ഒരക്ഷരംപോലും വ്യാജമില്ല.

രണ്ടു പ്രാവശ്യം എന്റെ ജീവനെ രക്ഷിച്ചതു് ഈ ധീരനാകുന്നു.

രാജശേ:—അങ്ങനെയാണോ? ഇത്ര വൈഭവം തനിക്കുണ്ടെന്നു ഞാൻ വിചാരിച്ചില്ല. ഞാൻ മിക്കപ്പോഴും തനിക്കു കടപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഭേം മൂന്നു സംഗതികൾക്കായി ഒരേ അപേക്ഷയായി ചോദിച്ചുകൊൾക.

വീരസിം:—അങ്ങനെ ചെയ്യാം. ഞാൻ അവിടത്തെ പുത്രിയായ താരാഭായിയെ വിവാഹം ചെയ്തു തരണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു. ഇതു മൂന്നുപകാരങ്ങൾക്കും കൂടിയ ഒരു അപേക്ഷയാകുന്നു.

ഇവരുടെ ചോദ്യോത്തരങ്ങൾ അനേകം ജനങ്ങളുടെ മുമ്പിൽവച്ചായിരുന്നു. വീരസിംഹന്റെ അപേക്ഷയെ കേട്ട ജനങ്ങൾ ജമീൻദാരുടെയും താരാഭായിയുടെയും മുഖഭാവങ്ങളെ പ്രത്യേകം പ്രതിക്ഷിച്ചു. ജമീൻദാരുടെ മുഖത്തിൽ അതിശയവും രൂപ്പം താരാഭായിയുടെ മുഖത്തു ലജ്ജയും പ്രകാശിച്ചു. എന്നാൽ ബുദ്ധിമാനായ ജമീൻദാർ അതിനെ അടക്കിയിട്ടു്, നീ എനിക്കായി ചെയ്തിട്ടുള്ള ഉപകാരത്രയങ്ങളെ ഞാൻ നന്ദിയോടുകൂടി സ്മരിക്കുന്നു. തന്നിമിത്തം നിന്റെ സ്ഥിതിയിൽ കവിഞ്ഞുള്ള ആകാംക്ഷാപൂർവമായ അപേക്ഷയ്ക്കു് ഞാൻ മറുപടി പറയേണ്ടതില്ലായിരുന്നു. എന്നാൽ മൂന്നു സംഗതികളിൽ നിനക്കുവേണ്ടി എന്തും ചെയ്തുതരേണ്ട കടമ ഒഴിച്ചുകൂടാൻ പാടില്ലാത്തവിധം ദൃഢമൂലമായി ഭവിച്ചിരിക്കുന്നു. തരുന്നതിനു കഴിവില്ലാത്ത സാധനത്തെ നീ ആവശ്യപ്പെടുന്നു. ഇതാണ് ആദ്യമായിത്തന്നെ, സ്വസാധ്യമായതിനെ ചോദിച്ചുകൊള്ളുവാൻ നാം അനുവദിച്ചതു്.

വീരസിംഹൻ—എന്റെ അപേക്ഷ സാധിക്കാൻ പ്രയാസമുള്ളതില്ലെന്നല്ല. ഭേം സംഗതിയിൽ പ്രതികൂലമായിനിന്നു പ്രവർത്തിക്കുന്ന അന്തർവാഹിയായ ചില രഹസ്യങ്ങളുണ്ടെന്നു് എനിക്കറിയാം. താരാഭായിയെ എനിക്കു നൽകുവാൻ അവിടത്തെ മനശ്ശക്തിയെ പ്രതിബന്ധിക്കുന്നതായി മൂന്നു സംഗതികൾ മാത്രം ഉണ്ടായിരിക്കാമെന്നു ഞാൻ സമ്മതിക്കുന്നു. എന്നാൽ അവ മൂന്നും ശിഥിലങ്ങളായി തീർന്നിട്ടുണ്ട്. ഒന്നാമത്തേതു ഞാൻ സാധാരണനായ ഒരു കുടിയാനവൻ എന്നും, ദരിദ്രകുടുംബത്തിൽ ജനിച്ചവനെന്നും ഉള്ളതാണു്. രണ്ടാമതായി താരാഭായിക്കു എന്നെ ബോധിക്കുവാനുള്ള അർഹത എന്നിലില്ലെന്നുള്ള വിശ്വാസംതന്നെ. ആ സാധ്വിയെ മറ്റൊരാൾക്കായി വാഗ്ദാനപൂർവം സങ്കല്പിച്ചിരിക്കുന്നു എന്നുള്ളതു മൂന്നാമത്തെ ആക്ഷേപമാകുന്നു.

ജമീൻദാർ—ഭേഷ്! ഇവ മൂന്നും പരമാർത്ഥങ്ങൾതന്നെ. നിന്റെ വിരോധികൾപോലും വിരോധകാരണങ്ങളെ ഇത്ര വ്യക്തമായി പറയുകയില്ല. വ്യവഹാരയുക്തിയിൽ നീ സമർത്ഥൻതന്നെ. ന്യായാന്യായങ്ങളെ യുക്തിയുപയോഗിച്ചു തെരഞ്ഞുപിടിച്ചു ലക്ഷ്യലക്ഷണസ

ഹിതങ്ങളെ പ്രതിപാദിച്ചു. ഖണ്ഡനമണ്ഡനങ്ങൾകൊണ്ടു പൂർവ്വപക്ഷം ചെയ്തു സാധിച്ചു വിധികല്പിക്കുന്ന ന്യായാധിപന്മാരും, നിനക്കു വിരോധമായ കാരണങ്ങളെ ഇത്ര ചേർച്ചയായും ശരിയായും കണ്ടുപിടിക്കുകയില്ല.

വീരസിംഹൻ:- ഇവയ്ക്കോരോന്നിനും സമാധാനം പറയാം. വിജയപുരം ജമീൻ അവിടുത്തേയ്ക്കു അറിവുള്ളതിൽ ഒന്നാണല്ലോ. വലിപ്പംകൊണ്ടും മുതലെടുപ്പുകൊണ്ടും അതു് അവിടുത്തെ ജമീനെ അപേക്ഷിച്ചു മേലയാണെന്നു സമ്മതിക്കുമല്ലോ. ആ ജമീൻഭരിക്കുന്നവക്കു പ്രഭു എന്ന സ്ഥാനവും ഉണ്ടു്.

രാജശേഖ:—ശരി! അതുകൊണ്ടു നിനക്കു് എന്താണു് ഒരു ശ്ലാഘ്യത വരാനുള്ളതു്? അതിന്റെ പ്രഭുക്കൾ അന്യംനിന്നുപോകയാൽ ചക്രവത്തി അതിനെ തന്റെ രാജ്യത്തോടു ചേർത്തു ഭരണം ചെയ്യുവരുന്നു. അതു വിലയ്ക്കു വാങ്ങത്തക്ക ധനവാന്മാർ ഇപ്പോൾ ഇല്ലെന്നു നിശ്ചയമല്ലേ?

വീരസിം:—ആജമീനും തത്സംബന്ധമായ പ്രഭുപ്പട്ടവും എനിക്കുള്ളതാകുന്നു. (എന്നു പറഞ്ഞു മടിയിലിരുന്ന ഒരുലേഖനം എടുത്തുരാജശേഖരന്റെകൈയിൽകൊടുത്തു)

രാ-ശേ.- (സചിവനോടു) താങ്കൾ ചക്രവത്തിയുടെ രാജമന്ദിരം ഉദ്യോഗസ്ഥനായിരുന്ന സ്ഥിതിക്കു് അവിടുത്തെ എഴുത്തുകുത്തുകളും ചക്രവത്തിയുടെകൈയൊപ്പും മുദ്രയും എല്ലാംകണ്ടറിവാൻ കഴിഞ്ഞിരിക്കുമല്ലോ. ഈ സാധനം ശരിയായിട്ടുള്ളതാണോ എന്നു നോക്കിപ്പറയുക.

സചിവൻ-(അതുവാങ്ങി നോക്കീട്ടു്) ചക്രവത്തിയുടെകൈയെഴുത്തു നല്ലപോലെ എനിക്കറിയാം. ഇതു് അദ്ദേഹത്തിന്റെ കയ്യു് തന്നെയാണു്. ഈ സാധനം ശരിയായിട്ടുള്ളതാകുന്നു.

രാജശേ (വീരസിംഹനോടു്) വിജയപുരപ്രഭുവേ! നിങ്ങളുടെ അന്തസ്സും അവസ്ഥയും പ്രഭുത്വവും ശരിയായിരിക്കുന്നു. ഈ സ്ഥിതിയിൽ നാം സമന്മാരായി ക്ഷേമമായിരിക്കണമെന്നു നിങ്ങളുടെ അഭ്യുദയത്തെ നാം ആശംസിക്കുന്നു. ഒന്നാമത്തെ ആക്ഷേപം ഇതുകൊണ്ടു തീർന്നിരിക്കുന്നു. ഇനിയുള്ള രണ്ടാക്ഷേപങ്ങൾക്കും സമാധാനം പറയണം

വീരസിം— മൂന്നാമത്തേതായ മററാരാൾക്കായിട്ടുള്ള വാഗ്ദാനം റദ്ദായി പോയിരിക്കുന്നു.

രാജശേ:—റദ്ദായോ? ആരു പറഞ്ഞു? റദ്ദാക്കിയതാരു്?

വീരസിം—അതു പറയാം. കുറെകാലത്തിനുമുമ്പേ എന്നെപ്പിടിച്ചു് അകാരണമായും അനീതിയായും തടവിൽ പാർപ്പിച്ചിരുന്നതു സചിവൻ മറന്നിരിക്കയില്ലല്ലോ. അതിൽനിന്നും എനിക്കു വിമോചനമില്ലാതെ തൂക്കിക്കൊല്ലുവാൻ കമണ്ഡലഭട്ടൻ തീർച്ചയാക്കി ഒരു രാജവിളംബരം പ്രസിദ്ധീകരിച്ച കഥയും വിസ്മൃതപ്രായമായിരിക്കയില്ല. അതിൽനിന്നു് ഉദാരബുദ്ധിയായ ഒരു മഹാൻ എന്നെ വിമോചിപ്പിക്കയും ചെ

യപുരം ജമീൻ വില കൊടുത്തു വാങ്ങി എനിക്കു തരികയും ചെയ്തു. അദ്ദേഹം ചക്രവർത്തിയുടെ പുത്രനുമായി സംഭാഷണം ചെയ്ത സംഗതികൾ വെളിപ്പെടുത്തി വിവാഹം റദ്ദാക്കിയ ഒരു കരാർ ഒരു രാജദൂതൻ വശം അയച്ചിട്ടുണ്ട്. അയാൾ കോട്ടയിൽ എത്തിക്കഴിഞ്ഞിരിക്കുന്നു.

ആ സമയം അപരിചിതനായ ഒരാൾ കടന്നുചെന്നു രാജശേഖരനെ അഭിവന്ദിച്ചിട്ട് ഒരു എഴുത്ത് അയാളുടെ കൈയിൽ കൊടുത്തു. രാജശേഖരൻ അതു വാങ്ങി വായിച്ചുനോക്കീട്ടു വെറുപ്പോടെ സചിവന്റെ കൈയിൽ കൊടുത്തു. അയാൾ അതു വായിച്ചശേഷം ഇങ്ങനെ പറഞ്ഞു. ചക്രവർത്തിയുടെ പുത്രനായി ചെയ്തിട്ടുള്ള വാഗ്ദാനത്തെ റദ്ദാക്കിയിരിക്കുന്നു എന്നും, ആ രാജകുമാരൻ മറ്റൊരു സ്ത്രീയെ വിവാഹം ചെയ്വാനുള്ള ആലോചന പൂർത്തിയാക്കിയിരിക്കുന്നു എന്നും, താരാഭായി വീരസിംഹനെ അനുഗ്രഹിക്കുന്നതായി അറിയപ്പെടുന്നതിനാൽ അതിനെ നാമും അനുവദിച്ചിരിക്കുന്നു എന്നും വ്യക്തമായും ഗൌരവമായും അതിൽ എഴുതപ്പെട്ടിരുന്നു.

വീരസിം:— ആക്ഷേപങ്ങളെല്ലാം ശിഥിലങ്ങളായിരിക്കുന്നു. ഇനി എന്തു സമാധാനം പറയുന്നു?

രാജശേ — ആക്ഷേപമൊന്നുമില്ല. നിങ്ങളുടെ ഹിതാനുസരണം നടത്തിക്കൊള്ളുവാൻ സമ്മതം തന്നിരിക്കുന്നു.

അനന്തരം വീരസിംഹൻ താരാഭായിയുടെ അടുക്കൽ ചെന്നുനിന്നു. അവൾ എഴുന്നേററു് അവളുടെ വലത്തുകരത്തെ അയാളുടെ നേർക്കു നീട്ടി. അയാൾ അതു പിടിച്ചു കൈപ്പടം നിവർത്തി അതിൽ പ്രണയരസനിഷ്യന്ദിയായി ചുംബനം ചെയ്തു. ഈ പ്രവൃത്തിയെ അവിടെ കൂടിയിരുന്ന ജനങ്ങൾ ശ്ലാഘിച്ചു. മുമ്പേ തന്നെ പ്രണയശൃംഖലയാൽ പരസ്പരം ബന്ധിക്കപ്പെട്ടിരുന്നു എന്ന വാസ്തവം ജനസാമാന്യം അറിഞ്ഞിരുന്നു. അവർ ആ ദമ്പതികൾക്കു വിജയത്തെ ആശംസിച്ചു.

---

## അദ്ധ്യായം ൯.

സല്ക്കരിക്കപ്പെട്ട ജനങ്ങൾ സൽകൃതന്മാരായി പിരിയുവാനുള്ള ഘട്ടം സമീപിച്ചു. കഴിഞ്ഞ അദ്ധ്യായങ്ങളിലെ സംഗതികളെക്കാൾ മേൽവരുന്നവ അധികമധികം വിഷയഗൌരവമുള്ളവയാകുന്നു. ഈട്ടിയും നാടായും ആ സഭയിൽ പെട്ടെന്ന് അവതരിച്ചപ്പോൾ കുമാരിലഭട്ടൻ പ്രസംഗിച്ചിരുന്ന തൊട്ടിൽ അറയെ സംബന്ധിച്ച കഥ നിന്നുപോയി. വേഗിംസംഘത്തിലെ ഒരു ദൂതനെ ജമീൻദാരും സചിവനും കൂടി തൂക്കിക്കൊല്ലുവാൻ ചെയ്ത കല്പന ജനസാമാന്യത്തിന്റെ മനോഗതി

തിയെവിപ്ലവനം ചെയ്തു: അനന്തരം വീരസിംഹനെ സംബന്ധിച്ച സംഗതികളായിരുന്നു. അത്യുഗ്രഭോദയമായ ഒരു വീരവൃത്തിയേയും പരിശുദ്ധമായ പ്രണയസത്തയുടെ പരിരംഭണോൽഹതയേയും പരാമർശിച്ചുള്ളവിഷയത്തെ സംബന്ധിച്ചായിരുന്നു. അത്രം വാദസമരത്തിൽ നിന്നു നിവൃത്തിച്ചു. ആവിടെ കൂടിയജനങ്ങൾ യാത്ര പറഞ്ഞുപിരിഞ്ഞു. വീരസിംഹൻ പുറത്തേക്കിറങ്ങി. അയാളെ കാണ്മാനായി ഭൂതരാജൻ പുറത്തു തയ്യാറായിനിന്നിരുന്നു. വീരസിംഹനെ കണ്ടക്ഷണം തന്നെ "എന്താ! വിജയം സിദ്ധമായികഴിഞ്ഞു ഇല്ലേ?

വീര—ഞാൻ ജയിച്ചു. പരമാർത്ഥം തന്നെ. മൂന്നു ദിവസം കഴിഞ്ഞു വിവാഹം നടക്കും. നിങ്ങൾ വിധിച്ചിട്ടുള്ള നിബന്ധനത്തിൽ നിന്നു എന്നെ ഒഴിക്കണേ. ഞാൻ നിങ്ങളെ ആശ്രയിച്ചു ഒക്കെ ചോദിച്ചുകൊള്ളുന്നു.

ഭൂതരാജൻ—എന്റെ ബുദ്ധിയുടെ ഗതിയെ മാററിമറിക്കുക എന്നതു കേവലം മനുഷ്യസാദ്ധ്യമായ ഒന്നല്ല. ബുദ്ധിയില്ലാത്ത മനുഷ്യ! കഴിഞ്ഞ കാര്യങ്ങളെ ഓർത്തു വിഷമിക്കുന്നതെന്തിന്? ഭാവിസംഗതികളെ ഓർത്തു നീ ഭയപ്പെടാതെ.

വീരസിംഹ:—ഭാവികാലം എന്നവാക്കുപോലും എന്നിൽ ഭയത്തെ ജനിപ്പിക്കുന്നു. അതു വിചാരിക്കവഹിയാത്തതായിരിക്കുന്നു.

ഭൂതരാജൻ.—ഇപ്പോൾ അനുഭവിക്കുന്ന സുഖത്തെ വിചാരിച്ചു നോക്കു. താരാഭായി നിന്റേതായിത്തീർന്നു. അവളുടെ പിതാവിന്റെ ഗർവ്വത്തെ നശിപ്പിച്ചിരിക്കുന്നു. അയാൾ നിന്നോടു ചെയ്ത കഠിനതയ്ക്കു പകരം ചോദിച്ചുകഴിഞ്ഞു. കുമാരിലഭട്ടൻ ചെയ്തുപോയ കുററത്തിനു അവൻ എന്നും ഓർമ്മിക്കത്തക്കവണ്ണം അവനെ ശിക്ഷിച്ചു.

വീരസിംഹൻ:—അതേ. ആ സംഗതി ഇനിയും അയാളറിഞ്ഞിട്ടില്ല.

ഇങ്ങനെ ഇവർ സംഭാഷണം കഴിഞ്ഞു ഭൂതം പോയി മറഞ്ഞു. വീരസിംഹൻ കോട്ടയിലേക്കു നടന്നുകൊണ്ടിരിക്കുന്നു. രാജധാനിക്കു വെളിയിലുള്ള ആൾക്കൂട്ടം ഇനിയും പിരിഞ്ഞില്ല. ആ സമയം പ്രധാനസചിവനായ കുമാരിലഭട്ടനും, സേനാനായകനായ രാമകുമാരനും ചില മററുപ്രധാനികളുമായി രാജദ്വാരത്തിനടുത്തുനിന്നു സംസാരിക്കുന്നുണ്ടായിരുന്നു. വിജയപുരപ്രഭുവായ (ജമീൻദാർ) വീരസിംഹനും ആ കൂട്ടത്തിൽ ചേർന്നു. ഉടൻ കുമാരിലഭട്ടൻ വീരസിംഹനോടു "വേദി സംഘത്തിലെ അംഗങ്ങളുടെ ഗതി ഇതാകുന്നു" എന്നു അവിടെ തൂക്കിലിടപ്പെട്ടു തൂങ്ങിനില്ക്കുന്ന ശവത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു.

വീരസിംഹൻ:—ആൾ ആരായിരിക്കും. നിങ്ങൾ പക്ഷെ, അയാളെ അറിയുമായിരിക്കാം.

കുമാരിലഭട്ടൻ:"ഞാനോ ഇല്ല. ഞാനറിയുന്ന ആൾ ആ സംഘത്തിലില്ല.

വീരസിം:—നമുക്ക് അടുത്തുചെന്നുനോക്കാം.

ഇതുകേട്ട് എല്ലാവരും ശവത്തിന്റെ അടുത്തുചെന്നുനോക്കുവാൻ നടന്നു. അവർരണ്ടുപേരുംമാത്രം പടിക്കെട്ടുകൾകയറി വൃക്ഷമരത്തിന്റെ അടുത്തുപോയി. കാററിൽഅലഞ്ഞു് ആടിത്തിരിഞ്ഞു കൊണ്ടിരുന്ന പ്രേതത്തിന്റെമുഖം ഇവരുടെനേരെ തിരിഞ്ഞു. കുമാരിലഭട്ടൻ സൂക്ഷിച്ചുനോക്കി. മുഖംകണ്ട ഉടൻതന്നെ അയ്യോ! എന്റെപ്രിയപുത്ര! എന്നുനിലവിളിച്ചു. ഇതു് അവിടെക്കൂടിയ ജനങ്ങളുടെ ഉള്ളിൽവ്യസനകരമായ സ്തോഭത്തെജനിപ്പിച്ചു. പുത്രശോകത്താൽമനോമയങ്ങി മതിലിൽചാരിനിന്നു.

വീരസിംഹൻ.—ഹേ' നീതിയില്ലാത്തകഠിനഹൃദയനേ! നിങ്ങൾ നിരപരാധിയായ എന്നെ, പ്രഭുവിന്റെ വാക്കുകേട്ട് ആറുമാസക്കാലം പാതാളക്കിടങ്ങിൽ അടച്ചിടുകയും പിന്നീടുതൂക്കിക്കൊല്ലുവാൻ തീരുമാനിക്കയും,ചെയ്തില്ലേ? അതിന്റെഫലം ഇതാകുന്നു. നിങ്ങൾ എനിക്കായി സങ്കല്പിച്ചഗതി നിങ്ങളുടെ പുത്രനു നേർപെട്ടു. സചിവൻ അലറി നിലവിളിക്കയും ചിലർ സാന്ത്വനം പറകയും ചെയ്തു. വീരസിംഹൻഇത്രയും പറഞ്ഞിട്ട് അവിടംവിട്ടു കോട്ടയ്ക്കുള്ളിൽ കടന്നുപോയി.

---

## അദ്ധ്യായം. ൰.

രജതസൌധത്തിലെ സമ്മേളനം കഴിഞ്ഞിട്ട് എട്ടുപത്തുദിവസങ്ങളായിരിക്കുന്നു. ഇപ്പോൾ ഈ കഥയിൽ സംബന്ധപ്പെട്ടവരെല്ലാം വിനോദപുരത്തിൽഎത്തിയിരിക്കുന്നു. ഐശ്വര്യദേവതയുടെ തിലകായിതമായ ആ നഗരം സമ്പൽസമൃദ്ധികൊണ്ടു് അക്കാലത്തെ മററു നഗരങ്ങളെ ജയിച്ചിരുന്നു. അവിടുത്തെ രാജധാനിയിൽ നിന്നും നാലുമൈൽ അകലെ ദരിദ്രന്മാർ കുടിപാർക്കുന്ന ഒരു നഗരമുണ്ടു്. ആ സ്ഥലത്തുള്ള ഒരു ചെറിയ കുടിലിൽ തന്ത്രപാലനും അയാളുടെ ഭാര്യ പത്മാവതിയും അധിവസിക്കുന്നു. അവർ ഒരു ദിവസം ഊണുകഴിഞ്ഞിട്ട് ഓരോന്നു സംസാരിക്കുവാൻ തുടങ്ങി. ഒരു ജീർണ്ണംഭവിച്ച മേശമേൽ ഒരു വിളക്കിരുന്നു് എരിയുന്നുണ്ടായിരുന്നു. അവരുടെഅപ്പോഴത്തെ സ്ഥിതി ഏററവും താഴ്ന്ന നിലയിൽ കാണപ്പെട്ടിരുന്നു.

പത്മാവതി പൂർണ്ണസന്തോഷവതിയായിരിക്കുന്നു തന്റെ ഐശ്വര്യസിദ്ധിയും ഭർത്തൃസമാഗമമാണെന്നു വിശ്വസിച്ചിട്ടുള്ള ആ പാവനമനസ്വിനിക്കു് ഒന്നിലും കുറവുകാണുവാൻ പ്രയാസമാകുന്നു. ഇതിലധികം എന്തു സുഖമാണുള്ളതു് എന്നോ ഇതിലധികം സുഖമു

ണ്ടായിരിക്കുമെന്നോ അവർ ഓർത്തിട്ടില്ല. തന്ത്രപാലൻ തന്റെ സമീപത്തിരുന്ന പത്മാവതിയെ നോക്കി പുഞ്ചിരിയോടുകൂടി ഇങ്ങനെ പറഞ്ഞു. "നാം ഇവിടെ വന്നിട്ട് ഇപ്പോൾ പത്തുദിവസങ്ങളായിരിക്കുന്നു. ഇതേവരെയും ആ നഗരത്തിലെ അത്ഭുതങ്ങളൊന്നും പോയി കാണ്മാൻ തരമുണ്ടായില്ലല്ലോ. വൈകുന്നേരം നടക്കുവാൻ പോകുമ്പോഴെല്ലാം നഗരത്തിൽ നിന്ന് അകലെയുള്ള ദ്രാക്ഷാത്തോട്ടങ്ങൾ വഴി പോയിക്കൊണ്ടിരിക്കുകയാകുന്നു. നമ്മുടെ ഈ ചുരുങ്ങിയ ജീവിതം പത്മാവതിക്കു മനഃസുഖമായിരിക്കുകയില്ല.

പത്മാ:- എന്റെ മനസ്സുഖത്തിന് ഒരു വ്യത്യാസവും വന്നിട്ടില്ല. അങ്ങനെ വരുന്നതിനുള്ള കാരണവും ഇല്ല. മുമ്പെ ഉദയപുരത്തിൽ ഇരുന്നിരുന്നതിൽ നിന്നും കൂടുതൽ സുഖം വാസ്തവമായി ഇപ്പോൾ എനിക്കുണ്ട്. രാജമന്ദിരങ്ങളോടുകൂടിയുള്ള ആ അധിവാസം സാധനദൌർലഭ്യതയെ പരിഹരിക്കുമെന്നുള്ളതു ശരിതന്നെ. എന്നാൽ മിത്രസമാഗമത്തിലുള്ള ശരീരമനസ്സുകളുടെ ആനന്ദാനുഭൂതിയേക്കാൾ അതിനു മെച്ചമില്ല. കേവലം ഉദരംഭരികളായ മനുഷ്യർ ഉണ്ണാനും ഉടുക്കാനും എവിടെ കൂടുതൽ കിട്ടുമോ അവിടം കൂടുതൽ സുഖമുള്ളതാണെന്നു വിചാരിക്കും. ഇതു് അവരുടെ അപക്വമായ ബുദ്ധിയുടെ ഫലമാകുന്നു. പരാധീനപരമായ ജീവിതം ഒരിക്കലും ശ്രേയസ്കരമായി വരികയില്ല. എത്ര പെരുതായാലും അല്പമായാലും സ്വപ്രകൃതിക്ക് അധീനമായി വർത്തിക്കുന്ന ജീവിതം സുഖമുള്ളതും തൃപ്തിയുള്ളതുമാകുന്നു. താങ്കളുടെ ശബ്ദശ്രവണത്താൽ ലഭിക്കുന്ന സുഖം ഒരു വീണയുടെ തന്ത്രികളിൽനിന്നും ലഭിക്കുന്നില്ല. താങ്കളെ കണ്ടുകൊണ്ടിരിക്കുമ്പോൾ തോന്നുന്നസുഖം മറ്റൊരു വസ്തുക്കളെ നോക്കിയാലും തോന്നുകയില്ല. അവിടുത്തെ മുഖദർശനത്തെക്കാൾ വലിയ കാഴ്ച എനിക്കില്ല അവിടുത്തെ സഹചാരിണിയായി ഇരിക്കുന്നതിനേക്കാൾ വലുതായ ദിവ്യഭാഗം ഒന്നുംതന്നെയില്ല.

തന്ത്രപാലൻ—ഇപ്പോൾ കാണുന്ന ഈ സ്ഥിതിയിൽ എല്ലാനാളും ഇരിക്കുന്നതു് സുഖകരമാണോ?

പത്മാവതി—എപ്പോഴും എനിക്കു തൃപ്തിയായിത്തന്നെയിരിക്കും.

തന്ത്രപാ—ഞാൻ നിന്നെ ഈ വിധം അപകടത്തിലാക്കി എന്നുള്ള ബുദ്ധി നിനക്ക് ഒരിക്കലുമുണ്ടാകയില്ലയോ?

പത്മാ—അതിന്റെ അർത്ഥം മനസ്സിലാകുന്നില്ല. അവിടുന്ന് എന്നെ എന്തപകടത്തിലാണ് അകപ്പെടുത്തിയതു്. വിവാഹബന്ധം ലോകത്തെ വെടിഞ്ഞു, സ്വാർത്ഥമാത്രജീവികളായ യതികൾക്കല്ലാതെ മറ്റാർക്കും അപകടമായി തോന്നാത്ത സ്ഥിതിക്ക് അതപകടമെന്നു ഞാനെന്തിനായി വിചാരിക്കണം. അവിടുന്ന് എന്നെ ചതിച്ചില്ല. ചതിക്കുകയുമില്ല. അങ്ങനെ ചെയ്യേണ്ട ആവശ്യവുമില്ല. അവിടുത്തെ

ആജ്ഞയെ ഈശ്വരാജ്ഞയെക്കാൾ വലുതായി വിചാരിക്കയും അതാണ് ഒരു സ്ത്രീയുടെ ചുമതലകളിൽ പ്രാധാന്യമെന്നു വിശ്വസിക്കുകയും ചെയ്തിരിക്കുന്ന എനിക്കു ചതിയായി തോന്നുവാൻതന്നെ ഒന്നുമില്ല. അവിടുന്ന് എന്തിനായിട്ട് ഈ അസംബന്ധവിചാരങ്ങളെ ഓക്കുന്നു?

തന്ത്രു.—നിന്റെ ഇപ്പോഴത്തെ സ്ഥിതിയെ സൂക്ഷ്മമായി പരിശോധിച്ചാൽ ഞാൻ നിന്നെ മോശംചെയ്കയായിരുന്നുവെന്നു വെളിപ്പെടും. ഒരു കൂരയിൽ പാക്കത്തക്ക ഐശ്വര്യവും, കുടുംബസ്ഥിതിയും ഇപ്പോൾ മനസ്സിലായല്ലോ. ഞാൻ നിന്നെ വിവാഹം ചെയ്വാൻ ആവശ്യപ്പെട്ടപ്പോൾ നമുക്ക് ആവശ്യമുള്ള ആസ്ഥിയുണ്ടെന്നു പറഞ്ഞില്ലേ?

പത്മാ.—എന്ത്? ഇപ്പോഴുള്ള ആസ്ഥി പോരയോ? പാക്കുവാൻ ഗൃഹമുണ്ട്. മതിയായ ആഹാരമുണ്ട്. ഇനി വേണ്ടതെന്താണ്. അതെനിക്കു മനസ്സിലാകുന്നില്ല.

തന്ത്രു:—എന്റെ പ്രിയതമേ! ഞാൻ നിന്നെ ചതിക്കയായിരുന്നു എന്ന ബുദ്ധി നിനക്കു ഒരിക്കലും ഉണ്ടാവുകയില്ലല്ലോ?

പത്മാ:—സത്യമായി അങ്ങനെ ഒരു വിചാരം ഒരിക്കലും എനിക്കുണ്ടാകുകയില്ല. ഇതിനെക്കാൾ ഉന്നത ഭോഗഭാഗ്യങ്ങളെ ഞാൻ ആശിക്കുന്നില്ല. സുഖാനുഭവങ്ങൾക്കു എത്രയേറെ ഉപകരണങ്ങളുണ്ടായിരുന്നാലും അതിനനുരൂപമായി സുഖത്തിനു വളച്ചയില്ല. ഉണ്ടെന്ന് ആരെങ്കിലും വിചാരിക്കുന്നുവെങ്കിൽ അതബദ്ധമാണ്. രാജസൌധത്തിൽ രാജാവോടൊന്നിച്ചനുഭവിക്കുന്ന ഭോഗങ്ങൾമാത്രം സുഖസൌഭാഗ്യങ്ങളായി വിചാരിക്കുന്നതായാൽ കീഴെപ്പട്ട പുലയൻ പറയൻവരെയുള്ളവക്ക് ആ അനുഭവമുണ്ടാകുന്നില്ലെന്നു പറയേണ്ടതായിവരും. അതു തെററാണ്. വാസ്തവമായി ഭർത്തൃസംഗമത്തിൽ കുടുംബജീവിതത്തിലേപ്പെട്ട് അവരും നിർവ്യാജവും ദമ്പത്യപരമൈക്യവും ആയ സുഖസൌഭാഗ്യങ്ങളിൽ അവരുടെ മനസ്സും ആനന്ദാനുഭൂതിയെ പ്രാപിക്കുന്നുണ്ടെങ്കിലുള്ളതു് ഏററവും പരമാത്ഥമായ ഒരു തത്വമാകുന്നു. ഇപ്പോൾ എനിക്കപ്പോലെ നിർവ്യാജമായത്തൊരു സൌഖ്യം മററാക്കുമില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്. പക്ഷെ, ഇങ്ങനെയായിരിക്കും ലോകത്തിലോരോ സ്ത്രീയും വിചാരിക്കുന്നതു്. എന്നാൽ എനിക്കതറിയാൻ കഴികയില്ല. എന്റെ മനോവൃത്തിയെ മാത്രമേ എനിക്കറിഞ്ഞുകൂടൂ. അവിടുന്ന് എന്നെ ആദ്യമായി കണ്ടപ്പോൾ ഞാൻ ഏതു സ്ഥിതിയിലിരുന്നോ അതിലുപരിയായ സ്ഥിതി എനിക്കിപ്പോഴുണ്ട്.

തന്ത്രപാ—അപ്പോൾ രാജസൌധത്തിൽ എത്രയോ ഐശ്വര്യമായും അമിതമായ സുഖസൌഭാഗ്യങ്ങളനുഭവിച്ചും ഉന്നതപദവിയിൽ ഇരുന്നിരുന്നു.

പത്മാ—എന്റെ ഹൃദയത്തെ പരിശോധിക്കുവാൻ അവിടുത്തേ

ക്കു കഴിഞ്ഞിട്ടില്ല. രാജസൌധത്തിൽ വിലയേറിയവയായിട്ടുണ്ടായിരുന്ന ഉപകരണങ്ങൾകൊണ്ടും എന്റെ മനസ്സുഖത്തെ വികസിപ്പിച്ച് ആനന്ദാനുഭൂതിയിൽ വിലയം ചെയ്യിക്കുവാൻ ശക്തിയുണ്ടായിരുന്നില്ലെന്നുള്ള തത്വം എനിക്കല്ലാതെ, ദൂരെ നിന്നു നോക്കുന്ന അന്യന്മാർക്ക് അറിവാൻ കഴികയില്ലല്ലോ. താങ്കൾ ഇപ്പോഴത്തെ സ്ഥിതിയിൽ നിന്നും താഴ്ന്നനിലയിലും ചെറിയ കുരയിലും അല്പകാലക്ഷേപത്തിന് അഹമായ അവസ്ഥയിലും ഇരുന്നാലും അത് എന്റെ മനോവൃത്തിക്കു് അസുഖമായ നിലയെ ഉണ്ടാക്കുകയില്ല. എന്റെ മനസ്സ് ഇപ്പോഴത്തെ അവസ്ഥയിൽതന്നെയിരിക്കും. എന്നാൽ താങ്കളുടെ അഭ്യുദയത്തെ അനുഗ്രഹിക്കുന്ന ഈശ്വരപ്രാർത്ഥനകൾ മാത്രം എനിക്കു വിശേഷവിധിയായിട്ടുണ്ടായിരിക്കുന്നതാകുന്നു.

ചന്ദ്ര — ആത്മപ്രിയതമേ! നിന്റെ ഉത്തമമായ മനോവൃത്തിക്കു അനുസരണമായ ഐശ്വര്യം ദൈവം പ്രദാനം ചെയ്യാതിരിക്കയില്ല. ഇതു സത്യമത്രെ. നാം സാധുക്കളായിരുന്നാലും നല്ല കാഴ്ചകൾ കണ്ടു സന്തോഷിക്കാതെ എന്തിനായി ഗൃഹത്തിലടച്ച് അധിവസിക്കണം? സാധുക്കളുടെ അനേകം സമ്പ്രദായങ്ങളിലുള്ള സ്ഥിതികളെ കാണേണ്ടതുതന്നെയാണ്. ആവക കാഴ്ചകൾ നമ്മുടെ നഗരത്തിൽ അനേകമുണ്ടു്. നിനക്കു നല്ല പടങ്ങൾ കാണ്മാൻ പ്രിയമില്ലയോ. ഒരു രാജധാനി ഇതിനടുത്തുണ്ടു്. അതിൽ ഇപ്പോഴാരുമില്ല അതിലുള്ളവരെല്ലാം പുറത്തുപോയിരിക്കുന്ന ഈ അവസരത്തിൽ അവിടെ ചെന്നാൽ അനേകം വിശേഷതരങ്ങളായ പടങ്ങൾ കാണ്മാൻ കഴിയും. ആർക്കും അവിടെ ചെന്നു പടങ്ങൾ കാണുന്നതിന്നു അനുവാദമുണ്ടു്.

പത്മാ — ആരുടെ കൊട്ടാരം?

ചന്ദ്ര — യുവചക്രവർത്തിയായ പ്രതാപവീരന്റെ സൌധം.

പത്മാ — നമ്മുടെ താരാഭായിയെ വിവാഹം ചെയ്വാൻ വാഗ്ദാനം ചെയ്കയും പിന്നീട് അതിനെ റദ്ദ് ചെയ്കയും ചെയ്ത ആ പ്രതാപവീരനല്ലയോ?

ചന്ദ്ര — അതേ, അങ്ങനെ ചെയ്ത വാഗ്ദാനത്തെ റദ്ദാക്കി അദ്ദേഹം വേറൊരു സ്ത്രീയെ വിവാഹം ചെയ്തുകൊണ്ടതിൽ നിനക്കു അദ്ദേഹത്തിന്റെമേൽ വെറുപ്പുണ്ടോ?

പത്മാ — ഇല്ല. ഒരു കാലത്തുമില്ല. രണ്ടുപേരും ശിശുക്കളായിരുന്ന അവസരത്തിൽ അവരുടെ അനുമതികൂടാതെ, മററുള്ളവർ ചെയ്തുവച്ച വാഗ്ദാനത്തിനു വാസ്തവത്തിൽ അവർക്കു് ഉത്തരവാദിത്വമില്ല. ആ വ്യവസ്ഥ അവരുടെ മനോഗതിയെ ബാധിക്കുകയുമില്ല. അവർ ആശിച്ചവരെ വിവാഹം ചെയ്തതുതന്നെ ന്യായം. അന്യന്റെ അനുബന്ധത്തിൽ മനസ്സു് വിലയം ചെയ്തുപോയ താരാഭായിയെ അദ്ദേഹം നിർബന്ധമായി വിവാഹം ചെയ്തിരുന്നാൽ ഞാൻ അതിനെ വെറുക്കു

മായിരുന്നു. ഇപ്പോൾ രണ്ടുപേരുടേയും മനസ്സാക്ഷിക്കനുകൂലമായവിധം പ്രവൎത്തിച്ചതാകുന്നു ഉത്തമമായിട്ടുള്ളത്.

തന്ത്രു.—നീ പറയുന്നതു ന്യായമെന്നുതന്നെയാണ് എന്റെയും അഭിപ്രായം. നമുക്കു നാളെ യുവചക്രവൎത്തിയുടെ രാജധാനിയിൽപോയി കാണണം. അവിടെ പോകുന്നതിലേക്കു നല്ലവസ്ത്രം ധരിച്ചിരിക്കണം. രാജശേഖരൻപ്രഭു നൽകിയ ആ വിലയുയൎന്ന വസ്ത്രങ്ങളും ആഭരണങ്ങളുമെല്ലാം ധരിച്ചുകൊള്ളണം.

പത്മാ.—അവിടുത്തേക്ക് അങ്ങനെയാണ് ഇഷ്ടമുള്ളതെങ്കിൽ അതിന്വണ്ണം ചെയ്യാം.

അടുത്ത ദിവസം അവർ പകലേ ഊണുകഴിച്ചു വസ്ത്രാദ്യലങ്കാരങ്ങൾചെയ്തു പ്രതാപവീരന്റെ രാജസൌധം കാണ്മാനായി പുറപ്പെട്ടു. ആ രാജധാനിയുടെ കോട്ടവാതൽ പട്ടാളംഗാട്ടുകൊണ്ടു പരിരക്ഷിതമായിരുന്നു. അവർ അവിടംകടന്നു രാജധാനിയുടെ വാതലിൽ ചെന്നു. അവിടെ പട്ടാളത്തിലെ ഭടന്മാർ പാറാവുകൊടുത്തു കാത്തുനില്ക്കുന്നു. രാജസേവകന്മാരായ പലരും പട്ടാളക്കാരുമായി സംഭാഷണംചെയ്തു നില്ക്കുന്നുണ്ട്. തന്ത്രുപാലനും പത്മാവതിയും കൊട്ടാരത്തിൽ കയറിപ്പോകുന്നതുകണ്ടു അവർ ഒന്നുംപറയാതെ സമ്പ്രദായത്തിൽനിന്നു കല്ലത്തു.

ആ രാജസൌധം മേഘസൌധത്തേക്കാൾഅത്യുന്നതമായും അതിവിസ്തീൎണ്ണമായും ഗംഭീരമായും ഇരുന്നു. രാജദ്വാരംമുതൽ അകത്തെ ഒരുഗൃഹക്കൂടംവരെ വിശാലവും വിസ്മയകരങ്ങളായശില്പവേലകൾകൊണ്ടു മനോഹരവുമായ നടപ്പന്തലായിരുന്നു. അതു കടന്ന് ഒന്നാമത്തെ ഗൃഹക്കൂടത്തിൽ കയറി അവിടെനിന്നും ചുറ്റും തൊട്ടുതൊട്ടുബന്ധിച്ചിട്ടുള്ള പല അറകൾവഴി പല കാഴ്ചകളും കണ്ടു വിസ്മിതയായി പത്മാവതി തന്ത്രുപാലനെ അനുഗമിച്ചു. ഇങ്ങനെ അവർ പ്രധാനമാളികയുടെ മുമ്പിലെത്തി. അവിടെ വിശേഷവസ്ത്രങ്ങളണിഞ്ഞ പലരാജസേവകന്മാരും, ആയുധപാണികളായ ഭടന്മാരും നിന്നിരുന്നു. പലരും ഓരോ കാൎയ്യങ്ങൾക്കായി അങ്ങും ഇങ്ങും നടക്കുന്നുമുണ്ടായിരുന്നു. അവരുടെ ഇടയിൽ കൂടി കടന്നുപോയ ഈ ദമ്പതികളെ അവർ കാണാത്ത ഭാവത്തിൽ നിന്നതേയുള്ളു. അവർ കോണിപ്പടി കയറി മുകളിലെത്തി. അവിടെ വലിയ ഉദ്യോഗസ്ഥന്മാർ നിന്നിരുന്നു. അവരും ഈ ചെറുപ്പക്കാരോട് ഒന്നുംതന്നെ ശബ്ദിച്ചില്ല. ആ ആളുകളുടെ ഇടയിൽ കൂടികടന്നുപോകുന്നതു ശരിയായില്ലെന്നുപത്മാവതിക്കുതോന്നുകയും, അവൾ ലജ്ജിതയായി തീരുകയും, ആ വിവരം നടപ്പിൽതന്നെ ഭൎത്താവിനെ അറിയിക്കയും ചെയ്തിരുന്നു. അവരൊരുത്തരും ഇവരെ തിരിഞ്ഞുനോക്കാതിരുന്നതിനുഹേതുവെന്തായിരിക്കും എന്നും, പുതിയ ആളുകൾ, വിശേഷിച്ചു ചെറുപ്പക്കാർ, ഇവർ ഇതുവഴി എവിടെപ്പോകുന്നുഎന്നോ, ഇവർ ആരായിരിക്കുമെന്നോ, ഒരന്വേഷണബുദ്ധി

യും ചെയ്യാതെ വൃഥാ മൂകന്മാരെയോ അന്ധന്മാരെയോ പോലെ നിന്നത്, എന്തായിരിക്കും എന്നും, അവളുടെ ഉള്ളിൽ വിചാരിക്കാതെയിരുന്നില്ല. അവർ ഓരോ കാഴ്ചകളും കണ്ട് അതിവിസ്മയത്തിൽപെട്ടു നടന്നിരുന്നു. ഇതുപോലെ അത്ഭുതകരങ്ങളായ സാധനങ്ങളും കെട്ടിടങ്ങളുടെ പണിത്തരങ്ങളും ഇതിനുപരി ഉണ്ടായിരിക്കാൻ ഇടയില്ലെന്നായിരുന്നു അവർ വിചാരിച്ചത്. ഇത്ര വലിയ രാജധാനിയിൽ കയറിച്ചെല്ലുന്നതിനും അവിടെ വിരിച്ചിട്ടുള്ള പരവിതാനിയിൽകൂടി ചവുട്ടി നടക്കുന്നതിനും അവർ അധൈര്യപ്പെട്ടു. രത്നഖചിതമായ തങ്കപ്പാളികൾ പോലെ ശോഭിക്കുന്ന രത്നകംബളങ്ങളിൽ ചവുട്ടി അതിന്റെ ശോഭാപാരമ്യത്തെ മലിനമാക്കുന്നത് അപമര്യാദയെന്ന് ആ സുശീലയുടെ ഉള്ളിൽതോന്നി. ഇളയരാജാവായ പ്രതാപവീരൻ ദേശയാത്രയ്ക്കു പോയിരിക്കകൊണ്ട് ആർക്കും അവിടെച്ചെന്നു വിശേഷങ്ങൾ കാണുന്നതിന് അനുവദിച്ചിട്ടുണ്ടെന്നുള്ള ഒരേ സമാധാനം മാത്രമായിരുന്നു അതിലേ നടന്നുപോകുവാൻ അവർക്കു ധൈര്യത്തെ നൽകിയത്. ഭിത്തിയിന്റെ പുറമേ കൂടെനടന്നിരുന്നതിനാൽ അതിന്റെ ഗൗരവവും കുറഞ്ഞിരുന്നു. കളുർമയായും വെണ്മയായുമുള്ള കല്ലുകൾകൊണ്ടു നിർമ്മിച്ചിട്ടുള്ള പടിക്കെട്ടുകൾവഴി അവർ മേൽമാടത്തിൽ കയറി. താൻ ഇതിനുമുമ്പിൽ രണ്ടുതവണ അവിടെപ്പോയി കണ്ടിരുന്നതിനാൽ ഇന്നയിന്ന വിശേഷങ്ങൾ ഇന്നയിന്നയിടങ്ങളിലുണ്ടെന്ന അറിവു തനിക്കുണ്ടെന്നും, പരസഹായംകൂടാതെ ആ ഭാഗങ്ങളെല്ലാം സൂക്ഷ്മമായറിയാമെന്നും തന്ത്രപാലൻ പത്മാവതിയെ മനസ്സിലാക്കിയിരുന്നു. വിചിത്രതരങ്ങളായ അലങ്കാരങ്ങൾകൊണ്ടു മനോമോഹനമായലങ്കരിച്ചിട്ടുള്ള മുറികൾ അവിടെ പലതുമുണ്ടായിരുന്നു. അവിടവിടെ ഉന്നതങ്ങളായ ശിലകൾ നിർത്തപ്പെട്ടിരുന്നു. അവയിൽ ചെയ്തിട്ടുള്ള ഉൽകിരണശില്പവേലവൈഭവത്തേയും, ശോഭിതമായ രൂപസൗഭാഗ്യത്തേയും നോക്കിനിന്നുതന്നെ സമയം അധികം കഴിഞ്ഞു. അവിടെ നിന്ന് ഒരു വിശാലമായ മുറിയിൽ ചെന്നു. ആ അറയിൽനിന്നു വേറെ രണ്ട് അറകളിൽ കടക്കുവാനുള്ള മാർഗ്ഗങ്ങളുണ്ടായിരുന്നു. അവയിൽ ഒന്ന് തൊട്ടിലറയെന്നു പറയപ്പെടുന്നു. അതിനെ പത്മാവതിക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു.

അവർ അതിന്റെ ഉപയോഗമെന്തെന്നു കേട്ടു. രജതാലയത്തിൽവച്ചു കുമാരിലഭട്ടൻ പറഞ്ഞ തൊട്ടിലറയുടെ ചരിത്രം ഇതിനോടു ബന്ധിച്ചതാകുന്നു. ചക്രവർത്തിയുടെ പുത്രനെ പ്രസവിച്ച അറ ഇതായിരുന്നു. ഇപ്പോഴിരിക്കുന്ന പ്രതാപവീരനെ പ്രസവിച്ച സമയം അതിന്റെ രക്ഷയ്ക്കായി നിയുക്തനായിരുന്ന കൊട്ടാരംവൈദ്യൻ അയാളുടെ സഹോദരിയുടെ ശിശുവിനേയും രാജകുമാരനേയും പരസ്പരം മാറിയെടുക്കുവാൻ നിശ്ചയിച്ചു. അതിലേക്കു വയറ്റാട്ടിയായിരുന്നതു വൈ

ദ്ദ്യന്റെ ഭാൎയ്യയായിരുന്നു. കാവൽക്കാരനായിരുന്ന ഭടന് അവർ അധികധനം കൊടുത്തു് അവനെ സ്വാധീനംചെയ്തു. അയാളുടെ ആരതന്ത്രം ഫലിക്കുമായിരുന്നു. എന്നാൽ അന്നത്തെ കൊട്ടാരം ഉദ്യോഗസ്ഥനായിരുന്ന കുമാരിലഭട്ടൻ അതറിഞ്ഞു. അവർ രഹസ്യമായി ചെയ്ത ആലോചനയെ മനസ്സിലാക്കി, വിവരം ചക്രവൎത്തിയേയും മന്ത്രിയേയും അറിയിച്ചു. എല്ലാവരും അക്കാൎയ്യത്തിൽ മറഞ്ഞുനിന്നു് ആ ചതി കണ്ടുപിടിക്കുവാൻ ശ്രമിച്ചു. ഒരു സ്ത്രീ വൈദ്യന്റെ സഹോദരിയുടെ പെൺകുട്ടിയെ അൎദ്ധരാത്രിസമയം ഒരു വസ്ത്രത്തിൽ പൊതിഞ്ഞു് ആരുംകാണാതെ തൊട്ടിലറയിലേക്കുകൊണ്ടുപോയി, അതിനെ രാജകുമാരനുപകരം തൊട്ടിലിൽ കിടത്തീട്ടു, രാജകുമാരനെ കൊണ്ടുപോകുവാനായി ആരംഭിച്ച സമയം കണ്ടുപിടിച്ചു ബന്ധനത്തിലാക്കി. അവരെയെല്ലാം മറഞ്ഞുനിന്ന സംഗതികൾ അവർ ഏതുതരം ശിക്ഷിക്കപ്പെട്ടു എന്നുള്ളതു് ഇപ്പോൾപറയുന്നില്ല. ഈ സംഗതിയിൽ പ്രധാനമായി നിന്നു പരിശ്രമിച്ചതു് ഉദയപുരത്തിലെ മന്ത്രിയായകുമാരിലഭട്ടനാകുന്നു. ആ ഒരു സംഗതിക്കായിമാത്രമാണു് അയാൾക്കുമന്ത്രിപദം നല്കിയതു് എന്നു പറഞ്ഞു രജതസൌധത്തിലെ സാധനങ്ങൾ വിസ്മയാവഹങ്ങളായി ഗണിച്ചിരുന്ന പത്മാവതിക്കു ചക്രവൎത്തിയുടെ സൌധവിശേഷങ്ങൾ അത്യന്തം അത്ഭുതത്തെ ജനിപ്പിച്ചു. ഇവിടുത്തെ സ്ഥിതിനോക്കിയാൽ രജതസൌധത്തിന്റെ നില വളരെ താഴ്ന്നപടിയിലായിരിക്കുമെന്നു് അവൾ ഊഹിച്ചു. എന്നാൽ ഈ വൈചിത്ര്യങ്ങൾ കണ്ടതിൽ തന്ത്രപാലനു യാതൊരത്ഭുതവും തോന്നാത്തതെന്തെന്നു് അവൾ ചോദിച്ചു. ഞാൻ അതു് പലപ്രാവശ്യം കണ്ടിട്ടുള്ളതിനാൽ വിസ്മയം ജനിക്കുന്നില്ലെന്നു മറുപടിപറഞ്ഞു.

ഇങ്ങനെ എല്ലാം നോക്കിക്കണ്ടശേഷം ഛായാപടങ്ങളുള്ള മുറിയിൽ കടന്നു. ഓരോപടങ്ങളെ സൂക്ഷിച്ചുനോക്കി അവളെ മനസ്സിലാക്കി. അവയെല്ലാം പൂൎവ്വ രാജാക്കന്മാരുടെയും ചക്രവൎത്തികളുടെയും ഛായകളായിരുന്നു. പ്രതാപവീരന്റെ ഛായ നീ കണ്ടിട്ടുണ്ടോ എന്നു് അവളോടു ചോദിച്ചു. അതു കണ്ടിട്ടില്ലെന്നു് അവൾപറഞ്ഞു. താരാബായിയെ വിവാഹം ചെയ്വാൻ നിശ്ചയിച്ചിരുന്ന ആ രാജകുമാരനെ കാണണമെന്നു് എനിക്കു വിചാരമുണ്ടായിരുന്നു.

തന്ത്രപാലൻ—അദ്ദേഹം നല്ലസൌന്ദൎയ്യമുള്ളവനായിത്തന്നെയിരിക്കും.

പത്മാവതി—അതേ. അങ്ങനെതന്നെയാണു് എനിക്കും കേൾവി.

തന്ത്ര—അദ്ദേഹത്തിന്റെ ഛായ കണ്ടാൽ നീ അദ്ദേഹത്തെ ആഗ്രഹിക്കുമോ എന്നു ഞാൻ ഭയപ്പെടുന്നു.

ഇതുകേട്ടിട്ടു പത്മാവതിക്കു് ലജ്ജയും കോപവുമുണ്ടായി. അ

വിട്ടേന്ന് എന്നെ ചിത്തയാക്കുവാനായി പറയുന്ന വാക്കുകൾ മനസ്സു ഖ്യങ്ങളായിരിക്കുന്നു. അതു നന്നല്ല. ഉത്തമസ്ത്രീകൾ എത്ര അധികം സൌന്ദൎയ്യമുള്ള പുരുഷന്മാരെ കണ്ടാലും അവരുടെ മനസ്സ് ചലിക്കുകയില്ല. അനേകം ഭംഗിയുള്ള സാധനങ്ങളെ കാണുമ്പോഴുള്ള വിചാരം മാത്രമേ, അന്യപുരുഷന്മാരെ കാണുമ്പോഴും ഉണ്ടാകുകയുള്ളൂ. ഭൎത്താവിൽ പ്രണയമുള്ള സ്ത്രീകൾക്കു എത്ര രൂപസമ്പത്തുള്ളവനെ കണ്ടാലും, അവനെ തന്റെ ഭൎത്താവിനേക്കാൾ രൂപഗുണമുള്ളതായി തോന്നുകയില്ല എന്നു മറുപടി പറഞ്ഞു.

തന്ത്രഃ—ഞാൻ ഒരു സംഗതി കേട്ടു. പ്രതാപവീരൻ തനിക്കായി നിശ്ചയിച്ചിട്ടുള്ള താരാഭായിയെ നേരിട്ടു കാണ്മാൻ വേഷപ്രഛന്നനായി പോയിരിക്കുന്നു എന്നും, രാജശേഖരൻ പ്രഭുവിന്റെ സൈന്യത്തിൽ ചെന്നു സംഗതികൾ സൂക്ഷ്മമായി തിരക്കിയതിൽ അവാം മറ്റൊരുവനെ അനുഗ്രഹിച്ചിരിക്കുന്നു എന്നും അറിയുകയാൽ, അദ്ദേഹം ആ നാട്ടിലുള്ള ഒരു സാധുകന്യകയെ അവളുടെ സ്വഭാവഗുണങ്ങൾ കണ്ടു സ്വീകരിച്ചിരിക്കുന്നു എന്നും പറയുന്നതു കേട്ടു.

എന്നു പറഞ്ഞു തന്ത്രപാലൻ പ്രതാപവീരന്റെ ഛായാപടത്തിന്റെ മൂടുപടം എടുത്തുകളഞ്ഞു. പത്മാവതി ആ ഛായ കണ്ടു പരിഭ്രമിച്ചു. പടത്തിലെ ഛായയും തന്റെ ഭൎത്താവിന്റെ മുഖത്തെയും പല പ്രാവശ്യം മാറിമാറി നോക്കി. അവളുടെ ദേഹം തളരുന്നതുപോലെ തോന്നി.

ഇതെന്താശ്ചൎയ്യം—താങ്കളുടെ ഛായ—ഇവിടെ—എങ്ങനെ? സത്യം എന്നോടു പറയണം! എന്റെ ദേഹം തളരുന്നു. താങ്കൾ സത്യമായിട്ട് ആരാണ്? എന്നു ചോദിച്ചു. പരിഭ്രമം കൊണ്ടു മതിമയങ്ങി നിലത്തുവീഴുവാൻ തുടങ്ങി. തന്ത്രപാലൻ അവളെ താങ്ങിപ്പിടിച്ചു മാറോടണച്ചിട്ടു പ്രിയതമേ! ഭയപ്പെടാതെ. പരിശോധനകളെല്ലാം സമാപിച്ചിരിക്കുന്നു. ഇനി യഥാൎത്ഥം പുറത്താക്കാതെ നിവൃത്തിയില്ല. ഇതു എന്റെ ഛായാപടംതന്നെ. ഇളയരാജാവായ പ്രതാപവീരന്റെ ഛായയും ഇതുതന്നെ. തന്ത്രപാലൻ എന്ന വ്യാജപ്പേർ ഇനിയില്ല. ഇപ്പോൾ നീ പ്രതാപവീരന്റെ മാളികയിൽ പാൎത്തിരിക്കുകയാണ്. ഈ രാജസൌധവും നിന്റെ ബുദ്ധിയെ വൈചിത്ര്യം കൊണ്ടു വ്യാമോഹമാക്കിയ സകലവസ്തുക്കളും നിന്റെവകയും നിനക്കായിട്ടുണ്ടാക്കിയവയുമത്രെ. നമ്മെക്കാണ്മാനായി മന്ത്രി മുതലായ ഉദ്യോഗസ്ഥന്മാർ പുറത്തു കാത്തുനില്ക്കുന്നു. രാജ്യരക്ഷയെത്തെയും അവരുടെ ഉദ്യോഗസംബന്ധമായ സ്ഥിതികളെയും പററി ചോദിക്കുവാനും, കുശലപ്രശ്നത്തിനുമായി നമുക്കു മാളികയുടെ പുറമെത്തെ ഹാളിൽ പോകേണ്ടിയിരിക്കുന്നു. പോകാം വരൂ എന്നു പ്രതാപവീരൻ പറഞ്ഞു.

തന്റെ ഭൎത്താവു യുവചക്രവൎത്തിയാണെന്നറിഞ്ഞ പത്മാവതി

അതിരില്ലാത്ത സന്തോഷത്തിലും വിസ്മയഭാഗ്യത്തിലും തന്റെ സ്ഥിതിയെ പരിണമിപ്പിച്ചതിനായി ദൈവത്തെ ഭക്തിയോടുകൂടി മനസാസ്മരിച്ചു. തന്റെ മനസ്സിന്ന തല്ക്കാലമുണ്ടായ ഭാഗ്യത്തള്ളലിന്റെ അതിഭാരത്തെ താങ്ങുവാൻ അശക്തമായും തനിക്കായി ഈ ഭാഗ്യം നല്കുവാൻ തോന്നിയ നല്ല മനസ്സിനായും ഭർത്തൃപാദങ്ങളിൽ നമസ്കരിച്ചു. വിനയപാരവശ്യത്താൽ അവൾക്ക് അപ്പോൾ ബോധക്ഷയമുണ്ടായി.

പത്മാവതിയുടെ പരിശുദ്ധവും ഭർത്തൃഭക്തിയിൽ അത്യന്തം പ്രസക്തവും ആയ അവസ്ഥാഭേദം കണ്ടു പ്രതാപവീരന്റെ മനസ്സിളകി ആർദ്രമായി ഭവിച്ചു. അവൾ കണ്ണുതുറന്ന നോക്കിയപ്പോൾ താൻ ഒരു മഞ്ചത്തിൽ ശയിപ്പിക്കപ്പെട്ടിരിക്കുന്നതായും തന്റെ എതിരായി ഒരു കസേരയിൽ പ്രതാപവീരൻ ഇരിക്കുന്നതായും നാലഞ്ചു തോഴികൾ ചുററും നിന്ന ശുശ്രൂഷിക്കുന്നതായും കണ്ടു. ആ തോഴികളും ഉയന്ന കുലത്തിൽ ജനിച്ച കന്യകകളാണെന്ന് അവരുടെ വേഷവിധാനങ്ങൾ കൊണ്ടു ഊഹിച്ചു. അവളുടെ ബോധക്ഷയം നിശ്ശേഷം നീങ്ങി. പൂൎണ്ണബലം ലഭിച്ചു. പ്രതാപവീരനും പത്മാവതിയും തോഴികളുമായി ഉദ്യോഗസ്ഥന്മാർ കാണ്മാൻ കാത്തുനില്ക്കുന്ന മുറിയിലേക്കുപോയി. ആ സഭാമണ്ഡപത്തിന്റെ വാതൽ തുറന്ന നിമിഷം തന്നെ അവിടെകൂടിയിരുന്ന സകല ഉദ്യോഗസ്ഥന്മാരും പെട്ടെന്ന് എഴുന്നേററു യുവരാജാവും രാജ്ഞിയും ജയിപ്പൂതാക! ജയിപ്പൂതാക!! എന്ന് എല്ലാവരും ഒരേ ശബ്ദത്തിൽ വിജയാശംസ ചെയ്തു. പ്രതാപവീരൻ ഇടതുകൈകൊണ്ടു ഭാൎയ്യയുടെ കൈയും വലതുകൈകൊണ്ടു മന്ത്രിയുടെ കൈയും പിടിച്ചുകൊണ്ടു അവിടെ അലംകൃതമാക്കി തയ്യാറാക്കപ്പെട്ടിരുന്ന സിംഹാസനത്തിൽ ഇരുന്നു.

അവിടെ കൂടിയിരുന്നവർ രാജ്യസഞ്ചാരം കഴിഞ്ഞു ആനന്ദരൂപരായ പത്നിയോടുകൂടി മടങ്ങിയെത്തി പൂൎവസ്ഥിതിയിൽ രാജ്യപരിപാലനം ചെയ്യുവാൻ തങ്ങളുടെ യുവരാജാവിന്ന സംഗതിവരുത്തിയതിനായി വീണ്ടും ദൈവപ്രാൎത്ഥന ചെയ്തു.

---

# അദ്ധ്യായം ൧൧.

വീരസിംഹൻ ഇപ്പോൾ വിജയപുരപ്രഭുമുഖ്യനാപട്ടത്തോടുകൂടിയ ഒരു വലിയ ജന്മിമാരായി ഭവിച്ചിരിക്കുന്നു. അയാൾ തന്റെ ഭാൎയ്യയായ താരാഭായിയോടൊന്നിച്ചു വിജയപുരം രാജധാനിയിൽ പാൎപ്പുറപ്പിച്ചിരിക്കുന്നു. വിജയമന്ത്രം എന്നു വിളിക്കപ്പെട്ട ആ രാജമന്ദിരം വലിപ്പത്തിലാകട്ടെ, ഐശ്വൎയ്യസമൃദ്ധിയിലാകട്ടെ അന്യാദൃശമായതാ

യിരുന്നു. അക്കാലത്തെ രാജസൌധങ്ങളിൽ ഒന്നിനും വൈചിത്ര്യം കൊണ്ടു വിജയമന്ദിരത്തെ അധഃകരിക്കാൻ കഴിഞ്ഞിട്ടില്ല. വിജയമന്ദിരവും രജതസൌധവും തമ്മിൽ തങ്കവും തകരവുംപോലെ വ്യത്യാസമുണ്ടെന്നു താരാഭായി അനുമിച്ചു. ഇങ്ങനെ അവർ തഴച്ച ഐശ്വര്യവും വർദ്ധിച്ച ഭർത്തൃസുഖവുംകൊണ്ടു അത്യാനന്ദസുഖം അനുഭവിക്കുവാൻ തുടങ്ങി.

പത്മാവതിയുടെ വരൻ പരമാർത്ഥത്തിൽ ചക്രവർത്തിയുടെ പുത്രനും യുവചക്രവർത്തിയായിരുന്നതുകൊണ്ടു പിതാവിന്റെ ശ്രമത്തെ കവിഞ്ഞു വിജയിക്കുന്നതു മൂലമായിത്തീർന്നതിൽ താരാഭായിക്കുണ്ടായ സന്തോഷം അനിർവ്വാച്യമായിരുന്നു. സാധാരണ സ്ത്രീസഹജമായ അസൂയാചാപല്യം താരാഭായിക്കില്ലായിരുന്നു. തന്റെ തോഴിയായി ബാല്യം മുതൽ വർത്തിച്ചിരുന്ന അവളുടെ ഉൽക്കർഷത്തെ താരാഭായി ബഹുമാനപൂർവ്വം ആദരിച്ചു. അടുത്തടുത്തു രണ്ടുപ്രാവശ്യം അവളെ ചെന്നു കാണുകയും യുവചക്രവർത്തിനിയുടെ നിലയിൽ അവൾക്കുള്ള ഉന്നതിയിൽ വിജയം ആശംസിക്കുകയും അനേകം സദുപദേശങ്ങൾ നല്കുകയും ചെയ്തു. പത്മാവതിയുടെ ഉയർച്ചയിൽ വാസ്തവമായി സന്തോഷമുണ്ടായിരുന്നതു താരാഭായിക്കു മാത്രമായിരുന്നു. സ്വഭാവനൈർമ്മല്യംകൊണ്ടു നോക്കുന്നതായാൽ രണ്ടുപേരും ഒന്നിനൊന്നു മെച്ചംകൂടിയവരായിരുന്നു.

തന്നെ ബാല്യംമുതല്ക്കു ഒരു ഇഷ്ടസഖിയുടെ നിലയിൽ വളർത്തി സംരക്ഷിച്ചുവന്ന താരാഭായിയുടെനേർക്കു തന്റെ ആ ഉൽക്കർഷപദവിയിലും പത്മാവതി വിനീതയായും കൃതജ്ഞയായും പ്രവർത്തിച്ചിരുന്നു. താരാഭായിയെ കൂടക്കൂടെ ചെന്നുകാണുന്നതിലും അവളുടെ ആലോചനകളെയും ഉപദേശങ്ങളെയും സ്വീകരിക്കുന്നതിലും പത്മാവതി സംതൃപ്തയായിത്തന്നെയിരുന്നു. ഇങ്ങനെ ആ രണ്ടു കുടുംബത്തിനും പരസ്പരം സ്നേഹം ഭവിക്കുകയും അതു ക്രമോല്ക്കർഷം അഭിവൃദ്ധിപദവിയെ അർഹിക്കയും ചെയ്തു. രണ്ടുതവണ പ്രാണാപായഘട്ടത്തിൽ തന്നെ രക്ഷിച്ച വീരസിംഹൻപ്രഭുവിന്റെമേൽ പ്രതാപവീരനും കൃതജ്ഞനായിത്തന്നെ വർത്തിച്ചുവന്നു. കൂടക്കൂടെ അയാളെ ചെന്നുകണ്ടിരുന്നു.

വീരസിംഹനെ നമുക്കിനി വിജയപുരംപ്രഭു എന്നോ ജമീന്ദാരെന്നോ വിളിക്കുന്നതു സമുചിതമായ കർത്തവ്യമാകുന്നു. ചക്രവർത്തി, തന്റെ ഏകസന്താനമായ പ്രതാപവീരന്റെ ഒരു അമൂല്യധനമായി വിചാരിച്ചുവന്നതുകൊണ്ടും പിതാവിനെ കൂടക്കൂടെ ചെന്നുകണ്ടു പിതൃഭക്തിയെ പ്രകാശനം ചെയ്തുവന്നതുകൊണ്ടും, ഒരുന്നതകുടുംബജാതയെ സന്തോഷിപ്പിക്കത്തക്ക ശീലഗുണങ്ങൾ പത്മാവതിയിൽ സഹജമായി കണ്ടിരുന്നതിനാലും, അവളെ തന്റെ മരുമകളായി ചക്രവർത്തി അംഗീകരിക്കയും അവൾക്കു യുവരാജ്ഞീപട്ടം കൊടുക്കുകയുംചെയ്തു.

ചക്രവർത്തിയുടെ കുടുംബവും വിജയപുരം പ്രഭുവിന്റെ കുടുംബ-

വുതമ്മിൽ ഐക്യതയെ പ്രാപിച്ചു രണ്ടും ഒന്നെന്ന വിചാരത്തിൽ അവർ നടന്നുവന്നു. രണ്ടുകുടുംബവും സന്തോഷംകൊണ്ടു പരിപൂർണ്ണസുഖത്തെ അനുഭവിച്ചുവന്നു. കാണികൾക്കു് ഒരുകുററവും കുറവും പറയുവാനുണ്ടായിരുന്നില്ല. എന്നാൽ ഇവരിൽ ഒരാളുടെ ഹൃദയത്തിൽ അത്യന്തം ദാഹകശക്തിയോടുകൂടിയ ഒരു തീപ്പൂഴവിരുന്നു പുകയുന്നുണ്ടായിരുന്നു. അതു് ആരുടെ ഹൃദയത്തിലെന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ. അതു കഥാനായകനായ വിജയപുരം ജമീൻദാർ വീരസിംഹന്റെ ഹൃദയത്തിലായിരുന്നു. ഇപ്പോൾ അയാൾക്കു സകലവിധ ഭോഗഭാഗ്യങ്ങളും ഉണ്ടായിരുന്നിട്ടും, രാജാവിനേക്കാൾ കൂടുതൽ സന്തോഷം അനുഭവിക്കുവാൻ അർഹതയുണ്ടായിരുന്നിട്ടും, ഭ്രാതൃരാജനോടു ചെയ്തുപോയ നിബന്ധനകളെ വിചാരിക്കുംതോറും തനിക്കുള്ള ഇരുപത്തഞ്ചു സംവത്സരകാലത്തിലെ ജീവിതം ഒരു വിനാഴികപോലെ തോന്നി. അതുകൂടാതെ തനിക്കു് ആദ്യമായുണ്ടാകുന്ന പുത്രനെ ഭ്രാതൃത്തിനായി ദാനം ചെയ്യേണ്ടിവരുമല്ലോ എന്നുള്ള വേദന സർവ്വോപരി അന്തർദ്ദാഹകമായി ജ്വലിച്ചുകൊണ്ടിരുന്നു. ഈ വക വ്യഥകൾ തന്റെ ഭാര്യപോലും അറിയാതെ നിഗൂഢമായി സൂക്ഷിച്ചു.

വിവാഹാനന്തരം കുറച്ചുനാൾ ചെന്നശേഷം തന്റെ പത്നി ഗർഭവതിയായിരിക്കുന്നു എന്ന സംഗതി അറിഞ്ഞു ഇതു് ഇടിതട്ടിയപോലെ ഉള്ളിൽ ഭയജനകമായി തോന്നി. ലോകത്തിൽ കൊടിയ ദാരിദ്ര്യമുള്ളവനും തന്റെ ഭാര്യ ഗർഭംധരിച്ചു എന്നു പറഞ്ഞുകേൾക്കുന്നതു് സന്തോഷപ്രദമാകുന്നു. എന്നാൽ വീരസിംഹന്നു് അതു നേരേമറിച്ചു മർമ്മഭേദകമായ താപദഹനനെ പ്രജ്വലിപ്പിക്കയാണുണ്ടായതു്.

ഈ സമാനകാലത്തിൽതന്നെ പത്മാവതി ഗർഭവതിയായിരിക്കുന്നു എന്നുകേട്ടു പ്രതാപവീരൻ അളവില്ലാത്ത പരമാനന്ദത്തിൽ മുങ്ങിവശായിരിക്കുന്നു.

ഇതിൽനിന്നു നമുക്കു് ഒരുപാഠം പഠിക്കാനുണ്ടു്. ആനന്ദാനുഭൂതി കേവലം ലൌകികങ്ങളായ ജഡപദാർത്ഥങ്ങളെ ആശ്രയിച്ചു നില്ക്കുന്ന ഒന്നല്ലെന്നും അതു നമ്മുടെ ആത്മാവിൽതന്നെ അടങ്ങിയിരിക്കുന്ന ഒരു നിധിവിശേഷമാണെന്നും ഉള്ളതാകുന്നു. ഒരുവൻ എത്രതന്നെ ധന്യനായിരുന്നാലും അവന്നു് അതിനാൽ ആനന്ദാനുഭൂതിയുണ്ടു് എന്നു പറയാവുന്നതല്ല. വസ്തുവിൽ ആനന്ദം യഥാർത്ഥമായി അടങ്ങിയിരുന്നാൽ അതു് ആർക്കും സുലഭമായിത്തീർന്നേനേ. നമ്മുടെ ആത്മാവിലുള്ള ആനന്ദത്തെ അന്യവസ്തുവിലുള്ളതാണെന്നു ഭ്രമിച്ചു് അനുഭവിച്ചുവരികയാണു് സാധാരണം. "അവനെന്താ പരമാനന്ദസുഖംതന്നെ. ഒന്നിനും കുറവില്ല. വേണ്ടപണം സമ്പാദിച്ചുവെച്ചിട്ടുണ്ടു്" എന്നെല്ലാം പറയുന്ന പലരെയും കണ്ടിട്ടുണ്ടു്. ഇവരാരും ആനന്ദത്തിന്റെ തത്വത്തെപ്പററി അറിഞ്ഞിട്ടുള്ളവരല്ല. എത്ര ധനം സമ്പാദിച്ചാലും

ആനന്ദം എന്ന ആ സുകൃതസമ്പാദ്യം ലഭിക്കുകയില്ല. അതിന്റെ സ്ഥിതി ധനത്തെ ആശ്രയിച്ചായിരുന്നുവെങ്കിൽ അതു് എല്ലാക്കാലവും നില്ക്കുന്ന ഒന്നായിരിക്കുമായിരുന്നു. വിശേഷാൽ പൂർവപുണ്യംകൊണ്ടേ അതു് അനുഭവിക്കുവാൻ കഴികയുമുള്ളൂ.

ആകയാൽ അതു നമ്മുടെ ആത്മാവിൽ അതായതു് നമ്മിൽതന്നെ എല്ലാകാലവും സ്ഥിതിചെയ്യുകയാകുന്നു. മനസ്സിനുണ്ടാകുന്ന സ്ഥിതിഭേദങ്ങളനുസരിച്ചു് ആനന്ദാനുഭവത്തിന്റെ സത്തയ്ക്കും ഏറ്റക്കുറവു വന്നുപോകുന്നു. രാജ്യാദിസമ്പത്സമുദായലാഭമുണ്ടായാലും ആനന്ദാനുഭവം ചിലർക്കു ലഭിക്കുന്നില്ല. നേരേമറിച്ചു കുടിലിൽ കിടന്നുറങ്ങുന്ന നിസ്സാരൻ അതിന്റെ സത്തയെ നല്ലപോലെ അനുഭവിക്കുന്നുമുണ്ടായിരിക്കും. ഏതു നിലയിലും മനസ്സിന്റെ സ്വാഭാവികമായ ആ നിരതിശയാനന്ദം വേണ്ടകാലത്തിൽ പരിപാകമായി ഉദ്ദീപനംചെയ്തു പരിതഃസ്ഥിതികളെ പാവനമാക്കി ചിദ്വൃത്തിയെ വികസിപ്പിച്ചു് അതിൽനിന്നുണ്ടാകുന്ന രസധാരയെ അനുഭവിക്കുന്നതിനു, നിശ്ശങ്കമായ ജീവിതത്തിനു മാത്രമേ കഴികയുള്ളുവല്ലോ. ഈ തത്വത്തെപ്പറ്റി വിചാരണചെയ്വാൻ സാമാന്യബുദ്ധികൾക്കു സാധ്യമല്ല. മനോഗതിയുടെ പ്രകാരഭേദങ്ങളെ പര്യാലോചിക്കുന്നവർക്കുമാത്രമേ ഇതിന്റെ സൂക്ഷ്മസ്ഥിതിയും വ്യാപ്തിയും എത്ര ഗഹനമായിട്ടുള്ളതെന്നു ചർച്ചചെയ്തുണരുവാൻ കഴികയുള്ളൂ. വിജയപുരം ജമീൻദാരായും സകല സാമർത്ഥ്യങ്ങളും ഉള്ളവനായും, അജയ്യനായുമിരുന്നിട്ടും വാസ്തവത്തിൽ ആ സമ്പത്സമൃദ്ധി അയാളിൽ അല്പംപോലും ആനന്ദാനുഭവത്തെയുണ്ടാക്കാൻ ശക്തമായിത്തീർന്നില്ലെന്നുള്ളതു് ഇതിലേക്കു് ഒരു നല്ല ഉദാഹരണമാകുന്നു. അയാളുടെ പാരതന്ത്ര്യം ആ ആത്മീയസുഖാവബോധത്തെ വിച്ഛേദംചെയ്തു വ്യസനവും പശ്ചാത്താപവും വെറുപ്പുംകൊണ്ടു ജീവിതത്തെ കലുഷമാക്കിയിരിക്കുകയാകുന്നു.

തന്റെ പ്രിയപത്നിയായ താരാഭായി ഗർഭവതിയായി എന്നുള്ള വാർത്ത, അയാളുടെ സകല ജീവധാരയേയും, സ്തബ്ധമാക്കിയിരിക്കുന്നു. വീരസിംഹന്റെ ശക്തികളെല്ലാം തളർന്നു. തീക്കൊള്ളി പാഞ്ഞുകയറുന്നതുപോലെ ആ വാർത്ത ഉദ്വേഗത്തെ ജനിപ്പിച്ചു. അയാൾ ഇങ്ങനെ ചിന്തിച്ചു. "ഞാൻ എത്ര വ്യാമോഹത്തിൽ അകപ്പെട്ടിരിക്കുന്നു. തന്റെ ശിശുവിനെ ഒരു ചണ്ഡാലൻപോലും അന്യനു കൊടുക്കുകയില്ല. രാജ്യാവകാശിയായ ഒരു അരുമസന്താനത്തെ ഒരു ഭൂതത്തിനായി നല്കാമെന്നുള്ള വാഗ്ദാനം തീരെ നീചവും ഭയങ്കരവുമായിരിക്കുന്നു. എന്റെ ആ സുമനസ്വിനിയായ താരാഭായിയെ ഞാൻ എങ്ങനെ ഇതറിയിക്കയും സമാശ്വസിപ്പിക്കയും ചെയ്യും. ഈ സംഗതി ജീവൻപോയാൽകൂടി പുറത്തു പറവാൻ പാടുള്ളതല്ല. അവളറിയാതെ ശിശുവിനെ ഏതു നിലയിൽ അപഹരിക്കാം! വാത്സല്യഭാജനമായിജനിക്കുന്ന അ

തിനെ അവന് എങ്ങനെ കൊടുക്കും?" എന്നിങ്ങനെയുള്ള വിചാരം അല്പനേരങ്ങൾക്ക് അയാളെ അന്ധനാക്കിത്തീർത്തു. ഒടുവിൽ "ഇല്ല ഇല്ല. ഞാൻ അങ്ങനെ ചെയ്കയേ ഇല്ല. എന്റെ മാംസപേശികൾക്കും രക്തധാരയ്ക്കുംകൂടി ഇതു സമ്മതമല്ല. ഇതിന്റെ നിവൃത്തിക്ക് ഏതെങ്കിലും ഒരു മാർഗ്ഗം കണ്ടുപിടിക്കേണ്ടതു് അവശ്യാവശ്യമത്രേ. മായാവിഡംബനമായി കാണുന്ന സകല ചരാചരങ്ങളെയും ഉപേക്ഷിച്ചു വനത്തിൽ ചെന്നു പരമാത്മധ്യാനനിരതന്മാരായി, പാവനമായ ചിച്ഛക്തിയെ ഹൃദയകുണ്ഡികയിൽ പ്രതിഷ്ഠിച്ചു, സദാ കണ്ടുകൊണ്ട്, പരമാനന്ദലഹരിയിൽ ലയിച്ചു, ലോകവ്യാപാരങ്ങൾ മറന്നു, ബ്രഹ്മാനന്ദസുധാരസം നുകർന്ന്, ഉള്ളും പുറവും പരിശുദ്ധമാക്കി, തപോബല സമ്പൽസമൃദ്ധിയോടുകൂടിയ പുണ്യവാന്മാർ വനത്തിൽ ഉണ്ടായിരിക്കും. അവരെച്ചെന്നുകണ്ട് എന്റെ സങ്കടം അറിയിച്ചാൽ അതിലേക്കു പ്രതിവിധിയായി ഏതെങ്കിലും സമാധാനം അവരിൽനിന്നു സിദ്ധിക്കാതിരിക്കയില്ല. അവർക്കിതു വലിയ കഷ്ടമായി തോന്നുകില്ല" എന്നു വീരസിംഹൻ തന്നത്താനെ പുലമ്പിക്കൊണ്ടിരുന്നു.

"അത്തരക്കാരായ താപസന്മാരുള്ള സ്ഥലം കണ്ടുപിടിക്കാൻ നിന്നാൽ സാധ്യമല്ല. എപ്പോൾ നീ അതിനായി തുനിയുന്നോ അപ്പോൾ എന്റെ നിബന്ധന വിട്ടുപോകയും ആ നിമിഷം മുതൽ നീ എന്റെ അടിമയായി തീരുകയും ചെയ്യും" എന്ന് ഒരു വാക്യം വീരസിംഹന്റെ പുറകിൽനിന്നും ഉണ്ടായി. അതുകേട്ട് അയാൾ തിരിഞ്ഞുനോക്കി. ഭൂതരാജൻ പ്രത്യക്ഷീകരിച്ചിരിക്കുന്നു. അവൻ പുഞ്ചിരിയോടുകൂടി പ്രഭുവിനെ കടാക്ഷിച്ചു.

പ്രഭു:—നീ എന്റെ പ്രത്യേകം അനുമതികൂടാതെ ഇവിടെ കടന്നു വന്നതെന്തു?

ഭൂതം:—നിനക്കു പുത്രസന്താനമുണ്ടാകാൻ പോകുന്നു എന്ന സന്തോഷവർത്തമാനം പറയുവാനാകുന്നു.

ഇതുകേട്ടു പ്രഭു ഏററവും കോപത്തോടുകൂടി "എന്നെ കളിയാക്കുവാൻ തുടങ്ങുന്നോ? ദുഷ്ടഭൂതമേ! നിന്റെ ജീവനെ ഇപ്പോൾ നശിപ്പിച്ചേയ്ക്കും. ഇല്ലെങ്കിൽ എന്റെ പ്രാണനെ നിന്റെ മുമ്പിൽ ബലികഴിച്ചേക്കാം" എന്നു പറഞ്ഞിട്ടു ഖഡ്ഗമെടുത്തു ഭൂതത്തിന്റെ നേരെ ഓങ്ങി. എന്നാൽ അതു വിസ്മയജനകമാംവണ്ണം തുണ്ടുതുണ്ടായി ഉടഞ്ഞ് അയാളുടെ കാലടികളിൽ വീണു. അതു കണ്ടു പ്രഭു ഭ്രമിച്ചു.

ഭൂതം—അഹ! മൂഢമനുഷ്യ! നീ സാധാരണ മനുഷ്യരെപ്പോലെ വെട്ടിക്കൊന്നു മരിച്ചുപോകുമെന്നു വിചാരിച്ചോ? നിന്നെപ്പോലെ എനിക്കും അല്പായുസ്സെന്നു വിചാരിച്ചുവോ?

പ്രഭു—അതെ! അതെ! ഞാൻ മൂഢൻ തന്നെ. നിന്നെ ഒഴിച്ചു വിടാമെന്നു വിചാരിച്ചതു് എന്റെ മൌഢ്യംകൊണ്ടു തന്നെ.

എന്നുപറഞ്ഞിട്ടു മഞ്ചത്തിൽ കമിഴ്ന്നുകിടന്നു. ഭൃത്യം കുറെനേരം പ്രഭുവിൻെറ ചിത്തവിക്ഷേപത്തെ നോക്കിനിന്നിട്ടു അവിടെനിന്നും മറഞ്ഞു. അതുകഴിഞ്ഞു അല്പസമയത്തിനുള്ളിൽ ഒരു വേലക്കാരൻ ഓടിവന്നു യുവചക്രവൎത്തി കാണ്മാൻവന്നിരിക്കുന്നുവെന്നുവീരസിംഹനെ അറിയിച്ചു. അതുകേട്ടു അദ്ദേഹം പ്രതാപവീരൻ ഇരിക്കുന്നിടത്തേക്കു ചെന്നു.

പ്രതാപ—ഹേ! പ്രഭോ! ഞാനും എൻെറ പത്നിയും മുൻകൂട്ടി നിങ്ങളെ അറിയിക്കാതെതന്നെ നിങ്ങളെ കാണ്മാൻ വന്നിരിക്കുന്നു. പത്മാവതി ശാരാഭായിയുടെ അടുക്കലുണ്ടു്. എൻെറ ഭാൎയ്യ ഗൎഭമാണെന്നറിഞ്ഞിരിക്കുമല്ലോ. അതു എൻെറ മനസ്സന്തോഷത്തെ സീമാധികം വൎദ്ധിപ്പിച്ചിരിക്കുന്നു. സമുദ്രത്തിലെ തിരകൾ മറിയുന്നതുപോലെ ഹൃദയം ഇളകി ചലിക്കുന്നു. ഈ സന്തോഷം നിങ്ങളെ അറിയിക്കുന്നതിനായി വരികയായിരുന്നു. എൻെറ ഒരു ആത്മസ്നേഹിതനായി നിങ്ങൾ ഏറ്റപ്പെട്ടിരിക്കകൊണ്ടു മുന്നറിവുതരാതെതന്നെ പുറപ്പെട്ടതാണു്.

പ്രഭു—ഈ സന്തോഷവാൎത്ത എന്നെയും സന്തോഷസാഗരത്തിൽ തള്ളിയിട്ടിരിക്കുന്നു.

പ്രതാപ—യുവരാജ്ഞി, പുത്രഭാഗ്യത്തെജനിപ്പിക്കുമെന്നുഞാൻ ആശിക്കുന്നു.

പ്രഭു—എല്ലാംകൊണ്ടും എനിക്കുള്ള സന്തോഷം അപരിമേയം തന്നെ. അവിടുത്തേക്കുണ്ടായതുപോലെ ഒരുപരമാൎത്ഥം അതേവിഷയത്തിൽ എനിക്കുമുണ്ടായിട്ടുണ്ടു്. താരവും പുത്രഭാഗ്യത്തെ പ്രാപിക്കുമെന്നു ഞാനും വിശ്വസിച്ചിരിക്കുന്നു.

പ്രതാപവീ—ഇതു് എൻെറ മനോല്ലാസത്തെ ദ്വിഗുണീകരിച്ചിരിക്കുന്നു. സ്നേഹിത! ഞാൻ ഇന്നലെ രാത്രിയിൽ ഒരു സ്വപ്നം കണ്ടു. നമ്മുടെ രണ്ടുപേരുടെയും പത്നിമാർ ഗൎഭവതികളായി എന്നും, അവർ ഏകകാലത്തിൽ പ്രസവിച്ചു എന്നും, നിങ്ങളുടെ ഭാൎയ്യക്കു് ഒരു പെണ്ണും എൻെറ ഭാൎയ്യക്കു് ഒരു ആണും ഉണ്ടായി എന്നും, ആ രണ്ടു ശിശുക്കളും ഒന്നായി വളൎന്നുവന്നു എന്നും, ഒടുവിൽ അവൎക്കു പ്രായപൂൎത്തിയായ സമയം എൻെറ പുത്രൻ നിങ്ങളുടെ പുത്രിയെവിവാഹംചെയ്തു എന്നും ആയിരുന്നു സ്വപ്നസംഗതി. ഈ ഭാവിദൎശനം എൻെറ മനോരഥത്തെ സഫലമാക്കിച്ചെയ്തു. നമുക്കു തമ്മിലുള്ള നിൎവ്യാജമായ സ്നേഹം നമ്മുടെ സന്തതികളിലും പ്രതിഫലിച്ചു എന്നു ഞാൻ വിചാരിച്ചു സമാധാനിച്ചു.

ഈ വൎത്തമാനം വീരസിംഹൻെറ ഉള്ളിൽവല്ലാത്ത ഒരു വിക്ഷേപത്തെ ജനിപ്പിച്ചു. എന്നാൽ അതിൻെറ വിജൃംഭണത്തെ പ്രതാപവീരൻ കാണാതിരിക്കാൻവേണ്ടി മനസ്സിൽ ബലാൽകാരേണ നിയമ

നംചെയ്തു. അനന്തരം ഈ ഭാവിദശ്നം വാസ്തവമായിത്തീരാൻ ദൈവസഹായത്തെ ഞാൻ പ്രാൎത്ഥിച്ചുകൊള്ളുന്നു എന്നു വീരസിംഹൻ മറുപടി പറഞ്ഞു.

പ്രതാപ—യുവരാജ്ഞിയുടെ പ്രസവകാലം നാടൊട്ടുക്ക് ആഘോഷത്തോടുകൂടെ കൊണ്ടാടുന്നതായിരിക്കും. എന്റെ ശിശുവിനെ തൊട്ടിലറയിൽ കൊണ്ടുപോകുന്ന കൃത്യം ബഹുസൂക്ഷ്മത്തോടെ നടക്കുന്നതാണ്. എന്റെ ജനനകാലത്തിൽ നടന്നതുപോലെയുള്ള അപകൃത്യങ്ങൾ നടക്കാതിരിക്കുന്നതിനു വേണ്ട മുൻകരുതലുകൾ ഇപ്പോൾതന്നെ ചെയ്തുവച്ചിട്ടുണ്ട്. ആ സംഗതി പ്രത്യേകശ്രദ്ധക്കു വിഷയമാകുന്നു.

പ്രഭു--എന്തു ചതിയാലോചന? തൊട്ടിലറയെന്നാലെന്ത്? ഈ സംഗതികൾ എനിക്കറിവുള്ളവയല്ല.

പ്രതാപവീരൻ അതിന്റെ ചരിത്രവും നടന്നവസ്തുതകളും മുഴുവൻ പ്രഭുവിനെ കേൾപ്പിച്ചു. അതിൽ ഗാഢമായി മനസ്സു ചെലുത്തിയിരുന്ന പ്രഭുവിന്റെ മനസ്സിൽ ഏതോ വിശേഷമായ ഒരാലോചന ഉദിച്ചു. മുഖത്തിനു പ്രസാദവും പ്രകാശവും ഉണ്ടായി. രണ്ടുപേരും താരാഭായിയുടെ അന്തഃപുരത്തിലേക്കുപോയി. അന്നു മുഴുവനും യുവചക്രവൎത്തിയും യുവരാജ്ഞിയും താരാഭായിയുടെയും പ്രഭുവിന്റെയും അതിഥികളായി ഓരോ നൎമ്മാലാപങ്ങൾകൊണ്ടു കഴിച്ചുകൂട്ടി. തൊട്ടിലറയുടെ സമ്പ്രദായങ്ങൾ പ്രഭുവിന്റെ മനസ്സിൽ നിന്നും മാഞ്ഞുപോയിരുന്നില്ല.

വിജയമന്ദിരത്തിൽ പ്രഭുസാമാന്യമായ വിരുന്നുകളും പലവിധ ആഘോഷങ്ങളും നടന്നുകൊണ്ടേ ഇരുന്നു. വലിയ പ്രഭുക്കളും പ്രഭ്വികളും താരാഭായിയേയും വീരസിംഹൻപ്രഭുവേയും കൂടക്കൂടെ വന്നുകാണുക സഹജമായിരുന്നു. അവൎക്കു യഥായോഗ്യം ഉപചാരങ്ങൾ നൽകി സന്തോഷിപ്പിച്ചയയ്ക്കുന്ന കൃത്യങ്ങളിൽ ആ ദമ്പതികൾ നിഷ്ണാതരായിരുന്നു.

വിജയപുരംജമീന്ദാരെ സംബന്ധിച്ചു ജനസാമാന്യത്തിൽ രണ്ടു സംഗതികൾ പ്രത്യേകശ്രദ്ധയെ ആകൎഷിച്ചിരുന്നു. നാടുവാഴികളായ പ്രഭുക്കന്മാൎക്ക് അക്കാലത്തിൽ ഓരോ രാജമന്ദിരത്തിലും കുലഗുരുക്കന്മാർ ഉണ്ടായിരിക്കുക സാധാരണമായിരുന്നു. എന്നാൽ വിജയപുരം ജമീന്ദാൎക്ക് അങ്ങനെ ഒരാൾ ഉണ്ടായിരുന്നില്ല. രണ്ടാമതായി വീരസിംഹൻപ്രഭു യാതൊരു ക്ഷേത്രങ്ങളിലും ഒരുകാരണവശാലും പോയി ദൎശനം ചെയ്തിരുന്നില്ല. ഈ രണ്ടു സംഗതികൾക്കും ഹേതു എന്തായിരിക്കുമെന്നു ചിലപ്പോൾ ചിലപ്രഭുക്കന്മാർ തന്നെ ആലോചിച്ചിരുന്നു. ഇതിന്റെ രഹസ്യം ഒന്നുകൊണ്ടും വ്യക്തമായിരുന്നില്ല.

ജനങ്ങളുടെ ഇടയിൽ ഇങ്ങനെ ഒരു സംശയം ജനിച്ചിട്ടുണ്ടെന്നു കേൾക്കുന്നുണ്ടെന്നും, അതു വാസ്തവമാണോ എന്നും, വാസ്തവമായിരു

ന്നാൽ കാരണമെന്തെന്നും, ഒരവസരത്തിൽ താരാഭായിയോടു പത്മാവതി ചോദിച്ചു എന്നാൽ അവൾക്കും അതുപ്പററി ഒരറിവുമില്ലായിരുന്നു. അതിന്റെ ഹേതു സൂത്രത്തിലറിയണമെന്ന് അവൾ നിശ്ചയിച്ചു. അന്നുരാത്രിയിൽ വീരസിംഹനോടിങ്ങനെപറഞ്ഞു.

താരാഭായി—നാളെ വൈകുന്നേരം നമ്മുടെ ക്ഷേത്രത്തിൽ വലുതായ ഒരാഘോഷം നടക്കുന്നതിൽ നമുക്കും സംബന്ധിക്കണം. നമുക്കരണ്ടുപേൎക്കും പോയി സ്വാമിദൎശനം ചെയ്തു ജനിക്കാൻ പോകുന്ന സന്താനത്തിന്റെ ആയുൎവൎദ്ധനയ്ക്കായിപ്രാൎത്ഥിക്കാമല്ലോ.

പ്രഭ—അങ്ങനെതന്നെ. അതിലേക്കു ഭവതിമാത്രം പോയാൽ മതി. എനിക്കു നാളെ ഒരത്യാവശ്യം ഇരിക്കകൊണ്ടു കൂടെ വരുന്നതിനു സാധിക്കയില്ല.

താരാ.—ഞാൻ പറയുന്നതിനെ ക്ഷമയോടു കേൾക്കുക. നമ്മുടെ വിവാഹാനന്തരം നാം രണ്ടാളും കൂടെ യാതൊരു ക്ഷേത്രങ്ങളിലും പോയി ദൎശനംചെയ്കയുണ്ടായിട്ടില്ല. നാം ആറുമാസങ്ങൾക്കു മുമ്പിൽ എത്രതരം മനഃപീഡയിൽ ഇരുന്നിരുന്നുവെന്നുള്ളതു വിസ്മരിക്കത്തക്കതല്ല. ഇപ്പോൾ അവയെല്ലാം നമ്മെ വിട്ടുപോയിരിക്കുന്നു. നമ്മുടെ സ്ഥിതി അത്ഭുതജനകമാംവണ്ണം മാറിയിരിക്കുന്നു. മനോഭിഷ്ടം സിദ്ധമായിക്കഴിഞ്ഞു. നാം ഐശ്വൎയ്യവും യശസ്സും അനുഭവിക്കുന്നു. അവിചാരിതമായി നമുക്കുണ്ടായിട്ടുള്ള സുഖൈശ്വൎയ്യങ്ങൾ പരമകാരുണികനായ ജഗദീശ്വരന്റെ കടാക്ഷലേശത്തിൽനിന്നാണെന്ന വിചാരം ഒരിക്കലും മറന്നുകളയരുതു്.

പ്രഭ—ഭവതിയുടെ അഭിപ്രായങ്ങളെല്ലാം അക്ഷരംപ്രതി വാസ്തവവും എനിക്കറിവുള്ളതുമാണു്. ഭവതി യഥാസന്ദൎഭം ദൈവത്തെ അഭിവന്ദിക്കാറുണ്ടല്ലോ. ഇത്തവണ എനിക്കുവേണ്ടിയും നീതന്നെ പ്രാൎത്ഥിച്ചാൽ മതിയാകും. ദമ്പതികൾ രണ്ടുപേരും ചേൎന്നു് ഒരു പൂൎണ്ണശരീരമാകുന്നു എന്നു ശാസ്ത്രസമ്മതിയുണ്ടു്.

താരാ—സൎവ്വാന്തൎയ്യാമിയായി ലോകം മുഴുവൻ നിറഞ്ഞ ഒരു ചിച്ഛക്തിയുണ്ടെന്നുള്ള തത്വത്തെ താങ്കൾ അംഗീകരിക്കുന്നുവല്ലോ. ലോകത്തിൽ കാണുന്നസകല മഹത്വവും ആ പരാശക്തിയുടെ മായാവിജൃംഭണമെന്നാണു പരമജ്ഞാനികളുടെമതം.

പ്രഭ—ഹേ! ഹേ! എന്താ ഇത്ര സന്ദേഹം? ഞാൻ പൂൎണ്ണമായി അംഗീകരിക്കുന്നു. ആ പ്രപഞ്ചശില്പിയുടെ വിസ്മയരചനകൾ അചിന്ത്യമാകുന്നു.

താരാ—ദൈവഭക്തിയുള്ളവൎക്കെല്ലാം അങ്ങനെതന്നെയാണു വിശ്വാസം. ദൈവം ചിച്ഛക്തിയാണെന്നും, അതു ലോകം മുഴുവൻ നിറഞ്ഞിരിക്കുന്നു എന്നും, അതിനു പ്രത്യേകം ആവസിക്കുവാൻ ഒരു സ്ഥലത്തിന്റെ ആവശ്യമോ, മനുഷ്യസാധാരണമായ വികൃതിയോ ഇല്ലെ

നാം ഉള്ളതു പരമാർത്ഥം തന്നെ. ചിലർ കാശി,രാമേശ്വരം മുതലായ സ്ഥലങ്ങളിൽ നടന്നലഞ്ഞു കഥയറിയാതെ ഭ്രമിക്കുന്നു ഇതു മൌഢ്യമാണ്. ദൈവത്തെ തിരക്കി ഒരേടത്തും പോകേണ്ടതില്ലാ എന്നുള്ള പരമാർത്ഥം "സർവ്വവിദിതം കേവലം" തന്നെ. അങ്ങനെയുള്ള യാത്രകൾ അവരുടെ മൂഢതയുടെ വിജ്ഞപ്തിപ്രകടനമാണെന്നു വിചാരിച്ചാൽമതി. അവരുടെ മൂഢമായ വ്യാമോഹത്തെ പരിഹസിക്കേണ്ടതില്ല. നാം ലൌകികന്യായം അനുസരിച്ചു ആചാരസംബന്ധമായി കൊണ്ടാടിവരുന്ന നമ്മുടെ ദേവാലയങ്ങളുടെ അഭിവൃദ്ധി മതപ്രചാരത്തിന്റെ അസ്ഥിവാരമാകുന്നു എന്നുള്ള തത്വം വളരെ വിധത്തിൽ ശരിയായിട്ടുള്ളതാണ്. ഏതെങ്കിലും ഒരവ്യക്തമായ ജ്ഞാനത്തിൽ നിന്നാണ്, സൂക്ഷ്മതത്വാംശങ്ങൾ പുറപ്പെട്ടിട്ടുള്ളതു. അതിനെ നിരീക്ഷണശക്തികൊണ്ടു കോണാകോണം നിശ്ച്യൂന്നം ചെയ്തു ശേമുഷീനികഷത്തിൽ ഉരച്ചു തെളിക്കുമ്പോൾ അതിന്റെ അന്തസ്സാരം വെളിപ്പെടുന്നു. പിന്നീടെ അതിനു വിലയും നിലയും ലഭിക്കുന്നുള്ളൂ. അരിന്മണ്ണഃ ആചാരങ്ങളെയോ മതകർമ്മങ്ങളെയോ ആദരിച്ചു ജനസാമാന്യം അനുഷ്ഠിക്കുന്ന ഉത്സവാദികളിൽ നാം കൂടി പങ്കുകൊള്ളുകയും അതിന്റെ നിർവ്വഹണത്തിൽ സഹായിക്കുകയും വേണ്ടതല്ലയോ?

പ്രഭു:—ശരി,ശരി. അങ്ങനെയാകട്ടെ. ഭവതിയുടെ ഹിതാനുസരണം പ്രവൎത്തിക്കാം. അക്കാൎയ്യത്തിൽ സന്ദേഹമേതുമില്ല. എന്നാൽനാളെ എനിക്കതിനു സാധിക്കയില്ല. വേറേ കാൎയ്യമായ ജോലികളുണ്ട്. നേരംകയ്യുമുള്ളപ്പോൾ ഞാനും വരാം. അതിനിടയിൽ ഭവതി പോയി വരികതന്നെ വേണം.

എന്നുപറഞ്ഞിട്ടു അയാൾ വേഗം എഴുന്നേറ്റു തോട്ടത്തിലേക്കു പോയി. താരാഭായിക്കു ഇതു വ്യസനകാരണമായി ഭവിച്ചു. ചില സമയങ്ങളിൽ അയാളുടെ മുഖത്തു വ്യസനവും വെറുപ്പുമുള്ള സ്തോഭങ്ങൾ ഉണ്ടാകുന്നതായി അവൾ കണ്ടിരുന്നു. അങ്ങനെയുള്ള ഘട്ടങ്ങളിൽ അവൾ ഇന്നങ്ങിയും പിന്നങ്ങിയും അതിനുള്ള ഹേതു എന്തെന്നറിവാൻ ശ്രമിച്ചിരുന്നു. എന്നാൽ അതെല്ലാം നിഷ്ഫലമായതേയുള്ളൂ. എപ്പോൾ ചോദിച്ചാലും "ഒന്നുമില്ല" എന്നു പറഞ്ഞു വിഷയാന്തരത്തിൽ പ്രവേശിക്കും. ഇതിൽനിന്നു തന്റെ ഭർത്താവിന്റെ മനസ്സിൽ ദുഃഖഭൂയിഷ്ഠമായ ഒരു രഹസ്യം ഉണ്ടെന്നു മാത്രം അവൾ ഉറപ്പായി വിചാരിച്ചിരുന്നു. ഇതു ക്രമേണ അവളുടെ സന്തോഷശീലത്തെയും അതിക്രമിച്ചു പ്രവൎത്തിച്ചുകൊണ്ടിരുന്നു.

ഉത്തമസ്ത്രീരത്നമായ താരാഭായി തന്റെ വരന്റെ മുഖത്തിൽ വ്യസനലക്ഷണം നിഴലിച്ചുകണ്ടാൽ, അതിനെ മാറ്റി അയാളിൽ സന്തോഷം ജനിപ്പിച്ചു സ്വസ്ഥിതി വരുത്താനായി പ്രയത്നിക്കുന്നതിൽ സദാ ഒരുക്കത്തോടുകൂടി ഇരുന്നിരുന്നു.

പ്രഭ തോട്ടത്തിലിറങ്ങി വിചാരമഗ്നനായി നടന്നുകൊണ്ടിരുന്നു. അയാളുടെ മനസ്സു നരകതാപം അനുഭവിക്കുന്നുണ്ടായിരുന്നു. "ആ! ഗൎഭശിശുവിനെ ഭൂതത്തിനു കൊടുക്കാമെന്നു വാഗ്ദാനംചെയ്ത ഇവനെപ്പോലെ പടുപാപികൾ ആരുമില്ല. ഏററവും പരിശുദ്ധമാനസ്വിനിയായ താരാഭായിയോടു ഈ വിവരം പറയാവുന്നതാണോ? ഈ സംഗതി കേട്ടാൽ അവളുടെ പ്രാണൻ പോകുവാൻ അതു മതിയാകും. അല്ലെങ്കിൽ ഉന്മത്തയാകുവാനും മതി. അതിനാൽ ഈ സംഗതിയിൽ തന്നെത്താനെ മരിക്കുന്നതു ഉത്തമമായിരിക്കും" എന്നിങ്ങനെ വിചാരിച്ചുകൊണ്ടിരിക്കുമ്പോൾ അവിടെ താരാഭായിക്കായി മുല്ലമലർ ഇറുത്തുകൊണ്ടു നില്ക്കുന്ന കോകിലത്തെ കണ്ടു.

ഒരുവന്റെ ഹൃദയത്തിൽ ഭയങ്കരമായ ഒരു താപം സംഭവിച്ചാൽ അതു മററാരുവനോടു പറഞ്ഞാലല്ലാതെ ആ താപഭാരത്തിനു കുറവു വരുന്നതല്ല. തന്റെ ഈ രഹസ്യം പ്രഭ ആരോടു പറയും? അതു വെളിക്കു വിട്ടാൽ, തന്നെക്കുറിച്ചു ജനങ്ങളുടെ ഇടയിലുള്ള മതിപ്പു കുറഞ്ഞുപോകും. അതിനാൽ ധൎമ്മസങ്കടത്തിൽപെട്ടു വലയുന്ന ആ പ്രഭ ആ അവസരത്തിൽ കോകിലത്തെ കണ്ടതിനാൽ അയാളുടെ മനസ്സിൽ പെട്ടെന്നു ഒരാലോചനയുദിച്ചു. അവളെ നോക്കി ഹാ! കോകിലം നീ പൂ പറിക്കുകയാണോ. ഈ തോട്ടത്തിലുള്ള യാതൊരു പൂവിനും ജയിക്കുവാൻ പാടില്ലാത്ത വിജയശ്രീ നിന്റെ മുഖത്തു തിളങ്ങി പ്രകാശിക്കുന്നു എന്നു പ്രഭ പറഞ്ഞു.

അപ്രതീക്ഷിതമായി തന്നെക്കുറിച്ചുള്ള ഒരു വൎണ്ണനകേട്ടു അവൾ തിരിഞ്ഞുനോക്കി. അല്പ്പം പുഞ്ചിരിതൂകിനില്ക്കുന്ന പ്രഭുപിതാവിനെക്കണ്ടു അവൾ ഞെട്ടി. പിന്നീടു ഇങ്ങനെ പറഞ്ഞു. അവിടുത്തെ വാക്കിൽനിന്നും പുറപ്പെട്ട ഈ വൎണ്ണനയെ എന്റെ കൎണ്ണങ്ങൾക്കു ഇഷ്ടമല്ല. എന്തെന്നാൽ സൎവ്വഗുണയും പ്രജാവാത്സല്യയുമായ എന്റെ യജമാനത്തിക്കു അതു ദ്രോഹഹേതുകമാകുന്നു

പ്രഭ ഞാൻ സത്യമായി എന്റെ മനസ്സിൽ തോന്നിയതിനെ പറഞ്ഞതാകുന്നു. നിന്റെ പ്രഭ്വിക്കു ലേശംപോലും ദ്രോഹം ചെയ്വാൻ യത്നിച്ചതല്ല.

കോകിലം — എന്നാലും അവിടുന്നു അങ്ങനെ പറവാൻ വിചാരിച്ചതു ശരിയല്ല. ഞാൻ പാവപ്പെട്ടവളായ ഭൃത്യയല്ലയോ?

പ്രഭ — ഓ! കോകിലം! ഞാൻ പറയുന്നതിനെ ശ്രദ്ധയോടുകൂടി കേൾക്കുക. നിന്നെ ഒരു സഹോദരിയുടെ സ്ഥാനത്തിൽ വിചാരിച്ചുകൊണ്ടു പറയുകയാണു. പുറമെയുള്ളവർ എന്നെ സകല സുഖസൌഭാഗ്യങ്ങളും നിറഞ്ഞ ഒരു പ്രഭുവായി വിചാരിച്ചിരിക്കുകയാണു. എന്റെ മനസ്സിൽ സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന താപദഹനത്തിന്റെ ചൂടു ആൎക്കുതന്നെയറിയുവാൻ കഴിയും?

കോകി—അവിടുന്ന് ഏതൊ അതിയായ ദുഃഖഭരത്തോടുകൂടിയിരിക്കുന്നു എന്നു പറഞ്ഞുകേൾക്കാൻ സംഗതിയായതിൽ വ്യസനിക്കുന്നു. സകലശക്തികളിലും മേലായ ഒരു മഹാവല്ലഭത്വം ഉള്ള അവിടുത്തേക്കു വ്യസനമുണ്ടാകത്തക്കതായിരിക്കുന്ന ആ സംഗതിയും വലിയ ശക്തിയുള്ളതായിത്തന്നെയിരിക്കണം.

പ്രഭു—കേൾക്കു. നരകാനുഭവംപോലെ പരിതപിപ്പിച്ചുകൊണ്ടിരിക്കുന്ന ദുഃഖം ആരോടും പറയാൻ പാടില്ലാതിരിക്കുന്നതിനാൽ അതു താങ്ങാൻ വഹിയാത്ത ഭാരത്തോടുകൂടിയതായി ഭവിച്ചിരിക്കുന്നു. എന്നാൽ അത് എന്റെ പ്രേമസർവ്വസ്വമായ താരാഭായിയെ ഒരിക്കലും അറിയിക്കുവാൻ പാടില്ലാത്തതിലൊന്നാകുന്നു. അന്യമായി വിശ്വാസമുള്ള സ്നേഹിതന്മാരുമില്ല. അതറിയുന്നവർ ആ സംഗതിയെ മരണകാലംവരെ പുറത്തു പറയാത്ത ദൃഢബുദ്ധികളായിരിക്കണം. കൂടാതെ എന്നിൽ ദയയോടുകൂടി എന്നെ സ്നേഹിതനായി അംഗീകരിച്ചുകൊള്ളുകയല്ലാതെ, ദെരുപ്പുണ്ടാകുന്നതാത്തതാകുന്നു. നീ അപ്രകാരമുള്ള ഒരു ആപൽബന്ധുവായിരിക്കുമോ? എനിക്കു യഥാർത്ഥത്തിൽ ഒരു സഹോദരിയായിരിക്കുമോ?

കോകിലം—ആഹാ! അങ്ങനെതന്നെയായിരിക്കാം. എന്റെ യജമാനനെ സഹായിക്കാൻ കൊള്ളാത്ത ഈ ശരീരംകൊണ്ടെന്തു പ്രയോജനം? അവിടുന്നു ഒന്നിനാലും ഭയപ്പെടാതെ മനസ്സിലിരിക്കുന്ന ആ ദുഃഖം എന്താണെന്നു പറയുക. ഞാൻ ദൈവസാക്ഷ്യമായി ആരോടും പറയുകയില്ല എന്നു സത്യം ചെയ്യുന്നു. ആ സംഗതി എങ്ങനെയുള്ളതായിരുന്നാലും അതിനെ ഞാൻ വെറുക്കുകയുമില്ല.

പ്രഭു—അതു എത്രയോ ഭയങ്കരമായ ഒരു സംഗതിയാകുന്നു. ആലോചിക്കാതെ വാഗ്ദാനം ചെയ്യരുത്. അതു പകൽകാലങ്ങളിൽ പറയത്തക്കതല്ല. തീവ്രമായ അന്ധകാരമുള്ള അർദ്ധരാത്രിയാണ് അതു പറയുന്നതിനുള്ള ശരിയായ അവസരം. നീ നിന്റെ ബുദ്ധിയെ ദൃഢപ്പെടുത്തിക്കൊണ്ട് ആ സംഗതിയെ കേട്ടുധരിക്കണം. ഇന്നു രാത്രിയിൽ കൃത്യം പന്ത്രണ്ടുമണിക്കു നഗരത്തിനു വടക്കുള്ള ശ്മശാനഭൂമിയിൽ വരുന്നതായാൽ അവിടെവെച്ച് അതു പറഞ്ഞുകേൾപ്പിക്കാം.

കോകി—എന്റെ മനോധൈര്യം ഇത്രയെന്നു അവിടുത്തേക്കറിഞ്ഞുകൂട. അവിടുന്നു പറഞ്ഞതുപോലെതന്നെ ശ്മശാനത്തിൽ വന്നുകൊള്ളാം. ഇന്ന സ്ഥലമെന്നു ക്ലിപ്തപ്പെടുത്തി പറയുക.

പ്രഭു—ശ്മശാനത്തിലുള്ള കുളത്തിന്റെ വടക്കെക്കരയിൽ നില്ക്കുന്ന പേരാൽമരച്ചുവട്ടിൽ വരിക.

അവർ പറഞ്ഞൊത്തതുപോലെതന്നെ അന്നു രാത്രിയിൽ പേരാൽമരച്ചോട്ടിൽ ചെന്നുചേർന്നു. അവിടെവെച്ച് അയാളും ഭൂതരാജനും തമ്മിലുണ്ടായ നിബന്ധനകളും, ഭൂതത്തിന്റെ അനുമതികൂടാതെതാക്ഷ

ത്തുപ്രവേശം ചെയ്തതിന്ന് ആദ്യത്തെ പുത്രനെ ഭൂതത്തിന്ന കൊടുക്കാമെന്ന ചെയ്ത വാഗ്ദാനവും വിസ്തരിച്ചു പറഞ്ഞുകേൾപ്പിച്ചു.

ഇതു കേട്ടിട്ട് "ആ! അവിടുന്ന് അസാമാന്യമായ ധൈര്യശാലിതന്നെ. മനുഷ്യസാധാരണമായ സാമർത്ഥ്യത്തിന്മേലെ കയറിക്കളഞ്ഞു. ഞാൻ സത്യമായി അവിടത്തെ സ്നേഹിച്ചിരിക്കുന്നു. അവിടത്തേക്കു കഴിയുന്ന ഉത്താശകൾ ചെയ്വാൻ തയ്യാറായുമിരിക്കുന്നു എന്നാൽ സീമന്തപുത്രനെ കൊടുക്കുന്നവിഷയം വളരെ ഭയജനകമായി തോന്നുന്നു" എന്നു കോകിലം പറഞ്ഞു.

---

## അദ്ധ്യായം ൧൨.

കഴിഞ്ഞ അദ്ധ്യായത്തിൽ പറഞ്ഞ സംഭവങ്ങൾ കഴിഞ്ഞു മൂന്നു മാസങ്ങളായിരിക്കുന്നു. ഒരു ദിവസം വൈകുന്നേരം അഴുക്കടഞ്ഞ വസ്ത്രങ്ങൾ ധരിച്ചുകൊണ്ട്, ഏററവും പാവപ്പെട്ടവനായി തോന്നിക്കുന്ന ഒരു ചെറുപ്പക്കാരൻ വിജയപുരം നഗരത്തിൽ വന്നുകൊണ്ടിരുന്നു. അവൻ ഭക്ഷണം കഴിച്ചിട്ടു വളരെ സമയങ്ങളായതുപോലെയും വലുതായ യാത്രാക്ലേശമുള്ളവനെന്നപോലെയും കാണപ്പെട്ടു.

അവന്റെ മുഖം വാടി ക്ഷീണം തട്ടിയ നിലയിലിരുന്നുവെങ്കിലും മുഖശ്രീ കുറഞ്ഞിരുന്നില്ല. അവൻ രാജമന്ദിരത്തിനരികിലുള്ള തോട്ടത്തിലെ വാതൽ തള്ളിത്തുറന്ന് അതിന്നുള്ളിൽ പ്രവേശിച്ചു. ഈ സ്ഥലത്തെത്തുന്നതിനായി ഇവൻ മുപ്പതു മൈൽ ദൂരം നടന്നിരുന്നു. ദൈവസഹായത്താൽ വഴിയോരങ്ങളിലുള്ള തണുത്തജലമല്ലാതെ മറ്റാഹാരവും ലഭിച്ചിരുന്നില്ല. അധികം നാളായി ദിനംപ്രതി ഇരുപതു ഇരുപത്തഞ്ചുമൈൽ സഞ്ചരിച്ചിട്ടുമുണ്ട്. ഒടുവിൽ ഇവിടെ വന്നാൽ ഒരു കുറവും ഇല്ലാത്ത ജീവിതം കഴിച്ചുകൂട്ടാം എന്ന് അവൻ മനസ്സിൽ കരുതിയാണ് ഇത്രയും ബുദ്ധിമുട്ടി വന്നത്. അവന്റെ ഈ യാത്ര തന്റെ ഏകസഹോദരിയായ കോകിലത്തിന്റെ അടുക്കലേക്കാകുന്നു. അവൾ ആ തോട്ടത്തിലുള്ള ഒരു ചെറിയ ഭവനത്തിൽ പാർത്തിരുന്നു. അവൻ അവളെ ആശ്രയിച്ചതു പൂർണ്ണതൃപ്തിയോടുകൂടിയല്ലായിരുന്നു. ദൈവം അവന്റെമേൽ ദയാകടാക്ഷം നല്കിയിരുന്നു എങ്കിൽ മറ്റൊരാളെ ആശ്രയിക്കുവാൻ പുറപ്പെടുകില്ലായിരുന്നു. കൂടാതെ കോകിലം അവന്റെ സഹോദരിയായിരുന്നുവെങ്കിലും അവളുടെ അഹങ്കാരശീലത്തെ അവൻ ഓർത്തിരുന്നാൽ അവന്റെ തല്ക്കാലസ്ഥിതിയിൽ ഗത്യന്തരമില്ലാതെ വന്നുപോകുമെന്നുള്ളതിനാൽ ഈ ആശ്രയത്തിന്നു തയ്യാറായതുമാകുന്നു. അവൻ കീറിയതും അഴുക്കടഞ്ഞതുമായ വസ്ത്രം ധരിച്ചുചെന്നാളു

തന്നെ അവൎക്കു രസമാവുകയില്ലെന്നും അവനറിയാം. താരാഭായിയുടെ തോഴിയാകകൊണ്ടു് അവൾക്കു് ഐശ്വൎയ്യത്തിനു കുറവില്ലായിരുന്നു. താണസ്ഥിതിയിൽ പ്രവേശിക്കുന്ന തന്നെ സഹോദരബുദ്ധ്യാ അവൾ അംഗീകരിക്കുമോ എന്നു് അവൻ ശങ്കിച്ചു. അങ്ങനെ വരികയില്ല. സംശയിക്കേണ്ടതില്ല. കൂടപ്പിറന്ന സഹോദരൻ എന്ന വിചാരം അല്പമെങ്കിലും ഇല്ലാതിരിക്കുമോ? എന്നെ സസന്തോഷം അംഗീകരിച്ചുകൊള്ളും. പ്രിയ, താനുമൊന്നിച്ചു സ്കൂളിൽ പഠിച്ചിരുന്ന ഓൎമ്മ വിട്ടുപോയാലും, എന്നെ സഹായിക്കുവാനുള്ള ശക്തി എന്റെ സഹോദരിക്കില്ലാതിരിക്കയില്ല. ഓ! എന്റെ അമ്മേ! നിന്റെ മരണം എന്നെ അനാഥനാക്കിത്തീൎത്തിരിക്കുന്നു. എന്റെ കൈവശം ഉണ്ടായിരുന്ന അല്പമായ സ്വത്തു മുഴുവൻ ചിലവു നിന്നോടുള്ള കടമയെ ഞാൻ നിറവേറ്റിയിരിക്കുന്നു. ഞാൻ എത്ര താണസ്ഥിതിയിലിരുന്നാലും, നിന്റെ അവസാനകാലത്തിൽ നിനക്കു വേണ്ട ശുശ്രൂഷകൾ ചെയ്തു് എന്റെ കടമയെ നിറവേറ്റുന്നതിനു സംഗതി വരുത്തിയ കൃപാലുവായ ഞാൻ ദൈവത്തെ ഭക്തിപൂൎവ്വം സ്മരിച്ചുകൊള്ളുന്നു. ഇപ്പോൾ എന്റെ ഈ ദുഃഖസ്ഥിതികണ്ടു വ്യസനിക്കുന്നതിനുള്ള നിൎഭാഗ്യം നിനക്കില്ലാതായതു നിന്റെ പൂൎവ്വപുണ്യപരിപാകംകൊണ്ടുതന്നെ. ഞാൻ ഒരിക്കലും മടിയനായി ഇരുന്നിട്ടില്ല. പാഴ്ചെലവുകൾ ചെയ്തിട്ടില്ല. അധൎമ്മകൎമ്മങ്ങളെക്കുറിച്ചു് ഓൎമ്മിക്കപോലുമുണ്ടായിട്ടില്ല. യാതൊരു പ്രാണിയെയും ദ്രോഹിച്ചിട്ടില്ല. ലജ്ജാകരങ്ങളായ പ്രവൃത്തികൾ ഒന്നുംതന്നെ ചെയ്തിട്ടില്ല. അതിനാൽ എന്റെ ഹൃദയം ഈ ദയനീയാവസ്ഥയിലും നിഷ്കളങ്കമായിത്തന്നെയിരിക്കുന്നു.

ഇങ്ങിനെയുള്ള വിചാരങ്ങൾ അവന്റെ മനസ്സിൽ ഉദയം ചെയ്തിരുന്നു. അസ്തമയം കഴിഞ്ഞു. ഇരുട്ടു് എവിടെയും വ്യാപിച്ചിരിക്കുന്നു. തോട്ടത്തിലുള്ള ഒരു ഇരുമ്പുവേലിയെ സമീപിച്ചപ്പോൾ അവിടെ ഒരു വാതൽ കാണപ്പെട്ടു. അതിന്റെ കതകു് അകത്തുനിന്നും അടച്ചിട്ടില്ലായിരുന്നതിനാൽ അവൻ ആ കതകു തള്ളിത്തുറന്നു ഉള്ളിലോട്ടുചെന്നു. ഒരു ദീപം സുമാർ, നൂറുവാരദൂരത്തിൽനിന്നു പ്രകാശിക്കുന്നുണ്ടായിരുന്നു. അതു് ആ തോട്ടം കാവല്ക്കാരന്റെ കൊട്ടിലത്തിലുള്ള വിളക്കായിരിക്കുമെന്നും, അവിടെ ചെന്നു ചോദിച്ചാൽ വസ്തുതകളറിയാമെന്നും അവൻ വിചാരിച്ചു. അടുത്തുചെന്നപ്പോൾ രണ്ടുനിലയുള്ള ഒരു ചെറിയ കെട്ടിടത്തിന്റെ മാളികയിലുള്ള ജനാലവഴി പ്രകാശിച്ച ദീപമായിരുന്നു അതു് എന്നവനു മനസ്സിലായി. കോണിപ്പടികയറി അവൻ മേൽതട്ടിലെത്തി. അതിൽ കടക്കുവാൻ അവന്റെ വേഷം അവനെ അധീരനാക്കിത്തീൎത്തിരുന്നു. കോകിലത്തിന്റെ സഹോദരൻ എന്നു പറയുന്നതു് അവളുടെ ഗൌരവസ്ഥിതിക്കു ഹാനികരമായി വല്ലവരും വ്യാഖ്യാനിച്ചെങ്കിലോ എന്നു് അവൻ ഭയന്നു. എങ്കി

ലും ആ ഇരുട്ടിൽ അവൻ ഒരുവിധം മനസ്സുറപ്പിച്ചാണു പടികെട്ടുകൾ കയറി മുകളിലെത്തിയതു്. അവിടെയുള്ള ഒരു മുറിയുടെ അടയ്ക്കപ്പെട്ടിരുന്ന വാതുക്കൽ ചെന്നുനിന്നു. അവൻ ആ കതകിൽ തട്ടി വിളിക്കുവാൻ ആരംഭിച്ചപ്പോൾ അതിനുള്ളിൽ ആരോ സംസാരിക്കുന്നശബ്ദം അവന്റെ ചെവികളിൽ പതിച്ചു. അവൻ പെട്ടെന്നു ഞെട്ടിമരവിച്ചു സ്തബ്ധനായി ആ നിലയിൽതന്നെ അല്പനേരം നിന്നുപോയി. അല്പം കഴിഞ്ഞു് അവനു പൂർണ്ണമായ ബോധമുണ്ടായസമയം താഴെവിവരിക്കുന്ന സംഭാഷണം കേൾക്കാനിടയായി.

പ്രഭു—കോകിലം! നീ ഇപ്പോൾ എന്നെ എന്തുചെയ്വാൻ പറയുന്നു.

കോകിലം—എനിക്കു മനോഭംഗം സംഭവിക്കാത്ത സ്ഥിതിയിൽ ആയിരിക്കണം. നാം തമ്മിൽ സ്നേഹിക്കുന്നതു നന്നായിരിക്കുകയില്ലെന്നു ഞാൻ മുമ്പുതന്നെ പറഞ്ഞിട്ടുള്ളതു് ഓർക്കുന്നുണ്ടോ?

പ്രഭു—അതുവാസ്തവംതന്നെ. നാം പരസ്പരം സഹോദരന്മാരെപ്പോലെ വർത്തിച്ചിരുന്നു. പിന്നീട് ദുർഭാഗ്യംകൊണ്ടു ബുദ്ധിപിഴച്ചുപോയിരിക്കുന്നു. കുറ്റം മുഴുവനും എന്റെ മേലല്ല എന്നുള്ളതുനിനക്കു നല്ലതിൻവണ്ണമറിയാം. ഞാൻ നിന്നെയും കുറ്റക്കാരിയാക്കുന്നില്ല. നടന്നതു നടന്നതുതന്നെ. ഇനി അനുതപിച്ചാലും ഫലിക്കുകയില്ല. ഇപ്പോൾ നിന്റെയുള്ളിൽ എന്തെങ്കിലും ഒരാലോചനയുണ്ടായിരിക്കാം. അതു എന്തെന്നു പറഞ്ഞാൽ സാധിച്ചുതരുവാൻ ഞാൻ തയ്യാറാകുന്നു. രണ്ടുമാസംകൂടി കഴിഞ്ഞാൽ നിന്റെ സഹായം എനിക്കു അത്യാവശ്യമായിട്ടുണ്ടാകും.

കോകി— അതെ, ഇനി രണ്ടുമാസക്കാലമേയുള്ളു. രണ്ടും ഒരേ അവസരത്തിലായാൽ.......................നമ്മുടെ മനോഗതം സാധിക്കുമെന്നുള്ളതിൽ സംശയമേ ഇല്ല.

പ്രഭു—അതുവരെ നീ ശ്രദ്ധയോടുകൂടിയിരിക്കണം. അതിനുശേഷം ഞാൻ മുമ്പു പറഞ്ഞ കരാറിൻപടിയുള്ള തുക ഒപ്പിച്ചുതരുന്നതാണു്............

ഇത്രയും പറഞ്ഞവസാനിക്കുന്നതിനു മുമ്പായി ആ വാതൽ ഉഗ്രകോപത്തോടുകൂടി തള്ളിത്തുറക്കപ്പെടുകയും, വെളിയിൽ നിന്നിരുന്ന ചെറുപ്പക്കാരൻ ഉജ്ജ്വലമായ കോപാവേശത്തോടുകൂടിയവനായിട്ടു് അവരുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. പ്രഭുവിന്റെയും സഹോദരിയുടെയും സംഭാഷണശബ്ദമെന്നറിഞ്ഞ നിമിഷമാണു് അവനു ഭയവും സന്ത്രാസവുമുണ്ടായതു്. പിന്നീടു് ആ സംഭാഷണം ഒളിഞ്ഞുനിന്നു കേട്ടതിൽ അതു വ്യഭിചാരവും ചതിയും എന്നു മനസ്സിലായി. ധർമ്മനിഷ്ഠനായ അവന്റെ ഹൃദയത്തിൽ അപ്പോഴുണ്ടായ വികാരം എന്തായിരുന്നു എന്നു് ആർക്കും നിർണ്ണയിക്കാൻ കഴിയുന്നതല്ല.

അവന്റെ പേർ ദേവദത്തൻ എന്നായിരുന്നു. അവന്റെ ഹൃദയം എന്നും നിൎമ്മലമായിരുന്നു. സത്യവും നീതിയും വിട്ടു യാതൊന്നും പ്രവൎത്തിക്കുകയില്ലെന്നു സിദ്ധാന്തമുള്ളവനുമായിരുന്നു. നീതിന്യായങ്ങളേയും ധൎമ്മാധൎമ്മങ്ങളേയും ബലികഴിച്ച് ഇച്ഛാനുസാരമായി പ്രവൎത്തിക്കുന്നവരെ കാണുകകൂടി അവനു ദുസ്സഹമായിരുന്നു. അത്ര പരമയോഗ്യനായ അവനു തന്റെ സഹോദരി നില വിട്ടു നടക്കുന്നവളാണെന്നു തോന്നിയപ്പോൾ സഹിക്കവഹിയാത്ത മനസ്താപമുണ്ടായി. "നാം ദാരിദ്ര്യസ്ഥിതിയിലിരുന്നാലും നീ നിലവിട്ടു നടക്കുകയില്ല. കുറച്ചുകാലമായിട്ടു ചിത്രമെഴുത്ത് ആദായകരമായി തീൎന്നിരുന്നില്ല. തന്നിമിത്തം കാലക്ഷേപമാൎഗ്ഗം കുഴങ്ങി വരികയായി. ആ കഠിനമായ ജീവിതക്ലേശത്തെ നല്കി. എന്നാൽ, തന്റെ സഹോദരി ഒരു പ്രഭ്വിയുടെ ഇഷ്ടതോഴിയാകയാൽ അവളുടെ നടത്തഗൗരവത്വവും മാന്യതയും ഉന്നതസ്ഥിതിയുള്ളതും ആയിരിക്കുമെന്നും തൽഫലം അവളോടുകൂടി കുറച്ചുകാലം പാൎക്കയും അവളുടെ സഹായസാധനങ്ങൾ കൊണ്ടു ആശ്വാസത്തോടെ ജീവിതരീതിയെ കണ്ടുപിടിക്കയും ചെയ്യാമെന്നും വിചാരിച്ചാണ് ഏറ്റവും ശ്രമസാദ്ധ്യമായ ഈ പ്രയാണത്തിനു ഞാൻ ഒരുങ്ങിയത്. ഇപ്പോൾ എന്തു വിപരീതസ്ഥിതി സംഭവിച്ചിരിക്കുന്നു" എന്ന് അവൻ വിചാരിച്ച് അതിരില്ലാത്ത വ്യസനത്തിൽ മുങ്ങിപ്പോയി! നമ്മുടെ സഹോദരി ഒരു ഏഴയായ കന്യകതന്നെയല്ലോ എന്ന് ഈ പ്രഭു വിചാരിച്ചുകളഞ്ഞു. അവളുടെ ചാരിത്രശുദ്ധിയെ അയാൾ വിലവച്ചതേയില്ല എന്നുള്ള സംഗതി അവനിൽ അത്യധികം കോപാവേശത്തെ ഉദ്ദീപിപ്പിച്ചു. ഉടൻതന്നെ മറന്നു കതകു തള്ളിത്തുറന്ന് അവരുടെ മുമ്പിൽ പ്രവേശിച്ചു.

അവനെ കണ്ടഉടൻ അയ്യോ! ജ്യേഷ്ഠൻ എന്ന് അലറി സോഫയിൽ നിന്നും അവൾ ഭയന്നു ഞെട്ടി തറയിൽ മറിഞ്ഞുവീണു. "ആ ദേവദത്തനോ! എന്ന് ഒരു ചെറിയ സന്ത്രാസത്തോടുകൂടി പ്രഭു അവിടെ ഇരുന്ന ഇരിപ്പിൽ തന്നെ ഇരുന്നു. ആ സമയം അവർ മൂന്നുപേരുടെയും മനഃസ്ഥിതി എന്തായിരുന്നു എന്നു പറയേണ്ടതില്ല.

അധികനാളായി ഉണ്ടായിക്കൊണ്ടിരുന്ന ആഹാരക്കുറവും, യാത്രാക്ലേശവും, സഹോദരിയുടെ നടത്തയ്ക്കു തൽക്കാലം കണ്ടതായ ഹീനസ്ഥിതിയും അയാളിൽ ദുൎദ്ധൎഷമായ താപഭാരത്തെയുണ്ടാക്കി. തന്റെ ദേഹത്തെപ്പോലും താങ്ങിക്കൊള്ളുവാൻ അശക്തനായിട്ട് അവൻ സമീപത്തു കിടന്നിരുന്ന ഒരു കസേരയിൽ ഇരുന്നു. കുറേനേരത്തേക്ക് മൂന്നുപേരും മൌനഭജനം തന്നെ ചെയ്തു. പിന്നീട് അശ്രുജലംകൊണ്ടു നിറഞ്ഞ കണ്ണുകളോടുകൂടി ദേവദത്തൻ സഹോദരിയെ നോക്കി.

"ഹാ! എന്റെ സഹോദരീ! എത്ര ദുസ്സഹദുഃഖത്തിലും ജീവൻ വിട്ടുപിരിയാതെ ഈ ശരീരക്കൂട്ടിൽ അടങ്ങിയിരിക്കുന്നതു നിന്റെ അധ

ൎമ്മകൎമ്മവാസന കൂടി അറിഞ്ഞു നാം കഷ്ടാനുഭൂതിക്കായിരിക്കാം. നമ്മുടെ സഹോദരി വലിയ കുബേരനായ പ്രഭുഗൃഹത്തിൽ താമസിക്കുന്നു. അവിടെ ചെന്നാൽ നമ്മുടെ സ്ഥിതിക്കു കുറവൊന്നും വരികയില്ല, എന്നുള്ള വിശ്വാസത്താലാണ് ഞാൻ ഈ യാത്ര ആരംഭിച്ചതു്. അതിന്റെ പരിണാമം ഇങ്ങനെയാണോ? ഹാ! ദൈവമേ! സംഗതികൾ എത്ര വേഗം മാറിപ്പോയിരിക്കുന്നു. നീ ഒരു വലിയ ജമീന്ദാരുടെ ഗൃഹത്തിൽ പാൎക്കുന്നതിനാൽ നിന്റെ സ്ഥിതിക്കു തെറ്റു വരികയില്ല. നിന്നെ അവർ വേണ്ടപോലെ സംരക്ഷിച്ചുകൊള്ളും. യാതൊരാപത്തും ശങ്കനീയമല്ല, എന്നു ഞാൻ വിശ്വസിച്ചു സമാധാനത്തിൽ വൎത്തിച്ചിരുന്നു. ഇപ്പോൾ അതു "വേലിതന്നെ വിളവുതിന്നുന്ന" മാതിരിയിൽ കലാശിച്ചിരിക്കുന്നു.

നമ്മുടെ മാതാവു് മരിച്ചുപോയിട്ടു് ഇപ്പോൾ മൂന്നുമാസങ്ങൾ കഴിഞ്ഞിരിക്കുന്നു. ആ പരിശുദ്ധശരീരിണി ഇങ്ങനെ ഹീനവാൎത്ത കേൾക്കാതെ തന്നെ കാലധൎമ്മത്തെ പ്രാപിച്ചുകഴിഞ്ഞു. ഞാൻ മാത്രം ആ ദൌൎഭാഗ്യം അനുഭവിക്കാൻ ജീവിച്ചിരിക്കുന്നു.

കോകിലം — ജ്യേഷ്ഠ! എന്റെ അപരാധത്തെ ക്ഷമിക്കുക. എന്റെ കാലദോഷത്താൽ ബുദ്ധി തെറ്റിപ്പോയിരിക്കുന്നു, ഇപ്പോൾ എന്റെ ഹൃദയം

ദേവദത്തൻ — നീ എഴുനേല്ക്കുക. എനിക്കിനി നിന്റെ അടുക്കൽ ഒരു ബന്ധവുമില്ല (പ്രഭുവിനോടു) പ്രഭോ! നിങ്ങൾക്കു് അന്തസ്സ് എന്നുള്ളതേയില്ല. പ്രഭുപദവി ലഭിച്ചിട്ടുണ്ടെങ്കിലും മനസ്സിനു് ആ പദവിയുണ്ടായിട്ടില്ല. മാന്യകുടുംബത്തിൽപെട്ട ഒരു കന്യകയുടെ ജീവനെക്കാൾ വിലയുള്ള ചാരിത്രശുദ്ധി എന്ന രത്നത്തെ നിങ്ങൾ അപഹരിച്ചുകളഞ്ഞു. ഇനി നിങ്ങൾക്കും എനിക്കുമാണു വ്യവഹാരമുള്ളതു്.

പ്രഭു — (ശാന്തസ്വരത്തിൽ) ബാല്യസ്നേഹിത! നീ പരിഭ്രമിക്കാതെ. ദയചെയ്തു ഞാൻ പറയുന്നതിനെ കേൾക്കുക. ദൈവസങ്കല്പം എന്താണോ അതു നടക്കും. അതിനെ തടുക്കുവാൻ ആൎക്കും കഴികയില്ല. ഉച്ചനീചത്വങ്ങളും ഭാഗ്യദാരിദ്ര്യങ്ങളും എല്ലാം ദൈവശക്തിയാൽ സംഭവിക്കുന്നതാകുന്നു. ദൈവകാരുണ്യം കൂടാതെ സ്ത്രീകൾക്കു ചാരിത്രശുദ്ധിയോ ലോകത്തിനു് ഐശ്വൎയ്യലാഭമോ ഉണ്ടാകുന്നില്ല. ഇവ രണ്ടും സാധിച്ചുകളയാമെന്നു് ആരു വിചാരിച്ചുവോ അവരെ മൂഢന്മാർ എന്നു പറയേണ്ടിവരും. ചെറുപ്പബുദ്ധികൊണ്ടു നിനക്കു് അല്പം അവിവേകം തോന്നുന്നുണ്ടു്. അതു ലോകചരിത്രത്തെ സൂക്ഷ്മമായി പരിശോധിക്കായ്കയാൽ ഉണ്ടാകുന്നതാകുന്നു. നടക്കേണ്ട കാൎയ്യങ്ങൾ എങ്ങനെയും നടന്നുതന്നെ തീരണം. അതിനെ തടുക്കുക മനുഷ്യശക്തിക്കധീനമല്ല. അതിനാൽ കഴിഞ്ഞ കാൎയ്യത്തെക്കുറിച്ചു വായാടുന്നതിൽ

പ്രയോജനമില്ല. ഇനി നടക്കേണ്ടതും നടത്തേണ്ടതും എന്താണെന്നു പറയുക. അതിനെ സാധിച്ചുതരുവാൻ ഞാൻ തയ്യാറുണ്ടു്.

ദേവദത്തൻ--പ്രഭോ! ഒരു കന്യക ഉപേക്ഷിച്ചുകളഞ്ഞ പാതിവ്രത്യം എന്ന ആഭരണത്തിനു നിങ്ങൾ ഒരു വില നിശ്ചയിച്ചതു ആവൈചിത്ര്യം തന്നെ. കുറെ പണം കൊണ്ടു അതു സമ്പാദിക്കാൻ കഴിയുമോ എന്നു ആലോചിച്ചുനോക്കുക. നിങ്ങളുടെ ധനം മുഴുവൻ കൊടുത്താലും ഒരു ചാരിത്ര്യശുദ്ധിക്കു സമമാകുകയില്ല. ഞാൻ ഒരു ദരിദ്രൻ, കീറിയമുണ്ടും വാടിയദേഹവുമുള്ളവൻ. ഇവനു് അല്പധനം തന്നു് ഇതിനെ ശരിപ്പെടുത്തിക്കളയാമെന്നു വിചാരിച്ചതു സാഹസമാകുന്നു. നിങ്ങളുടെ ഐശ്വര്യം മുഴുവൻ തന്നാലും എന്റെ മനസ്സിൽ തിങ്ങിയ ആത്മസന്തോഷം മടങ്ങിക്കിട്ടുകയില്ല. നാം ഒരു പ്രഭുവും ധനസ്ഥിതിയുമുള്ളവൻ. ഇവൾ ഒരു ദരിദ്രനായ കന്യക. ഇവളുടെ ചാരിത്ര്യം എന്തു വിലയുള്ളതു്, എന്നു നിങ്ങൾ നിസ്സാരമായി വിചാരിച്ചുകളഞ്ഞു. വേണ്ടിവന്നാൽ കുറെ പണം കൊടുത്തു കാര്യം കണ്ടുകൊള്ളുകയും ചെയ്യാം, എന്നുള്ള ബുദ്ധി നീചമാകുന്നു. നാം രണ്ടുപേരും പുരുഷന്മാർ. നിങ്ങൾ എന്റെ കുടുംബത്തിനു് അപയശസ്സുണ്ടാക്കിവെച്ചു. ഇപ്പോൾ ഞാൻ ചോദിക്കുന്നതിനുത്തരം പറയണം.

പ്ര:--(ധൈര്യത്തോടെ) ആഹാ! അങ്ങിനെ തന്നെ. നിന്റെ നിബന്ധനകൾ എന്തെല്ലാം, കേൾക്കട്ടെ.

ദേവദത്തൻ—പറയാനൊന്നുമില്ല. എനിക്കു ദാഹശമനത്തിനു കുറെ ജലവും ഒരു ഖഡ്ഗവും തരണം. നിങ്ങളും ഒന്നെടുത്തുകൊള്ളുക. വിജനസ്ഥലത്തു ചെന്നു നീതിക്കായി യുദ്ധം ചെയ്യണം. ആരുടെ പക്കൽ അനീതിയും അധർമ്മവുമില്ലയോ അവർക്കു ഈശ്വരസഹായവുമുണ്ടാകും.

പ്രഭു—എന്താ! ഇത്ര വലിയ ബഹളത്തിനുള്ള ഒരുക്കം? നീ ഇപ്പോൾ അധികം ആയാസവും ക്ഷീണബലവുമുള്ളവനായിരിക്കുന്നു. എന്നെ കൊലപാതകൻ എന്നു പറയിക്കുവാൻ ശ്രമിക്കുകയാണു്.

ദേവദത്ത--എപ്പോഴും ജയം ബലവാനേ ഉണ്ടാകുകയുള്ളു എന്നു വിചാരിക്കരുതു്. നിങ്ങൾ വാഗ്ദാനത്തിൽനിന്നു ഒഴിയുവാൻ വിചാരിക്കുന്നതെന്തു്?

പ്രഭു--ഇല്ലയില്ല ഞാൻ വാക്കുമാറിപ്പറഞ്ഞില്ല. നീ പറയുന്നവണ്ണം തന്നെ നമുക്കു രണ്ടുപേർക്കും ഖഡ്ഗയുദ്ധം ചെയ്യാം. ഞാൻ മരിക്കുന്നപക്ഷം നിന്റെ സഹോദരിയുടെ സ്ഥിതി എന്തായിരിക്കും. അതുകൂടി പറയുക.

ദേവ--അതേ! അതേ! അതു ഞാൻ ഓർത്തില്ല. നിങ്ങൾ നല്ല സമയത്തു് ഓർമ്മിപ്പിച്ചു ശരി! അവൾ നിങ്ങളുടെ സ്ഥിതിയിൽ ആശയും സ്നേഹവും വശ്യതയാൽ അധീനയായിത്തീർന്നു. ഇനി അതിനനു

സാരജ്ഞമായി അവളുടെ സ്ഥിതിയെ പാലിക്കാൻ ശ്രമിക്കുന്നതുതന്നെയാണ് ഉത്തമധർമ്മം. അവർക്കു മരണപര്യന്തം നല്ല സ്ഥിതിയിൽ ജീവിക്കുവാൻതക്ക ധനം എഴുതിക്കൊടുക്കുക.

അതുകേട്ടു കോകിലത്തിന്റെ അപേക്ഷ അനുമതിന്നായി ത്രപയുടെ സ്വത്തു പ്രഭു എഴുതിക്കൊടുത്തു. ആ അവസരത്തിൽ അവൾ തറയിൽനിന്നും എഴുന്നേറ്റു വ്യസനത്തോടുകൂടി, സഹോദരാ! ഇപ്പോൾ എന്തിനായിട്ട് ഉദ്യമിക്കുന്നു എന്നു ചോദിച്ചു.

ദേവ—സഹോദരി—നീ ഇതിൽ തടസ്ഥം മാത്രം പറയുന്നു. നീനിമിത്തം നമ്മുടെ കുടുംബം അപകീർത്തമായി ഭവിച്ചു. ഈ അവമാനം ഞങ്ങൾ രണ്ടാളുകളുടെയും രക്തധാരകൊണ്ടു കഴുകിക്കളഞ്ഞല്ലാതെ പോകുകയില്ല. അവസാനം എങ്ങനെയും ആകട്ടെ, ഇതുതന്നെയാണ് നാം തമ്മിലുള്ള അവസാനകാഴ്ച.

കോകിലത്തിനു പ്രഭുവിന്റെ അമാനുഷികശക്തികളെക്കുറിച്ചു നല്ല അറിവുള്ളതിനാൽ സഹോദരന്റെ നിർബന്ധബുദ്ധിയുടെ അപായതിലകണ്ടു ഏറ്റവും ഭയന്നു. ജ്യേഷ്ഠ! ഞാൻ പറയുന്നതുകൂടി കേൾക്കുക. ആലോചനയാതെ അർബ്ബുദത്തിൽ ചാടുകയാണ്. നീ ശണ്ഠയ്ക്കൊരുങ്ങുന്ന ആളിന്റെ അപാരശക്തിയും സാമർത്ഥ്യവും നിനക്കറിവില്ല എന്നു പറഞ്ഞു. അതുകേട്ടു പ്രഭു അവളോടു നീ തടുത്തു പറയുന്നതു നിഷ്പ്രയോജനമാണ്. ഏതായാലും അവൻ മർക്കടമുഷ്ടി പിടിക്കുന്നു.

കോകി—(പ്രഭുവിനോട്) അങ്ങനെയിരുന്നാലും ഈ അവസരത്തിൽ അയാളുടെ അവിവേകത്തെ ക്ഷമിക്കണം. ഏതുവിധത്തിലായാലും അവിടുന്നു അയാളെ കൊല്ലുകയില്ലെന്നു വാഗ്ദാനം ചെയ്യണം.

പ്രഭു—അതെ അങ്ങനെ യുദ്ധത്തിൽ ഒഴികെ വരാം.

കോകി—എന്തിരെയും അവിടുന്നു അയാളെ കൊല്ലരുതു.

പ്രഭു—നീ ധൈര്യമായിരിക്ക. ഞാൻ അവനെ കൊല്ലുകില്ല. മൂഢബുദ്ധിയാൽ വ്യാമോഹിതനായ അവന്റെ ചിത്തവിക്ഷേപത്തെ അടക്കി അവനു കാര്യബോധം വരുത്തി വയ്ക്കേണ്ടതു അത്യാവശ്യമായിരിക്കുന്നു.

ഇങ്ങനെ പറഞ്ഞു അവർ രണ്ടുപേരും ആ മാളികവിട്ടു ഇറങ്ങിപ്പോയി. അനന്തരം കോകിലം തന്നെത്താൻ ഓരോന്നു പറഞ്ഞു ദുഃഖിച്ചു. അമ്മ മരിച്ചുകഴിഞ്ഞു. അതു ദുസ്സഹദുഃഖംതന്നെ. ഇപ്പോൾ സഹോദരനും അക്ഷമനായി അജയ്യനായ പ്രഭുവിനോടു നേരിടുന്നു. അദ്ദേഹം വാഗ്ദാനം മറക്കാതിരുന്നാൽ അവന്റെ ജീവനെ മടക്കിത്തരും. ഇല്ലെങ്കിൽ അവന്റെ കഥകഴിക്കും എന്നിങ്ങനെ ഓരോന്നു വിചാരിച്ചുകൊണ്ടിരുന്നതിനാൽ സമയംപോയതറിഞ്ഞില്ല. ആരോ കോണികയറുന്ന ശബ്ദംകേട്ടു അവൾ വിളക്കുമായി വ്രാന്തയിലിറങ്ങി ആശയോടെ നോക്കി, പ്രഭു മാത്രം വരുന്നതു കണ്ടു.

കോകി—ജ്യേഷ്ഠനെ വിട്ടുകളഞ്ഞോ?

പ്രഭു—അതേ നിനക്കായി വിട്ടിരിക്കുന്നു. ഇനി ഒരിക്കലും നമുക്കായി ഒരു വൈപരീത്യവും ചെയ്യുകയില്ലെന്നു വാഗ്ദാനവും വാങ്ങിയിട്ടുണ്ടു്.

കോകി—നമസ്കാരം. ഞാൻ നന്നേ ഭയന്നു. കോപമുണ്ടാകുമ്പോൾ മറന്നുകളയുമോ എന്നു ശങ്കിച്ചു.

പ്രഭു—അതു ഞാൻ മറക്കുമോ. നിന്നെ മറക്കാൻ കഴിയുമെങ്കിൽ നിന്നോടു പറഞ്ഞ വാക്കും മറക്കാൻകഴിയും

കോകി—ജ്യേഷ്ഠൻ വാക്കുപറഞ്ഞാൽ മറുകയില്ല.

പ്രഭു—പാവം ജാള്യതമൂലം അന്നറിയാതെ കോപിച്ചുവെന്നേയുള്ളു. അതിമാനികൾക്കു ഇതുതന്നെ അനുഭവം. അവർ വലിയ കോപികളായേ ഇരിക്കയുള്ളു. ഒരു മനുഷ്യനു എത്ര ഉയർച്ചയിലും മാനവും അവമാനവും രണ്ടും ഇല്ലാതിരിക്കയില്ല. വലിയ പ്രഭുക്കന്മാരുടെയും ചക്രവർത്തികളുടെയും സാധാരണക്കാരുടെയും ചരിത്രങ്ങൾ സൂക്ഷ്മശോധന ചെയ്താൽ ഇവ രണ്ടും കാണ്മാനുണ്ടാവും. നീ അകത്തേക്കു പോവുക. താരാഭായി തനിയേ ഇരിക്കുന്നുണ്ടാവും. നാളെ വൈകുന്നേരം നമുക്കു വീണ്ടും സന്ധിക്കാം. അപ്പോൾ ബാക്കി കാര്യങ്ങൾ പറയുകയും ചെയ്യാം.

അതുകേട്ടു സന്തോഷത്തോടുകൂടി കോകിലം വിജയമന്ദിരത്തിലേക്കു പോയി. അല്പനേരം കഴിഞ്ഞു പ്രഭുവും പോയി. അതിൽപിന്നെ ഒരു വാരം കഴിഞ്ഞു പ്രഭുവും കോകിലവും തമ്മിൽ സന്ധിച്ചു.

പ്രഭു:—കോകിലം! ഇതേവരെയും നമ്മുടെ ഉദ്ദേശം ക്രമപ്രവൃദ്ധമായി നിറവേറിക്കൊണ്ടിരുന്നു. താരാഭായിയെ ഇളയ ചക്രവർത്തിയുടെ രാജമന്ദിരത്തിൽ കൊണ്ടാക്കികഴിഞ്ഞു. രണ്ടു വൈദ്യന്മാരെയും നമുക്കു അനുകൂലമായി ഏർപ്പെടുത്തിയിട്ടുണ്ടു്. രണ്ടു പ്രസവവും ഏറെക്കുറെ ഒരേ സമയം തന്നെ ആകുമെന്നാശിക്കുന്നു.

കോകി:—നാം വളരെനേരം ഇവിടെ ഇരിക്കാവുന്നതല്ല. അതിരാവിലെ താരാഭായിയുടെ വസ്ത്രങ്ങളും മറ്റും പെട്ടിയിലാക്കി പത്മാവതിയുടെ കൊട്ടാരത്തിൽ കൊണ്ടുപോയി കൊടുക്കേണ്ടിയിരിക്കുന്നു.

പ്രഭു:—ഞാൻ ഒന്നുകൂടി പറയുന്നു. എന്റെ അഭിപ്രായങ്ങളെല്ലാം ഓർമ്മയായി മനസ്സിൽ വച്ചുകൊള്ളണം. ഇപ്പോൾ ജനിക്കാൻ പോകുന്ന ശിശുക്കളുടെ സംഗതിയിൽ ഞാൻവിചാരിക്കുന്ന ഉദ്ദേശപ്രകാരം തന്നെ സകലതും നടക്കുന്നതായാൽ നിന്നെക്കൊണ്ടുണ്ടാകുവാനുള്ള സഹായം ഇന്നതെന്നു ഞാൻ വ്യക്തപ്പെടുത്തേണമെന്നില്ലല്ലോ.

കോകി:—ആ വിഷയത്തിൽ അവിടുന്നു സന്ദേഹിക്കേണ്ടതില്ല. തൊട്ടിലറയെ കാക്കുന്ന പട്ടാളം സെൻട്രിയുടെ കാര്യത്തിൽ വല്ല വ്യവസ്ഥയും ചെയ്തിട്ടുണ്ടോ?

പ്രഭു:—ആഹാ! അതു് എപ്പോഴെ കഴിഞ്ഞിരിക്കുന്നു. വിശേഷവിധിയായി അവന്റെ സഹായമൊന്നും നമുക്കാവശ്യമില്ല നമ്മെ അവനു കാണ്മാനും കഴികയില്ല.

അതിന്റെ എട്ടാംദിവസം പ്രതാപവീരന്റെ സൌധത്തിൽ ഒരു വിശേഷസംഭവം നടക്കുന്നു എന്നു തോന്നുമാറു പലരും ഓരോ സംഗതികൾക്കായി അങ്ങുമിങ്ങും ഓടിനടക്കുന്നു. ഏകദേശം വൈകുന്നേരം അഞ്ചുമണി കഴിഞ്ഞിരിക്കുന്നു. താരാഭായിക്കും പത്മാവതിക്കും പ്രസവവേദന ഒരേ കാലത്തിൽ തുടങ്ങിയിരിക്കുന്നു. താരാഭായിയുടെ പ്രസവസംരക്ഷണത്തിനായി വൈദ്യൻ മല്ലിനാഥനും പത്മാവതിയുടെ പ്രസവരക്ഷയ്ക്കായി വൈദ്യൻ രഘുനാഥഭട്ടനും നിയമിക്കപ്പെട്ടിരുന്നു. പ്രതാപവീരൻ ജനിച്ച അറയാണു് ഇവരുടെ പ്രസവത്തിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതു്. മോഹിനി തന്റെ യജമാനത്തിയായ താരാഭായിയുടെ അടുക്കലിരുന്നു വേണ്ട ശുശ്രൂഷകൾ ചെയ്തുകൊണ്ടിരിക്കുന്നു. പേറുമുറിയുടെ മുൻവശത്തുള്ള ഹാളിൽ പ്രതാപവീരനും വിജയപുരം ജമീൻദാരായ വീരസിംഹനും പ്രധാന ഉദ്യോഗസ്ഥന്മാരും കാവൽക്കാരും എല്ലാം ശ്രദ്ധയോടുകൂടി ഇരുന്നിരുന്നു. പത്മാവതിയുടെ ശുശ്രൂഷയ്ക്കായി വൃദ്ധയായ ഒരു വയറാട്ടിയെ നിയോഗിച്ചിരുന്നു. അവളും മുൻപറഞ്ഞ രണ്ടു വൈദ്യന്മാരും വീരസിംഹൻപ്രഭുവിന്റെ പക്കൽനിന്നും ഓരോ വലിയ കൈമടക്കുകൾ മേടിച്ചു പ്രഭുവിന്റെ മനോഗതസിദ്ധിക്കായി തയ്യാറായിരിക്കയായിരുന്നു.

പ്രതാപവീരൻ വീരസിംഹന്റെ കൈയുംപിടിച്ചു സംസാരിച്ചുകൊണ്ടിരുന്നതിനിടയിൽ "എന്റെ പ്രാണസ്നേഹിതാ! നമുക്കു രണ്ടുപേർക്കും ഒരേ സമയം മനോവേദനയുണ്ടാക്കുന്ന ഒരു സങ്കടകരമായ ഘട്ടമാകുന്നു. ആ! ദൈവസങ്കല്പം..........! എന്താ! നിങ്ങളുടെ ശരീരം ഇങ്ങനെ വിറയ്ക്കുന്നതു? എന്താ അസൌഖ്യം?"

പ്രഭു:—ഇല്ലയില്ല. എന്തോ തലമണ്ടയ്ക്കു് ഒരു ഭാരംപോലിരിക്കുന്നു. അത്രയുള്ളൂ. അതുവിട്ടുപോയി ഇപ്പോൾ ഒന്നുമില്ല. താങ്കൾ എന്താ പറയാൻ ആരംഭിച്ചു. അതിന്നുള്ളിൽ........,

പ്രതാപവീരൻ:—നമ്മേപ്പോലുള്ള രണ്ടു സ്നേഹിതന്മാരുടെ പത്നിമാർക്കു് ഏകകാലത്തിൽ പ്രസവിക്കുവാനിടയായതു് എത്ര ആശ്ചര്യജനകമായിരിക്കുന്നു. ഇതു ദൈവസങ്കല്പത്താൽ സംഭവിച്ചതാണു്. ഒരാൾക്കു പുത്രനും ഒരാൾക്കു പുത്രിയുമായി ജനിച്ചാൽ ആ രണ്ടു ശിശുക്കളും കാലം വരുമ്പോൾ തമ്മിൽ വിവാഹം ചെയ്യപ്പെട്ടുപോകും എന്നുള്ളതിനു് ഇതു് ഒരു നല്ല ലക്ഷ്യമാകുന്നു.

പ്രഭു:—(പുഞ്ചിരിയോടെ) അപ്പോൾ താങ്കളുടെ ഹിതം നിറവേറുന്നതായിരിക്കും. ഹോ! അതെന്തു? ഹസ്തതാഡനമല്ലേ. അതെവിടെനിന്നു പുറപ്പെടുന്നു?

പ്രതാപവീരൻ.—ആ ശിശുക്കളുടെ സംരക്ഷണത്തിനായി വന്നുചേർന്ന കാവൽഭടന്മാരെ അനുമോദിക്കുന്ന ധ്വനിയാകുന്നു.

പ്രഭു:—അവർ രണ്ടുപേരുണ്ടോ?

പ്രതാപവീ:—അതേ രണ്ടുപേർ. (ഡബിൾസെൻട്രി) ഞാൻ ജനിച്ച അവസരത്തിൽ വയറാട്ടിയും കാവൽഭടനും വൈദ്യനുമായി ചെയ്ത ശിശുവിനിമയക്കേസ് മറന്നുപോയോ? ഇപ്പോൾ അങ്ങനെ വരാതിരിക്കാനും അനുവാദംകൂടാതെ ആരെയും അകത്തും പുറത്തും വിടാതിരിക്കുന്നതിനും വിശ്വസ്തന്മാരായ ഡബിൾസെൻട്രിയെ നിശ്ചയിച്ചിരിക്കുന്നു.

പ്രഭു:—ഇല്ലയില്ല. ഞാൻ ആ സംഗതി മറന്നിട്ടില്ല. അങ്ങനെയുള്ള അബദ്ധങ്ങൾ പിണയാതിരിക്കുവാൻ വേണ്ടശ്രദ്ധകൾ ചെയ്തിരിക്കുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു.

പ്രതാപവീ:—അതേ അതേ. വേണ്ടശ്രദ്ധ ചെയ്തിട്ടുണ്ട്. വൈദ്യൻ മല്ലിനാഥൻ പൂർണ്ണവിശ്വാസത്തിന്നർഹനാണ്. അയാളെ എന്റെ പിതാവിനെപ്പോലെ വിശ്വസിച്ചിരിക്കുന്നു. വയറാട്ടി വളരെ സത്യമുള്ളവളും ഈ രാജകുടുംബത്തോടു ഭക്തയുമാണ്.

പ്രഭു:—ആഹാ! അവർ ഏറ്റവും യോഗ്യതയുള്ളവർ! (എന്ന് ഉള്ളിലുണ്ടായ, അതായത് പരമവഞ്ചകന്മാരെക്കൂടി രാജകുമാരൻ വിശ്വസിക്കുന്നതിലുണ്ടായ മൌഢ്യതയിൽ പുഞ്ചിരിയോടുകൂടി ചോദിച്ചു)

പ്രതാപവീ:—മുന്നറിവില്ലാതെ ഇപ്പോൾ രണ്ടു കാവൽഭടന്മാരെ പെട്ടെന്നു നറുക്കിട്ടെടുത്തയച്ചിരിക്കുന്നു. അവർ കണ്ണിമയ്ക്കാതിരുന്നു സൂക്ഷിക്കണമെന്നാണ് പിതാവിന്റെ ആജ്ഞ.

പ്രഭു:—സന്ദേഹിക്കാനില്ല. എല്ലാം അവധാനമായി പ്രവർത്തിച്ചിരിക്കുന്നു.

പ്രതാപവീ:—എന്നുതന്നെയല്ല. ശിശുവിനെ തൊട്ടിലറയിൽ കൊണ്ടുവരുന്ന മുമ്പ്, കാവൽഭടൻ അതിലെ പ്രജകളെ കാണിച്ചു മടങ്ങിക്കൊണ്ടുവരുന്നതുവരെ ഞാൻതന്നെ പ്രത്യേകം കാവലിരിക്കാനും തീർച്ചയാക്കിയിരിക്കുന്നു.

പ്രഭു—ഭേഷ്! നല്ല വിവേകപൂർവ്വമായ ആലോചന. സംശയമില്ല. താങ്കൾ അനുവദിക്കുമെങ്കിൽ ഞാനും താങ്കളോടൊന്നിച്ചു കാവലിരിക്കുവാൻ തയ്യാറാണ്.

അതുകേട്ടുണ്ടായ സന്തോഷത്താൽ "അങ്ങനെതന്നെ അനുവദിച്ചിരിക്കുന്നു" എന്നു പ്രതാപവീരൻ ഉത്സാഹത്തോടുകൂടി പറഞ്ഞു. ആ സമയം പത്മാവതിയുടെ അടുക്കലിരുന്ന വയറാട്ടി പതുക്കെ എഴുന്നേറ്റ് ആ അറയുടെ ഉമ്മറയിൽ കടന്ന് താരാഭായിയുടെ അടുക്കൽ ചെന്നു കോകിലത്തോടു പത്മാവതി ഒരു പെൺകുഞ്ഞിനെ പ്രസവിച്ചിരിക്കുന്നു എന്നു പറഞ്ഞു. അതിനു മറുവടിയായി താരാഭായി ഒരു

ആൺകുട്ടിയെ പ്രസവിച്ചു എന്നു കോകിലം പറഞ്ഞു. ഇനി വിവരം വൈദ്യന്മാരെ അറിയിക്കണം" എന്നു പറഞ്ഞു് അവർ പിരിഞ്ഞു.

താരാഭായിയ്ക്കു് പ്രസവക്ഷീണം തീർന്ന അവസരത്തിൽ അവളോടു് "ഹാ! പ്രഭോ! താങ്കൾ ഒരു പെൺകുട്ടിയെ പ്രസവിച്ചു എന്നു് രാഘവഭട്ടർ പറഞ്ഞു. അതിന്മണ്ണം പത്മാവതിയോടു് "ദേവി! അവിടുന്നു് പ്രസവിച്ചതു് ഒരു രാജകുമാരനെയാണു" എന്നു മല്ലിനാഥനും പറഞ്ഞു

അല്പസമയം കഴിഞ്ഞു പുറത്തളത്തിൽ ഇരുന്നിരുന്ന പ്രതാപവീരനോടു് ഒരു രാജകുമാരൻ ജനിച്ചിരിക്കുന്നു എന്നു് അറിയിച്ചു. അയാളുടെ പുറകെതന്നെ രാഘവഭട്ടനും ചെന്നു വീരസിംഹൻപ്രഭുവിനോടു് ഒരു സ്ത്രീസന്താനം ജാതമായി എന്നറിയിച്ചു. ഉടൻതന്നെ രണ്ടു വൈദ്യന്മാർക്കും വേണ്ട ബഹുമാനങ്ങൾ രണ്ടുപേരും പ്രത്യേകം പ്രത്യേകം കൊടുത്തു അവരെ സന്തോഷിപ്പിച്ചു. പ്രതാപവീരന്നു് പുത്രസന്താനമുണ്ടായതായി കേട്ടു് ആനന്ദാധിക്യമുണ്ടായി. നേരെമറിച്ചു വീരസിംഹന്റെ ഹൃദയം ആ സമയം അതിയായ ദുഃഖത്തിൽ നിമഗ്നമായിരുന്നു അല്പനേരത്തിനുള്ളിൽ വയറാട്ടി പുത്രസന്താനത്തെ എടുത്തു പ്രതാപവീരന്റെ മുമ്പിൽ കൊണ്ടുചെന്നു. പ്രസവമുറിയിൽ തണുപ്പധികമുണ്ടെന്നു് അതേസമയം തന്നെ മല്ലിനാഥൻ രാജകുമാരനെ അറിയിച്ചു. "വേഗം തൊട്ടിലറയിലേക്കു് മാറിക്കൊള്ളട്ടെ" എന്നു പ്രതാപവീരൻ കല്പനയായി. അടയാളം മുതലായവയെല്ലാം നോക്കിതിട്ടപ്പെടുത്തുവാൻ മല്ലിനാഥനെ ചുമതലപ്പെടുത്തുകയും ചെയ്തു. ആ നിമിഷം ശിശുവിനെ തൊട്ടിലറയിലേക്കു മാറ്റി. ഉടൻ അവിടെ കാവലിനായി നിയുക്തരായ ഭടന്മാർ രണ്ടു വാതിലിലും ഹാജരായി ബന്തോവസ്തു ചെയ്തു

വൈദ്യന്മാരുടെ തന്ത്രത്താൽ ശിശുവിനെ ആരും പരിശോധിച്ചില്ല. നാളെ നോക്കിക്കൊള്ളാമെന്നുള്ള വിചാരത്താൽ എല്ലാവരും അടങ്ങിയിരുന്നു. ഏകദേശം മണിയും പന്ത്രണ്ടടിച്ചു കഴിഞ്ഞു. പ്രതാപവീരൻപ്രഭുവിന്റെ ഹസ്താവലംബിയായി "എന്റെ മനോരഥം സിദ്ധമായി. ഞാൻ പറഞ്ഞതിന്മണ്ണം രണ്ടു ശിശുക്കളും വളർന്നു യൌവനദശയിലെത്തിയാൽ അവരെ വിവാഹബന്ധത്താൽ പരസ്പരം യോജിപ്പിക്കണം" എന്നപേക്ഷിച്ചു. "അങ്ങനെതന്നെ" എന്നു പ്രഭുവും വാഗ്ദാനംചെയ്തു. അനന്തരം പത്മാവതിയെക്കാണുന്നതിനായി പ്രതാപവീരൻ പിരിഞ്ഞു.

ഉടനെ പ്രഭു തന്റെ മടിക്കുത്തിൽ അടക്കംചെയ്തിരുന്ന വെള്ളനിറമുള്ള ഒരു ഭസ്മമെടുത്തു മേശമേലിരുന്ന പാനപാത്രത്തിൽ വിതറിയ ശേഷം പൂർവ്വസ്ഥിതിയിൽ ഇരുന്നിരുന്നു. അല്പസമയങ്ങൾക്കുള്ളിൽ രാജകുമാരൻ മടങ്ങിയെത്തി. പത്മാവതിയുടെ [illegible]

നെ അറിയിച്ചു. "ഇനി നാം കുറച്ചു് സർബ്ബത്തുകുടിക്കണം" എന്നു പറഞ്ഞു വീരസിംഹൻ ഒരു കുപ്പിതുറന്നു മുമ്പു ഭസ്മം വിതറിയ കിണ്ണത്തിൽ പകൎന്നു പ്രതാപവീരനു കൊടുത്തു. മറെറാരു കിണ്ണത്തിൽ താനും കുടിച്ചു. പിന്നെയും അവർ സംസാരിച്ചുകൊണ്ടിരുന്നു. തന്റെ സഹനശക്തിയെ കവിഞ്ഞു് യുവരാജാവിനെ നിദ്രാദേവി ആശ്ലേഷിക്കയാൽ, ഉറങ്ങാതിരിക്കാൻ വേണ്ടി അല്പസമയം എഴുന്നേററു നടന്നു നോക്കി ഒന്നുകൊണ്ടും നിദ്രയുടെ ആക്രമണം തടുക്കപ്പെട്ടില്ല ഒടുവിൽ സോഫയുടെ ചുമലിൽ ചാരിയിരുന്നു ഗാഢമായ നിദ്രയെപ്രാപിച്ചു.

പ്രബ്ബ ഇതെല്ലാം നോക്കിയിരുന്നു. പ്രതാപവീരൻ ഉറങ്ങിക്കഴിഞ്ഞു. ഏല്പുചെയ്യും ഭൃത്യത്തെ കളിപ്പിക്കുന്നതെന്നു ചെയ്യും എന്നുമനസ്സിൽ ഉറച്ചുകൊണ്ടു കാവൽഭടന്മാർ നില്ക്കുന്ന വാതൽവഴിയായി ഉള്ളിലേക്കുകടന്നു. ഇങ്ങനെ പോകുന്നതു ഭടന്മാർ കണ്ടിരുന്നു. പ്രബ്ബ താരാഭായിയുടെ അറയിൽനിന്നും തൊട്ടിലറയിൽ കടന്നു. ആ സമയം അയാളുടെ കൈയിൽ തന്റെ ആൺശിശു ഇരുന്നിരുന്നു. എന്നാൽ ഈ സമയം അയാളെ കാവൽ ഭടന്മാർ കാണ്മാൻ കഴിഞ്ഞില്ല. രണ്ടു നിമേഷത്തിനുള്ളിൽ പെൺകുഞ്ഞിനെ എടുത്തുകൊണ്ടു തൊട്ടിലറ വിട്ടു താരാഭായിയുടെ സമീപത്തെത്തി അതിനെ അവിടെ കിടത്തിട്ടു മടങ്ങി വെളിയിലേക്കുപോന്നു. ഇപ്പുറം വെളിയിൽ പോന്നതും ഭടന്മാർകണ്ടു. തൊട്ടിലറയിൽ ചെന്നതും മടങ്ങിയതും മാത്രം അവർ കണ്ടിരുന്നില്ല.

ഇങ്ങനെ വീരസിംഹന്റെ പുത്രൻ പ്രതാപവീരന്റെ പുത്രനായും അയാളുടെ പുത്രി താരാഭായിയുടെ പുത്രിയായും ഭവിച്ചു. രണ്ടുശിശുക്കളും അവരവരുടെ രാജസദനങ്ങളിൽ സസൌഖ്യം വളൎന്നു ഭൃത്യരെ കളിപ്പിച്ചു എന്നു വീരസിംഹൻ തൃപ്തിപ്പെടുകയും ചെയ്തു. ഇതിന്റെ പരമാൎത്ഥം ക്രമേണ വ്യക്തമാകും.

---

## അദ്ധ്യായം ൧൩.

ചക്രവൎത്തിയുടെ രാജധാനിയിൽനിന്നും വടക്കുമാറി ധനവാന്മാരായ ജനങ്ങൾ അധിവസിക്കുന്ന ഒരു നഗരം ഉണ്ടായിരുന്നു. ആ നഗരത്തിൽ ഒരു വലിയ ധനവാന്റെ വകയായ ഒരു മാളിക അത്യുന്നതമായി ശോഭിച്ചിരുന്നു. അതിന്റെ ഉടമസ്ഥനെ ലടകമിശ്രൻ എന്നു വിളിച്ചു വന്നു. അയാൾക്കു നാല്പതുവയസ്സിനുമേൽ പ്രായമായിരിക്കും. അയാൾ അവിടെ വന്നുചേൎന്നിട്ടു് ഏഴെട്ടു വൎഷത്തിനുമേലായിട്ടില്ല അയാൾ വന്ന സമയം അയാളെ വലിയ ധനവാനായി ആ നഗരവാസികൾ

വിചാരിച്ചിരുന്നു. ആ നഗരത്തിലുള്ള ഒരു കുബേരന്റെ മകളെ അവൻ വിവാഹം ചെയ്തു. അവളുടെ പിതാവിന് അവൾ ഒരു സന്താനം മാത്രമായിരുന്നതിനാൽ അയാളുടെ മരണശേഷം, മരണശാസനത്താൽ ധനം മുഴുവൻ അവൾക്കധീനമായി. ലടകമിത്രന്റെ വിവാഹാനന്തരം ഒരു വത്സരത്തിനുള്ളിൽ അവളുടെ പിതാവു പരലോകപ്രാപ്തനായി. മരണസംഗതിയിൽ ഒരു രഹസ്യം ഊഹിക്കപ്പെട്ടിരുന്നു. ലടകമിത്രൻ അന്നു ഭാര്യയുടെ ഗൃഹത്തിൽ ചെല്ലുകയും അവനും ഭാര്യയുടെ പിതാവുമായി ഒരുമിച്ചിരുന്ന് ഊണു കഴിക്കുകയും അടുത്ത പ്രഭാതത്തിൽ ആ ധനവാൻ മരിച്ചുപോകയുമാണുണ്ടായത്. അവളുടെ പ്രേതം പോലീസ്പരിശോധനയിൽ വ്യാധിനിമിത്തമാണെന്നു സ്ഥാപിക്കാനായി ഉദ്ദേശം രണ്ടായിരത്തിൽപരം ഉറുപ്പിക വേണ്ടിവന്നിരുന്നു.

ഇതു സംബന്ധിച്ച് ആ നാട്ടുകാരിൽ ചിലർക്കു നല്ലറിവുണ്ടായിരുന്നു. എന്നാൽ അതു പ്രയോഗിക്കുവാനുള്ള അശക്തതയും ലക്ഷ്യമില്ലായ്മയുംകൊണ്ടു പുറത്തേക്കു വരുവാൻ യത്നിച്ചില്ല. ലടകമിത്രന്റെ പത്നിയായ കനകാംഗിക്കു പിതൃരാജ്ജിത ധനം മുഴുവൻ മരണശാസനംവഴി ലഭിച്ചിരുന്നതുമൂലം അവളുടെ കൈയൊപ്പില്ലാതെ ലടകമിത്രന് അതിന്മേൽ യാതൊന്നും പ്രവർത്തിപ്പാൻ ശക്തിയില്ലായിരുന്നു. അവളുടെ സ്വത്തിൽനിന്നു ഒരു കാശുപോലും അവളുടെ അനുവാദം കൂടാതെടുക്കുവാൻ സാധ്യമല്ലാതായി. ലടകമിത്രൻ ആദ്യകാലങ്ങളിൽ യോഗ്യനെന്നു തോന്നിച്ചിരുന്നുവെങ്കിലും ഭാര്യയുടെ പിതാവിന്റെ മരണശേഷം സ്വാതന്ത്ര്യം പുറത്തേയ്ക്കു തെളിഞ്ഞുകണ്ടുതുടങ്ങിയിരുന്നു. മദ്യപാനം, ചൂതു്, വേശ്യാസഹവാസം, പരസ്ത്രീഗമനം മുതലായ കൂട്ടുകെട്ടുകളിൽ ലയിച്ചു ഒരു നാലഞ്ചുകൊല്ലംകൊണ്ടു ഭാര്യയുടെ ധനത്തിന്റെ ഒരു വലിയ അംശത്തെ ചേർത്തുകളഞ്ഞതിനു വ്യാജങ്ങളുണ്ടാകാണ്ടു പുതിയ കാരണങ്ങളാൽ പ്രാരംഭഘട്ടങ്ങളിൽ പ്രവർത്തിച്ചുവെങ്കിലും അതിന്റെ പൂർവവിദ്യ കാലപ്പഴക്കത്തിൽ മാഞ്ഞുപോകയാൽ കനകാംഗിക്ക് അവന്റെമേൽ വെറുപ്പുണ്ടായിത്തുടങ്ങി. അടിക്കടി പല തന്ത്രങ്ങളും ഉപയോഗിച്ചു അവളെ വിശ്വസിപ്പിച്ചു രണ്ടും നാലും ആയിരക്കണക്കിൽ ധനം ചോർത്തിക്കളയും. കനകാംഗി പരിശുദ്ധമനസ്കയായ ഒരുത്തമസ്ത്രീയായിരുന്നതിനാൽ ഭർത്തൃഹിതത്തെ നിഷേധിക്കുവാൻ അധീരയായി ഭവിച്ചു. അവൻ എത്ര ധനം നശിപ്പിച്ചിരുന്നിട്ടും അവന്റെ വാക്കുകളെ അവൾക്കു വ്യാജമെന്നു ഉറപ്പായി വിശ്വസിക്കാൻ കഴിഞ്ഞില്ല. അവന്റെ ദുഷ്പ്രവൃത്തിക്കും വിപരീതസാമാന്യമായ ധീരതയ്ക്കും ഒന്നുരണ്ടുദാഹരണങ്ങൾ പറയാം.

ഒരു ദിവസം വൈകുന്നേരം കമ്പോളവീഥിയിൽ സഞ്ചരിക്കുവാൻ പോയ ലടകമിത്രൻ അന്നു മടങ്ങിവന്നതേയില്ല. അടുത്ത ദിവസം പകൽ മൂന്നുമണിക്കു ദിവാസാവിനൊപ്പമായി പോലീസ്സുകാരും, ക്രൂരം

ട്ടമുള്ളവനും ആയ ഒരു ഭയങ്കരൻ കനകാംഗിയുടെ സൌധത്തിൽ കടന്നുചെന്നു അവളുടെ കൈയിൽ ഒരെഴുത്തുകൊടുത്തു. അതിൽ താഴെപ്പറയുന്നതിൻവണ്ണം എഴുതിയിരുന്നു.

"എന്റെ പ്രിയപത്നിയായ കനകാംഗിക്കു ദീർഘായുസ്സിനെ ആശംസിച്ചുകൊള്ളുന്നു. ഞാൻ ഒരു പിടിച്ചുപറിക്കാരുടെ കൈയിൽ അകപ്പെട്ടുപോയിരിക്കുന്നു. ഈ എഴുത്തു കൊണ്ടുവരുന്നവൻവശം കാലത്തു ആറുമണിക്കുള്ളിൽ അയ്യായിരം ഉറുപ്പിക കൊടുത്തയയ്ക്കണം. കൃത്യമായി ആ സമയത്തിനുള്ളിൽ ഉറുപ്പിക കൊടുത്തയയ്ക്കാതിരുന്നാൽ അവർ എന്റെപ്രാണനെ സംഹരിച്ചുകളയും എന്നുള്ളതു തീർച്ചയാണ്. ഈ സംഗതി വെളിക്കാക്കുകയോ ഈ എഴുത്തു കൊണ്ടുവരുന്നവനോടു സാമ്യമായി വല്ലതും പറകയോ ചെയ്താലും സിദ്ധാന്തമായി അവർ പ്രാണനെ നശിപ്പിച്ചുകളയും. ഇവർ ഖണ്ഡിതമായി പ്രവൃത്തി ചെയ്യുന്നവരും ക്രൌര്യവുമുള്ള പിടിച്ചുപറിസംഘമാകുന്നു. ഇതിലധികം ഒന്നും എഴുതുവാൻ അനുമതിയില്ല. ഈ സംഗതിയിൽ നിന്നെ ഉപദ്രവിക്കാൻ എനിക്കു വളരെ ലജ്ജയും വൈമനസ്യവും ഇരിക്കുന്നു. പ്രാണാപായഘട്ടമാകയാൽ അതിനെ മറന്നു ഇങ്ങനെ ഉപദ്രവിക്കുന്നതാണ്. ഈ ആളിനെ നിറുത്തി താമസിപ്പിക്കരുത്. ആറുമണിക്കു അയാൾ ക്ഷിപ്രമായി സംഘത്തിൽ ഹാജർകൊടുക്കേണ്ടവനാണ്. അഞ്ചുനിമിഷംപോലും ഔദാസീന്യം കാണിച്ചാൽ ജീവൻ അപായത്തിലാകും. നിന്റെ ഔദാര്യഗുണവും നിനക്കു എന്നിലുള്ള ഭക്തിവിശ്വാസങ്ങളും എനിക്കു ബോധപ്പെട്ടിട്ടുണ്ടെങ്കിലും, ഈ വിഷയത്തിൽ കൂടി അയ്യായിരം ചെലവുചെയ്വാൻ പറയുന്നതിലേക്കു എന്റെ ഹൃദയം കഠിനമായി വേദനപ്പെടുന്നുണ്ട്. നിന്നെ വിട്ടുപിരിയുവാൻ മനസ്സില്ലായ്കയാൽ ഇതെഴുതിയതാണ്. അല്ലെങ്കിൽ പ്രാണൻപോയ്ക്കൊള്ളട്ടെ എന്നു വിചാരിച്ചു മൌനം അവലംബിക്കുമായിരുന്നു എന്നു നിന്റെ സ്വന്തംപ്രാണനായ ലടകമിശ്രൻ.

ഇങ്ങിനെയുള്ള ഭർത്താവിന്റെ എഴുത്തുകണ്ടാൽ ഉത്തമയായസ്ത്രീയുടെ മനസ്സിനു ചാഞ്ചല്യമുണ്ടാകാതിരിക്കുമോ? ഉടൻ ബാങ്കിൽചെന്നു അയ്യായിരം രൂപാവാങ്ങിക്കൊണ്ടുവന്നു അവന്റെ വശംഏല്പിച്ചിട്ടുവിവരത്തിനു ഒരു എഴുത്തും കൊടുത്തയച്ചു. ഈ എഴുത്തുകൊണ്ടുവന്നവൻ ലടകമിശ്രന്റെ കൂട്ടുകാരനായ മറെറാരു കള്ളനാകുന്നു. ഇങ്ങനെ രണ്ടാളും അയ്യായിരംരൂപാ അവളെ കളിപ്പിച്ചു കൈക്കലാക്കി.

ഒരിക്കൽ അവന്റെ കൂട്ടുകാരിൽ ഒരുവനെക്കൊണ്ടു തന്റെപേരിൽ രണ്ടായിരത്തിനു വാറണ്ടുകെട്ടപ്പിച്ചു രണ്ടുപേരുംകൂടി അവളുടെ അടുക്കൽചെന്നു. തന്റെ ഭർത്താവു ജയിൽവാസം അനുഭവിക്കേണ്ടിവരുമെന്നു ഭയന്നു അവൾ ആ തുകയും കൂട്ടുകാരൻവശം കെട്ടിക്കൊടുത്തു.

ഇങ്ങനെ ആ നീചൻ പല സന്ദർഭങ്ങളിലായി അവളുടെ ധന

തിന്റെ മുക്കാൽ ഭാഗവും നശിപ്പിച്ചു. അതുമൂലം അവളുടെ മനസ്സിന സാരമായ വ്യസനവും ജീവിതത്തിൽ വെറുപ്പുമുണ്ടായി. ക്രമേണ ഇവന്റെ വിദ്യയെല്ലാം വെളിപ്പെട്ടു. അവൾ ബുദ്ധിയുപദേശിച്ചു, ഇനിയൊന്നും തരികയില്ലെന്നു ഭയപ്പെടുത്തിയും പരീക്ഷിച്ചു. അതിനൊന്നിനും ഫലമുണ്ടായില്ല. രാത്രികാലങ്ങളിൽ അവൻ അവിടെ കയറുകയേയില്ല. മദ്യപിച്ചും, ചൂതുകളിച്ചും, നാടകം കണ്ടും വ്യഭിചരിച്ചും ചുറ്റിസ്സഞ്ചരിക്കും; ചിലപ്പോൾ അഞ്ചും എട്ടും ദിവസങ്ങൾ അവനെ കാണാൻ കിട്ടാതിരിക്കും.

ഒടുവിൽ അവളുടെ കൈയിൽ നിന്നും ഒരു കാശും കിട്ടുകയില്ലെന്ന പൂർണ്ണബോദ്ധ്യം വന്നപ്പോൾ അവൻ സ്വന്തശീലത്തെ പുറത്തു കാട്ടിത്തുടങ്ങി. ഏതു സമയവും വീട്ടിൽ കലഹവും വഴക്കും ശണ്ഠയും ആഭാസം പറയുകയുമായി പര്യവസാനിച്ചു. ഉത്തമയായ കനകാംഗി ദുഃഖസാഗരത്തിൽ നിമഗ്നയായി. തന്റെ ധനം അപഹരിക്കണമെന്നുള്ള വ്യാമോഹത്താൽമാത്രം, അവൻ, തന്നെ വിവാഹം ചെയ്തതാണെന്നുള്ള വാസ്തവം അവൾക്കു മനസ്സിലായി. അവളുടെ ഈ തീരാദുഃഖത്തെ ആരോടു പറയും. അവൾക്കു ഉറ്റബന്ധുക്കളായി യാതൊരുത്തരുമില്ല. എന്നാൽ പിതാവിന്റെ ജ്യേഷ്ഠന്റെ മക്കളായി കോകിലവും ദേവദത്തനുമുണ്ട്. അവർ കനകാംഗിയുടെ കാര്യത്തിൽ തലയിടുവാൻ ഇതേവരെ തയ്യാറായില്ല. തന്റെ സങ്കടങ്ങൾക്കു ദേവദത്തനെക്കണ്ടാൽ ഒരു നിവൃത്തിയുണ്ടാകുമെന്നു് അവൾ അവസാനത്തിൽ ആശിച്ചു.

സംഗതികൾ ഇങ്ങനെയിരിക്കെ, ദേവദത്തൻ കോകിലത്തെ ആദ്യമായി സന്ദർശിച്ചു എന്നു പറഞ്ഞതിന്റെ മൂന്നാംദിവസം വൈകുന്നേരം മൂന്നുമണിസമയം കനകാംഗി തന്റെ അറയിൽ ഒരു പുസ്തകം വായിച്ചുകൊണ്ടിരിക്കുമ്പോൾ അവളുടെ തോഴിയായ അംബാലിക എന്നാൾ ഭയന്നു വിറച്ചുകൊണ്ടു് ഓടിക്കിതച്ചു് തന്റെ യജമാനത്തിയുടെ മുമ്പിൽ ചെന്നു് "അമ്മേ! എന്തു് വിരൂപി, ഭയങ്കരനായിരിക്കുന്ന ഒരു മനുഷ്യൻ വാതലിൽ വന്നുനില്ക്കുന്നു. അവൻ തങ്ങളെ കാണണമെന്നാവശ്യപ്പെടുന്നു" എന്നു് അറിയിച്ചു.

കനകാംഗി —ആരതു്? എന്നെ കാണണമെന്നോ? അവൻ എങ്ങനെയിരിക്കുന്നു?

തോഴി—നന്നേമെലിഞ്ഞു [illegible] കറുത്തു ചുവന്നനിറത്തിൽ മഹാവികൃതവേഷനായിരിക്കുന്നു.

കനകാം —അവൻ എന്നെക്കാണ്മാൻ വന്നവനായിരിക്കയില്ല. അത്തരത്തിൽ ആരെയും എനിക്കറിവില്ല. നീ തെറ്റിദ്ധരിച്ചുപോയിരിക്കുന്നു.

തോഴി —സത്യമായി തെറ്റിദ്ധാരണയല്ല. അവൻ വന്നു യജമാനനെവിടെ എന്നു ചോദിച്ചു. കാവൽക്കാരൻ അതുകേട്ടു് അദ്ദേഹം

പുറത്തുപോയിരിക്കുന്നു എന്നു പറഞ്ഞു. ഉടൻ അവൻ അകത്തു കടന്നു് ഒരു കസാലയിൽ ഇരുപ്പായി. വല്ലതും തിന്നുന്നതിനു കൊണ്ടുവരുവാൻ കാവൽക്കാരനോടാവശ്യപ്പെട്ടു. സാധിക്കയില്ലെന്നു് അവൻ മറുപടി പറഞ്ഞു. അതു കേട്ടു് അവൻ കാവൽക്കാരനെ ശകാരിച്ചു. ആ സമയം അതറിയാതെ ഞാൻ അവിടെ ചെന്നുചേർന്നു. കാവല്ക്കാരൻ എല്ലാം വിസ്താരമായി എന്നോടു പറഞ്ഞു.

കനകം:— ഇത്ര പരമദുഷ്ടനായവനു് എന്നോടെന്തു പറവാനുണ്ടു്. വേലക്കാരോടു പറഞ്ഞു് അവനെ പിടലിക്കു പിടിച്ചു പുറത്തു കളയുവാൻ പറക.

തോഴി:— അതു പറയാനെളുപ്പമുണ്ടെങ്കിലും ചെയ്യുവാൻ പ്രയാസമുള്ള കാര്യമാണു്. അവന്റെ കൈയിൽ ഇരുമ്പുചുറ്റികളിട്ട ഒരു ശങ്കൻവടിയും മടിയിൽ ഒരു കൈത്തോക്കും ഉണ്ടു്.

കനകം:— അവൻ എന്നെ ചോദിച്ചുവോ?

തോഴി:— ഞാൻ അവനെക്കണ്ടു് "ഇങ്ങനെ അന്യന്റെ വീട്ടിൽ കയറി കാര്യസ്ഥനാകിപ്പോൽ എന്റെ യജമാനത്തിയറിയാനിടയാകും. അതു് അപമാനമായി തീരുകയും ചെയ്യും" എന്നു പറഞ്ഞു. അതു കേട്ടു് അവൻ ആഹാ! നിന്റെ യജമാനൻ വിവാഹം ചെയ്തിട്ടുണ്ടോ? എന്നാൽ അവശ്യം എനിക്കവളെ കാണേണ്ട കാര്യമുണ്ടു് എന്നു മറുപടി പറഞ്ഞു.

അതു കേട്ടു് അവൾ തോഴിയുമായി അവനിരിക്കുന്ന സ്ഥലത്തേക്കു ചെന്നു. അവളെക്കണ്ടുടൻ അവൻ ആഹാ! ഭവതിയാണോ ഈ ഗൃഹത്തിന്റെ ഉടമസ്ഥ? എന്നു നിസ്സാരമായി ചോദിച്ചു.

കനകം:— അതേ, ഞാൻതന്നെ. നിങ്ങൾ ആരെന്നറിവാൻ ഞാൻ വന്നതാണു്.

അമ്മനമ്പ്യാർ:— ഞാൻ അങ്ങേക്കു വിരോധിയോ സ്നേഹിതനോ എന്നു പിന്നീടു മനസ്സിലാകും. അതു് എന്നെ ഇവിടെ ഏതുവിധം ആദരിക്കുമോ അതിനനുരൂപമായിരിക്കും. എന്നാൽ സ്നേഹസ്ഥിതിയിലായിരിക്കണമെന്നാണു് എന്റെ വിചാരം. നിങ്ങളുടെ ഭർത്താവു് എന്നെക്കണ്ടാൽ നിങ്ങളെപ്പോലെ വെറുപ്പുള്ള മുഖത്തെ പ്രകാശിപ്പിക്കയില്ല. ഇതു സത്യമാണു്. അവൻ എപ്പോൾ വരും?

കനകം:— അധികപ്രസംഗിയായ നിന്നെ പുറത്തു പിടിച്ചു കളവനായി വേഗം വരുന്നതാകും.

അമ്മന:— അവൻ അങ്ങനെ ചെയ്യുമെന്നു ഞാൻ വിചാരിക്കുന്നില്ല. സുന്ദരിയായ നിങ്ങളോടു ശ്രേഷ്ഠമായി സംസാരിക്കാൻ എനിക്കിഷ്ടമില്ല.

കനകം:— നിങ്ങൾ എന്നോടു യിങ്ങനെ സംസാരിക്കുന്നതു ശരിയല്ലെന്നു വിചാരിക്കണം. അല്ലെങ്കിൽ അനുഭവം വേറെയാണു.

വാമനൻ:— അങ്ങിനെതന്നെയാണു് എന്റെയുംവിചാരം. ഞാൻ സന്ധ്യ കഴിഞ്ഞു വരും. നിന്റെ ഭർത്താവിനോടു് അയാളുടെ പഴയ സ്നേഹിതൻ വാമനൻ കാണ്മാൻ വന്നതായും, സന്ധ്യ കഴിഞ്ഞു വീണ്ടും വരുമെന്നും പറയുക. അപ്പോൾ അവന്നു് അധികസന്തോഷമുണ്ടാകും.

എന്നു പറഞ്ഞിട്ടു് അവൻ അവിടെനിന്നും എഴുന്നേറ്റു പുറത്തേക്കുപോയി. കനകാംഗി തന്റെ ഭർത്താവിന്റെ വരവും കാത്തു് അത്യാശയോടുകൂടിയിരുന്നു. ഇത്രദുഷ്ടനായ നീചനോടു് എന്റെ ഭർത്താവിന്നു് ഇഷ്ടമുണ്ടാവാൻ സംഗതിയെന്തു്? ഏതു ദുഷ്കർമ്മത്തിന്നുള്ളവന്റെ സ്നേഹസമ്പാദനം ലഭിച്ചു. എന്നിങ്ങനെ പലതും ചിന്തിച്ചു വ്യസനിച്ചു.

സന്ധ്യകഴിഞ്ഞ ഉടൻ ലടകമിശ്രൻ കുടിച്ചുമദിച്ചു ബോധരഹിതനായി വീട്ടിൽ വന്നുചേർന്നു. കസേര വലിച്ചിട്ടു് അതിൽ ഇരുന്നു. കനകാംഗി അവനെക്കണ്ടു ഞാൻ വന്നസമയം നല്ലതുതന്നെ. ഇന്നു് ഒരുവൻവന്നു് എന്നെ നിന്ദിച്ചിട്ടു പോയിരിക്കുന്നു.

ലടകമിശ്രൻ:— ആരതു്?

കനകാ:— വാമനൻഎന്നുപറഞ്ഞാൽ മനസ്സിലാകുമെന്നു് അവൻ പറഞ്ഞു. ആവൻ വാമനനോ എന്നു് അധികം പരിഭ്രമത്തോടുകൂടി ചോദിക്കയും ഇടിവീണ മരംപോലെ സ്തബ്ധനായിത്തീരുകയും ചെയ്തു. അവന്റെ മുഖംവിളറുകയും നാവു വരണ്ടുപോകയും ചെയ്തു. നാലുഭാഗവും നോക്കി പരിശോധിച്ചു. അറിയാം അറിയാം. അവനെ നീ ഭയപ്പെടേണ്ട. അവൻ ഒരു ദോഷവും ചെയ്കയില്ല. എനിക്കു് അവനെ കണ്ടിട്ടു കാര്യമുണ്ടു്. അവൻ വന്നാൽ അവനോടുകൂടി ചില രഹസ്യസംഭാഷണം ചെയ്യേണ്ടതായിരിക്കുന്നു. അവൻ വന്നാൽ വേലക്കാരൻ അവനെ എന്റെ അറയിലേക്കു കൂട്ടിക്കൊണ്ടുപോരട്ടെ. അവന്റെ വാക്കുകേട്ടാൽ അധികപ്രസംഗിയാണെന്നു തോന്നുമെങ്കിലും അവൻ വാസ്തവത്തിൽ നല്ലവനാണു്. എന്നു പറഞ്ഞിട്ടു ലടകമിശ്രൻ ഒരു വിനാഴികനേരംപോലും അവിടെ നില്ക്കാതെ തന്റെ അറയിലേക്കുപോയി.

വാമനൻ എന്നപേർകേട്ടയുടൻ തന്റെ ഭർത്താവിൽ പ്രകാശിച്ചു ഭയപാരവശ്യങ്ങൾ കണ്ടു കനകാംഗി സ്തബ്ധയായി ഒരു ശിലാകാണ്ഡംപോലെ കുറെനേരം മിണ്ടിയുംചാടി അവിടത്തന്നെ നിന്നുപോയി. ഇവർ തമ്മിലുള്ള ഇരുപ്പെന്തു്? ഇവരുടെ സ്നേഹബന്ധത്തിനു ഹേതു എന്തായിരിക്കും? അവനെ ഭയപ്പെടുന്നതെന്തിനു്? ഇയ്യാൾ ചെയ്തവല്ല സംഗതി അവനിൽ ഗൂഢമായി സൂക്ഷിക്കപ്പെട്ടിരിക്കുന്നു? [illegible]ായ വിഷയത്തിൽ സ്നേഹംഭവിച്ചതാണെങ്കിൽ പേരു കേട്ടപ്പോൾ ഇങ്ങിനെ ഭയപ്പെടാനുണ്ടായ ഹേതു എന്തു്? എന്നിങ്ങനെ അനേകം ചോദ്യങ്ങൾ

അവളുടെ മനസ്സിൽ ഉദയം ചെയ്തു. ഈ വിചാരത്തിൽ മതിമറന്നിരിക്കുമ്പോൾ വാമനൻെറ അവതാരം വീണ്ടും ഉണ്ടായി. അവൻ കതകു തള്ളിത്തുറന്നു കനകാംഗി നില്ക്കുന്ന അറയിൽ പ്രവേശിച്ചു. അവൻ കണ്ടതു കനകത്തെയാണ്. ഹേ! സുമനസ്വിനി! നിൻെറ പ്രഭു വന്നിട്ടുണ്ടോ? എന്നു ചോദിച്ചു.

കനകാ:—വന്നിട്ടുണ്ട്.

വാമനൻ:—എന്നാൽ അവൻ ഇരിക്കുന്നേടം ഏതാണെന്നു കാട്ടിത്തന്നാൽ ഞാൻ നേരിട്ടു കണ്ടു സംസാരിച്ചുകൊള്ളാം.

കനകാ:—നിൻെറ പ്രഭു നീ വന്നാൽ നിന്നെക്കാണണമെന്നാശയോടുകൂടിത്തന്നെയിരിക്കുന്നു.

വാമനൻ—ഭേഷ്! പ്രഭു, പ്രഭുത്വം ഭാവിച്ചു നടക്കുന്നതായിത്തന്നെ തോന്നുന്നു. തലയും കാലും തിരിച്ചറിയാത്ത ഒരു നാടകംപോലിരിക്കുന്നു. വേഷവിധാനങ്ങളെല്ലാം മെച്ചം തന്നെ. ഇതും ഒരു നാടകം തന്നെ. (എന്നു പറഞ്ഞു് അവൻ പൊട്ടിച്ചിരിച്ചു.)

ഇതുകേട്ടു കനകാംഗിക്കു സങ്കടവും വെറുപ്പും കോപവുമുണ്ടായി, ഭർത്താവിൻെറ അറയിൽ ചെന്നു് "ഇങ്ങനെയുള്ള ആഭാസനെവിളിച്ചുകേററി മാനാവമാനങ്ങൾ തിരിച്ചറിവില്ലാതെ സംസാരിപ്പിക്കുന്നതു് എന്തിനാണു്" എന്നു് അവൾ കോപത്തോടുകൂടി ചോദിച്ചു.

ലടകമിശ്രൻ—കനകം! അവൻ ദുഷ്ടനല്ല. എപ്പോഴും വിനോദം പറഞ്ഞുകൊണ്ടേയിരിക്കും. അതു് ആരോടെന്നും എവിടെയെന്നും ഒന്നുമില്ല. അവൻെറ ശീലമാണു്. അതിൽ കോപിക്കാനൊന്നുമില്ല.

എന്നു പറഞ്ഞു് അവൻ എഴുന്നേററു ചെന്നു വാമനനെക്കണ്ടു— ഹാ! എത്ര നാളായി വാമനാവതാരം കണ്ടിട്ടു, വാ വാ എന്നു ലടകമിശ്രൻ ക്ഷണിച്ചു.

വാമനൻ ഇങ്ങനെയൊക്കെയാണു നിങ്ങളുടെ സ്ഥിതിയെന്നു് എനിക്കറിയാം. നിങ്ങളുടെ പ്രേമഭാജനം ഭേദഭാവത്തോടെ താരുമാറായി സംസാരിക്കുന്നതുകൊണ്ടുള്ള ലാഭമെന്താണു്? ഇവളുടെ സൌന്ദര്യംകൂടി എൻെറ കോപത്തെ പിടിച്ചുമത്തിക്കളയുന്നു.

ലടകമിശ്രൻ—ഉസ് ഉസ്. വാമനാ മിണ്ടാതിരിക്കു, മിണ്ടാതിരിക്കു.

കനകാംഗി കോപവേഗത്തോടെ അവളുടെ അറയിലേക്കു പോയി. അവൻ മടങ്ങിപ്പോയാൻ ചെന്നു വിവരംപറയുവാൻ വേലക്കാരിയെ ചുമതലപ്പെടുത്തുകയും ചെയ്തു. ഏകദേശം ഒരു മണിക്കൂർ കഴിഞ്ഞു വേലക്കാരി തിരിച്ചുചെന്നു് അറയിൽ തട്ടിവിളിച്ചു. അവൻ പോയില്ലെന്നും ഭർത്താവു കാണ്മാൻ വരുന്നുണ്ടെന്നും അറിയിച്ചു. അനന്തരം അല്പസമയത്തിനുള്ളിൽ ലടകമിശ്രനും അവളുടെ അറയിൽ ചെന്നു തട്ടിവിളിച്ചു. അവൾ കതകുതുറന്നു് അടങ്ങാത്ത അമർഷത്തോ

ട്ടുകൂടി "കണ്ട പോക്കിരികളെ വീട്ടിൽ വിളിച്ചുവരുത്തി അവർ പറയുന്ന ആക്ഷേപവാക്കുകൾകേട്ടു ചിരിച്ചുകൊണ്ടിരിക്കുന്നതിന്റെ അൎത്ഥം മനസ്സിലാകുന്നില്ല. പിതാവിരിക്കുന്ന കാലത്തു് ഇത്തരം പോക്കിരികൾ വെളിയിലുള്ള വാതലിൽകൂടി വരാൻ ഭയപ്പെട്ടും. നിങ്ങൾക്കു് ഉന്മത്തതകൊണ്ടു മാനാവമാനങ്ങൾ തിരിച്ചറിയാൻ പാടില്ലാതായി. ഇനി ജീവിച്ചിരുന്നിട്ടു കാൎയ്യമില്ല" എന്നു കോപത്തോടുകൂടി പറഞ്ഞു.

ലടകമിശ്രൻ:—ഞാൻ ഒരു സംഗതി പറയാം. അതു നീ കേൾക്കണം. അതിന്മണ്ണം ചെയ്താൽ അവൻ പിന്നെ ഇവിടെ വരുകയില്ല.

കനകാ—അതെന്തു സംഗതി? പറയുക.

ലടക—അവനു കുറേ പണം വേണമെന്നു പറയുന്നു. എന്റെ പക്കൽ ഒന്നും കിടപ്പില്ല.

കനകാ—ആ പോക്കിരി ഇനിയും പോയിട്ടില്ലേ? അവനെ പറഞ്ഞയച്ചുമില്ലേ?

ലടക:—അവൻ പോയില്ല. അവനു മുറെ പണം വേണം പോലും. തൽക്കാലം എനിക്കു വേണ്ടി നീ കൊടുക്കണം.

കനകാ—ഞാൻ ഊഹിച്ചതു ശരിയായിരിക്കുന്നു. നിങ്ങളെ സംബന്ധിച്ചു് ഏതോ ഒരു രഹസ്യം അവൻ സൂക്ഷിക്കുന്നുണ്ടു്. അതു പുറത്താകാതിരിക്കുന്നതിനായി നിങ്ങൾ അവനെ പേടിക്കുന്നു.

ലടക:—അതെന്തെങ്കിലും ആയിക്കൊള്ളട്ടെ. അതിനെപ്പററി നീ അന്വേഷിക്കേണ്ട ആവശ്യമല്ല. പുരുഷന്മാരായാൽ പരസ്പരം പല രഹസ്യങ്ങളുമുണ്ടാകും. ആയിരംരൂപാ അവനു് ഒരാവശ്യത്തിനു വേണ്ടിയിരിക്കുന്നതിനു നാം സഹായിക്കണമെന്നു പറയുന്നു. അതു കൊടുക്കണം.

കനകാ—എനിക്കറിയാൻ പാടില്ലാത്ത രഹസ്യത്തിനായി ഞാൻ പണം കൊടുക്കേണ്ട ആവശ്യമെന്തു്? ആ രഹസ്യമെന്തെന്നുകൂടി പറയുക. മനുഷ്യൎക്കു സംഗതിവശാൽ വല്ലതും പുറത്തു പറയാൻ പാടില്ലാത്ത സംഭവങ്ങളുണ്ടാകാം. അതു പുറത്തു പറയുമെന്നു പറഞ്ഞു ഭയപ്പെടുത്തുന്നതു നീചസ്വഭാവമാണു്. അങ്ങനെയുള്ളവനു പണം കൊടുക്കുവാൻ തുടങ്ങിയാൽ അതിനു് ഒരതിരും കാണുകില്ല. ഒരിക്കൽ കൊടുത്തുപോയാൽ ഇതു നല്ല തരമാണെന്നു വിചാരിച്ചു വീണ്ടും വീണ്ടും മിരട്ടി പണം പിടുങ്ങുവാൻ ശ്രമിക്കും.

ലടക—ഇല്ലയില്ല. ഇതോടുകൂടി ഈ നാടുവിട്ടുപോകുന്നതായി പറയുന്നു. പിന്നീടു വരികയേ ഇല്ല. ഇതിനു വിപരീതമായി വന്നാൽ അപ്പോൾ വേണ്ടതു പ്രവൎത്തിച്ചുകൊള്ളാം. അവൻ ചെ[illegible]ള്ളട്ടെ. ഞാൻ എല്ലാക്കാൎയ്യവും വിസ്തരിച്ചുപറഞ്ഞുകേൾപ്പിക്ക[illegible] എന്തുതന്നെയായാലും ഭാൎയ്യയോടുപോലും താൻ ഒരിക്കൽ ചെയ്തുപോയതു

പറയാതെ നിർലജ്ജം പറയുവാൻ ആരെക്കെങ്കിലും സമ്മതമുണ്ടാകുമോ പിന്നീട ഞാൻ പറയാം.

ലടകമിശ്രന്റെ ഈ നയവഞ്ചകമായ വാക്കുകേട്ടുവിശ്വസിച്ചു സാധുവായ കനകം അതിന്മണ്ണം ആയിരം രൂപാ കെട്ടികൊടുത്തു. അവൻ അതുകിട്ടിയശേഷം ഭാൎയ്യയെ തിരിഞ്ഞുകൂടി നോക്കാതെ വാമനനേയും കൂട്ടികൊണ്ടു പുറത്തേക്കുപോയി.

കനകാംഗിക്ക് അന്നുമുതൽ അവനെക്കുറിച്ചു പല സംശയങ്ങളും ജനിച്ചുതുടങ്ങി. അവൻ എന്തോ അക്രമം പ്രവൃത്തിച്ചിരിക്കുന്നു എന്ന് അവളുടെ ബുദ്ധിയിൽ ഒരുവിശ്വാസം ഉറച്ചുവശായി. അവൻ ഭാവിക്കുന്ന മാതിരിയിലല്ല അവന്റെ സ്ഥിതി എന്ന് അവൾ ഊഹിച്ചു. അവന്റെ പൂൎവ്വചരിത്രം വെളിപ്പെട്ടാൽ അവൻ, തന്നെ വിവാഹംചെയ്യാൻ സമ്മതിച്ചിരിക്കുകയില്ല. അതിന് അവൻ അൎഹനല്ല. ഇതു് അബദ്ധമായി ഏൎപ്പെട്ടുപോയ ഒരു സംബന്ധമാണ്. അവൻ വാഗ്ദാനം ചെയ്തതനുസരിച്ചു് ആ രഹസ്യം അവളെ കേൾപ്പിച്ചില്ല. ചോദിക്കുമ്പോൾ ശകാരവരിഷം ചൊരികയും കോപംകൊണ്ടലറുകയും ചെയ്യും.

എന്നാൽ വാമനന്റെ ഉപദ്രവം ഇതുകൊണ്ടവസാനിച്ചില്ല. അവൻ വീണ്ടുംവീണ്ടും പണത്തിനായി വന്നുകൊണ്ടേയിരുന്നു. ഇതുനിമിത്തം കനകവും ലടകമിശ്രനുംതമ്മിൽ പിണങ്ങിപ്പോയിരുന്നു. അവൾക്കു സഹിക്കവഹിയാതെ യായപ്പോൾ തന്റെവലിയച്ഛന്റെ പുത്രനായ ദേവദത്തനെ വരുത്തി വിവരംമുഴുവൻ പറഞ്ഞു. ലടകമിശ്രൻ ആരെന്നും അവൻ എവിടെയുള്ളവനെന്നുംമറ്റുമുള്ള അവന്റെ ചരിത്രം മനസ്സിലാക്കി വേണ്ടതു ചെയ്യാമെന്നു ദേവദത്തൻ കൈയേറ്റു.

---

## അദ്ധ്യായം ൧൪.

കനകാംഗിയും ദേവദത്തനുംതമ്മിൽ ലടകമിശ്രനെ സംബന്ധിച്ചു സംഭാഷണംനടന്ന ദിവസം രാത്രിയിൽ, കോകിലം ഒരു ഊടുവഴിയിൽ സഞ്ചരിക്കുകയായിരുന്നു. സമയം ഏകദേശം അൎദ്ധരാത്രിയായിരിക്കും. അവൾ ഒരു ഊടുവഴിയിൽക്കൂടി നടന്നു പ്രധാനനിരത്തിൽ ചെന്നുചേൎന്നു. അവൾ ആളെ അറിയാതിരിക്കുന്നതിനായി ഒരുസാൽവകൊണ്ടു മുഖശിഖാന്തം മൂടിയിരുന്നു. കൈകളിൽ ഒരുപണപ്പെട്ടിയും അതിൽ കുറെ [illegible]വും പിടിച്ചിട്ടുണ്ട്. വെടികൊണ്ട പന്നി എന്നപോലെ അതിവേഗം പാഞ്ഞുപോയിരുന്നു. അവൾ പല വീഥികൾ കടന്നു ഒരു ചെറിയ ഇടവഴിയിലുള്ള ഒരു വീട്ടിന്റെ പടിക്കൽ എത്തി. അവളു

ഒടെ യാത്ര അവിടെ അവസാനിച്ചു. ആ വാതൽ അകത്തുനിന്നും സാക്ഷയിട്ടിരുന്നതിനാൽ അവർ മൂന്നുപ്രാവശ്യം വിരൽകൊണ്ടു കതകുപലകയിൽ തട്ടി. കുറേനേരത്തേക്കു യാതൊരു പ്രതിശബ്ദവും പുറപ്പെട്ടിരുന്നില്ല. അവർ അചഞ്ചലയായി രാക്ഷസന്മാരുടെ സഞ്ചാരകാലമായ ആ നട്ടരാത്രിയിൽ ഏകയായി ബദ്ധപ്പെട്ടു പലമാർഗ്ഗങ്ങളും പവൃത്തിച്ചൊഴിച്ച് ആ ഗൃഹത്തിൽ ചെല്ലുന്നതിനായി അവളുടെ ആശയെ, അത്ര പ്രബലമായി ത്വരിപ്പിച്ച സംഗതി എത്രയോ ആവശ്യമുള്ളതായിരിക്കണമെന്നുതന്നെ വിചാരിക്കണം. ആ വാതൽപടിയിൽ ഏകദേശം അരനാഴികയോളം അതു തുറക്കപ്പെടുമെന്നു വിശ്വസിച്ചുനിന്നിരുന്നു. അവളുടെ ആ വിശ്വാസം സവ്വഥാ സ്ഥാനത്തിൽ നിക്ഷിപ്തമായിരുന്നുതാനും. അരനാഴിക കഴിഞ്ഞതുപ്പുറം അതു തുറക്കപ്പെട്ടു. കൈകയിൽ ഒരു ദീപവുമേന്തി ഒരു വൃദ്ധയാണു വാതൽ തുറന്നതു്. അവളുടെ തലമുടി മുഴുവൻ വെള്ളിക്കമ്പിപോലെ നരച്ചും, ജരകൊണ്ടു ശരീരം നന്നേ മെലിഞ്ഞു ചടച്ചും, കണ്ണുകൾ രണ്ടും അതിന്റെ സ്ഥാനങ്ങളിൽ താഴ്ന്നും, നാസിക പൊങ്ങി അറപ്പുവാൾപോലെ കൂർത്തും, ശരീരശാസ്ത്രം പഠിപ്പിക്കാൻ ഉപയോഗിക്കുന്ന കങ്കാളം Scleton പോലെ, അസ്ഥിമാത്രശരീരിണിയായി ഒരു ഭയങ്കരസത്വത്തിന്റെ നിലയെ പ്രാപിച്ചിരുന്നു. നിറം വെള്ളയായിരുന്നു.

വാതൽ തുറന്ന ഉടൻ "സംശയിക്കാനില്ല കോകിലാ" എന്നു പറഞ്ഞുകൊണ്ടു് അവർ വീട്ടിനുള്ളിൽ കടന്നു. വൃദ്ധ പൂർവ്വസ്ഥിതിയിൽ വാതലടച്ചു സാക്ഷയിട്ടുറപ്പിച്ചു. കൈകയിൽ വിളക്കുമായി വൃദ്ധയും പുറകേ കോകിലവുമായി അവർ നടന്നു മേൽമാളികയുള്ള കെട്ടിടത്തിന്റെ ഉമ്മറയിൽ കയറി അതിന്റെ വാതലും ബന്ധിച്ചു. അതിനു ചുററിലും പല മുറികളുണ്ടായിരുന്നു അവയെല്ലാം ബലമായടച്ചിരുന്നു. ആ മുറിയിൽ ഒരു വലിയ കമ്പിവിളക്ക് ഏഴുതിരികളിട്ടു ദീപംകൊളുത്തി വെളിച്ചത്തെ അത്യധികം വർദ്ധിപ്പിച്ചിരുന്നു. ഒരു ഭിത്തിയോടു ചേർത്തു വച്ചിരിക്കുന്ന ഒരു വലിയ അൽമാര തുറന്നുകിടന്നിരുന്നു. അതിലെ തട്ടുകളിൽ പല വലിപ്പങ്ങളിലുള്ളവയും, നിറവും ആകൃതിയുംകൊണ്ടു ഭിന്നങ്ങളുമായ പല ചെറിയ പെട്ടികൾ വയ്ക്കപ്പെട്ടിരുന്നു. ആ പെട്ടികളിൽ അനവധി കല്ലടപ്പുള്ള കുപ്പികൾ നിറയെ ദ്രാവകങ്ങൾ ഉണ്ടായിരുന്നു. മറെറാരു ഭാഗത്തായി ദ്രാവകം വാററുന്ന യന്ത്രങ്ങളും അതിൽ ഘടിപ്പിച്ചിട്ടുള്ള പല കുഴലുകളും കമ്പികളും ദ്രാവകം ഊറുന്ന കുപ്പികളും അതിനുള്ള മററു പല ഉപകരണങ്ങളും സജ്ജീകരിക്കപ്പെട്ടിരുന്നു. ഒരു വലിയ രസായനശാലപോലെ പല തരത്തിലുള്ള ഉപകരണങ്ങൾകൊണ്ടു് ആ ഹാൾ ഏതു [illegible] ശ്രദ്ധയേയും ആകർഷിക്കത്തക്ക വൈഭവത്തോടുകൂടിയതായിരുന്നു. വെള്ളക്കല്ലുകൊണ്ടു

ങ്ങാക്കപ്പെട്ട പല രപ്തഖലപങ്ങളും സാധാരണ ഖലപങ്ങളുംകണ്ണാടിമൂടികൾ(കവറിംഗ്)കൊണ്ടു് ശോഭിച്ചിരുന്നു.

ആ മുറിയുടെ വേറൊരു ഭാഗത്തായി വെളുത്ത മുയലുകളെ അടച്ചിട്ടുള്ള വലിയ പെട്ടിയുണ്ടായിരുന്നു. അതിന്റെമുൻവശം കണ്ണാടിമിത്തിയായിരുന്നു. പല തരം അറകളുള്ള ഒരു പെട്ടി തുറന്നിരുന്നിരുന്നു. ആ അറകളിൽ വെറുന്നതിനുള്ള ഔഷധങ്ങൾ യഥാക്രമം ശരിപ്പെടുത്തിവച്ചിരുന്നു. ഭിത്തിയോടുകൂടെ ത്തു ഘടിപ്പിച്ചിട്ടുള്ള പലകത്തട്ടുകളിൽ വലിയ കണ്ണാടിക്കുപ്പികൾ നിരത്തിവയ്ക്കപ്പെട്ടിരുന്നു. അവയിൽ പല ചത്ത ജന്തുക്കളും അടയ്ക്കപ്പെട്ടിരുന്നു. പ്രാണിദേഹങ്ങൾ ദ്രാവകങ്ങളിലിട്ടുകനിമിത്തം ഏന്നും ജീവനോടുകൂടിയിരിക്കുന്നതുപോലെ തോന്നിപ്പിച്ചിരുന്നു. ആ കൂട്ടത്തിൽ ചത്തമനുഷ്യശിശുക്കളുടെ ദേഹം ഒന്നു രണ്ടെണ്ണംകൂടിയുണ്ടായിരുന്നു. അണ്ണാൻ, പച്ചോലപ്പാമ്പു്, പച്ചത്തോന്നു്, വലിയ തവള മുതലായ ജന്തുക്കൾകൂടി ഈക്കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നു. ആ കോലകരുവിൻതൈലം പലകുപ്പികളിലും നിറയെ സംഭരിച്ചിരുന്നു.

കോകിലം ഗൃഹനായികയോടുകൂടി ആ മുറിയിൽ പ്രവേശിച്ചു് അവിടുള്ള സാധനങ്ങളും അവയുടെ ക്രമീകരണ സൂക്ഷ്മരീതികളും കണ്ടു വളരെ വിസ്മയിക്കയും അല്പമായി ഭയപ്പെടുകയുംചെയ്തു. ഗൃഹനായികയുടെ പേർ യശോധന എന്നായിരുന്നു.

യശോധന—കുഞ്ഞേ ഇരിക്കൂ; എന്നെക്കൊണ്ടെന്താണു വേണ്ടതെന്നു പറയൂ?

കോകിലം—എനിക്കൊരു മരുന്നുവേണം. അതു പെട്ടെന്നു മരിപ്പിക്കുന്നതായിരിക്കരുതു്. പല ദിവസംകൊണ്ടുമാത്രമേ മരണംസംഭവിപ്പിച്ചുകൂടു. ദിവസം തോറും ചെല്ലുന്തോറും ക്ഷീണവും വർദ്ധിച്ചുകൊണ്ടിരിക്കണം.

യശോ—ആഹാ! എന്റെ പക്കൽ നിറമില്ലാത്ത ഒരു ദ്രാവകമുണ്ടു്. അതിൽനിന്നു് അഞ്ചാറുതുള്ളിമാത്രം കൊടുത്താൽമതി. ക്രമേണ ദേഹബലത്തെ ക്ഷയിപ്പിച്ചുകൊണ്ടുവരുകയും ഒടുവിൽ മരണമടയുകയും ചെയ്യും.

കോകി—എത്രദിവസംകൊണ്ടു കാര്യസിദ്ധിയുണ്ടാകും?

യശോധന—ആറു മാസങ്ങൾകൊണ്ടവസാനിപ്പിക്കും.

കോകി—അത്രയും മെല്ലപ്പത്തിലാകാൻപാടില്ല. പൂർണ്ണബലത്തിലിരിക്കുന്ന ആൾ അത്രവേഗത്തിൽ മൃതിപ്പെട്ടാൽ അതു പലർക്കും സന്ദേഹിക്കുവാൻ കാരണമുണ്ടാകും. കൂടാതെ അപൂർവസാമർത്ഥ്യമുള്ള ഒരാളിലാണു് ഇതു പ്രയോഗിക്കേണ്ടതും.

യശോ—ഇതു് ഒരു പുരുഷനെയാണോ?

കോകി—അല്ല, അല്ല; ഒരു സ്ത്രീയെയാണു്. അവളുടെ ഭർത്താവു് അല്പംപോലും ഗതിയിൽ കൂടിയും സന്ദേഹിക്കുന്ന ശീലമായ ഒരാളാണു്. ചി

ഇപ്പോൾ ആ സംശയം എന്റെ മേൽത്തന്നെ ജനിക്കാനും സംഗതിയായേക്കും. അങ്ങിനെയായാൽ അതു ഭയങ്കരമായ തകരാറുണ്ടാകും! അവനെ ആർക്കും ജയിക്കാൻ കഴികയില്ല. എന്റെ കഥ അതോടെ അവസാനിക്കയും ചെയ്യും.

വൃദ്ധയ്ക്കു അപ്പോൾ സംഗതി മനസ്സിലായി. ഹേ! കോകിലം നിന്റെ അഭിപ്രായം ഇപ്പോൾ എനിക്കു വ്യക്തമായി. നിനക്കു ഒരു സ്ത്രീയെ അവശ്യം കൊലപ്പെടുത്തേണ്ടതായിരിക്കുന്നു. എന്നാൽ അവളുടെ ഭർത്താവു ഈ സംഗതിയിൽ നിന്നെ ലേശവും സംശയിക്കരുതു്. അവളുടെ മരണം ഈ സമ്പ്രദായത്തിൽ ഭവിച്ചതാണെന്ന വിചാരമെയുണ്ടാകാൻ പാടുള്ളതല്ല.

കോകി:—അതു തന്നെ സംഗതി. ഇനി ഞാനൊന്നും പറയേണ്ടതില്ല. ഇക്കാര്യത്തിൽ എന്നെ മനഃപൂർവം സഹായിക്കണം.

വൃദ്ധ:—ഞാൻ സഹായിക്കാം. സംശയം വേണ്ട. മനസ്സിലിരിക്കുന്നതുപോലെ കാര്യം നേടിക്കൊള്ളാം. ഞാൻ ഒരു കാര്യം സാധിച്ചുതന്നില്ലേ. പിന്നെന്താ ഇതിൽ ഭയപ്പെടുന്നതു്?

കോകി-ശരിതന്നെ. ആ മരുന്നുകൊണ്ടു ഞാൻ ഉദ്ദേശിച്ച ആൾ എന്റെ സ്വാധീനത്തിലായിക്കഴിഞ്ഞു. എന്റെ അഭിപ്രായം തെറ്റിനടക്കുകില്ലെന്ന നിലയിൽ ആയിട്ടുണ്ടു്. ഞാൻ ഇപ്പോൾ നൂറുരൂപാ കൊണ്ടുവന്നിട്ടുണ്ടു്. ഈ കാര്യം ശരിയായി നേടിയാൽ അതിനനുസരിച്ചു ഒരു സമ്മാനം തരും.

വൃദ്ധ:—ആഹാ! സംശയിക്കേണ്ട. അങ്ങനെതന്നെ ചെയ്യാം. ഞാൻ ഒരു മരുന്നു തരാം. അതു ക്രമേണ ബലത്തെ ക്ഷയിപ്പിക്കും. അങ്ങനെയങ്ങനെയായി കിടപ്പിലാകയും ചെയ്യുന്ന ചികിത്സകളും ശുശ്രൂഷകളും ഫലപ്പെടാതെ അവസാനത്തിൽ മരിക്കയും ചെയ്യും. ഈ മരുന്നിനു പ്രതിവിധിയെ ഇല്ല. എങ്ങനെയുള്ള ഒരു തേറിയ വൈദ്യനായിരുന്നാലും ഈ ഔഷധം ദേഹത്തിലുണ്ടെന്നുള്ളതിനെ കണ്ടുപിടിക്കുവാൻ സാധിക്കുന്നതല്ല.

കോകി:—ഈ മരുന്നുതന്നെയാണു് എനിക്കു വേണ്ടതു്. ക്രമേണ സുഖസ്ഥിതി നശിച്ചുനശിച്ചു ദേഹം ക്ഷയിച്ചുക്ഷയിച്ചു മരിക്കണം. ഒരു കൊല്ലംകൊണ്ടേ കാര്യസിദ്ധി വരുവാൻ പാടുള്ളു.

വൃദ്ധ:—നിന്റെ ഹിതാനുസരണം പ്രവർത്തിക്കുന്ന മരുന്നു തരാം. അതു ഞാൻ ചെയ്തു ശരിപ്പെടുത്തുന്നതുവരെ നീ ഇവിടെത്തന്നെ ഇരിക്കുന്നോ?

കോകി:—ഇരിക്കാം. അവിടുന്നു് അതു ചെയ്യുന്നതു കാണ്മാൻ എനിക്കാഗ്രഹവുമുണ്ടു്.

ഉടൻ വൃദ്ധ കോകിലത്തോടു നൂറുരൂപാ വാങ്ങി ഒരു പെട്ടിയിലിട്ടടച്ചു പൂട്ടി. അൽമാരയിൽ നിന്നും മൂന്നുനാലു കുപ്പികളെടുത്തു മേശ

മേൽവച്ച് അവയിൽ നിന്നും ഒരു ക്ലിപ്ത പരിമിതിയിൽ കുറേശ്ശെയെടുത്തു മറെറാരു കുപ്പിയിൽ പകൎന്നു. അനന്തരം ഒരു വെളുത്ത മുയലിനെ ആ പെട്ടിയിൽനിന്നും വെളിക്കെടുത്തു "ഞാൻ ചെയ്യുന്ന ചില മരുന്നുകളുടെ ശക്തിയെ പരിശോധിക്കേണ്ടതിനായിട്ടാണു് ഈ ജന്തുവിനെ വളൎത്തി സൂക്ഷിക്കുന്നതു്. മററു ചില കാൎയ്യങ്ങൾ നേടുന്നതിനു ചില പ്രാണികൾ തന്നെ വേണം. അതിലേയ്ക്കു് അവയേയും സൂക്ഷിച്ചിരിക്കുകയാണു്. വശ്യങ്ങൾക്കും, ജാലങ്ങൾക്കും, കൂടുവിട്ടു കൂടുമാറുക, മോഷണം ചെയ്ക ഇവയ്ക്കും ഉച്ചാടനം സ്തംഭനം വിദ്വേഷണം മോഹനം മരണം ഇവയ്ക്കും മിക്കപ്പോഴും പ്രാണികളെ ആവശ്യമുണ്ടു്. നമ്മുടെ ഗൎഭസ്ഥശിശുക്കളെ പ്രസവത്തിനു മുമ്പു ദ്രവിപ്പിച്ചെടുത്തു അതുകൊണ്ടു പല വിദ്യയും ചെയ്യാനുണ്ടാവും. ഈ വക പ്രവൃത്തികളെല്ലാം ഭയങ്കരമായ ദുഷ്കൎമ്മമായി വിചാരിക്കപ്പെട്ടുവരുന്നതിനാൽ ഇപ്പോൾ ഈ പ്രവൃത്തിയുടെ വ്യാപ്തി ചുരുങ്ങിപ്പോയി എന്നെപ്പോലെ പരിചയമുള്ളവർ വല്ല ദിക്കിലും വല്ലവരുമുണ്ടായെക്കാമെന്നേയുള്ളു. ഇതു സൎക്കാരറിഞ്ഞാൽ കഠിനമായി ശിക്ഷിക്കും അതുകൊണ്ടു വളരെ രഹസ്യമായി നടത്തിവരികയാണു്. ശത്രുക്കളുടെ ആയുധപ്രയോഗം, വാക്കു്, ഗതി മുതലായവയെ സ്തംഭനം ചെയ്തു ജയം നേടാനുള്ള പല പ്രയോഗങ്ങളും ധനുൎവ്വേദതന്ത്രത്തിലുൾപ്പെട്ടിട്ടുള്ളതുമൂലം പണ്ടു് ഇതു യുദ്ധകാൎയ്യങ്ങൾക്കും മററും പരമപ്രയോജനകരമായി തീൎന്നിരുന്നു. ഇപ്പോൾ ജനസാമാന്യത്തിൽ സമാധാനസംരക്ഷണം പ്രധാനമായി ഭവിച്ചിരിക്കകൊണ്ടു് ഈവക തന്ത്രങ്ങൾ അജ്ഞാതപേടികകളിൽപെട്ടറഞ്ഞു ചിതലുകൾക്കും മററും ആഹാരമായി ഭവിച്ചുപോയിരിക്കുന്നു. അക്കഥ അങ്ങനെ നില്ക്കട്ടെ.

ഇനി നമ്മുടെ ജോലി ആരംഭിക്കാം. മൂന്നുനാലുദ്രാവകങ്ങൾ ഒന്നായിച്ചേൎത്ത സമ്മിശ്രദ്രാവകത്തിൽനിന്നു മൂന്നുനാലു തുള്ളി എടുത്തു് ആ മുയലിന്റെ വായിൽവീഴ്ത്തി അതിനെ തറയിൽ വിട്ടു. അല്പസമയത്തേക്കു് ആ ചെറിയജന്തു സന്തോഷമായി ഓടിക്കളിച്ചുനടന്നു. പിന്നീടു് അതിന്റെ വേഗം അല്പാല്പമായി കുറഞ്ഞുവന്നു. അതിന്റെ ബലം ക്ഷയിച്ചുവന്നുകൊണ്ടിരുന്നതായി കാണപ്പെട്ടു. തീരെ നടക്കാൻ വയ്യാത്ത വിധത്തിൽ അതു് ഇഴഞ്ഞു. ഒടുവിൽ കിടന്നകിടപ്പിൽനിന്നു് അനങ്ങാൻ കഴിയാതെ ചത്തുപോയി. അതിന്റെ വിഷവേഗം ഏതുകഠോരം കണ്ട മനഃക്രൂരന്മാരെക്കൂടെ അതിനെ കൊന്നിരുന്നുള്ളു.

ഇങ്ങനെയാണു് ഞാൻ മരുന്നിന്റെ ശക്തിയറിയുന്നതു്. ഇന്നത്തെ ഈ മരുന്നിന്റെ ശക്തിക്കു വലിയ കുറവുവന്നില്ല. അതിനാൽ ഇനി ഒരു പാകം കൂടി ചെയ്യേണ്ടിയിരിക്കുന്നു. എന്നുപറഞ്ഞിട്ടു വൃദ്ധൻ ആ മരുന്നു് ഒരു ഇരുമ്പുപാത്രത്തിൽപകൎന്നു് അതിനെ യന്ത്ര

ച്ചൂടുള്ള ഒരു തപ്തഫലകത്തിന്മേൽ വച്ചു. ആ മുറിക്കു ചുററുമുള്ള വാതലുകളും ജനാലകളും എല്ലാം തുറന്നിട്ടു. മരുന്നിൽനിന്നു പുറപ്പെടുന്ന പുക പുറത്തു പോകുന്നതിനായിട്ടാണു് ഈ വിദ്യയനുഷ്ഠിച്ചതു്. അതിന്റെ ധൂമം അവർ ശ്വസിക്കാതിരിക്കുന്നതിനായി കണ്ണാടികൊണ്ടുള്ള ഒരു മുഖംമൂടിയും വച്ചു. ഈ ക്രിയകളെല്ലാം കോകിലം ശ്രദ്ധാപൂർവ്വം നോക്കിയിരുന്നു. ഇത്രയൊക്കെ കാര്യമായി കരുതിട്ടും ധൂമാംശം ശ്വസിച്ചുപോകേണ്ടിവന്നു. തന്നിമിത്തം വൃദ്ധയ്ക്കു് അല്പനേരത്തേക്കു മോഹാലസ്യമുണ്ടായി. മോഹാലസ്യം തീർന്നു നോക്കുംപോൾ മരുന്നു ക്രമപാകത്തിൽ പരിണമിച്ചിരുന്നു "ഇതാ മരുന്നു തയ്യാറായി" എന്നു കോകിലത്തോടു പറഞ്ഞു.

കോകി—ശരി. ഇതിൽ എത്രതുള്ളി കൊടുക്കണം?

വൃദ്ധ—ഇതിൽ ആറുതുള്ളികളെടുത്തു കൊടുത്താൽ ക്രമേണ മരണമടയും.

കോകി—ഇതിനു വല്ല രുചിഭേദവുമുണ്ടായിരിക്കുമോ?

വൃദ്ധ—നിറഭേദവും രുചിഭേദവുമില്ല. പച്ചവെള്ളം വായിൽ തൊട്ടതുപോലിരിക്കും.

കോകി—എന്നാൽ ഞാൻ ഇപ്പോൾ പോകട്ടെ. ഇതുപയോഗിച്ചുണ്ടാകുന്ന ഫലം അറിയിക്കാം. അപ്പോൾ ഞാൻ പ്രത്യേകം അറിയുകയുംചെയ്യും

വൃദ്ധ—എന്നാൽപോയിവാ. നേരം പുലരുന്നതിനു മുമ്പെ നിന്റെവീട്ടിൽ എത്തിയിരിക്കണം.

അങ്ങനെ വൃദ്ധയോടു മരുന്നു വാങ്ങിക്കൊണ്ടു കോകിലം അവിടെനിന്നു പുറത്തിറങ്ങി, അതിവേഗത്തിൽ നടന്നുപോയി. ഈ സംഗതി നടന്നതിന്റെ അടുത്തദിവസം രാവിലെ ചക്രവർത്തിയുടെ അധിവാസനഗരമായ നീലേശപുരത്തിൽ, ദരിദ്രന്മാർ കുടിപാർക്കുന്നവീഥിയിലുള്ള ഒരു ചെറിയ ഗൃഹത്തിലെ ഒരു അറയിൽ ഒരു ചെറുപ്പക്കാരൻ ഉറക്കമുണർന്നെഴുന്നേററു കിടന്നപായിൽത്തന്നെ ഇരുന്നു ദൈവത്തെ ധ്യാനംചെയ്തശേഷം, പുറത്തിറങ്ങി പല്ലുതേച്ചു കൈകാൽ ശുദ്ധിവരുത്തി കുറെ പഴംചോറുണ്ടായിരുന്നതിനെ ഭുജിച്ചു. അനന്തരം ആ അറയിൽ കടന്നു് ഒരു കസാരമേൽ ഇരുന്നിട്ടു് ഇങ്ങനെ ചിന്തിച്ചു.

"ശരി, ഭക്ഷണസാധനമെല്ലാം അവസാനിച്ചിരിക്കുന്നു. യാതൊന്നും ബാക്കിയില്ല. കൈവശം ഒരു കാശുപോലുമില്ല. ഇനി എന്തുചെയ്യും. വെറുതെയിരുന്നാൽ ഭക്ഷണം എവിടെനിന്നുണ്ടാകും, ചിത്രമെഴുതി വല്ലതും സമ്പാദിക്കാമെന്നു വിചാരിച്ചാൽ അതിനു ശരിയായ ഉപകരണങ്ങളും ചായവും ഇല്ല. ഇപ്പോൾ എഴുതുന്ന കാമദേവന്റെ ചിത്രത്തിനുതന്നെ മതിയാകുകയില്ല. ഉള്ളതുകൊണ്ടു്. അതു [illegible] ാക്കിവയ്ക്കുന്നതിന് ഇനി ഒരു വാരത്തെ ജോലികൂടി ചെയ്യേണ്ടിയിരിക്കു

ന്നു. അതുവരെ ജീവസന്ധാരണത്തിന് ഒരു മാൎഗ്ഗവും കാണുന്നില്ല. നമ്മുടെ സ്ഥിതിക്കനുസരണമായ നിലയിൽ ജീവിതത്തരണിയെ നയിക്കാമെന്നുള്ള മോഹത്തിൽ ദൈവ കാരുണ്യം വിപരീതത്തിലെന്നപോലെ കാണപ്പെടുന്നു. എനിക്കു പരാതന്ത്ര്യത്തിൽ അകപ്പെടാതെ നിൎയ്യാത കഴിഞ്ഞുകൂടിയാൽ മതി എന്നേ ആശയുള്ളു. ധാരാളതയെ ആശിക്കുന്നില്ല. കോകിലത്തിൻെറ സഹായം ഉണ്ടാകുമെന്ന് ആഗ്രഹിച്ചിരുന്നു. പട്ടിണി കിടന്നു പ്രാണൻപോയാലും അവളുടെ സഹായം എനിക്കാവശ്യമില്ല. ഛേ! അവളെക്കുറിച്ചു വിചാരിക്കാൻതന്നെ പാടില്ലാത്തതാണ്. ഇങ്ങനെയാണെങ്കിലും വൈകുന്നേരത്തെ ആഹാരത്തിന് എന്താ നിവൃത്തി. പട്ടിണികിടക്കുന്നതെങ്ങനെ. ഈ പടംകൊണ്ടുപോയി ചിത്രവ്യാപാരിയെ കാട്ടിയാൽ എന്തെങ്കിലും മുൻകൂറു തരാതിരിക്കുമോ. എന്തോ! മനുഷ്യസ്വഭാവത്തിൻെറ വൈചിത്ര്യം ആരു കണ്ടു. ഒരുവൻ എത്രതന്നെ യോഗ്യനായാലും അവൻെറ കൈയിൽ ഒരു കാശുമില്ലെന്നു കണ്ടാൽ സ്നേഹഭാവം നടിക്കുന്നവർപോലും ചെറുക്കുന്നു. സാധാരണന്മാരിൽ സഹജമാകുന്ന തല്ക്കാല സഹായിക്കുവാൻ സ്നേഹിതന്മാരുമില്ല."

ഇങ്ങനെ ഉള്ളുരുകി ഒന്നു ചുട്ടുതപിച്ചു വേദനയോടുകൂടി വിഷമമഗ്നനായിരിക്കുമ്പോൾ, അവൻെറ പിന്നിൽനിന്ന് "അങ്ങനെ നിശ്ചയമായി ഉറപ്പിച്ചുകളയാതെ" എന്നു ശാന്തമായ ഒരു ശബ്ദം അവൻെറ ചെവിയിൽ പതിഞ്ഞു; അവൻ പെട്ടെന്നു തിരിഞ്ഞുനോക്കി. വെള്ളിക്കമ്പികൾപോലുള്ള നീണ്ട താടിമീശയും, ഗംഭീരമായ നോട്ടവുമുള്ള ഒരു വീരപുരുഷൻ തൻെറ കസേരയുടെ പുറകിൽ നില്ക്കുന്നതു കണ്ടു.

അയാളെക്കണ്ടഉടൻ ആ ചെറുപ്പക്കാരൻ എഴുന്നേററു നില്പാനെ ഒന്നും പറയാൻ ശക്തനല്ലാതെനിന്നു. ഈ മനുഷ്യൻ എങ്ങനെ ഇതിനുള്ളിൽ കടന്നു. താൻ അടച്ചിരുന്ന കതകുകളെല്ലാം അതേനിലയിൽതന്നെയിരിക്കുന്നു എന്ന ഒരു വിസ്മയം അല്പം അവൻെറ ഉള്ളിൽ ഉദിച്ചു.

ആ മനുഷ്യൻ— ഞാൻ കതകിൽ തട്ടിയതിനെ നീ ഗൗനിച്ചില്ല. തന്നിമിത്തം ഞാൻ ഉള്ളിലേക്കു പോന്നു.

ചെറുപ്പക്കാരൻ അതു സാധിക്കാത്ത സംഗതി. ചുററും അടച്ചു സൂക്ഷിച്ചിരുന്ന ഈ അറയിൽ താങ്കൾ എങ്ങനെ വന്നു?

ഉടൻ ആ മനുഷ്യൻ അവനെ വിളിച്ച് ഇതാ നോക്കു എന്ന് ഒരു കതകു തുറന്നിരുന്നതിനെ കാണിച്ച്, നിനക്കു തെററിപ്പോയിരിക്കുന്നു എന്നു പറഞ്ഞു. അതുകണ്ട ചെറുപ്പക്കാരൻ തൻെറ ഓൎമ്മക്കേടായിരിക്കുമെന്നു സമാധാനിച്ചു.

വൃദ്ധമനുഷ്യ— എന്താ! നീ ഒരു ദരിദ്രനായിരിക്കുന്നതിനെ ഓൎത്തു ലജ്ജിക്കുന്നുവോ? അതിൻെറ നിവൃത്തിക്കു എന്തു ചെയ്യാൻ വിചാരിക്കു

ന്നു? നിന്നെക്കൊണ്ടു സാധിക്കുന്നവിധം നീ സന്മാൎഗ്ഗത്തിൽനിന്നു തെററാതെ മാനമായി ജീവിക്കുന്നു. നീ ദരിദ്രനായിരുന്നില്ലെങ്കിൽ ഇപ്പോഴും എനിക്കിവിടെ വരേണ്ട ആവശ്യമുണ്ടാകുന്നതല്ല.

ചെറുപ്പ:—ഞാൻ ഇത്ര കഷ്ടസ്ഥിതിയിലിരിക്കുന്നു എന്നു നിങ്ങൾ എങ്ങിനെ മനസ്സിലാക്കി.

ആ മനു-എനിക്കതങ്ങിനെയൊ അറിവുണ്ടായി. ഞാൻപറഞ്ഞതു തെററല്ലല്ലോ? അതിരിക്കട്ടെ. ഈ പടം എഴുതി അവസാനിപ്പിക്കുവാൻ എത്ര ദിവസം വേണ്ടിവരും?

ചെറുപ്പ—ഭംഗിയാവണമെങ്കിൽ ഒരു മാസം വേണം. ഒരാഴ്ച കൊണ്ടും തീൎക്കാം.

ആ മനു—നീ ഇതിനെ വില്ക്കുവാൻ തീൎച്ചയാക്കിയിരിക്കയാണു്, അല്ലേ?

ചെറുപ്പ—അതേ, അതേ.

ആ മനു—രാജവീഥിയിൽ പടം വ്യാപാരം ചെയ്യുന്ന ആവൃദ്ധൻ ഇതിന്നു എന്തു വിലതരും?

ചെറുപ്പ—ഞാൻ അയാളോടു് ഇതേപ്പററി പറഞ്ഞതു നിങ്ങളെങ്ങനെ അറിഞ്ഞു?

ആ മനു—അവൻ നല്ല മനസ്സുള്ളവനെന്നു വിചാരിക്കുക? ഈ മാതിരി തൊഴിലാളികളെ പ്രോത്സാഹിപ്പിക്കുന്നതിൽ ഞാൻ ഉത്സാഹിയാണെന്നുള്ളതിനെക്കുറിച്ചു് അവനറിയാമെന്നും വിചാരിക്കുക. അവൻ നിന്നെപ്പററിയും നീ എഴുതുന്ന പടത്തെപ്പററിയും എന്നോടു പറഞ്ഞിട്ടുള്ളതായും വിചാരിക്കുക. എന്നാലെന്താ?

ചെറുപ്പ—അതുകൊണ്ടുതന്നെയായിരിക്കണം താങ്കൾ ഇവിടെ വരാൻ സംഗതി.

ആ മനു—ഈ സ്ഥലത്തു് ഇനിമേൽ നീ താമസിക്കരുതു്. നിന്റെ സ്ഥിതിക്കനുരൂപമായ സ്ഥലത്തു പാൎക്കുന്നതാണു മാന്യത. മനുഷ്യരുടെ ഉച്ചനീചത്വങ്ങൾ അവരവരുടെ വാസസ്ഥലത്തിന്റെ നിലയനുസരിച്ചു ഗണിക്കപ്പെട്ടുപോകുന്നതു സാധാരണമാണു്. ഞാൻ ഈ പടത്തെ വിലയ്ക്കെടുത്തുകൊള്ളാം. ഇതിലേക്കു ഞാൻ നിശ്ചയം ചെയ്തിട്ടുള്ള രണ്ടായിരം ഉറുപ്പിക വില, നിനക്കു സമ്മതമാകുമോ?

ഇതു കേട്ടു് ആ ചെറുപ്പക്കാരന്റെ മനസ്സിൽ തിങ്ങിക്കവിഞ്ഞ സന്തോഷാധിക്യം ഒരു വക പരിഭ്രമജനകമായി പരിണമിച്ചു. ഇതു സ്വപ്നമായിരിക്കുമോ എന്നു് അവൻ ശങ്കിച്ചു. പിന്നീടു് അതൊരു പരിഹാസസൂചകമായിരിക്കുമോ എന്നു മനസാ വ്യാഖ്യാനിച്ചു. താങ്കൾ എന്തിനായി സാധുവായ എന്നെ കളിയാക്കുന്നു എന്നു് അവൻ അയാളോടു ചോദിച്ചു.

ആ മനു—ഞാൻ നിന്നെ കളിയാക്കുകയല്ല. പരമാൎത്ഥം അതി

ന്റെ ഉച്ചൈസ്വരമായ പൊക്കത്തെ അറിയുന്നില്ല. അതിന്മണ്ണം നീ നിന്റെ ദരിദ്രതകൊണ്ടു നിന്റെ തൊഴിലിൽ നിനക്കുള്ള ഉൽക്കർഷത്തിന്റെ ഉന്നതിയെ അറിയുന്നില്ല. ഞാൻ പറഞ്ഞ തുകയിൽ ആയിരം രൂപാ ഇതാ എണ്ണി എടുത്തുകൊള്ളുക. പടം എഴുതി അവസാനിക്കുമ്പോൾ ബാക്കി ആയിരവും തന്നുകൊള്ളാം. ഇപ്പോൾ എന്റെ വാക്കുകൾ സത്യമെന്നു വിചാരിക്കുന്നോ ?

അവന്റെ മേശപ്പുറത്തു നിരത്തിയ ആയിരം രൂപാ കണ്ടു് അവന്റെ ഉള്ളിൽ കൊള്ളാത്തവിധം ഒരാനന്ദവും ഭക്ത്യാദരങ്ങളും ഒന്നായി ഉദയംചെയ്തു. അവൻ തന്നറിയാതെ, അവന്റെ മുമ്പിൽ നിൽക്കുന്ന ഉദ്ബന്ധനായ വൃദ്ധന്റെ പാദങ്ങളിൽ വീണു സാഷ്ടാംഗം നമസ്കരിച്ചു. ഇതുകണ്ടു് അയാൾ പൊട്ടിച്ചിരിച്ചു. ഹേ യുവാവെ! ഇതു് അനൌചിത്യമാകുന്നു. നീ കണ്ണുനീരൊഴുക്കികൊണ്ടു് ആരുടെയെങ്കിലും പാദങ്ങളിൽ വീഴുന്നതു ശരിയല്ല. ഞാൻ ആരെന്നുള്ളതിനെക്കുറിച്ചു നിനക്കറിയാം. അതു പോകട്ടെ. രണ്ടായിരം, വില ശരിയാണല്ലൊ?

ചെറുപ്പ:-മഹാനുഭാവ! അവിടുത്തേയ്ക്കു് എന്റെ മേൽതോന്നിയ ഔദാര്യത്തിനായി നന്ദിപറഞ്ഞുകൊള്ളുന്നു. ഇതിലേക്കു് ഏതുവിധം കൃതജ്ഞതാപ്രകടനം ചെയ്യേണ്ടു എന്നു് എനിക്കറിവില്ല. അതിനാൽ ആ വൃത്തിയിൽ വല്ലതെറ്റും എന്നിലുണ്ടെങ്കിൽ അതിനെ ക്ഷമിക്കണമെല്ലാ.

ആ മനു:-ശരി ഇനി പടം എന്റെ വകയാണു്. ആ സംഗതി തീരുമാനിച്ചു കഴിഞ്ഞു. ഇനിയൊരു പ്രധാനവിഷയമുണ്ടു്. അതു നിനക്കെന്നു മാത്രമല്ല, ഏവനും മുഖ്യമായ ഒന്നാകുന്നു. ഞാൻ നിനക്കു ചെയ്ത ഉപകാരത്തിനു നീ ഒരു പ്രത്യുപകാരം ചെയ്യുമോ?

ചെറുപ്പ--താങ്കൾ ഏതു സംഗതിയെക്കുറിച്ചു് ഏതവസരത്തിൽ പറഞ്ഞാലും അതു ചെയ്വാൻ തയ്യാറാണു്.

ആ മനു--വിഷയം മനസ്സിലാക്കാതെ ഒരിക്കലും അങ്ങനെയുള്ള ശപഥം ചെയ്യുന്നതു യുക്തമല്ല. വളരെ ആലോചനചെയ്തു വാഗ്ദാനം ചെയ്യുവൂ. എനിക്കു നിന്റെ കുടുംബസംഗതികളെക്കുറിച്ചു അറിയാം. നീ ദേവദത്തനാണെന്നും ഞാനറിയും. നിന്നെ സംബന്ധിച്ചുള്ള സകല ചരിത്രങ്ങളും എനിക്കറിവുണ്ടു്. ഞാൻ പറയുന്നതുകേൾക്കുക. നീ നിന്റെ സഹോദരിയായ കോകിലത്തിന്റെ വസതിയിൽ ചെന്നസമയം, അവിടെ വീരസിംഹൻപ്രഭുവും നിന്റെ സഹോദരിയും തമ്മിലുള്ള കൂട്ടുകെട്ടുകൾ നിനക്കു രസിക്കാതിരുന്നു. തന്നിമിത്തം നിന്റെ ഹൃദയം വ്യാകുലപ്പെട്ടു. ആ പ്രഭുവും നീയും കൂടി യുദ്ധംചെയ്തു. പ്രഭു നിന്നെ തോല്പിച്ചു. മേലാൽ പ്രഭുവിന്റെയും അവളുടെയും സംബന്ധമുള്ള വിഷയങ്ങളിൽ നീ പ്രവേശിക്കുന്നതല്ലെന്നു നിന്നെക്കൊണ്ടു പ്രഭു ശപഥം ചെയ്യിച്ചു നിന്നെ വിട്ടയച്ചു.

ചെറുപ്പ—ഞാൻ അപരാധനായി വല്ലതും പ്രവൃത്തിച്ചു ഭാവമായോ?

ആ മനു:—ഇല്ലയില്ല.

ചെറുപ്പ—താങ്കൾ പറയുന്നതു കേട്ടാൽ അത്ഭുതമിരുന്നു കണ്ടതു പോലെ തോന്നുന്നു. ആ രാത്രി അധികം ഇരുട്ടായുമിരുന്നു.

ആ മനു:—അധികം ഇരുട്ടായിരുന്നതിനാൽ ഞാൻ നിങ്ങളുടെ സമീപത്തുണ്ടായിരുന്ന കഥ നിങ്ങൾ ഒന്നുമറിഞ്ഞതില്ല. എനിക്കെല്ലാം അറിയാമെന്ന് ഇപ്പോൾ മനസ്സിലായോ?

ചെറുപ്പ—എന്റെ കുടുംബത്തിനുണ്ടാക്കിയ അവമാനത്തിൽ എനിക്കെന്തു ചെയ്വാൻ കഴിയുമോ അതു ഞാൻ ചെയ്യും. ശരിയാകുന്നോ?

ആ മനു—അതേ അതേ. നിനക്കതെറ്റിപ്പോയിട്ടില്ല. വീര വീരസിംഹനോടു ചെയ്ത വാഗ്ദാനം അനുസരിച്ചു നടക്കുന്നു. എന്നാൽ നിനക്കു ഭയങ്കരമായ ഒരു ദുർഘടകാലം നിന്നെ വിഷമിപ്പിച്ചിരുന്നു. അതു് ഇന്നോടെ അവസാനിച്ചിരിക്കുന്നു. വ്യാജരൂപത്തിൽ നടന്ന് അതിതസങ്കടങ്ങളനുഭവിച്ചു. ഇതേവരെ അനുഭവിച്ച കഷ്ടങ്ങളേക്കാൾ ഇനി അനുഭവിക്കാൻ തുടങ്ങുന്ന ക്ഷേമം വളരെ വലുതാകുന്നു. അക്കാലങ്ങളിൽ നീ അന്യദുഃഖങ്ങളെക്കുറിച്ച് അൻപുള്ളവനായിരിക്കണം. അതു നിസ്സാരമെന്നു വിചാരിച്ചു നീ ഒരിക്കലും അന്യർക്കു ദുഃഖകരമായ എന്തെങ്കിലും വിക്രിയകൾ ചെയ്കയോ അരുതു്.

ദേവദത്തൻ.—ഒരിക്കലും അങ്ങനെ ചെയ്കയില്ല. എന്റെ മനസ്സ് ഒരവസരത്തിലും കഠിനമാകുകയില്ല. താങ്കൾ എനിക്കു ക്ഷേമദാതാവായ ഗുരുജനമാകുന്നു. താങ്കളുടെ ഈ സദുപദേശം ശിലാരേഖപോലെ എന്റെ ഹൃദയത്തിൽ പതിഞ്ഞിരിക്കുന്നു. എന്നെസ്സംബന്ധിച്ചുള്ള സകല വൃത്താന്തവും താങ്കൾക്കറിയാം. ഞാൻ എന്തു ചെയ്താൽ താങ്കളുടെ അനുഗ്രഹത്തിനു പാത്രവാനാകുമെന്നു വിചാരിക്കുന്നു, അതു പറഞ്ഞാൽ അതിന്മണ്ണം ചെയ്വാൻ തയ്യാറായിരിക്കുന്നു.

ആ മനു.—ഇതാ നിന്റെ ഹൃദയമാർദ്ദവത്തെ പരിശോധിക്കാൻ പോകുന്നു. താരാഭായി എന്ന ഒരുത്തമകുലാധീരത്വം ഒരു പ്രാണാപായകരമായ ഘട്ടത്തിലകപ്പെട്ടിരിക്കുന്നു.

ദേവദത്ത. അപാത്രവാനായ ആ വീരസിംഹനു ലഭിച്ച ആ സുമനസ്സാണിതോ? (എന്നു ചോദിച്ചപ്പോൾ അവന്റെ മുഖത്തു കോപസ്ഫുരണം പ്രകടമായി പ്രകാശിച്ചു.)

ആ മനുഷ്യ—നിന്റെ പക്കൽ ശുദ്ധമായ വീരത്വം പ്രകാശിക്കുന്നു. ആ മഹാ ഉത്തമയായ സ്ത്രീരത്നം അവൾക്കറിയാൻ പാടില്ലാതെ അകപ്പെട്ടിരിക്കുന്ന ആപത്തിൽനിന്നു രക്ഷിക്കാൻ നിന്നെ ഒഴിഞ്ഞു് ആരെയും ഞാൻ കാണുന്നില്ല.

ദേവദ.—അതു് ഏതുതരം ആപത്തായാലും ശരി. ആ സ്ത്രീരത്നത്തെ അതിൽനിന്നു ഞാൻ രക്ഷിച്ചുകൊള്ളാം. ജീവനുള്ളപ്പോൾ ഇതു വാ

ക്കു മറിച്ചുവരുന്നതല്ല.

ആ മനു—അവളുടെ ഭർത്താവിനെയും മററുള്ളവരെയും, അറിയാതെതന്നെ നിനക്കതു സാധിക്കാൻ കഴിയും. അവളുടെ പ്രാണൻ ആപത്തിൽ കുടുങ്ങിയിരിക്കുന്നു. മരണകരമായ ഒരു പാഷാണം അവളുടെ ഉള്ളിൽ കൊടുത്തു് അവളെകൊല്ലുവാൻ തയ്യാറാകുന്നു. ഇന്നു വൈകുന്നേരം അതു കൊടുക്കുന്നതാകുന്നു.

ദേവദ—ഹാ! ദൈവമേ! ഈ വിധം ഉത്തമജനങ്ങളെ കൊല്ലുന്നതിനും കഠിനഹൃദയമുള്ളവർ ജീവിച്ചിരിക്കുന്നോ? ദൈവമേ! അവരെ നീ എന്തുകൊണ്ടു ഹിംസിക്കാതെ വിട്ടിരിക്കുന്നു. സത്യം, മര്യാദ, സ്വധർമ്മം, ദീനദയാലുത്വം മുതലായസൽഗുണങ്ങളുള്ളവരിൽ നിനക്കെന്തുകൊണ്ടു ദയയില്ലാതാകുന്നു. ദുഷ്ടന്മാരുടെ പ്രവൃത്തികളെ ധ്വംസിക്കുവാൻ നിനക്കു ശക്തിയില്ലേ?

ആ മനു—നീ നന്നെ ചെറുപ്പം. നിനക്കു ലോകത്തിൽനടക്കുന്ന വിഷയങ്ങളൊന്നും അറിയുവാൻ ഇടയായിട്ടില്ല. നിന്റെ സഹോദരി മര്യാദയിൽനിന്നു തെററിയതു യോഗ്യതയെന്നു വിചാരിച്ചു നീതിയെ മറന്നു കളഞ്ഞിരിക്കുന്നു. ലൌകികങ്ങളായ ഭോഗഭാഗ്യങ്ങളിൽ അത്യാശയുള്ളവളായി തീർന്നിരിക്കുന്നു. താരാഭായിയെ കൊന്നു വീരസിംഹന്റെ ഭാര്യാപദവിയെ സ്വാധീനം ചെയ്വാൻ ആഗ്രഹിക്കുകയും പാഷാണം കൊടുത്തു് ആ ഉത്തമയെ കൊല്ലുവാൻ തയ്യാറാവുകയും ചെയ്തിരിക്കുന്നു.

ഇതു കേട്ടു ദേവദത്തന്റെ ഹൃദയം സന്താപംകൊണ്ടു മതിമറന്നുപോയി. ശരീരം സർവ്വത്ര ചുട്ടുപഴുത്ത സൂചികൾ തിരുകിക്കയറുന്നതുപോലെ തോന്നി. എന്റെ പെററമ്മ മരിക്കുന്ന അവസരത്തിൽ അനുഗ്രഹിച്ചതു മറന്നു്. ആ ചണ്ഡാലികയ്ക്കു് ഇങ്ങനെയോ തോന്നിയതു്? ഇത്ര പാപിഷ്ഠയായവളാണോ എന്റെ സഹോദരിയായി ജനിപ്പിച്ചതു്? അയ്യോ! വിപരീതമേ! ഞാനെങ്ങനെ ഇതു വിശ്വസിക്കും. ദൈവമേ—എന്നു് അവൻ ദുഃഖിച്ചു.

ആ മനു—ഞാൻ പറയുന്നതെല്ലാം സത്യമാകുന്നു. എന്റെ വാക്കനുസരിച്ചു പ്രവർത്തിച്ചാൽ താരാഭായിയ്ക്കു രക്ഷകിട്ടും.

ദേവദ—ആ പ്രവൃത്തിയെ തടുക്കണമെന്നു താങ്കൾക്കു സിദ്ധാന്തമായി ആശയുള്ളതായി ബോധപ്പെട്ടിരിക്കുന്നു. ഔദാര്യവും ജീവകാരുണ്യവും നിറഞ്ഞ താങ്കളുടെ പ്രയത്നങ്ങളിലെല്ലാം ഞാൻ സസന്തോഷം ഒത്താശ ചെയ്യുന്നതിനു തയ്യാറായിരിക്കുന്നു. താങ്കളെ പൂർണ്ണമായി വിശ്വസിക്കത്തക്കവണ്ണം താങ്കൾ പ്രവർത്തിച്ചിരിക്കകൊണ്ടു മാർഗ്ഗം എങ്ങനെയാണെന്നുപദേശിക്കേണ്ട താമസമേയുള്ളൂ. ഞാൻ ഇതാ പുറപ്പെടുവാൻ തയ്യാറായിരിക്കുന്നു.

ആ മനു—കോക്കിലം വെച്ചുകൊണ്ടിരിക്കുന്നപാഷാണത്തിനും

പ്രതിവിധിയേ ഇല്ലെന്ന് അവർ വിശ്വസിച്ചിരിക്കുന്നു. എന്നാൽ "ഈ മരുന്ന് ഏതുതരം പാഷാണത്തിനും പ്രതിവിധിയായ മരുന്നാകുന്നു."

എന്നു പറഞ്ഞിട്ടു തന്റെ മടിക്കുത്തിലിരുന്ന ഒരു അളുക്കിൽനിന്നും കുറെ ഭസ്മമെടുത്തു ദേവദത്തന്റെ പക്കൽ ഒരു പൊതിയാക്കി കൊടുത്തു.

ദേവ:—ഞാനിതു കൊണ്ടുപോയി താരാഭായിയുടെ കൈയിൽ കൊടുക്കട്ടെയോ?

ആ മനു—ഓ! പയിത്യക്കാരാ! നീ എല്ലാവിവരവും പറഞ്ഞ് അവളെ വിശ്വസിപ്പിക്കാതെ അവൾ ഇതു തിന്നുമോ? അതു സാദ്ധ്യമല്ല. ഈ സംഗതി അവളോടു പറഞ്ഞാൽ അവളുടെ പ്രാണനാശത്തിന് അതുതന്നെ കാരണമാകുകയില്ലേ? അവൾ പിന്നെ ജീവനോടിരിക്കുമോ?

ദേവ—കോകിലത്തിന്റെ ഈ മഹാപരാധചിന്ത ആ പുരുഷനറിഞ്ഞിട്ടുണ്ടോ?

ആ മനു—അറിഞ്ഞിട്ടില്ല. അവൻ തന്റെ ഭാര്യയിൽതന്നെ ഏകാഗ്രമായ പ്രണയത്തോടുകൂടിയിരിക്കുന്നു. കോകിലത്തിനെയും അവൻ സ്നേഹിക്കുന്നുണ്ട്. താരാഭായി അറിയാതെതന്നെ അവൾ തിന്നുന്നതിനു മാർഗ്ഗമുണ്ടാകണം.

ദേവ:—താങ്കൾ പറഞ്ഞതു മനസ്സിലായി. അതെങ്ങനെ സാധിക്കണമെന്നുകൂടി പറഞ്ഞുതരണം.

ആ മനു:—അതു നിന്റെ തന്ത്രംകൊണ്ടുതന്നെ സാധിക്കും. ഞാൻ പറയുന്നതിനെ സശ്രദ്ധം കേൾക്കുക. ഇന്നു വൈകുന്നേരം വിജയമന്ത്രത്തിൽ ഒരു വിരുന്നുഘോഷം കൊണ്ടാടുന്നുണ്ട്. ആ അവസരത്തിൽ കോകിലം താരാഭായിയുടെ അടുക്കൽതന്നെ ഉണ്ടായിരിക്കും. താരാഭായി ഊണുകഴിക്കുന്നതിനുമുമ്പ് അവൾക്കു തയ്യാറാകുന്ന ഏതു ഭക്ഷണദ്രവ്യത്തിലെങ്കിലും അവൾ പാഷാണം കലർത്തി കൊടുക്കുന്നതാകുന്നു. ആ ഭക്ഷണം കഴിഞ്ഞതിനുശേഷം ഇരുപത്തിനാലുമണിക്കൂറിനുള്ളിൽ ഈ പ്രത്യൗഷധം ഉള്ളിൽ എത്തിയാൽ ആ വിഷശക്തി നശിച്ചുപോകും. നാളെ രാവിലെ നഗരത്തിലെ ഒരു ധനികന്റെ വിരുന്നിനായി വീരസിംഹൻ വെളിയിൽപോകും. ആ സമയം നീ അവിടെച്ചെന്നു താരാഭായിയുടെ ക്ഷേമത്തെ അന്വേഷിക്കുക എന്ന വ്യാജേന, അവൾക്കു കുടിക്കുവാനുള്ള ഏതെങ്കിലും പാനസാധനത്തിൽ കലർത്തി കൊടുക്കണം. ആ വിഷയം നിന്റെ യുക്തിശക്തിയെ ആശ്രയിച്ചിരിക്കുന്നു.

ദേവ—ഇടയ്ക്ക് എന്തെല്ലാമോ തടസ്സങ്ങളുണ്ടാകാം.

ആ മനു—ബുദ്ധിമാന്മാർക്ക് ഏതു തടസ്സവും ഗണ്യമല്ല. അതി

നോക്കെ സമാധാനം അപ്പോഴപ്പോൾ ഉണ്ടാകാതിരിക്കയില്ല. എന്റെ വാക്കുകളെ വിശ്വസിച്ചു ഞാൻ പറയുന്നതിൻവണ്ണം ചെയ്യുക. തീൎച്ചയായും ജയം ലഭിക്കും.

എന്നുപറഞ്ഞിട്ടു് ആ കസേരയിൽ നിന്നു് എഴുനേററു "സ്നേഹിത! ഞാൻ ആവശ്യപ്പെട്ടതുപോലെ പ്രവൎത്തിക്കുക. ഈ വിഷയം പരമരഹസ്യമായി നിന്റെ ചെറിയ ഹൃദയത്തിൽ ഭദ്രമായിസൂക്ഷിക്കുക. വിവേകം വിട്ടു് ഒരു വാക്കുപോലും പുറത്തുവിടാതെ, പുരന്ദരനിന്റെ സഹോദരിയുടെ പ്രവൃത്തി വെളിപ്പെടുകയും അവമാനംസംഭവിക്കുകയും ചെയ്യും. താരാഭായിയുടെ സുഖവും അടിയോടെ പറിഞ്ഞുപോകും. ജാഗ്രൂകനായും സ്ഥിരചിത്തനായും പ്രവൎത്തിക്കുക. നാളെ വൈകുന്നേരം വീണ്ടും നിനക്കു് എന്നെ കാണ്മാനിടയാകും എന്നുപറഞ്ഞു് അയാൾ മറഞ്ഞു.

ദേവദത്തൻ കുറേനേരം കണ്ണടച്ചുകൊണ്ടു് ആലോചനയിൽ മഗ്നനായിരുന്നു. പിന്നീടു കണ്ണുതുറന്നുനോക്കി. അപ്പോഴും താൻ തനിച്ചിരിക്കുന്നതുകണ്ടു. ഇതെല്ലാം വ്യാജമായിരിക്കുമോ എന്നുവിചാരിച്ചു തിരിഞ്ഞുനോക്കിയപ്പോൾ മേശപ്പുറത്തു് അടുക്കിവച്ചിരുന്ന ത്രപായിൽ അവന്റെ ദൃഷ്ടികൾ പതിഞ്ഞു. ഓ! ഹാ! എല്ലാം സത്യംതന്നെ. ആ! എന്റെ സഹോദരി! കോകില! നമ്മുടെ കുടുംബത്തിന്റെ ക്ഷേമത്തിനായി നീ ചെയ്യുന്ന സഹായം ഇതാണോ? പടുപാപി! നിനക്കിതിനു് എങ്ങനെ ധൈൎയ്യമുണ്ടായി. ബാല്യംമുതൽ തന്നുവളൎത്തിയ പോററിനും രക്ഷിച്ച രക്ഷയ്ക്കും ഇങ്ങനെയാണോ നീ പ്രത്യുപകാരം ചെയ്യാൻ ഒരുങ്ങിയതു്. മഹാപാതകി! നിന്നെ സ്മരിക്കുന്നതുതന്നെ മഹാപാപമാകുന്നു. എന്തോ നമ്മുടെ പുണ്യവിശേഷത്താൽ ഈ മഹാ പുരുഷൻ ഇവിടെ വരുന്നതിനും, നീ കൊടുത്തു കൊല്ലാൻതുടങ്ങുന്ന വിഷശക്തിയെ കളഞ്ഞു് ആ മഹതിയെ രക്ഷിക്കുവാൻ ശ്രമിക്കുന്നതിനും ഇടയായി.

കഷ്ടമേ! ഇത്ര ദയാവാനായ ആ മഹാൻ ആരെന്നു മനസ്സിലാകിയില്ല. എന്തു മൌഢ്യമായിരുന്നുപോയി? നാളെ വൈകുന്നേരം വരുമ്പോൾ അവശ്യം ചോദിച്ചറിഞ്ഞുകൊള്ളാം എന്നുവിചാരിച്ചു സമാധാനിച്ചിട്ടു മേശപ്പുറം ഇരുന്ന ത്രപായെടുത്തു സൂക്ഷിച്ചുവച്ചു. അപ്പോൾ കൊടുത്ത മരുന്നിൽ നിന്നു് അല്പമെടുത്തു നാക്കിലിട്ടു നോക്കി. അതിനു യാതൊരു ചുവയുമില്ലായിരുന്നു. നിറം വെള്ളത്തുല്യമിരുന്നു.

---

## അദ്ധ്യായം ൧൫.

താരാഭായി തന്റെ അന്തഃപുരത്തിലുള്ള ഒരു സോഫയിൽ ഇരുന്നിരുന്നു. അവളുടെമനസ്സിൽ എന്തോ ദുരവഗാഹമായ ചിന്ത ഏൎപ്പെട്ടു

ട്ടുകയാൽ ദാസികളെയെല്ലാം പുറത്താക്കി ഏകയായിരുന്നു വിചാരഭജനം തുടങ്ങി. അവളുടെ മുഖത്തു പൂർണ്ണസന്തോഷഭാവം കാണുന്നില്ല. എന്തോ ദുഃഖകരമായ ചിന്തകൾ സ്ഥലം പിടിച്ചിരിക്കുന്നു. തന്റെ നായകനായ വീരസിംഹൻ അടിക്കടി പുറത്തു സഞ്ചരിക്കുന്നതിൽ അഭിമുഖ്യമുള്ളവനായിത്തീർന്നിരിക്കുന്നു. രാത്രികാലങ്ങളിൽപോലും സഞ്ചരിയാതിരിക്കുന്നതിൽ അലംഭാവം കാണുന്നില്ല. ഇതിൽ എന്തോ ഒരു രഹസ്യമുണ്ടെന്നും അതെന്തെന്നറിവാൻ കഴിയുന്നില്ലെന്നുമുള്ള സംഗതികളാണു താരാഭായിയുടെ മനസ്സന്തോഷത്തെ നശിപ്പിച്ചുകൊണ്ടിരുന്നതു്. രാഹുഗ്രസനത്താൽ വിളർത്തു ചമഞ്ഞ ചന്ദ്രബിംബം എന്നപോലെ കാണപ്പെട്ട വീരസിംഹന്റെ മുഖപ്രകൃതി, ആ സാധ്വിയുടെ ഹൃദയാകാശത്തിന്റെ ചക്രവാളത്തെ ഭേദിച്ചു ദീർഘനിശ്വാസരൂപേണ ഒരു താപവർഷത്തെ ജനിപ്പിച്ചു. തന്റെ പ്രിയതമൻ തനിക്കു ദ്രോഹകരമായ പ്രസ്ഥാനത്തെ അംഗീകരിക്കുമെന്നു് ആ പരിശുദ്ധമനസ്വിനി സ്വപ്നേപി വിചാരിച്ചിട്ടില്ല. എന്നാൽ അയാളുടെ പ്രകൃതിക്കു ചില മാററങ്ങളുണ്ടായിട്ടുണ്ടെന്നു് അവൾ ഊഹിക്കാതിരുന്നുമില്ല. വിവാഹകാലം മുതൽ യാതൊരു ദേവാലയത്തിലും തന്നോടൊന്നിച്ചു വരുന്നതിനായി ക്ഷണിക്കപ്പെട്ടിട്ടും ഓരോ ഉപായങ്ങൾകൊണ്ടു കഴിച്ചുകൂട്ടിയതല്ലാതെ അതിനു തയ്യാറായി കണ്ടില്ല. രാത്രികാലങ്ങളിൽ ഉറക്കത്തിൽ ഭയപ്പെട്ടു ഉറക്കെ നിലവിളിക്കാറുണ്ടായിരുന്നു. പകൽ സമയങ്ങളിലും ഭയപ്പെട്ടവൻ എന്നപോലിരുന്നു വിറയ്ക്കുകയും മുഖം വിറ കരുവാളിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഏതോ ഒരു ഭയജനകമായ വിചാരം അയാളുടെ ഹൃദയത്തെ ആവരണം ചെയ്തിരുന്നതായി അവൾക്കു തോന്നി. താൻ എത്രതന്നെ ഇണങ്ങിയും പിണങ്ങിയും ചോദിച്ചിട്ടും അവന്റെ മനഃപീഡയുടെ കാരണങ്ങൾ ഒന്നുംതന്നെ അവളെ അറിയിച്ചില്ല.

തന്റെ വയററിൽ നിന്നു ജനിച്ച പെൺകുഞ്ഞിലുള്ളതിൽനിന്നു പ്രതാപവീരന്റെയും പത്മാവതിയുടെയും ശിശുവായ ആൺകുട്ടിയുടെമേൽ ശതാധികം വാത്സല്യം കൂടിയിരുന്നതായി അവന്റെ നടപടികളിൽ നിന്നു വ്യക്തമായി. അതിനുമുന്നു തനിക്കും ആ ശിശുവിന്റെമേൽ അധികമായ വാത്സല്യം വർദ്ധിച്ചുവന്നു. ഇതൊരു ദുശ്ശീലമാണെന്നു വിചാരിച്ചു് ആ വിചാരത്തെ മറയ്ക്കുവാൻ ശ്രമിക്കുന്തോറും അതു വർദ്ധിച്ചുവരുന്നതായിട്ടാണു് ബോധപ്പെട്ടതു്. നമ്മുടെ പെൺകുട്ടിയെ പത്മാവതിക്കു കൊടുത്താൽ അവളുടെ ആൺകുട്ടിയെ നമുക്കു തരുമോ എന്നു ചിലപ്പോൾ വ്യാമോഹത്താൽ ഓർക്കാറുണ്ടായിരുന്നു.

താനും പത്മാവതിയും ബാല്യംമുതൽ പ്രാണസ്നേഹത്തോടെ വളർന്നുവന്നതിനാൽ അവർക്കു പരസ്പരം സ്നേഹത്തിനും വിശ്വാസത്തിനും ദാർഢ്യം സംഭവിച്ചിരുന്നു. എങ്ങനെയുള്ള രഹസ്യമായാലും അവർത

മ്മിൽ പറയുക സാധാരണമാകുന്നു. ഒരിക്കൽ പത്മാവതി താരാഭായിയോട് ഇങ്ങനെ പറഞ്ഞു. തന്റെ പുത്രന്മാരോടുള്ളതിൽ എത്രയോ അധികം സ്ഥായി താരാഭായിയുടെ പുത്രിയുടെ മേൽ തനിക്കുണ്ടായിട്ടുണ്ട്. ഇതു തന്റെ മനഃശക്തിയെ കവിഞ്ഞു പ്രവൎത്തിക്കുന്നുവെന്നും, അതു് ഒരു പ്രിയജനത്തിന്റെ തന്നെ നിലയിൽനിന്നു വളരെ ദൂരം കവിഞ്ഞു പോകുന്നുവെന്നും, ഇതിലുള്ള രഹസ്യതത്വം തനിക്കു മനസ്സിലാകുന്നില്ലെന്നും ആകുന്നു. ഈ സംഭവവും താരാഭായിയുടെ ഉള്ളിൽ കണ്ണീരിനെ ജനിപ്പിച്ചു. അവൾക്കു തന്റെ ശിശുവിൽ പ്രേമം വൎദ്ധിച്ചു കിട്ടുവാൻ ചിലപ്പോൾ അവൾ ദൈവപ്രാൎത്ഥനകൂടി ചെയ്യാറുണ്ടായിരുന്നു.

ചിന്താസമുദ്രത്തിന്റെ തരംഗങ്ങളിൽ മുങ്ങിയും പൊങ്ങിയും താരാഭായിയുടെ മനസ്സ് ഉലഞ്ഞാടുന്നതിനിടയിൽ ഒരു തോഴിവന്നു "അവിടത്തെ കാണ്മാൻ ഒരാൾ സമയം ചോദിക്കുന്നു" എന്നറിയിച്ചു. അവൾ എഴുന്നേറ്റ് അന്തഃപുരത്തിനു പുറത്തുള്ള ഹാളിൽ ചെന്നു. അപ്പോൾ കോകിലത്തിന്റെ സഹോദരനും, തനിക്കു മുമ്പു വീരസിംഹന്റെ ഛായാപടം എഴുതി കൊടുത്തുവന്നുമായ ദേവദത്തൻ തന്റെ മുമ്പിൽ വണക്കത്തോടുകൂടി നില്ക്കുന്നതു കണ്ടു. "അവൾക്കു" അവന്റെ ദൎശനം അത്യന്തം സന്തോഷപ്രദമായി ഭവിച്ചു.

ആ! ദേവദത്തനോ! വരു വരു. ഇരിക്കു. കണ്ടിട്ടു കാലം കുറെയായി. ഈ നാട്ടിലെങ്ങും കണ്ടക്കാറെ ഇല്ല. അല്ലേ? ഞങ്ങളെ അന്വേഷിക്കുന്നതിനായിട്ടെങ്കിലും വരുമെന്നാശിച്ചിരുന്നു. കണ്ടതിൽ വളരെ സന്തോഷമുണ്ട്. സൌഖ്യമല്ലേ? നിന്റെ സ്നേഹിതരിൽ പ്രധാനികളായ ഞങ്ങളെ വിട്ടിട്ടു കടന്നുകളഞ്ഞു. ഇപ്പോൾ അപൂൎവ്വദൎശനമായിരിക്കുന്നു എന്നുപറഞ്ഞു. അവന്റെ വസ്ത്രാലങ്കാരങ്ങൾ കണ്ടു് അവന്റെ തല്ക്കാലസ്ഥിതി നല്ലതായിരിക്കുമെന്നും അവൾ വിചാരിച്ചു.

അവിടുന്നു് എന്റെ സഹോദരിയുടെമേൽ കൃപയോടുകൂടി അവളെ സംരക്ഷിക്കുന്നതിനെ ഞാൻ മറന്നിട്ടില്ല. ചില കാരണങ്ങളാൽ ചില സ്ഥലങ്ങളിൽ സഞ്ചരിക്കേണ്ടതായി വന്നു. അതിനാലാണു് അവിടത്തേക്കു മംഗളപ്രാൎത്ഥന ചെയ്വാൻ എനിക്കു സംഗതി വരാതെ പോയതു്. ഇപ്പോൾ വന്നുകണ്ടു നന്ദിയെ അറിയിച്ചു മംഗളപ്രാൎത്ഥന ചെയ്വാൻ വന്നതാണു്. എന്റെ തെറ്റിനെ ക്ഷമിക്കുമല്ലോ എന്നു ദേവദത്തൻ പറഞ്ഞു.

താരാഭായി—വളരെ സന്തോഷം. നിന്നെ ഈ നാട്ടിൽ എപ്പോൾ കണ്ടാലും അവശ്യം ഇവിടെ വന്നുതീരണം. നിന്നെക്കാണ്മാൻ എനിക്കു കൌതുകമുണ്ടു്. നിന്റെ വരവു ഞങ്ങൾ രണ്ടുപേൎക്കും സന്തോഷപ്രദമായേ ഇരിക്കുകയുള്ളു. കുറെ ഊണുകഴിച്ചിട്ടു പോയാൽ മതി.

ദേവദ—ഞാൻ ഇപ്പോൾ ഊണുകഴിച്ചേയുള്ളു.

താരാ——എന്നാൽ കുറെ കാഫി കുടിച്ചിട്ടുപോകാം. എനിക്കുകാഫിക്കു എല്ലാം തയ്യാറാക്കീട്ടുണ്ടു്.

എന്നു പറഞ്ഞിട്ടു തനിക്കും ദേവദത്തനും പ്രത്യേകം രണ്ടുമേശമേൽ കാഫികുടിക്കേണ്ടതു തയ്യാറാക്കുവാൻ ശട്ടംകെട്ടീട്ടു അവൾ മൂത്രവിസർജ്ജനത്തിനായി പുറത്തു പോയി. ഡാസി രണ്ടുമേശമേൽ ഓരോന്നായി പലഹാരങ്ങളും കാഫിയും കൊണ്ടുവന്നു, നിരത്തി വച്ചിട്ടു് അവളും പുറത്തുപോയി. ഈ അവസരം കണ്ടു ദേവദത്തൻ തന്റെ കൈയിൽതന്നെ മടക്കിപ്പിടിച്ചിരുന്നഭസ്മത്തെ അവളുടെകാഫിപ്പാത്രം തുറന്നു് അതിലിട്ടടച്ചു. താൻ ഉദാസീനൻ എന്നപോലെ ഒരറത്തു് ഒരു കസേരമേൽ ഇരുന്നു. താരാഭായി മടങ്ങിവന്നപ്പോൾ കാഫിക്കുള്ള ഒരുക്കങ്ങളെല്ലാം സജ്ജമായിരുന്ന ഭോജ്യാചിതമായ മേശപ്പുറത്തിരുന്നതിനെ അവളും, അവനായി തയ്യാറാക്കിയിരുന്നതിനെ അവനും ഉപയോഗിച്ചു. അവന്റെ ഉദ്ദേശം സാധിക്കയും അനുവാദത്തോടുകൂടി അവൻ മടങ്ങിപ്പോകയും ചെയ്തു.

കോകിലത്തിനു വിഷം കൊടുത്ത വൃദ്ധ, അതിനു പ്രത്യൗഷധമേയില്ല എന്നു പറഞ്ഞിരുന്നുവല്ലോ. എന്നാൽ ദീർഘകായനായ ആ വൃദ്ധൻ കൊടുത്ത പ്രത്യൗഷധം പിന്നെ എവിടെനിന്നുണ്ടായി? കോകിലത്തിന്റെ പ്രയോഗശക്തിയെ തടുക്കയും, താരാഭായിയുടെ പ്രാണനെരക്ഷിക്കയും, ദേവദത്തനുവേണ്ട ധനംകൊടുത്തു സഹായിക്കയുംചെയ്ത ആ മഹാമനസ്കൻ ആരു്? അയാൾ ഈ വിഷയങ്ങളിൽ ശ്രദ്ധവെപ്പാനുള്ള ഹേതു എന്തു്? എന്നീ ജിജ്ഞാസകൾക്കു ക്രമേണ സമാധാനം ലഭിക്കുന്നതാകുന്നു.

മേലെഴുതിയ സംഭവങ്ങൾ നടന്നു നാലഞ്ചുമാസങ്ങൾ കഴിഞ്ഞു. ഇതിനുള്ളിൽ വാമനൻ രണ്ടുമൂന്നുപ്രാവശ്യം ലടകമിത്രനെ ഭയപ്പെടുത്തി കനകാംഗിയോടു പണംതട്ടിപ്പറിച്ചുകൊണ്ടുപോയിരുന്നു. അവൾക്കു് ഈ അപകടത്തിൽ നിന്നു രക്ഷ കിട്ടുവാൻ തരമില്ലാതെ ദേവദത്തന്റെ വരവുംകാത്തിരിക്കുകയായിരുന്നു.

താരാഭായിയെ കൊലപ്പെടുത്തി ആസ്ഥാനം അപഹരിക്കുവാൻ കോകിലം ചെയ്ത പ്രയത്നത്തിന്റെ കാലാവധിഏകദേശംമുക്കാലായിരിക്കുന്നു. ഇതിനിടയിൽ അപായകരമായ ദശാന്തരഭേദങ്ങളും താരാഭായിയുടെ മുഖത്തു സ്ഫുരിച്ചുകണ്ടില്ല. എന്തോ ഒരവ്യക്തമായ മനസ്താപത്തിന്റെ ഛായയല്ലാതെ പറയത്തക്ക യാതൊരു ഭാവഭേദങ്ങളുമുണ്ടായിരുന്നില്ല. "ആ വൃദ്ധ ചതിച്ചുകളഞ്ഞോ? ആറേഴുമാസങ്ങൾ ഇപ്പോൾ വ്യർത്ഥമായി കഴിഞ്ഞുകൂടിയിരിക്കുന്നു. ഒരുസമയം ആയുസ്സിന്റെ മാത്ര കുറഞ്ഞുപോയോ" എന്നിങ്ങനെ പല ചിന്തകൾക്കും അവളുടെ ഹൃദയം വാസനിലയനമായി ഭവിച്ചു. അവളെക്കൊണ്ടും കാര്യം നേടിയില്ല. ഇനി ഒരു പ്രാവശ്യംകൂടി അവളെ കണ്ടിട്ടു വരണം

എന്നിങ്ങനെ വിചാരിച്ചിട്ട് ഒരുദിവസം രാത്രിയിൽ കോകിലം ആശി ചാരക്കാരിയായ വൃദ്ധയെ കാണ്മാൻ പുറപ്പെട്ടു. പതിവിൻ പ്രകാരംവാതലിൽ വിരൽപ്രയോഗം തുടങ്ങി. വളരെനേരം കഴിഞ്ഞിട്ടും മറുവടിയേ ഇല്ല. ആരും അതിനുള്ളിൽ സഞ്ചരിക്കുന്നതായ കാൽപെരുമാറ്റവും കേട്ടില്ല.

“ഓഹോ! വൃദ്ധ തന്റെ പണിയിൽ ശ്രദ്ധയെടുത്തിരിക്കുകയായിരിക്കും! അതുകൊണ്ടായിരിക്കാം ഞാൻ കതകിൽ തട്ടിയതു് അവരം കേൾക്കാതിരിക്കുന്നതു്” എന്നു തന്നത്താനെ പറഞ്ഞുകൊണ്ടു വീണ്ടും കതകിൽമുട്ടി. എന്നിട്ടും ഉത്തരമില്ല. അവൾ കതകിന്റെ ഒരു പാളി പിടിച്ചുപൊക്കി. അതോടെ കതകുതുറന്നുപോയി. പതുക്കെ കതകടച്ചിട്ടു, വൃദ്ധ ഇരിക്കുന്ന ആ അറയിൽ ചെന്നു. അവിടെ നല്ലപോലെ ഒരു വിളക്കു് എരിഞ്ഞുകൊണ്ടിരിക്കുന്നു. ആ വൃദ്ധ ചെറിയ ബോയിലറിന്റെ സമീപത്തു് ഇരിക്കുന്നു എന്നാൽ അവളുടെ ദേഹം അതിൽ ചാഞ്ഞു കുമ്പിട്ടുപോയിരുന്നു. ഇതെന്താണെന്നു വിചാരിച്ചു കോകിലം അവളുടെ അടുക്കൽ ചെന്നു. അപ്പോൾ ഒരു വല്ലാത്ത ഗന്ധം അവളുടെ മൂക്കിൽക്കൂടി കയറി ശിരസ്സിനെ മന്ദിപ്പിച്ചു. ഉടൻ ജനാലകൾ തുറന്നുവിട്ടു. പുറത്തുനിന്നും ശുദ്ധവായു ഉള്ളിൽ കടന്നു് അവിടെയുള്ള വിഷവായുവിൽ കലർന്നു രണ്ടുംകൂടി പുറത്തേക്കു പ്രവഹിച്ചു. വായുപ്രവാഹം കഴിഞ്ഞിട്ടും വൃദ്ധ അനങ്ങുന്ന ശബ്ദമേ ഉണ്ടായില്ല.

ആ സമയം കോകിലത്തിന്റെ ഉള്ളിൽ പെട്ടെന്നു് ഒരു സന്ദേഹം ജനിച്ചു. അവളുടെ ദേഹം ഒന്നുമരവിച്ചു. ഛേ! അങ്ങനെ വരില്ല. എന്നു സമാധാനപ്പെട്ടിട്ടു് അവൾ വീണ്ടും വൃദ്ധയുടെ അടുത്തുചെന്നു. അവൾ മേശയോടുസമീപിച്ചപ്പോൾ അവളുടെ കാലുകളിൽ എന്തോ തട്ടിയെന്നു തോന്നി. ഉടൻ ചില സാധനങ്ങൾ മെതിപ്പെട്ടുടഞ്ഞതായി മനസ്സിൽപ്പെട്ടു. കുനിഞ്ഞു് അതെന്താണെന്നു നോക്കി. അതു വൃദ്ധയുടെ മുഖംമൂടുന്ന കണ്ണാടികൊണ്ടുണ്ടാക്കപ്പെട്ട ഉറയാണെന്നു ബോധപ്പെട്ടു. അതു പൊട്ടി നാലുപാടും ചിതറിക്കിടന്നിരുന്നു. അവളുടെ ഉള്ളിൽ ജനിച്ച സന്ദേഹം അധികമായി വർദ്ധിച്ചു. പെട്ടെന്നു ധൈര്യമവലംബിച്ചു കുനിഞ്ഞുവൃദ്ധയുടെമുഖത്തുനോക്കി സന്ദേഹം സ്ഥിരീകരിച്ചു. വൃദ്ധ ലോകത്തോടു യാത്രപറഞ്ഞു ദുഷ്കർമ്മഫലത്തോടുകൂടി എന്നെന്നേക്കുമായി ഭൂതലത്തെ വിട്ടു പിരിഞ്ഞിരിക്കുന്നു. ഇനി അവളെ കാണണമെന്നുള്ളവർ മഹാനഗരശ്മശാനങ്ങളിലൊന്നിൽതന്നെ അന്വേഷിക്കേണ്ടിയിരിക്കുന്നു. ഏതോ ബാഷ്പദ്രാവകം ഇറക്കിയെടുത്തുകൊണ്ടിരുന്നപ്പോൾ അവളുടെ മുഖംമൂടി താഴത്തു വീണുപോയനിമിത്തം, ആ ദ്രാവകത്തിന്റെ മരണകരമായ ഗ്യാസ് ശ്വസിക്കുന്നതിനും അതിനാൽ മരിച്ചുപോകുന്നതിനും സംഗതിയായതാണെന്നു കോകിലം ഊ

ഷിച്ചു. കാരണം എന്തുതന്നെയായാലും വൃദ്ധയുടെ ഉച്ചൈർജ്ജയധ്വനി വായുമണ്ഡലത്തിൽ ലയിച്ചുപോയി.

വൃദ്ധയുടെമുഖം സാധാരണമായിതന്നെ അല്പം ഭയജനകമായിരുന്നു. ഈ പതനത്തിൽ അതു് അത്യന്തം ഭയങ്കരമായ രൂപമായി പരിണമിച്ചിരിക്കുന്നു. കോകിലത്തിന്റെ ധീരതയെ, ആ നിർജ്ജനസ്ഥിതിയും, മരണംകൊണ്ടു ഭയജനകമായ സന്ദർഭസ്ഥിതിയും കൂടി ഒന്നുവന്നതായ ആ അസമയത്തിൽ ശക്തിയോടുകൂടി മനസ്സിലുറപ്പിക്കുവാൻ അവർ കഴിയുന്ന യത്നം ചെയ്തു. എന്നാൽ അതു് ഉജ്ജ്വലിച്ചു പൊട്ടിച്ചോർന്നൊലിച്ചുപൊയ്പ്പോയി. ഇനി ഇവിടെനില്ക്കുന്നതു നന്നല്ല എന്നു വിചാരിച്ചു മടങ്ങി സ്വഗൃഹത്തിലേക്കുപോയി.

ആ വൃദ്ധയുടെ മരണത്തെക്കുറിച്ചു അവർക്കു സന്താപമുണ്ടായില്ല. എന്നാൽ താൻ കെട്ടിപ്പൊക്കിക്കൊണ്ടുവന്ന ആശാസൗധം അടിയിളകി മറിഞ്ഞുപോയതിൽ അതിരില്ലാതെകണ്ടു വ്യസനിച്ചു. വൃദ്ധ ജീവിച്ചിരിക്കുന്ന പക്ഷത്തിൽ തനിക്കു വിജയപുരം പ്രഭുവിന്റെ പട്ടമഹിഷീസ്ഥാനം കൈമാററംകിട്ടുമെന്നു് അവർ ഉറപ്പായി വിശ്വസിച്ചിരുന്നു. ആ വിശ്വാസമാണു് ഈ അവസരത്തിൽ തകർന്നുപോയതു്. നല്ലതായാലും ചീത്തയായാലും പ്രവൃത്തികൾക്കെല്ലാം ഓരോ ഉദ്ദേശങ്ങൾ ഉണ്ടായിരിക്കും. എന്നാൽ ഫലം എപ്പോഴും ഉദ്ദേശത്തിനു് അനുരൂപമായിരിക്കയില്ല. സദുദ്ദേശത്തോടുകൂടിയുള്ള യത്നങ്ങൾ പ്രായേണ ഇഷ്ടഫലപ്രാപ്തിയെ അടയുന്നതായിരിക്കുമെന്നതും അധികം തെററില്ലാത്തൊരു പരമാർത്ഥമാകുന്നു. അവരുടെ ഹൃദയം അസംഭിന്നവും അസംകോചവുമായി, അചഞ്ചലമായ ധീരോദാത്തതയേയും സ്ഫുടമായ സന്തോഷത്തിന്റെ വികാസതയേയും അവലംബിച്ചുതന്നെയിരിക്കും.

അക്കഥ അങ്ങനെ നില്ക്കട്ടെ. നമുക്കു് അല്പസമയത്തേക്കു മറെറാരടിക്കിലെ സ്ഥിതികൾ പരിശോധിക്കേണ്ടിയിരിക്കുന്നു. മുമ്പറഞ്ഞ ചക്രവർത്തിയുടെ നഗരമായ നീലേശ്വരത്തിൽ നിന്നും ഉദ്ദേശം നൂറുമൈൽ കിഴക്കുമാറി അവന്തിരാജ്യം സ്ഥിതിചെയ്യുന്നു. അവന്തിയിലെ പ്രധാനനഗരമായ കുശസ്ഥലി സകലൈശ്വര്യങ്ങൾക്കും ഇരിപ്പിടമായ ഒരുത്തമദേശമായിരുന്നു. ആ നഗരത്തിനു സമീപത്തുള്ള ഒരു ഉപവനത്തിൽക്കൂടി ഒരു വഴിയാത്രക്കാരൻ കുതിരപ്പുറത്തു യാത്രചെയ്തുകൊണ്ടിരുന്നു. ആ വനത്തിലെത്തിയപ്പോൾ സൂര്യൻ അഞ്ചുമണിയോടടുത്തിരുന്നു. ആ വനഭൂമിയിലുള്ള വൃക്ഷദലങ്ങളിൽ തട്ടിപ്രകാശിച്ച സൂര്യകരങ്ങൾ, പീതവർണ്ണംകൊണ്ടു ആ ദലങ്ങളെ തങ്കത്തകിടുകൾപോലെ പ്രകാശിപ്പിച്ചു. പ്രാപഞ്ചികസുഖങ്ങളേററു കണ്ണുംകരളുംമയങ്ങിയ പ്രാണിവർഗ്ഗത്തോടു സായാഹ്നസാന്ത്വനം പറഞ്ഞു പിരിയുന്ന ആ ദിനനാഥനെ ചുള്ളിക്കൊമ്പുകളിലിരുന്നു ആശംസിക്കുന്ന

പക്ഷികളുടെ കളകണ്ഠനിസ്വനങ്ങൾ നാലുപാടും കേട്ടുതുടങ്ങിയിരിക്കുന്നു. ഭൂതലം ഇരുൾകൊണ്ടു, കറുത്തപടം വിരിച്ചതുപോലെ നിറഞ്ഞുതുടങ്ങുന്നു. ഒററയടിപ്പാതകണ്ടു സ്വച്ഛന്ദം യാത്രയെ തുടരുവാനുള്ള സൌകൎയ്യം മിക്കവാറും നീങ്ങിയിരിക്കുന്നു.

നമ്മുടെ പാന്ഥൻ കുതിരയെ സാവധാനം നടത്തി, നാലുപുറവും സൂക്ഷിച്ചുപരിശോധിച്ചുകൊണ്ടു പൊയ്ക്കൊണ്ടിരുന്നതു വഴിതെററിയതുകൊണ്ടാണോ എന്നു സന്ദേഹം ജനിക്കാതിരിക്കയില്ല. ആ! സന്ധ്യയ്ക്കുമുമ്പ കുശസ്ഥലിയിൽ ചെന്നുചേരാം എന്നു സത്രത്തിലിരുന്നു വഴിപറഞ്ഞുതന്നവരുടെ അനുമാനം തെററിപ്പോയിരിക്കുന്നു. ഇനിയും വനത്തിന്റെ പൎയ്യവസാനം കണ്ടില്ല. വഴിയും ഇരുൾ ചൂഴ്ന്നുപോകയാൽ സഞ്ചാരവും പ്രയാസമെന്നപോലെ ആയിരിക്കുന്നു. വഴിതെററിപ്പോയോ എന്നും അറിഞ്ഞില്ല എന്നു ആ പാന്ഥൻ തന്നത്താനേ വിചാരിച്ചു. ഏകദേശം രണ്ടുനാഴിക ഇരുട്ടിയസമയം ഒരു വിസ്താരമായ റോഡിൽ ചെന്നുചേൎന്നു.

ഓ! നഗരമായി. കാടുകഴിഞ്ഞു. ഇനി അധികം ഭയപ്പെടാനില്ല. കുടിയിടകൾ അടുത്തുതന്നെയുണ്ടായിരിക്കണമെന്നു അവൻ വീണ്ടും വിചാരിച്ചുകൊണ്ടു കുതിരയെ മുറുകെ നടത്തിപ്പോയി. എന്നാൽ ആ മാൎഗ്ഗം നേരെ കുശസ്ഥലിക്കോ മറെറതെങ്കിലും സ്ഥലത്തേക്കോ ഉള്ളതെന്നറിവാൻകഴിയാതെ അയാൾ വീണ്ടും കുഴങ്ങി. ചോദിച്ചറിയുവാൻ വഴിയിൽ യാതൊരാളെയും കാണ്മാനില്ല. എന്തുചെയ്യും. കുറച്ചുനേരം കുതിരയെ നിറുത്തിക്കൊണ്ടുനിന്നു. വല്ലവരും ആ വഴിവരുന്നുണ്ടോ എന്നു പരീക്ഷിച്ചു. അരമണിക്കൂർനേരം നിന്നിട്ടും ആരെയും കാണ്മാനുണ്ടായില്ല. ഇങ്ങനെ നിന്നാൽ ഫലമെന്തു് എന്നു വിചാരിച്ചു ദൈവസ്മരണയോടുകൂടി പിന്നെയും യാത്രയെ തുടൎന്നു. ഏകദേശം രണ്ടുമൈൽ ദൂരം ചെന്നപ്പോൾ, ഒരുദീപം എരിഞ്ഞുകൊണ്ടിരിക്കുന്നതായി കാണപ്പെട്ടു. അവിടെ ആളുകളുണ്ടാകും എന്നു നിശ്ചയിച്ചിട്ടു കുതിരയെ വേഗത്തിൽവിട്ടു. പോകപ്പോകെ ആ ദീപം തന്റെനേരെ വരുന്നതായി തോന്നി. ചില കുതിരകളുടെ കാലടികൾ പതിയുന്ന ശബ്ദങ്ങളും ചെവികളിൽ പതിഞ്ഞു. ദീപം അടുത്തുവന്നു. അതുകണ്ടു കള്ളന്മാരോ പിടിച്ചുപറിക്കാരോ ആയിരിക്കുമെന്നു ഭയപ്പെട്ടു വഴിയോരത്തിൽ മറഞ്ഞുകളയാമെന്നു തോന്നി. ഛേ! അങ്ങനെയായിരിക്കയില്ല. അവർ ഇങ്ങനെ വലിയ റാന്തൽവിളക്കും കൊണ്ടു നടക്കുക സാധാരണമല്ല. അതിനാൽ അവരായിരിക്കാനിടയില്ല എന്ന സമാധാനചിന്ത, അയാൾക്കു ഉത്തരക്ഷണത്തിൽ മാൎഗ്ഗക്ഷമമായ ധീരതയെ നല്കി. ഉടൻതന്റെ കൈത്തോക്കു ശരിപ്പെടുത്തി ഏഴുവെടികൾ തുടൎന്നയയ്ക്കുവാൻ തയ്യാറാക്കി വച്ചുകൊണ്ടു കുതിരയെ മന്ദമന്ദം നടത്തി.

ദീപപ്രകാശംകൊണ്ടു മൂന്നാളുകൾ കുതിരപ്പുറത്തുകയറി വരുന്നതു കാണാമായിരുന്നു. അവരുടെ മുമ്പിലായി ഒരാൾ ഒരു വലിയ റാന്തൽവിളക്കും പിടിച്ചുകൊണ്ടു നടക്കുന്നുണ്ടു്. അവന്റെ പുറകിലായി ഒരാളും, അയാളുടെ പുറകിലായി അണിചേർന്നു രണ്ടുപേരും വരുന്നതും വ്യക്തമായിക്കണ്ടു. അവർ അധികം സമീപിച്ചു. അവരുടെ പാന്ഥൻ വഴിയൊഴിഞ്ഞു റോഡിന്റെ വക്കിലായി നീങ്ങി കുതിരയെ നിറുത്തി എതിരാളികളെ സൂക്ഷിച്ചു. നടുവിൽ വരുന്ന ആൾ ഒരുയർന്ന സ്ഥിതിയിലുള്ള ആളെന്നു് അയാളുടെ വസ്ത്രാലങ്കാരങ്ങൾകൊണ്ടു അനുമാനിച്ചു. അയാൾക്കു് അൻപതിനുമേൽ പ്രായവുമുണ്ടായിരിക്കുമെന്നു പാന്ഥൻ ഊഹിച്ചു. പുറകിലുള്ള രണ്ടുപേരും ഭൃത്യന്മാരായിരിക്കുവാനുള്ള വേഷവിധാനങ്ങളോടുകൂടിയവരായിരുന്നു.

ആ മൂന്നുപേരും നമ്മുടെ പാന്ഥന്റെ സമീപമെത്തി. ഒരാൾ കുതിരപ്പുറത്തു നിൽക്കുന്നതു കണ്ടു് അവരും കുതിരകളെ നിറുത്തി. പുറകിൽ വന്നവരിൽ ഒരുവൻ മുമ്പോട്ടു കടന്നു്, കൈത്തോക്കു നീട്ടിക്കൊണ്ടു്, നമ്മുടെ യാത്രക്കാരനോടു "നീ ആര്" എന്നു് ഉച്ചലനത്തോടുകൂടിച്ചോദിച്ചു.

പാന്ഥൻ:— ഞാൻ ഒരു യാത്രക്കാരൻ വഴിതെറ്റി ഇവിടെ നില്ക്കുകയാണു്. കുശസ്ഥലിയിലേക്കു പോകണം. ദയവുചെയ്തു് അവിടെപ്പോകുന്നതിനു നേരായ മാർഗ്ഗവും, ഇവിടെനിന്നുള്ള അകലവും പറഞ്ഞുതന്നാൽ ഞാൻ കൃതജ്ഞനായിരിക്കും.

പാന്ഥന്റെ മര്യാദയുള്ള വാക്കുകളും വിനയപ്രകൃതിയും കണ്ടു് ആ കൂട്ടത്തിലെ നായകൻ പാന്ഥന്റെ അടുക്കൽചെന്നു് അയാളുടെ മുഖത്തു നോക്കി. നീ മര്യാദക്കാരനാണെന്നു തോന്നുന്നു. നീ വഴി തെറ്റി വിപരീതമായി നടന്നിരിക്കുന്നു. ഞങ്ങളും കുശസ്ഥലിയിൽ പോകുന്നവരാണു്. ഞങ്ങളോടൊന്നിച്ചു വരാൻ പ്രിയമുണ്ടോ എന്നു ചോദിച്ചു.

പാന്ഥൻ — അങ്ങളോടുകൂടെ വന്നുകൊള്ളുവാൻ അനുമതി നൽകിയതിലേക്കു പ്രത്യേകം നന്ദിപറഞ്ഞുകൊള്ളുന്നു

നായകൻ — അങ്ങനെതന്നെ. കൂടെ പോന്നുകൊള്ളുക.

നായകൻ — നിങ്ങളുടെ സ്വന്തരാജ്യം ഏതു്?

പാന്ഥൻ — ഞാൻ നീലേശ്വരത്തിൽ നിന്നു വരുന്നു.

നായകൻ — കുശസ്ഥലിയിൽ ആരെ കാണ്മാൻ പോകുന്നു?

പാന്ഥ — ഞാൻ പല നഗരങ്ങൾ കാണ്മാൻ പുറപ്പെട്ടിരിക്കുകയാണു്. കുശസ്ഥലിയിൽ എനിക്കു പരിചയമുള്ളവർ ആരുമില്ല. ചെന്നുചേർന്നാൽ ആദ്യം ഒരു ഹോട്ടലിൽതന്നെ തങ്ങേണ്ടിയിരിക്കുന്നു. പിന്നീടു് ഒരു ധനവാനെ കാണേണ്ടതുണ്ടു്. അതിലേക്കു് ഒരു ശുപാർശിക്കത്തു കൊണ്ടുവന്നിട്ടുണ്ടു്. എന്നാൽ ആ മഹാനെക്കൊണ്ടു എന്തെങ്കി

ലും സഹായം വേണമെന്നു തോന്നുന്നുവെങ്കിൽ മാത്രമേ അദ്ദേഹത്തെ കാണ്മാനും വിചാരിക്കുന്നുള്ളു. വലിയആളുകളെ വെറുതെ ബുദ്ധിമുട്ടിക്കുവാൻ എനിക്കു സമ്മതമില്ല.

നായക--എത്രനാൾ അവിടെതാമസമുണ്ടായിരിക്കും?

പാന്ഥ:--ഞാൻ ഒരു ചിത്രമെഴുത്തുകാരനാകുന്നു. കുശസ്ഥലിക്കു സമീപം പ്രകൃതിവിശേഷത്താൽ വിഭിന്നങ്ങളായരാമണീയകങ്ങളുണ്ടങ്ങളോടുകൂടിയ, വനം, ഉപവനം, പർവ്വതം, മുതലായവ ഒരു ചിത്രകാരന്റെമനസ്സിനു സമുല്ലസിതങ്ങളായ മനോധർമ്മവ്യാപാരത്തെ ഉദ്ദീപിപ്പിക്കുന്നവയാകുന്നു. അവയെല്ലാം നോക്കി നോട്ടെടുത്തശേഷം, ആ നഗരം അധിവാസയോഗ്യമായി തോന്നുകയും സഹായം ആവശ്യമെന്നു വിചാരിക്കുകയും ചെയ്യുന്നതായാൽ കുറച്ചുകാലം അവിടെയിരുന്നു് ആവക മനോവ്യാപാരങ്ങൾ ഉപയോഗിക്കുന്നതിനും, അല്ലാത്തപക്ഷം മറ്റൊരു നഗരത്തിലേക്കു പോകുന്നതിനും സംഗതിയായേക്കാം.

നായക--അഹാ! ചിത്രമെഴുത്തോ?നിങ്ങൾക്കു ഗുരുപാദിക്കുന്നതു് ആരാണു്?

പാന്ഥൻ--നീലശപത്തിൽ ഛായാപടങ്ങൾ വില്ക്കുന്ന ഒരു പ്രസിദ്ധനായ വ്യാപാരി.

നായക.--(അല്പം) ആലോചിച്ചിട്ടു്. ആ മനുഷ്യന്റെ പേരെന്തു്?

പാന്ഥൻ--വിജയചന്ദ്രസേനൻ എന്നാണു്.

നായക--വിജയചന്ദ്രസേനനോ? ആഹാ! ഇവിടെ ആരുടെ പേക്കാണു് എഴുത്തു തന്നിരിക്കുന്നതു്?

പാന്ഥൻ--പ്രബുകുമാരമോഹനന്റെ പേക്കു്.

നായകനായ ആ പ്രബു പാന്ഥന്റെ സമീപത്തു് അണഞ്ഞിട്ടു തോളിൽ തട്ടി ഹാ! സമർത്ഥ! ദൈവം നാം രണ്ടുപേരെയും മദ്ധ്യേമാർഗ്ഗം സംഘടിപ്പിച്ചിരിക്കുന്നു. പ്രബുകുമാരമോഹനൻ ഞാനാണു്. തേടിയവള്ളി കാലിൽതന്നെ ചുററിയിരിക്കുന്നു. വളരെക്കാലമായി എന്നോടു വിജയചന്ദ്രസേനൻ വ്യാപാരത്തിൽ സംബന്ധിച്ചിട്ടു്. അദ്ദേഹം മഹാസത്യവാനും നീതിമാനുമാണു്. അദ്ദേഹത്തിന്റെ ഗുരുപാദരാണെങ്കിൽ നിങ്ങളെക്കുറിച്ചു് എനിക്കു പ്രത്യേകം അന്വേഷിക്കേണ്ട ആവശ്യമില്ല. നിങ്ങൾ ഹോട്ടലിലേക്കു പോയിക്കൂട. എന്റെ ചെറിയ ഭവനത്തിൽ എന്നോടൊന്നിച്ചു ഈ നഗരത്തിൽനിന്നുമടങ്ങിപ്പോകുന്നതുവരെ പാർത്തുകൊള്ളുക. നിങ്ങളുടെ അഭിവൃദ്ധിക്കു വേണ്ട ഒത്താശകളെല്ലാം ചെയ്യുവാൻ ഞാൻ സന്നദ്ധനാകുന്നു. നിങ്ങൾ എന്റെ വാക്കുതെററി നടക്കുകയില്ലെന്നു ഞാൻ വിശ്വസിക്കുന്നു.

ഏററവും ഔദാര്യപാരമ്യമായ വാക്‌സുധയേററു് പാന്ഥന്റെ

ഹൃദയം തണുത്തു സുഖനിഷ്യന്ദിയായി പരിണമിച്ചു. അല്ലയോ? മഹാ ത്മൻ! താങ്കളുടെ ദീനദയാലുത്വവും, അൻപും, ഔപചാരികമായ സുമ നസ്ഥിതിയെയും, അഭിലഷണീയമായ ഉൽകർഷത്തെയും, അനിതരസാ ധാരണമായ ഉന്നതിയെയും താങ്കൾക്കു് അന്വർത്ഥമായിതന്നെ ദൈ വം നല്കിയിരിക്കുന്നു. താങ്കൾ ഒരു ദേവദൂതനെപ്പോലെ മാർഗ്ഗവിഭ്ര മംകൊണ്ടു കുഴങ്ങിയ എന്നെ, മദ്ധ്യമാർഗ്ഗം തടഞ്ഞുനിറുത്തി ആശ്വാ സിപ്പിച്ച ഈ പരിശുദ്ധാനിലയെ എനിക്കു് ഒരു കാലത്തും മറന്നുകള വാൻ കഴിയുന്നതല്ല. ഈ ഔദാര്യത്തിന്നു ഞാൻ എന്നും കടപ്പെട്ടിരിക്കു ന്നു എന്നു ആ പാന്ഥൻ ദീനതയോടുകൂടി പറഞ്ഞു.

പ്രഭുകുമാരമോഹനൻ:—നിന്റെ മര്യാദയുള്ള ശീലം നിനക്കു എ വിടെയും വിജയലാഭത്തിന്നു അർഹമായിത്തീരുന്ന ഇരിക്കുന്നു. ഒരുവ ന്റെ കോടീശ്വരത്വമോ നിർദ്ധനസ്ഥിതിയോ ഗണ്യങ്ങളല്ല. അതു ര ണ്ടും മനുഷ്യശക്തിയെ കവിഞ്ഞു നില്ക്കുന്ന ഫലങ്ങളാകുന്നു. ഒരു കോ ടീശ്വരൻ ക്ഷണംകൊണ്ടു പാപ്പരാകുന്നതും ഒരു നിർദ്ധനൻ നേരെമറിച്ചു കോടീശ്വരനാകുന്നതും ലോകത്തിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന മാററ ങ്ങളാകുന്നു. എന്നാൽ ദാരിദ്ര്യസ്ഥിതിയിലും കോടീശ്വരസ്ഥിതിയിലും സ്വഭാവത്തിന്നു മാററം വരുത്താതെ നിർത്തിക്കൊണ്ടുപോകുന്ന ആ ഉൽ കൃഷ്ടസുമനസ്ഥിതി ഗണ്യമായതാകുന്നു. ആ അപൂർവ്വഗുണംകൊണ്ടു ശോഭിക്കുന്നവർ ക്രമേണ നല്ലസ്ഥിതിയെ പ്രാപിക്കാതിരിക്കയില്ല. നിന്റെ പേരെന്തു്?

പാന്ഥൻ—എന്റെ പേർ ദേവദത്തൻ എന്നാണ്.

പ്രഭുകുമാ—നന്നായ്!

അവർ വഴിമദ്ധ്യേ ഓരോ നേരമ്പോക്കുകളും പറഞ്ഞു സുമാർ എട്ടുമണിക്കു് ആനന്ദനഗരത്തിലെത്തി. ആ നഗരം ഐശ്വര്യഭൂയിഷ്ഠ മായ നഗരങ്ങളിൽവെച്ചു് ഏററവും പ്രധാനപ്പെട്ടവയിലൊന്നാകുന്നു. അവിടത്തെ കൂടാരഗോപുരങ്ങളും മേടമാളികകളും ആരെയും വിസ്മയാധീ നന്മാരാക്കാതിരിക്കയില്ല. അവർ ഒരു വലിയ റോഡിൽകൂടി നടന്നു് ഒ രു ഉന്നതമായ സൌധത്തിന്റെ മുമ്പിൽ യാത്രയെ അവസാനിപ്പിച്ചു. നാലുപേരും കുതിരകളിൽ നിന്നിറങ്ങി ആ സൌധത്തിന്റെ ഉള്ളിൽ പ്രവേശിച്ചു. വാതൽ കാത്തുനില്ക്കുന്ന ഭൃത്യന്മാർ അവരെ അകത്തു കൂ ട്ടിക്കൊണ്ടുപോയി. അനന്തരം കുതിരകളെ കൊണ്ടുപോയി ലായത്തി ൽകെട്ടി പുല്ലു കൊടുത്തിട്ടു വേലക്കാർ വീണ്ടും യജമാനന്റെ ആജ്ഞ യെ പ്രതീക്ഷിച്ചു നടയിൽ നിന്നു. ദേവദത്തന്നു പ്രത്യേകം ഇരിക്കുവാ ൻ ഒരു നല്ല മുറി (അകം) ഒഴിഞ്ഞുകൊടുത്തു. പിന്നീടു എല്ലാവരും ഭ ക്ഷണം കഴിച്ചു് അവരവർക്കു ശയിക്കുവാനായി തയ്യാറാക്കിയ സ്ഥാ നങ്ങളിലെത്തി നിദ്രയെ വരിച്ചു. ദേവദത്തൻ സന്തോഷാധിക്യത്താൽ സന്തുഷ്ടചിത്തനായി ഗാഢനിദ്രയെ പ്രാപിച്ചു.

# അദ്ധ്യായം ൧൩.

ദേവദത്തൻ അടുത്ത ദിവസം രാവിലെ ഉണൎന്നു പുറത്തിറങ്ങി തോട്ടത്തിൽ ബാഹ്യകൎമ്മത്തിനായി പുറപ്പെട്ടു. ശൌചവിധികൾ കഴിഞ്ഞു വീണ്ടും താൻ ശയിച്ച അറയിൽ ചെന്നു. അപ്പോഴേക്കു സൂൎയ്യപ്രകാശം നല്ലപോലെ വ്യാപിച്ചു കഴിഞ്ഞിരുന്നു. ആ അറയിലുള്ള വിശേഷങ്ങളെ പരിശോധിച്ചു. ചുവരുകളിൽ പല തരത്തിലും ഭംഗിയിലും എഴുതപ്പെട്ട ഛായാപടങ്ങൾ തൂക്കിയിരുന്നു. മേശ, കസേരകൾ, ചാരുകസേരകൾ, സോഫാ മുതലായ സാധനങ്ങൾ വൃത്തിയും വെടിപ്പുമുള്ള പണിത്തരങ്ങൾക്കു ദൃഷ്ടാന്തങ്ങളായി ആ അറയെ അലംകരിച്ചിരിക്കുന്നു. പട്ടുകൊണ്ടുള്ള തുണിയിൽ തയ്ച്ചുപിടിപ്പിച്ചിട്ടുള്ള മെത്തകൾ ആസനങ്ങളെ ഉപയോഗക്ഷമങ്ങളാക്കിയിരിക്കുന്നു. മേശപ്പുറത്തു് ഒരു വലിയ നിലക്കണ്ണാടി ചാരി വച്ചിട്ടുണ്ടു്.

ദേവദത്തൻ സൌഖ്യനിലയുടെ ഒരു പുതിയ ഘട്ടത്തിൽ എത്തിയിരിക്കുന്നു എന്നു് അയാൾക്കു തന്നെ തോന്നി. പ്രക്ഷീണവും മന്ദവും ആയി നടന്നുകൊണ്ടിരുന്ന ജീവിതഗതിയുടെ അനിയതസ്ഥിതിക്കു്, അടുത്തകാലത്തു സംഭവിച്ചിട്ടുള്ള പല സഹായങ്ങളിൽനിന്നു് ഉജ്ജ്വലവും ഉദ്വേജകവും ആയ ഒരു ഊൎജ്ജിതാവസ്ഥ സംഭവിച്ചിട്ടുണ്ടു്. ഇതു് അവന്റെ മങ്ങിക്കിടന്ന മനസ്സുഖത്തെ ക്രമപ്രവൃദ്ധം ഉദ്ദീപിപ്പിച്ചുകൊണ്ടിരിക്കുന്നു. ആദ്യം അവൻ എവിടെയിരിക്കുന്നു എന്നുള്ള ഓൎമ്മ തന്നെ അവനുണ്ടായില്ല. അഞ്ചാറു നിമിഷങ്ങൾ സുഖസൌഭാഗ്യലഹരിയിൽ ലയിച്ചിരുന്ന മനസ്സിൽ തലേ രാത്രിയിൽ നടന്ന സംഭവങ്ങൾ പെട്ടെന്നു ഉദയം ചെയ്തു. ഉടൻ മുഖപ്രക്ഷാളനം ചെയ്തു പ്രഭുകുമാരമോഹനനെ കാണ്മാനായി ആ അറവിട്ടിറങ്ങുവാൻ ഭാവിച്ചു. ആ സമയം ആ പ്രഭു അറയുടെ സമീപത്തെത്തി "ദേവദത്തൻ ഉണൎന്നുവോ" എന്നു ചോദിച്ചു. "ഉണൎന്നു" എന്ന മറുവടിയോടുകൂടി അവൻ പുറത്തിറങ്ങി. രണ്ടാളും പരസ്പരം ആതിഥേയപ്രകടനം ചെയ്തിട്ടു അവർ ഒരു വലിയ ഹാളിൽ പ്രവേശിച്ചു് ഓരോ ചാരുകസാലയിൽ ഇരുന്നു.

പ്രഭു—ഇന്നലെ ഉറക്കം സുഖമായിരുന്നു, ഇല്ലേ? മാൎഗ്ഗശ്രമമുള്ളപ്പോൾ ഉറക്കം നന്നായുണ്ടാകും?

ദേവ—അതുകൊണ്ടു തന്നെയല്ല, ശയ്യാസുഖം ഉറക്കത്തിന്റെ ഗാഢാവസ്ഥയെ പ്രബലമായി സഹായിക്കയാൽ സുഖസുഷുപ്തി തന്നെ ഉണ്ടായിരുന്നു. പ്രാരബ്ധചിന്തകളൊന്നുമില്ലാതിരുന്നാൽ തന്നെ ഉറക്കമുണ്ടാകും. ശയ്യാസുഖം അതിന്റെ പരിമിതിയോടുമുള്ള ഗാഢാവസ്ഥയെ നല്കുകയും ചെയ്യും. ഈ രണ്ടു ഭാഗ്യങ്ങളുമുണ്ടായാൽ ഉറങ്ങാതിരിക്കുവാൻ ആൎക്കും സാധിക്കയില്ലല്ലോ.

ഇവർ ഇത്രമാത്രം സംഭാഷണം ചെയ്ത സമയം ഒരു യുവതി അവിടെ വാതുക്കലോളം വന്നു കാഫി തയ്യാറായിരിക്കുന്നു എന്നു പ്രകുമാരനോടു പറഞ്ഞിട്ടു്, ദേവദത്തനെ ഒരു നോക്കുകൊണ്ടു സൽക്കരിച്ചു മടങ്ങിപ്പോയി. ഉടൻ ആ പ്രഭു എഴുന്നേററു ദേവദത്തന്റെ കൈയും പിടിച്ചു് "വരൂ നമുക്കു കാഫി കുടിക്കാം" എന്നു പറഞ്ഞുകൊണ്ടു, മൂന്നു നാലു് അറകൾ കടന്നു് ഒരു വിശാലമായ അറയിൽ ചെന്നു. അവിടെ ഒരു നീണ്ട മേശപ്പുറത്തു കാഫിക്കു വേണ്ട ഒരുക്കങ്ങൾ തയ്യാറാക്കിയിരുന്നു. അതു നാലുപേൎക്കായി വിഭജിച്ചുമിരുന്നു. മററു രണ്ടാൾ എവിടെ എന്നു ദേവദത്തൻ നാലുപാടും തിരിഞ്ഞുനോക്കി. രാത്രിയിൽ ഭക്ഷണം കഴിച്ച സമയം രണ്ടുപേർ മാത്രമായിരുന്നു. മററു രണ്ടുപേർ ആ സമയം എവിടെപ്പോയി! അവർ ആരു്? എന്നുള്ള ചോദ്യം അവന്റെ മനസ്സിൽ ഉദിച്ചു. എന്നാൽ അവനു അക്കാൎയ്യത്തിൽ പ്രവേശിക്കേണ്ട ആവശ്യമില്ല എന്ന ഒരു സമാധാനം ഉത്തരക്ഷണത്തിൽ ആ ജിജ്ഞാസയെ അമൎത്തിക്കളകയാൽ, പ്രഭു ആംഗ്യം ചെയ്തതനുസരിച്ചു് അവൻ അറയിൽ ഒരു വിഭക്തദ്രവ്യത്തിന്റെ സമീപമിരുന്നു കാഫി കുടി ആരംഭിച്ചു.

ഇവർ കാഫികുടി ആരംഭിച്ച സമയം പ്രഭുവിന്റെ ഇരുഭാഗത്തായി സുന്ദരികളായ രണ്ടു യുവതികൾ വന്നുനിന്നു. "ഈ യുവാവാണു് ഇന്നലെ ഞാൻ പറഞ്ഞ ആൾ, നിങ്ങൾ എന്തിനു ലജ്ജിക്കുന്നു. സഹോദരഭാവത്തിൽ വൎത്തിച്ചുകൊള്ളുക, ഇരുന്നുകൊള്ളുക" എന്നു പ്രഭു പറഞ്ഞു് അടുത്തുനിന്ന കുമാരിയെ പിടിച്ചു സമീപത്തിരുത്തി. ആ സമയം മററ യുവതിയും ഇരുന്നു. നാലുപേരും കാഫി കുടിച്ചു. കാഫിക്കു ഏററവും രുചികരങ്ങളായ പല പലഹാരങ്ങളും ഫലങ്ങളുമുണ്ടായിരുന്നു. ദേവദത്തൻ ജനനാനന്തരം ഇത്ര സുഖമായ ഒരു പാനീയമേളത്തിൽ പങ്കുകൊണ്ടിരുന്നില്ല. "ഹേ! ദേവദത്ത! ഈ കുട്ടികളാണു്, ഈ ലോകത്തിൽ എന്റെ ജീവിതസൎവ്വസ്വങ്ങളായ ഭാഗ്യഫലങ്ങൾ; ദൈവം ഇതുകൊണ്ടു് എന്നെ തൃപ്തനാക്കി അനുഗ്രഹിച്ചിരിക്കുന്നു. ഇവരുടെ ജനയിത്രിയായ ആ പുണ്യവതി രണ്ടുകൊല്ലങ്ങൾക്കുമുമ്പു ഇതങ്ങളോടു് അവസാനയാത്ര പറഞ്ഞു പിരിഞ്ഞുപോയി" എന്നു പ്രഭു പറഞ്ഞതിന്റെ അവസാന അക്ഷരങ്ങൾ ഗദ്ഗദങ്ങളായി അസ്പഷ്ടതയിൽ വിരമിച്ചു. കണ്ണുകളിൽ അശ്രുക്കൾ നിറഞ്ഞു. മുഖത്തു വ്യസനസ്തോഭങ്ങൾ നിഴലിച്ചു: മെയ്യാകെ കമ്പിട്ടിരുന്നു. അനന്തരം ഉത്തരീയാഞ്ചലത്താൽ കണ്ണുനീർ തുടച്ചു് ഒന്നു ദീൎഘമായി നിശ്വസിച്ചു. അപ്പോൾ വ്യസനത്തിന്റെ ഏതാനും അംശം നിശ്വാസരൂപമായി പുറത്തേക്കു തള്ളപ്പെട്ടു എന്നു യുവാവിനു തോന്നി. ഈ മാതിരി സ്തോഭങ്ങൾ ആ യുവതികളുടെ മുഖത്തും പ്രകാശിച്ചുകണ്ടു. നിയമനശക്തി പ്രഭുവിനുള്ളതുപോലെ അവൎക്കില്ലായ്കയാൽ അതു കുറേനേരത്തേക്കു

മുഖകമലങ്ങളിൽ നിത്യം ചെയ്തുകൊണ്ടുതന്നെയിരുന്നു. പ്രഭു പല വിനോദങ്ങളും പറഞ്ഞു് അവരുടെ ശ്രദ്ധയെ പിന്തിരിച്ചു മന്ദഹാസദ്യോതകമായ പ്രഭയെ പ്രദാനം ചെയ്തു. അവരുടെ മുഖങ്ങൾ മഴക്കാർ വിട്ടുനീങ്ങിയ ചന്ദ്രമണ്ഡലംപോലെ ശോഭിച്ചു.

പിന്നീട്ടു് അവർ പൂർവ്വസ്ഥിതിയിൽ പുറത്തുള്ള ഹാളിൽ ചെന്നിരുന്നു വിശ്രമിച്ചു. ആ നഗരത്തിലെ വിശേഷങ്ങൾ ഒന്നു കാണേണമെന്നുള്ള ദേവദത്തന്റെ അഭിമതം അനുസരിച്ചു വഴിതെററാതെയും മററു് ഉല്പണ്ടുകളൊന്നും ബാധിക്കാതെയും ഇരിക്കുവാനായി രണ്ടു വേലക്കാരെക്കൂട്ടി യാത്രയാക്കി. 'ഈ മനുഷ്യനെ നമ്മുടെ കുതിരവണ്ടിയിൽ കയററിക്കൊണ്ടുപോയി നഗരത്തിന്റെ ഉത്തരപര്യന്തങ്ങളിലുള്ള വിശേഷങ്ങളെ കാണിച്ചു വേഗം മടങ്ങിവരേണം" എന്നു സഗൌരവം ആജ്ഞാപിച്ചതിനുന്നും അവർ കുതിരവണ്ടിയിൽ പുറപ്പെട്ടു.

പ്രഭുവിന്റെ മൂത്ത പുത്രിയുടെ പേർ ചന്ദ്രലേഖയെന്നാകുന്നു. അവൾക്കു് ഇക്കാലത്തിൽ ഇരുപതുവയസ്സു പ്രായമായിട്ടുണ്ടു്. ഇളയപുത്രിയായ ശാരദാമ്മാൾക്കു പതിനേഴുവയസ്സു തികഞ്ഞുകഴിഞ്ഞു. ഇവർ രണ്ടുപേരും പ്രഭുകുമാരന്റെ പ്രതിഛായകളാകുന്നു. സൌന്ദര്യസമ്പത്തിയിൽ ആ രണ്ടു സ്ത്രീരത്നങ്ങളും ധന്യകൾതന്നെയാകുന്നു. മൂത്തവൾക്കു് അല്പം പൊക്കക്കൂടും; അവൾ വിവാഹംചെയ്യപ്പെട്ടവളാണെന്നു കാഴ്ചയിൽതോന്നും. അവളുടെ മുഖപ്രകൃതിയെ സൂക്ഷിച്ചാൽ ഏതോ ഒരു മനസ്സങ്കടവും ഒരു വല്ലും ഉള്ളിൽതട്ടി തല്ക്കാലം ചിന്താചാഞ്ചലയായിരിക്കയാണെന്നുള്ള ലക്ഷ്യം കാണ്മാനുണ്ടു്. ഈതരം ആ ഗൃഹത്തിൽ രണ്ടുമൂന്നു ദിവസം മാത്രം പരിചയിക്കാൻ കഴിഞ്ഞ ദേവദത്തനു മനസ്സിലാക്കാൻ കഴിഞ്ഞു. അയാൾ അന്യന്റെ മുഖത്തുണ്ടാകുന്ന സ്തോഭഭേദങ്ങളെ പരീക്ഷിച്ചു മനഃസ്ഥിതിയെ കണ്ടുപിടിക്കുവാൻ നല്ലപോലെ വാസനയും യുക്തിയുമുള്ള ഒരു ചെറുപ്പക്കാരനാകുന്നു. അവന്റെ നോട്ടം അധികവും തെററിപ്പോകാറില്ല. മൂത്തവളെ വിവാഹംചെയ്തതാണെന്നും, അവൾ ഭർത്താവോടൊന്നിച്ചിരിക്കാതെ, പിതൃഗൃഹത്തിൽ പാർക്കുന്നതിനുള്ള കാരണമെന്തെന്നും അവനു ഊഹിച്ചറിവാൻ സാധിച്ചില്ല. എന്നാൽ അവനു് അവളെപ്പററി മറെറാരു സംഗതി ഊഹിക്കുവാൻ കഴിഞ്ഞു. അതു് അവളെസ്സംബന്ധിച്ചുള്ള സംഗതികളിൽ പിതാവും സഹോദരിയും പ്രത്യേകം ശ്രദ്ധചെയ്യുന്നുണ്ടെന്നു് അവരുടെ നടപടികൾ തെളിവുകളാണെന്നുള്ള സൂക്ഷ്മാവലോകനമാകുന്നു. ചന്ദ്രലേഖയുടെ ഹിതമെന്തായിരുന്നാലും അതിനെപ്പററി ഗുണദോഷചിന്ത ചെയ്കയോ മറുത്തു പറയുകയോ ചെയ്യുന്ന ശീലം പിതാവിനും സഹോദരിക്കുമില്ലെന്നു മനസ്സിലാക്കി.

ദേവദത്തനു ശാരദാമ്മാളുടെ മേലെ അകാരണമായ ഒരു പ്രീതിവിശേഷവും ഒരു പക്ഷപാതബുദ്ധിയും ജനിച്ചു. അങ്ങനെ അവനു ദോ

രുന്നുണ്ടോ എന്നറിവാൻ തല്ക്കാലകാലങ്ങളിൽ അവന്ന കഴിഞ്ഞില്ല. കാന്തം ഉരുക്കുസൂചിയെ ആകർഷിക്കുന്നതുപോലെ അവളുടെ തന്മന്ത്രാന്തവീക്ഷണങ്ങളായ കാന്തവിശേഷം, അവന്റെ ഹൃദയമായ അയഃപിണ്ഡത്തെ ആകർഷിക്കുകയും ദ്രവിപ്പിക്കുകയും ചെയ്യുന്നുണ്ടായിരുന്നു. അവൻ ഉദയാല്പരം മൂന്നുമണിക്കൂറോളവും ഉച്ചതിരിഞ്ഞു മൂന്നു മണിക്കൂറോളവും വീട്ടുവിട്ടു പുറത്തു സഞ്ചരിക്കുക സാധാരണമായിരുന്നു. അക്കാലങ്ങളിൽ കാണുന്ന സ്ഥലഭേദങ്ങളെയും ജനഭേദങ്ങളെയും തന്റെ ശില്പകർമ്മത്തിന്ന കൊള്ളാവുന്നവയെ പരീക്ഷിച്ചു രേഖപ്പെടുത്തി ശേഖരിച്ചുപോന്നിരുന്നു. അവൻ എവിടെയിരുന്നാലും ഏതു കർമ്മത്തിലേർപ്പെട്ടിരുന്നാലും ശാരദാംബയുടെ രൂപം അവന്റെ മനസ്സിൽ നിഴലിച്ചുകൊണ്ടുതന്നെയിരുന്നു. ആ വിചാരം അനാവശ്യകമെന്നുള്ള ബുദ്ധിയാൽ അതിനെ മറന്നുകളവാൻ പരീക്ഷിക്കുന്തോറും, ആ പരിചയം തന്നെ അതിന്റെ നിരന്തരമായ പ്രതിഷ്ഠയ്ക്കു ഹേതുവായിത്തീർന്നു. ഇതുനിമിത്തം അവൻ ഏററവും ശ്രദ്ധയായി അവളുടെ ഛായ എഴുതുവാൻ ആരംഭിച്ചു.

സുമാർ രണ്ടുമൂന്നുവാരങ്ങൾക്കുള്ളിൽ അവൻ ആ കുടുംബത്തിലെ അംഗങ്ങളിൽ ഒരുവനായി ഗണിക്കപ്പെട്ടു. അവന്റെ ബുദ്ധിയുടെ സൂക്ഷ്മഗ്രഹണസാമർത്ഥ്യവും, നിർമ്മലസ്ഥിതിയും സ്നേഹശീലഭാവങ്ങളും അവരുടെ ഏവരുടെയും ഉറ്റമായ മൈത്ര്യത്തെ അനായാസേന സമ്പാദിക്കുവാൻ ഹേതുവായി ഭവിച്ചു. അവന്റെ അഭിപ്രായങ്ങൾ നിർമ്മത്സരങ്ങളും പരിശുദ്ധങ്ങളുമായി ഗണിക്കപ്പെട്ടു. പ്രഭുകുമാരനും പുത്രികൾക്കും അവനെക്കുറിച്ചുള്ള ആദരങ്ങൾ സീമാധികം വർദ്ധിച്ചുവന്നു. ശാരദാംബയ്ക്കും അവനോടൊന്നിച്ചിരുന്നു സഹവാസബന്ധ്യ സംഭാഷണം ചെയ്യുന്നതിൽ ജനിച്ച ആസക്തി ക്രമേണ വർദ്ധിച്ചുവന്നു. അവളുടെ ഹൃദയക്ഷേത്രത്തിൽ അവനെ സംബന്ധിച്ച് ഒരു വിചാരബീജം മുളച്ചു ക്രമേണ വളർന്നുവന്നു. അതിന്റെ പരിണാമമപ്പോൾ എന്തായിരിക്കുമെന്നോ, ആ വിചാരം ഏതു രൂപത്തിലുള്ളതാണെന്നോ ആ പരിശുദ്ധമനസ്വിനി ഓർമ്മിച്ചിരുന്നില്ല. ചന്ദ്രലേഖ അവനെക്കാണുമ്പോഴൊക്കെയും ലജ്ജിതയായി മറഞ്ഞുനിന്നോ കുനിഞ്ഞുനിന്നോ അല്ലാതെ അവനോടൊന്നും സംസാരിച്ചിരുന്നില്ല.

ഇങ്ങനെ ഇരിക്കെ, ഒരുദിവസം ഉച്ചയ്ക്കു ഊണുകഴിഞ്ഞു പ്രഭുകുമാരനും ദേവദത്തനും ഗ്രന്ഥപ്പുരയിൽ ചെന്നിരുന്നു വർത്തമാനക്കടലാസുകൾ വായിച്ചുകൊണ്ടിരുന്നു. ആ അവസരത്തിൽ ചിന്താമഗ്നനായിരുന്ന പ്രഭുകുമാരൻ ദേവദത്തനോടിങ്ങനെ പറഞ്ഞു.

പ്രഭുകുമാരൻ - ഞാൻ നിങ്ങളോട് ഒരു സംഗതി പറയണമെന്നു വിചാരിക്കുന്നു. നിങ്ങൾ ഈ കുടുംബത്തിലെ ഒരംഗമാണെന്നുള്ള മൈത്ര്യബുദ്ധി ഈ കുടുംബാംഗങ്ങളിൽ എല്ലാവർക്കും ഒന്നുപോലെ ജനിച്ചുകഴിഞ്ഞിരിക്കുന്നു. ഈ സ്ഥിതിയിൽ ഭാവികാലവും കഴിഞ്ഞുകൂ

ട്ടമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെമൂത്തപുത്രിക്കു വിവാഹം കഴിഞ്ഞിട്ടുണ്ടെന്നു നിങ്ങൾമനസ്സിലാക്കിയിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്നാൽ അവൾ ഭർത്താവോടൊന്നിച്ചിരിക്കാതെ പിതാവോടൊന്നിച്ചു പാർക്കുവാനുള്ള കാരണമെന്തായിരിക്കുമെന്നുള്ള ഒരു സംശയം ജനിച്ചിരിക്കാമെന്നുള്ളതും സ്വാഭാവികമാകുന്നു. അവളുടെ സ്വഭാവനടപടികളുടെ സ്ഥിതിയെപ്പററിയും നിങ്ങൾക്കു നല്ലപോലെ മനസ്സിലാകാൻ മാർഗ്ഗമുണ്ട്. അതിനാൽ ആവക കാര്യങ്ങളെപ്പററി ഞാനൊന്നും വിസ്തരിച്ചു ധരിപ്പിക്കേണ്ട ആവശ്യമില്ല. എനിക്കു സന്താനങ്ങളായി ഈ രണ്ടു പെൺകുട്ടികൾ മാത്രമേയുള്ളൂ. എന്റെസ്വത്തിനു മുഴുവനും അവകാശികൾഇവരാകുന്നു. ചന്ദ്രലേഖയെ അവളുടെ സ്വഭാവഗുണത്തിനു അനുരൂപനായ ഒരു വരനു നല്കുന്നമെന്നു ഞാൻ വളരെനാളായി ആഗ്രഹിച്ചിരുന്നു. ഈ നാട്ടിൽ അതിലേക്കു അർഹനായ ഒരാളുമില്ല. എന്നെപ്പോലെ വ്യാപാരവിഷയത്തിൽ ധനവാനായ ഒരാൾമാത്രമേ ഈ നാട്ടിലുള്ളൂ. അയാൾക്കു് ഒരു പുത്രനുണ്ടായി. അവൻ പഠിച്ചു് അതിവിദ്വാനായിത്തീർന്നു. ഏറ്റവും സൽബുദ്ധിയുമായിരുന്നു. അവന്ന് എന്റെ മകളെ വിവാഹംചെയ്യുന്നമെന്നു് ആശയുമുണ്ടായിരുന്നു. ചന്ദ്രലേഖയെ കൊടുക്കുന്നുവെങ്കിൽ അതു് അവനായിരിക്കുമെന്ന സങ്കല്പം എനിക്കുമുണ്ടായിരുന്നു, ഇങ്ങനെയിരിക്കേ രണ്ടു കൊല്ലങ്ങൾക്കുമുമ്പേ ഈ നാട്ടിൽ രാമചന്ദ്രമോഹനൻ എന്നൊരു ചെറുപ്പക്കാരൻ വന്നിരുന്നു. അവനു് ഉദ്ദേശം മുപ്പത്തഞ്ചുവയസ്സിരിക്കും. കണ്ടാൽ അതിസുന്ദരൻ, മഹാവാഗ്മി. അവനെ ഓർക്കുന്തോറും എന്റെമനസ്സു് വ്യാകുലപ്പെടുന്നു. ആ ദുഃഖകരമായ സംഗതിയെ ഞാൻ വിസ്തരിക്കുവാൻ വിചാരിക്കുന്നില്ല. അവൻ അളവില്ലാത്ത തന്ത്രങ്ങൾ പഠിച്ച ഇന്ദ്രജാലക്കാരൻ എന്നു പറഞ്ഞാൽമതി. കള്ളന്മാരിൽ അഗ്രഗണ്യൻ. അവൻ കോടീശ്വരന്റെ നിലയെ അഭിനയിച്ചുവന്നിരുന്നു. ഏതുനിലയിലോ ശേഖരിച്ച കുറെപ്പണം ബാങ്കിലുണ്ടായിരുന്നു. അനേകം പത്രങ്ങളും മററും വരുത്തുകയും നോക്കുകയും എഴുത്തുകുത്തുകൾ നടത്തുകയുംമററുംചെയ്തു പത്തുലക്ഷം സ്വത്തിന്റെ ഉടമസ്ഥന്റെ ഭാവം പ്രകാശിപ്പിച്ചിരുന്നു. ഇതെല്ലാം സത്യമായിരിക്കുമെന്നു വിശ്വസിച്ചു ഞാനും അവന്റെ പ്രാഭവത്താൽ മയങ്ങിപ്പോയി. ചന്ദ്രലേഖയും അവന്റെ രൂപസൌഭാഗ്യത്തിലും തന്ത്രങ്ങളിലും വ്യാമോഹിച്ചു് അവനെക്കൊണ്ടു വിവാഹം ചെയ്യിക്കുവാൻ സമ്മതയായിത്തീർന്നു. അവളുടെ ധനത്തിൽഒരുകാശുപോലും താൻ ആശിക്കുന്നില്ലെന്ന വിശ്വാസം സകലജനങ്ങളുടേയും നേത്രങ്ങളെ മൂടിക്കളഞ്ഞു. വിവാഹാനന്തരം അവൻ ഈനാട്ടിൽ പ്രത്യേക ധനത്തോടുകൂടി സ്ഥിരമായി പാർക്കുന്നതാണെന്നു് ആരും വിശ്വസിക്കത്തക്ക ജാലവിദ്യകൾ പലതും അവൻ പ്രയോഗിച്ചു ഒടുവിൽ വിവാ

ഹം നടന്നു എന്നു പറഞ്ഞാൽ കഴിഞ്ഞു. വിവാഹാനന്തരം അവളുടെ വീതപ്രകാരമുള്ള ധനം വീതിച്ചു വാങ്ങിക്കൊണ്ട് അവനോടുകൂടി ചെല്ലുന്നതിനായി ചന്ദ്രലേഖയെ പ്രേരിപ്പിച്ചു. ഇന്നത്തെ കണക്കിന് ഒരു മുപ്പതുലക്ഷം അവൾക്കു കിട്ടുവാൻ ന്യായമുണ്ട്. അതുവാങ്ങി അവളെയുംകൊണ്ട് ഇവിടംവിട്ടു കടക്കണമെന്ന് അവൻ വിചാരിച്ചിരിക്കുകയും കാര്യസാധ്യത്തിനായി അവളെ പ്രേരിപ്പിച്ചതിൽ നടക്കാതിരുന്നതുകൊണ്ട് അവളെ ഉപദ്രവിക്കുവാൻ തുനിയുകയും, മറ്റു പല വഴിക്കും ആലോചനകൾ നടത്തുകയും ചെയ്തു ഈ പ്രയത്നത്തിൽ ഞങ്ങൾക്കു കഠിനമായ മനസ്താപവും ലജ്ജയുമുണ്ടായി. ഇത്ര അപമാനകമായൊരു കർമ്മം നടത്തിവച്ചതോർക്കുന്തോറും ഞങ്ങളുടെ ഹൃദയം ലജ്ജകൊണ്ടു സന്ത്രാസമടഞ്ഞു.

ഞാൻ ഇതു കണ്ടു അവന്റെ നടത്തയെ ക്രമേണ പരിശോധിക്കുവാൻ തുടങ്ങി. അവന്റെ ഗൂഢവാസനകളും പ്രയോഗങ്ങളുമെല്ലാം അവൻ പ്രകാശിപ്പിച്ചുവന്ന സമ്പ്രദായങ്ങളിൽനിന്ന് അത്യന്തം ഭിന്നവും നീചവുമായിരുന്നതായി തോന്നി. കള്ളുകുടി, പാശികളി, പരസ്ത്രീഗമനം മുതലായ ദുർവൃത്തികൾ അവന്റെ സഹജശീലങ്ങളായി പ്രത്യക്ഷപ്പെട്ടു. അവന്റെ കൂട്ടുകാർ കള്ളന്മാരും ഒരുവക പിടിച്ചുപറിക്കാരും ജയിൽവാസമനുഭവിച്ചവരുമായിരുന്നു. ചന്ദ്രലേഖ അവന്റെ ഈവക ദുഷ്പ്രവൃത്തികളെക്കുറിച്ചുള്ള പ്രസ്താവങ്ങൾ അസത്യങ്ങളായിഗണിച്ചുകളഞ്ഞു. എന്നാൽ ധനം വീതിച്ചു വാങ്ങിക്കൊണ്ട് അവന്റെകൂടെ പോകുന്നതിൽ അവൾ വിമുഖയായിത്തീർന്നു വിരോധം വച്ചുകൊണ്ടു അവളുടെ നേരെ അവൻ കാണിച്ച ക്രൂരവും നിർദ്ദയവുമായ കൃത്യങ്ങളിൽനിന്ന് അവനെക്കുറിച്ചുള്ള പ്രസ്താവങ്ങൾ വാസ്തവങ്ങളെന്ന് അവൾ സമ്മതിച്ചു. അതോടുകൂടി അവന് അവളിൽ വിരോധം വർധിച്ചു.

അവന്റെ സത്യസ്ഥിതി വെളിപ്പെട്ടതുമുതൽ എനിക്കു ഒരു സുഖമില്ലാതായി. എന്റെ ചന്ദ്രലേഖയുടെ മാതാവും തന്മൂലം ഖിന്നയായിഭവിച്ചു. ഇതിനെല്ലാം ഒരു നിവൃത്തി കണ്ടുപിടിക്കുവാൻ ആലോചന നടന്നുകൊണ്ടിരിക്കുന്ന സന്ദർഭത്തിൽ ഒരു ദിവസം മുപ്പതിനായിരം രൂപാ ചെലവുചെയ്യുവാനോ ബാങ്കിൽ അടയ്ക്കുവാനോ തരമില്ലാത്ത പാകത്തിൽ വന്നുചേർന്നു. ഒരു കമ്പനിയുടെ പണം എന്റെ പക്കൽ പലിശക്കായി ഏല്പിച്ചിരുന്നു. ആ കമ്പനിയുടെ അംഗങ്ങൾ തമ്മിൽ വ്യവഹാരംനടന്നു. ഒരു കൂട്ടർക്ക് ആയതു കൊടുക്കുവാൻ വിധിയുണ്ടായതനുസരിച്ച് അവർക്കു കൊടുക്കുവാനായി ബാങ്കിൽനിന്നും എടുത്തുകൊണ്ടുവന്നു ഇരുമ്പുപെട്ടിയിൽ സൂക്ഷിച്ചു. അടുത്തദിവസം അവർവന്നു വാങ്ങിക്കൊണ്ടുപൊയ്ക്കൊള്ളാമെന്നു കരാർ ചെയ്തിരുന്നു. ആ ദിവസം അതു ഇവിടെ ഇരിക്കേണ്ടതായിവന്നു. പിറ്റേന്നാൾ പെട്ടിതുറന്നു

നോക്കിയപ്പോൾ ആ മുപ്പതിനായിരവും അതിലിരുന്ന ഒരുപതിനായിരം ഉറപ്പികവിലവരുന്ന സ്വർണ്ണാഭരണങ്ങളും മററും കാണ്മാനില്ലാതായി. ഇതു് എങ്ങിനെ കളവുപോയി എന്നുമനസ്സിലായില്ല. അതു മുതൽ അവനേയും കാണ്മാനില്ലാതായി. തന്നിമിത്തം അവൻ മോഷണംചെയ്തുകൊണ്ടുപോയതായി നിശ്ചയംവന്നു. ഒരിക്കൽ അവന്റെ ചരിത്രത്തെക്കുറിച്ചറിയാൻ സംഗതിയായി. അതായതു്, അവന്റെ മെത്തയുടെ കീഴിലിരുന്ന ഒരു എഴുത്തുകിട്ടി. ആ എഴുത്തുകൊണ്ടു് അവൻ വ്യാജസംഘത്തിൽപെട്ടവനാണെന്നും ഇങ്ങിനെ പലസ്ഥലത്തും ചെന്നു പല വിക്രമങ്ങളും ചെയ്തു സമ്പാദിക്കുന്ന ധനത്തിൽ ഒരംശം ആ സംഘത്തിനുകൊടുക്കണമെന്നും മനസ്സിലായി. എന്നാൽ ആസംഘം ഏതെന്നും അതിന്റെ നിവാസമായ ഗൂഢസ്ഥലം എവിടമെന്നും അറിയാൻ കഴിയായ്കയാൽ അവനോടോ ആ സംഘത്തോടോ ഒന്നും ചെയ്വാൻ സാധിച്ചില്ല. ആ എഴുത്തു് എന്റെ പക്കലുണ്ടു്, കാണിക്കാം.

ഇങ്ങിനെയിരിക്കെ, അവൻ ഓടിപ്പോയി പത്തുപതിനഞ്ചുദിവസം കഴിഞ്ഞശേഷം അവനെ തിരക്കി ഒരുവൻ ഇവിടെവന്ന കാഴ്ചയിൽ തന്നെ അവൻ ഒരു മുരടനും കള്ളനും പോക്കിരിയും കൊള്ളക്കാരനെന്നുമനസ്സിലായി. മററവനുണ്ടായിരുന്ന ഒരവസരത്തിൽ ഇവൻ വരികയും അവർരണ്ടുപേരും എന്തോചിലതു സംസാരിച്ചു പിരിയുകയും അന്നു് ഇവനെ ഞാൻ പ്രത്യേകംകണ്ടിരുന്നതായി ഓർക്കുകയും ചെയ്തു. അവനോടു ഞാൻ പല ക്രാസ്സും ചെയ്തുനോക്കി. അവൻ സത്യം പറയുന്ന ലക്ഷണമുള്ളവനല്ലെന്നും അവൻ ആ സംഘത്തിൽ പെട്ടവനാണെന്നും എനിക്കു തോന്നി. ഒടുവിൽ നൂറുരൂപ കൊടുത്താൽ രാമചന്ദ്രമോഹനന്റെ വാസ്തവചരിത്രം പറയാമെന്നു് അവൻ വാഗ്ദാനം ചെയ്തു. അവന്റെ പേർ വാമനൻ എന്നാണെന്നും പറഞ്ഞു. അതു കേട്ടു ദേവദത്തൻ ഓർമ്മയോടുകൂടി "വാമനനോ?" അവന്റെ ആകൃതി എങ്ങിനെയിരിക്കു എന്നുചോദിച്ചു.

ഉദ്ദിക:—അതേ! എന്താ! നിങ്ങൾക്കറിയാമോ?

ദേവ.—അതു പിന്നെപ്പറയാം. നടന്നതെന്തെന്നു കേൾപ്പിക്കുക.

ഉ. ഉ—വാമനൻ എന്നവനു് ഉദ്ദേശം നാല്പതുവയസ്സിരിക്കും. തടിച്ച ശരീരം, ചുരുണ്ടമുടി, കറുകിയ വിരലുകളും ഉരുണ്ട മാംസളങ്ങളായ കൈകളും ഉള്ള ബലവാൻ, അകന്ന വായു്, വികൃതമുഖം, കരടിപ്രായമുള്ള രോമബന്ധം, അവന്റെ വാക്കിലും പ്രവൃത്തിയിലും അലക്ഷ്യമായ സ്വഭാവം. ഇതുതന്നെയാണു് അവന്റെ ഏകദേശമുള്ള ആകൃതി.

ദേവ.—മതിമതി. ബാക്കികൂടി പറയുക. സംഗതികളെല്ലാം ഒടുവിൽ പറയാം.

പ്രഭു:— ആറുറുപാ കൊടുക്കാമെന്ന പ്രതിജ്ഞ ചെയ്തശേഷം വാമനൻ താഴെപ്പറയുംവിധം പറഞ്ഞു.

"രാമചന്ദ്രമോഹനൻ എന്നപേർ വ്യാജപ്പേരാകുന്നു. അവന്റെ യഥാർത്ഥമായ പേർ ചൊക്കലിംഗം എന്നാണ്. ഞാൻ അവനെ ആദ്യമായി കണ്ടുപരിചയിച്ചത് ഒരു ജയിലിൽ വച്ചായിരുന്നു. ഞാൻ ഒരുവനെ തല്ലിയതിന് ആറുമാസക്കാലം ശിക്ഷിക്കപ്പെട്ടു ജയിലിൽ പ്രവേശിച്ചു. ചൊക്കലിംഗം ഒരു വലിയ മോഷണക്കുററത്തിൽപെട്ട്, രണ്ടുവത്സരം ശിക്ഷിക്കപ്പെട്ടു ജയിലിൽ കിടക്കുകയായിരുന്നു. ഞാൻ ജയിലിൽ ചെല്ലുമ്പോൾ അവന് ആറുമാസം ബാക്കിയുണ്ടായിരുന്നതിനാൽ ഞങ്ങൾ രണ്ടുപേർക്കും ഒരേ അവസരത്തിൽ മോചനം ലഭിച്ചു. അവന്റെ സംഘത്തിൽപെട്ട മററുള്ളവരെ എനിക്കറിയാൻ പാടില്ല. എന്നാൽ അവൻ കൊള്ളക്കാരായ ഒരു പ്രബലസംഘത്തിലെ ഒരംഗമാണുതാനും. അതിനെക്കുറിച്ച് അത്രമാത്രമേ എനിക്കറിവുള്ളൂ. ഞാൻ മുമ്പൊരിക്കൽ ശ്രീരംഗത്തിൽ വന്നസമയം അവനെക്കാണുകയും അവന്റെ സ്ഥിതിയെപ്പററി അന്വേഷിച്ചറികയും ചെയ്തിരുന്നു അപ്പോഴവൻ താങ്കളുടെ പുത്രിയെ വിവാഹംചെയ്ത വലിയ ധനവാന്റെ നിലയിൽ പാർക്കുകയാണെന്നവസ്ഥ മനസ്സിലായി ഞാൻ അവന്റെ രഹസ്യങ്ങൾ പുറത്താക്കുമെന്നും അല്ലെങ്കിൽ അഞ്ഞൂറുറുപാ തരണമെന്നും ഭയപ്പെടുത്തി. അവൻ അഞ്ഞൂറുറുപാ തന്നു. ഇപ്പോൾ താങ്കളുടെ ഗൃഹത്തിൽ മോഷണം ചെയ്കനിമിത്തം അവൻ ഇനി ഈ നഗരത്തിൽ വർത്തിക്കുകയേ ഇല്ല. ഏതോ നഗരത്തിൽ ചെന്നു വ്യാജപ്പേരെടുത്ത് ആരെയെങ്കിലും ചതിക്കുവാനായി പ്രയത്നിക്കുന്നുണ്ടായിരിക്കണം എന്നു പറഞ്ഞു.

ഇത്ര നീചനായ ആ പരമദുഷ്ടനെ കണ്ടുപിടിച്ചു ശിക്ഷിപ്പിക്കണമെന്നുള്ള ആശയോടും അതിനുള്ള അന്വേഷണങ്ങളോടുംകൂടിത്തന്നെ ഇരിക്കുകയാണെന്നു പ്രഭുകുമാരൻ ദേവദത്തനോടു പറഞ്ഞു.

ദേവ— രാമചന്ദ്രമോഹനന്റെ ആകൃതി എങ്ങനെയിരിക്കും? ഒന്നു വർണ്ണിക്കുക.

അതുകേട്ട് അവന്റെ ആകൃതിയും അടയാളങ്ങളുമെല്ലാം വിവരിച്ചുപറഞ്ഞു. മുമ്പുപറഞ്ഞ എഴുത്തും കാണിച്ചു. ദൈവമേ! ഒട്ടൊണ്ടാകുന്നതിനായി നീ തെളിക്കുന്ന മാർഗ്ഗങ്ങൾ ആശ്ചര്യകരങ്ങളായിരിക്കുന്നു എന്ന് ദേവദത്തൻ തന്നത്താനെ പറഞ്ഞു അവന്റെ മനസ്സിൽ കനകാംഗിയെ വിവാഹം ചെയ്യാൻപോകുന്ന ലടകമിശ്രനും, ചൊക്കലിംഗവും, രാമചന്ദ്രമോഹനനും ഒരാൾതന്നെയെന്നു തോന്നി. ചൊക്കലിംഗം കനകാംഗിയെ അപകടത്തിലാക്കി ലടകമിശ്രൻ എന്ന പേരോടുകൂടി പാർക്കുന്നതിനെയും വാമനൻ അവിടെയും എത്തി അവനോടു പണം തട്ടിയെടുക്കുന്നതിനെയും പ്രത്യേകമായോർത്ത ദേവദത്തൻ

പറഞ്ഞു മനസ്സിലാക്കി. പിന്നീട് അവർ രണ്ടുപേരും വളരെനേരം അതിനെപ്പറ്റി സംസാരിച്ചുകൊണ്ടിരുന്നു. അവർ ആലോചിച്ചു തീർച്ചപ്പെടുത്തിയതെന്തായിരിക്കുമെന്നു മേൽവരുന്നഭാഗങ്ങൾകൊണ്ടു വ്യക്തമാകും.

ഈ സംഭവങ്ങൾ നടന്നിട്ട് ഏകദേശം ഒരുമാസം കഴിഞ്ഞു. നീലേശ്വരത്തുള്ള കനകാംഗിയുടെ ഗൃഹത്തിൽ ലടകമിശ്രനും വാമനനും ഒരു അറയിൽ സംസാരിച്ചുകൊണ്ടിരിക്കുന്നു. വാമനന്റെ അവതാരം എന്തിനായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ല. അവൻ വീണ്ടും പണം ചോദിച്ചുകൊണ്ടിരിക്കുന്നു. പണം കൊടുക്കാതിരുന്നാൽ തന്റെ കള്ളി പുറത്തായെങ്കിലോ എന്ന ഭയം ലടകമിശ്രനുണ്ടെന്നും പണം തട്ടുന്നതിനുള്ള ഉപായം അവന്റെ രഹസ്യങ്ങൾ വെളിപ്പെടുത്തുമെന്നു പറഞ്ഞു ഭയപ്പെടുത്തുന്നതാണെന്നും അവൻ പലകുറി പരീക്ഷിച്ചു ഫലപ്പെടുത്തിവച്ചിട്ടുമുണ്ട്. ഇങ്ങനെയാകയാണെങ്കിലും കനകാംഗി ലടകമിശ്രനുവേണ്ടി ഇനി ഒരു കാശുപോലും കൊടുക്കുന്നതല്ലെന്നുള്ള സംഗതി തീർച്ചപ്പെട്ടുപോയിരിക്കുന്നു. ഈ സ്ഥിതിയിൽ ലടകമിശ്രൻ എന്തുചെയ്യും, പലകുറിയായി വാമനൻ അവനോട് ഒരു നല്ല തുക കൈക്കലാക്കിക്കഴിഞ്ഞു.

ലടകമിശ്രൻ:—വാമന! നിന്റെ ഉപദ്രവം ദുസ്സഹമായിത്തീർന്നിരിക്കുന്നു. നിനക്ക് ആദ്യംതന്നെ ഞാൻ ആയിരംരൂപാ തന്നു. ഇനിമേൽ യാതൊരു സംഖ്യയും ആവശ്യപ്പെടുകയില്ലെന്നായിരുന്നു അന്നു നീ പറഞ്ഞുപിരിഞ്ഞതു്, അതിൽപിന്നെ ഇപ്പോൾ പലതവണകളിലായി അത്രയുംതുകകൂടി നീ എന്നോടു വാങ്ങിട്ടുണ്ട്. ഇനിയും തൃപ്തിപ്പെടാതെ എന്നെ ഉപദ്രവിക്കുവാൻ തയ്യാറായിരിക്കുന്നതു് എന്റെമേൽ സ്നേഹമോ ലജ്ജയോ ഇല്ലായ്കകൊണ്ടുതന്നെ. ഇക്കാലത്തിൽ പണത്തിനായി ഞാൻപെടുന്ന ദുഃഖം ദൈവത്തിനേ അറിഞ്ഞുകൂടൂ. ഇവിടെ ഒന്നും തരത്തിനു കിട്ടുന്നുമില്ല! ഞാൻ എന്തുചെയ്യട്ടെ.

വാമനൻ—എന്താ! നിന്റെ ഭാര്യയോടു ചോദിച്ചാൽ കിട്ടുമല്ലോ. നിനക്ക് അവമാനംവന്നാൽ അതു് അവൾക്കു വന്നതുപോലെയല്ലയോ?

ലടക—എന്റെ ഭാര്യയും ഞാനുംതമ്മിൽ അല്പനാളായി സ്വൈരക്കേടിൽ വർത്തിക്കുന്നു. എനിക്കുവേണ്ടി അവൾ ഒരു കാശുപോലും ചെലവുചെയ്യുകില്ല. ഞാൻനിമിത്തം അവളുടെ സ്വത്തിൽ മുക്കാൽഭാഗവും നശിച്ചുപോയിരിക്കുന്നു. ഇനി അവളോടു ചോദിക്കുവാൻ എനിക്കു ധൈര്യമില്ല

വാമനൻ—നിന്റെ ഭാര്യയെ ഇവിടെ വിളിച്ചുവരുത്തി ഇരുനൂറുരൂപാമാത്രമെങ്കിലും തരുന്നതിനായി ആവശ്യപ്പെടുക. അവൾ അതനുസരിക്കത്തക്കവിദ്യ ഞാൻ പ്രയോഗിച്ചുകൊള്ളാം.

ലകടമിശ്രൻ അതിന്മണ്ണം സമ്മതിച്ചു വേലക്കാരിയെ വിളിച്ചു കനകാംഗി ഇത്രടം വരുവാൻ ആവശ്യപ്പെടുന്നതായി പറയുവാൻ ശട്ടംകെട്ടി അയച്ചു. അതിന്മണ്ണം അവർ രണ്ടുപേരും ഇരിക്കുന്ന അറയിൽ കനകാംഗി ചെന്നു. വാമനനെക്കണ്ടുകൂടുമ്പോൾതന്നെ അവളുടെ ഉള്ളിൽ ഭയവും വെറുപ്പും കോപവുമുണ്ടായി.

കനകാംഗി—എന്നെ വിളിച്ചതെന്തിനു? വേഗം പറയൂ. വാമനന്റെ മുമ്പിൽ നില്ക്കുവാൻതന്നെ എനിക്കു സമ്മതമില്ല. അതിനാൽ കാര്യം പറഞ്ഞുകൊള്ളുക.

ലകട—ഇവന്നു ഇരുന്നൂറുറുപാ വേണമത്രേ. ഇനി ഒരിക്കലും ഇവിടെവരികില്ലെന്നു ശപഥം ചെയ്യുന്നുണ്ടു്.

കനകാം—നിങ്ങൾക്കു ഈ സംഗതി എന്നോടു പറയുവാൻ ലജ്ജയില്ലാതായതിൽ ഞാൻ വ്യസനിക്കുക മാത്രമേയുള്ളു. നിങ്ങൾ എന്തിനായി ഇവന്നു ഉറുപാ കൊടുക്കുന്നു പലതവണയായി എത്രയധികം ഉറുപാ ഇവന്നു കൊടുത്തിരിക്കുന്നു. നിങ്ങൾ നിമിത്തം എന്റെ ധനം മിക്കവാറും നശിച്ചു. വല്ല പരദേശിയും വന്നാൽ അവന്നു ഉറുപാ കൊടുക്കാൻ പറയുന്നതിന്നു ധൈര്യമുണ്ടായതു് ആശ്ചര്യം തന്നെ. മനുഷ്യർക്കു നാണമില്ലാതായാൽ പിന്നെ നോക്കേണ്ടതില്ല. ഇവനെ നിങ്ങൾ ഭയപ്പെടുന്നതുപോലെ തോന്നുന്നു. വാസ്തവം പറയണമെന്നു ഞാൻ ആവശ്യപ്പെട്ടതിൽ ഇതുവരെ അതു ചെയ്തിട്ടില്ല. ഭൃത്യന്മാരെ വിളിച്ചു് ഇവനെ പിടിച്ചുപുറത്താക്കുവാൻ പറയുക. അതിന്റെ ഫലം എന്തായിരിക്കുമെന്നു കാണാമല്ലോ.

വാമനൻ:—കതകിന്റെ പുറകിൽ ഒളിച്ചുനില്ക്കാതെ മുമ്പോട്ടു വരിക. സുന്ദരിയായ നിന്റെ ശകാരം എനിക്കു അമൃതസമാനമാകുന്നു. സ്നേഹിത! നീ അല്പനേരത്തേക്കു പുറത്തിറങ്ങി നില്ക്കുക. ഞങ്ങൾ രണ്ടാളും മാത്രം ഒരു അറയിൽ മതി. ഞാൻ ഒരു മോഹിനിക്കു വിവാഹം ഉണ്ടാവാൻ പ്രയത്നിക്കട്ടെ.

കനകാംഗി:—ആഭാസത്തരം പറഞ്ഞാൽ എന്റെ ഭൃത്യന്മാരെ വിളിക്കും.

ലകടമിശ്രൻ—ഒരിക്കലും നിന്നെ ഇനി ഇവന്റെ അടുക്കൽ തനിയെ വിട്ടിട്ടു് ഞാൻ പുറത്തു പോവുകയില്ല. അതു വിചാരിച്ചു് നീ ഭയപ്പെടേണ്ട.

വാമന—പോവുകില്ലയോ! ഓഹോ വലിയ പ്രബലനായി തീർന്നുപോയോ? നിന്നെ പുറത്തിറക്കുന്നതു കാണണോ? (എന്നുപറഞ്ഞു് അവന്റെ അരയിൽ തിരുകിയിരുന്ന അരവാൾ എടുത്തു കാണിച്ചു)

വാമനന്റെ ഉപദ്രവംകൊണ്ടു കഴിഞ്ഞിയ പതനത്തിൽ അവൻ നന്ദികേടായി തന്റെനേരെ വാളെടുത്തുകാണിച്ചതുകണ്ടുണ്ടായ കോപത്താൽ തന്റെ അറയിൽ സൂക്ഷിച്ചിരുന്ന നെടിയവാളെടുത്തുസന്ന

ദാതയോടുകൂടി ലടകമിശ്രൻ ഇങ്ങനെ പറഞ്ഞു. എടാ നീച! ഇട്ട കൈകളെകടിക്കുന്ന ദുഷ്ടനായെപ്പോലെ നീ ഇയ്യാറായത് എന്തിനായിരുന്നു. എനിക്കിതുവരേണ്ടതു തന്നെ. നിന്റെ ഉപദ്രവംകൊണ്ട് എനിക്കും സ്വൈരമില്ലാതായി. ഇന്നോടെ ആ ഭയം നശിക്കട്ടെ. നിന്നെ ക്ഷണംക്ഷണമായി നുറുക്കിയാലും എന്റെ മനസ്സു തണുക്കുകയില്ല. എന്നിങ്ങനെ പറഞ്ഞിട്ടു വാളോങ്ങി വാമനനെ വെട്ടുവാൻ അടുത്തു. അവർ ആയുധപാണികളായി തമ്മിലിടഞ്ഞതുകണ്ടു കനകാംഗി ഉറക്കെനിലവിളിച്ചു. ആ സമയം വേലക്കാരിവന്നു പെട്ടെന്നു കതകു തള്ളിത്തുറന്നു. അതുകണ്ട് രണ്ടുപേരും അവരുടെഖഡ്ഗങ്ങളെ നിലത്തൂന്നിക്കൊണ്ടു തിരിഞ്ഞുനോക്കി. 'ആരോ ഒരാൾ യജമാനനെക്കാണ്മാനായി വെളിയിൽ വന്നുനില്ക്കുന്നു" എന്ന് ആ ദാസി ലടകമിശ്രനോടുപറഞ്ഞു.

"കഷ്ടമെന്താണാവോ! ഏതായാലും ഞാനും കൂടി വരാം" എന്നു പറഞ്ഞു ലടകമിശ്രന്റെ പുറകെ വാമനനും, അവർ രണ്ടുപേരുടേയും പുറകിലായി കനകാംഗിയും വാതുക്കലോളംചെന്നു. അവിടെ വലിയ കറുപ്പൻ എന്ന ഒരുവൻ നില്ക്കുന്നുണ്ടായിരുന്നു. അവൻ ലടകമിശ്രനോട്:-"ഞാനതന്നെയാണു ഞാനും നമ്മുടെ അധികാരിയും ഇവിടെ എത്തിയത്. ഒരു സംഗതി ഇപ്പോളുണ്ടായി. ഞങ്ങളറിഞ്ഞിട്ടു കാൽ മണിക്കൂറിലധികമായിട്ടില്ല. നിന്റെ പഴയ ചരിത്രം വെളിപ്പെട്ടുപോയിരിക്കുന്നു. ഈ നിമിഷം എങ്ങനെയെങ്കിലും തപ്പിപ്പിഴച്ചാൽ അതു ഭാഗ്യം. അല്ലെങ്കിൽ അതിന് ഇടകിട്ടുകില്ല" എന്നു് പരിഭ്രമത്തോടുകൂടി പറഞ്ഞു. അതുകേട്ടു വാമനൻ "എന്നാൽ ഇനി ഇവിടെ നിന്നു യാതൊന്നും വാങ്ങുവാൻ വിചാരിക്കേണ്ട. ഞാനും എന്റെ മാർഗ്ഗം നോക്കട്ടെ" എന്നു തന്നെത്താൻ പറഞ്ഞു.

ആ നിമിഷം ആ സ്ഥലത്ത് ആറു പൊല്ലീസുകാർ പ്രത്യക്ഷപ്പെടുകയും ലടകമിശ്രന്റെ കൈകൾ വിലങ്ങുവെയ്ക്കുകയും ചെയ്തു. അതുകണ്ടു കനകാംഗി പൊല്ലീസുകാരോട് ആ നില്ക്കുന്ന വാമനൻ എന്ന ദുഷ്ടൻ ലടകമിശ്രന്റെ ഒരു സംബന്ധവും കൂട്ടുകാരനുമാണ്. അവനെയും വിടരുത്. മററവൻ ഇപ്പോൾ വന്ന് ഇവരോട് ഓടി രക്ഷപ്പെട്ടുകൊള്ളുവാൻ ഉപദേശിച്ചമററൊരു കൂട്ടുകാരനാണ്. അവനെയും വിട്ടയക്കരുത് എന്നു പറഞ്ഞു. പൊല്ലീസുകാർ മൂന്നുപേരെയും ബന്ധിച്ചു നടത്തിക്കൊണ്ടുപോയി സ്റ്റേഷനിൽ അടച്ചു.

---

# അദ്ധ്യായം ൧൭.

ഇനി നമുക്കു ലടകമിശ്രനെ അവന്റെ സ്വന്തപേരായ ചക്രപാ
ണിഎന്നുതന്നെ വിളിക്കാം. ഇവരെ പൊല്ലീസുകാർ കൊണ്ടുപോകു
ന്ന വഴിയിൽ, ദേഹം മുഴുവൻ വസ്ത്രംകൊണ്ടു മൂടിപ്പുതച്ച ഒരു സ്ത്രീ
എതിരായി നടന്നുവന്നുകൊണ്ടിരുന്നു. അവളുടെ വിരലിന്മേൽ ഒരു പൂവ്
മായ മോതിരം പ്രകാശിക്കുന്നുണ്ടായിരുന്നു. അവൾ ചക്രപാണിയുടെ
പാർശ്വഭാഗത്തായി വന്നണഞ്ഞിട്ട് അവന്റെ ചെവിയിൽ "ഞാനും
സഹോദരനും ഉദയാനന്ദനും വന്നിട്ടുണ്ട്; ഭയപ്പെടേണ്ട" എന്നു പറ
ഞ്ഞിട്ടു നടന്നുപോയി. അവൾ അവനോട് പറഞ്ഞതെന്താണെന്നു
പൊല്ലീസുകാർ ചോദിച്ചതിൽ, അവൾ ഒന്നും പറഞ്ഞില്ല എന്നും അ
വളെ അറികില്ലന്നും ലടകമിശ്രൻ പറഞ്ഞു.

അടുത്തദിവസം വിശാലപുരത്തെ കോടതിയിൽ വലിയ ജനക്കൂട്ട
മുണ്ടായി. പൌരപ്രധാനികളും ധനവാന്മാരും ഉദ്യോഗസ്ഥന്മാരും പ്ര
ത്യേകം ആസനങ്ങളിൽ ഉപവിഷ്ടന്മാരായി. അന്നു നടക്കുന്ന കേസ്
അസാധാരണസ്വരൂപത്തിലുള്ളതായിരുന്നതിനാൽ അതറിയുവാൻ ജന
ക്കൂട്ടം തിക്കിത്തിരക്കി വർദ്ധിച്ചിരുന്നു. ജനസംഘത്തിൽവച്ച് ഒരുവ
ൻ മറ്റൊരുവനോട് "ഇന്നു നടക്കുന്നകേസ് എന്തത്ഭുതമുള്ളതാണ്"
എന്നു ചോദിച്ചു. അതിനു മറ്റവൻ "ഒരു പ്രസിദ്ധനായ കള്ളനെ
സ്സംബന്ധിച്ച ഒരു കേസാണ്. ഇവൻ കുശസ്ഥലിയിലെ പ്രഭുകുമാര
മോഹനന്റെ മകളായ ചന്ദ്രലേഖയെ വിവാഹം ചെയ്തിരുന്നു. ഒരുവ
ലിയ കോടീശ്വരനാണ് താൻ എന്ന് അയാളെ പറഞ്ഞുമിരട്ടി ആ
വിവാഹം സാധിച്ചു. ഒരുദിവസം ആ വീട്ടിലിരുന്ന മുപ്പതിനായിരം ഉ
റുപ്പികയും പത്തുപതിനായിരം ഉറുപ്പിക വിലയുള്ളപൊൻപണ്ടങ്ങ
ളും മോഷണംചെയ്തിട്ട് അവിടെനിന്നും ഓടിപ്പോയി. അതുവഴി ഇവി
ടെവന്ന്, മറ്റൊരുപേരോടുകൂടി കനകാംഗിയെ വിവാഹംചെയ്ത് അ
വളുടെ ധനം മിക്കവാറും അപഹരിച്ചു. അവന്റെ സംഘത്തിൽപ്പെ
ട്ട രണ്ടു കള്ളന്മാരെക്കൂടി പിടിച്ചിട്ടുണ്ട്. ഈ കള്ളന്മാരെല്ലാം ഏതോ
ഒരു ഭയങ്കരമായ സംഘത്തിൽപെട്ടവരാണത്രേ. ആ സംഘത്തിന്റെ
പ്രവൃത്തി അതിക്രൂരമാണെന്നാണ് ജനവിശ്വാസം. ചക്രപാണിയെ
വിസ്തരിക്കുമ്പോൾ ഇനി എത്ര വലിയകള്ളങ്ങൾ ചെയ്തതായി തെളി

യുമെന്ന് ആർക്കറിയാം" എന്നു മറുവടിപറഞ്ഞു.

ന്യായാസനത്തിനടുത്ത് ഒരു ഭാഗത്തായി ദേവദത്തനും പ്രഭുകുമാ
രമോഹനനും അയാളുടെ മൂത്തപുത്രിയായ ചന്ദ്രലേഖയും അവൾക്കായി
പ്രത്യേകം നിശ്ചയിക്കപ്പെട്ട ആസനങ്ങളിൽ ഇരുന്നിരുന്നു. മറ്റൊരു
ഭാഗത്തായി വിജയപുരം ജമീന്ദാരായ വീരസിംഹനും ഇരുന്നിരുന്നു. കു

ത്യം പതിനൊന്നു മണിക്ക് ജഡ്ജി ന്യായാസനത്തിൽ ഉപവിഷ്ടനായി. ആ സമയം കുറ്റക്കാരായ ചക്രപാണി, വാമനൻ, വലിയ കുറുപ്പൻ എന്ന മൂന്നുപേരെയും ജഡ്ജിയുടെ മുമ്പിൽ ഹാജരാക്കി, പ്രതിക്കൂട്ടിൽ അടച്ചുനിർത്തി.

ഒന്നാമതായി പ്രഭുകുമാരമോഹനന്റെ സാക്ഷ്യമായിരുന്നു. അയാൾ ദേവദത്തനോടു പറഞ്ഞ പരമാർത്ഥങ്ങൾ എല്ലാം ജഡ്ജിയുടെ സന്നിധിയിലും പറഞ്ഞു. ആ കാലത്തിൽ അവന്റെ പേർ ചന്ദ്രമോഹനൻ എന്നായിരുന്നെന്നും അവനെക്കുറിച്ചുള്ള സകലവിവരങ്ങളും മോഷണം ചെയ്തതും പറഞ്ഞുകേൾപ്പിക്കയും മുമ്പു പറഞ്ഞ കത്ത് ഒരു രേഖയായി ഹാജരാക്കുകയും ചെയ്തു. രണ്ടാമതായി ചന്ദ്രലേഖയെ വിസ്തരിച്ചു. അതു മുമ്പത്തെപ്പോലെ തന്നെയായിരുന്നു.

ജഡ്ജി ആ കത്തെടുത്തു വായിച്ചുനോക്കി. അതിനെ ചക്രപാണി എന്ന ലടകമിശ്രനെ കാണിച്ചു. ഈ കത്തു നിനക്കു വന്നതാണോ എന്നു ചോദിച്ചു.

ചക്രപാണി.— ഇതെനിക്കു വന്നതല്ല.

ജഡ്ജി.—ഇതിന്റെ മേൽവിലാസം നിന്റേതായിരിക്കുന്നുവല്ലോ. ഇത് നിന്റെ മെത്തയുടെ കീഴിൽ വന്നതെങ്ങനെ?

ചക്രു.—എങ്ങനെയെന്ന് എനിക്കറിവില്ല. ഈ കത്തു ഞാൻ കണ്ടതു് ഇപ്പോൾ മാത്രമാണ്.

ജ.—വലിയ കുറുപ്പനെ നീ അറിയുമോ?

ച.—(അല്പനേരം കഴിഞ്ഞു) അറിയും. ഒരുദിവസം ഞങ്ങൾ ഒരു ഹോട്ടലിൽ വച്ചു പരിചയപ്പെട്ടു.

ജ.—അവൻ വേഗാസംഘത്തിൽ ചേർന്നവനാണോ?

ച.—ആ സംഘത്തെ സംബന്ധിച്ചുള്ളതൊന്നും ഞാൻ പറയുകില്ല.

ജ.—നീ പ്രഭുകുമാരന്റെ മകളെ വിവാഹം ചെയ്തതു് സത്യം തന്നെയല്ലേ?

ച.—അതെ.

ജ.—അവളുടെ വീട്ടിൽനിന്നും മുപ്പതിനായിരം രൂപായും പതിനായിരത്തിന്റെ പൊൻപണ്ടങ്ങളും മോഷണംപോയി എന്നുള്ളതും സത്യമല്ലയോ?

ച. ഇല്ല; ഇല്ല. ഒന്നുംപോയിട്ടില്ല. എന്റെ മേലുള്ള വിരോധത്താൽ എന്നെ ഒരു കുറ്റക്കാരനാക്കുന്നതിനായി കെട്ടിച്ചമച്ച ഒരു കഥയാകുന്നു അതു്.

ജ.—ഈ നാട്ടിൽ കനകാംഗിയെന്ന ഒരു സ്ത്രീയെ നീ വിവാഹം ചെയ്തിട്ടുണ്ടോ?

ച.—ഉണ്ട്.

അതുകഴിഞ്ഞു് അടുത്തതായി ആ നാട്ടിലെ കൃഷ്ണലാൽ എന്ന ഒരു വ്യാപാരിയുടെ മൊഴിവാങ്ങി. മേശപ്പുറത്തു കുറെ സ്വൎണ്ണാഭരണങ്ങൾ നിരത്തിയിരുന്നതിനെ കാണിച്ചുകൊണ്ടു്,

ജ:—ഈ പൊൻപണ്ടങ്ങൾ ഏതെന്നറിയാമോ?

കൃഷ്ണലാൽ:—അറിയാം?

ജ—എങ്ങനെ അറിയാം?

കൃഷ്ണ—ഈ സ്വൎണ്ണാഭരണങ്ങൾ ചക്രപാണി എനിക്കു വിലക്കു തന്നവയാണു്.

ജ—എത്ര സംഖ്യയ്ക്കു്.

കൃ—രണ്ടായിരം ഉറുപ്പികയ്ക്കു്.

ജ—ഈ വിവരം നിങ്ങളുടെ കണക്കിൽനിന്നു കാണാമോ?

കൃഷ്ണ—കാണാം, അതിൽ ഓരോന്നും ഇന്നതിരിച്ചും ഇന്നാരോടു വാങ്ങിയെന്നും വിവരിച്ചു എഴുതീട്ടുണ്ടു്, അതു കോൎട്ടിൽ ഹാജരാക്കിട്ടുണ്ടു്.

ജ—ഇതു മോഷണംപോയ വകയെന്നു നിങ്ങൾക്കു് എങ്ങനെ അറിയാം?

കൃഷ്ണ—ഞാൻ ഇതു വാങ്ങി നാലഞ്ചുനാൾ കഴിഞ്ഞതിനുശേഷം സകല പത്രങ്ങളിലും ഗവൎമ്മെന്റു ഗസറ്റുകളിലും ഉറുപ്പടിവിവരം വ്യക്തപ്പെടുത്തിയതും പ്രഭുകുമാരന്റെ വകയുമായ പരസ്യം പ്രസിദ്ധീകരിച്ചിരുന്നതുകണ്ടു. അതും ഈ ഉറുപ്പടികളും ശരിക്കു കണ്ടതിനാൽ ഇതു മോഷണസ്വത്താണെന്നു ഞാൻ മനസ്സിലാക്കി. ആ വിവരം ഞാൻ ഉടൻ ഗവമ്മെന്റിനെ അറിയിക്കയും അതു ബോധപ്പെടുത്തുകയും ചെയ്തിട്ടുണ്ടു്.

ജഡ്ജി ഉടൻതന്നെ വേറെ ചില ഉറുപ്പടികൾകൂടി വരുത്തി, മറ്റെ ഉറുപ്പടികളുടെ കൂട്ടത്തിൽ ചേൎത്തുവച്ചിട്ടു, പ്രഭുകുമാരനെ വിളിച്ചു ഇവയിൽ നിങ്ങളുടെ ഉറുപ്പടികളുണ്ടോ എന്നു നോക്കുന്നതിനും, ഉണ്ടെങ്കിൽ അവയെ വേർതിരിച്ചെടുക്കുന്നതിനും ആജ്ഞാപിച്ചു. അയാൾ നോക്കി അയാളുടെ വകയെല്ലാം പ്രത്യേകം തിരഞ്ഞെടുത്തു കാണിച്ചു അതു് ഗസറ്റുപരസ്യത്തിലെ വിവരപ്പട്ടികയും കൃഷ്ണലാൽ വിലക്കു വാങ്ങിയ കണക്കുബുക്കിൽ കൊള്ളിച്ചിരുന്ന പട്ടികയും ശരിയായിരുന്നു.

ജഡ്ജി—(ചക്രപാണിയോടു) വാമനനെ നിനക്കറിയാമോ?

ചക്ര—അറിയാം.

ജ—അവൻ ഈ മോഷണകാൎയ്യത്തിൽ നിന്നെ സഹായിച്ചവനാണോ?

ചക്ര—അല്ല.

ജ—നിങ്ങൾ തമ്മിൽ ഏതുവിഷയത്തിൽ സംബന്ധപ്പെട്ടിരിക്കുന്നു.

ചക്ര--കശസ്ഥലിയിൽവച്ചു ഞങ്ങൾ തമ്മിൽ പരിചയപ്പെട്ടു. അവിടെനടന്ന മോഷണത്തെ ലാക്കാക്കി, "നീ പ്രഭുകുമാരന്റെ വകകളെ മോഷ്ടിച്ചതെനിക്കറിയാം. അതിൽ പങ്കുതന്നില്ലെങ്കിൽ വിവരം വെളിപ്പെടുത്തും" എന്നു പറഞ്ഞുകൊണ്ട് അവൻ എന്റെ പുറകേ നടക്കുന്നു.

ജ--ഇതല്ലാതെ നിനക്കും അവനും മററു വിഷയങ്ങളിൽ സംബന്ധമില്ലല്ലോ?

ചക്ര--ഇല്ല.

ആ വിസ്താരം കഴിഞ്ഞു വലിയകറപ്പനെ കൂട്ടിക്കൊണ്ടുവരുവാൻ ആജ്ഞാപിച്ചു. കേസ് വിസ്തരിക്കുവാൻ തുടങ്ങിയപ്പോൾ ഇവർമൂന്നുപേരെയും മൂന്നു സ്ഥലത്തായി പ്പോല്ലീസ്സ് ബന്ധവസ്സിൽ വച്ചിരുന്നു. അവനെ ജഡ്ജിയുടെ മുമ്പിൽനിർത്തി. അവൻ ആരെയോ തുണ്ണയോട്ടുകൂടി നോക്കുന്നവൻ എന്നപോലെ ചുററുംനോക്കി പരിസരപ്രദേശങ്ങളെ പരിശോധിക്കുന്നതു് എല്ലാവർക്കും മനസ്സിലായി

ജ--(കത്തുകാണിച്ചിട്ടു) നീ ഈ എഴുത്തു കൊണ്ടുചെല്ലുമ്പോൾ ചക്രപാണി എവിടെ ഇരുന്നിരുന്നു?

വലിയകറപ്പൻ--ഈ എഴുത്തു കൊടുക്കുമ്പോൾ അവൻപ്രഭുകുമാരമോഹനന്റെ ഗൃഹത്തിൽ ഇരുന്നിരുന്നു.

ജ--അപ്പോൾ അവനു വിവാഹം കഴിഞ്ഞിരുന്നോ?

വലിയ--കഴിഞ്ഞിരുന്നു.

ജ--അതു നിനക്കെങ്ങനെയറിയാം?

വലിയ:--ആ വിവരം ചക്രപാണിതന്നെ എന്നോടു പറഞ്ഞിരുന്നു.

ജ--ഈ എഴുത്തു തന്നതാര്?

വലി--അതു് എന്റെ യജമാനൻ

ജ--അതാരാണ്? ഇതിൽ ഒപ്പിട്ടിരിക്കുന്ന ഉദയാനന്ദനല്ലേ?

ഇപ്പോഴാണ് വലിയകറപ്പന് അതേപ്പററി ഓർമ്മയുണ്ടായതു്. ആ എഴുത്തു സമ്മതിച്ചു മൊഴികൊടുത്തതുതെററെന്ന് അവൻ ഓർമ്മിച്ചു. ഇനി എന്തുചെയ്യും. ചാകാനോ പറയാനോ എന്നറിയാതെ മറുവടിപറഞ്ഞതു കുറ്റപാശമായിത്തീർന്നു. അല്പനേരം ഇതെല്ലാംഓർത്തു മൌനമായി നിന്നു. പിന്നീടവൻ ഇങ്ങനെ പറഞ്ഞു.

വലിയ—കത്തു് എന്റെ യജമാനൻ തന്നതാകുന്നു. പേരെന്തെന്ന് എനിക്കറിഞ്ഞുകൂട. അതിൽ കാണുന്നതു് ആരുടെ പേരെന്നും അറിവില്ല.

ജഡ്ജി—(സഗൌരവം)എന്തു്? നിന്റെ യജമാനന്റെപേർ നിനക്കറിവില്ലയോ?

വലി--അങ്ങനെ ഞാൻ പറഞ്ഞില്ല.

ജ:—ശരി, നിന്റെ യജമാനന്റെ പേരെന്തു്?

വലി:—അതു പറയുവാൻ എനിക്കനുവാദമില്ല.

ജ·—നിന്റെയജമാനൻതന്നെയല്ലേനിങ്ങളുടെ സംഘത്തിന്റെയും നാഥൻ?

വലി.—തത്സംബന്ധമായൊന്നും പറയുവാൻ അനുവാദമില്ല.

ജ:—കോർട്ടിൽനിന്നും ചോദിക്കുന്നതിന്ന് ഉത്തരം പറയാതിരുന്നാൽ ശിക്ഷ ലഭിക്കും.

വലി:—ശിക്ഷിച്ചുകൊള്ളട്ടെ.

ജ:—നീ ആവിവരം ശരിയായിപറയുന്നതുകൊണ്ടു നിനക്കു കോർട്ടിൽനിന്നും രക്ഷകിട്ടുമെന്നു ബോധപ്പെട്ടാൽ പറയാമോ?

വലി—എങ്ങിനെ ആയാലും പറയുകില്ല.

ജ—പൊല്ലീസുകാർ ചക്രപാണിയെ പിടിക്കുവാൻ ചെന്നസമയം നീ അവന്റെ അടുത്തുണ്ടായിരുന്നതിന്നു കാരണമെന്തു്?

വലി—അവനെ കാണ്മാൻ പോയിരുന്നു.

ജ— അവനെ നിനക്കു് എത്രകാലമായി പരിചയമുണ്ടു്?

വലി—അഞ്ചാറു വത്സരങ്ങളായി അറിയാം.

അനന്തരം ചക്രപാണിയെ വരുത്തി വലിയകുറുപ്പനെ ചൂണ്ടിക്കാണിച്ചിട്ടു് ഇവനാണോ ഈ എഴുത്തു നിനക്കു തന്നതു് എന്നു ജഡ്ജി വീണ്ടും ചോദിച്ചു. അവൻ അതിനെ വിസംവദിച്ചു. പിന്നീടു പ്രഭുകുമാരനോടു് ഇവനാണോ നിങ്ങളുടെ വീട്ടിൽ വച്ചു് ഈ എഴുത്തു ചക്രപാണിക്കു കൊടുത്തതെന്നു ചോദിച്ചു. ഇവൻ ഒരു ദിവസം അവിടെവന്നു ചക്രപാണിയുമായി സംസാരിച്ചിരുന്നതുകൊണ്ടും ഇവന്റെ പേർ ആ ഹിന്ദുക്കുട്ടി എഴുതിയിരുന്നതുകൊണ്ടും ആ എഴുത്തു കൊടുത്തതു് ഇവൻതന്നെയാണെന്നാണു് എന്റെ പൂർണ്ണമായ വിശ്വാസം.

ജ—ഇവനെ അതിന്നുമുമ്പേ നിങ്ങൾ കണ്ടിട്ടുണ്ടോ?

പ്രഭുകു—അതിന്നുമുമ്പേ ഒരു വിചിത്രതരമായ സ്ഥലത്തുവച്ചു് ഇവനെ കണ്ടിട്ടുണ്ടു്.

ജ—വിസ്താരമായി പറയുക.

അതിന്നു മറുപടിയായി പ്രഭുകുമാരൻ ഇങ്ങനെ പറഞ്ഞു. ചക്രപാണിയുമായി പരിചയപ്പെട്ടതിന്നു രണ്ടുമാസംമുമ്പിലായി ഞാൻ രാമപുരത്തേക്കു പോയിരുന്നു. അവിടെവച്ചു് ഒരുദിവസം വൈകി ആറുമണിക്കുമേൽ ഞാൻ താമസിച്ചിരുന്ന ഹോട്ടലിലിരുന്നു കമ്പോളവീഥിയിലുള്ള കാഴ്ച കാണുന്നതിന്നായിപ്പോയി. കമ്പോളങ്ങൾ കണ്ടുകണ്ടു് അതിന്നു സമീപമുള്ള ഒരു വലിയ രാജപാത വഴി തിരിഞ്ഞു മന്ദമന്ദം നടന്നുകൊണ്ടിരുന്നു. ആ സ്ഥലം വളരെ പരിഷ്കൃതവും വഴിയോരങ്ങളിലുള്ള കെട്ടിടങ്ങൾ അതിമനോഹരങ്ങളും രണ്ടും മൂന്നും നിലകളുള്ള മാളികകളുമായിരുന്നു. ഞാൻ ഒരു വലിയവീട്ടിൻനടയിൽ എത്തിയസ

മയം ആ വീട്ടിനുള്ളിൽനിന്നു "അയ്യോ! കൊല്ലുന്നു! കൊല്ലുന്നു!" എന്നു ദയനീയമായവിധം ഒരു സ്ത്രീയുടെ ആൎത്തനാദം എന്റെ ചെവികളിൽ പതിഞ്ഞു. ഞാൻ പെട്ടെന്നു അവിടെ നിന്നു. ആ പരിതാപകരമായ ശബ്ദം വീണ്ടും വീണ്ടും ഉണ്ടായി. ഞാൻ ആ വീട്ടിൽ കടന്നു ചെന്നു. അവിടെ അകവശത്തായി ഒരു മതിലും ഒരു വാതലുമുണ്ടായിരുന്നു. അതു ചവുട്ടിപ്പൊളിച്ചു് ഉള്ളിലേക്കു ചെന്നു. ചെല്ലുമ്പോൾ ആ ശബ്ദം മാളികമുകളിൽനിന്നാണെന്നു മനസ്സിലായി. കോണിപ്പടികൾ കണ്ടുപിടിച്ചു ഞാൻ മുകളിലെത്തി. അവിടെ ഒരു അറയുടെ അടയ്ക്കപ്പെട്ടിരുന്ന രണ്ടു വാതലുകൾ കണ്ടു. അവയിൽ ഒന്നിൽനിന്നും കതകിന്റെ ചേൎപ്പിലുള്ള ഇടയിൽകൂടി വെളിച്ചം കണ്ടു. ആ കതകുതുറന്നു ഞാൻ അകത്തു ചെന്നു. അപ്പോൾ കണ്ട കാഴ്ച ഓൎക്കുമ്പോൾ ഇപ്പോഴും എന്റെ ഹൃദയത്തിനു ഞെടുക്കമുണ്ടാകുന്നു. എനിക്കതു് ഓൎക്കുവാൻവയ്യാത്ത വിധം ഭയങ്കരമായിരുന്നു. ആ അറയിൽ ഞാൻ ചെന്ന വാതലല്ലാതെ വേറെയും വാതലുകളുണ്ടായിരുന്നു. ഒന്നുമാത്രം വലുതും മററുള്ളവ ചെറിയവയുമായിരുന്നു. ഇവയിലെല്ലാം കുറുകെയും നെടുകെയുമായി ഇരുമ്പഴികൾ പിടിപ്പിച്ചിരുന്നു. ഒരു നോട്ടത്തിൽ അതു് ഒരു തടവുശാലപോലെതോന്നും. കടുവാ, സിംഹം മുതലായ മൃഗങ്ങളെ അടച്ചിട്ടിരിക്കുന്നമുറികളിൽ നിന്നു വീശുന്നതുപോലുള്ള ദുൎഗ്ഗന്ധം ആ മുറയിൽ വ്യാപിച്ചിരുന്നു.

ആ വിശാലമായ മുറിയുടെ ഒരു വശത്തായി ഒരു മേശയും അതിന്റെ മുകളിലായി പലതരം വൻകുപ്പികളും വയ്ക്കപ്പെട്ടിരുന്നു. അവയിൽ ചിലവയിൽ ജലം വച്ചിരുന്നതായി തോന്നി. ഒരുവശത്തു് ഒരു പശുവിനെമലൎത്തി കെട്ടിത്തൂക്കിയിരുന്നു. മുകളിൽനിന്നും നാലു ചങ്ങലകളിൽ ഉടക്കിയ കയറുകൊണ്ടു് അതിന്റെനാലുകാലും ബന്ധിച്ചിരുന്നു. അതിന്റെ നെഞ്ചുമുതൽ അടിവയറുവരെ പിളൎക്കപ്പെട്ടിരുന്നു. ആ പിളൎപ്പിൽനിന്നും രക്തംഒഴുകി കിഴ്പോട്ടു് ഒരു സ്ഫടികപ്പാത്രത്തിൽ പതിച്ചുകൊണ്ടിരുന്നു. ആ പശുവിന്റെ സമീപത്തുനിന്നും സമീപമുള്ള വാതൽവരെ രക്തംപുരണ്ട കാലടികളുടെഛായ പതിഞ്ഞിരുന്നു. അതിലെ രക്തം ഉണങ്ങിയിരുന്നില്ല. ആ പശുവിനെ പിളൎന്നിട്ടു് അധികം സമയമായിരുന്നില്ല. അതിന്റെ മാറിൽനിന്നുള്ള രക്തസ്രുതി ശമിച്ചിരുന്നില്ല.

ഈ കാഴ്ച അത്യന്തം ഭയാനകമായിരുന്നു. ഞാൻ അവിടേയ്ക്കു എന്തിനു ചെന്നുവെന്നുള്ള കഥകൂടി വിസ്മൃതപ്രായമായി. അവിടെ നില്ക്കുന്നതു് അപായകരമാകുമെന്ന ശങ്ക എന്റെ മനസ്സിലുദിച്ചു. ഉടൻ പെട്ടെന്നിറങ്ങി വെളിയിലേക്കു നടന്നു. മുററത്തെത്തിയസമയം ഒരു സ്ത്രീ എന്റെ മുമ്പിൽവന്നുനിന്നു. അവൾ ഏററവും സൌന്ദൎയ്യവും ഗാംഭീൎയ്യവുമുള്ളവളായി തോന്നി. വയസ്സു് ഇരുപത്തഞ്ചിലധികമല

യിട്ടില്ല. പൊക്കം സ്ത്രീസാമാന്യത്തിൽ നിന്ന് അല്പംകൂടി ഉയൎന്നതായിരുന്നു. അവളുടെ വസ്ത്രാഭരണങ്ങൾ വിലയുള്ളവയും വൃത്തിയുള്ളവയുമായിരുന്നു. എന്നെക്കണ്ട ക്ഷണം അവൾക്കു കോപമുണ്ടായി എന്ന് അവളുടെ നോട്ടങ്ങളിൽ നിന്നനുമാനിച്ചു. "നീ ആര്? ജീവഭയംകൂടാതെ അലക്ഷ്യവും നിൎഭയവും ആയി ഈ സ്ഥലത്തു സഞ്ചരിക്കുന്നതിനുള്ള കാരണമെന്തു്" എന്ന് അവൾ കുപിതയായി ചോദിച്ചു.

വാസ്തവമായി എനിക്കപ്പോഴുണ്ടായിരുന്നതു വലുതായ ഭയമായിരുന്നു. അവളുടെ ചോദ്യംകൂടി ആയപ്പോൾ ജീവച്ഛ അസ്ഥാനത്തിലെത്തിയിരിക്കുന്നുവെന്നു തോന്നി. അവളുടെ കൈവിരലിന്മേൽ അതിപ്രഭയേറിയ ഒരു മോതിരം ഉള്ളതായി ആദ്യമേതന്നെ ലക്ഷീകരിച്ചു. അതിലെ കട്ടയിൽ ഒരു സൎപ്പത്തിന്റെ ആകൃതിയുള്ളതായി കാണപ്പെട്ടു. ഇതു് എന്റെ ഭയപാരവശ്യങ്ങളെ ദ്വിഗുണീകരിച്ചു. ഞാൻ അവളോടു് 'ഞാൻ ഇവിടെ വരണമെന്നാശയോടുകൂടി വന്നതല്ല. ഈ വഴിയേ കടന്നുകൊണ്ടിരിക്കുമ്പോൾ ഒരു സ്ത്രീയുടെ മരണകരമായ ദൈന്യശബ്ദംകേട്ടു് ഓടിവന്നതാണു്" എന്നു ഞാൻ താണസ്വരത്തിൽ മറുപടിപറഞ്ഞു

അവൾ--നിന്റെ വീടു് എവിടെ? ഇവിടെ പാൎക്കുന്നതു് ആരെന്നറിയാമോ? നീ എപ്പോഴെങ്കിലും ഇവിടെ വന്നിട്ടുണ്ടോ (എന്നു ചോദിച്ചു)

ഞാൻ—ഈ നാടു ഞാൻ കണ്ടതു് ആദ്യമായിട്ടാണു്. ഈ ഗ്രാമത്തിന്റെ സമീപസ്ഥലങ്ങളെയോ ജനങ്ങളെയോപറ്റി എനിക്കു് ഒന്നുംതന്നെ അറിവില്ല (എന്നു മറുപടി പറഞ്ഞു)

ആ സമയം ഈ നില്ക്കുന്ന വലിയകറപ്പൻ ആ വീട്ടിനുള്ളിൽനിന്നിറങ്ങി ആ സ്ത്രീയുടെ പുറകിലായി ഒരു നിഴലിൽ മറഞ്ഞുനില്ക്കുന്നതു ഞാൻ കണ്ടു. ഇവൻ ഒരു മുറിയിൽനിന്നിറങ്ങിയപ്പോൾ ദീപപ്രകാശംകൊണ്ടു് ഇവന്റെ മുഖം നല്ലപോലെ കാണ്മാൻകഴിഞ്ഞു. ആ സ്ത്രീ ഇവനെ കൂട്ടിക്കൊണ്ടു താഴ്വാരത്തിൽ ചെന്നുനിന്നു് എന്തോ രഹസ്യഭാഷണംചെയ്തു. ആ സമയം എന്റെ തൊണ്ടയിൽ ജലമയമേ ഉണ്ടായിരുന്നില്ല. ആ സ്ഥലം ഒരു കൊലക്കളംപോലെ എനിക്കു തോന്നി. ഞാൻ നിരപരാധിയായിരുന്നതിനാൽ ദൈവസഹായത്തെ പ്രാൎത്ഥിച്ചുകൊണ്ടു നിൎജ്ജീവപ്രായമായി ആ നിലയിൽതന്നെ നിന്നു. പിന്നീടു് ആ പുണ്യവതി എന്റെ സമീപത്തു മടങ്ങിവന്നു. "നീ എങ്ങനെയുള്ള ആപത്തിൽ അകപ്പെട്ടിരിക്കുന്നുവെന്നുള്ള പരമാൎത്ഥം ഇപ്പോൾ നിനക്കറിവില്ല. നീ പറഞ്ഞതെല്ലാം സത്യമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു. എന്നാൽ ഞാൻ പറയുന്നവിധം കേട്ടാൽ നിനക്കു് ഇവിടെനിന്നു രക്ഷപെടാൻ കഴിയും. ഇവിടെ നടക്കുന്ന സംഗതികളെ മരണപൎയ്യന്തം ആരോടും പറയുന്നതല്ലെന്നും, ഈ സ്ഥലത്തെപ്പറ്റി

ആരോടും ഒരു പ്രസ്താവവും ചെയ്യുന്നതല്ലെന്നും സത്യം ചെയ്യണം. നാളെത്തന്നെ ഈ നാടുവിട്ടു പൊയ്ക്കൊള്ളുകയും വേണം.

ആ പുണ്യവതിക്ക് ഇങ്ങനെതോന്നിയതു ദൈവകൃപയാലാണെന്നു വിചാരിച്ചു പ്രതിജ്ഞയുംചെയ്തു് അന്നുതന്നെ ആസ്ഥലംവിട്ടുപോ

രം ചെയ്തു. യാത്രയിൽ വഴിമദ്ധ്യേവച്ചു് ഇവനെ ഒന്നുകൂടി കണ്ടു ഞാൻ ഇവനോടു സംസാരിച്ചസമയം ഇവനുമായി ഒരിക്കലുംകണ്ടിട്ടില്ലാത്തവിധം അഭിനയിച്ചിരുന്നു.

ജഡ്ജി.--(കറപ്പനോടു്) ഇദ്ദേഹം പറയുന്നതെല്ലാം സത്യംതന്നെയല്ലേ? ആ സ്ത്രീ ആരു?

വലിയ.--എനിക്കതേപ്പററി ഒന്നുംതന്നെ അറിവില്ല.

ആസമയം കോടതിയിലെ ഹാളിൽ ഒരു വശത്തു് ഒരു സ്ത്രീ ഇരുന്നിരുന്നു. അവൾ ഒരു കറുത്ത വസ്ത്രംകൊണ്ടു ആപാദമസ്തകം മറച്ചിരുന്നു. പ്രഭുകുമാരന്റെ പ്രസംഗത്തിൽ മോതിരസംഗതിവന്നപ്പോൾ അവൾ തന്റെ കൈയെ വസ്ത്രാഞ്ചലത്താൽ മറച്ചുകളഞ്ഞു. അവളുടെ ഈ നാട്യങ്ങളും ഭാവങ്ങളും മററും വീരസിംഹൻ ശ്രദ്ധയോടെ സൂക്ഷിച്ചുകണ്ടിരുന്നു. ഒടുവിൽ ദേവദത്തനെ വിസ്തരിച്ചു. അവന്റെ സഹോദരിയായ കനകാംഗി അവനെ വരുത്തി ഭത്താവിനെക്കൊണ്ടുള്ള ഉപദ്രവങ്ങൾ നീക്കിക്കൊടുക്കണമെന്നപേക്ഷിച്ചതായും അവൻ അങ്ങനെ സമ്മതിച്ചതായും പിന്നീടു പ്രഭുകുമാരമോഹനനുമായി സംബന്ധിച്ചതായും അവിടെവെച്ചു ചന്ദ്രലേഖയുടെ വരന്റെ വൃത്താന്തങ്ങളും മോഷണസംഗതിയും മററും വിസ്തരിച്ചു പറഞ്ഞതായും കേട്ടപ്പോൾ രണ്ടുപേരിൽ ഭേദങ്ങളും സത്തിയ ആരും ഈനാണെന്നു ബോധ്യപ്പെട്ടതായും തനിവൃത്തിക്കായി രണ്ടുപേരുംകൂടി ഇവിടെവന്നു പോലീസിൽ അറിവുകൊടുത്തതായും ആവഴി ഇവനെ പിടിച്ചതായും മററുമുള്ള വിവരങ്ങൾ സവിസ്തരം പറഞ്ഞുകേൾപ്പിച്ചു.

വിസ്താരം കേട്ടിരുന്ന ജൂറികൾ, ചക്രപാണിയും വലിയകറപ്പനും ഭയങ്കരമായ വേഗംസംഘത്തിൽ പെട്ടവരാണെന്നും ഇവർ മോഷണം, പിടിച്ചുപറി, കൊല മുതലായ അനേകം കഠിനകമ്മങ്ങൾ ചെയ്യുവാനുണ്ടാക്കി ആസംഘത്തിന്റെ നിലനില്പിനെപോററുന്നതിലെ അംഗങ്ങളാണെന്നും ഇവർ കഠിനശിക്ഷയ്ക്കു അർഹന്മാരാണെന്നും അവരുടെ അഭിപ്രായങ്ങളെ രേഖപ്പെടുത്തി. അതനുസരിച്ചും കുററം പൂർണ്ണമായി തെളിഞ്ഞിട്ടുള്ളതുകൊണ്ടും ചക്രപാണിയെയും വലിയകറപ്പനെയും നാട്ടിന്റെ രക്ഷയ്ക്കു തൂക്കിക്കൊല്ലുന്നതു് ഉത്തമമായിരിക്കുന്നതിനാലും അവരെത്തൂക്കിക്കൊല്ലുവാനും, വാമനൻ ഈ കേസിൽ നിർദ്ദോഷിയെന്നു കാണുകകൊണ്ടു് അവനെ വിട്ടയപ്പാനും ജഡ്ജി വിധികല്പിച്ചു.

---

# അദ്ധ്യായം ൧൭.

സമയം അസ്തമയകാലമായി. ആപാദമസ്തകം കറുത്ത ഉത്തരീയംകൊണ്ടു മറച്ചു കേസിന്റെ പരിണാമത്തെപ്പറ്റി അറിയുവാൻ കോടതിയിൽ ഹാജരായിരുന്ന യുവതി, കേസിന്റെ അവസാനവിധി പറയപ്പെട്ടതു കഴിഞ്ഞു കോടതിയിൽ നിന്നിറങ്ങി ജനസഞ്ചാരം ശൂന്യമായ ഒരു മാർഗ്ഗത്തൂടെ നടന്നുപൊയ്ക്കൊണ്ടിരുന്നു. വീരസിംഹൻ അവളുടെ ഭാവഭേദങ്ങളെ പരിശോധിച്ചുകൊണ്ടിരുന്നു എന്നു മുമ്പു പറയപ്പെട്ടിട്ടുണ്ടല്ലോ. അയാൾ അവളുടെ കൈവിരലിൽ തിളങ്ങി പ്രകാശിച്ചിരുന്ന മോതിരം കണ്ടിട്ട് അതിൽ എന്തോ ഒരു ഐന്ദ്രജാലികമായ വിദ്യ അടങ്ങിട്ടുണ്ടെന്ന് അനുമിച്ചു. പ്രഭാകരമോഹനൻ മോതിരത്തെക്കുറിച്ചു തന്റെ പ്രസംഗമദ്ധ്യേ സൂചിപ്പിച്ച അഭിപ്രായത്തിൽ അന്തർഭവിച്ച തത്വവും അതുകേട്ട് അതിനെ മറയ്ക്കുവാൻ അവൾ ചെയ്ത പ്രയത്നത്തിലന്തർഭവിച്ച തത്വവും ഊഹഗോചരങ്ങളും വീരസിംഹന്റെ അനുമാനത്തിന്റെ അന്വർത്ഥതയെ പ്രകാശനം ചെയ്യുന്നതുമാകുന്നു. അതിനാൽ അതറിയുവാനുള്ള ഉല്ക്കണ്ഠ വീരസിംഹന്റെ ധൈര്യത്തെ ഇളക്കിമറിച്ചു. അയാൾ അവളെ പിന്തുടർന്നു. പ്രഭാകരമോഹനനെ ഭയവിഹ്വലനാക്കിയ സംഭവങ്ങൾക്കും അവൾക്കുംതമ്മിലുള്ള സംബന്ധം പക്ഷേ, ഭയാനകമാണെങ്കിലും അതറിയേണ്ടതിനുള്ള അഭിരുചി അയാളെ മുമ്പോട്ടുതള്ളിനടത്തിക്കൊണ്ടുപോവുകയാണുണ്ടായത്. അവൾ മുഖംമൂടിയിരുന്നിരുന്നു എങ്കിലും ആകൃതി സുന്ദരതരമായിരിക്കുമെന്ന് അയാൾ വിശ്വസിച്ചു. അവൾ വിജനമായ ആ മാർഗ്ഗത്തിന്റെ പകുതിയോളം ചെന്നപ്പോൾ വീരസിംഹൻ അവളെ സമീപിച്ചു. "ഹേ! സ്ത്രീരത്നമേ! നിന്നെപ്പോലുള്ള സുന്ദരികളായ യുവതികൾ രാത്രികാലങ്ങളിൽ, വിശേഷിച്ചു നിർജ്ജനസ്ഥലത്തുകൂടി ഏകാകിയായി സഞ്ചരിക്കുന്നതു തെറ്റാകുന്നു. ദയചെയ്തു സമ്മതം തന്നാൽ ഞാൻ നിന്നെ നിന്റെ വസതിവരെ സഹായാർത്ഥം അനുഗമിച്ചിട്ടു മടങ്ങിക്കൊള്ളാം" എന്ന് അയാൾ അവളോടു പറഞ്ഞു.

വലിയകാരപ്പനെയും ചക്രപാണിയെയും ഇനി ഒരു ദിവസം കഴിഞ്ഞാൽ തൂക്കിക്കൊല്ലുമെന്നുള്ള വിധികല്പനയിൽ അവൾക്കു തീരാത്ത വ്യസനവും വിചാരവുമുണ്ടായി. തന്നിമിത്തം മനോരാജ്യത്തിൽ വിഭ്രാന്തമനസ്സാലിനിയായി നടന്നിരുന്നതിനാൽ വീരസിംഹൻ അവളെ സമീപിച്ചതു് അവളറിഞ്ഞില്ല. അയാളുടെ അപേക്ഷ മുന്നറിവുകൂടാതെ കേട്ടതിനാൽ അവൾ പെട്ടെന്നു ഞെട്ടി പുറകോട്ടുനോക്കി. ഉയർന്ന നിലയിലുള്ള വസ്ത്രാഭ്യലങ്കാരപ്രൗഢിയും ഉജ്ജ്വലമായ മുഖവും പ്രൗഢപ്രായവുംകൊണ്ടു പുറകിലുള്ള ആൾ അസാരനല്ലെന്ന് അ

വൾ ഒരു നോട്ടംകൊണ്ടു ധരിച്ചു. ധീരയായ അവൾ തിരിഞ്ഞുനിന്ന് അയാളെ അടുത്തു് ഒന്നുകൂടി സൂക്ഷിച്ചു. ആൾ മനസ്സിലായില്ല. അനന്തരം അവൾ ഇങ്ങനെ മറുവടിപറഞ്ഞു. "ഞാൻ സുന്ദരി എന്ന് എങ്ങനെ മനസ്സിലാക്കി എന്നു പറയുക?"

വീരസിംഹൻ:—ആഹാ! കോടതിയിൽവെച്ചു നീ വസ്ത്രാഞ്ചലത്താൽ മറച്ചുപിടിച്ചിരുന്ന നിന്റെ പദങ്ങളെ ഞാൻ കണ്ടു. ചെന്താമരദളത്തിന്റെ പ്രഭപോലെ രക്തിമയും നവകോമളത്വവും ഉള്ള കൈത്തണ്ടും കരഭവും കണ്ടാൽ, അതു ലാവണ്യമുഗ്ദ്ധയായ ഒരു യുവതിയുടേതായിരിക്കുമെന്നു മനസ്സിലാക്കാനെന്താണു പ്രയാസമുള്ളതു്.

അതുകേട്ടു വാഗ്മിയായ ആയാളുടെമുഖം ഒന്നുകൂടിപരിശോധിച്ചു. ഇനിയും ആളറിവാൻ സാധിച്ചില്ല. "നിങ്ങൾ ആരെന്നു് എനിക്കറിവില്ല. എങ്കിലും സഹായാർത്ഥം പറഞ്ഞ ഔപചാരികമായവാക്കുകൾക്കു ഞാൻ നന്ദിപറഞ്ഞുകൊള്ളുന്നു. നിവൃത്തിയുള്ളത്ര അസ്വാതന്ത്ര്യമുണ്ടാകാനിടവരാതെ പൊയ്ക്കൊള്ളുവാൻ കഴിയും എന്നു ഞാൻ വിശ്വസിക്കുന്നു" എന്നു് അവൾ വീണ്ടും പറഞ്ഞു.

വീരസിം—എന്നെ നിനക്കു മനസ്സിലാക്കാൻ കഴിഞ്ഞില്ലെങ്കിലും, ഞാൻ നിന്നെ അറിഞ്ഞുകഴിഞ്ഞിരിക്കുന്നു. നിന്റെ കൈവശം എന്തോ ഒരു ദിവ്യശക്തിയുള്ള സാമർത്ഥ്യമുണ്ടായിരുന്നാലും, അപരിചിതസ്ഥലങ്ങളിൽ ഒരു പുരുഷസഹായത്തോടുകൂടി രാത്രികാലങ്ങളിൽ സഞ്ചരിക്കുന്നതു് ഉത്തമമായിട്ടേ ഇരിക്കുകയുള്ളു. ഞാൻ ഇന്നാരെന്നു മനസ്സിലായാൽ എന്റെ സഹായത്തെ ആദരിച്ചുകൊള്ളുന്നതിന്നു ഇത്ര ആലോചന ചെയ്യുന്നതല്ലെന്നു ഞാൻ വിശ്വസിക്കുന്നു.

അതിസാമർത്ഥ്യമാർന്ന് നിർഭയം സംസാരിക്കുന്ന ആളെ മനസ്സിലാക്കാൻ കഴിഞ്ഞില്ലല്ലോ എന്നു വിചാരിച്ചു് അവൾ അയാളെ സമീപിച്ചു നിന്നിട്ടു വീണ്ടും മുഖത്തു സൂക്ഷിച്ചു. "ഞാൻ ഇന്നാരെന്നു നിങ്ങൾ എങ്ങനെ മനസ്സിലാക്കി? നിങ്ങൾ ആരു്?" എന്നു് അവൾ പിന്നെയും ചോദിച്ചു.

വീ—പ്രകുമാരമോഹനൻ രാജപുത്രനു് ഒരു വിസ്മയകരമായ ഗൃഹത്തിൽവച്ചു് ഒരു സ്ത്രീയെ കണ്ടതായി സഭയിൽ പറഞ്ഞുവല്ലോ. ആ സ്ത്രീരത്നം നീതന്നെയെന്നു എനിക്കറിയാം. ഞാൻ വിജയപുരം ജമിൻദാർ വീരസിംഹൻ.

വീരസിംഹൻ ദാരിദ്ര്യസ്ഥിതിയിൽ നിന്നു ഉയർന്ന സാമന്തരാജാവായിത്തീർന്നിട്ടുള്ള ഒരു ധനവാൻ എന്ന സംഗതി അവൾ കേട്ടിട്ടുണ്ടു്. അയാൾക്കു് എന്തോ അപൂർവ്വവും അമാനുഷികവും ആയ ഒരു ശക്തിവിശേഷമുണ്ടെന്നു് അവളറിഞ്ഞിട്ടുണ്ടു്. ചക്രവർത്തികുടുംബത്തോടു ഏററം ഗാഢവും സൌഹാർദ്ദപൂർവ്വമുള്ള ഒരു ബന്ധു എന്നും, ആയാളുടെ ആജ്ഞയെ ധിക്കരിക്കുവാൻ ആർക്കും കഴികയില്ലെന്നും ഉള്ള സംഗതി പ്ര

സിദ്ധമായി അവളുടെ കണ്ണുകളിൽ പതിഞ്ഞിട്ടുണ്ടു്. ഇത്ര സമർത്ഥനായ വീരസിംഹന്റെ സഹായം ഈ അവസരത്തിൽ ഒഴിച്ചുവിടാൻ പാടില്ലാത്ത ഒരു പുണ്യനിധി എന്നു് അവൾ മനസ്സാ ധരിച്ചു. തനിക്കു് ഏതെങ്കിലും അമാനുഷിക ശക്തിയുള്ള ആളിന്റെ സഹായം ഉണ്ടാവാൻ മാർഗ്ഗമെന്തെന്നു് ആലോചിച്ചുകൊണ്ടായിരുന്നു, അവൾ പ്രയാണം ചെയ്തിരുന്നതു്. അതിലേക്കു മനോഭീഷ്ടംപോലെ സർവ്വദാ ഉചിതനായ ഒരു മഹാനെ ദൈവം തനിക്കു സ്വയം നല്കുകയാണുണ്ടായതെന്നു് അവൾ വിചാരിച്ചു. അപ്പോൾ അവൾക്കു വിസ്മയവും സന്തോഷവുമുണ്ടായി ഇങ്ങനെ പറഞ്ഞു. ആ, വിജയപുരംപ്രഭോ! ഇതു ദൈവസങ്കല്പമാകുന്നു. താങ്കളുടെ സാന്നിദ്ധ്യം എനിക്കു നിധി ദർശനംപോലെ മംഗളസൂചകമാകുന്നു. അവിടത്തെ നിസ്തുല്യ കീർത്തിയെപ്പററി ഞാൻ കേട്ടിട്ടുണ്ടു്. അവിടത്തെ കാണണമെന്നുതന്നെ ഞാൻ ആശിച്ചിരിക്കുകയാണു്. പ്രയത്നംകൂടാതെതന്നെ ദൈവം അതെനിക്കു നല്കി എന്നു പറഞ്ഞാൽ മതി.

വീര:—എന്നാൽ എന്റെ മനോഗതം സിദ്ധമത്രേ. നമ്മുടെ പരസ്പരസ്നേഹം ശുക്ലപക്ഷത്തിലെ ചന്ദ്രൻ എന്നപോലെ അഭിവൃദ്ധിപദത്തെ അടയുമെന്നു ഞാൻ വിശ്വസിക്കുന്നു. ഞാൻ നല്ല പുണ്യം ചെയ്തവൻതന്നെ.

യുവതി:—പ്രഭോ! പ്രളുകുമാരമോഹനൻ എന്ന വ്യാപാരി കണ്ടതായി പറഞ്ഞ സ്ത്രീ ഞാൻതന്നെ എന്നറിഞ്ഞതല്ലാതെ, ഞാൻ ആരാണെന്ന വാസ്തവം അവിടേക്കറിവില്ല. പല സാമന്തരാജാക്കന്മാരാൽ വന്ദിക്കപ്പെട്ടിരുന്ന ഒരു കിരീടപതിയുടെ മകൾ എന്നുകൂടി മാത്രം ഇപ്പോഴറിഞ്ഞാൽ മതി. എന്റെ സ്നേഹം അവിടത്തേക്കു് ആവശ്യമുണ്ടെന്നു തോന്നിട്ടുണ്ടെങ്കിൽ, അവിടുത്തേക്കു എന്റെമേൽ പൂർണ്ണസ്നേഹമുണ്ടെന്നു പ്രവൃത്തികൊണ്ടു തെളിയിക്കണം. അതിലേക്കു ഉചിതമായ ഒരു സന്ദർഭം ഇപ്പോൾ ഉണ്ടായിട്ടുമുണ്ടു്.

വീര:—നമ്മെ തമ്മിൽ ഘടിപ്പിക്കുന്നതിനായി ഇങ്ങനെ ഒരു അവസരമുണ്ടാക്കിത്തന്ന ദൈവത്തെ ഞാൻ വന്ദിക്കുന്നു. ഞാൻ എന്റെ പ്രേമത്തെ ഏതുവിധം വെളിപ്പെടുത്തണമെന്നു ആവശ്യപ്പെട്ടുകൊള്ളുക.

യുവതി—ഇന്നു മരണദണ്ഡനത്തിനു വിധിക്കപ്പെട്ട രണ്ടുപേരും നിയമപ്രകാരം മൂന്നാംദിവസം തൂക്കിക്കൊല്ലുമത്രേ. ആ രണ്ടുപേർക്കും എന്റെ കുടുംബത്തെപ്പററി ചില രഹസ്യങ്ങളറിവുണ്ടു്. ആ സംഗതി വെളിക്കു വന്നാൽ ഞങ്ങൾക്കു പലവിധ നാശത്തിനു ഇടയുണ്ടു്. ആ രഹസ്യം ജീവിതാഗ്രഹംനിമിത്തം ഒരുവനല്ലെങ്കിൽ മററവൻ പറഞ്ഞേക്കാൻ മതി. അങ്ങനെ പറയുന്നവനെ ശിക്ഷയിൽനിന്നും ഒഴിവാക്കാമെന്നു ജഡ്ജി വാഗ്ദാനം ചെയ്തിട്ടുണ്ടു്. അതിനാൽ ഏതു പ്രതിക്കു

ന്ധശക്തികളുണ്ടെങ്കിലും ജീവനെ രക്ഷിക്കുന്നതിന്നായിപറഞ്ഞതുപോലെ കസാധാരണമാകുന്നു. അതിനാൽ ഇന്നു രാത്രിയോ നാളത്തെ രാത്രിയോ കഴിയുന്നതിനു മുമ്പായി ഏതുചെയ്തും തടവുശാലയിൽനിന്ന് അവരെ വിമോചിപ്പിച്ചുവിട്ടയയ്ക്കണം. ആ സംഗതി അവിടത്തെയ്ക്കല്ലാതെ മററാക്കും സാധിക്കുവാൻ ശക്തിയുള്ളതുമല്ല.

വീര--എനിക്ക് അങ്ങനെയുള്ള അമാനുഷികശക്തി ഇല്ലല്ലോ. പിന്നെയെങ്ങനെയാണു ഞാനതു നിർവഹിക്കേണ്ടതു്? വിശേഷിച്ചും ന്യായാസനത്തിൽനിന്നും ധൂമകേതുക്കളായ ആ ദുഷ്ടന്മാൎക്കു നല്കിയ ശിക്ഷ ഉചിതമായുമിരിക്കുന്നു. ഞാനതിനു വിപരീതം ചെയ്താൽ അതിനേക്കാളധൎമ്മകൎമ്മം മറെറാന്നില്ല. എന്നുതന്നെയല്ല. ഇന്നുതന്നെ അവരെ വലിയ ജയിലിൽ അടയ്ക്കുകയും ചെയ്യും. അവിടെ നിന്നും രക്ഷ ലഭിക്കുക പ്രയാസമാകുന്നു.

യുവതി—എനിക്ക് അവിടുത്തെക്കുറിച്ചു പൂൎണ്ണമായ അറിവില്ലെങ്കിലും ഇക്കാൎയ്യം സാധിക്കുന്നതിനുള്ള ശക്തി അവിടേയ്ക്കുണ്ടെന്നും ഏതോ ഒരു അമാനുഷികശക്തി അവിടേയ്ക്കു സ്വാധീനമാണെന്നുംമാത്രം ഞാൻ ധരിച്ചുവച്ചിട്ടുണ്ടു്.

വീര—ശരി! അതു് എന്നാൽ സാധ്യമാവോളം ഞാനതിൽ പ്രയത്നിക്കാം. നിന്റെ സ്നേഹലാഭത്തിനായി ഇതല്ല, ഇതിനേക്കാൾ വലുതായാലും ചെയ്യാത്ത തരമില്ലല്ലോ. അതുകഴിഞ്ഞാൽ നമ്മുടെ നടത്ത വേണ്ടവിധത്തിൽതന്നെ ആയിരിക്കുമല്ലോ?

യുവതി—സംശയമെന്തു്? യാതൊരു തടസ്സവുമില്ല. അവിടുത്തെ ഹിതം അനുസരിച്ചു നടക്കുവാൻ ഞാൻ തയ്യാറാണു്. അതിനെ ആരും തടുക്കുവാൻകഴികയില്ല.

വീര—ഞാൻ ഇനി നിന്നെ എപ്പോൾ എവിടെവച്ചു കാണും? നീ ഇരിക്കുന്ന സ്ഥലം എവിടെ?

യുവതി—ഞാൻ ഇരിക്കുന്ന സ്ഥലത്തു് എന്റെ ജ്യേഷ്ഠസഹോദരനും മറെറാരു വലിയവനും ഇപ്പോഴുണ്ടു്. അതിനാൽ അങ്ങോട്ടുവരുന്നതത്ര ഗുണമല്ല. ഇതാ ഒരു ചെറിയ പുരാതനമണ്ഡപം കാണുന്നുണ്ടല്ലോ. നമുക്ക് അതിൽ സന്ധിക്കാം. നാളെരാത്രിയിൽ പത്തുമണിക്കു ഞാൻ ആ സ്ഥലത്തു ഹാജരായിരിക്കാം.

വീര—അങ്ങനെയാകട്ടെ. നാളെ പത്തുമണിക്കെന്നുള്ള നിശ്ചയത്തെ മറന്നുകളയരുതു്.

അവൎക്കിങ്ങനെ സമയംചെയ്തപ്പോൾ പുറകിൽ ആരോ വരുന്നതുപോലെ ഒരസ്പഷ്ടമായ ശബ്ദം അവരുടെ ചെവികളിൽപതിച്ചു. ആരോ വൃക്ഷച്ഛായയിൽ മറഞ്ഞതായും തോന്നി. ഉടൻ അവർ സമീപമെല്ലാം പരിശോധിച്ചു. ആരെയും കണ്ടില്ല. ഛെ! ഏതോ ഒരുമിഥ്യാഭ്രമം. ഒന്നുമില്ല. നിഴലാട്ടമായിരിക്കും എന്നുപറഞ്ഞു ആ സംഭ

യത്തെ നിസ്സാരമായിഗണിച്ചു വിട്ടുകളഞ്ഞു. രണ്ടുപേരും പരസ്പരം സ്നേഹസൂചകങ്ങളായ അഭിവാദ്യങ്ങളോടുകൂടി പിരിഞ്ഞു.

അവർ സംസാരിച്ചുകൊണ്ടിരുന്നപ്പോൾ ആരോ മരങ്ങളിൽ മറഞ്ഞതായി തോന്നിഎന്നും, അതു വെറും വിഭ്രാന്തിയാണെന്നും പറഞ്ഞുവല്ലോ. എന്നാൽ വാസ്തവം അങ്ങനെയല്ല. അങ്ങനെ മറഞ്ഞതു് ഒരു സ്ത്രീയായിരുന്നു. അവളും കോടതിയിൽനടന്ന വിസ്താരം കേൾപ്പാനായി പോയിരുന്നവളാണു്. ജനക്കൂട്ടം പിരിഞ്ഞസമയം, വീരസിംഹൻ ഒരു സ്ത്രീയെഅനുഗമിക്കുന്നതുകണ്ടു്, അവരുടെ രഹസ്യം എന്തെന്നറിയാനായി അവളും പുറകേ പുറപ്പെട്ടിരുന്നു. ഈ വസ്തുത വീരസിംഹനറിഞ്ഞില്ല. അവൾ തിരിഞ്ഞുനോക്കിയാൽ നോട്ടമെത്താത്തവണ്ണം പുറകേ അതിദൂരത്തായിരുന്നു. ക്രമേണ അവൾ അവരെ സമീപിച്ചു. "നാളെ രാത്രിയിൽ പത്തുമണിക്കു് ആ വഴിയമ്പലത്തിൽ സന്ധിക്കാം"മെന്നുള്ളതുമാത്രം അവൾ വ്യക്തമായി ധരിച്ചു. അതു് അവളുടെ ഹൃദയത്തെ തീവ്രമായി തപിപ്പിച്ചു. പുറകേവന്ന സ്ത്രീ വീരസിംഹനെ അസാമാന്യമായി സ്നേഹിച്ചിരിക്കുന്നവളുമാണു്. അങ്ങനെയുള്ളവൾക്കു, തന്റെ പ്രേമഭാജനമായ പുരുഷൻ മറെറാരു സ്ത്രീയുമായി നടത്തുന്ന സമാഗമംമരണവേദനയെക്കാൾ പ്രബലമായ വേദനയെ ഉണ്ടാക്കിത്തീൎക്കുമെന്നുള്ളതു് സ്ത്രീസഹജചാപല്യങ്ങളിലൊന്നാകുന്നു. ഇതു ശരിയാണെന്നു വാദിക്കുന്നവരും അധികമുണ്ടു്. എന്നാൽ അതേപ്പററി ഒരു വിമൎശത്തിനു സന്ദൎഭം ഇതല്ലാത്തതിനാൽ പ്രകൃതത്തെ അനുസരിച്ചു പറഞ്ഞാൽമതി. പരമസാധ്വിയും, പതിശുശ്രൂഷാമനസ്വിനിയും, ദയാനിധിയും, തന്റെ യജമാനത്തിയുമായ, വീരസിംഹന്റെ ധൎമ്മപത്നിയെ വിഷംകൊടുത്തു കൊല്ലാൻതുനിഞ്ഞ കോകിലം രം സമാഗമം സഹിച്ചു എന്നു വരുന്നതാണോ? വീരസിംഹനെപിന്തുടന്നു ചെല്ലുന്നതിനുള്ള ആവശ്യവും അവന്റെ ചിത്തവൃത്തിയെ പരീക്ഷിക്കുന്നതിനുള്ള ഒരുക്കവും കോകിലത്തിനു മാത്രമേയുള്ളു.

അന്നത്തെ രാത്രി സാധാരണ കഴിഞ്ഞുകൂടുന്നവണ്ണം നിശ്ശബ്ദസാക്ഷ്യമായി പരിണമിക്കുന്നതായിരുന്നില്ല. അതു ശബ്ദോദയങ്ങളും ഭയങ്കരങ്ങളും വിപ്ലവജനകങ്ങളുമായ ഒരു രാത്രിബാധയെ പുറപ്പെടുവിച്ച മഹാസംഭവങ്ങൾകൊണ്ടു് എന്നും ഓൎമ്മിക്കത്തക്കതായിരുന്നു. നേരംപുലൎന്നതോടുകൂടി രാജ്യമാസകലം സന്ത്രാസംകൊണ്ടു വിറച്ചുതുള്ളിയിരിക്കുന്നു. കഴിഞ്ഞരാത്രിയിൽ വിസ്മയകരങ്ങളായ നാലുസംഭവങ്ങളുണ്ടായി.

ഒന്നാമത്തേതു്:—ജയിലിൽ അടയ്ക്കപ്പെട്ടിരുന്ന ചക്രപാണിയും വലിയകറുപ്പനും എങ്ങനെയോ കാണ്മാനില്ലാതായിരിക്കുന്നു. അവരെ അടച്ചിരുന്ന മുറികൾ പൂട്ടപ്പെട്ടിരുന്നവണ്ണംതന്നെയിരിക്കുന്നു. അവർ ഏതുവഴിയായി പുറത്തുകടന്നു എന്നുള്ളതിനു് ഒരു ലക്ഷ്യവുമില്ല. ആൎക്കും

അതേപ്പററി ഒരറിവുമില്ല. അവരെ തെരഞ്ഞു പിടിക്കുവാൻ പലവഴിക്കും പൊല്ലീസുകാർ പോയിട്ടുണ്ട്. സമീപപ്രദേശങ്ങളിലെ അന്വേഷണം വ്യർത്ഥമായി കലാശിച്ചിരിക്കുന്നു.

രണ്ടാമത്തേതു്: വലിയകറുപ്പൻകൊണ്ടുവന്നു ചക്രപാണിവശം കൊടുത്ത കത്തിൽ ഒപ്പിട്ടിരുന്ന ഉദരാനന്ദൻ എന്നവൻ, രോഗിസംഘത്തിലെ ഒരു പ്രമാണിയെന്നു, ന്യായാധിപതിക്കു് അറിവുകിട്ടുകയാൽ, അവൻ അധിവസിക്കുന്ന സ്ഥലം കണ്ടുപിടിച്ചു് ആ സംഘത്തെ ആക്രമിച്ചു പിടിച്ചു തടവിലാക്കുന്നതിനായി, ഒരു രഹസ്യമായ എഴുത്ത് അവിടുത്തെ ചക്രവർത്തിക്കു കൊടുക്കുവാനായി ഒരുവൻവശം ഏല്പിച്ചയച്ചിരുന്നു. ആ എഴുത്തു കൊണ്ടുപോയവൻ ആ നഗരത്തിനരികിലുള്ള കാട്ടിൽ, സുമാർ നാലുമൈൽസ് അകലത്തായി കൊല്ലപ്പെട്ടിരിക്കുന്നു. അവന്റെ നെഞ്ചിൽ വെള്ളത്ത നാടാകെട്ടിയ ഒരു ഈട്ടി കുത്തിയിറക്കിയിരിക്കുന്നു. ആ നാടായിൽ ഒരുഎഴുത്തു കെട്ടിയിരിക്കുന്നു. ആ കത്തിൽ: "രോഗിസംഘത്തിനു വിരോധം ചെയ്വാൻ ശ്രമിക്കുന്നവൻ ആരായിരുന്നാലും, അവർ അനുഭവിക്കുന്ന ശിക്ഷ ഇതുതന്നെയാകുന്നു" എന്നെഴുതിയിരിക്കുന്നു. അവന്റെ മടിക്കുത്തിലുണ്ടായിരുന്ന മററുവസ്തുക്കളും എടുത്തിട്ടില്ല.

മൂന്നാമത്തേതു് — ചക്രവർത്തിയുടെ കൊട്ടാരത്തിനുള്ളിലുള്ള ഒരു മേശപ്പുറത്തു് ഒരു നാടാകെട്ടിയ ഈട്ടി നാട്ടപ്പെട്ടിരുന്നു. ആ നാടയിൽ "ഏത്രയും ശ്രദ്ധയോടിരിക്കു" എന്നുമാത്രം എഴുതിയിരുന്നു. ഇതിൽനിന്നും ചക്രവർത്തിയുടെ കൊട്ടാരത്തിൽതന്നെ, ആ സംഘത്തിൽപെട്ടവരുണ്ടെന്നുള്ള വസ്തുത തെളിഞ്ഞിരിക്കുന്നു. ഇതുനിമിത്തം ആരെയും വിശ്വസിക്കാൻ പാടില്ലാത്തവണ്ണം വലിയ കുഴപ്പമുണ്ടായിട്ടുണ്ട്.

നാലാമത്തേതു്: — ഇരുപത്തഞ്ചുവത്സരങ്ങൾക്കുമുമ്പിൽ ചക്രവർത്തികുമാരനായ പ്രതാപവീരൻ ജനിച്ചസമയം കൊട്ടാരംവൈദ്യൻ ആ കുമാരനെ തന്റെ സഹോദരിയുടെ ശിശുവിനുപകരം വിനിമയം ചെയ്തതായി രജതസൌധത്തിൽ വച്ചുനടന്ന ആലോചനമദ്ധ്യേ അവിടുത്തെ മന്ത്രിയായ കുമാരിലഭട്ടൻ പറഞ്ഞിരുന്നതായി ഈ കഥയുടെ ആരംഭത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ആ ചതിയാലോചന കണ്ടുപിടിക്കപ്പെട്ടതും, അതിൽ സംബന്ധിച്ചവരായ വൈദ്യൻ, അവന്റെ ഭാര്യ, തൊട്ടിലറയ്ക്കു കാവലായി നിയമിക്കപ്പെട്ട ധൂമ്രകേതു എന്നീ മൂന്നുപേരും തൂക്കിക്കൊല്ലപ്പെട്ടു.

അങ്ങനെയിരിക്കെ, കഴിഞ്ഞ രാത്രിയിൽ ധൂമ്രകേതുവിനെ നഗരത്തിൽവച്ചു കണ്ടതായി രണ്ടുപേർ ധൈര്യമായി പറയുന്നു. അവൻ ഒരു സന്യാസിയെപ്പോലെ വേഷം ധരിച്ചിരുന്നുവെന്നും, അവന്റെ മുഖത്തിനു് ഇത്ര വളരെക്കാലമായിട്ടും പറയത്തക്ക മാററമൊന്നുമുണ്ടായിട്ടില്ലെന്നും പറഞ്ഞിരിക്കുന്നു. രണ്ടാളും ഒരു സ്ഥലത്തുവച്ചു കാണുക

യോ ഒരാൾ മറ്റേ ആളിനോടു പറയുകയോ ചെയ്യുന്നതല്ല. അവർ രണ്ടുപേരും പരസ്പരം പരിചിതന്മാരല്ല. ആ സ്ഥിതിക്ക് ആ പ്രസ്താവം വിശ്വാസയോഗ്യമെന്നു വിചാരിക്കുന്നതിൽ അസാംഗത്യമൊന്നുമില്ല.

അന്നു രാത്രിയിൽ ഉദ്ദേശം ഒരുമണിസമയം വീരസിംഹനും ഒരു സ്ത്രീയും തമ്മിൽ സന്ധിക്കാമെന്നു നിശ്ചയം ചെയ്തിരുന്ന സ്ഥലത്തു റോന്തുകാർ ഒരു പ്രേതത്തെ കണ്ടിരുന്നതായി കേൾക്കുന്നു. അതു പുരുഷവേഷം ധരിച്ച ഒരു സ്ത്രീയായിരുന്നു. ആളാരെന്നു സൂക്ഷിച്ചുനോക്കിയതിൽ വീരസിംഹന്റെ പത്നിയായ താരാഭായിയുടെ വേലക്കാരി കോകിലമായിരുന്നു. അവളുടെ നെഞ്ചിൽ ഒരു ഈട്ടിതറഞ്ഞുനിന്നിരുന്നു. അവളുടെ ദേഹത്തുള്ള ആഭരണങ്ങളെല്ലാം ആരോ കവർന്നെടുത്തിരുന്നു. അതിനാൽ ഇതു കള്ളന്മാർ പ്രവർത്തിച്ചതായിതീരുമാനിച്ചു. എന്നാൽ ഇതിൽ ഒരു രഹസ്യമുണ്ട്. അവൾ പുരുഷവേഷം ധരിച്ചതെന്തിനെന്നും, ആ സമയം ആ സ്ഥലത്തു ചെന്നതെന്തിനെന്നും വെളിപ്പെട്ടില്ല.

പറഞ്ഞു കരാർ ചെയ്തു പിരിഞ്ഞതിന്വണ്ണം അവൾ അന്നുരാത്രിയിൽ പത്തുമണിക്ക് ആ സ്ഥലത്തു ഹാജരായിരുന്നു. വീരസിംഹൻ അപ്പോൾവന്നുചേർന്നിരുന്നില്ല. അല്പസമയം കഴിഞ്ഞു ഒരുപുരുഷൻ തന്റെ നേരേ വരുന്നതായി ആ യുവതിക്കുതോന്നി. ആ! പ്രഭ ! എന്താണിത്ര അമാന്തം? എന്ന് അവൾ ചോദിച്ചു. നേരെ വന്നവൻ ഇങ്ങനെ മറുപടി പറഞ്ഞു. "ആ പ്രഭുത്വം! നന്നായി. ഞാൻ പ്രഭുവിന്റെ സ്വന്തമാണ്. എന്നെ ദ്രോഹിക്കുവാൻ ഒരുമ്പെട്ട ദുഷ്ടയാകിയ നിനക്ക് ഇതുതന്നെയാണ് ഉചിതമായ സമ്മാനം" എന്നു പറഞ്ഞു തന്റെ വസ്ത്രത്തിനുള്ളിൽ മറച്ചിരുന്ന വാളെടുത്ത് ആ യുവതിയുടെ നേരെ ഓങ്ങി. അവൾ പെട്ടെന്നു മാറിക്കളകയാൽ ഖഡ്ഗം ഒരു മരക്കൊമ്പിൽ തടഞ്ഞുപോയി. വീണ്ടും വാളോങ്ങുന്നതിനുമുമ്പായി അവളുടെ കൈയിൽ കിടന്ന മോതിരം ഊരി അതുകൊണ്ടു പുരുഷവേഷധാരിയെ സ്പർശിപ്പിച്ചു. ഉടൻ ബോധംകെട്ടു വേഷധാരി നിലംപതിച്ചു.

വേഷധാരിണിയായ കോകിലം ഒരു നിമിഷനേരംകൊണ്ടു ശവമായി ഭവിച്ചു. "ഇനി ഇപ്പോൾ പ്രഭുവിനെ കാണുന്നതു ശരിയല്ല" എന്നുപറഞ്ഞു മടങ്ങിപ്പോയി. കുറച്ചുദൂരം ചെന്നശേഷം എന്തോ ആലോചനയോടുകൂടി ആ പുതിയ സ്ത്രീ മടങ്ങി കോകിലത്തിന്റെ അടുകിൽചെന്നു അവളുടെ ആഭരണങ്ങളെ അഴിച്ചെടുക്കുകയും മടിക്കുത്തിലുണ്ടായ പണമെല്ലാം അപഹരിക്കുകയും ആ ഖഡ്ഗം കോകിലത്തിന്റെ നെഞ്ഞത്തു കുത്തിനിറുത്തുകയും ചെയ്തിട്ടു വീണ്ടും മടങ്ങിപ്പോയി.

ളം സംഭവങ്ങൾ നടന്ന ഒരു മണിക്കൂറിനുള്ളിൽ വീരസിംഹൻ അവിടെ വന്നുചേൎന്നു. അല്പനേരം ആ പുതിയയുവതിയുടെ വരവുംകാത്തു അക്ഷമനായി ഇരുന്നിരുന്നു. ആസമയം ദൂരത്തായി വെള്ളത്തവസ്ത്രംധരിച്ച ഒരാൾ കിടക്കുന്നതായി തോന്നി. ഉടൻ എഴുന്നേററുസമീപത്തുചെന്നു നോക്കി. ആഹാ! കോകിലമല്ലേ ഇതു? എന്താ പുരുഷവേഷം ധരിച്ചിരിക്കുന്നതു? വാൾകൊണ്ടുകുത്തിക്കൊന്നു കളഞ്ഞിരിക്കുന്നുവല്ലോ........ആഭരണങ്ങളെല്ലാം മോഷ്ടിക്കപ്പെട്ടിരിക്കുന്നു. ഇതു കള്ളന്മാർ ചെയ്തതായിരിക്കണം, എന്നു തന്നെത്താൻ പറയുമ്പോൾ "ഓ! പൂൎണ്ണദൃഷ്ടിയില്ലാത്ത മനുഷ്യ!" എന്നു് ഒരുശബ്ദം പുറകിൽനിന്നു കേട്ടു പെട്ടെന്നു തിരിഞ്ഞുനോക്കി. അപ്പോൾ ഭൂതരാജൻ പ്രത്യക്ഷനായി സമീപത്തു നില്ക്കുന്നതിനെ വീരസിംഹൻ കണ്ടു. "ആഹാ! ഭൂതരാജരനോ? താങ്കൾ ഇവിടെ നില്ക്കുന്നതായി ഞാനറിഞ്ഞില്ല. ഞാൻ തല്ക്കാലം വിളിച്ചുമില്ല എന്നുപറഞ്ഞു.

ഭൂതം.— അതേ! നീ എന്നെ വിളിച്ചില്ലെന്നു എനിക്കറിയാം; എന്നാൽ ഈ പരിതാപകരമായ പ്രവൃത്തി ചെയ്തതാരെന്നറിയുവാൻ നിനക്കാശയുണ്ടായിരിക്കുമല്ലോ. ഇങ്ങനെയുള്ള കഠിനകൎമ്മങ്ങൾ ചെയ്യുന്നവൻ ആ കുററം തന്നിൽനിന്നുംഒഴിക്കുന്നതിനും തന്നെ സംശയിക്കാതിരിക്കുന്നതിനുമായി മറയ്ക്കുന്നതിനും ഒരുങ്ങുന്നതു സഹജമാകുന്നു. അതിലേക്കു അവൎക്കു സാധിക്കാവുന്നിടത്തോളം തന്ത്രങ്ങൾ പ്രയോഗിച്ചു പരീക്ഷിക്കുകയും ചെയ്യും. അതിനെ മനസ്സിലാക്കാൻ കഴിയാത്ത ആലോചനാദൃഷ്ടിയുള്ളവൻ മൂഢനാകുന്നു. കോകിലത്തിന്റെ ദേഹത്തുണ്ടായിരുന്ന ആഭരണങ്ങൾ വിലയുയൎന്നവയായിരുന്നാലും അവയെ അപഹരിച്ചതു കള്ളന്മാരല്ല. കള്ളന്മാർ മാത്രമേ അങ്ങനെ ചെയ്കയുള്ളു എന്നു വിശ്വസിക്കാമോ?

വീര:— താങ്കൾ പറയുന്നതു പരമാൎത്ഥംതന്നെ. ഈ കൊല നടന്ന അവസരത്തിൽ താങ്കൾ സമീപത്തുണ്ടായിരുന്നുവോ? സമീപസ്ഥനായിരുന്നിട്ടാണോ അതിനെ തടുക്കാതെ വൃഥാ ഉദാസീനനായിരുന്നതു്?

ഭൂതം:— അവർ രണ്ടുപേരും മനസ്സിലാകാതെ ഞാൻ സമീപത്തിലിരുന്നു, നടന്ന സംഭവങ്ങൾ മുഴുവനും കണ്ടിരുന്നു. കോകിലത്തിന്റെ മരണകാലം വന്നുകഴിഞ്ഞു. അതിനെ തടുക്കുവാനുള്ള ശക്തി ആൎക്കുമില്ലതന്നെ.

വീര:— ഇവളെ കൊന്നതാരു്?

ഭൂതം: ഇന്നലെ നീ ഒരു സ്ത്രീയോടു സംസാരിച്ചുകൊണ്ടിരുന്ന സമയം കോകിലം വൃക്ഷഛായയിൽമറഞ്ഞുനിന്നു നിങ്ങളുടെ ചേഷ്ടകളെ മനസ്സിലാക്കിയിരുന്നു. നാളെ പത്തുമണിക്കു രണ്ടുപേരും ഈ സ്ഥലത്തു സന്ധിക്കാമെന്നു ചെയ്ത വാഗ്ദാനം മാത്രമേ അവൾ വ്യക്തമാ

യി കേട്ടിരുന്നുള്ളു. തന്നിമിത്തം അവൾക്കു് ആ പുതിയസ്ത്രീയുടെ മേൽ അസഹനീയമായ അസൂയയും നിന്റെമേൽ അതിരുകവിഞ്ഞ കോപവുമുണ്ടായി. താൻ പുരുഷവേഷമവലംബിച്ചു ഇവിടെവന്നു് ആ സ്ത്രീയെ കൊല്ലുന്നതാണെന്നു നിശ്ചയംചെയ്തിട്ടു് അവൾ മടങ്ങിപ്പോവുകയും ഇന്നു് ആയുധപാണിയായി അതിലേക്കു തയ്യാറായി വരികയും ചെയ്തു. നിങ്ങൾ പരസ്പരം സമയംചെയ്തു പിരിഞ്ഞതിന്നുമുന്നും ആ സ്ത്രീ പത്തുമണിക്കുതന്നെ ഇവിടെ വന്നിരുന്നു. അപ്പോൾതന്നെ പുരുഷവേഷധാരിണിയായ കോകിലവും വന്നുചേൎന്നു. കോകിലത്തിന്റെ വേഷംകണ്ടു് അതു നീയായിരിക്കുമെന്നു വിചാരിച്ചു, പുതിയസ്ത്രീ അടുത്തുചെന്നു. ആ പതനം നോക്കി തന്റെ കൈയിൽ മറച്ചുപിടിച്ചിരുന്ന വാൾ മററവളുടെ നേരേ ഓങ്ങി. മറേറവൾ പുറകോട്ടുമാറിനിന്നു് അവളുടെ മോതിരസമ്പ്രദായംകൊണ്ടു കോകിലത്തെ കൊന്നുകളഞ്ഞു. അവളുടെ വിരലിൽ കിടക്കുന്ന മോതിരത്തിൽ അപായകരമായ വിഷം അടയ്ക്കപ്പെട്ടിരിക്കുന്നു. തന്നിമിത്തം കോകിലം തൽക്ഷണം പിണമായി ഭവിച്ചു. അവളെ കൊന്നതു മോഷ്ടാക്കളാണെന്നു വിശ്വസിപ്പിക്കാൻവേണ്ടി കോകിലത്തിന്റെ നെഞ്ഞത്തു ഖഡ്ഗം കുത്തിയിറക്കുകയും ആഭരണങ്ങൾ അപഹരിക്കയും ചെയ്തതാകുന്നു.

വീര:—ഹാ കഠിനമായിപ്പോയി. ആ മോതിരത്തിൽ എന്തോ കൃത്രിമവിദ്യയുണ്ടായിരിക്കുമെന്നുതന്നെ ഞാൻ വിചാരിച്ചിരുന്നു. അതിപ്പോൾ ബോധപ്പെട്ടു. അവളുടെ സംഗതികളെ പൂൎണ്ണമായറിയേണ്ടിയിരിക്കുന്നു. അവൾ ആരു്? ഒരു രാജാവിന്റെ മകൾ എന്നുമാത്രം ഇന്നലെ എന്നോടു പറഞ്ഞു. അവൾ ഇരിക്കുന്ന സ്ഥലത്തു നമുക്കൊന്നു പോകണമെന്നു വിചാരിക്കുന്നു.

ഭൂത:—അവളുടെ പിതാവു ഒരു രാജാവെന്നു പറഞ്ഞതു സത്യംതന്നെ. അവളുടെ ഭൎത്താവും രാജസമനായ ഒരു ധനനാകുന്നു. എന്നാൽ അവളുടെ നടപടികൾ സ്വച്ഛന്ദസരണമാകുന്നു. അതിനെ തടുക്കുവാൻ ആരാലും സാധ്യമല്ല. കാഴ്ചയിൽ ദേവസ്ത്രീയെപ്പോലെ സുന്ദരിയാണെങ്കിലും, അവളുടെ ഹൃദയം കാളസൎപ്പവിഷത്തെക്കാൾ ക്രൌൎയ്യമേറിയതാകുന്നു. മഹാകഠിനപാതകകൎമ്മങ്ങളിലും ചലിക്കാത്ത കഠിനഹൃദയമുള്ളവൾ. അല്പം ക്ഷമിക്കുക. ചില വിചിത്രരംഗങ്ങളായ കാഴ്ചകളെ കാട്ടിത്തരാം. എന്റെ കൈ പിടിച്ചുകൊണ്ടു് ഒരു വിനാഴിക കണ്ണടച്ചു നില്ക്കുക.

വീരസിംഹൻ അതിൻവണ്ണം ഭൂതരാജന്റെ കൈയും പിടിച്ചു അല്പനേരം കണ്ണടച്ചുനിന്നു. കണ്ണുതുറന്നുനോക്കിയപ്പോൾ താനും ഭൂതരാജനും ഒരു വീട്ടിലുള്ള വിശാലമായ അറയിൽ നില്ക്കുന്നതായി കണ്ടു. ആ മുറി ഭംഗിയായി അലങ്കരിക്കപ്പെട്ടിരിക്കുന്നു. രണ്ടു പുരുഷന്മാർ ആ അറയിൽ ഇരുപ്പുണ്ടായിരുന്നു. അവരിൽ ഒരുവൻ സന്യാസിവേഷധാരി

ച്ച ഉദാരാനന്ദനും മററവൻ മുപ്പതോളം വയസ്സുപ്രായമുള്ള ഒരു ചെറുപ്പക്കാരനുമാകുന്നു. ശാരദാനന്ദൻ എഴുതിയ കത്താണ് വലിയകുറുപ്പൻ ചക്രപാണിക്കു കൊടുത്തതായി പറയപ്പെട്ടിരിക്കുന്നത്. ഒരു ദുഷ്ടൻ വേഗിസംഘത്തിലെ ഒരു പ്രധാനിയുടെസ്ഥാനം തന്റെ നിർദ്ദയവും നീചവുമായ വിക്രിയകൾകൊണ്ട കൈക്കലാക്കിയിരിക്കുന്നു. അവർ രണ്ടു പേരും കസാലകളിൽ ഇരുന്നിരുന്നു. അവരുടെ സമീപമായി ഒരുമേശപ്പുറത്തു പലവക കനിവർഗ്ഗങ്ങളും മദ്യങ്ങളും വയ്ക്കപ്പെട്ടിരുന്നു. അവിടെ നില്ക്കുന്ന വീരസിംഹനെയും ഭൃത്യനെയും അവരുടെ മായാശക്തിയാൽ ഉദാരാനന്ദനും ചെറുപ്പക്കാരനും കാണ്മാൻ കഴികയില്ല. വീരസിംഹനും ഭൃത്യനും ചെല്ലുമ്പോൾ ആ രണ്ടുപേരും താഴെക്കാണുന്ന വിധം സംഭാഷണം ചെയ്തിരുന്നു.

ചെറുപ്പക്കാരൻ:—അങ്ങനെയാണെങ്കിൽ ഈരാത്രിയിൽതന്നെ ഈ നഗരംവിട്ടു പൊയ്ക്കൊള്ളേണ്ടതല്ലേ?

ഉദാരാനന്ദൻ—പോകാൻ ഒരുങ്ങിയിരിക്കയാണ്. രാജധാനിയിൽ ഞാൻ ഇരിക്കാൻ പാടുള്ളതല്ല. ഇന്ന് എനിക്ക് ഭയജനകമായ ഒരു വിപത്തിയുണ്ടായിട്ടുണ്ട്. രണ്ടാളുകൾ എന്നെ കണ്ടിരുന്നതായി പ്രസിദ്ധപ്പെട്ടിരിക്കുന്നു. നമ്മുടെ സംഘാധ്യക്ഷന്മാർ ഒരു കാലത്തും ഒരു സ്ഥലത്തും പാർക്കരുതാത്തതാകുന്നു.

ചെറു—ഇങ്ങനെ ഭയമിരുന്നിട്ടും ചക്രവർത്തിയെ ഭയപ്പെടുത്തിക്കളഞ്ഞുവല്ലോ.

ഉദാ.—നമ്മുടെ സംഘത്തിന്റെ അനുകൂലസ്ഥിതിയാൽ കൊട്ടാരത്തിലെ വേലക്കാരിൽ ഒരുവൻ നമ്മുടെ സംഘത്തിൽ ചേർന്നവനായിരിക്കുന്നുണ്ട്. കൊട്ടാരത്തിനുള്ളിൽ ഈട്ടിയെ നാട്ടിയത് അവനാകുന്നു.

ചെറു:—നമ്മുടെ സംഘത്തെ പിടിക്കുന്നതിനായി ചക്രവർത്തിയുടെ കല്പനാപത്രവുംകൊണ്ടുപോയ വേലക്കാരനെ വഴിക്കുവച്ചുകൊലപ്പെടുത്തിയതും അവനായിരിക്കാം,

ഉദാ:—അല്ലല്ല. ആ പ്രവൃത്തി ഞാൻതന്നെ ചെയ്യേണ്ടതായിവന്നു. സംഘത്തിലെ പ്രധാനികളും ചിലപ്പോൾ സംഘനിശ്ചയം അനുസരിച്ചു താഴ്ന്ന വേലകൾപോലും ചെയ്യേണ്ടതു നിർബന്ധിതമാകുന്നു.

ചെറു--ജയിലിൽ അടയ്ക്കപ്പെട്ടിരുന്ന കൊലപ്പുള്ളികൾ രണ്ടുപേരും രക്ഷപ്പെട്ടതുപോലെ ആശ്ചര്യം മറെറാന്നില്ല. അവർ രക്ഷപ്പെട്ടതെങ്ങനെയെന്നുള്ള സംഗതി അവർക്കുതന്നെ നല്ല വിചാരമില്ല. എന്റെ സഹോദരി, വിജയപുരം ജമീൻദാരായ വീരസിംഹൻ പ്രഭുവിനെ സ്വാധീനംചെയ്ത കാര്യം സാധിച്ച മാർഗ്ഗവും എങ്ങനെയെന്നു മനസ്സിലാകുന്നില്ല.

ഉദരാ:—എങ്ങനെയോ ഒരുവഴി അവർ രണ്ടുപേരും രക്ഷപ്പെട്ട് ഓടിപ്പോയിരിക്കുന്നു. ഇപ്പോഴും അവർ വളരെദൂരം കഴിഞ്ഞുപോയിരിക്കും. അല്പസമയത്തിനുള്ളിൽ ഞാനും പുറപ്പെടുന്നതാകുന്നു.

ചെറു:—ഞാനും സഹോദരിയും ഇവിടെനിന്നും നാളെ പുറപ്പെടുന്നതാണ്. ചക്രപാണിക്ക് ആപത്തുണ്ടായ സമയം നാം ഇങ്ങുവന്നുചേർന്നത് അവന്റെ ഭാഗ്യകാലംകൊണ്ടാകുന്നു.

ഉദരാ:—അവനു കിട്ടുന്നതിൽ ഒരോഹരിയും സംഘത്തിനു കൊടുക്കാതെ മുഴുവനും അവൻ അനുഭവിച്ചതായ കുറ്റത്തെ ഈ അവസരത്തിൽ ക്ഷമിച്ച് അവനു മാപ്പുകൊടുത്തിരിക്കുന്നു.

ചെറു:—നമ്മുടെ സഹോദരി ഇതുവരെ വന്നുചേരാതിരിക്കുന്നതിനുള്ള കാരണം എന്താണോ' അറിയുന്നില്ല.

ഉദരാനന്ദൻ എഴുന്നേറ്റു യാത്രപറവാൻ തുടങ്ങുന്ന സമയം അടച്ചിരുന്ന കതക് തുറന്ന് ഒരാൾ അകത്തു പ്രവേശിച്ചു. അതു വീരസിംഹന്റെ മനസ്സിനെ ആകർഷിച്ച ആ യുവതിയായിരുന്നു. അവൾ ഉള്ളിൽ കടന്നുടൻ ആപാദമസ്തകം മറച്ചിരുന്ന മൂടുപടമെടുത്തു മേശപ്പുറത്തുവച്ചിട്ട് ഒരു കസാലയിൽ ഇരുന്നു. തന്റെ ജ്യേഷ്ഠസഹോദരനോട് ആയാസമായിരിക്കുന്നുവെന്നും ദാഹശമനത്തിനു എന്തെങ്കിലും കൊടുക്കണമെന്നും ആവശ്യപ്പെട്ടു.

ചെറു:—ഇനിമേലെങ്കിലും എന്റെ ആജ്ഞയനുസരിച്ചു വർത്തിക്കാത്തപക്ഷം വിഷംകലർന്ന വെള്ളംതന്നെ ദാഹശമനത്തിനു തരുന്നതാണ് ഉത്തമമായിട്ടുള്ളത്.

എന്താ! വരവര എന്റെമേൽ കോപകലുഷമായിരിക്കുന്നത്? നാം രണ്ടുപേരും തമ്മിൽ പിണങ്ങിയാൽ മഹാ അനർത്ഥമായി കലാശിക്കുമെന്നുള്ളതറിഞ്ഞുകൂടേ? (എന്നു മുഖത്തു കോപഭാവം പ്രകാശിപ്പിച്ചു പറഞ്ഞു.)

ചെറു:—നീ എന്താണിങ്ങനെ കാര്യമില്ലാത്ത വിഷയങ്ങളിൽ തലയിട്ടു അലയുന്നത്? ഈ നഗരത്തിൽ നമ്മെ വെളിപ്പെടുത്താതെ സൂക്ഷിക്കേണ്ടതു് ആവശ്യമായിരിക്കെ, നീ ദുർഘടങ്ങളിൽ ചെന്നുകപ്പെടുന്നതെന്തിനാണ്? ഈ സംഗതിയെപ്പറ്റി നിന്നോട് എത്ര ആവർത്തി പറഞ്ഞിട്ടുണ്ട്.

യുവതി:—ശരിതന്നെ. നാം നാളെ ഇവിടെനിന്നും പുറപ്പെടാൻ പോകുന്നു. ചക്രപാണിയെ പൊല്ലീസുകാർ ബന്ധിച്ചുകൊണ്ടുപോയ അവസരത്തിൽ ഞാൻ അവനെ കണ്ടെത്തിയതുനിമിത്തം അവനു ധൈര്യം കൊടുക്കുവാനിടയായി. അതിനാൽ അവൻ നമ്മുടെ രഹസ്യങ്ങളെ പുറത്തുവിടാതെ രക്ഷിച്ചു. അതിനാൽ എന്റെ പുറത്തുള്ള സഞ്ചാരം വെറുതെയായി ഭവിച്ചില്ല. അതിന്മുന്നം കോടതിയിൽ പോകേണ്ടെന്നു ജ്യേഷ്ഠൻ പറഞ്ഞില്ലേ? ഞാൻ അതിനെ മറുത്തുപറവുക

യായിരുന്നുവല്ലോ. പോയതുകൊണ്ടാണ് വീരസിംഹൻപ്രഭുവിന്റെ പരിചയലാഭത്തിനും തന്നിമിത്തം ചക്രപാണിയുടെയും വലിയകറുപ്പന്റെയും മോചനത്തിനും സംഗതിയായത്.

ചെറു:—അതിനെല്ലാം നീ സാമർത്ഥ്യശാലിതന്നെ എന്നു സമ്മതിക്കുന്നു. ചില വിഷയങ്ങളിൽ നിന്റെ സഞ്ചാരം ഗുണകരമായിരുന്നാലും ചില സംഗതികളിൽ അപായകരങ്ങളായിട്ടുമുണ്ടായിരുന്നു.

യുവതി:—അപായം! എനിക്കാണോ അപായം! ഈ അവസരത്തിൽക്കൂടെ എന്നോടു വെളിയിലേക്കു പോകരുതെന്നു തടുത്തില്ലേ? ഞാൻ പോയതിൽ എന്തു കാര്യലാഭമുണ്ടായി എന്നുമ്മയ്ക്കു മനസ്സിലായോ? ഒന്നാമതായി വീരസിംഹൻപ്രഭുവിന്റെ രഹസ്യക്കാരിയുടെ കഥ, കഥാവശേഷമാക്കി. ആ പ്രഭു മഹാസമർത്ഥനായതുകൊണ്ട് അതു ചെയ്ത ആളെ കണ്ടുപിടിക്കാതെ വിടുന്നവനല്ല. എന്നാൽ അവളുടെ തിന്റെ കഴുത്ത് എന്റെ കക്ഷത്തിൽ അകപ്പെട്ടുപോയിരിക്കുന്നു. കോകിലം പ്രഭുവിനുകൊടുക്കാനായി ഒരു കത്ത് എഴുതി അവളുടെ മടിക്കുത്തിൽ സൂക്ഷിച്ചിരിക്കുന്നു. ആ കത്തിൽ ഒരു പ്രമാദമായ രഹസ്യമടങ്ങിട്ടുണ്ട്.

അവരം ഇത്രയും പറഞ്ഞതുകേട്ട ക്ഷണംതന്നെ പ്രഭു ഉടൻ ഈ വിടംവിട്ടു പുറത്തുപോകാമെന്നു ഭൃത്യനോടു നിർബന്ധം പറഞ്ഞു. അങ്ങനെ പറയാനുണ്ടായ സംഗതി കോകിലത്തിന്റെ കത്തിൽതന്റെ ശിശുവിന്റെ വിനിമയവും ഭൃത്യന്റെ ചതിച്ചതും അടങ്ങിയിരിക്കുമെന്നുള്ള ഊഹമായിരുന്നു. ഭൃത്യം ഉടൻതന്നെ അവിടെനിന്നും കോകിലം മൂടിപ്പെട്ട സ്ഥലത്തിനടുത്താക്കി. "താങ്കൾ ആ സ്ഥലത്തുനിന്നും അധികംവേഗത്തിൽവന്നതിരേണ്ടതിന് എന്തോസംഗതി നേർപെട്ടതുപോലിരിക്കുന്നു" എന്നു ഭൃത്യം പുഞ്ചിരിയോടുകൂടി പറഞ്ഞു.

വീര—ഒന്നും ചോദിക്കരുത്. താങ്കൾ എന്റെ ഹിതം അനുസരിച്ചു നടക്കുവാൻ കടപ്പെട്ടിരിക്കകൊണ്ട് അനിഷ്ടമായ ചോദ്യങ്ങളൊന്നും ചോദിക്കാതെ.

ഭൃത്യം—അങ്ങനെതന്നെ. ഇനി ഏതെങ്കിലും കാര്യമുണ്ടോ?

വീര—ഒന്നുകൂടി. ആ യുവതിയാര്? അവളുടെപേരെന്ത്?

ഭൃത്യം—അവളുടെ പേർ ജഗൽപ്രസിദ്ധമാകുന്നു. അതായത് (എന്നു വീരസിംഹന്റെ കർണ്ണങ്ങളിൽ മന്ത്രിച്ചു.)

മഹാമായാവിയായ വീരസിംഹനും അവളുടെ പേർകേട്ടു ഞെട്ടിവിറച്ചുപോയി.

---

# അദ്ധ്യായം ൧൯.

നിലേശപുരത്തിൽ നിന്നു സുമാർ നൂറുമയിത്സ് ദൂരത്തിൽ രാമപുരം എന്നു പ്രസിദ്ധിയുള്ള ഒരു നഗരമുണ്ടു്. അക്കാലത്തിൽ അതു് ധനസമൃദ്ധികൊണ്ടു് ഇതരനഗരങ്ങളെ ജയിച്ചിരുന്നു. കുമുദൻ എന്ന ഒരു രാജാവു ഭരണസമൎത്ഥതകൊണ്ടു് പൂൎവ്വന്മാരെക്കാൾ യശസ്വിയായി ഭവിച്ചിരുന്നു, കുമുദന്റെ അനുജനായി സഖാരാമൻ എന്ന ഒരു ധീരനുണ്ടായിരുന്നു. അയാൾ തന്ത്രത്താൽ ജ്യേഷ്ഠനെ കൊന്നിട്ടു നാടുവാഴിയായി പട്ടംകെട്ടി. സഖാരാമനു് ഒരു പുത്രസന്താനവും ഒരു പുത്രിയുമുണ്ടായി. പാരമ്പൎയ്യക്രമം അനുസരിച്ചു്, സഖാരാമൻ ജ്യേഷ്ഠനെ കൊന്നു രാജ്യം കൈക്കലാക്കി.

കുമുദന്റെ ഭരണകാലത്തു ഭരണതന്ത്രം സംബന്ധിച്ചു രാജാവിനെ ഗുണദോഷിക്കാനും ആലോചനകൾകൊണ്ടു സഹായിക്കാനുമായി പുരാതനകാലത്തെ സമിതികളുടെ സ്ഥാനത്തിൽ ഒരു ആലോചനാസഭ ഏൎപ്പെടുത്തപ്പെട്ടിരുന്നു. ഈ സഭ ക്രമേണ രാജശക്തിക്കധീനമായി ഭവിച്ചു. രാജാവിന്റെ നടവടികളെ ദൂഷിക്കുകയോ എതിൎക്കുകയോ ചെയ്യുന്ന സഭാംഗങ്ങളെ രാജമന്ദിരത്തിൽ വിരുന്നിനായി ക്ഷണിച്ചുവരുത്തി വിഷംകൊടുത്തു കൊല്ലുക എന്നൊരേൎപ്പാടു് മുളച്ചു ക്രൂരവും ഭയാനകവുമായ ദുഃപ്രവൎഷത്തോടുകൂടി വൎദ്ധിച്ചുവന്നു. പ്രജാക്ഷേമത്തിൽ പ്രസക്തമതികളായ പല സമൎത്ഥന്മാരും ഈ നിലയിൽ നാമാവശിഷ്ടന്മാരായി. ശൂരസിംഹനും അവന്റെ സഹോദരിയാകിയ ഭാഗ്യവതിയും ആയിരുന്നു ഈ ക്രിയകൾ നടത്തിവന്നിരുന്നതു്. ശൂരസിംഹൻ പലവിധ പാഷാണസംസ്കാരങ്ങളിൽ കൈയുറന്നവനായിരുന്നു. ഈ സംഗതി ആദ്യമാദ്യം രഹസ്യമായി നടത്തപ്പെട്ടിരുന്നുവെങ്കിലും ക്രമേണ നാട്ടുകാരുടെ ശ്രദ്ധയ്ക്കു വിഷയീഭൂതമായിത്തീൎന്നു. സഖാരാമൻ കുമുദനെ കൊന്ന കാലത്തു കുമുദന്റെ ഭാൎയ്യ ഗൎഭവതിയായിരുന്നു. അവൾ ഒരു ആൺകുട്ടിയെ പ്രസവിച്ചു. എന്നാൽ ദുഷ്ടനായ സഖാരാമനെ ഭയന്നു താൻ പ്രസവിച്ച ശിശു മരിച്ചുപോയി എന്നു വ്യാജപ്രസ്താവം ചെയ്തു് അവൾ സഖാരാമനെ അറിയിച്ചു. അനന്തരം ആ ശിശുവിനെയുംകൊണ്ടു് അവൾ ആ രാജ്യംവിട്ടു് ഒരു മലയോരത്തിൽപോയി പാൎത്തുവന്നു.

ഇങ്ങനെ കുമുദന്റെ പുത്രൻ വളൎന്നു പ്രായപൂൎത്തിവന്നു. സഖാരാമനിൽ ജനങ്ങൾ മുഴുവൻ വിരോധികളായിരുന്നതു നിമിത്തം കുമുദപുത്രനായ ഭയാനന്ദനെ നാടുവാഴിയാക്കാനുള്ള അവസരവും പാൎത്തിരുന്നു. സംഗതികൾ ഇങ്ങനെയിരിക്കെ, ഒരു വത്സരാരംഭം കൊണ്ടാടാനുള്ള ഘട്ടം സന്നിഹിതമായി. രാജവീഥികൾ ഭംഗിയായി അലംകരി

ക്കപ്പെട്ടിരിക്കുന്നു. ജനങ്ങൾ വിശേഷവസ്ത്രാഭരണങ്ങൾ ധരിച്ചു മംഗളോത്സവത്തിൽ പങ്കുകൊള്ളുന്നു. അധികം ജനക്കൂട്ടമുള്ള ഒരു വീഥിയിൽകൂടി സഞ്ചരിച്ചിരുന്ന ഒരാൾ ജനസഞ്ചാരം ചുരുങ്ങിയ ഒരു പാഥയിൽകൂടി നടന്നു ഒരു ഗൃഹത്തിന്റെ താഴ്വാരത്തിൽ ചെന്നുനിന്നു. ആ സമയം ചിത്രാംബരങ്ങൾ ധരിച്ച ഒരു യുവതി ജനക്കൂട്ടത്തിൽ നിന്നു് ആ താഴ്വാരത്തിൽവന്നു് അവിടെ നിന്നിരുന്ന ആളിനെക്കണ്ടു്, ഓ! വിജയപുരം പ്രഭുവോ? എന്താ, ഇത്രദൂരം വന്നുചേർന്നതു്? എന്നു ചോദിച്ചു.

ശബ്ദംകൊണ്ടു് അവൾ ആ മോതിരം ധരിച്ച സ്ത്രീയാണെന്നു മനസ്സിലാക്കീട്ടും ഓ! ത്രിലോകവിജയിയായസുന്ദരി! നിന്നെക്കുറിച്ചുള്ള വിചാരമാകുന്ന അയസ്കാന്തത്താൽ ആകർഷിക്കപ്പെടുക നിമിത്തം ഞാനിവിടെ വന്നുചേർന്നു എന്നു പറഞ്ഞാൽ മതിയല്ലോ.

ഭഗവതി:—അവിടുന്നു് ഈ നഗരത്തിൽ എപ്പോൾ വന്നുചേർന്നു?

പ്രഭു—ഇന്നു രാവിലെ വന്നുചേർന്നു. നാം നീലേശ്വരത്തുവച്ചു ചെയ്തവാഗ്ദാനങ്ങളനുസരിച്ചു ഞാൻ ചെയ്യേണ്ട ജോലി നിർവഹിച്ചിട്ടുണ്ടല്ലോ. നീ പറഞ്ഞതനുസരിച്ചു വന്നോയില്ല.

ഭാഗ്യ—ഞാൻ വന്നിരുന്നു. താങ്കൾ വന്നിരുന്നില്ല. എനിക്കതിന്റെ കാര്യം പറവാൻ സാവകാശമില്ല.

പ്രഭു:—ഞാനും ആ സ്ഥലത്തു വന്നിരുന്നു. ജീവനോടുകൂടി നിന്നെ കാണേണ്ടതിനു പകരം ജീവനില്ലാത്ത ഒരു സ്ത്രീയുടെ ശരീരം കണ്ടു.

ഭാഗ്യ—അതേ, ഞാനും അവിടെ ഒരു പ്രേതത്തെ കണ്ടു.

പ്രഭു—ആ പ്രേതത്തിന്റെ ഗണ്ഡത്തിൽ നേരിയതായ ഒരു കീറൽ പററിയിരുന്നതു നീ സൂക്ഷിച്ചിരുന്നോ?

ഭാഗ്യ—അതേ. അതും കണ്ടു. ആ! പ്രഭോ! നാം എന്തിനാണു് ഇങ്ങനെ മറോട്ടമായി ഒളിച്ചുവച്ചു സംസാരിക്കുന്നതു്. അവളെ കൊന്നതു ഞാനാണു്. എന്നാൽ അവളെ കൊല്ലണമെന്നുള്ള വിചാരം എനിക്കില്ലായിരുന്നു അവൾ എന്നെ കൊല്ലുന്നതിനായി യത്നിച്ചു. അതിനാൽ എന്റെ ജീവനെ രക്ഷിക്കുവാൻവേണ്ടി അവളെകൊല്ലേണ്ടതായിവന്നു. എന്തുചെയ്യാം കർമ്മപരിണാമം അങ്ങനെയായിരിക്കാം. എനിക്കു അന്യന്റെ ക്രൌര്യം കണ്ടു സഹിക്കാൻ ശക്തിയില്ല. ശത്രുത്വം ആരുചെയ്യുവാൻ യത്നിച്ചാലും ഞാൻ അവരുടെ ജീവനെ അവസാനിപ്പിക്കും. ഇനി അതു താങ്കളായിരുന്നാലും ഞാൻ കൊല്ലാതെ വിട്ടയയ്ക്കുകയില്ല. "ഇതാ നോക്കുക സിംഹമുഖം, ഇതുകൊണ്ടുതാങ്കളുടെ മുഖത്തുതേക്കാം. ഒന്നും ആപത്തുണ്ടാകുകയില്ല. നേരേമറിച്ചു ഇക്കാണുന്ന പാമ്പിൻമുഖം കൊണ്ടു തേച്ചാൽ അതുവഴികീറൽ പററുക

യും, കീറിയ വിള്ളലിൽ വിഷം കലൎന്നു പൊട്ടുന്നു ജീവഹാനിവരുത്തുകയുംചെയ്യും." ഞാൻ അവളുടെ മടിക്കുത്തു പരിശോധിച്ചതിൽ ഒരു കത്തുണ്ടായിരുന്നു അതു താങ്കൾക്കു തരുന്നതിനായി എഴുതിയതാണു്. അതിൽ പല രഹസ്യങ്ങളുമുണ്ടു്. അവൾ താങ്കളെ സഹായിച്ചതും രാജകുടുംബത്തിൽ ജനിച്ച ശിശുവിനെസംബന്ധിച്ചരഹസ്യവുമുണ്ടു്. താങ്കൾ എന്റെ ഇഷ്ടമനുസരിച്ചുനടന്നുവന്നാൽ അതു് ഒരുകാലത്തും പുറത്തുവരുകയില്ല.

പ്രഭ — അതു് ആൎക്കെല്ലാം അറിയാം.?

ഭാഗ്യ — എനിക്കും എന്റെ സഹോദരനും ഉദയാനന്ദനും.

ഇത്രയും കേൾക്കുകയും അവൾ ആ കത്തുമൂലം തന്നെ അടിമയാക്കി നിൎത്തുവാൻ വിചാരിക്കുകയും ചെയ്കനിമിത്തം വീരസിംഹന്റെ മുഖം ചുവന്നു. ശുദ്ധമായ വീരരസം മുഖത്തു പ്രകാശിച്ചു. ഭാഗ്യവതിയോടിങ്ങനെ പറഞ്ഞു. എന്നെ ഭയപ്പെടുത്തി കാൎയ്യം കാണാമെന്നു വിചാരിച്ച നിന്റെ സാഹസത്തെ ഞാൻ ക്ഷമിക്കുന്നു. നിന്റെ വിഷവും ആയുധസന്നാഹങ്ങളും രഹസ്യപ്രയോഗവും ഒന്നും എന്റെ നേരെ ഫലിക്കയില്ല. ഞാൻ നിന്റെ പ്രേമം ഒന്നിനുമാത്രം കീഴടങ്ങും. മറെറാരു സംരംഭങ്ങളിലും എനിക്കു ഭയമില്ല എന്റെ ശക്തിവിശേഷത്തിനു ലോകത്തിൽ ആരും തന്നെ എതിരല്ല. നിന്റെ വിഷത്തെയും വിഷയങ്ങളെയും കുറിച്ചെനിക്കറിയാം. നിന്റെ പിതാവു പട്ടത്തിനു വരുന്നതിനുമുമ്പു് വീവല്ലൂർ ജമീൻദാരെ വിവാഹം ചെയ്യാമെന്നു വാക്കുകൊടുത്തിരുന്നു. നിന്റെ പിതാവിനു് എങ്ങനെ രാജ്യം പകരം ലഭിച്ചു എന്നും, കമുദൻ എങ്ങനെ കൊല്ലപ്പെട്ടു എന്നും എനിക്കറിയാം. നിന്റെ പിതാവു രാജാവായശേഷം വീവല്ലൂർ ജമീൻദാൎക്കു നല്കിയ വാഗ്ദാനം നിറവേററാതെ, ജയപുരം ജമീൻദാരെ വിവാഹംചെയ്യാൻ വിചാരിച്ചതും ഞാനറിഞ്ഞിട്ടുണ്ടു്. നിന്റെ പിതാവിന്റെദുഷ്ടതകൾക്കു വിരോധമായിനിന്ന പൌരപ്രധാനന്മാരെയും ഉദ്യോഗസ്ഥന്മാരെയും വിഷംകൊടുത്തു കൊന്നതും, ഇപ്പോഴും വിഷവ്യാപാരം നടത്തിക്കൊണ്ടിരിക്കുന്നതും നിനക്കും സഹോദരനുമുള്ള വിഷസംസ്കാരസാമൎത്ഥ്യങ്ങളും ഞാനറിയാത്തതല്ല.

എന്നു പറഞ്ഞു തീൎന്നപ്പോൾ ഭാഗ്യവതി ഞെട്ടിവിറച്ചു്, വീരസിംഹനെ തൊഴുതു. മതി മതി. ഞാൻ പറഞ്ഞതു ക്ഷമിക്കുക. ഞാൻ പറഞ്ഞതു മടക്കിയെടുക്കുകയും മാപ്പപേക്ഷിക്കുകയും ചെയ്യുന്നു. വിഷങ്ങൾക്കും ആയുധങ്ങൾക്കും ഭയപ്പെടാത്തവനു ലോകത്തിൽ ഭയമെന്നുള്ളതില്ല. അവൻതന്നെയാണു് അപൂൎവ്വപുരുഷൻ. ഞാൻ എന്റെ പ്രേമസൎവ്വസ്വവും താങ്കൾക്കായി തന്നുകൊള്ളാം. ഞാൻ താങ്കളെ മനഃപൂൎവ്വമായി സ്നേഹിക്കുന്നു എന്നു് ശാന്തവും സാവധാനവുമായ സ്വരത്തിൽ അവൾ മറുപടിപറഞ്ഞു.

പ്രഭു— ഞാനും വാസ്തവമായി നിന്നെ സ്നേഹിക്കുന്നു. എന്നാൽ അതു നിൻെറ സ്നേഹംപോലെമിന്നുക്കവിദ്യകൊണ്ടു മോടിപിടിപ്പിക്കപ്പെട്ട മുക്കുപണ്ടത്തിൻെറ അവസ്ഥയിൽ ക്ഷണഭംഗുരമായതല്ല.

ഭാഗ്യവതിഹൃദയകാഠിന്യംകൊണ്ടു് നീചപ്രകൃതയാണെങ്കിലും സൌന്ദര്യസമ്പത്തിയിൽ അവൾക്കുള്ളസ്ഥാനം ഉൽകൃഷ്ടതരമായിരുന്നു. എന്നാൽ അതു് ഊഷരഭൂമിയിലെ വൃഷ്ടിപാതംപോലെ നിഷ്ഫലമായിരുന്നു. വിഷജ്വാലകൊണ്ടു തപ്തമായ ഹൃദയവും, ഏതുഹൃദയത്തെയും കത്തിച്ചിളക്കുന്നതിൽ നിർദ്ദയമായപ്രകൃതിയുംകൊണ്ടു് അവളുടെപേരുകേട്ടാൽ ഭയപ്പെടാത്തവർ ആ നാട്ടിലെന്നല്ല അന്യനാട്ടിൽപോലും അക്കാലത്തുണ്ടായിരുന്നില്ല. അതിനാൽ അവളെ ആരും ആഗ്രഹിച്ചിരുന്നില്ല.

അവൾ വിജയപുരം പ്രഭുവിനെ സന്ധിച്ചതു് അവളുടെ ഒരു രഹസ്യവസതിയിലായിരുന്നു, അവളുടെമനോഭിഷ്ടം അനുസരിച്ചു നടക്കുന്നതിനു അതു് സർവ്വഥാ യോജിച്ചതായിരുന്നു. ഒരു ചെറിയഭവനമാണെങ്കിലും അതിൻെറ ഉമ്മറകളും ശയനമുറികളും ഭംഗിയായി അലങ്കരിക്കപ്പെട്ടിരുന്നു. ആവശ്യമുള്ള കാര്യങ്ങൾ ഉടനുടൻ സാധിക്കുന്നതിനുവേണ്ട ഭൃത്യന്മാർ അവിടെ എപ്പോഴും തയാറായി നിന്നിരുന്നു.

പ്രഭുവിനെ സന്ധിച്ച അന്നു രാത്രിയിൽ അവൾ ആ വീട്ടിൽ തൻെറ ശയനമുറിയിൽ ഏകയായി ഇരിക്കുകയായിരുന്നു. അവൾ തൻെറ മുൻവശത്തുള്ള ഭിത്തിയിൽവച്ചിട്ടുള്ള നാഴികമണിയിലും ഭിത്തിയിലുള്ള രഹസ്യമാർഗ്ഗത്തിലുംകൂടക്കൂടെനോക്കി ആരുടെയോവരവിനെ പ്രതീക്ഷിക്കുന്നതായി കാണികൾക്കു തോന്നത്തക്കവണ്ണം, ഇരിക്കുകയും പിന്നെയും എഴുന്നേല്ക്കുകയും വാതിലിൽചെന്നുനോക്കുകയും മണിനോക്കി സമയപരീക്ഷചെയ്കയും ചെയ്തുകൊണ്ടിരുന്നു. ഭിത്തി മുഴുവൻ പലകകൊണ്ടുണ്ടാക്കിയതായിരുന്നതിനാൽ ആ ഗൂഢമാർഗ്ഗം കണ്ടുപിടിക്കുവാൻ കഴിയാത്തവിധം ചേർക്കപ്പെട്ടിരുന്നു. മണി ഏകദേശം ഒൻപതു കഴിഞ്ഞു. ആകാശം മിക്കവാറും നിശ്ശബ്ദമായി പരിണമിക്കുന്നു.

ആ സമയം ആരോ ആ കതകിൽ തട്ടുന്നശബ്ദംകേട്ടു. വേലക്കാരിൽ ആരോ എന്തോ സംഗതിക്കായോ തന്നെ കാണ്മാൻ ആഗ്രഹിക്കുന്നതായി അവൾക്കുതോന്നി. ഉടൻ എഴുന്നേറ്റു ചെന്നു കതകു തുറന്നു. രണ്ടു ദീർഘകായന്മാർ കൈകളിൽ ഇരട്ടിഎന്ന ആയുധവുമായിപെട്ടെന്നു് അറയ്ക്കുള്ളിൽ പ്രവേശിക്കുകയും, അകത്തു നിന്നും അവർതാഴൊ കതകടച്ചു ബന്ധിക്കയും ചെയ്തു. ഭാഗ്യവതി അവരെക്കണ്ടു് ഞെട്ടുകയും ഭയത്താൽസന്ത്രാസമായിത്തീരുകയും ഹാ! [illegible]! എന്നു പറഞ്ഞു് അടങ്ങുകയും ചെയ്തു. അല്പനേരത്തേക്കു് അവർ പരസ്പരംഒന്നും സംസാരിക്കാതെ മൌനഭജനം ചെയ്തു. ഒടുവിൽ അവർ രണ്ടുപേരും:— ഭാഗ്യം! നിൻെറ കൌശലപാതകങ്ങൾക്കെല്ലാംഒരവസാന

നംവന്നുപോയിരിക്കുന്നു. നിന്റെ ആയുസ്സും അവസാനിച്ചിരിക്കുന്നു. ദൈവധ്യാനം ചെയ്യണമെന്നുണ്ടെങ്കിൽ പരലോകഗതിക്കായെങ്കിലും സ്തോത്രം ചെയ്തുകൊള്ളുക. എന്നു കോപാഗ്നിജ്വാലയെ തീക്ഷ്ണമായി വമിക്കുന്ന നേത്രങ്ങളോടുകൂടി അവളോടാജ്ഞാപിച്ചു.

ഭാഗ്യം—ഇതെന്തക്രമം. എന്നെ നിങ്ങൾ ആരെന്നു വിചാരിച്ചു സംസാരിക്കുന്നു? ഞാൻ നിങ്ങൾക്കു യാതൊരു ദ്രോഹവും ചെയ്തവളല്ല.

താണ്ഡവൻ—ഈ ഐന്ദ്രജാലികമായ മിരട്ടുവിദ്യകളൊന്നും ഇപ്പോൾ ഫലിക്കയില്ല. നീ എന്റെ ജ്യേഷ്ഠനെ വിഷംകൊടുത്തു കൊന്നില്ലേ? ആ വഞ്ചനയുടെ പ്രകൃതിയെ ഇപ്പോൾ ചെയ്ത് അവസാനിപ്പിക്കുവാൻ പോകുന്നു. വേഗത്തിൽ മരിക്കുവാൻ തയ്യാറാവുക.

ചൊക്കലിംഗം:—നിന്റെ പിതാവു ചെയ്യാൻ നിശ്ചയിച്ച അക്രമത്തെ തടുത്തതു നിമിത്തം എന്റെ പിതാവിനെ വിരുന്നിനു ക്ഷണിച്ചു വരുത്തി വിഷംകൊടുത്തു കൊന്നില്ലേ. അതിന് ഇപ്പോൾ തന്നെ പകരം വീട്ടണം. നിന്നെ കൊന്നുകഴിഞ്ഞാൽ പിന്നെ ഈ കൊല രാജമന്ദിരത്തിൽ നടക്കുകയില്ല. ഞങ്ങളുടെ ഈ ശ്രമം അനേകായിരംപേരെ ജീവിപ്പിക്കുവാനാകുന്നു.

ഭാഗ്യവതി ഭയങ്കരമായ അപായത്തിൽ കുടുങ്ങി വശായി. ഇവർ പകരംവീട്ടാൻ തയ്യാറായവരാകയാൽ വൈരനിര്യാതനബുദ്ധിയുള്ളവരിൽ വേരുറച്ചുപോയിരിക്കുന്നു. ഇവിടെനിന്നും രക്ഷപ്പെടാൻ മാർഗ്ഗവുമില്ല. അവൾ അടിക്കടി ആ ഗുപ്തമാർഗ്ഗത്തിലേക്കു നോക്കുന്നുണ്ട്. വരാമെന്നു പറഞ്ഞ ആൾ വന്നമട്ടില്ല. ഏതുവിധവും സമയം ദീർഘിപ്പിക്കുന്നതു നല്ലതെന്നു വിചാരിച്ച് അവരോടിങ്ങിനെ പറഞ്ഞു. ഹേ! മാന്യന്മാരെ! നിങ്ങൾ വിചാരിക്കുന്നതു തെറ്റാകുന്നു. നിങ്ങൾക്കു രണ്ടാൾ മരിച്ചുപോയി എന്നുള്ളതു വാസ്തവമായിരിക്കാം. അതിലേക്കു കാരണഭൂതയായതു ഞാനെന്നു സങ്കല്പിച്ചതു് അബദ്ധമാകുന്നു. രണ്ടു നിരപരാധികളായ ആളുകളുടെ മരണത്തിനു പകരമായി നിരപരാധിനിയായ ഒരു സ്ത്രീയെ കൊല്ലുന്നതു ന്യായമോ അന്യായമോ എന്നു വിചാരിച്ചു നോക്കുക. നിങ്ങൾ അന്യായം ചെയ്തവരെ ശിക്ഷിക്കുവാൻ പുറപ്പെട്ടവരാണെങ്കിൽ, എന്റെമേൽ പ്രയോഗിക്കുവാൻ ഉദ്യോഗിച്ച മാരണകർമ്മം, ക്ഷന്തവ്യമല്ലാത്ത ഒരന്യായമായിത്തീരുമെന്നു നിങ്ങൾ കുറച്ചൊന്നാലോചിച്ചാൽ തെളിയുന്നതാകുന്നു. രാജ്യഭരണസംബന്ധമായ കൊലകളിൽ പ്രജാസാമാന്യമായി ഗണിക്കപ്പെടേണ്ട ഞാൻ എങ്ങിനെ അർഹയായി ഭവിക്കുമെന്നും ഓർത്തുനോക്കുക.

താണ്ഡവൻ:—ഈ മിരട്ടുവിദ്യകളെല്ലാം ഞങ്ങളറിയും. ഇതിലടങ്ങിച്ച രഹസ്യവും ഞങ്ങൾക്കറിയാം. ഒരാളല്ല മൂന്നു യോഗ്യന്മാർ ഇപ്പോൾ ആ രഹസ്യം ഞങ്ങൾക്കറിവുതന്നിട്ടുണ്ട്. എന്റെ മറ്റൊരു സ്നേഹിതനായ വീരനെ വിരുന്നൂട്ടിക്കഴിഞ്ഞു് അവന്റെ വീട്ടിലേ

കപോതംവഴിമദ്ധ്യേവെച്ച്, നിന്റെ സഹോദരൻ രണ്ടു കൂട്ടുകാരുമായി ചെന്നു തടഞ്ഞുനിൎത്തി കൊന്ന കഥ നാടൊക്കെ പരന്നിട്ടുള്ള ഒരു വാസ്തവമാകുന്നു. അവൻ നിങ്ങളുടെ ദുഷ്കൎമ്മത്തെ കണ്ടുപിടിക്കുവാൻ ശ്രമിച്ചതു നിമിത്തം നിങ്ങൾ രണ്ടാളുംകൂടി കൊന്നതായിരുന്നു എന്നുള്ളതു് ഒരു രഹസ്യമല്ല. ആ ദുഃഖത്തിനും ഇപ്പോൾ പകരം തീരണം.

ഭാഗ്യം — എന്റെ സഹോദരനോ അങ്ങനെ ചെയ്തതു്? ആ കുറ്റവും എന്റെമേലാണോ ചുമത്തുന്നതു്? എനിക്കു് ആ സംഗതിയെ അറിവില്ല. എന്നെ നിങ്ങൾ കൊല്ലണമെന്നു വിചാരിച്ചസ്ഥിതിക്കു് അതു് എങ്ങനെയും നടത്തിത്തീരണം, ഇങ്ങനെയുള്ളദുഷ്കീൎത്തിയുണ്ടാകുന്നതിനേക്കാൾ മരിക്കുന്നതു് ഉത്തമമാകുന്നു. എനിക്കു് ഒരപേക്ഷയുണ്ടു്. എന്റെ മേൽ ഈ വിധം അപരാധം പറഞ്ഞുണ്ടാക്കിയ ആ മൂന്നുപേർ ആരെന്നു മാത്രം പറഞ്ഞാൽമതി! ഞാൻ ഇതാ തയ്യാറായിക്കൊള്ളാം.

താണ്ഡവൻ—(അടുത്ത ക്ഷണത്തിൽ മരിക്കുവാൻപോകുന്നവളോടു പറഞ്ഞാലൊന്നും വരാനില്ല എന്നോൎത്തിട്ടു്) ധൎമ്മരാജൻ, വിശ്വനാഥൻ, ശങ്കരലിംഗം എന്നീ മൂന്നുപേരാകുന്നു. (ഇവർ രാജ്യകാൎയ്യാലോചന സംഘത്തിലെ അംഗങ്ങളാകുന്നു.

ഭാഗ്യം —മതി മതി. ഞാൻ ഇതാ തയ്യാറായിക്കഴിഞ്ഞു.

എന്നു പറഞ്ഞിട്ടു് അവൾ ദൈവപ്രാൎത്ഥനയ്ക്കായി കിഴക്കോട്ടു തിരിഞ്ഞിരുന്നു. അല്പനേരംകഴിഞ്ഞു താണ്ഡവനോടു് അൎമ്മാരയിലിരിക്കുന്ന സഹോദരന്റെ ഛായാപടം ഒന്നെടുത്തു തരണേ എന്നുപറഞ്ഞു. തന്റെ മടിക്കുത്തിൽനിന്നു് ഒരുകൂട്ടം താക്കോലെടുത്തു് അവയിൽ ഒന്നു തിരിച്ചു പിടിച്ചു് ഇതുകൊണ്ടു തുറന്നുകൊള്ളുക എന്നു പറഞ്ഞു താണ്ഡവൻ അതു വാങ്ങി താക്കോൽ ഉപയോഗിച്ചു തുറക്കുവാൻ ശ്രമിച്ചു. അതു തിരിയാതിരുന്നതിനാൽ അവൻ ഒരു ബലം പ്രയോഗിച്ചു. ആ സമയം ആ പൂട്ടിന്റെ ഒരു പാളി പെട്ടെന്നു തുറക്കുകയും അതിന്റെ ഉള്ളിൽനിന്നു മൂന്നു സൂചികൾ ഊക്കോടുകൂടി വെളിയിലേക്കു ചാടുകയും അവ അവന്റെ കൈപ്പടത്തിന്റെ അകവശത്തായി തറഞ്ഞു കയറുകയും ചെയ്തു. ആ സൂചികൾ വിഷമയങ്ങളായിരുന്നു. സൂചികൾവഴി അവന്റെ രക്തത്തിൽ വിഷബിന്ദുക്കൾ കടന്ന ലക്ഷണംതന്നെ അവൻ ബോധരഹിതനായി ഒരു അലൎച്ചയോടുകൂടി നിലംപതിച്ചു.

ഇതിനിടയിൽ ഭാഗ്യം തന്റെ മോതിരത്തിലുള്ള പാമ്പിൻതലയെ തിരിച്ചുപിടിച്ചുകൊണ്ടു നല്ല വാക്കു പറയുന്നതിനെന്നുള്ള ഭാവത്തോടെ ശങ്കരലിംഗത്തിന്റെ കൈക്കുപിടിച്ചു് അവന്റെ ദേഹത്തും വിഷമേല്പിച്ചു. എത്ര ക്ഷണം ഉഗ്രന്മാരായ രണ്ടു ബലവാന്മാരെ അവൾ വിഷപ്രയോഗശക്തിയാൽ കൊന്നുവീഴ്ത്തിയിരിക്കുന്നു. ഇവ അവ

സരത്തിൽ രഹസ്യവാതുക്കൽ തുറന്നു വീരസിംഹൻപ്രഭു മുറിക്കുള്ളിൽ കടന്നു. പെട്ടെന്നു കണ്ട ഭയങ്കരമായ കാഴ്ചയാൽ അയാളുടെ ശരീരത്തിലെ സപ്തധാതുക്കളും സ്തംഭിച്ചു. വളരെ നേരത്തേക്ക് ആ പ്രേതങ്ങളെ നോക്കിക്കൊണ്ടുതന്നെ നിന്നു. ഒടുവിൽ ഭാഗ്യത്തിന്റെ മുഖത്ത് ഒരു വെറുപ്പോടെ നോക്കി.

ഭാഗ്യം.—പ്രഭോ! എന്റെ വിരോധികൾ അനുഭവിക്കുന്ന അവസ്ഥ ഇതുതന്നെ. ഇവർ രണ്ടുപേരും ചില പ്രേരണകൾകൊണ്ട് എന്നെ കൊല്ലുന്നതിനായി വന്നു. തന്നിമിത്തം എന്റെ പ്രാണരക്ഷാർത്ഥം അവരെ കൊല്ലേണ്ടിവന്നു.

എന്നു പറഞ്ഞിട്ടു പുഞ്ചിരിയോടുകൂടി ആ! അവസാനിച്ചുവോ എന്നു പറഞ്ഞു രണ്ടുപേരെയും പരിശോധിച്ചു. ഇവരെ പ്രേരിപ്പിച്ചവരുടെ അവസാനം നാളെത്തിവസമാകുന്നു എന്നു പറഞ്ഞു അടുത്ത ദിവസം അവിലേ എഴുന്നേററു സഹോദരന്റെ അടുക്കൽ ചെന്നു നടന്ന സംഭവങ്ങൾ സവിസ്തരം പറഞ്ഞു കേൾപ്പിച്ചു.

ശൂരസിംഹൻ—ഹാ! അത്ഭുതമായിരിക്കുന്നു. അവർ നമ്മെ കൊല്ലിക്കാൻ തുനിഞ്ഞ സ്ഥിതിക്ക് ഇന്നുതന്നെ അവരെ അവസാനിപ്പിക്കണം. നീ ഈ വിവരം പിതാവിനെ അറിയിക്കുക. ഇന്ന് ഒരു വിരുന്നിനായി ഉടൻ ആളയച്ചു പാർപ്പിക്കുവാനും ഏർപ്പാടുചെയ്യ്ക. ആ മൂന്നുപേർക്കും അവസാനഭക്ഷണം അതായിരിക്കട്ടെ. ഉദാസീനയായിരിക്കാതെ പോ. വേഗം പോയി ചട്ടംകെട്ടുക.

സഹോദരി പൊയ്ക്കഴിഞ്ഞ ഉടനേ തന്റെ വേലക്കാരിൽ ഒരുവനെ വരുത്തി എടോ നമുക്ക് ഇന്നല്പം പ്രയത്നം ചെയ്യേണ്ടതുണ്ട്. നമ്മുടെ ശത്രുക്കൾ മൂന്നുപേർ ഉടൻ മരിക്കണം. നീ രണ്ടുപേരെക്കൂടി വിളിച്ചുകൊണ്ടു രസായനമുറിയിലേക്കു പോവുക. ഞാനിതാ പുറകേ വരുന്നു എന്നു പറഞ്ഞ് അവനെ അയച്ചു. ഈ വേലക്കാരൻ ശൂരസിംഹന്റെ ഒരു പ്രത്യേക ഭൃത്യനും വിഷസംസ്കാരം ചെയ്യുന്നതിലും ആളു കൊടുത്ത് ആളുകളെ കൊല്ലുന്നതിലും സഹായിച്ചുവന്ന ഒരു ദുഷ്ടനും ആയിരുന്നു. ഇവനാണു ശൂരസിംഹന്റെ ജ്യേഷ്ഠനെ ഈട്ടികൊണ്ടു കുത്തിക്കൊന്നത്. ആ കുടുംബത്തിന്റെ രഹസ്യങ്ങളെല്ലാം ഇവനറിയാം. ഇവനെ ശൂരസിംഹൻ പൂർണ്ണമായി വിശ്വസിച്ചിരിക്കുകയാണ്.

അല്പനേരം കഴിഞ്ഞു ശൂരസിംഹൻ വിശാലമായ രാജമന്ദിരത്തിന്റെ അടിയിലുള്ള ഒരു ഉള്ളറയിൽ ചെന്നു. അവിടെ മൂന്നു വേലക്കാർ തയ്യാറായി നിന്നിരുന്നു. ആ അറ സാമാനങ്ങളില്ലാതെ വെറും വിശാലമായിട്ടിരിക്കുന്നു. അതിന്റെ മേൽത്തളത്തിൽ നാലുതുടൽ കെട്ടിത്തൂക്കിയിട്ടിരിക്കുന്നു. ദൂരത്തായി മേശപ്പുറത്തു ചില ഒഴിഞ്ഞ കുപ്പികൾ നിരത്തി വച്ചിരിക്കുന്നു. ഇളകുടാതെ ഒരു ചപ്പാവും, ഒരു

കൽഭരണിയും, ഒരു വെള്ളിക്കുടവും ഉണ്ടു്. ആ അറയുടെ ഒരു വശത്തുള്ള ഒരു കതക് ഇരുമ്പഴികളും മററുംകൊണ്ടു ബലമുള്ളതായിരിക്കുന്നു. ആ അറയുടെ ഉള്ളിൽനിന്നും മാംസം ചീഞ്ഞുനാറുന്ന ഗന്ധം വീശുന്നുണ്ടായിരുന്നു. മറെറാരു ഉള്ളറയിൽനിന്നും അടിക്കടി ഒരു ഗർജ്ജനം മുഴങ്ങിക്കൊണ്ടിരുന്നു. കറപ്പാ! ഈ കുപ്പികളെല്ലാം ഒഴിഞ്ഞിരിക്കുന്നു. ഇവയെല്ലാം നിറയ്ക്കണം എന്നു ശൂരസിംഹൻ ആജ്ഞാപിച്ചു. ഉടൻ അവർ വേലയാരംഭിക്കയും ചെയ്തു. ചെയ്യേണ്ടതായ ജോലിത്തരങ്ങളൊന്നും അവർക്കു പറഞ്ഞുകൊടുക്കേണ്ടതില്ല. അവർ പതിവു ശമ്പളക്കാരാകയാൽ ജോലികൾ ഇന്നതിന്നതെന്നു് അവർക്കറിവുണ്ടു്. കന്നാലികൾക്കു വായ്പൂട്ടിടുന്നതുപോലുള്ളതും തുകൽകൊണ്ടുണ്ടാക്കപ്പെട്ടതുമായ വായ്പൂട്ടുംകൊണ്ടു് ഒരാൾ ഉള്ളറയുടെ വാതലിൽനിന്നു. ശൂരസിംഹൻ വിഷംപുരട്ടിയ ഒരു ഈട്ടിയുമായി വാതലിനു സമീപമായും നിന്നു.

കറപ്പൻ പ്രഭോ! ഒന്നിനും ഭയപ്പെടേണ്ടതില്ല. എന്നുപറഞ്ഞിട്ടു തന്റെ മടിക്കുത്തിൽ തിരുകിയിരുന്ന താക്കോലെടുത്തു കതകുതുറന്നു പതുക്കെ അതിനെ അകത്തോട്ടു മലത്തി നീക്കി. അതിനകത്തു കിടന്നിരുന്ന ഒരു വലിയ കരടി സാവധാനത്തിൽ അമറിക്കൊണ്ടെഴുന്നേററു, ദേഹംകുടഞ്ഞു തലയാട്ടി ഗംഭീരമായി പുറത്തേക്കു വന്നു. അതിന്റെതല പുറത്തുകണ്ട ഉടൻ അതിനു് വായ്പൂട്ടിട്ടു. അതു ബഹുസൂക്ഷ്മവും കൌശലവും ഉപയോഗിച്ചു്, തലകുലുക്കുന്നതിനുമുമ്പിൽ സാധിച്ചു. ഇതു് കറപ്പന്റെ പ്രയോഗമായിരുന്നു. അതു് വായ്പൂട്ടുംകൊണ്ടു ആ വിശാലമായ മുറിയുടെ ഒരു ഭാഗത്തായി നേരെനടന്നു. പുറകിൽ നിന്നവൻ ഒരു കയർക്കുട്ടു് അതിന്റെ പിൻകാലുകളെ കെട്ടി, ആ കയററിനെ ഒരു തൂണിൽ ബന്ധിച്ചു. അതിന്റെ കാലുകൾ പൊങ്ങിപ്പോകയാൽ ആ മൃഗം തൂങ്ങി നില്പായി.

ഉടൻ ശൂരസിംഹൻ ഈട്ടിയെ ഉറയിൽ തിരുകീട്ടു മേശപ്പുറത്തുവച്ചിരുന്ന വെള്ളക്കട്ടപോലുള്ള ഒരു സാധനമെടുത്തു ഖലാസിലിട്ടു പൊടിച്ചു വെള്ളമൊഴിച്ചു കലക്കി ഒരുപാത്രത്തിലാക്കി കരടിയുടെ വായ്പൂട്ടിന്റെ ഉള്ളിൽക്കൂടി അതിന്റെ വായ്മലത്തിവീഴ്ത്തിക്കൊടുത്തു. ആ സമയംകഴിഞ്ഞു തുടൽ മേല്പോട്ടു പൊക്കിക്കളഞ്ഞു. കരടി തലകീഴായി തൂങ്ങി. ശൂരസിംഹൻ വെള്ളിക്കുടമെടുത്തു കരടിയുടെവായുടെ കീഴായി വച്ചു. കറപ്പൻ വായ്പൂട്ടഴിച്ചെടുത്തുനീക്കി.

കരടി ശ്വാസംവലിച്ചുതുടങ്ങി. അതിന്റെ വായിൽനിന്നും ധാരാളമായി ഒരു കൊഴുത്ത ജലം ഊറിയിറങ്ങി കുടത്തിൽ വീണുകൊണ്ടിരുന്നു. ഏകദേശം ഒരു പതിനഞ്ചുമിനിററു സമയംകൊണ്ടു കരടി ശവമായി പരിണമിച്ചു. ഉടൻ ശൂരസിംഹൻ കുടത്തിൽവീണിരുന്ന ജലം അരിച്ചെടുത്തു കുപ്പികളിലാക്കി അടച്ചു. കരടിയെ അഴിച്ചു

മറുപുറത്തേക്കു കൊണ്ടുപോകയും ചെയ്തു.

ശൂരസിംഹൻ മൂന്നു കപ്പികളിൽ മുന്തിരിങ്ങാരസവും കരടിയുടെ വായിൽനിന്നും എടുത്ത വിഷദ്രവ്യവും ചേൎത്തു തയ്യാറാക്കി അവയെ പ്രത്യേകം സൂക്ഷിച്ചു. വ്വയിൻകപ്പികൾ കാൎക്കിട്ടു മെഴുകുതേച്ചു മോടി പിടിപ്പിക്കയും ചെയ്തിരുന്നു. അനന്തരം പാകശാലയിലെ പ്രധാനഭൃത്യനെ വരുത്തി ആ മൂന്നുകപ്പികളും അവനെ ഏല്പിച്ചു. വിരുന്നിനുവരുന്ന സോമനാഥൻ, വിശ്വനാഥൻ, ശങ്കരലിംഗം ഈ മൂന്നുപേൎക്കും ഭക്ഷണാവസരത്തിൽ ഓരോരുത്തനും ഓരോകപ്പിവീതം പൊട്ടിച്ചു കുടിക്കുവാൻ കൊടുക്കണമെന്നു പറഞ്ഞേല്പിക്കയും ചെയ്തു.

---

## അദ്ധ്യായം ൨൦.

ശൂരസിംഹന്റെ പിതാവിന്റെ ക്ഷണം അനുസരിച്ചു വിരുന്നിനു വളരെ മാന്യന്മാർ ഹാജരായിരിക്കുന്നു. അവിടം ജനക്കൂട്ടംകൊണ്ടും അലങ്കാരങ്ങൾകൊണ്ടും ഇന്ദ്രസഭപോലെ പ്രകാശിച്ചിരിക്കുന്നു. പൌരപ്രധാനികളും ഉദ്യോഗസ്ഥന്മാരും ദേശസഭാദ്ധ്യക്ഷന്മാരും എന്നുവേണ്ട മാന്യനിലയിൽ ഗണിക്കപ്പെട്ടുപോരുന്നവരെല്ലാം അവിടെ സന്നിഹിതരായിട്ടുണ്ടു്. നൂറുപേരിൽ കുറയുകയില്ല.

ഭക്ഷണശാലയിൽ നിസ്തുല്യവും കാൎയ്യക്ഷമവുമായ വ്യവസ്ഥ നടന്നിരിക്കുന്നു. സോമനാഥൻ ധനവിഷയകാൎയ്യാലോചനാസഭയിലെ പ്രധാനിയും, വിശ്വനാഥനും ശങ്കരലിംഗവും മന്ത്രിസഭയിലെ പ്രധാനികളുമായിരുന്നതിനാൽ അവർ മുന്നണിയിൽ ഇരുത്തപ്പെട്ടു

ഭക്ഷണംനടന്നുകൊണ്ടിരിക്കുന്നതിനിടയിൽ ഓരോരുത്തരും ഓരോകാൎയ്യംകൊണ്ടു് ഇതരന്മാരുമായി സംഭാഷണം ആരംഭിച്ചു. ഈ സംഭാഷണം രക്ഷാബന്ധത്തെപ്പറ്റി പറയുവാൻ സംഗതിയാക്കി. അതുകേട്ടു രാജാവു് ഇങ്ങനെ പറഞ്ഞു. യോഗ്യന്മാരിൽനിന്നു ലഭിക്കുന്ന രക്ഷാബന്ധത്തിൽ ദൈവികമായ ശക്തിയുണ്ടായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. എന്റെപക്കലുള്ള രക്ഷാബന്ധം, വിഷം, ആയുധം ഇവയിൽപെട്ടു നശിക്കാതെയിരിക്കുവാൻ ഞാൻ പ്രത്യേകം കരുതലുകൾ ചെയ്തിട്ടുണ്ടു്.

ആ സദസ്സിലുണ്ടായിരുന്ന ഒരു സ്ത്രീ "മഹാരാജാവെ! ആ രക്ഷാബന്ധം ഒന്നു കാണുവാൻ എനിക്കനുവാദം നല്കണം" എന്നപേക്ഷിച്ചു. രാജാവു് ഉടൻ തന്റെ കുപ്പായക്കീശയിൽ പരിശോധിച്ചിട്ടു, കൊട്ടാരം ഉദ്യോഗസ്ഥനോടു 'നിങ്ങൾ കൊണ്ടുവന്ന കടലാസുകൾ ഒപ്പിടുന്ന അവസരത്തിൽ ഞാൻ അതു മേശപ്പുറത്തുവച്ചിരുന്നു. അതു തി

രിക്കെ എടുക്കാൻ മറന്നുപോയി. ദ്രുതഗതിയായി പോരുകയുംചെയ്തു” എന്നുപറഞ്ഞു. ആ സ്ഥലത്തു രാജകീയമായ പല റിക്കാർട്ടുകളും വയ്ക്കപ്പെട്ടിരുന്നതിനാൽ സാധാരണന്മാരിൽ ആരെയും അവിടെ തനിയെ അയയ്ക്കുവാൻ വിശ്വാസമില്ലാതിരുന്നു. താൻ അതെടുത്തുകൊണ്ടു വരണമെന്നാണു രാജാവിന്റെ ഇഷ്ടമെന്നു കൊട്ടാരം ഉദ്യോഗസ്ഥനായ വെങ്കിടാചലം ധരിച്ചിട്ട് അയാൾ ഉടൻ എഴുന്നേറ്റ് അതിനായി പുറപ്പെട്ടു അയാൾ മടങ്ങിവരുന്നതിന് അരമണിക്കൂർ താമസമുണ്ടായിരുന്നു.

രാജാവും സോമനാഥനും തമ്മിൽ പ്രാണസ്നേഹിതന്മാരാണ്. സോമനാഥനു കുടിക്കുവാൻ തയ്യാറാക്കിട്ടുള്ള ദ്രാക്ഷാരസം ചിലപ്പോൾ രാജാവു കുടിക്കുവാനിടവന്നേക്കാമെന്നുഭയം ശൂരസിംഹനുണ്ടായി. അതു മനസ്സിൽ വച്ചുകൊണ്ടു വിജയപുരം ജമീൻദാർ വീരസിംഹൻപ്രഭു വന്നിട്ടുണ്ടെന്നും, അദ്ദേഹത്തെഎതിരേറ്റ് ആദരിക്കുവാൻ അനുവാദമുണ്ടാകണമെന്നും ശൂരസിംഹൻ രാജാവിനോടപേക്ഷിച്ചു അനുവാദപ്രകാരം വീരസിംഹൻ ആ സംഘത്താൽ ആദരിക്കപ്പെട്ടു. ദ്രാക്ഷാരസംകൊണ്ടുവരുവാൻ പാകശാലാദ്ധ്യക്ഷനോടു ശൂരസിംഹൻ സംജ്ഞാപനംചെയ്തു. അവനു വയറുനോവെന്നു പറഞ്ഞു തന്റെ കീഴിലുള്ള മറ്റൊരുവനോടു വിഷസംയുക്തമായ മൂന്നുകുപ്പികളെ കൊണ്ടുകൊടുക്കുവാൻ ചുമതലപ്പെടുത്തീട്ട് അവൻ പുറത്തേക്കുപോയി. മൂന്നുകിണ്ണങ്ങളിൽ ദ്രാക്ഷാരസംപകർന്നു സോമനാഥനും, വിശ്വനാഥനും ശങ്കരലിംഗത്തിനും കൊടുത്തു അതേസമയംതന്നെ മറ്റൊരുവേലക്കാരൻ കൊണ്ടുചെന്നദ്രാക്ഷാരസം രാജാവും വീരസിംഹൻപ്രഭുവും ശൂരസിംഹനും കുടിച്ചു.

ഉത്തരക്ഷണത്തിൽ വെങ്കിടാചലം വന്നുചേർന്നു. അവന്റെ നാവു വരണ്ടും ദേഹം തണുത്തും, മുഖം വിളറിയും ചുണ്ടു കരുവാളിച്ചും ഒച്ചയടഞ്ഞും അപായ സ്ഥിതിയിൽ ആയ ഒരു ജീവച്ഛവംപോലെ അവൻ രാജാവിന്റെ മുമ്പിലെത്തി ഒരു ചാരുകസാലയിൽ കിടന്നു. അവന്റെ വരവും പ്രകൃതിയുമെല്ലാംകണ്ടു് അവിടെ കൂടിയിരുന്നവർ വളരെ പരിഭ്രമിച്ചുവശായി. “എന്താ നിനക്കു പറ്റിയ അപകടം” എന്നു രാജാവു പരിഭ്രമത്തോടുകൂടി ചോദിച്ചു.

വെങ്കിട—രാജാവേ! ഞാൻ അവിടെ ഒരു വിസ്മയമായ കാഴ്ചകണ്ടു. ഞാൻ ചെല്ലുമ്പോൾ ആ മുറിക്കുള്ളിൽ ദീപപ്രകാശം കണ്ടു.

രാജാവു്—ആഹാ! ആരാണു് അത്ര നിർഭയമായി നമ്മുടെ രഹസ്യമുറിയിൽ കടന്നു ദീപം കൊളുത്തിയതു്?

വെങ്കടാ—അതു മനുഷ്യർ ചെയ്തതല്ല. ക്ഷമയോടുകൂടി കേൾക്കുക പറയാം. ഞാൻ വെളിച്ചംകണ്ടു കതകുതുറന്നു് അകത്തു കടന്നപ്പോൾ മേശപ്പുറത്തു് ആരോ കിടന്നിരുന്നതുപോലെതോന്നി. കിടന്ന

അതിൻെറ ചുററുമായി മെഴുകുതിരികൾ എരിഞ്ഞുകൊണ്ടിരുന്നു. ബാക്കി ഒന്നും എന്നോടു ചോദിക്കരുത്.

രാജാവ്:—മേശപ്പുറത്തു കിടന്നിരുന്നതു് ആര്? ഉടൻ പറയൂ.

വെങ്കിടാ—പറയാം. മേശപ്പുറത്തൊരു ശവശരീരം കിടന്നിരുന്നു. ഞാൻ നോക്കി; അതു താങ്കളുടെ രൂപമായിരുന്നു.

ഇതുകേട്ടു ജനങ്ങളെല്ലാം അയ്യോ! അയ്യോ! എന്നിങ്ങനെ അലറി സംഭ്രാന്തരായി. രാജാവും ഞെട്ടി. രക്ഷാബന്ധം എവിടെ എന്നു ചോദിച്ചു. അവിടെ അത്ര മര്യാദകെട്ട പ്രവൃത്തി ചെയ്തവനെ വെറുതെ വിടുകില്ലെന്നു പറഞ്ഞു ശൂരസിംഹൻ എഴുന്നേററു.

വെങ്കി—ക്ഷമിക്കു! ക്ഷമിക്കൂ! അതു മനുഷ്യപ്രവൃത്തികളല്ല. ഞാൻ അതുകണ്ടു ഭയന്നു നിൽക്കേത്തന്നെ ആ രൂപങ്ങളെല്ലാം മാഞ്ഞുപോയി. അവിടം ഇരുൾകൊണ്ടു കണ്ണുകാണാൻ പാടില്ലാത്തപാകത്തിലായി. ഞാൻ മേശപ്പുറത്തുതപ്പി രക്ഷാബന്ധം എടുത്തുകൊണ്ടു പോന്നു. (എന്നു പറഞ്ഞു് അതിനെ രാജാവിൻെറ കൈയിൽ കൊടുത്തു)

രാജാവു രക്ഷാബന്ധം കൈനീട്ടി വാങ്ങിയ സമയം വെങ്കിടാചലം ഒരു അലർച്ചയോടുകൂടി നിലത്തു പതിച്ചു. മരണവേദനകൊണ്ടു കൈകാലുകളിട്ടടിച്ചു. വിഷശക്തിയേററു ജീവൻ യാത്ര പറഞ്ഞു് അവൻെറ വായിൽക്കൂടി പുറത്തുചാടി. അതു കണ്ടു ശൂരസിംഹൻെറ ഹൃദയത്തിൽ നിന്നു ഒരു അഗ്നികണം കത്തിജ്വലിച്ചു ഹൃദയത്തിലേക്കു പാഞ്ഞു കയറി. കാര്യം അപകടത്തിലായി. വിഷമുള്ള ദ്രാക്ഷാരസം അവൻ കുടിച്ചിരിക്കുന്നു. അവൻ കണ്ട കാഴ്ചകൾ വിഷവിഭ്രാന്തിയിൽ തോന്നിയവയായിരുന്നു. രാജാവിനും എനിക്കും വീരസിംഹനും ലഭിച്ചതു വിഷമുള്ളവയാകുന്നു എന്നിങ്ങനെ ശൂരസിംഹൻ വിചാരിക്കുന്നതിനിടയിൽ വീരസിംഹൻപ്രഭു ശൂരസിംഹനോടു, സ്നേഹിത! നാം മൂന്നുപേരും കുടിച്ചതു വിഷമാകുന്നു. നിങ്ങൾ ഉദ്ദേശിച്ചവർ രക്ഷ പ്രാപിച്ചു. വെങ്കിടാചലത്തിൻെറ കഥ കഴിഞ്ഞു. വിഷത്തിനു് എന്നെ ഒന്നും ചെയ്യുവാൻ സാധിക്കുകയില്ല. എനിക്കു വിഷമേൽക്കുകയില്ല. രാജാവിനും വിഷമേററുപോയി. നിങ്ങൾ വേഗം പോയി മറുമരുന്നുപയോഗിച്ചു ജീവരക്ഷ നേടിക്കൊൾക” എന്നു ചെവിയിൽ പറഞ്ഞു.

ശൂരസിംഹനു് അപ്പോൾ സത്യം വ്യക്തമായി. തൻെറ പിതാവിനുള്ള വിഷവീര്യത്തെ ശങ്കിക്കാതെ, തൻെറ മാളികനോക്കി അതിവേഗം നടന്നുപോയി. തൻെറ രസായനമുറിയിൽ കടന്നു മറുമരുന്നു കുടിച്ചിട്ടു കറപ്പനെ വിളിച്ചു നടന്നസംഗതികളെല്ലാം അവനോടു പറഞ്ഞു. മററു സംഗതികൾ വേഗം തയാറാക്കുക എന്നു് അവനോടു ആജ്ഞാപിക്കയും ചെയ്തു. അല്പനേരം കഴിഞ്ഞു് എല്ലാം തയ്യാറായി എന്നു് അവൻ ചെന്നു മറുപടി പറഞ്ഞു. ഉടൻ ശൂരസിംഹൻ എഴുന്നേ

റവ് അവനോടുകൂടി ഒരു ഗൂഢമായ മുറിയിൽകടന്നുചെന്നു. അവിടെ ഒരു വശത്തായി ഒരു മഞ്ചം കിടന്നിരുന്നു. അവിടെ മറ്റൊരു സാമാനങ്ങളുമില്ലായിരുന്നു. ഒരുഭാഗത്തു കൂർത്ത മുനയുള്ള ഇരുമ്പാണികൾ തറച്ചിരുന്ന നാലുചട്ടങ്ങൾ കിടന്നിരുന്നു. ശൂരസിംഹൻ വസ്ത്രങ്ങൾ മാററി ഒരു ചല്ലടംമാത്രം ധരിച്ച് ഒരു കത്തിയുമായി അറയുടെ മദ്ധ്യേ ചെന്നുനിന്നു. അപ്പോൾ ഒരു വലിയ പോത്തിനെ പിടിച്ചുകൊണ്ടു കറപ്പൻ അവന്റെ അടുക്കൽ ചെന്നു. മറ്റൊരു വേലക്കാരൻ ആ സമയം ഒരുലക്കകൊണ്ടു പോത്തിന്റെതലയ്ക്ക് ഊക്കോടുകൂടി ഒന്നടിച്ചു അടിയേററ് അതു നിലത്തു പതിച്ചു. നാലുപേരായി അതിനെ മലർത്തി നാലുചട്ടങ്ങളിലുമായി നാലു കാലുകളും ഇരുമ്പാണിയിൽ ചേർത്തു ബന്ധിച്ചിട്ട് അതിന്റെ കഴുത്തുമുതൽ കടവരെ വയറുപിളർന്നു കുടലുകളെല്ലാമെടുത്തു പുറത്തുകളഞ്ഞു. ഈ ക്രിയകളെല്ലാം അവർ ഒരു നിമിഷനേരംകൊണ്ടു സാധിച്ചു. ശൂരസിംഹൻ അതിന്റെവയററിലിറങ്ങി സുമാർ ഒരു മണിക്കൂറുസമയം ആ ചൂടായ രക്തത്തിലിരുന്നു. പിന്നീട് എഴുന്നേററു സമീപമുള്ള മഞ്ചത്തിൽ ചെന്നുകിടന്നു. ഇത്രയും കഴിഞ്ഞപ്പോൾ അവന്റെ രോമദ്വാരങ്ങൾവഴി വിയർപ്പുതുള്ളികൾ പുറപ്പെട്ടു. ഇതു വിഷശക്തി ശമിക്കുന്നതിനുവേണ്ടി അനുഷ്ഠിച്ച പ്രതിവിധിയായിരുന്നു.

പ്രഭുകുമാരമോഹനൻ രാമപുരത്തിൽവച്ച് ഒരു ഗൃഹത്തിൽ കണ്ട കാഴ്ചയെക്കുറിച്ചു പറഞ്ഞിട്ടുള്ളതിന്റെ വാസ്തവം എന്താണെന്നിപ്പോൾ വായനക്കാർ മനസ്സിലാക്കിയിരിക്കുമല്ലോ. പ്രതിവിധികളെല്ലാം ഇങ്ങനെ പരീക്ഷിച്ചറിയുന്നത് അവിടെ സാധാരണമാകുന്നു. ശൂരസിംഹൻ ഇങ്ങനെ കിടക്കുമ്പോൾ കറപ്പനെ വിളിച്ചു നീ രാജധാനിയിൽ ചെന്നു ഖജാൻജിയായ സോമനാഥനെക്കണ്ടു സമാധാനത്തിലോ ഭയപ്പെടുത്തിയോ ഖജനായുടെ താക്കോൽ വാങ്ങിക്കൊണ്ടുപോയി ഖജനാതുറന്ന് അവിടെയുള്ള ദ്രവ്യമെല്ലാം എടുത്തു ഇവിടെകൊണ്ടുവരണം. ആവശ്യമുള്ള ആളുകളെ കൂടെക്കൂട്ടി കൊണ്ടുപൊയ്ക്കൊള്ളണം എന്നാജ്ഞാപിച്ച് അവനെ ആ അർദ്ധരാത്രിയിൽ തന്നെ അയച്ചു.

കറപ്പനും കൂട്ടുകാരും രാജവീഥിയിൽകൂടി നടന്നുപോയി. ജനങ്ങളാരും ഇനിയും ഉറങ്ങീട്ടില്ല. നാടൊട്ടുക്ക് ഒരു കുഴപ്പത്തിന്റെ ഛായ വ്യാപിച്ചിട്ടുണ്ട്. രാജാവിനു എന്തോ അപായകരമായ ഒരു വ്യാധിയുണ്ടായിരിക്കുന്നതായി ശ്രുതി പരന്നിരിക്കുന്നു. ഇതിൽ എന്തോ ഒരു രഹസ്യമുണ്ടെന്നു ചിലസ്ഥലങ്ങളിൽ സംശയം ബാധിച്ചിട്ടുമുണ്ട്. കമലന്റെ പ്രായമായ പുത്രന്റെ പക്ഷപാതികളായ ജനം സംഘംചേർന്നു തയ്യാറായിരിക്കുന്നു. അർദ്ധരാത്രിയായിട്ടും ജനസഞ്ചാരം ഒതുങ്ങിയിരുന്നില്ല. കറപ്പനും കൂട്ടരും കൊട്ടാരത്തിനുള്ളിൽ കടന്നു. രാജാവ് ഓർമ്മയില്ലാതെ ശയ്യയിൽ കിടക്കുന്നു. രാജാവിനെ നാലുപേർ കാത്തിരി

ക്കുന്നു. അവരുടെ കൂട്ടത്തിൽ സോമനാഥനും വിശ്വനാഥനും ഉൾപ്പെട്ടിട്ടുണ്ട്. തങ്ങൾക്കു സംഭാവ്യമായിരുന്ന ആപത്തിന്റെ കഥ അവർക്കറിയാമായിരുന്നു.

കുറപ്പൻ സോമനാഥനെ വിളിച്ചു ഒരു ഒഴിഞ്ഞ മുറിയിൽ കൂട്ടിക്കൊണ്ടുപോയി അവിടെവെച്ച് അയാളെ ഭയപ്പെടുത്തി താക്കോൽ വാങ്ങിക്കയും അയാളെ ആ മുറിയിലിട്ടടച്ചുപൂട്ടുകയും ചെയ്തിട്ടു രാജദ്രവ്യത്തെ മുഴുവനും ആ രാത്രിയിൽത്തന്നെ അപഹരിച്ചു കൊണ്ടുപോയി ശൂരസിംഹൻ വശം ഏല്പിച്ചു.

രാജാവിന്റെ ഓർമ്മ ശരിക്കുവന്നു. എന്നാൽ നടക്കുന്ന സംഭവങ്ങളെല്ലാം നോക്കിയിരിക്കുന്നതിനല്ലാതെ എഴുന്നേൽക്കുന്നതിനോ ഒന്നും സംസാരിക്കുന്നതിനോ കഴിവില്ലായിരുന്നു. ശൂരസിംഹൻ തന്റെ കൂട്ടുകാരെയെല്ലാം അംഗരക്ഷകന്മാരാക്കിക്കൊണ്ടു രാജധാനിയിൽത്തന്നെ വാസമുറപ്പിച്ചു. ഭരണമെല്ലാം തനിക്കിഷ്ടമായവിധം ഒരു മന്ത്രിയെക്കൊണ്ടു നടത്തിച്ചു. രാജാവ് അർദ്ധജീവനായി എട്ടുദിവസം കിടന്നിട്ടു മരണം പ്രാപിച്ചു. രാജശരീരം വീങ്ങിപ്പഴുത്തുപൊട്ടി വ്രണപ്പെട്ടു ദുർഗ്ഗന്ധം ബഹുലമായിരുന്നു. ഈ അവസരത്തിൽ ശൂരസിംഹന്റെ സ്ഥിതി തിണ്ടാട്ടത്തിലായി. ജനപ്രതിനിധികൾകൂടി ഭരണവിഷയം നിശ്ചയപ്പെടുത്തേണ്ട നിലയിലായി. എതിർകക്ഷികളായി കുമുദന്റെ പുത്രനായ രാജകുമാരന്റെ പക്ഷക്കാർ പ്രബലന്മാരായി ഭവിച്ചിരിക്കുന്നു. ശൂരസിംഹനെ സകലജനങ്ങളും വെറുത്തിരിക്കുന്നു. അവനെ ഓർക്കുമ്പോൾതന്നെ ജനങ്ങൾ ഭയപ്പെടുന്നു.

അടുത്തദിവസം രാവിലെ രാജശരീരം ശ്മശാനഭൂമിയിൽ ആഘോഷസമേതം കൊണ്ടുപോകുവാൻ സന്നദ്ധമായിരിക്കുന്നു. ശ്മശാനസ്ഥലം രാജധാനിയിൽനിന്നു മൂന്നുമൈൽ ദൂരത്താകുന്നു. രാജപാതയിൽ ഒന്നടനീളത്തിൽ ഭടന്മാർ നിർത്തപ്പെട്ടിരിക്കുന്നു. മുന്നിൽ ഭടന്മാരും പിന്നണിയിൽ വെടിക്കാരും, അവരുടെ പിന്നിലായി മന്ത്രിപ്രധാനന്മാരും അതിന്റെ പിറകിലായി ശവവും, അതിന്റെ പിറകിലായി ഉദ്യോഗസ്ഥന്മാരും, ബ്രാഹ്മണ പൌരപ്രധാനികളും ആയി യാത്രയാരംഭിച്ചു. സേനകളെ നയിക്കുവാൻ കുറപ്പനും, പ്രധാനനേതാവായി കുതിരപ്പുറത്തു വാളും ധരിച്ചു ശൂരസിംഹനും ഉണ്ടായിരുന്നു. സുഗന്ധദ്രവ്യങ്ങൾ തളിക്കപ്പെട്ടു. കാഹളം മുതലായ വാദ്യങ്ങളും, ദീനസ്വരത്തിലുള്ള നാഗസ്വരമേളവും മുഴങ്ങുന്നുണ്ടായിരുന്നു. ശവം കൊട്ടാരത്തിൽനിന്നും പുറത്തായ സമയം ഭയങ്കരമായ ഒരു ഇടിമുഴക്കമുണ്ടായി. ഇത് ഒരു ദുർലക്ഷണമാണെന്ന് അവർക്കു തോന്നി. പോകപ്പോകെ ഇടിയുടെയും മിന്നലിന്റെയും നിപാതങ്ങൾ ആവർത്തിച്ചു. ഏറെക്കുറെ ജനസാമാന്യത്തിൽ രാജകുടുംബത്തെപ്പറ്റിയുണ്ടായിരുന്ന ദുസ്സഹാപവാദമായ ക്ഷോഭപ്രകൃതി വല്ലാതെ കണ്ടു വിജൃംഭിച്ചിരിക്കുന്നു. അനേകം യോഗ്യന്മാരെക്കൊന്നു

ളും കഷ്ടനഷ്ടങ്ങളുണ്ടാക്കിയതും കാത്തു ദൈവം, തന്നെ ആ അവസരത്തിൽ ശിക്ഷിക്കുവാൻ തുടങ്ങുകയാണോ എന്നു തോന്നുമാറു് ആകാശം ഭയാനകമായി ഗർജ്ജിച്ചുതുടങ്ങിയിരിക്കുന്നു.

ഇതിനിടയിൽ ജനങ്ങൾ അവിടെ അവിടെയായി കൂട്ടംകൂടിവെറുപ്പിനെ പ്രകാശിപ്പിച്ചുതുടങ്ങി. ആ സമയം ഒരു ഉഗ്രമായ ഇടിയുണ്ടായി ആ നാട്ടിലെ ദേവാലയത്തിലെ ഒരു ഗോപുരം അതിൻ ഭയങ്കരശബ്ദത്തോടുകൂടി നിലത്തു പതിച്ചു. ഏകദേശം പത്തിരുപതുപേർ അതിനുള്ളിൽപ്പെട്ടു മരിച്ചുപോയിരിക്കണം. ഈ ഇടിനാദത്താൽ സകലജനങ്ങളും യാത്രയിൽനിന്നു നിവർത്തിച്ചു സ്തബ്ധരായി. പ്രേതവാഹകർക്കുപോലും നടക്കുക ദുസ്സാധമായി ഭവിച്ചു. ക്ഷേത്രത്തിന്റെ ഗോപുരം ശിഥിലമായതിൽ ദൈവകോപമുണ്ടായിരിക്കുന്നുവെന്നും എന്തെല്ലാം ഈതിബാധകളുണ്ടാകുമെന്നു് അറിവില്ലെന്നും ജനങ്ങൾ ഭയന്നു. ഈ രാജകുടുംബത്തോടു പകരം വീട്ടുന്നതിനുള്ള ഈ അവസരം വെറുതെ കളയുവാൻ പാടില്ലെന്നു ജനങ്ങൾ തീർച്ചചെയ്തു. എതിർശക്തികളുടെ പ്രേരണ ജനങ്ങളിൽ കോപകലുഷമായ മനോഭാവത്തെ മുളപ്പിച്ചു. എവിടെനോക്കിയാലും വീരരസം ഉജ്ജ്വലമായി പ്രകാശിക്കുന്ന മുഖങ്ങളും വൈരനിര്യാതനത്തിനുള്ള ഒരുക്കങ്ങളും വെളിപ്പെട്ടുവരുന്നതായി തോന്നി.

ഈ പ്രകൃതിഭേദം ജനിച്ച സംരംഭം കണ്ടു ശൂരസിംഹൻ തന്റെ സൈന്യനിരയെ ഒന്നിച്ചുചേർത്തു സജ്ജീകരിക്കുവാൻ ആജ്ഞാപിച്ചു. കറപ്പനോടു്, നോക്കുക സമുദ്രംപോലെ അവധിയില്ലാതെ നിരന്ന ജനക്കൂട്ടത്തിൽ അസംഖ്യം ഭടന്മാർ ആയുധപാണികളായി പ്രത്യക്ഷപ്പെട്ടിരിക്കുന്നതിന്റെ രഹസ്യം നിനക്കറിയാമോ എന്നുചോദിച്ചു. ജനക്കൂട്ടത്തിൽ എവിടെയോ നിന്നു "കമുകകുലം ഭസ്മീകരിക്കട്ടെ" എന്നൊരു ശബ്ദം അത്യുച്ചത്തിൽ പൊങ്ങി വായുമണ്ഡലത്തിൽ ലയിച്ചു. ആ ശബ്ദം പല സ്ഥലങ്ങളിലും ആവർത്തനം ചെയ്തു.

ഒരു നിമിഷംകൊണ്ടു യുദ്ധം ആരംഭിച്ചുകഴിഞ്ഞു. രാജഭടന്മാരെ കതിർക്കൂട്ടത്തുനിന്നു നിലംപതിപ്പിച്ചുകൊണ്ടു ശത്രുസൈന്യം പ്രേതവാഹകന്മാരുടെ സമീപത്തേക്കു് അണയുവാൻ ആഞ്ഞു കുതിച്ചുകയറിത്തുടങ്ങി. ജനങ്ങളിൽ കുറേപ്പേർ രാജഭടന്മാരുടെ കൈത്തോക്കിനു് ഇരയായി ഭവിച്ചു. ഇതു ജനങ്ങളിൽ കോപത്തെ വർദ്ധിപ്പിച്ചു യുദ്ധം ഭയങ്കരമായിരുന്നു. രാജഭടന്മാരിൽ അധികംപേർ അവസാനിച്ചു്. പ്രേതവാഹകന്മാർ ചുമന്ന ശവത്തെ തറയിൽ തള്ളിക്കളഞ്ഞിട്ടു് അവർ പ്രാണരക്ഷാർത്ഥം ഓടിപ്പോയി. ശൂരസിംഹനെ ശത്രുക്കൾ വളഞ്ഞതുകണ്ടു കറപ്പൻ സഹായത്തിനു് അവന്റെ അടുത്തെത്തി. ശൂരസിംഹൻ രക്ഷപ്പെടുക സാദ്ധ്യമല്ലെന്നു് അവനുതന്നെ ബോദ്ധ്യമായി.

ഇവരുടെ ഘോഷയാത്ര കാണ്മാനായി വഴിമദ്ധ്യേയുള്ള ഒരു

നിൻചരുവിൽ ഭാഗ്യവതിയും വീരസിംഹൻപ്രഭുവും ഇരിക്കുന്നുണ്ടായിരുന്നു. അവർ ഓരോ വിനോദം പറഞ്ഞു രസിച്ചുകൊണ്ടിരുന്നു. കലഹം അധികരിച്ചതുമുതൽ അധികം സൂക്ഷ്മത്തോടെ നോക്കിക്കൊണ്ടു നിന്നിരുന്ന ഭാഗ്യവതി, തന്റെ സഹോദരന്റെ അപായകരമായനില കണ്ടു്, തന്റെ ഗൂഢപുരുഷനായ പ്രഭുവിനോടു് "പ്രഭോ! രക്ഷിക്കണേ ഏതുചെയ്തും ഈ സമയം എന്റെ സഹോദരനെ ശത്രുക്കൾ കൊല്ലുന്നതിനുമുമ്പേ രക്ഷിക്കണേ!" എന്നു വ്യസനസൂചകമായി അപേക്ഷിച്ചു.

പെട്ടെന്നു വീരസിംഹൻ ജനക്കൂട്ടത്തിൽ മറഞ്ഞു. വായുവേഗത്തിൽ പാഞ്ഞു ജനസംഘത്തെ തള്ളിപ്പൊളിച്ചു ശൂരസിംഹനെ രക്ഷിക്കുവാൻ അടുത്തെത്തിയ വീരസിംഹന്റെ സാമർത്ഥ്യം കണ്ടു ഭാഗ്യം വിസ്മയിക്കുകയും, തന്റെ സഹോദരനു രക്ഷയുണ്ടെന്നോർത്തു സമാധാനിക്കുകയും ചെയ്തു. കൈയിൽ വാളോടുകൂടി അടുക്കുന്ന വീരസിംഹനെ കണ്ടു്, അന്ധകാരത്തിൽ പിശാചുക്കളെക്കണ്ടതുപോലെ ഭയന്നു ജനങ്ങൾ നാലുപാടും ഓടിത്തുടങ്ങി. ശൂരസിംഹനെയും അവന്റെ ആജ്ഞാകരനായ കറപ്പനെയും അവിടെനിന്നും രക്ഷപ്പെടുത്തി ജനക്കൂട്ടമില്ലാത്ത സ്ഥലത്താക്കി രക്ഷിച്ചു. അവിടെ നിന്നും അരമനയിലേക്കു മടങ്ങിപ്പോന്നു. ഭാഗ്യം ഒരു സന്യാസിവേഷമവലംബിച്ചു തന്റെ ഗൂഢവസതിയിൽ എത്തി ഒളിച്ചു. പ്രേതം അടുത്ത സായാഹ്നംവരെ റഴിമഞ്ചത്തന്നെ കിടന്നതേയുള്ളു. ഭയം ഹേതുവായി അതിനെ കാണ്മാൻ ആരും ആശിച്ചില്ല.

---

## അദ്ധ്യായം ൨൧.

രാജാവിന്റെ പ്രേതം സംസ്കരിക്കപ്പെട്ടതിന്റെ മൂന്നാം ദിവസം മന്ത്രിസഭയിൽ രാജാവിനെ വാഴിക്കുന്നതു സംബന്ധിച്ചു് ഒരു യോഗം കൂടി. ഇതിലെ അംഗങ്ങൾ മുപ്പത്തെഴുപേരായിരുന്നു. അംഗങ്ങളിൽ പലക്കും ശൂരസിംഹൻ കൈക്കൂലി കൊടുത്തു തനിക്കനുകൂലമായ തീർച്ചയുണ്ടാക്കി. ഇങ്ങനെയിരിക്കെ, അടുത്ത ദിവസം രാവിലെ മുതൽ വൈകുന്നതുവരെ സഭയിൽപെട്ടവരാരും പിരിഞ്ഞതായി കാണാഞ്ഞു ജനക്കൂട്ടം രാജദ്വാരത്തിൽ അധികമായുണ്ടായി. ശൂരസിംഹൻ കറപ്പനെ അയച്ചു സംഗതികൾ എങ്ങനെയിരിക്കുന്നു എന്നു് അടിക്കടി അറിഞ്ഞുകൊണ്ടേയിരുന്നു. പ്രതിവിധികൾ ചെയ്തിട്ടും വിഷശക്തി മുഴുവനും ശൂരസിംഹന്റെ ശരീരത്തിൽനിന്നും നീങ്ങിയിരുന്നില്ല. അവന്റെ ചുണ്ടുകളുടെ വീക്കം അധികമായി കുറഞ്ഞിരുന്നുമില്ല. കണ്ണുകളിലുള്ള രക്തിമ മാഞ്ഞുപോയിട്ടില്ല. മാംസപേശികൾക്കുള്ള വലിവു് ഇനിയും നിലച്ചിരുന്നില്ല.

ഇവർ ഇങ്ങനെ മന്ത്രിസഭയുടെ അവസാനതീർച്ചയെ പ്രതീക്ഷിച്ചിരിക്കുമ്പോൾ ഉദരാനന്ദൻ എന്ന സന്യാസി അവന്റെ അറയിലേക്കു ചെന്നു.

ശൂരസിംഹൻ:—ആ! താങ്കളോ? എന്താണിത്രദൂരം വന്നതു്?

ഉദരാനന്ദൻ:—ഹേ! രാജകുമാര! ഞാനും എന്റെ സംഘവും നിങ്ങളുടെ കുടുംബത്തിന്റെ ക്ഷേമത്തിനായി എത്രയോ സഹായം ചെയ്തിട്ടുണ്ടു്. നിങ്ങൾ അതിനു തക്കവണ്ണം ഒരു സമ്മാനവും തന്നിട്ടില്ല. ഇപ്പോൾ ഈ നാട്ടിലെ മഠാധിപതിജോലി ഒഴിവു വന്നിട്ടുണ്ടു്. അതു് എനിക്കു കിട്ടത്തക്കവണ്ണം പ്രവർത്തിക്കണം.

ശൂര:—ഇപ്പോൾ ഞാനിരിക്കുന്ന സ്ഥിതി നിങ്ങൾക്കറിയാമല്ലോ. ആ മഠാധിപത്യം ദയാനന്ദനു കൊടുക്കാമെന്നു വാഗ്ദാനം ചെയ്തു കഴിഞ്ഞിരിക്കുന്നു. കൂടാതെ എന്റെ ജീവൻതന്നെ സന്ദേഹസ്ഥിതിയിലിരിക്കുന്നു. നിങ്ങൾ ആവശ്യപ്പെട്ട അവസരങ്ങളിലെല്ലാം എത്രയോ അധികം പണം തന്നിരിക്കുന്നു. ഇപ്പോഴും എത്ര വേണമെന്നു ചോദിച്ചുകൊള്ളുക.

ഉദരാ:—പ്രഭോ! എനിക്കു പണത്തിനാവശ്യമില്ല. നിങ്ങൾ ഈ നിലയിൽ ഇരിക്കുന്നതുകൊണ്ടുതന്നെയാണു് എനിക്കു വേണ്ടതിനെ ഞാൻ ആവശ്യപ്പെടുന്നതു്. ഞാൻ ചെയ്തതെല്ലാം ജലത്തിൽ വരച്ച വരപോലെ ആയോ?

ശൂര:—ഭേഷ്! നന്നായി! നിങ്ങളുടെ ഗുണാതിശയങ്ങളെ നിങ്ങൾതന്നെ പുറത്താക്കിയിരിക്കുന്നു. എന്റെ തൽക്കാലസ്ഥിതി അറിഞ്ഞുകൊണ്ടുതന്നെ ചോദിക്കുന്നതാണല്ലോ? നിങ്ങളെപ്പോലുള്ള യഥാർത്ഥസ്നേഹിതൻ ഇനിയുണ്ടാകുകയില്ല. നേരെ നോക്കിക്കൊണ്ടു പറയാൻ ധൈര്യമുണ്ടായതു് ആശ്ചര്യജനകമാകുന്നു.

ഉദരാ:—എന്നോടു മുഷിയേണ്ടതില്ല. നല്ലപോലെ ഓർമ്മിച്ചിരുന്നുകൊള്ളുക.

ശൂര:—(കോപത്തോടുകൂടി) ഹേ! ഇതേവരെ നിങ്ങളുടെ വേഷത്തിനു മര്യാദചെയ്തു ആക്കിയിട്ടാണു് എന്നോടു് ഓർമ്മിച്ചുകൊള്ളുവാൻപറഞ്ഞതു്? ഒരുപ്രാവശ്യം കൊലയാളികളുടെകൈയിൽനിന്നു പിണമായി തപ്പിപ്പിഴച്ചു, പേരുമാറി നാളത്തേക്കുംജീവനെ ഭയന്നു്, വേഷംമാറി അലഞ്ഞുതിരിയുന്ന യാത്രാശവമാണോ എന്നെ ഭയപ്പെടുത്തുവാൻ തുനിഞ്ഞതു്.

ഉദരാ:—മതിമതി, നിങ്ങളുടെ കുടുംബസംബന്ധമായ എത്രയോ ഭയങ്കരരഹസ്യങ്ങൾ എന്റെ കൈവശമുണ്ടു്. എന്റെ പ്രാഭവവും നിങ്ങൾക്കറിയാൻ പാടില്ലാത്തതല്ല.

ശൂര:—മതി അടക്കുക. വേശിസംഘത്തിലുള്ള ജനങ്ങളുടെ ബലം നിങ്ങൾക്കുള്ളതു് എനിക്കറിയാം. എന്റെ കൈവശം ഭടന്മാരു

ണ്ട്. നിങ്ങൾ തങ്ങളെ സംബന്ധിച്ച് എന്തു വിഷയവും പ്രസ്താവിക്കുവാൻ വിചാരിക്കുന്നോ, അപ്പോൾ ഉദാരാനന്ദൻ എന്ന പേർ വച്ചുകൊണ്ടിരിക്കുന്ന സന്യാസി മുൻകൊലയാളികളുടെ പക്കൽനിന്നു ശിക്ഷിക്കപ്പെട്ട............

ഉദാരാ—മതി മതി, ഇരിക്കട്ടെ. നാം രണ്ടു കൂട്ടർക്കുമുള്ള രഹസ്യം അങ്ങിനെ നില്ക്കട്ടെ. ഇന്നു മുതൽ നാം രണ്ടുപേരും എതിരാളികളാകുന്നു പരസ്പരം വീര്യബലങ്ങൾ പ്രയോഗിച്ചു പരീക്ഷിച്ചുകൊള്ളാം

എന്നു പറഞ്ഞ് ഉദാരാനന്ദൻ പുറത്തിറങ്ങിപ്പോയി. അനന്തരം വകുന്നേരം അഞ്ചുമണിക്കു മന്ത്രിസഭയിൽ അടിയിൽ കാണുന്ന വിധം തീരുമാനിച്ചു. 'ശൂരസിംഹനോടു നേരിട്ടു പലചോദ്യങ്ങളും ചോദിച്ചു ചിലസംഗതികൾ വെളിപ്പെട്ടുവന്നിരിക്കകൊണ്ട്, അയാൾക്കു ശരീരസൗഖ്യം ലഭിക്കുന്നതുവരെ മന്ത്രിസഭയുടെ നിശ്ചയം അനുസരിച്ചു രാജ്യഭരണം നടത്തേണ്ടതാകുന്നു.

ഈ തീരുമാനം തൽക്കാലം ജനങ്ങൾക്ക് അതൃപ്തികരമായിരുന്നു, എങ്കിലും ശൂരസിംഹൻ നിയമിക്കപ്പെട്ടിട്ടില്ല, പോകപ്പോകസംഗതികൾ കാണട്ടെ എന്ന് അവർക്കു സന്തോഷപ്രദമായിരുന്നു.

ശൂരസിംഹന്റെ മാളികവിട്ടിറങ്ങിപ്പോയ ഉദാരാനന്ദൻ നഗരംവിട്ടു രണ്ടു നാഴികയ്ക്കപ്പുറത്തുണ്ടായിരുന്ന ഒരു വിജനസ്ഥലത്തുള്ള ഒരു വലിയ ഭവനത്തിൽ ചെന്നു. അവൻ ആ കെട്ടിടത്തിനുള്ളിൽ കയറി ഒരു വിശാലമായ മുറിയിൽ ചെല്ലുമ്പോൾ "ആരവിടെ" എന്നൊരു ശബ്ദം അതിനുള്ളിൽ നിന്നുണ്ടായി.

ഉദാ: ഞാൻതന്നെ വലിയകുറപ്പാ, ഇത്ര ഉച്ചത്തിൽ സംസാരിക്കാതെ. ഇതിനുള്ളിൽ ഒരു ഗണപതിക്ഷേത്രമുണ്ട്. ഇവിടെ ആരെങ്കിലും ചിലപ്പോൾ വന്നുകൊണ്ടിരിക്കുന്നുണ്ട്. നിന്റെ കൂട്ടുകാരൻ ചക്രപാണിയെ എഴുന്നേല്പിക്ക്.

ചക്രപാണി:—സ്വാമി! ഞാൻ കണ്ണുതുറന്നുതന്നെ കിടക്കുകയാണ്. ശൂരസിംഹന്റെ സംഗതി എങ്ങനെയിരിക്കുന്നു?

ഉദാ:—അവൻ നമുക്കും ദ്രോഹിയായി തീർന്നിരിക്കുന്നു എനിക്കു പണം വേണമെങ്കിൽ തരാൻ പോലും, ഇനി അവന്റെ മേൽ നമ്മുടെ ശക്തി പ്രയോഗിക്കേണ്ടതുതന്നെ.

ചക്രപാ:-പണമെങ്കിലും വാങ്ങിക്കൊണ്ടു പോരാമായിരുന്നില്ലേ?

ഉദാ:—നീ എന്നോടു തർക്കമൊന്നും പറയേണ്ട. നിനക്കു കിട്ടാനുള്ളതു കിട്ടുന്നുണ്ടോ എന്നു നോക്കിയാൽ മതി. ഇപ്പോൾ അവന്റെനേരെ മാത്രമല്ല, അവന്റെ കുടുംബത്തിന്റെനേരെയും അവരെ സംബന്ധിച്ചവരുടെനേരെയും നമ്മുടെ ശക്തി പ്രയോഗിക്കേണ്ടതാകുന്നു. നിനക്കു കിട്ടിയതെല്ലാം നീ കളഞ്ഞുകളിച്ചു സംഘത്തിന് ഒരു കാശുപോലും കൊടുക്കാതെ ദ്രോഹം ചെയ്തുകളഞ്ഞു. ഈ പ്രാവശ്യം

ഞാനതു ക്ഷമിച്ചു മാപ്പുതന്നു. ഇനിയെങ്കിലും ഓൎമ്മയായിരിക്കണം.

ചക്ര—ഇനി താങ്കളുടെ ആജ്ഞയനുസരിച്ചു പ്രവൎത്തിച്ചുകൊള്ളാം.

ഉദരാ—കൊള്ളാം. ആദ്യമായി ശൂരസിംഹനോടു പകരം വീട്ടണം. പിന്നീട് ഇവിടെ നമുക്കു ജോലിയില്ല. മായാപുരം രാജധാനിയിലേക്കു പോകണം. ദേവദത്തൻ എന്നവൻ നമ്മുടെ സംഘത്തിനു ദ്രോഹംചെയ്യുവനാകകൊണ്ട് അവനെ കൊന്നുകളയേണ്ടതാകുന്നു എന്നു സംഘം തീരുമാനിച്ചിരിക്കുന്നു. അവനെ ചിത്രവധം ചെയ്തു ജീവഹാനി വരുത്തണം. അതിനുശേഷമാണ് മായാപുരത്തേക്കു പോകേണ്ടതു്.

വലിയകറപ്പൻ - നമ്മുടെ പഴയ യജമാനൻ ക്രൂരവിജയനെക്കൊണ്ടോ? ഹാ! എനിക്ക് അതിലേക്ക് ഉത്സാഹം മുറുകി വരുന്നു.

ഉദരാ:—അതേ, നീയുംകൂടെ വരണം. ഇപ്പോൾ അയാളുടെ തല എന്റെ കക്ഷത്തിൽ അമൎന്നുപോയിരിക്കുന്നു.

വലിയ—ഒരു സമയം ആ..................പെൺകുട്ടി ജീവിച്ചിരിക്കുന്നുണ്ടോ?

ഉദരാ:—എടാ! ഭ്രാന്താ! ആ പെൺകുട്ടി ഇപ്പോൾ കുട്ടിയാണോ? നല്ല യുവതിയായിരിക്കുന്നു. ഏതു ഭാഗ്യവിശേഷത്താലോ അവൾ ഉന്നതപദവിയിൽ എത്തിയിരിക്കുന്നു. അതങ്ങനെ നില്ക്കട്ടെ. എനിക്കു നിന്നോടു പല സംഗതികളെക്കുറിച്ചും പറയുവാനുണ്ട്. എന്റെ അഭിപ്രായം അനുസരിച്ചു നീയും എന്നോടൊന്നിച്ചു വരണം. തന്റെ കീഴിൽ ജോലിയുള്ളവനായിരുന്നു എന്ന് ഇപ്പോൾ കണ്ടാലറിയുകില്ലെന്നു വിചാരിക്കുന്നു.

വലിയ:—അറിയുകയില്ല നിങ്ങൾ അവിടെ ഉദ്യോഗസ്ഥനായിരുന്ന കാലത്തിലുള്ള നിങ്ങളുടെ രൂപത്തിനും ഇപ്പോഴുള്ള രൂപത്തിനും വലുതായ അന്തരമുണ്ട്. അന്നു തൊട്ടിലറയിൽ കാവൽനിന്ന സമയം നിങ്ങൾ എന്നോടു പാറാമാററിയതു് ഇന്നലെ നടന്ന സംഭവംപോലിരിക്കുന്നു..........

ഉദരാ—മതിമതി, നിറുത്തുക. ആ രഹസ്യങ്ങൾ പറയുന്നതിനവസരം ഇതാണോ? വെറും മുറാളനാകാതെ. ഈ രഹസ്യങ്ങളെല്ലാം ചക്രപാണിക്കറിയാവുന്നതുകൊണ്ട് ഇപ്പോൾ പറഞ്ഞതുകൊണ്ടു ദോഷമില്ല. ഇനി നിങ്ങൾ ചെയ്യേണ്ട കൃത്യങ്ങളെക്കുറിച്ചു പറയാം. സശ്രദ്ധം കേൾക്കണം; നീ കുലശേഖരപ്രഭുവിനെ കണ്ടു ശൂരസിംഹന്റെ കഥ അവസാനിക്കാറായി എന്നു പറയണം. എന്റെ പേരുപറഞ്ഞാൽ കാണ്മാൻ അവസരം തരും. "ഇന്നുമുതൽ ഇരുപത്തിനാലാം ദിവസം ഇരുനൂറു ഭടന്മാർ നാട്ടിൽ പല ദിക്കുകളിലായി പതുങ്ങിയിരിക്കും. ലക്ഷ്യമുണ്ടായാൽ അവരെല്ലാവരും ഒന്നായി ചേൎന്ന സംഘമായി ഭവിക്കും. നിങ്ങളുടെ ഭാഗം ജയിക്കുകയും നിങ്ങൾ രാജാവായി വാഴിക്കപ്പെ

ട്ടുകയും ചെയ്യുന്ന സമയം അതായിരിക്കും” എന്നുള്ള ഈ സംഗതി അയാളെ ധരിപ്പിച്ചു മടങ്ങിപ്പോരണം. നീ ചെയ്യേണ്ടതു് ഇതുതന്നെയാണു്.

ചക്രപാണീ! നീ ഈ വിളംബരത്തെക്കൊണ്ടുപോയി നമ്മുടെ നഗരത്തിലുള്ള ഭദ്രാലയത്തിന്റെ വെളിക്കുള്ള കതകിൽ പാറിക്കണം. ഈ രണ്ടുകാൎയ്യങ്ങളും സാധിച്ചിട്ടു നിങ്ങൾ ഇഷ്ടാനുസരണം വൎത്തിച്ചുകൊള്ളുക. ഇന്നുമുതൽ ഇരുപത്തിമൂന്നാംദിവസം രാത്രിയിൽ നിങ്ങൾ ഇവിടെ തയ്യാറായിരിക്കണം. അതിനുള്ളിൽ നമ്മുടെ ആളുകളെല്ലാം വന്നുചേൎന്നുകൊള്ളുന്നതാകുന്നു. പിന്നീടു നാം കുലശേഖരം പ്രഭുവിനു പിന്തുണനിന്നു സഹായിക്കണം. അയാൾ ഔദാൎയ്യനിധിയാകുന്നു. എന്നിങ്ങനെ രണ്ടാളുകളും രണ്ടു ചുമതലകൾ നല്കീട്ടു ഉദരാനന്ദൻ അവിടംവിട്ടുപോയി. ചക്രപാണിയും വലിയകറുപ്പനും അവരുടെ നിൎദ്ദിഷ്ടസ്ഥലങ്ങളിലേക്കു പുറപ്പെട്ടു.

ഈ സംഭവങ്ങൾകഴിഞ്ഞു ഇരുപത്തിനാലാംദിവസം പകൽമൂന്നുമണിക്കു് ആയുധപാണികളും ബലിഷ്ഠന്മാരുമായ ഇരുനൂറു ഭടന്മാർ ചക്രപാണി ഒളിച്ചുപാൎത്തിരുന്ന ആ വലിയ ഗൃഹത്തിനുള്ളിൽ ഹാജരായി. ഉദരാനന്ദനും വലിയകറുപ്പനും ചക്രപാണിയും അവരുടെ നേതൃസ്ഥാനം സ്വീകരിച്ചു.

സൂൎയ്യാസ്തമയം ആരംഭിച്ച ആ സമയം ആ ഇരുനൂറുഭടന്മാരും ശൂരസിംഹന്റെ നഗരത്തിനുള്ളിൽ കടന്നു് അയാളുടെ രാജധാനിയിലേക്കു നടന്നു. രാജവീഥിയിൽക്കൂടി പോയിരുന്ന ഈ സൈന്യത്തിൽ വഴിയിലുള്ള ഗൃഹങ്ങളിൽനിന്നു് ആയുധപാണികളായ അസംഖ്യം ഭടന്മാർ കൂട്ടംകൂട്ടമായി ഇളകി പ്രസ്തുത സൈന്യത്തോടുചേൎന്നു ശൂരസിംഹൻ അധിവസിക്കുന്ന രാജസൌധത്തിനരുകിലായി കുലശേഖരപ്രഭു ഏഴുനൂറു ഭടന്മാരുമായി ഹാജരായി ഉദരാനന്ദന്റെ വരവിനെ പ്രതീക്ഷിക്കുന്നവരായിരുന്നു. അല്പസമയത്തിനുള്ളിൽ ഈ രണ്ടുസംഘവും ഒന്നായി ചേൎന്നു.

ആയിരത്തിലധികമുള്ള ഈ സംഘം ശൂരസിംഹന്റെ രാജധാനിയിൽ കടന്നു. ആ സമയം അയാൾ ശയനമുറിയിൽ കിടക്കുന്നുണ്ടായിരുന്നു. ശത്രുസൈന്യം രാജസൌധത്തിൽ കടന്നതുകണ്ടു ശൂരസിംഹന്റെ അരമന കാവലിനായി തയ്യാറായിരുന്ന ഭടന്മാർ യുദ്ധോദ്യുക്തരായി. അവരുടെ കാഹളം കേട്ടു് ശൂരസിംഹനും അവന്റെ ഭൃത്യനായ കറുപ്പനും ആയുധംധരിച്ചു പെട്ടെന്നു സൈന്യത്തിനു അധിപരായിനിന്നു. യുദ്ധം വിചാരിച്ചിരിക്കാതെ സംഭവിച്ചതുകൊണ്ടു ശൂരസിംഹന്റെ ഉള്ളിൽ ഒരു സംഭ്രമം കടന്നുകൂടിയിരുന്നു. എന്നാൽ അതു പുറത്തു കാണിക്കാതെ ധൈൎയ്യമായി ശത്രുസംഘത്തെ എതിൎത്തു.

ശത്രുസംഘം വളരെ വലുതായിരുന്നതിനാൽ ശൂരസിംഹന്റെ

സൈന്യം വേഗത്തിൽതന്നെ അധികവും സംഹരിക്കപ്പെട്ടുപോയി. ബാക്കിയുള്ളവരും ശൂരസിംഹനുമായി സമ്പ്രദായത്തിൽ ഓടി തോട്ടത്തിൽ മറഞ്ഞു. അവിടെനിന്നു തന്റെ പിതാവിരുന്ന സൌധത്തിലേക്കു പോയി. അവിടെ മന്ത്രിയുണ്ടായിരുന്നു. വിവരമെല്ലാം അയാളെ ധരിപ്പിച്ചു.

അതുകേട്ടു മന്ത്രി കോട്ടയെസ്സംരക്ഷിക്കുന്ന ഉദ്യോഗസ്ഥന്റെ പേൎക്കു ഒരെഴുത്തു കൊടുത്തു. നിങ്ങൾ എങ്ങനെയെങ്കിലും രക്ഷ പ്രാപിച്ചുകൊള്ളണം. നാട്ടുമുഴുവൻ നിങ്ങൾക്കു ശത്രുക്കളാണു്. ആ സ്ഥിതിക്കു് ഇപ്പോൾ രക്ഷയ്ക്കു വഴിയില്ല. കോട്ടയിൽ ചെന്നാൽ ആ ഉദ്യോഗസ്ഥൻ നിങ്ങൾക്കുവേണ്ട സഹായങ്ങൾ ചെയ്യും. മന്ത്രിയോടു് എഴുത്തുവാങ്ങി നന്ദികൂടി പറയാതെതന്നെ അയാൾ കോട്ടയിലെത്തി എഴുത്തുകൊടുത്തു. മന്ത്രിയുടെ എഴുത്തനുസരിച്ചു് ആ ഉദ്യോഗസ്ഥൻ ശൂരസിംഹനെ ആദരിച്ചു.

ഉദയാനന്ദനും കുലശേഖരപ്രഭുവും ശൂരസിംഹന്റെ സൌധം പിടിച്ചെടുത്തു. അതിനുള്ളിൽ കടന്നു പരിശോധിച്ചപ്പോൾ രസായനമുറിയും അവിടുത്തെ വിഷവിദ്യയും പ്രാണിവധം പതിവായി നടത്തിയിരുന്ന ലക്ഷ്യങ്ങളും വെളിപ്പെട്ടു. ഈ സംഗതികൾ നാട്ടിൽപരന്നതോടുകൂടി ജനവിരോധം ദ്വിഗുണീകരിച്ചു.

ഉദയാനന്ദൻ ശൂരസിംഹന്റെ സൌധം സ്വാധീനപ്പെടുത്തിയശേഷം പ്രധാന രാജമന്ദിരത്തെ ആക്രമിക്കുവാൻ പുറപ്പെട്ടു. ആ അവസരത്തിൽ അവരെ എതിൎത്തുനിന്നു രാജമന്ദിരത്തെ രക്ഷിക്കുന്നതിനായി കറപ്പന്റെ നേതൃത്വത്തിൽ ബാക്കിയുള്ള സൈന്യങ്ങൾ അണിനിരന്നു ആക്രമണത്തെ തടുത്തു.

അടുത്തദിവസം പകൽ രണ്ടുമണിയോടുകൂടി കോട്ടയിൽ ഉദ്യോഗസ്ഥന്റെ വസതിയിൽ ശൂരസിംഹൻ ചിന്താകുലനായിരിക്കുമ്പോൾ കറപ്പൻ കടന്നുചെന്നു അവന്റെ മുമ്പിൽനിന്നു. "സംഗതി എങ്ങനെയിരിക്കുന്നു" എന്നു ശൂരസിംഹൻ ചോദിച്ചു. കറപ്പൻ മറുപടി പറയുന്നതിനുമുമ്പായി ആയുധങ്ങൾ തമ്മിലിടയുന്നതുപോലുള്ള ശബ്ദം പുറത്തുനിന്നു കേൾക്കുകയാൽ അവൻ ജനാലയിൽക്കൂടി സംഭ്രാന്തനായിനോക്കി. ആ! കുലശേഖരന്റെ സൈന്യം നമ്മെ സമീപിച്ചിരിക്കുന്നു. നാം ഇവിടെയുണ്ടെന്നു അവൎക്കു എങ്ങനെയോ അറിവു കിട്ടിട്ടുണ്ടു്. ഇനി നാം ഒരു കൈയ്ക്കൂടി നോക്കി ജീവിക്കുകയോ മരിക്കുകയോ ചെയ്യണം.

കുലശേഖരസൈന്യം കോട്ടയിലുള്ള കാവൽസൈന്യത്തെ നിഷ്പ്രയാസം തോല്പിച്ചിട്ടു് ഉള്ളിലേക്കു പാഞ്ഞുകയറി. ശൂരസിംഹനും കറപ്പനും അല്പ സൈന്യവുമായി ശത്രുക്കളുടെ ആക്രമണത്തെ നിരോധിച്ചു. അവർ രണ്ടുകൂട്ടരും കോട്ടയരികിലുള്ള ഒരു താഴ്വാരത്തിൽനിരന്നു.

ആ സമയം കുലശേഖര സൈന്യത്തിന്റെ മുന്നണിയിൽ ആയുധപാണിയായി നില്ക്കുന്ന ഉദാനന്ദനെ ശൂരസിംഹൻ കണ്ടു. സൈന്യബലം വലുതും പ്രബലമായ വ്യൂഹത്താൽ നിബിഡിതവുമാകുന്നു. യുദ്ധം തുടൎന്നു നടന്നാൽകാൽമണിക്കൂറിനുള്ളിൽ ശൂരസിംഹൻ നാമാവശിഷ്ടനാകുമെന്നുള്ളതു നിരാക്ഷേപമായ വാസ്തവമാകുന്നു. യാതൊരുവിധമായ അന്യസഹായവുമില്ല. ഇങ്ങനെ വ്യസനസാഗരനിമഗ്നനായശൂരസിംഹന്റെമുമ്പിൽ അമാനുഷവിക്രമിയായ വീരസിംഹൻപ്രഭു ആവിൎഭവിച്ചു ഭയപ്പെടേണ്ട എന്നുപറഞ്ഞു ഇടതുകൈകൊണ്ടു തലോടുന്നതു ശൂരസിംഹൻ കണ്ടു. തനിക്കു ബലപൌരുഷത്തിൽ സാൎവഭൌമനായ വീരസിംഹൻപ്രഭുവിന്റെ സഹായം അവിചാരിതമായി ലഭിച്ചതു കണ്ടപ്പോൾ മനസ്സിൽതീവ്രമായ ധൈൎയ്യവുംസാമൎത്ഥ്യവും തികഞ്ഞും തിള്ളച്ചും പൊങ്ങി. തന്റെ സഹായി അജയ്യനാകയാൽ ഇനി ശത്രുസംഘം സംഹരിക്കപ്പെടാമെന്നു ഒരു ഉറപ്പുമുണ്ടായി. വീരസിംഹൻ ശത്രുസംഘത്തോട് ഇങ്ങനെ പറഞ്ഞു.

വീരസിംഹൻപ്രഭു—നില്ക്കുക. എനിക്കൊന്നു പറവാനുണ്ട്. “ഈ നില്ക്കുന്നസന്യാസവേഷധാരിയായ നിങ്ങളുടെ നായകനെ നിങ്ങൾക്കറിയാമോ? ഇവൻഇരുപത്തിനാലു വത്സരങ്ങൾക്കുമുമ്പ് തൂക്കിക്കൊല്ലുവാനായി വിധിച്ചു തൂക്കിലിടപ്പെട്ടദുഷ്ടകേതു എന്നവനെനിങ്ങളറിയുകയില്ലേ? നോക്കുക, ഉദാനന്ദനും ദുഷ്ടകേതുവും ഒരാളല്ലേ? ഇവൻ ഓടിപ്പോയി വേഷംമാറി...........”

എന്നു പറഞ്ഞതുകേട്ടു കുലശേഖരംപ്രഭുവും സൈന്യങ്ങളും ഉദാനന്ദനെ സൂക്ഷിച്ചുനോക്കി. ശരിതന്നെ, ദുഷ്ടകേതു എന്നൊരു ശബ്ദം സൈന്യനിരയിൽ ഒന്നായി ഉൽഘോഷിച്ചു. ഇതുകേട്ടു ഉദാനന്ദൻതലകുനിച്ചു പതുക്കെ സൈന്യനിരയിൽനിന്നും പിൻവാങ്ങി കടന്നു പൊയ്ക്കളഞ്ഞു, പിന്നീടു കുലശേഖരംപ്രഭുവിനെനോക്കി,

വീര—നിങ്ങൾ ഇത്ര വലുതായ സൈന്യത്തോടുകൂടി ഈ രണ്ടു പേരെ കൊല്ലുന്നതിനൊരുമ്പെട്ടതു സാഹസമായിരിക്കുന്നു. അതിനാൽ ഉടൻ മടങ്ങിപ്പൊയ്ക്കൊള്ളണം.

കുല—അന്യദേശിയായ നിനക്ക് ഇവിടെ കടന്നുവന്നു ന്യായം പറയുവാനും പൊയ്ക്കൊള്ളാൻ ആജ്ഞാപിക്കുവാനും അധികാരമെന്തു്? അനാവശ്യത്തിൽ തലയിടുന്നതെന്തിനു്?

വീര കുലശേഖര! ആ ന്യായം പറഞ്ഞു നില്ക്കാനവസരമില്ല. ശക്തിയായ ധൈൎയ്യമുള്ളതുകൊണ്ടാണെന്നു വിചാരിച്ചുകൊള്ളുക. നിങ്ങൾ ഇനിയും ഇവിടെ നില്ക്കുന്നതായാൽ അതു് അപായകാരണമാകും. പഴയ കോട്ടകളിൽ പാതാളക്കിടങ്ങുകളെന്നു പറയുന്ന ഭൂഗൎഭങ്ങൾ ഉണ്ടെന്നുള്ള വസ്തുത നിനക്കറിയാമോ? നീ കേട്ടിട്ടുണ്ടോ? ഇവിടെ അത്തരം ഒരു കിണറുണ്ട്. അതിന്റെ മേൽമൂടിയുടെ മീതേയാണു നീയും

സൈന്യവും നില്ക്കുന്നതു്.

കല — അങ്ങനെ ഒന്നുണ്ടായിരുന്നുവെങ്കിൽ ഞങ്ങളറിയും. ഞങ്ങൾക്കറിവില്ലാത്ത സംഗതി നിനക്കെങ്ങനെ അറിയാം? നീ നിന്റെ കാൎയ്യം നോക്കിയാൽ മതി. ഞങ്ങളുടെ കാൎയ്യം ഞങ്ങൾ നോക്കിക്കൊള്ളാം. ശൂരസിംഹന്റെ അവസാനം അടുത്തുപോയിരിക്കുകയാണു്. അവനെ രക്ഷിക്കുവാൻ നിനക്കു കഴികയില്ല

വീര — ഞാൻ പറയുന്നതു കള്ളമല്ല. നിനക്കു മുന്നറിവു തന്നിരിക്കുന്നു. ഈ ചുവരിൽ കാണുന്ന ഇരുമ്പുകമ്പിയെ വലിച്ചാൽ കതകുപലക നീങ്ങിപ്പോകുകയും നിങ്ങളെല്ലാവരും പതാളക്കിണറിൽ വീണു കാലഗതിയെ പ്രാപിക്കയും ചെയ്യുമെന്നുള്ളതിനെ ഒരിക്കൽകൂടി ഞാൻ ഓൎമ്മപ്പെടുത്തിക്കൊള്ളുന്നു.

കുലശേഖരൻപ്രഭു ഇപ്പോഴും അതിനെ വിശ്വസിച്ചില്ല. ഇങ്ങനെ ഒന്നുണ്ടെന്നു ശൂരസിംഹനും കുറുപ്പനും അപ്പോഴേ മനസ്സിലായുള്ളു. വീരസിംഹൻ തടുക്കുന്നതിനുമുമ്പായി കുറുപ്പൻ ആ ഇരുമ്പുകമ്പി പിടിച്ചു ബലമായി വലിച്ചു. ഉടൻ കുലശേഖരന്റെ സൈന്യം നിന്നിരുന്ന കതകുപലക കീഴ്പ്പോട്ടു തൂങ്ങുകയും സൈന്യം ആ കിണററിനുള്ളിൽ വീണുപോകയും ചെയ്തു. കുലശേഖരനും നാലഞ്ചുപേരും മാത്രം അകന്നു നിന്നിരുന്നതിനാൽ രക്ഷപ്പെടുവാൻ സംഗതിയായി. അവിടെ നിന്നിരുന്നവരെല്ലാം വിസ്മിതപരവശരായി ഭയവിഹ്വലരായി. ഇങ്ങനെ ഒരു ഗൂഢശക്തി ഉണ്ടായിരുന്നതായി ആരും ഗ്രഹിച്ചിരുന്നുമില്ല. എല്ലാവരും കിണററിനരികിൽ മന്ദമന്ദം ചെന്നുനിന്നു് ഉള്ളിലോട്ടുനോക്കി. കാഴ്ചയെത്താത്തവിധം ആഴത്തിൽ ജലം ഇളകുന്നതുമാത്രം കാണാമായിരുന്നു. കുലശേഖരപ്രഭുവും രക്ഷപ്പെട്ട ബാക്കിജനങ്ങളും ഇതുകണ്ടു ഭയന്നു മടങ്ങിപ്പോയി. വീരസിംഹൻ കോപത്തോടുകൂടി തിരിഞ്ഞു ശൂരസിംഹനോടു, "നിന്റെ ഭൃത്യൻ ചെയ്ത അക്രമപ്രവൃത്തിയെ നിന്നെ ഓൎത്തു ഞാൻ ക്ഷമിക്കുന്നു. ഇവനെക്കൂടി ആ കിണററിനുള്ളിൽ ഞാൻ തള്ളിക്കളയുമായിരുന്നു" എന്നു പറഞ്ഞു.

ശൂരസിംഹൻ:— എനിക്കുവേണ്ടി ക്ഷമിക്കുക. ഇതുംകൂട്ടി രണ്ടുതവണ താങ്കൾ എന്റെ ജീവരക്ഷ ചെയ്തിരിക്കുന്നു. ഇതിലേക്കു് എന്റെ നന്ദിയെ ഞാൻ ഏതു വിധം പ്രകാശിപ്പിക്കണമെന്നുള്ളതു് എനിക്കറിവില്ല. ഇവർ ഞങ്ങളെ ആക്രമിച്ചോടിച്ചു പ്രാണാപായം വരുത്തുവാൻ ശ്രമിച്ചിരുന്നതിനാൽ ഇവൻ ഭയപരതന്ത്രനായി ധൃതഗതിയിൽ ഇങ്ങനെ പ്രവൎത്തിച്ചുപോയതാണു്. താങ്കൾ ഇവിടെ ഏതുവഴി വന്നുചേൎന്നു എന്നുള്ളതു് എനിക്കു തീരെ മനസ്സിലാകുന്നില്ല.

വീരസിംഹൻപ്രഭു — ഇന്നലെ രാത്രിയിൽ ഉദയാനന്ദൻ നിങ്ങളുടെ സഹോദരിയെ അന്വേഷിച്ചു എന്നും, നിങ്ങളെയും കൊല്ലുന്നതിനു തയാറായിരിക്കുന്നുവെന്നും കേട്ടു. നിങ്ങളുടെ സഹോദരിയെ ഞാൻ കൂട്ടി

കൊണ്ടുപോയി ഉദയപുരം രാജധാനിയിലേക്കയച്ചിരുന്നു. അവരു എന്നോടു നിങ്ങളെക്കൂടി ശത്രുബാധയിൽനിന്നു രക്ഷിക്കേണമെന്നപേക്ഷിച്ചതനുസരിച്ചു ഞാൻ ഇവിടെ വന്നു നിങ്ങൾ ഈ കോട്ടയിലിരിക്കുന്നതു കണ്ടുപിടിച്ചു വേണ്ട സമയത്തിൽ എത്തിയതാകുന്നു. ആ ഉദയാനന്ദന്റെ സകല സംഗതിയും എനിക്കറിയാം. ഈ സ്ഥലത്തു് ഈ കിണറുള്ള കഥ എനിക്കു് എങ്ങനെയോ അറിയാമെന്നു ധരിച്ചാൽ മതി. എങ്ങനെയോ നിങ്ങളെ രക്ഷപ്പെടുത്തി എന്നും വിചാരിച്ചുകൊള്ളുക. ഇനി ഇവിടം നിങ്ങൾക്കു വാസയോഗ്യമല്ല. ഇവിടിരുന്നാൽ ആപത്തുകളുണ്ടായിക്കൊണ്ടുതന്നെയിരിക്കും. മന്ത്രിസഭ മുഴുവനും നിങ്ങളുടെ ശത്രുക്കളായി ഭവിച്ചിരിക്കുന്നു. അവരുടെ വിരോധമില്ലായിരുന്നുവെങ്കിൽ നിങ്ങൾ ഇവിടെയുള്ള ശത്രുക്കൾ അറിയുകയില്ലായിരുന്നു. ഞാൻ പറയുന്നതനുസരിച്ചു വർത്തിച്ചാൽ രക്ഷപ്പെടാം.

ശൂരസിംഹൻ:—രണ്ടു തവണ മരണകാരണമായ ഘട്ടത്തിൽ എന്നെ സഹായിച്ചതിൽ നിന്നു് എന്നെക്കുറിച്ചു നിങ്ങൾക്കു നല്ല അഭിപ്രായമുണ്ടായിട്ടുണ്ടെന്നു തെളിയുന്നുണ്ടു്. നിങ്ങളുടെ ഉപദേശം അനുസരിച്ചു പ്രവർത്തിച്ചുകൊള്ളാം.

വീരസിംഹൻ—നിങ്ങൾ വേഷപ്രച്ഛന്നനായി ഇവിടെനിന്നും ഉടൻ പുറപ്പെടണം. നിങ്ങളുടെ വസ്ത്രാഭരണാദികളെല്ലാം ഭൃത്യൻമുഖാന്തരം വരുത്തി യാത്രയ്ക്കു് ഒരുങ്ങിക്കൊൾക.

വീരസിംഹന്റെ ഉപദേശം അനുസരിച്ചു ശൂരസിംഹനും കറുപ്പനും സന്ന്യാസവേഷം ധരിച്ചു യാത്രയ്ക്കു തയ്യാറായി. വീരസിംഹൻപ്രഭു അവരെ അവിടെനിന്നും മുപ്പതുമൈൽ സഞ്ചാരമുള്ള ഒരു തുറമുഖത്തിലേക്കു കൂട്ടിക്കൊണ്ടുപോയി ഒരു കപ്പലിൽ കയറി ഉദയപുരത്തേക്കയച്ചു. അവരുടെ ചെലവിനായി വേണ്ടപണവും കൊടുത്തു. കുറച്ചു ദിവസത്തിനുള്ളിൽ, തമ്മിൽ കണ്ടുകൊള്ളാമെന്നും പിരിയുന്ന സമയം പറഞ്ഞിരുന്നു. വീടും നാടും ധനവും ഉപേക്ഷിച്ചു ശൂരസിംഹൻ ഭൃത്യനോടൊന്നിച്ചു പരദേശത്തേക്കു പോയി.

---

## അദ്ധ്യായം ൨൨.

നാം വീണ്ടും മണിമന്ഥനഗരത്തിലുള്ള നാഗേന്ദ്രന്റെ ഹോട്ടലിൽ പ്രവേശിക്കുന്നു. ഈ കഥയുടെ ആരംഭത്തിൽ ഹോട്ടൽ കണ്ടിട്ടു് ഇപ്പോൾ ആറുവത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. ഹോട്ടലുടമസ്ഥനായ നാഗേന്ദ്രം ഉല്ലാസമായി ചുരുട്ടുംവലിച്ചു് ഒരു ചാരുകസാലയിൽ കിടക്കുന്നു. അവൻ ഇപ്പോൾ ഉയർച്ചയിലെത്തിയിരിക്കുന്നു. ഹോട്ടലി

ലെ ആദായംകൊണ്ട് അവനു നല്ല സമ്പാദ്യമുണ്ടായിട്ടുണ്ട്. ആ ഗ്രാമത്തിലെ ഗ്രാമസഭയിൽ അവൻ ഒരു പ്രധാന അംഗമായി ഗണിക്കപ്പെട്ടിരിക്കുന്നു. അവനു ന്യായാന്യായവിവേചനം ചെയ്വാനുള്ള അറിവും ഇപ്പോഴുണ്ടായിട്ടുണ്ട്. ഒരുവനു് അവന്റെ ഉന്നതിക്കനുസരണമായി ബുദ്ധിയും ഉണ്ടായിക്കൊള്ളുന്നതു സഹജമാണല്ലോ. വിശേഷിച്ചും അവൻ യോഗിസംഘത്തിലെ ഒരംഗമാണെന്നുള്ള അറിവു നാട്ടുകാർക്കുണ്ടായതോടുകൂടി അവനെക്കുറിച്ചു ഭയവും അവന്റെ നേരെ വിനയവും നാട്ടുകാർ പ്രദർശിപ്പിച്ചുവന്നു.

വൈകുന്നേരം ആറുമണിയോടുകൂടി ഒരു പാന്ഥൻ തനിച്ച് ഒരു കുതിരപ്പുറത്തു ഹോട്ടലിൽവന്നിറങ്ങി. നാഗേന്ദ്രം താൻതന്നെ ചെന്നു പാന്ഥനെ ഉപചരിക്കുന്നതു ഗൌരവക്കുറവെന്നു വിചാരിച്ചു വേലക്കാരനോട് ഒരു പാന്ഥൻ വന്നതു കണ്ടില്ലേ? എന്നു ചോദിച്ചു. ഹോട്ടൽവേലക്കാരനെക്കണ്ടു പാന്ഥൻ എനിക്കു ഭക്ഷണവും ഇന്ന് ഇവിടെ കിടക്കുവാൻ സ്ഥലവും തരുമോ എന്നു ചോദിച്ചു.

വേലക്കാരൻ--ആഹാ! പണം തന്നാൽ എല്ലാം ശട്ടംചെയ്യാം.

പാന്ഥൻ--ഞാൻ ധർമ്മജന്യം ചോദിച്ചില്ല (എന്നു പറഞ്ഞു ജനാലയിൽകൂടി നാഗേന്ദ്രത്തെക്കണ്ടിട്ട്) ആഹാ നാഗേന്ദ്രം! നീ അറിയില്ലേ?

നാഗേന്ദ്രം--ഇതാര്! ദേവദത്തനോ അറിയും അറിയും. കണ്ടിട്ടു നാളു കുറേയായി. നല്ല മീശയും താടിയും നിരന്നുകഴിഞ്ഞുവല്ലോ. സൌഖ്യമാണല്ലോ? എവിടെനിന്നു വരുന്നു? (എന്നു പറഞ്ഞുകൊണ്ടെഴുന്നേററു ദേവദത്തന്റെ സമീപത്തുചെന്നു.)

ദേവ--ദൈവാനുകൂല്യത്താലും നിങ്ങളെപ്പോലുള്ളവരുടെ അനുഗ്രഹത്താലും ക്ഷേമംതന്നെ. ഞാൻ ഊണുകഴിച്ചിട്ടു വളരെ സമയം കഴിഞ്ഞിരിക്കുന്നു. വേഗം വിളമ്പുവാൻ ചട്ടംകെട്ടുക.

നാഗേ--അല്പം താമസമുണ്ട്. അരിവാർക്കണം അത്രേ താമസമുള്ളൂ. തണുത്ത ചോറുണ്ടായിരുന്നതു രണ്ടു പുതിയ ആളുകളുണ്ണുന്നു. ഇപ്പോൾ കാലമാക്കിത്തരാം. നിങ്ങൾ നീലേശ്വരത്തു നല്ലസ്ഥിതിയിലിരിക്കുന്നു എന്നു ഞാൻ വിചാരിച്ചിരുന്നു. ഈ വഴിക്കുള്ള യാത്ര എവിടേക്കായിട്ടാണ്?

ദേവ--ദൈവസഹായം നിമിത്തം ഇപ്പോൾ ഒന്നിനും കുറവില്ല. ഉദയപുരം രാജാവിന്റെ മകളെക്കണ്ടിട്ടു രണ്ടുവത്സരം കഴിഞ്ഞിരിക്കുന്നു. അവളെക്കാണണമെന്നും ഒരു മോഹമുണ്ട്. കൂടാതെ മരിച്ചുപോയ എന്റെ മാതാവിന്റെ സ്മരണയ്ക്കായി ഒരു കെട്ടിടം ഉണ്ടാക്കണമെന്നും ഒരു വിചാരമുണ്ട്. എല്ലാക്കാര്യങ്ങളും സാധിക്കാമെന്നു വിചാരിച്ച് ഈവഴി പുറപ്പെട്ടതാകുന്നു.

നാഗേ--നിങ്ങൾ എന്നും നല്ലവനായിത്തന്നെയിരിക്കുന്നു. നിങ്ങൾക്കു മാതൃഭക്തി നല്ലപോലെയുണ്ടെന്ന് എനിക്കറിയാം.

ഇവർ ഇങ്ങനെ സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്ന മദ്ധ്യേ ഒരു വേലക്കാരി വന്ന് ഊണു തയ്യാറായിരിക്കുന്നു വിളമ്പട്ടെ എന്നു ചോദിച്ചു. അവർ രണ്ടുപേരും ഉടൻ എഴുന്നേററ് അകത്തേക്കു നടന്നു. അപ്പോൾ നിങ്ങളെ മുറിയിലേക്കു ചെല്ലണമെന്ന് അവിടെയിരിക്കുന്ന പാന്ഥന്മാർ പറഞ്ഞു എന്ന് അവരു നാഗേന്ദ്രനോടു കൂട്ടുകൂട്ടു എന്നു പറഞ്ഞു. ദേവദത്തൻ ഉണ്ണാനിരുന്നു. നാഗേന്ദ്രൻ അകത്തേക്കു പോയി. അവിടെ ഇരുന്നിരുന്ന ഉദാരാനന്ദനെക്കണ്ടു വിനീതനായി നാഗേന്ദ്രൻ ഓച്ഛാനിച്ചുനിന്നു. ഉദാരാനന്ദനും വലിയകുറുപ്പനും അവിടെ സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു.

ഉദാരാന:— നാഗേന്ദ്രാ! ഇരിക്കൂ; ഒരു പുതിയ പാന്ഥൻ വന്നിട്ടുണ്ട്; ഇല്ലേ? ഞാൻ ജനാലയിൽക്കൂടി അവനെക്കണ്ടു.

നാഗേ—താങ്കൾക്ക് അവനെ അറിവുണ്ടോ?

ഉദാരാ:—അതേ, അവനെ നല്ലപോലെ അറിയാം. അവന്റെ പേർ ദേവദത്തൻ. രണ്ടു മാസങ്ങൾക്കുമുമ്പ നീലേശ്വരത്തിൽവെച്ച് ഇരുട്ടിനോടയാൽ അവൻ സംഘത്തിന്റെ സമക്ഷം ഹാജരാകണമെന്ന് അറിയിച്ചിരുന്നു. എന്നാൽ അവൻ അതിനെ ഗണിച്ചില്ല. അവൻ കൊല്ലപ്പെടണമെന്നു സംഘം തീരുമാനിച്ചിരിക്കുന്നു. ആ ദണ്ഡനയെ അനുഭവിക്കുന്നതിന് അവനു കടമയുണ്ട്. ദൈവസങ്കല്പത്താൽ അവൻ ഇപ്പോൾ എന്റെ കൈയിൽ വന്നകപ്പെടുകയും ചെയ്തു. രാത്രിയിൽ ഇവനെ യന്ത്രമുറിയിൽ കിടക്കുവാൻ വ്യവസ്ഥചെയ്യണം.

ഉദാരാനന്ദൻ പറഞ്ഞ വാക്കുകളുടെ അർത്ഥം നാഗേന്ദ്രന്റെ മനസ്സിലായിരുന്നതിനാൽ അവനു പെട്ടെന്ന് ഒരു മനോവ്യാകുലം ഉണ്ടായി മുഖം വിളറി. ഹൃദയസ്പന്ദനം ഏററവും അധികരിച്ചു. എന്നാൽ യാതൊന്നും മറുത്തുപറയുവാൻ പാടില്ല. ഉദാരാനന്ദൻ സംഘത്തിന്റെ സാർവ്വികമായ മേലധികാരമുള്ളവൻ, നാഗേന്ദ്രൻ ഒരു സാധാരണ മെമ്പർ, അല്ലെങ്കിൽ തന്നെയും മാതാവോ പിതാവോ പുത്രനോ സഹോദരനോ ആയിരുന്നാലും കൊല്ലണമെന്നു സംഘാധിപൻ ചെയ്യുന്ന കല്പനയെ അനുസരിക്കുകയേ നിവൃത്തിയുള്ളൂ. സംഘത്തിലെ ഉടമ്പടിവാചകം അങ്ങനെയുള്ളതാകുന്നു.

ഉദാ—നീ പൊയ്ക്കോ. ദേവദത്തനോടു സംസാരിക്കുമ്പോൾ നല്ല ഓർമ്മയായിരിക്കണം.

അങ്ങനെതന്നെ എന്നു പറഞ്ഞിട്ടു നാഗേന്ദ്രൻ തന്റെ ശയനമുറിയിലേക്കു പോയി. അവിടെച്ചെന്ന് അയ്യോ! പാപമേ! കഷ്ടം, കഷ്ടം! ഇതെന്തു ദൌർഭാഗ്യമാണ്. ദേവദത്തനെ എനിക്കു ബാല്യംമുതൽ അറിയാം. ഇത്ര യോഗ്യൻ മനുഷ്യവർഗ്ഗത്തിലില്ല. അങ്ങനെയുള്ളവൻ എന്റെ വീട്ടിൽവെച്ചു കൊല്ലപ്പെടുന്നതു വിചാരിച്ചു ഹൃദയം തകരുന്നു. എന്തുചെയ്യാം! എനിക്കവനെ രക്ഷിക്കാൻ വശമില്ല. അതേ!

ന്ന വിപരീതംചെയ്താൽ ഞങ്ങൾ രണ്ടാളുടെ കഥയും കഴിയും. പിന്നെ അതുകൊണ്ടു പ്രയോജനമില്ല. എന്നു ഈ ക്രൂരസംഘത്തിൽ ചേൎന്നോ, അന്നുമുതൽ ഇങ്ങനെ ദുരിതംചെയ്തു തുടങ്ങി. ഈ കൊടിയപാപങ്ങൾക്കു എന്നാണു ഒരവസാനമുണ്ടാകുന്നതു് എന്നിങ്ങനെ വിചാരിച്ചു ധാരധാരയായി കണ്ണുനീർവീഴ്ത്തി ദുഃഖിച്ചു.

അനന്തരം ഉദാരനും വലിയകറപ്പനും ഭക്ഷണം കഴിഞ്ഞു. നാഗേന്ദ്രം വേലക്കാരിയെ വിളിച്ചു ദേവദത്തനു ഭക്ഷണം കൊടുത്തിട്ടു യന്ത്രമുറിയിൽ കിടക്കുവാൻ തയ്യാറാക്കി അവനെ അവിടെശയിപ്പിക്കണം. എനിക്കു എന്തോ ഒരു വല്ലായ്മയും തലവേദനയും ഉള്ളതുകൊണ്ടു കിടക്കാൻപോകുകയാണു എന്നു ചട്ടംകെട്ടീട്ടു അവൻ ശയനമുറിയിലേക്കുപോയി. ആ വേലക്കാരി ആ ഹോട്ടലിൽവന്നിട്ടു രണ്ടു വാരങ്ങളിലധികമായിട്ടില്ല. യന്ത്രമുറിയുടെ തത്വം അതുകൊണ്ടു അവളറിഞ്ഞിട്ടുമില്ല. ഏകദേശം രാത്രിയിൽ പത്തുമണി കഴിഞ്ഞിരിക്കുന്നു. ഉറങ്ങുന്നതിനുമുമ്പേ കതിരയെ നോക്കി വരാമെന്നു വിചാരിച്ചു ദേവദത്തൻ ലായത്തിലേക്കു പോയി.

ഒരു സന്ദൎഭത്തിൽ ഉടുത്തിരുന്ന വസ്ത്രങ്ങളെല്ലാം മണ്ണും ചെളിയും പുരണ്ടു മലിനമായവസ്ത്രം ധരിച്ചുകൊണ്ടു ഒരു പാന്ഥൻ ആഹോട്ടലിൽവന്നു അവൻ ഹോട്ടൽവേലക്കാരിയോടു, "വഴിക്കുവെച്ചു കള്ളന്മാർ പിടികൂടുകയും അതിൽനിന്നും ഒരുവിധം രക്ഷപ്പാപിച്ചു വരികയു ചെയ്യുവനാണു ഞാൻ. എനിക്കു കിടക്കുവാൻ ഒരു ഏകാന്തമായ മുറികിട്ടണം. അങ്ങനെ ചെയ്താൽ വാടകയിൽ കവിഞ്ഞു നിനക്കു ഒരു സമ്മാനം തരികയും ചെയ്യും" എന്നുപറഞ്ഞു അവൻ തന്റെ കീശയിൽനിന്നും രണ്ടുറുപ്പികയെടുത്തു ആപെൺകുട്ടിയുടെ കൈയിൽ കൊടുത്തു. രാത്രിയിൽ തങ്ങുന്നവൎക്കു സ്ഥലവാടകയായി അര ഉറുപ്പികയേ കൂലിയുള്ളു. അതു കഴിഞ്ഞു ഒന്നര ഉറുപ്പിക ഇനാം ലഭിച്ചതുകൊണ്ടു ഭംഗിയുള്ളതും കട്ടിലും മെത്തയും ഇട്ടു തയ്യാറാക്കീട്ടുള്ളതും ഏകാന്തവും ആയ യന്ത്രമുറി ആ പാന്ഥനു ഒഴിഞ്ഞുകൊടുത്തു. പുറംതിണ്ണയിൽ ഒരു പായും തലയണയും ദേവദത്തനും നൽകി.

വേലക്കാരി——ദേവദത്തരെ! എന്റെ യജമാനൻ താങ്കൾക്കു ശയിക്കുവാനായി ഒരു മുറി ഒഴിഞ്ഞുതരുവാൻ എന്നെ ഏല്പിച്ചിരുന്നു. ഏതോ പിടിച്ചുപറിക്കാരുടെ കൈയിലകപ്പെട്ടു തപ്പിപ്പിഴച്ച ഒരു പാന്ഥൻ ഭയംകൊണ്ടു തനിക്കു ഒരുഏകാന്തമുറി വേണമെന്നും, അതിലേയ്ക്കു രണ്ടുറുപ്പിക തരാമെന്നും ഒരു സംഗതിയിൽ വേണ്ടതായ ചെയ്യണമെന്നും അപേക്ഷിച്ചു. ഞാൻ അയാളുടെ ഭയപരവശതകൾ കണ്ടു താങ്കൾക്കായി നിശ്ചയിച്ച മുറി അയാൾക്കു കൊടുത്തു. അയാൾ സന്തോഷാധിക്യം നിമിത്തം എനിക്കു രണ്ടുറുപ്പിക സമ്മാനംതന്നു. ഇങ്ങനെ ചെയ്തതിൽ താങ്കൾ ക്ഷമിക്കണമെന്നു ഞാൻപ്രാൎത്ഥിക്കുന്നു.

എന്റെ യജമാനൻ അറിഞ്ഞാൽ അപകടമുണ്ട്.

ദേവദത്തൻ—എന്റെ കാര്യത്തിൽ നിനക്കു ഭയംവേണ്ട. എനിക്കു ഒരം പുറംതിണ്ണ വലിയ സുഖമുള്ളതാണു്. നീ അങ്ങനെതന്നെ ചെയ്ക. നിന്റെ ഔചിത്യബുദ്ധിയെ ഞാൻ അഭിനന്ദിക്കുന്നു. വേലക്കാരി സന്തുഷ്ടയായി പുതിയ പാന്ഥനെ കൂട്ടിക്കൊണ്ടുപോയി യന്ത്രമുറിയിൽ കിടത്തി. ഒരു ചെറിയ വിളക്കു ആ മുറിയിൽ വച്ചിട്ടു വേലക്കാരി സ്വസ്ഥാനത്തിൽചെന്നു ശയിച്ചു. പുതിയപാന്ഥൻ വേലക്കാരിയോടു കുറെ ചൂടുവെള്ളം വാങ്ങി ആ മുറിയിൽ സംഗ്രഹിച്ചിരുന്നു. വാതലടച്ചശേഷം അവൻ തന്റെ വസ്ത്രത്തിൽ പുരണ്ടിരുന്ന രക്തം കഴുകിക്കളയുവാൻ തുടങ്ങി. ആയവസരത്തിൽ അവൻ ഇങ്ങനെ തന്നത്താൻ പുലമ്പിയിരുന്നു. "ആ ശബ്ദം എനിക്കു പരിചയമുള്ളതുപോലെ തോന്നിയിരുന്നു. വഴിയിൽ അധികം ഇരുട്ടുണ്ടായിരുന്നതിനാൽ അവന്റെ മുഖം കാണ്മാൻ കഴിഞ്ഞില്ല. അവൻ എന്റെ ദാമത്തൃമായി പൊരുതു. ശബ്ദഭേദംകൊണ്ടു് അതു് എനിക്കുപരിചയമുള്ളതായി തോന്നിയതായിരിക്കാം. ഈ രക്തം കഴുകീട്ടും നിശ്ശേഷംപോകുന്നില്ല. കൊലക്കുററം മറയ്ക്കാൻകഴികയില്ലെന്നു പറയുന്നതു പരമാർത്ഥംതന്നെ. പുലച്ചയിൽ ആ ദേഹം കണ്ടുപിടിക്കുന്നതിനുമുമ്പിൽ തന്നെ ഇവിടെനിന്നും കടന്നുപോകേണ്ടതാണു്. കുതിര എവിടെയോ ഓടിപ്പോയിരിക്കണം. അതുണ്ടായിരുന്നെങ്കിൽ യാത്രയ്ക്കുവേഗംകൂട്ടമായിരുന്നു. അതും ഭാഗ്യദോഷഫലംതന്നെ. അതു വിട്ടുപോയതു് ഒരുവിധത്തിൽ നന്നുതന്നെ. അതുണ്ടായിരുന്നാൽ എന്നെ കണ്ടുപിടിക്കാൻ എളുപ്പമുണ്ടാകുകിവയ്ക്കും. ആ! രക്തമെല്ലാംപോയി. ഇനി അല്പം ഉറങ്ങീട്ടു പാതിരാവയ്ക്കുശേഷം ഇവിടംവിട്ടു പോകണം. എന്നാൽ ഉദയത്തിനുമുമ്പ ഒരു കരകടന്നു നില്പാൻ കഴിയും. എന്നിങ്ങനെയായിരുന്നു അവൻ പുലമ്പിയിരുന്നതു്".

ആ മനുഷ്യൻ കൊള്ളയടിച്ച പണസ്സഞ്ചിയെ ആ മുറിയിൽകിടന്ന മേശപ്പുറത്തുവച്ചിട്ടു് ഉറങ്ങാൻ കിടന്നു. അവൻ കുടിച്ചിരുന്ന ബ്രാൻറിയുടെ ലഹരി നിമിത്തം ക്ഷണനേരംകൊണ്ടു് ഉറങ്ങുകയും ചെയ്തു.

നേരം അർദ്ധരാത്രി കഴിഞ്ഞു. പാന്ഥൻ യന്ത്രമുറിയിലുള്ള മഞ്ചത്തിൽ ഉറങ്ങിക്കിടക്കുന്നു. മഞ്ചത്തോടു ചേർന്നുള്ള പലകഭിത്തിയിലുള്ള രഹസ്യവാതൽ തുറക്കപ്പെട്ടു. ഉദാരനന്ദൻ സാവധാനം തല അകത്തിട്ടു നിദ്രയെ പരിശോധിച്ചു. ശ്വാസോച്ഛ്വാസശബ്ദം കേൾക്കാമായിരുന്നു. തലപുറത്തേക്കെടുത്തിട്ടു വലിയകറപ്പനോടു നല്ലഉറക്കമാണു് എന്നു പറഞ്ഞു. പിന്നീടു് ഇരുട്ടി എന്ന ആയുധവുമായി ആ മന്ദ്യത്തോടെ ഉള്ളിൽ കടന്നു മഞ്ചത്തെ സമീപിച്ചു: ആ യന്ത്രമുറി വേഗിസ്ഥലത്തിലെ ക്രൂരയന്ത്രവിക്രിയകൾ നിമിത്തം അനേകംപേരെസംഹരിച്ചു

ഒരു കൊലക്കളമാകുന്നു. ആകാശം നിൎമ്മലവും പൂൎണ്ണചന്ദ്രികയാൽപ്രകാശമേറിയതുമായിരുന്നതിനാൽ ആ മുറിക്കുള്ളിലെങ്ങും കാണ്മാൻതക്ക വെളിച്ചമുണ്ടായിരുന്നു. ഉറങ്ങുന്നവന്റെ മുഖം ഉദരാനന്ദൻ പരിശോധിച്ചില്ല. വ്യവസ്ഥകൾ മുൻകൂട്ടി നടന്നിരുന്നതു നിമിത്തം സംശയത്തിന്നു മാൎഗ്ഗമില്ലായിരുന്നു. ഉദരാനന്ദൻ ഉറങ്ങുന്നവന്റെ ഹൃദയതലം കണ്ടുപിടിച്ചു് ഈട്ടിയെ ഓങ്ങി പൂൎണ്ണബലത്തോടുകൂടി അവന്റെ നെഞ്ചിൽ കുത്തിയിറക്കി. കുത്തു ശരിക്കു പാഞ്ഞതു നിമിത്തം അവൻ വലിയ ഒച്ച പുറപ്പെടീക്കാതെ അമറിയമറി മരണത്തെ പ്രാപിച്ചു.

ഉദരാനന്ദൻ പെട്ടെന്നു ഗൂഢമാൎഗ്ഗത്തൂടെ പുറത്തിറങ്ങി ആ വാതിലടച്ചിട്ടു തന്റെ ശയനമുറിയിലേക്കു പോയി. നാഗേന്ദ്രനും ദേവദത്തന്റെ സംഗതിയോൎത്തു കിടന്നതിനാൽ അവന്നു ഉറക്കമുണ്ടായില്ല. ഇങ്ങനെ കിടക്കുമ്പോൾ, ആരോ ഹോട്ടലിന്റെ പുറത്തെ വാതൽ തട്ടിവിളിക്കുന്നതായി കേട്ടു. ആരതു് എന്നു ചോദിച്ചുകൊണ്ടു നാഗേന്ദ്രൻ എഴുന്നേററു. "പിടിച്ചുപറിക്കാരിൽനിന്നു എന്റെയജമാനന്നു അപകടം സംഭവിച്ചിരിക്കുന്നു" എന്നു പുറത്തുനിന്നും വിളിച്ചുപറഞ്ഞതു കേട്ടു നാഗേന്ദ്രൻ ചെന്നു കതകു തുറന്നു അവരെ ഉള്ളിൽ പ്രവേശിപ്പിച്ചു. ബോധക്ഷയം വന്നിരുന്ന ആൾക്കു വേണ്ട സഹായങ്ങൾ നാഗേന്ദ്രൻ ചെയ്തു. ഒരു വിളക്കുംകൊണ്ടു വൈദ്യനെ വിളിക്കുവാൻ നാഗേന്ദ്രൻ പുറത്തളത്തിൽ ചെന്നസമയം ആരോ ഒരാൾ ഉറക്കപ്പായയിൽ എഴുന്നേററിരുന്നു കണ്ണു ചിമ്മിച്ചിമ്മി അവിടെ വന്നവർ ആരെന്നു നോക്കുന്നതായി കണ്ടു. ആരോ പുതുതായി വന്ന പാന്ഥനെന്നു വിചാരിച്ചു് ആരാ? അവിടെ? എന്നു നാഗേന്ദ്രൻ ചോദിച്ചു. "എന്നെ അറിയില്ലേ? ഇന്നലെ രാത്രിയിൽ വന്നദേവദത്തൻ" എന്നു് ആ ഇരുന്നിടത്തിരുന്നു തന്നെ മറുപടിപറഞ്ഞു. അതുകേട്ടു നാഗേന്ദ്രന്റെ ശരീരത്തിൽ പെട്ടെന്നു രോമം മേല്പോട്ടു അരിച്ചുകയറിയ സ്തോഭമുണ്ടായി. ഭയംകൊണ്ടു വിറച്ചു നാവുറച്ചുപോയി; ദേഹം സ്തംഭിച്ചു; ആ! ദേവ.........ആ! ദേവദത്തനോ..............നീ..............നീ എങ്ങനെ ഇവിടെ........ഇവിടെ ഇരിക്കുന്നു,............എന്നു് അധികമായ ഗൽഗദാക്ഷരങ്ങൾകൊണ്ടു് അവ്യക്തവും ഭയചഞ്ചലവുമായ അക്ഷരങ്ങളോടും സ്വരത്തോടും ചോദിച്ചു.

ഇതിനിടയിൽ പുതിയ പാന്ഥൻ ഛേ! വെറുതെ ഓരോന്നു ചോദിച്ചു സമയം കളയാതിരിക്ക. വേഗം വരു. യജമാനൻ കണ്ണുതുറക്കുന്നുണ്ടു്. ശ്വാസോച്ഛ്വാസം ശരിയായി നടക്കുന്നു. വേഗത്തിൽ വരു എന്നു നാഗേന്ദ്രനോടു വിളിച്ചു പറഞ്ഞു. എന്നാൽ കഴിഞ്ഞ രാത്രിയിലെ നിശ്ചയങ്ങൾക്കു വിപരീതമായി ദേവദത്തനെ കണ്ടതിൽ സംഭ്രമിച്ചു കൈയിലുണ്ടായിരുന്നവിളക്കു കൈയിൽനിന്നും നഴുവിത്താഴത്തു വീണുപോയതുകൂടി അറിയാതെ മരംപോലെ നിന്നുപോയിരുന്നു.

ക്ഷീണംകൊണ്ടും ബോധക്കേടുകൊണ്ടും അവശനായിരുന്ന പാന്ഥൻ ബോധമുണ്ടായതോടുകൂടി കണ്ണുതുറന്ന് "ഇതെവിടം, നാം ഇപ്പോൾ എവിടെയിരിക്കുന്നു" എന്നു ചോദിച്ചു. കൂടെയുണ്ടായിരുന്നവർ പ്രഭോ! ഒന്നും ഭയപ്പെടാനില്ലാത്ത സ്ഥലത്തുതന്നെയാണ് ഇപ്പോൾ ഇരിക്കുന്നതു് എന്നു മറുവടി പറഞ്ഞു. ആ ഭൃത്യൻ നാഗേന്ദ്രനോടു നിങ്ങൾ പ്രഭുവിനു കുടിക്കാനായി കുറെ കാപ്പി വേഗത്തിൽ കൊടുക്കണമെന്നു പറഞ്ഞു.

ഭൃത്യൻ തന്റെ യജമാനനെ പ്രഭു എന്നു വിളിച്ചതു കേട്ടു നാഗേന്ദ്രൻ ഓഹോ! ആരോ ഉന്നത സ്ഥിതിയിലുള്ള ആളാണ് അവശതയിലകപ്പെട്ടിരിക്കുന്നതെന്നും, കൂടെയുള്ളതു ഭൃത്യനാണെന്നും വിചാരിച്ചു. രാത്രിയിൽ മരണത്തിൽനിന്നു തപ്പിപ്പിഴച്ച ദേവദത്തന്റെ സംഗതി നാഗേന്ദ്രന്റെ മനസ്സിൽനിന്നും വിട്ടുമാറാതെ, അവനെ ചിന്താപരവശനാക്കിത്തീർത്തുകളഞ്ഞതിനാൽ അവന്റെ ഹൃദയം തകർന്നുകൊണ്ടിരുന്നു. ഉദരാനന്ദന്റെ പ്രകൃതി ഈ കാര്യത്തിൽ എങ്ങനെയിരിക്കുമോ എന്നറിയാതെ അവൻ ഭയപ്പെട്ടു. ഇങ്ങനെ വിചാരമഗ്നനായ അവൻ അകത്തുചെന്ന് ആ പ്രഭുവിന്റെ അന്തസ്സിനു തക്കവണ്ണം കാഫി തയ്യാറാക്കാൻ വേലക്കാരിയോടു ചട്ടംകെട്ടി, തയ്യാറാക്കിച്ചുകൊണ്ടുചെന്നു കൊടുത്തു. ആ പ്രഭു, തന്റെ കൂടെ വന്നവനെ നോക്കി, കറപ്പാ! "ഇതെവിടം" എന്നു വീണ്ടും ചോദിച്ചു.

ഇപ്പോൾ മോഷ്ടാക്കളാൽ ആക്രമിക്കപ്പെട്ടു പരാജിതനായവൻ ശൂരസിംഹനെന്നും കൂടെയുള്ളവൻ ഭൃത്യനായ കറപ്പനാണെന്നും വ്യക്തമായിരിക്കുമല്ലോ.

കറപ്പൻ— പ്രഭുവേ! ഇനി ഒരു ഭയവുമില്ല. യാതൊരു ഭയത്തിനും അവകാശമില്ലാത്ത സ്ഥലത്തു നാം എത്തിക്കഴിഞ്ഞു.

നാഗേന്ദ്രൻ അകത്തുചെന്നു വേലക്കാരിയെ വിളിച്ചു രഹസ്യമായിട്ട് "എന്താണു നീ ഞാൻ ചട്ടംകെട്ടിയതനുസരിച്ചു ദേവദത്തനെ യന്ത്രമുറിയിൽ കിടത്താതിരുന്നതു്? പതുക്കെപ്പറ" എന്നു ചോദിച്ചു.

വേലക്കാരി—സത്യം പറയാം. രാത്രിയിൽ താങ്കൾ ഉറങ്ങാൻ കിടന്നശേഷം വേറൊരു യാത്രക്കാരൻ ഇവിടെ വന്നു. അവനെ വഴിക്കുവച്ച് ഏതോ കള്ളന്മാർ പിടികൂടി എന്നും തന്നിമിത്തം അവനു ക്ഷീണവും ഭയവുമുണ്ടെന്നും അവനു കിടക്കാനായി ആരും കണ്ടുപിടിക്കാത്ത ഒരു രഹസ്യമുറി കൊടുക്കണമെന്നും ആവശ്യപ്പെട്ടു. ഞാൻ അവനോടു കാര്യം പറഞ്ഞു. അതിലേക്കു ദേവദത്തനെക്കൂടി പറഞ്ഞു സമ്മതിപ്പിച്ചു യന്ത്രമുറി അവൻതന്നെ കിടക്കാൻ കൊടുക്കണമെന്നും വീണ്ടും നിർബന്ധിച്ചു. രണ്ടുരൂപായും തന്നു. അരരൂപാ വാടകയും ഒന്നര രൂപാ സമ്മാനവും എന്നു പറഞ്ഞു. ഞാൻ അതുകേട്ട വിവരം ദേവദത്തനെ അറിയിച്ചു. അയാൾ അതു സമ്മതിച്ചു പുറത്തു കിടന്നുകൊള്ളാം

മെന്നു പറഞ്ഞു പുറത്തുപോയിരുന്നു" എന്ന് അവൾ മന്ദമായി പറഞ്ഞു.

അവൾക്കു സംഗതികളുടെ രഹസ്യങ്ങളൊന്നും അറിവില്ലായിരുന്നതിനാൽ അവളുടെ പ്രവൃത്തി ക്ഷന്തവ്യമായിരുന്നു. നീ എന്തിനായിട്ടാണ് ഇതുമറിച്ചിച്ചുകൾക്കെല്ലാം പോയത്. ഞാൻപറഞ്ഞതുപോലെ ചെയ്യേണ്ടിയിരുന്നുവല്ലോ. നിനക്കു സംഗതികളുടെ ഗുരുലഘുത്വങ്ങളൊന്നും അറിഞ്ഞുകൂട. നിനക്കങ്ങനെ ചെയ്തിട്ടു കാര്യമല്ലായിരുന്നു. എന്തായാലും ഞാൻ പറഞ്ഞതുകേട്ടു നടക്കുക മാത്രമേ നിനക്കു ചെയ്യാനുള്ളൂ; ഇനിയെന്തുചെയ്യും എന്നുനാഗേന്ദ്രം തന്നത്താനെപറഞ്ഞു.

"അവൾക്ക് ആ സംഗതികളറിയേണ്ട ആവശ്യമേ ഇല്ല" എന്നു പുറകിൽ നിന്ന് ഒരു ശബ്ദമുണ്ടായി. നാഗേന്ദ്രം തിരിഞ്ഞുനോക്കിയപ്പോൾ ഉദരാനന്ദൻ പുറകിൽ നില്ക്കുന്നു.

ഉദരാ — നിങ്ങളുടെ സംഭാഷണമെല്ലാം ഞാൻ കേട്ടു. നീ യാതൊരു തന്ത്രവും പ്രയോഗിച്ചിട്ടില്ലെന്നു മനസ്സിലായി. ഇത്തവണ നിന്റെ നിരപരാധത്തെ ക്ഷമിച്ചു മാപ്പുതന്നിരിക്കുന്നു. ഇനി ഒരിക്കലും ഇതുപോലുള്ള അശ്രദ്ധയുണ്ടാകരുത്. എന്നാൽ ഒരു വലിയ അബദ്ധം പറ്റിയിട്ടുണ്ട്. വേഗത്തിൽ ചെന്ന് അവൻ ആരെന്നു നോക്കാം വരൂ.

നാഗേ — (ഞെട്ടിക്കൊണ്ട്) കാര്യം കലാശിച്ചുവോ?

ഉദരാ ആഹാ! അത് അപ്പോൾതന്നെ നടന്നിരിക്കണം. ഇനി അതിനെക്കുറിച്ചു ക്ലേശിച്ചിട്ടു ഫലമില്ലല്ലോ. അവൻ ആരെന്നു മാത്രം അറിയണം എന്നതേയുള്ളൂ. ഇപ്പോൾ വന്നിട്ടുള്ള യാത്രക്കാർ ആരെന്നറിയാമോ?

നാഗേ — വേലക്കാരന്റെപേർ കറപ്പൻ എന്നാണെന്നു മനസ്സിലായി. യജമാനൻ ഒരു പ്രഭുവാണെന്നു തോന്നുന്നു.

ഉദരാ — ആ! ഞാൻ വിചാരിച്ചതു ശരിതന്നെ. പ്രഭു എന്നു പറഞ്ഞതു ശ്രീസിംഹൻ എന്ന രാജകുമാരനാണ്. കൂടെയുള്ള കറപ്പൻ ഭൃത്യനുമാണ്. ഇപ്പോൾ ഇവർ ഇവിടെ എന്തിനായിട്ടുവന്നു? എന്റെ മനോരഥം സാധിക്കുന്നതിനുള്ള അവസരം ദൈവനിഷ്ടമായിത്തന്നെ വന്നുചേർന്നിരിക്കുന്നു (എന്നു പറഞ്ഞു പുറകിൽ നിന്ന വലിയകറപ്പനെ തിരിഞ്ഞുനോക്കി കണ്ണുകൊണ്ട് എന്തോസംജ്ഞാപനംചെയ്തു) നീ ശ്രീസിംഹനോട് എന്നല്ലാ, അവന്റെഭൃത്യനോടുപോലും ഞങ്ങളെക്കുറിച്ച് ഒരക്ഷരവും പറഞ്ഞുപോകരുത്.

എന്നുപറഞ്ഞിട്ട് അവർ മൂന്നുപേരും ഒരു വിളക്കുമായി യന്ത്രമുറിയിലേക്കു ചെന്നു; മെത്തമുഴുവൻ രക്തമയമായിരിക്കുന്നു. മുറിയിലെല്ലായിടത്തും രക്തം ചിതറിവീണിട്ടുണ്ട്; ആളാരെന്നുനോക്കി. അപ്പോൾ ഉദരാനന്ദനും വലിയകറപ്പനുമുണ്ടായ ആശ്ചര്യം വലുതായിരു

നു. കൊല്ലപ്പെട്ടിരുന്നതു ചക്രപാണിയായിരുന്നു. അവൻ ഉദരാനന്ദനോടൊന്നിച്ചു ശൂരസിംഹനെ എതിർത്ത സമയം വീരസിംഹന്റെ പ്രവേശസന്ദർഭത്തിൽ ഉദരാനന്ദനോടൊന്നിച്ച് ഓടിപ്പോയവനാകുന്നു. ഉദരാനന്ദനെ പിരിയുന്ന അവസരത്തിൽ ഒരു കാശുപോലും കൈയിലില്ലാതെയിരുന്നവനാകുന്നു. അവൻ ഒന്നുരണ്ടുദിവസം ഭക്ഷണംപോലും ലഭിക്കാതെ പരവശനായിരുന്നു. ആ അവസരത്തിൽ രാത്രിയുടെ അന്ധകാരത്തെ ലക്ഷ്യമാക്കാതെ രണ്ടുപേർ നടന്നു പോകുന്നതുകണ്ട് അവനും അവരുടെ പിന്നാലെയെത്തി. വഴിമദ്ധ്യേവച്ച് അവരെ കടന്നു പിടിച്ചു. രണ്ടുകൂട്ടരും വിജിഗീഷയോടെ മത്സരിച്ചു. അതിൽ രണ്ടുപേരും തോററു. അവരുടെ പക്കലുണ്ടായിരുന്ന സ്വർണ്ണാഭരണങ്ങളും പണവും കരസ്ഥമാക്കി അവരിലൊരുവനെ ശവപ്രായമാക്കി നിലത്തു പതിപ്പിച്ചിട്ട് അവൻ ഓടിപ്പോകയും ചെയ്തു. അതുവഴിക്കാണ് ഹോട്ടലിൽ എത്തിയതും യന്ത്രമുറിയിൽവച്ചു കൊല്ലപ്പെട്ടതും എന്നു വ്യക്തമായി. പരിശോധിച്ചതിൽ ശൂരസിംഹന്റെ പേരുള്ള ഒരു കത്തും അവന്റെ വക ആഭരണങ്ങളും ഒരു തുണിക്കെട്ടിൽ പൊതിഞ്ഞു തലയ്ക്കൽ വച്ചിരുന്നതു കിട്ടി.

ഉദരാ—ചക്രപാണിയും ഈ മരണബന്ധത്തിന് അർഹൻ തന്നെയായിരുന്നു. അവൻ സംഘത്തോട് അത്ര ദുർന്നയമായി പ്രവർത്തിച്ചിട്ടുണ്ട്. കൂടാതെ യുദ്ധസമയത്തിൽ എന്നെ വിട്ട് ഓടിപ്പോയവനാകുന്നു. അതിനാൽ ചെയ്തതു ശരിയായിരിക്കുന്നു.

നാഗേ—ഇവനെ താങ്കൾക്കറിയാമെന്നു തോന്നുന്നുവല്ലോ?

ഉദരാ—ആഹാ! നല്ലപോലെ അറിയാം. നമ്മുടെ സംഘത്തിൽ ചേർന്നവൻതന്നെ. എന്നാൽ ദ്രോഹിയാണ്. അവനെ കൊന്നതിൽ തെററില്ല. ഏതു രഹസ്യവും ഇവന്റെ വായിൽ നില്ക്കയില്ല. ഇനി ഈ ദേഹം മറവുചെയ്ത് ഈ സ്ഥലം ശുദ്ധമാക്കണം

അതുകേട്ടു നാഗേന്ദ്രൻ ഒരു താക്കോലെടുത്ത് ഒരു കമ്പി തുറന്ന് അതു വലിച്ചു നീക്കി. അനന്തരം ഒരു കമ്പി പിടിച്ചു തിരിച്ചപ്പോൾ ഒരു പലക നീങ്ങിക്കൊടുത്തു. ആ പലക ഒരു കിണററിന്റെ മേൽമൂടിയാകുന്നു. കിണറ് അധികം ആഴത്തിൽ ഭയങ്കരമായതായിരുന്നു. പിന്നീട് കട്ടിലിന്റെ ചട്ടങ്ങളെ പിടിച്ചു തിരിച്ചു. അതു കീഴ്മേൽമറിഞ്ഞു. ആ സമയം കട്ടിലിൽ കിടന്ന മെത്തയോടുകൂടി ശവം കിണററിനുള്ളിൽ പതിച്ചു. കട്ടിൽ പൂർവ്വസ്ഥിതിയിൽ മറിഞ്ഞു നേരെ നില്ക്കുകയും ചെയ്തു. ഒടുവിൽ കിണറടച്ച് എല്ലാം പൂർവ്വസ്ഥിതിയിലാക്കി. ഈ രഹസ്യങ്ങളൊന്നും പുറത്തുള്ളവർ അറിഞ്ഞതേയില്ല. ആ മുറി തേച്ചുകഴുകി വെടിപ്പാക്കി. കട്ടിലിൽ ഒരു പുതിയ മെത്തയിടുകയും മുറിയടച്ചു പൂട്ടുകയും ചെയ്തു. ഉദരാനന്ദനും വലിയ കറപ്പനും അവരുടെ മുറിയിലേക്ക് പോയി.

---

# അദ്ധ്യായം ൨൬.

കഴിഞ്ഞ അദ്ധ്യായത്തിന്റെ അവസാനത്തിൽ പറഞ്ഞപ്രകാരം തന്റെ മുറിയിൽചെന്ന ഉദാരാനന്ദനും വലിയകറുപ്പനും താഴെക്കാണുന്നവിധം ആലോചന ചെയ്തു.

ഉദാരാനന്ദൻ—ശൂരസിംഹൻ തന്റെ നാട്ടിൽനിന്നല്ലേ വരുന്നതു്. ആ സ്ഥിതിക്കു വെറുംകെയ്യുംവീശി വരുന്നതിനു സംഗതിയില്ല; അവനെ പിടിച്ചു ക്രൂരവിജയന്റെ കോട്ടയിലാക്കി ഭേദദണ്ഡം ചെയ്താൽ അവന്റെ സ്വാധീനത്തിലുണ്ടായിരുന്ന ധനം മുഴുവൻ ആരുടെ പക്കലാണെന്നുള്ള അറിവു ലഭിക്കും. അങ്ങിനെ സത്യം പറഞ്ഞാൽ വിട്ടയയ്ക്കുന്നതാണെന്ന ആശ അവനുണ്ടാക്കുകയും വേണം.

വലിയ കറുപ്പൻ—താങ്കൾക്കുള്ള അധികാരബലത്തിന്റെ ദാർഢ്യത്തെ വിചാരിക്കുമ്പോൾ ഈ വിചാരം ലഘുവും കാര്യസാദ്ധ്യത്തിനു പര്യാപ്തവുമാണെന്നു ഞാൻ വിശ്വസിക്കുന്നു.

ഉദാ—നീ പറഞ്ഞതു ശരിയാണ്. ഉദയത്തിനു മുമ്പെ ഞാൻ ക്രൂരവിജയന്റെ കോട്ടയിലേക്കു ചെല്ലാം. നീ ദേവദത്തന്റെ വിഷയത്തിൽ ശ്രദ്ധ ചെയ്യണം. അവൻ വേഗം ഹോട്ടൽവിട്ടു പുറപ്പെടുന്നതായിരിക്കും. നീ ഇഷ്ടപ്രയോഗത്താൽ അവന്റെ കഥയെ അവസാനിപ്പിക്കണം. നമ്മുടെ സംഘവിരോധിയെ ജീവനോടുകൂടിയിരിക്കുവാൻ അനുവദിക്കാവുന്നതല്ല.

വലിയ—അവനെകൊന്നിട്ടു ഞാൻ എവിടെ വന്നുചേരണം?

ഉദാരാ—ക്രൂരവിജയന്റെ രാജധാനിയായ മായാപുരം കോട്ടയിൽ വന്നുചേരണം.

ഇങ്ങിനെ അവർ പാതിരാത്രിക്കു ശേഷംവരെ സംസാരിച്ചുകൊണ്ടിരുന്നു. വെളുപ്പിനു് അഞ്ചുനാഴികയുള്ളപ്പോൾ ഉദാരാനന്ദൻ മായാപുരത്തേക്കു യാത്രയായി. വലിയകറുപ്പൻ വ്യവസ്ഥ അനുസരിച്ചു ദേവദത്തന്റെമേൽ കണ്ണുവച്ചുംകൊണ്ടു ഹോട്ടലിൽതന്നെ ഇരുന്നു. ദേവദത്തൻ പുലർച്ചയിൽ കാഫികുടികഴിഞ്ഞു യാത്രയ്ക്കു ആരംഭിച്ചു. ദേവദത്തൻ ഉദയപുരത്തേക്കു യാത്രയാണെന്നുള്ള വസ്തുതയെ മുൻകൂട്ടി അറിഞ്ഞുകൊണ്ടു വലിയ കറുപ്പൻ നേരത്തെ പുറപ്പെട്ടു. ഒരു കുറുക്കുവഴിയെ കടന്നു കാട്ടിൽ എത്തി ഒരു അപായകരമായ സ്ഥലത്തു കുറ്റിക്കാട്ടിൽ മറഞ്ഞിരുന്നു. അവൻ അവിടെ ഇരുന്ന അല്പസമയത്തിനുള്ളിൽ കുതിരക്കുളമ്പിൻനിപാതധ്വനി കേട്ടുതുടങ്ങി. ആ സ്ഥലത്തുള്ള പാത ഒരു കുന്നിനെച്ചുറ്റി താഴ്‌വരത്തിൽ കൂടിയുള്ളതായിരുന്നു. തന്നെ കൊല്ലുവാൻ സായുധനായി ഒരു യമകിങ്കരൻ ആ കുറ്റിക്കാട്ടുകളുടെ ഉള്ളിലുണ്ടെന്നുള്ള കഥയറിയാതെ, ആ സ്ഥലത്തു നിർവിചാരനായി ദേ

ദേവദത്തൻ വന്നുചേൎന്നു. ആ കിഴക്കാംതൂക്കായുള്ള സ്ഥലത്തു കുതിരയെ മന്ദമായി നടത്തിപ്പോയ്ക്കൊണ്ടിരുന്നു.

ആ സമയം വലിയകുറപ്പൻ കുററിക്കാട്ടുകളുടെ ഇടയിൽനിന്നും എഴുന്നേററു ഈട്ടിയെ ബലമായി ഓങ്ങി ഓടിയടുത്തു ദേവദത്തനെ കുത്തി. എന്നാൽ ഈ കുത്തു ദേവദത്തനു കൊണ്ടില്ല. കുതിര പെട്ടെന്നു അന്ധാളിച്ചു ഒരു വശത്തേക്കു ഒഴിഞ്ഞു. ഈ നൽക്കാലത്താൽ ഈട്ടിയുടെ മുന കുതിരയുടെ ജീനിയുടെ മുകളിൽ പതിച്ചതേയുള്ളു. ഈ പ്രവൃത്തിയിൽ വലിയകുറപ്പനു വിചാരിച്ചിരിക്കാത്ത ഒരബദ്ധം പററി. അതായതു് അവൻ ഓങ്ങിയടുത്തപ്പോൾ അവന്റെ ഒരു കാൽ ഒരു കല്ലിൽ തടഞ്ഞു് അവൻ കമഴ്ന്നു വീണു. ഈ വീഴ്ചയിൽ അവന്റെ മുട്ടിന്നും നെഞ്ഞിന്നും തലയ്ക്കും പാറയിന്മേൽ കൊട്ടി സാരവും മരണകരവുമെന്നു ശങ്കിക്കത്തക്കതുമായ പരുക്കുകൾ പററി. ഈ സംഗതി കണ്ടു ദേവദത്തൻ അരയിൽ തിരുകിയിരുന്ന കൈത്തോക്കുമായി താഴത്തു ചാടി ഒരു കുതിപ്പിനു വലിയകുറപ്പന്റെ നെഞ്ഞത്തു കയറി കാലിന്റെ മുട്ടു് അവന്റെ വയററിൽ ഊന്നിപ്പിടിച്ചു കൈത്തോക്കിനെ അവന്റെ മാറിനു ലക്ഷ്യമാക്കി പിടിച്ചു. നീ അനങ്ങാതെ കിടക്കണം. അനങ്ങിയാൽ കൈത്തോക്കിനു ഇരയായിഭവിക്കും എന്നുപറഞ്ഞു് അവന്റെ മുഖം സൂക്ഷിച്ചു നോക്കി. അവൻ വലിയ ബലവാനാണെന്നു മനസ്സിലായി. ദേവദത്തൻ നന്നെ ചെറുപ്പമെങ്കിലും ആരും അസാരനല്ലായിരുന്നു. വലിയകുറപ്പനോടു ഒരുകൈ നോക്കത്തക്ക ബലമുള്ളവനാണു്.

വലിയകുറപ്പൻ—ദേവദത്താ! നീ ഭയപ്പെടേണ്ട. നിനക്കു് എന്നുതന്നെയല്ല, മററാൎക്കും എന്നെക്കുറിച്ചു ഭയപ്പെടേണ്ട ആവശ്യമില്ല.

ദേവ—അധൈൎയ്യപ്പെടാതെ ഞാൻ നിന്നെ സമീപമുള്ള ഗ്രാമത്തിൽ കൊണ്ടുപോയി വൈദ്യനെ കാണിച്ചു ചികിത്സ ചെയ്യിക്കാം. നീ ചെയ്ത പാപങ്ങൾക്കായി ദൈവസ്തോത്രം ചെയ്തു ദൈവത്തോടു മാപ്പപേക്ഷിച്ചുകൊള്ളണം.

തന്നെക്കൊല്ലുന്നതിനടുത്ത ശത്രുവിന്റെ മേൽ ഇത്ര ദയാപരനായ പുണ്യപുരുഷനെ കൊല്ലുന്നതിനായി ഞാൻ തുനിഞ്ഞുവല്ലോ കഷ്ടമേ! എന്നു വിചാരിച്ചു വലിയകുറപ്പൻ തന്നെത്താൻ വ്യസനിച്ചു. ഓ! ധാൎമ്മിഷ്ഠനായ പുരുഷരത്നമേ! എന്റെ വാരിയെല്ലുകൾ മുറിഞ്ഞുപോയിരിക്കുന്നു. ഇതിൽനിന്നു രക്ഷപ്പെടുക സാദ്ധ്യമല്ല. മരണം സന്നിഹിതമത്രേ.

ദേവ—അങ്ങിനെയാണെങ്കിൽ നിനക്കു് എന്നെക്കൊണ്ടു സാദ്ധ്യമാകാവുന്ന കാൎയ്യം വല്ലതുമുണ്ടെങ്കിൽ പറഞ്ഞുകൊൾക. നിന്റെ ദുഷ്ടതയെ ഞാൻ മറന്നുകളഞ്ഞിരിക്കുന്നു. അതിനാൽ സംശയിക്കേണ്ടതില്ല. ഞാൻ നിശ്ചയമായി അതിനെ നിറവേററിക്കൊള്ളാം.

ഈ വാക്യങ്ങൾ വലിയകുറപ്പന്റെ മുഖത്തു സന്തോഷസൂചകമാ

യ സ്തോഭത്തെ ജനിപ്പിച്ചു. അതെ അതെ. നിനക്കു ചെയ്യാവുന്ന ഒരു കാൎയ്യമുണ്ടു്. കുനിഞ്ഞു് എന്റെ ഉള്ളുടുപ്പിലുള്ള കീശയിൽനോക്കുക. അതിൽ മടക്കിയ ഒരു കത്തു വച്ചു തച്ചിട്ടുണ്ടു്. അതെടുത്തുകൊണ്ടു പോയി ഞാൻ പറയുന്ന ആൾക്കുകൊടുക്കണം എന്നു പറഞ്ഞു. ആ സമയം അവൻ മരിക്കുവാൻ തയ്യാറാകുന്ന ലക്ഷണം പ്രത്യക്ഷപ്പെടുകയാൽ "ആൎക്കാ പേരുപറയുക" എന്നു വീണ്ടും ചോദിച്ചു. അതിലേക്കു പ്രയാസത്തോടുകൂടി യുവചക്രവൎത്തിനിയായ പത്മാവതിക്കു് എന്നു് അവൻ മറുവടിപറഞ്ഞു.

ദേവ:—സത്യമായി ഞാൻ ഇതിനെ അവൾക്കു കൊടുക്കാം. ഇനി എന്തെങ്കിലും പറയുവാനുണ്ടോ?

വലിയ:—ഒന്നുണ്ടു്. നീ എല്ലാസമയവും ഉദയാനന്ദനെ ഭയപ്പെട്ടിരിക്കണം. അവൻ നിന്റെ ജീവഹാനിക്കായി പ്രയത്നിക്കുന്നുണ്ടു്. അവൻ നിന്റെ ഭയങ്കരശത്രുവാകുന്നു.

ദേവദ.—നീ അവന്റെ പ്രേരണയിന്മേലല്ലേ ഇങ്ങനെ ചെയ്തതു്?

വലിയ:—അതെ അവൻതന്നെ. ഇപ്പോൾ അവൻ മായാപുരത്തിൽ ക്രൂരവിജയന്റെ അടുക്കൽ പോയിരിക്കുന്നു. നീ ശ്രദ്ധയോടിരിക്കുക. നാഗശൃംഗത്തെ വിശ്വസിക്കാതെ. ഇന്നലെ രാത്രിയിൽ നിന്നെ കൊല്ലുന്നതിനു തുനിഞ്ഞു. എന്നാൽ അതു മഹാക്രമപാപിയുടെ ജീവനോടുകൂടി അവസാനിച്ചു. എന്റെജീവൻ അവസാനിക്കുന്നു ഇനി ഒന്നുംപറവാനില്ല.

ഒരുനിമിഷനേരംകൊണ്ടു അവൻ മരിച്ചുകഴിഞ്ഞു. ദേവദത്തൻ അവന്റെ ദേഹത്തു കിടക്കുന്ന ഉടുപ്പു കീറിയെടുത്തു അതിന്റെ ഉള്ളടക്കം ചെയ്തിരുന്ന കത്തെടുത്തു. അപ്പോൾ ഒരു ഈട്ടിയും അതിൽ ഒട്ടിയിരുന്ന ഓലനാടയും കണ്ടു. ഓഹോ! ഇതു് ഉദയാനന്ദന്റെ ആയുധമല്ലേ? അവൻ നമ്മെ മോശം ചെയ്യാൻ യത്നിക്കുന്നു. ദൈവത്തെ വിശ്വസിക്കുന്നവനെ ദൈവം വിട്ടുകൊടുക്കുകയില്ല നമുക്കു ദൈവം തന്നെ രക്ഷ എന്നുപറഞ്ഞു ഈട്ടിയെടുത്തു ശവത്തിന്റെ സമീപത്തുവച്ചു് ഇലകൾ പറിച്ചു ശവത്തെമറച്ചു് എഴുത്തു തന്റെ മടിക്കുത്തിൽ ഭദ്രമായി സൂക്ഷിച്ചിട്ടു തന്റെകുതിരപ്പുറത്തുകയറി ഉദയപുരത്തേക്കു് ഓടിച്ചുപോയി. ദേവദത്തൻ രാജധാനിയിൽ ചെല്ലുമ്പോൾ രാജശേഖരൻ ഉള്ള കോട്ടപ്പുറത്തുള്ള വെണ്മാടത്തിൽ കാററുംകൊണ്ടു നടന്നുകൊണ്ടിരിക്കുകയായിരുന്നു. അല്പദൂരത്തുവച്ചുതന്നെ ദേവദത്തനെ കണ്ടിരുന്നു. സമീപിച്ചപ്പോൾ അല്ലാ, ഇതാരു്? ദേവദത്തനോ? വാവാ!. ഇപ്പോൾ എവിടെനിന്നുവരുന്നു എന്നു ചോദിച്ചു.

ദേവദത്തൻ—പ്രഭോ! ഞാൻ നീലശൈലത്തുനിന്നു വരുന്നു. താരാഭായിരാജ്ഞിയുടെ ഒരെഴുത്തു ഇവിടെ തരാനുണ്ടു്.

പ്രഭു—വളരെ സന്തോഷം. നീ നല്ല വാൎത്തയോടുകൂടിയാണൊ വന്നിരിക്കുന്നതു്, എന്റെ മകൾക്കു സൌഖ്യമോ?

ദേവദ—ആ പുണ്യവതി ആരോഗ്യദൃഢയായി വൎത്തിക്കുന്നു.

പ്രഭു—എന്താ! ഈയിടെ മനഃസുഖം പോരാത്തതുപോലാണോ? ഉള്ളതു പറയൂ?

ദേവ—മനഃസുഖം ശരിയായിട്ടുണ്ടോ എന്നു ഞാനും ശങ്കിക്കുന്നു. ഈ എഴുത്തു വായിച്ചാൽ സംശയനിവൃത്തിയാകും.

പ്രഭു—ഞാനും അങ്ങിനെതന്നെ വിചാരിക്കുന്നു. എഴുത്തെവിടെ? നീ ഊണുകഴിഞ്ഞു ഞാൻ ആലോചനാമണ്ഡപത്തിൽ വരുമ്പോൾ അവിടെ വരിക. എഴുത്തുനോക്കീട്ടു വേണ്ട സംഗതികളെപ്പറ്റി അപ്പോൾ പറയാം.

എന്നുപറഞ്ഞു് എഴുത്തുമേടിച്ചിട്ടു രാജശേഖരൻപ്രഭു സൌധത്തിലേക്കുപോയി. ദേവദത്തൻരാജമന്ദിരത്തിനുള്ളിൽ ഭോജനശാലയിലേക്കും തിരിഞ്ഞു. ദേവദത്തൻ ഭക്ഷണംകഴിഞ്ഞു് അവിടുള്ള ഒരുഗോപുരത്തിന്റെ താഴെയുള്ള വീഥിയിൽകൂടി സാവധാനംനടന്നു. അപ്പോൾ ഉയൎന്ന നിലയിലുള്ള പട്ടുവസ്ത്രം ധരിച്ച ഒരു സുന്ദരിയായ യുവതി തന്റെ എതിരായി വരുന്നതുകണ്ടു രണ്ടുപേരും തമ്മിലടുത്തു. അവൻ വഴിയൊഴിഞ്ഞുനിന്നു് അവളുടെ ഗതിയെ ആദരിച്ചു. അവർ പരസ്പരം വന്ദനം പറഞ്ഞു. അവളുടെ മുഖത്തിനുള്ള ഗാംഭീൎയ്യവും നടപ്പിലുള്ള ധീരപ്രകൃതിയുംകണ്ടു് അവൾപോയി മറയുന്നതുവരെ അവളെ അവൻ നോക്കിനിന്നു. അവൾ കുറച്ചുദൂരംചെന്നു പെട്ടെന്നു തിരിഞ്ഞുനോക്കീട്ടു പോയി മറഞ്ഞു.

ദേവദത്തൻ നേരേ പ്രഭുവിന്റെ സൌധത്തിൽചെന്നു. "ഞാൻ ആ എഴുത്തു വായിച്ചുനോക്കി. അവളുടെ ഹൃദയം അചഞ്ചലമായിരിക്കുന്നുവെന്നു തോന്നുന്നില്ല. ഈ എഴുത്തിൽ ആ രഹസ്യങ്ങളൊന്നും പറഞ്ഞിട്ടില്ലെങ്കിലും, ഊഹിക്കുവാനുള്ള ലക്ഷ്യങ്ങൾ ഉണ്ടുതാനും. അവളുടെ ദുഃഖത്തിനുള്ള ഹേതുവെന്തു്? അതിനെ നീ അറിഞ്ഞിടത്തോളം പറയണം" എന്നുപ്രഭു അവനോടു പറഞ്ഞു.

പ്രഭു—ഒന്നാമതായി താരാഭായിക്കു തന്റെ ശിശുവിനേക്കാൾ പത്മാവതിയുടെ ശിശുവിൽ സ്നേഹവാത്സല്യങ്ങൾ അധികമായിരിക്കുന്നു. അതിനുപുറമേതന്നെ പത്മാവതിക്കു് അവളുടെ ശിശുവിന്റെ മേലുള്ളതിനേക്കാൾ സ്നേഹവാത്സല്യങ്ങൾ താരാഭായിയുടെ ശിശുവിൽ ഉണ്ടായിരിക്കുന്നുവല്ലോ. രണ്ടുപേരും ശിശുക്കളെ മാറിയെടുത്താൽ കൊള്ളാമെന്നുള്ള ദിക്കിലായിരിക്കുന്നു. ഇതിന്റെ രഹസ്യമെന്തെന്നു മനസ്സിലാകുന്നില്ല.

ദേവ—ഞാനും അത്രത്തോളം ഗാഢമായി വിചാരിച്ചുനോക്കി. കാരണമൊന്നും പറയുവാൻ കാണുന്നില്ല. പരിശുദ്ധാമനസ്വിനികളാ

യ അവരുടെ ഹൃദയത്തിൽ ഈ മാററം എങ്ങനെ ഭവിച്ചു എന്നുള്ളതു വിചാരഗോചരമല്ല.

പ്രഭു——രണ്ടാമതായി വീരസിംഹന്റെ സ്വഭാവത്തിനു മുമ്പുണ്ടായിരുന്നതുപോലുള്ള വാത്സല്യം തല്ക്കാലങ്ങളിലില്ലാതെ അമാന്തം വന്നിട്ടുണ്ടെന്നു തെളിയുന്നു. ഇതു് ഏററവും ദുഃഖകരമായ ഒരു സംഭവമാകുന്നു. വീരസിംഹൻ പെട്ടെന്നു് എന്തോ തന്ത്രം ഉപയോഗിച്ചു് എന്നെയും താരാഭായിയെയും മയക്കിക്കളഞ്ഞു. എന്നാൽ അവളെ അവനു കൊടുക്കുന്ന വിഷയത്തിൽ അവസാനംവരെ എനിക്കു് അതൃപ്തിതന്നെയുണ്ടായിരുന്നു.

ദേവ——വീരസിംഹന്റെ മനസ്സിൽ എന്തോ ഒരു ദുഃഖകരമായ സംഗതിയുണ്ടെന്നും അതിനെ പുറത്തുവിടാതെ മറയ്ക്കുന്നവനെന്നും താരാഭായിക്കു തോന്നീട്ടുണ്ടു്.

പ്രഭു——വീരസിംഹനു മനഃശ്ചാഞ്ചല്യകരമായിട്ടുള്ളതു് എന്തായിരിക്കാം? അവൻ ഒരിക്കലും ക്ഷേത്രങ്ങളിൽ പോകുന്നതേയില്ലത്രെ. പോയാലും പോയില്ലെങ്കിലും ദൈവഭക്തി മനസ്സിലുണ്ടായിരുന്നാൽ മതി. അതു് ഒരു തെററായി പറയാനില്ല.

ദേവ—— ആ പ്രഭു ചിന്തയായ വിചാരമുള്ളവനല്ല; അലസനായിരിക്കുക മാത്രമാണു്.

പ്രഭു:—നീ സൽബുദ്ധിയാണു്; ദുഷ്ടവിചാരങ്ങളൊന്നും നീ അറിയില്ല. താരാഭായി കുറച്ചുദിവസം ഞാൻകൂടി അവിടെച്ചെന്നു താമസിക്കുന്നതിനായി ആവശ്യപ്പെട്ടിരിക്കുന്നു. ഞാൻ അല്പദിവസം കഴിഞ്ഞു് അങ്ങനെതന്നെ ചെയ്യാനും വിചാരിക്കുന്നു. നീ പോകുന്നതുവരെ എന്റെകൂടെ പാർത്തുകൊള്ളണം. പോകുന്ന അവസരത്തിൽ താരാഭായിക്കും വീരസിംഹനും കത്തുകൾ തന്നയയ്ക്കാം.

ദേവ—ഞാൻ കുറച്ചുദിവസം ഇവിടെ താമസിക്കണമെന്നു വിചാരിച്ചുതന്നെ വരികയായിരുന്നു. എന്നാൽ തല്ക്കാലം നീലേശ്വരംവരെ ഒന്നു പോകേണ്ടതായ ഒരു സംഗതി ഏർപ്പെട്ടിട്ടുണ്ടു്. അതിനാൽ നാളെത്തന്നെ പുറപ്പെടുവാൻ വിചാരിക്കുന്നു. അതുവരെ അവിടുത്തെ ആജ്ഞയെ ഞാൻ വിനയപൂർവ്വം ആദരിച്ചുകൊള്ളുന്നു.

പ്രഭു— ഒരു സംഗതി നിന്നോടു പറയാൻ വിട്ടുപോയി. പ്രധാനമന്ത്രിയിൽനിന്നു്, രാമപുരം കുടുംബത്തിൽ പെട്ട രണ്ടുപേർക്കു് ഇവിടെ താമസത്തിനു് അനുവദിക്കണമെന്നു് എഴുത്തുകിട്ടീട്ടുണ്ടു്. ഒരു രാജകുമാരിയും രാജകുമാരനുമാണത്രെ ആളുകൾ. അവരിൽ രാജകുമാരി മുമ്പെതന്നെ ഇവിടെ എത്തീട്ടുണ്ടു്. രാജകുമാരനും ഭൃത്യനും വന്നുചേരുമെന്നുതന്നെ വിശ്വസിച്ചു് അവരുടെ വരവിനെ പ്രതീക്ഷിക്കുകയാണു്. നീ ഇവിടെ അതിഥിയായിരിക്കുന്ന സ്ഥിതിക്കു നമ്മുടെ മാളികയിൽ ഉയർന്ന സ്ഥിതിയിലുള്ള മററാളുകളും ഉണ്ടെന്നറിയുന്നതു് ആ

വശ്യകമായിരിക്കുമെല്ലൊ എന്നു വിചാരിച്ചു പറഞ്ഞതാണു്.

പ്രഭ ഈ സംഗതി പറഞ്ഞപ്പോൾ നാഗേന്ദ്രം ഹോട്ടലിൽവച്ചു കണ്ട കാഴ്ച അവന്റെ മനസ്സിൽ അവതരിച്ചു. ഉദയപുരത്തേക്കു പോകുകയാണെന്നും, കള്ളന്മാരുടെ ആക്രമണത്തിൽപെട്ടു കുത്തേററു ഭൃത്യൻ പ്രഭ എന്നുപറഞ്ഞതും അവരുടെ അടയാളങ്ങളും അവൻ രാജശേഖരനെ ധരിപ്പിച്ചു. "അവൻതന്നെയാണു ശൂരസിംഹനും അവന്റെ ഭൃത്യനും" എന്നു് അവനോടു മറുവടി പറഞ്ഞു.

ഉടൻ ഹോട്ടലിൽ എത്തി രാജകുമാരനെ കൂട്ടിക്കൊണ്ടുവരുന്നതിനായി രാജശേഖരൻ പ്രഭ ആയുധപാണികളായ ആറു ഭടന്മാരോടുകൂടി യാത്രയാരംഭിച്ചു.

ദേവദഃ—പ്രഭോ! ഇനി ഒരു സംഗതി അവിടെ ധരിപ്പിക്കേണ്ടതായിട്ടുണ്ടു്. ഞാൻ വരുമ്പോൾ ഒരാൾ എന്നെ കൊല്ലുന്നതിനായി വന്നിരുന്നു. അവൻ എന്നെ കൊല്ലുന്നതിനായി ഊരിക്കൊണ്ടു കത്തി, ആ സമയം അവൻ താനേ നിലത്തുപതിച്ചു മരിച്ചു. അവന്റെ മൃതം നമ്മുടെ കാട്ടിൽ കിടപ്പുണ്ടു്. അതിനെ മറവുചെയ്താൽ കൊള്ളാമെന്നു് എനിക്കപേക്ഷയുണ്ടു്.

രാജശേഖരൻ ദേവദത്തന്റെ ധർമ്മബുദ്ധിയെ പ്രശംസിച്ചു. "ഉപകാരപ്രധാനസ്യാ ഉപകാരപരേച്ഛുരേവ" എന്നുള്ള പണ്ഡിതവചനം ദേവദത്തൻ ആചരിച്ചിരിക്കുന്നു. എന്നു, പറഞ്ഞിട്ടു പുറപ്പെട്ടുപോയി.

ഇനി ഉദയാനന്ദന്റെ സ്ഥിതിയെക്കുറിച്ചന്വേഷിക്കാം. വലിയ കുറുപ്പന്റെ മരണസംഗതി അറിഞ്ഞിരിക്കാനിടയില്ല. ദേവദത്തനെ അവൻ കൊല്ലുമെന്നു വിശ്വസിച്ചു മനഃപായസവുംകുടിച്ചു് ഉദയാനന്ദൻ മായാപുരത്തേക്കു നടന്നുപോയി. അവൻ അവിടം വിട്ടിട്ടു വളരെ നാളായിരുന്നതിനാൽ അവിടത്തെ സ്ഥിതിയെല്ലാം ശിഥിലമായിരുന്നിരുന്നു. അവന്റെ വിചാരം താഴെ കാണുംപ്രകാരമായിരുന്നു.

"ഞാൻ ക്രൂരവിജയനെ ആദ്യമായി അന്വേഷിച്ചു പുറപ്പെട്ടതു കഴിഞ്ഞദിവസമായിരുന്നു എന്നതുപോലെ തോന്നുന്നു. എന്നാൽ അതിനു് ഇരുപത്തിനാലുവത്സരങ്ങളുടെ പഴക്കം ഉണ്ടായിട്ടുണ്ടു്. അപ്പോൾ ഏതുനിലയിലിരുന്നു എന്നുള്ളതു് വിചാരിക്കക്കൂടി വഹിയാത്ത വിധം ഭയജനകമായിരുന്നു. കൊലയാളികൾ തൂക്കിലിട്ടു ചത്തുപോയി എന്നു വിചാരിച്ചു പ്രേതസമാനമായിരുന്ന എന്റെ ദേഹം അവർ കാട്ടിൽ തള്ളിക്കളഞ്ഞിരുന്നു. എന്നാൽ ഞാൻ അപ്പോൾ മരിച്ചിരുന്നില്ല. എനിക്കു ക്രമേണ ജീവനുണ്ടായി. ഒടുവിൽ എഴുന്നേല്ക്കുവാനുള്ള ശക്തിയുണ്ടായപ്പോൾ ഞാൻ എഴുന്നേററു് ഓടി ഓടി രാജ്യംവിട്ടുപോന്നു. പല സ്ഥലങ്ങളിലും വേഷംമാറി നടന്നലഞ്ഞു. ഈ ക്രൂരവിജയന്റെ അടുത്തു ചെന്നാൽ മാത്രമേ എനിക്കു രക്ഷയുള്ളു എന്നു

ബുദ്ധി എനിക്കുണ്ടായി. അവനും ഞാനും ഒരുമിച്ചു പട്ടാളത്തിലിരുന്നതിനാൽ അവന്റെ മനഃസ്ഥിതി എനിക്കുനല്ലപോലെ അറിയാമായിരുന്നു. ഒടുവിൽ എന്റെ ഉദ്ദേശ്യം ശരിയായിരിക്കയുംചെയ്തു. അവന് അക്കാലത്തിൽ പ്രഭുപ്പട്ടമോ സ്ഥിതിയോ ഇല്ലായിരുന്നു. കോട്ടയ്ക്കകലുള്ള ഒരു ചെറിയ ഭവനത്തിൽ പാർത്തിരുന്നു. ഞാൻ അവനെക്കണ്ടു സംഗതികളെല്ലാം പറഞ്ഞു എന്തിനും തയാറുള്ള എന്നെപ്പോലെ ഒരാളിന്റെ ആവശ്യമാണ് അവനപ്പോഴുണ്ടായിരുന്നതു്. അവന്റെ രഹസ്യമായ മനോഗതി എന്നെ അറിയിച്ചു. ഞാൻ അതിന്നുള്ളം സമയംനോക്കി അതുസാധിച്ചുകൊടുത്തു. അതുമുതൽ അവൻ പ്രഭുവായി ഭവിച്ചു. അധികരിച്ച രാജസമ്പത്തിനു അവൻ അവകാശിയായിത്തീന്നു.

എന്റെ രഹസ്യവും അവന്റെ കൈയിലാകുന്നു. ഞാൻതൂക്കിക്കൊല്ലപ്പെട്ട ധൃഷ്ടകേതു എന്നവനാണെന്നവാസ്തവം അവനു മാത്രമേ അറിവുള്ളു. ഒരുവാക്കു പുറത്തുവന്നാൽ അതു പ്രാണഹാമമായി ഭവിക്കും. ആസംഗതി വെളിപ്പെടുത്തുമെന്നുപറഞ്ഞു് എന്നെ ഭയപ്പെടുത്തി അവൻ തന്റെ കാര്യം കണ്ടുകൊള്ളും. നല്ലകാലമായിരുന്നതിനാൽ അവൻ എന്നെ വേഗിംസംഘത്തിൽ ചേർത്തു. അവന്റെ ക്രൗര്യകരമായ മഹാപാതകവൃത്തികളെല്ലാം ചെയ്തിട്ടും അവൻനന്ദികാണിച്ചില്ല. ഒടുവിൽ വേഷംമാറി ഞാൻ പൊയ്ക്കളഞ്ഞു. പിന്നീട് അവൻ എന്നെ ഒരു മഠാധിപനായിനിയോഗിച്ചു. അതോടുകൂടി സംഘത്തിന്റെ പ്രധാനിയായി ഭവിക്കയുംചെയ്തു. ഞാൻ സമ്പാദിച്ചു സംഘത്തിനു നൽകിയ ധനസമൃദ്ധിയാൽ എനിക്കു സംഘത്തിന്റെ ആധിപത്യത്തിൽ ബഹുമാനവും പ്രതിഷ്ഠയും ലഭിച്ചു. ഇനി ക്രൂരവിജയനെ ഭയപ്പെടേണ്ട എന്ന അവസ്ഥയുമുണ്ടായി. അതു് സന്തോഷപ്രദമായിരുന്നു. ഇപ്പോൾ ക്രൂരവിജയന്റെ മേൽ എന്റെ വഞ്ചകതന്ത്രപ്രയോഗിക്കുവാനുള്ള ഘട്ടം വന്നു ചേർന്നിട്ടുണ്ടു്. സംഘത്തിൽനിന്നും എനിക്കു നൽകിട്ടുള്ള കല്പനയാൽ അവൻ എന്നെ ഭയപ്പെടേണം എന്നുള്ള സ്ഥിതി വന്നിട്ടുണ്ടു്. അവന്റെ ജീവൻ എന്റെ കക്ഷത്തിൽകുടുങ്ങിപ്പോയിരിക്കുന്നു" എന്നു തന്നത്താനെ പറഞ്ഞുകൊണ്ടാണു് അവൻ യാത്രചെയ്തിരുന്നതു്.

ഉദരാനന്ദൻ കോട്ടയ്ക്കുള്ളിൽകടന്നപ്പോൾ പാറാക്കാർ നീ ആരു് എന്നു ചോദ്യംചെയ്തു. "ഉദരാനന്ദൻ ക്രൂരവിജയപ്രഭുവിനെ കാണേണ്ട കാര്യമുണ്ടു്" എന്നുപറഞ്ഞു. ഉടൻ ഒരു ഭടൻ ഉദരാനന്ദനെ കൂട്ടി പ്രഭുവിന്റെ മുമ്പിൽ കൊണ്ടുചെന്നാക്കി. ആ സമയം ക്രൂരവിജയൻ ആ അറയിൽ തനിച്ചിരുന്നു ചില മുഖ്യമായ റിക്കാർട്ടുകൾ നോക്കുന്നുണ്ടായിരുന്നു. ഉദരാനന്ദൻ ഒരു കാവിവസ്ത്രത്താൽ ദേഹം മറച്ചിരുന്നു. തന്നിമിത്തം ക്രൂരവിജയന് ഉദരാനന്ദന്റെമുഖം നേരേ കാണാമായിരു

ന്നില്ല. ഏതോ സന്യാസിയാണെന്നുവിചാരിച്ച് ആക്ഷേപസ്വരത്തിൽ "സ്വാമികളെ വരിക. നമസ്കാരം! എന്താ ഇത്രദൂരം വിജയംചെയ്തതു്? വേദാന്തപ്രസംഗിക്കുവാനാണെങ്കിൽ അതിനുതക്ക ആളുകളാരുമിവിടില്ല. ഇവിടെതന്നെ ഒരു സന്യാസിയുണ്ടു" എന്നുപറഞ്ഞു

അതുകേട്ട ഉദാരാനന്ദനു കോപവും,വെറുപ്പുമുണ്ടായി. "പ്രഭോ! ഈ പ്രസംഗമെല്ലാം മതിയാക്കുക. ഞാൻ ആരാണെന്നറിയാമോ? ഇപ്പോൾ നേരെ നോക്കുക. മറന്നുപോയോ? എന്നുപറഞ്ഞു തലയിൽകൂടെ ഇട്ടു ദേഹം മറച്ചിരുന്ന മൂടുവസ്ത്രമെടുത്തു നീക്കി; ക്രൂരവിജയൻനോക്കി അധികമായ വിസ്മയത്തോടെ "സത്യമായി നീതന്നെയോ? ഉദ്ദേശിക്കുന്നതു്? പിന്നീടു മാധവംഎന്ന പേരോടുകൂടി എന്റെ വേലക്കാരനായിരുന്നവൻ നീയല്ലേ? എന്നുചോദിച്ചു.

ഉദാ—അതേ. ഞാൻതന്നെ. എന്നാൽ ഇപ്പോൾ ആരാണെന്നുമറ്റുള്ളവർ എന്റെതല്ല. ഉദാരാനന്ദൻ എന്നു കേട്ടിട്ടില്ലേ?

ക്രൂര—ആഹാ! അയാൾ വേദിസംഘത്തിലെ ഒരു നായകൻ. നീയോ ഒരു സാധാരണമെംബർ. നായകനെക്കുറിച്ചു സാധാരണസാമാജികന്റെ അടുക്കൽ വ്യക്തമായിപറഞ്ഞതു് തെറ്റായിത്തീരുന്നു. ആ കുറ്റത്തെ വെളിപ്പെടുത്താൻ നിനക്കു ധൈര്യമുണ്ടോ?

ഉദാ—എപ്പോഴും അവസരം. എപ്പോഴും ആലോചനക്കാവു. നീ അധൈര്യപ്പെടേണ്ട. ഞാൻ ഒരു സാധാരണ മെംബറല്ല. ഒരു നായകനാണു്. എന്നോടു സംസാരിച്ചതു കുറവല്ല.

ഇതുകേട്ടു തന്റെ വാക്കുകൾ കടന്നുപോയി എന്നു ക്രൂരവിജയൻ വിചാരിച്ചു. "സ്വാമികളെ! ഇരിക്കുക, താങ്കളും ഒരുനായകനായ സ്ഥിതിക്കു് ഉദാരാനന്ദനെപ്പററി കേട്ടിട്ടുണ്ടു്. ഒരു സമയം നിങ്ങളുടെ വരവു് അവിടെ നിന്നായിരിക്കാനും ഇടയുണ്ടല്ലോ. എങ്ങനെയിരുന്നാലും നമുക്കു തമ്മിൽ പണ്ടുള്ള സ്ഥിതിഭേദങ്ങളെല്ലാം ഇപ്പോൾ മാറുകയാം. ഒരു നായകത്വം സിദ്ധിച്ചിരിക്കുന്നസ്ഥിതിക്കു് പരസ്പരംസ്നേഹസഹോദരങ്ങളായി ഭാവിച്ചു പെരുമാറുകയാണു് ഇനിമേൽ വേണ്ടതു് എന്നു ക്രൂരവിജയൻ പറഞ്ഞു.

ഉദാ:—അത്രതന്നെയല്ല, എന്നെ നിങ്ങളുടെ മേലാവായി അംഗീകരിക്കേണ്ടതു് അവശ്യാവശ്യകവുമാകുന്നു.

ഈ അഭിപ്രായംക്രൂരവിജയനു ഈർഷ്യാദ്യോതകമായകോപത്തെയുണ്ടാക്കി, ഇങ്ങനെപറഞ്ഞു. അതെങ്ങനെ? അതിന്റെ തത്വം എനിക്കു മനസ്സിലാകുന്നില്ല. എനിക്കു പിന്നീടുവളരെക്കാലംകഴിഞ്ഞു് സംഘത്തിൽചെന്ന നിങ്ങൾക്കുമേലധികാരം ലഭിക്കാനുണ്ടായകാരണമെന്തു്? എന്റെ മേലധികാരം എങ്ങനെ ലഭിച്ചു. ആരുതന്നു? നിങ്ങൾ ഉദാരാനന്ദനാൽ അയക്കപ്പെട്ടവനാണോ? ആ സംഗതി ആദ്യം പറയുക.

ഉദാ:—അല്പം സമാധാനത്തോടുകൂടി ഇരുന്നു കേൾക്കുക. ഈ

മഹാസംഘത്തിന്റെ സാർവ്വഭൗമസ്ഥാനീയനായ മേലധികാരി ഞാനാകുന്നു. നിങ്ങൾ ഒരു ഉപരക്ഷാധികാരി മാത്രമാകുന്നു. ആ നിലയിൽ ഇരുന്ന നിങ്ങൾ ചെയ്തിട്ടുള്ളതു തെററായി ഇപ്പോൾ വിചാരിക്കപ്പെട്ടിരിക്കുന്നു. ഏതു തലവനും ഒരു സാധാരണ മെംബരുടെ മുമ്പിൽവച്ച് അലക്ഷ്യമായി ഒരു വാക്കുപോലും പറയാൻപാടില്ലെന്നുള്ള സംഘനിശ്ചയത്തെ നിങ്ങൾ അനാദരിച്ചിരിക്കുന്നു. അതുതന്നെ ശിക്ഷാർഹമായ ഒരു സംഗതിയാണ്. ഇതുപോലെ എത്രയോ എണ്ണം അപരാധങ്ങൾ പറയുവാനുണ്ട്. യുവചക്രവർത്തിയായ പ്രതാപവീരൻ നമ്മുടെ കൈയിൽ അകപ്പെട്ട സമയം അയാളെ പാതാളക്കിടങ്ങിലടച്ചിട്ട് അഹങ്കാരം കുറച്ചു നമ്മുടെ സംഘത്തിലെ ഒരംഗമാക്കി വിട്ടിരുന്നാൽ നമുക്കെന്തെല്ലാം പ്രയോജനങ്ങൾ ലഭിക്കുമായിരുന്നു. അങ്ങനെ ചെയ്യാതെ തൂക്കിക്കൊല്ലുവാൻ നിങ്ങൾ ആജ്ഞാപിച്ചു. അയാൾ തൂക്കിൽപെട്ടുമരിക്കുന്നതുകൊണ്ടു സംഘത്തിനുള്ള ലാഭമെന്ത്? അയാൾ സംഘത്തിൽ ചേർന്നിരുന്നാൽ ചക്രവർത്തിപദത്തിൽ വരുന്നസമയം സംഘത്തിന്റെ ബലം എന്തായിരിക്കും? അതിനെ ഉടയ്ക്കുവാൻ ആർക്കും കഴികയില്ലല്ലോ? ഒടുവിൽ തൂക്കിക്കൊല്ലുവാൻ കഴിഞ്ഞതോ അതുമില്ല. നിങ്ങളുടെ ആളുകൾതന്നെ അവനെ വിട്ടയച്ചു. അവൻ ഇപ്പോൾ നമ്മുടെ ബലമേറിയ ശത്രുവായും ഭവിച്ചു.

ക്രൂരവിജൻ:—ഏററവും രഹസ്യമായിത്തന്നെ അതിനുള്ള കാരണങ്ങൾ എല്ലാം വിവരമായി അപ്പോൾതന്നെ പറഞ്ഞിരുന്നുവല്ലോ.

ഉദരാനന്ദൻ—ഒരൊററ മനുഷ്യനെ ആറുപേർ ഭയന്നു വിട്ടുകളഞ്ഞു എന്നു പറഞ്ഞാൽ ആരു വിശ്വസിക്കും. അവർ വിട്ടുകളഞ്ഞത് ഒരുസമയം നിങ്ങളുടെ ഉള്ളാട്ടുകൂടി ആയിരിക്കാനാണു സംഗതിയുള്ളത്.

ക്രൂരവിജയൻ:--ഒരിക്കലും അങ്ങനെ ചെയ്തിട്ടില്ലെന്നു സത്യം ചെയ്യുന്നു. വേണമെങ്കിൽ ആറുപേരേയും പ്രത്യേകം വിസ്തരിക്കാമെന്നുള്ളതാണല്ലോ.

ഉദരാ--മതി മതി. ഞാൻ ഇപ്പോൾ നിങ്ങളോടു വാദിക്കാൻ വന്നതല്ല. നമ്മുടെ സംഘം ഈ കുററങ്ങൾക്കായി നിങ്ങളുടെ ഉപരക്ഷാധികാരസ്ഥാനത്തെ എടുത്തു കളയുകയും നിങ്ങളെ ഒരു സാധാരണ സമാജികനാക്കുകയും ചെയ്തിരിക്കുന്നു. നിങ്ങളുടെ വീഴ്ചനിമിത്തം പ്രതാപവീരൻ സംഗതികളെല്ലാം ചക്രവർത്തിയെ അറിയിച്ചിരിക്കുകയാണ്. ഈ സംഘത്തെ നശിപ്പിക്കുന്നതിനുള്ള ശ്രമങ്ങളെല്ലാം ചക്രവർത്തിയുടെ ആജ്ഞയനുസരിച്ചു വളരെ ഗോപ്യമായി നടന്നുവരുന്നുണ്ട്. "ഘോര സംഘത്തിന്റെ കല്പന" (എന്നു പറഞ്ഞു ഒരു ലേഖനം എടുത്തു ക്രൂരവിജയന്റെ കൈയിൽ കൊടുത്തു.)

ക്രൂരവിജയൻ അതിനെ സബഹുമാനം വാങ്ങി ശിരസ്സിലണച്ചു വായിച്ചുനോക്കീട്ടു സംഘക്കല്പനയായ ആദരിച്ചു നടന്നുകൊള്ളാം എന്നു സമ്മതിച്ചുപറഞ്ഞു.

ഉദരാ—ശരി. എന്നാൽ ഇപ്പോൾ നിങ്ങളോട്ട് ആജ്ഞാപിക്കുന്നതു് എന്തെന്നാൽ, ഇപ്പോൾ തന്നെ നിങ്ങളുടെ ഭടന്മാരിൽ ആറുപേരെ ആയുധപാണികളാക്കി നാഗേന്ദ്രത്തിന്റെ ഹോട്ടലിൽ അയച്ച് അവിടെ താമസിച്ചിരിക്കുന്ന രാമപുരം രാജകുമാരനായ ശൂരസിംഹനെയും അവന്റെ ഭൃത്യനെയും അറസ്റ്റുചെയ്തു വേഗത്തിൽ ഇവിടെ കൊണ്ടുവരേണ്ടതാകുന്നു.

ക്രൂരവിജയൻ ഉടൻ തന്റെ ഭടന്മാരിൽ ബലവും വിശ്വാസവുമുള്ള ആറുപേരെ അതിനായി നിയോഗിച്ചയച്ചു.

---

# അദ്ധ്യായം ൨൪.

രാജശേഖരൻ പ്രഭുവും ഭടന്മാരും ശൂരസിംഹനെ തിരക്കി നാഗേന്ദ്രത്തിന്റെ ഹോട്ടലിൽ ചെന്നു. അന്വേഷിച്ചതിൽ അവർ ഉദയപുരത്തേക്ക് ഒരു മേനാവിൽ യാത്രയായ സമയം, ക്രൂരവിജയൻ പ്രഭുവിന്റെ ആറു ഭടന്മാർ വന്ന് അവരെ ബലംപ്രയോഗിച്ചു പിടിച്ചുകൊണ്ടുപോയി എന്നറിവുകിട്ടി. ഇതുകേട്ടു പ്രതിക്രിയയെപ്പററി ഒന്നും തോന്നാതെ മടങ്ങി സ്വനഗരത്തിലേക്കു പോയി.

അവിടെ എത്തിയ ഉടൻ പ്രധാന സേനാനായകനായ രാമകുമാരനുമായി ആലോചിച്ചു. ക്രൂരവിജയൻ ദുഷ്ടനാണ്; അവനുമായി ഇനി ഒന്നുകൂടി യുദ്ധത്തിൽ ഏർപ്പെടുന്നതു നന്നല്ല. അവൻ യുദ്ധനയത്തെ അതിക്രമിച്ചു തോന്നിയമാതിരി പ്രവർത്തിക്കും. വിശേഷിച്ചും പൌരന്മാരെ നിർദ്ദയം കൊല്ലിക്കുന്നതും ഉചിതധർമ്മമായിരിക്കയില്ല. അതിനാൽ വേണ്ടവിധം ആലോചിച്ചശേഷം എന്താണു ചെയ്യേണ്ടതെന്നുള്ളതിനെക്കുറിച്ചു തീർച്ചയാക്കാമെന്നു പറഞ്ഞു തല്ക്കാലം അതു നിർത്തിവച്ചു.

വലിയകുറുപ്പിന്റെ പ്രേതം എടുത്തുകൊണ്ടുവരുവാൻ പോയ രാജശേഖരൻ പ്രഭുവിന്റെ ആളുകൾ മടങ്ങിവന്നു, പ്രേതം അവിടെ കാണ്മാനില്ലെന്നും, പ്രേതത്തെ മറച്ചിരുന്ന ഇലകൾ അവിടെ ചിതറിക്കിടക്കുന്നുവെന്നും, അധികം ആളുകളുടെ കാലടികൾ അവിടെ കാണ്മാനുണ്ടെന്നും അറിയിച്ചു. അന്നു വൈകുന്നേരം ദേവദത്തൻ രാജധാനിക്കരികിലുള്ള റോഡ്ഡിൽകൂടെ കാററുംകൊണ്ടു ലാത്തിക്കൊണ്ടിരിക്കുമ്പോൾ പുറകിലായി ആരുടേയോ കാലടികൾ പതിയുന്ന ശബ്ദംകേട്ടു തിരിഞ്ഞു

നോക്കി. അപ്പോൾ കണ്ടതു പഴയ വൃദ്ധന്റെ മുഖമായിരുന്നു. താനാദായിക്കു കോകിലം കൊടുത്ത വിഷത്തിനും, തന്റെ ദാരിദ്ര്യസ്ഥിതിക്കു ശമനോപായങ്ങളായ മറുമരുന്നു നല്കിയ ഔദാര്യനിധിയും ജീവിതസ്നേഹിയും ആയ ആ വൃദ്ധന്റെ മുഖം ദേവദത്തന്റെ ഹൃദയത്തിൽ ഒരു പുതിയതരം സന്തോഷാദരങ്ങളെ ജനിപ്പിച്ചു.

വൃദ്ധൻ:—ദേവദത്താ! നാം തമ്മിൽ കണ്ടിട്ട് ഇപ്പോൾ നാൾ കുറെ അധികമായിരിക്കുന്നു.

ദേവ—താങ്കൾ വീണ്ടും അടുത്തുതന്നെ കാണാമെന്നു പറഞ്ഞിരുന്നതനുസരിച്ചു വന്നതേയില്ല.

വൃദ്ധൻ—വൃദ്ധൻ ബാക്കി പണം കൊണ്ടുവന്നില്ലെന്നാണോ പറയുന്നത്?

ദേവ—ഞാൻ അതേപ്പററി ഓർമ്മിച്ചതേയില്ല. ഞാൻ വീണ്ടും താങ്കളെ കാണണമെന്ന് ആഗ്രഹിച്ചിരിക്കുകയാണ്. ഞാൻ അന്ന് എന്റെ ധർമ്മം ചെയ്തിരുന്നില്ല. എനിക്കു ജീവനദാതാവായ താങ്കളുടെനേർക്ക് എനിക്കുള്ള നന്ദിയെ പ്രദർശിപ്പിച്ചില്ലല്ലോ എന്നുള്ള വ്യഥ ഇപ്പോഴും എന്റെ ഹൃദയത്തെ തപിപ്പിക്കുന്നുണ്ട്. ദാരിദ്ര്യസമുദ്രത്തിൽ വീണു കരകാണാതുഴന്ന എന്നെ കാരുണ്യലേശം ഒന്നുകൊണ്ടുതന്നെ അതിൽനിന്നു കരയ്ക്കു കയററിയ താങ്കളെ മരിച്ചാൽകൂടി മറക്കുവാൻ എനിക്കു കഴികയില്ല. ആ പടം ഞാൻ എഴുതി അവസാനിപ്പിച്ചു വച്ചുകൊണ്ടു താങ്കളെ കാണുവാൻ കാത്തിരിക്കുകയായിരുന്നു. നീലേശപുരത്തുള്ള എന്റെ ഗൃഹത്തിൽവച്ചു സൂക്ഷിച്ചിട്ടുള്ള ആ പടം താങ്കൾ അവിടെച്ചെന്നു ചോദിച്ചാൽ ലഭിക്കത്തക്കവണ്ണം വ്യവസ്ഥ ചെയ്തിട്ടുണ്ട്. താങ്കൾ തന്ന ആ ധനം എന്റെ ഭാവിദശയുടെ മംഗളകരമായ അനുഭവത്തിന് ഒരു അസ്ഥിവാരമായി തീർന്നിരിക്കുന്നു. അന്നു തരാമെന്നു പറഞ്ഞ ബാക്കി ഇനി എനിക്കാവശ്യമേ ഇല്ല. എന്നും ഞാൻ നന്ദിക്കു കടപ്പെട്ട നിലയിൽ മൂർത്തമന്ന ദ്രവ്യം എന്നെ നിയന്ത്രിച്ചിരിക്കുന്നു.

വൃദ്ധൻ—എന്റെ ശ്രമം ഫലിച്ചു എന്നു പറഞ്ഞു കേട്ടതിൽ എനിക്ക് അത്യന്തം കൃതകൃത്യതയുണ്ട്. നീ സത്യമായിട്ടും നന്ദികാണിക്കണമെന്നു വിചാരിച്ചിരിക്കുകയാണോ? നിനക്ക് എന്റെ മേൽ നന്ദിയുണ്ടെന്നു പ്രവൃത്തിമൂലം തെളിയിക്കുമോ?

ദേവ—മഹാനേ! എന്നെക്കൊണ്ടു സാധിക്കാവുന്ന വല്ലതുമുണ്ടെങ്കിൽ പറഞ്ഞുകൊള്ളുക. ഉടനേ ചെയ്വാൻ തയ്യാറായിരിക്കുന്നു.

വൃദ്ധൻ—ഈ കെട്ടിടത്തിൽ ഒരു രാജകുമാരി ഇരിപ്പുണ്ട്. അവൾ അപ്രതിരോധമായ ഒരാപത്തിൽ കുടുങ്ങിയിരിക്കുന്നു. ഈ സമയത്തിൽ അതിബുദ്ധിമാനും അതിവസമർത്ഥനുമായ ഒരു സഹായിയുടെ ആവശ്യം അവർക്കുണ്ട്. നിനക്കു അവളുടെ സ്നേഹിതനായിരുന്നു

അവളെ സഹായിക്കുവാൻ മനസ്സുണ്ടാകുമോ?

ദേവ:—ഞാനും ആ സ്ത്രീരത്നത്തെ കാണുകയുണ്ടായി. എന്തു സഹായമാണ് അവൾക്കു ചെയ്തുകൊടുക്കേണ്ടതെന്നു പറഞ്ഞാൽ അതിന്നെല്ലാം ചെയ്തുകൊള്ളാം.

വൃദ്ധ:—അവളുടെ പേരെന്തെന്നും മററുമുള്ള സംഗതി അറിയുവാൻ ശ്രമിക്കരുതു്. അവൾതന്നെ അവളുടെ ആപത്തുകളെ നിന്നോടു പറയും. നാം ഇപ്പോൾ പറഞ്ഞ സംഗതി നീ ആരോടും പറഞ്ഞുപോകരുതു്.

ദേവ:—എനിക്കു താങ്കൾ ആരെന്നും താങ്കളുടെ പേരെന്തെന്നും തന്നെ അറിഞ്ഞുകൂടല്ലോ.

വൃദ്ധ:- അതു നിനക്കു അറിയേണ്ട ആവശ്യമേ ഇല്ല. ഞാൻ പറഞ്ഞപ്രകാരം ആരോടും ഒന്നും പറയാതിരുന്നുകൊള്ളുക.

ദേവ:—താങ്കളുടെ ആജ്ഞാനുസരണം വർത്തിക്കുവാൻ ഞാൻ തയ്യാറായിരിക്കുന്നു. എനിക്കും അവൾക്കുമായി യാതൊരു പരിചയവും ഇല്ലാത്ത സ്ഥിതിക്കു് അവൾ എങ്ങനെ തന്റെ രഹസ്യം എന്നോടു പറയും. പക്ഷേ, താങ്കൾ................

വൃദ്ധ—അതിനെക്കുറിച്ചു നീ വിചാരിക്കുകയേ വേണ്ട. പ്രേരണകൾ ഒന്നും കൂടാതെതന്നെ അതിനുള്ള അവസരം വന്നുചേരും. രണ്ടു മണിക്കൂറിനുള്ളിൽ അവൾ ഇവിടെ വരും, ആ സമയം നീ ഇവിടെയുണ്ടായിരിക്കണമെന്നുള്ള സിദ്ധാന്തം മാത്രം ഉള്ളിലിരിക്കട്ടെ.

എന്നുപറഞ്ഞു് ആ വൃദ്ധൻ ദേവദത്തന്റെ മുമ്പിൽനിന്നും മറഞ്ഞു. ആ സമയം ആ സ്ത്രീരത്നം രാജശേഖരൻപ്രഭുവുമായി സംസാരിച്ചുകൊണ്ടിരിക്കുകയായിരുന്നു. അവൾ അതുകഴിഞ്ഞു തന്റെ അറയിൽ ചെന്നപ്പോൾ തന്റെ മേൽവിലാസം എഴുതിയ ഒരു കത്തു മേശപ്പുറത്തിരിക്കുന്നതു കണ്ടു. അവൾ അത്യാശയോടുകൂടി ആ കത്തെടുത്തു വിടുത്തു താഴെ കാണുന്നപ്രകാരം വായിച്ചു.

"നിന്റെ മൂത്തസഹോദരനു സംഭവിച്ചവിപത്തു് അതീവഭയങ്കരമായതാകുന്നു. ക്രൂരവിജയന്റെ ക്രൌര്യസ്വഭാവവും ഒന്നൊത്തുറപ്പും വിചാരിക്കുമ്പോൾ, ഈ അവസരത്തിൽ നിനക്കു ധീരനും സമർത്ഥനുമായ ഒരു സഹായിയുടെ ആവശ്യമുണ്ടെന്നു വ്യക്തമായിരിക്കുന്നു. അതിനു തക്കസമർത്ഥനായ ഒരു പുരുഷൻ ഇപ്പോൾ ഈ കോട്ടയിൽ വന്നിട്ടുണ്ടു്. അവന്റെ പേരിന്നതെന്നു നിനക്കറിയാം. രണ്ടുമണിക്കൂറു കഴിഞ്ഞു് അവൻ വെണ്മാടത്തിന്മുകളിലുണ്ടായിരിക്കും. നീ അവനോടു പറയുന്നതിൽ സംശയിക്കേണ്ടതില്ല. സംഭാഷണമദ്ധ്യേ നിന്റെ സഹോദരന്റെസ്ഥിതിയെ പ്രകാശിപ്പിച്ചാൽ അവൻ സ്വയമേവ സഹായിക്കുവാൻ സന്നദ്ധനായിക്കൊള്ളും. നിന്റെ പേരെന്തെന്നുള്ളതു് അവനോടു വിട്ടുപറയരുതു് അവൻ സത്യവാൻ; സ്ഥിരപ്രതിജ്ഞൻ; നി

ക്കറം രാജകുടുംബാംഗങ്ങളെന്ന് അവനറിഞ്ഞിട്ടുണ്ട്. ഈ കത്തിൻെറ വിവരം വെളിപ്പെടുത്തരുത്; വായിച്ചശേഷം ചുട്ടുകരിച്ചുകളയുക.

എന്നു ഒരു സഹൃദയൻ."

ഇതുവായിച്ചുനോക്കിയശേഷം ഭാഗ്യവതി വിചാരമഗ്നയായി, ഇതെഴുതിയതു് ആരായിരിക്കാം? ഒരു സ്നേഹിതനാണെങ്കിൽ എന്തുകൊണ്ടു് ഒളിക്കുന്നു? സ്നേഹിതനല്ലെങ്കിൽ ഞങ്ങളെ സഹായിക്കണമെന്നുതോന്നാനുണ്ടായകാരണമെന്തു്? ഏതായാലും എഴുതിയിരിക്കുന്നതെല്ലാം ശരിതന്നെ. ദേവദത്തൻ പരമയോഗ്യനെന്നുള്ളതു പ്രസിദ്ധമാണ്. അവൻസ്ഥിരചിത്തനാണോ നമ്മുടെഈ ദയനീയാവസ്ഥയിൽ അൻപില്ലാത്തവനുമുണ്ടായിരിക്കുമോ? ഏതായാലും ദേവദത്തനെ ഒന്നുപരീക്ഷിക്കതന്നെ.

ഇതിനിടയിൽ സൂര്യാസ്തമയം കഴിഞ്ഞു, ചന്ദ്രിക എങ്ങും ധവളകാന്തിയോടുകൂടി പ്രകാശിച്ചു. ഭാഗ്യം എഴുത്തിൽ വിവരിച്ചിരുന്നവിധം വെണ്മാടത്തിൽ കയറി കാറ്റുകൊള്ളുവാൻ എന്നവ്യാജേന മന്ദമന്ദം നടന്നു ദേവദത്തനെ സമീപിച്ചു. അവൻ വൃദ്ധാവചനം അനുസരിച്ച് അവിടെ തയ്യാറായിരുന്നിരുന്നു. ഭാഗ്യവതി സമീപത്തെത്തിയപ്പോൾ ദേവദത്തൻ എഴുന്നേറ്റ് അവൾക്കു സ്വാഗതം പറഞ്ഞു.

ഭാഗ്യവതി—അല്ലാ! ഇതാര്? ദേവദത്തനോ? നിങ്ങളെ കാണമാൻ എനിക്കു വളരെ സന്തോഷമുണ്ട്.

ദേവ:—എന്നെ നിങ്ങൾക്കറിയാമോ?

ഭാഗ്യ:—ഇന്നുപകൽ നാം തമ്മിൽ കണ്ടിരുന്നില്ലേ? നിങ്ങളുടെ മുഖം ഒരുപ്രാവശ്യം കണ്ടാൽ പിന്നെ മറക്കുകയില്ല. നിങ്ങൾക്കു ജോലിത്തിരക്കില്ലാത്തപക്ഷം എന്നോടൊന്നിച്ചു നടക്കാൻ വരുന്നതു സന്തോഷമാകുമല്ലോ?

അവളുടെ വാക്കുകൾ ഗംഭീരമായും അന്തസ്സുള്ളതായുമിരുന്നതിനാൽ അതിൽ അപായത്തിൻെറ സൂചനപോലുമുണ്ടായില്ല. ഈ നിലയിൽ തനിക്കു ചെയ്യാനുള്ളതെന്തായിരിക്കും എന്നുള്ള മനോരാജ്യത്തോടുകൂടി അവൻ അവളെ അനുഗമിച്ചു.

ഭാഗ്യ:—(ഒരു നെടുവീർപ്പോടെ) ആ! നമ്മുടെ ലോകത്തിൽ യുദ്ധവീരന്മാർ ജീവിച്ചിരുന്ന കാലമെല്ലാം കാട്ടുമറഞ്ഞുകഴിഞ്ഞിരിക്കുന്നു.

ദേവ:—നിങ്ങൾ അങ്ങനെ വിചാരിക്കരുത്. സത്യമങ്ങനെയല്ല; ആർക്കെങ്കിലും ന്യായമാർഗ്ഗത്തിൽ സഹായികൾ വേണമെന്നു തോന്നിയാൽ അതിലേക്കു തയ്യാറുള്ളവർ ഇപ്പോഴും ധാരാളമുണ്ട്.

ഭാഗ്യ:—നിങ്ങൾ നിങ്ങളുടെ ധർമ്മബുദ്ധികൊണ്ടു പറയുന്നതാണിതു്. അതു ശരിയായിരുന്നാൽ എൻെറജ്യേഷ്ഠസഹോദരനെ അകാരണമായി വഴിക്കുവെച്ചു് ഒരുദുഷ്ടൻ പിടിച്ചുകൊണ്ടുപോയി തടവിൽ വയ്ക്കുമായിരുന്നോ? അദ്ദേഹത്തെ സഹായിക്കുവാൻ ഒരുപായവുമില്ലാതെ ഞാൻ ഇവിടെ തപിച്ചിരിക്കേണ്ടതായി വരുമോ?

ദേവ:—എന്തു്? എന്തു്? നിങ്ങൾക്കങ്ങനെ ഒരാപത്തു സംഭവിച്ചിട്ടുണ്ടോ?

ഭാഗ്യ—ഉണ്ടു് വാസ്തവമാണു്. രാജശേഖരൻപ്രഭു ഒരു രാജകുമാരന്റെ വരവിനെ പ്രതീക്ഷിച്ചിരുന്നു എന്നുള്ളതു് ഓൎക്കുന്നുണ്ടല്ലോ?

ദേവ—ഓൎക്കുന്നുണ്ടു്. രാജകുമാരനെ കൂട്ടിക്കൊണ്ടുവരുവാനായി രാജശേഖരൻപ്രഭു പോയിമടങ്ങിയെത്തിയശേഷം അതിനെക്കുറിച്ചൊന്നും അറിഞ്ഞില്ല. അതിനാൽ സംഗതികളൊന്നും മനസ്സിലാക്കാൻ കഴിഞ്ഞതുമില്ല.

ഭാഗ്യ—രാജകുമാരൻ ഹോട്ടലിൽ ഇരിക്കുമ്പോൾതന്നെ ക്രൂരവിജയൻ തന്റെ ഭടന്മാരെ അയച്ചു പിടിപ്പിച്ചുകൊണ്ടുപോയിരിക്കുന്നു. അയാളെ വിട്ടയയ്ക്കുന്നതിനു യാതൊരാലോചനകളുമുള്ളതായറിയുന്നില്ല.

ദേവ—രാജശേഖരൻപ്രഭു സൈന്യത്തോടുകൂടിച്ചെന്നു യുദ്ധംചെയ്തെങ്കിലും അയാളെ വിമോചിക്കുവാൻ പ്രയത്നിക്കുകില്ലേ?

ഭാഗ്യ—ഇല്ല സാമന്തപ്രഭുക്കന്മാരുമായി ഇടയുവാൻ പ്രഭുവിനു സമ്മതമില്ല. എന്നാൽ വിവരം ചക്രവൎത്തിയെ അറിയിച്ചിട്ടുണ്ടാകുന്ന അഭിപ്രായത്തെ അറിയുവാൻ കാത്തിരിക്കുകയാണുതാനും. അതെല്ലാം അറിയുവാനും മറ്റും വളരെ താമസമുണ്ടാകും. അതുവരെ എന്റെ സഹോദരനു് എത്രയധികം കഷ്ടതകൾ അനുഭവിക്കേണ്ടിവരും. ഹാ! ദൈവമേ! ഇതെന്തൊരക്രമമാണു്.

ദേവ:—ഹാ! എനിക്കതിനുശക്തിയുണ്ടായിരുന്നെങ്കിൽ......... നിങ്ങളെ സഹായിക്കുവാൻ എനിക്കു മനസ്സുണ്ടു്. എന്നാൽ അതിലേക്കു് എനിക്കു ശക്തിയില്ല.

ഭാഗ്യ—ഇതു മഹാമനസ്കനായ നിങ്ങൾക്കു ദൈവസഹായമുണ്ടാകാതിരിക്കയില്ല. നിങ്ങളുടെ വാക്കുകൾ എന്റെ ഹൃദയത്തിനു സമാശ്വാസജനകമായി ഭവിക്കുന്നുണ്ടു്. നിങ്ങൾതന്നെ എന്റെ സ്നേഹിതൻ. നിങ്ങൾക്കു നല്ലമനസ്സുണ്ടു് (എന്നു പറഞ്ഞു് ദേവദത്തന്റെ തോളിൽ പിടിച്ചുകൊണ്ടു കരഞ്ഞു.)

ഭാഗ്യത്തിന്റെ ജാലവിദ്യയുടെ പ്രയോഗമാധുൎയ്യത്തെ മനസ്സിലാക്കാതെ, ദേവദത്തൻ അവൾ കാണിച്ചതെല്ലാം അതിദാൎഢ്യയുടെ പ്രകടനങ്ങളാണെന്നു വിചാരിച്ചു് ഭാഗ്യവതി! നിങ്ങൾ ഖേദിക്കേണ്ട, ശാന്തമായിഎനിക്കു മറ്റും പറഞ്ഞുതരിക. ഞാൻ ചെന്നു നിങ്ങളുടെ സഹോദരനെ മോചിപ്പിച്ചുകൊണ്ടുപോരാം എന്നു പറഞ്ഞു.

ഭാഗ്യ—ഞാൻ നാളെ നിങ്ങളെ കാണും. നാളെ പത്തുമണിക്കു ചിത്രാലയത്തിൽ തയ്യാറായിരിക്കാം. നിങ്ങളും അവിടെ വരണം.

ദേവ—നിങ്ങളുടെ അഭിപ്രായപ്രകാരം ചെയ്യാൻ തയ്യാറായിരിക്കുന്നു.

ഭാഗ്യ—ശരി. എന്നാൽ നമുക്കു ഇപ്പോൾ പിരിയാം.

ഇങ്ങനെ അവർ പിരിഞ്ഞു. ഈശാൻ എത്ര നേരം നെറിയുമുള്ളവനായിരുന്നാലും ഈശാനെ ഞാനങ്ങനെ വിട്ടയയ്ക്കാൻപോകുന്നു. ഇന്ന് എന്റെ വാക്കിൽ അകപ്പെട്ടുപോയിരിക്കുന്നു. നാളെയെല്ലാം നേരെ വരുത്താം എന്നിങ്ങനെ വിചാരിച്ചുകൊണ്ട് അവൾ നടന്നുപോയി.

സമയം ഒ.ഒ. യത്തിനുമുന്നും ദേവദത്തൻ ചിത്രശാലയിൽ പത്തുമണിക്ക് ഹാജരായി. അവിടെ പലവിധങ്ങളായ ഛായാപടങ്ങളും ആയുധങ്ങളും വെയ്ക്കപ്പെട്ടിരുന്നു. ദേവദത്തൻചെന്നു അഞ്ചുമിനിട്ടുകഴിഞ്ഞപ്പോൾ ഭാഗ്യവും അവിടെക്കുചെന്നു. അവൻ പതിവിൻപ്രകാരം അവളെ അഭിവാദനംചെയ്തു. ആ! ദേവദത്തൻ! നിങ്ങൾ പറഞ്ഞവണ്ണംതന്നെ വന്നുവല്ലോ. നിങ്ങൾ എനിക്കു സഹായംചെയ്വാൻ തയ്യാറായിരിക്കുന്നു എന്നുള്ളതിനു ഇതു് ഉത്തമോദാഹരണമാകുന്നു.

ദേവ— എന്റെ ശക്തിയുപയോഗിച്ച് അയാളെരക്ഷപ്പെടുത്തുവാനുള്ള എന്തെങ്കിലും മന്ത്രം നിങ്ങൾ കണ്ടുപിടിച്ചുവോ? അത്ര അപായകരമായ കുടുക്കിൽനിന്നു് അയാളെ രക്ഷിക്കുവാൻ കഴിയുന്ന ഉപായം ലഭിക്കുക സുകരമല്ല. നല്ലപോലെ ആലോചനചെയ്തുവെങ്കിലേ അതിനുള്ള മാർഗ്ഗം തോന്നുകയുള്ളു.

ഭാഗ്യ — ദേഹബലം ഇങ്ങനെയുള്ള സംഗതികളിൽ ഒരുഫലവും ചെയ്കയില്ല. യുക്തിവിശേഷംകൊണ്ടും സന്ദർഭാനുസരണങ്ങളായ ഔചിത്യബുദ്ധികൾകൊണ്ടും അഭീഷ്ടമായ സൂത്രവിദ്യയിൽ ഫലിക്കുന്നതന്ത്രം കണ്ടുപിടിക്കുകയാണ്, ഇവിടെ വേണ്ടതു്.

ദേവ:— ശത്രുക്കളോടുകൂടി നിന്നുകൊണ്ടു സാധിക്കാവുന്ന യത്നമാണ് ഈ അവസരത്തിൽ ഫലമുള്ളതെന്നു തോന്നുന്നു.

ഭാഗ്യ— ഈ പൊതികൊണ്ടുപോയി രാജകുമാരനു കൊടുത്താൽ അതിനുള്ള മാർഗ്ഗം ലഭിക്കും. (എന്നു പറഞ്ഞു് കൈയടക്കമെ ചെയ്യാവുന്ന ഒരു ചെറിയ പൊതി അവൾ കൊടുത്തു.)

ദേവ:— ഇതു ഞാൻ രാജകുമാരന്റെ പക്കൽ കൊടുക്കാം. അതിനു സാധിക്കാത്ത പക്ഷം ജീവനെക്കളയാം.

ഭാഗ്യ:— ഇതു തൽകാര്യത്തിൽ ഫലിക്കാതിരിക്കയില്ല. ഇതിൽ അടങ്ങിയ രഹസ്യത്തെക്കുറിച്ചു പറയാത്തതിൽ ഒന്നും തോന്നരുതേ എന്റെ കുടുംബരഹസ്യം ഇതിൽ അടങ്ങീട്ടുണ്ടു്.

ദേവ— നിങ്ങൾ ഇനിയൊന്നും പറയേണമെന്നില്ല. നിങ്ങൾക്കിതിൽ വിശ്വാസമുണ്ടായിരുന്നാൽ മതി.

ഭാഗ്യ— ഹേ നല്ലബുദ്ധിയുള്ള സ്നേഹിത! ഈ സഹായം നിങ്ങൾ ആർക്കായിട്ടാണു ചെയ്യുന്നതെന്നു് ഇപ്പോൾ നിങ്ങൾക്കറിയാൻ പാടില്ല. ഞങ്ങൾ ഇപ്പോൾ നാടും നഗരവും വിട്ടു് അലയുന്നവരാണെങ്കിലും ഞങ്ങൾ ദുരദൃഷ്ടത്തിൽനിന്നു നീങ്ങുന്നതിനുള്ള കാലവും അത്രദൂരത്തായിരിക്കയില്ല എന്നു ഞാൻ വിചാരിക്കുന്നു.

ദേവ:—ഞാൻ അങ്ങനെയുള്ള സമ്മാനം ഇച്ഛിച്ചു മുതിൎന്നതല്ല. സഹജീവികളിൽ കരുണചെയ്യേണ്ടതു മനുഷ്യധൎമ്മങ്ങളിൽപ്രധാനമാണെന്നുള്ള ബോധമുള്ളതുകൊണ്ടാണ്. ഞാൻ നിമിത്തം നിങ്ങളുടെ ഈ ദുരദൃഷ്ടത്തിൽനിന്നു നിങ്ങൾക്കു മോചനം സിദ്ധിക്കുന്നതായിരുന്നാൽ അത് എന്റെ ജീവിതദശയുടെ ഒരംശത്തിനു കൃതകൃത്യതയ്ക്കു അവകാശിയാക്കിത്തീൎക്കും എന്നുള്ള തത്വം ഇതിൽ ഉത്തേജകമായി ഭവിച്ചതാകുന്നു.

ദേശ്യ—അതെനിക്കറിയാം. നിങ്ങൾ എന്തു പ്രതിഫലേച്ഛയോടുകൂടിയാണു് ഈ കാൎയ്യത്തിൽ പ്രവൎത്തിക്കുന്നതെന്നെനിക്കറിയാം. നിങ്ങളെ ഞാൻ ഇതിനുമുമ്പിൽ പരിചയപ്പെട്ടിട്ടില്ല. ഒരു തേജസ്വിയായ യുവാവു്. വിവാഹം ചെയ്യാത്തവൻ അങ്ങനെയുള്ള ഒരാൾ ഒരു സൌന്ദൎയ്യയുക്തയായ സ്ത്രീക്കുവേണ്ടി തന്റെ ജീവനെപ്പോലും ബലികഴിച്ചു് അവളുടെ ഉപദ്രവനിവൃത്തിക്കായി പ്രയത്നിക്കുന്നതിൽ അന്തൎഭവിച്ചിരിക്കുന്ന പരമതത്വം ഊഹഗോചരമാകുന്നു. കഴിഞ്ഞ രണ്ടുദിവസങ്ങളായി ഞാൻ ഒരു മനഃപാരസം കളിക്കുകയാണ്. അതു വെറും സ്വപ്നപ്രായമാക്കി കളയരുതെ. വാസ്തവമായി ഞാൻ നിങ്ങളെ നിലേശ്വരത്തുവെച്ചു കണ്ടിട്ടുണ്ടു്. അന്നുമുതൽ നിങ്ങളുടെ രൂപം എന്റെ മനോമയദൎപ്പണത്തിൽ പതിഞ്ഞുപോയിരിക്കുന്നു. കിരീടധാരികളായ അനേകം രാജാക്കന്മാരും യുവഭൂപതികളും എന്റെ സ്നേഹലാഭത്തിനായി കാത്തിരിക്കുന്നുണ്ടു്. ഇന്നലെ നാം തമ്മിൽ സന്ധിച്ചസമയം നിങ്ങളുടെ ഹൎഷസൂചകങ്ങളായ നോട്ടങ്ങൾ എന്റെ മനഃസ്ഥൈൎയ്യത്തെ ഇളക്കിമറിച്ചിരിക്കുന്നു. അതിൽനിന്നും നിങ്ങളുടെ അന്തൎഗ്ഗതം എന്തെന്നു് എനിക്കറിയാം. എനിക്കു് അസാമാന്യമായ ഒരാനന്ദം ഉണ്ടായിട്ടുണ്ടു്. ഇതു സത്യമാകുന്നു. ഞാൻ തന്നെ വലിയേപിടിച്ചുപറഞ്ഞതുകൊണ്ടു നിങ്ങൾ അലക്ഷ്യമാക്കിക്കളയരുതു്; നിങ്ങൾ എന്നെ ആഗ്രഹിക്കാതിരുന്നാലും സ്നേഹത്തോടുകൂടി വൎത്തിക്കണമെന്നപേക്ഷയുണ്ടു്.

ദേവ—ഇതിലേക്കു എനിക്കൊന്നുംതന്നെ മറുവടിപറവാനില്ല. എന്നാൽ മൌനാവലംബനം കേവലം തെറ്റായിട്ടുള്ളതുമാണ്. നിങ്ങൾ എന്നെക്കുറിച്ചു തെറ്റായ ധാരണയിൽ പെട്ടുപോയിരിക്കുന്നു. നിങ്ങളെ ഞാൻ എന്റെ മാതാവിനെയോ സഹോദരിയെയോ പോലെയല്ലാതെ സ്നേഹിക്കുന്നില്ല. സ്നേഹിക്കുവാൻ സാധിക്കയുമില്ല. ഞാൻ അഗ്നിസാക്ഷിയായി വിവാഹംചെയ്യുന്ന സ്ത്രീയെവിട്ടു മറ്റാരെയും കാമിക്കുകയില്ല. വിശേഷിച്ചും ഒരു രാജകുമാരിയായ നിങ്ങളെക്കുറിച്ചു പ്രത്യേകമായും അത്രയ്ക്കു അവകാശമുള്ളു. നിങ്ങളുടെ ഗാംഭീൎയ്യവും മറ്റുംകണ്ടു് ഞാൻ നിങ്ങളുടെ മുഖത്തു സൂക്ഷിച്ചുനോക്കി എന്നുള്ളതു സത്യംതന്നെ. അങ്ങനെ എന്റെ നിരീക്ഷണകൎമ്മം എന്തെല്ലാം

സാധനങ്ങളിലും സത്വങ്ങളിലും പ്രവൎത്തിക്കുന്നു. അതൊന്നും ധൎമ്മഭ്രംശകരമായിരിക്കുകയില്ല. അതിനാൽ എന്നെക്കുറിച്ച് അങ്ങനെയുള്ള മിഥ്യാവിചാരം വെച്ചുകൊണ്ടിരിക്കരുത്. അതു കേൾക്കുന്നതുതന്നെ എനിക്കു നീരസജനകമാകുന്നു.

ഭാഗ്യ:—എന്റെ ബുദ്ധിയുടെയും ഉദ്ദേശ്യത്തിന്റെയും സാധ്യഭാവത്തിൽ നിങ്ങൾ പരാങ്മുഖനാകരുത്. എന്റെ അനുഗ്രഹം അസ്ഥാനത്തിൽ നിഷ്ഫലീകരമാകരുതെ. അതു ചിലപ്പോൾ സൂരോന്മാദത്തിനു ഹേതുവായി ഭവിച്ചേക്കാം.

ദേവ:—കള്ളന്മാൎക്ക് അസുഖകരവും ഇപ്പോഴുള്ള ഉദ്യമത്തിൽ ഭഗ്നാകുലവും ആയ പ്രസ്ഥാനത്തിലേക്ക് എന്റെ ബുദ്ധിയെ വ്യതിചലിപ്പിക്കാതിരിക്കുക. എന്റെ ബുദ്ധി ഫലസിദ്ധിയോളം ഉൗൎജ്ജസ്വലമായും കാൎയ്യക്ഷമമായും സാവധാനപ്രസക്തമായും ഭവിക്കുന്നതിനു പ്രബലമായി പ്രേരിപ്പിക്കേണ്ടതിനു പകരം ഈ വക ചൊല്ലിയാട്ടങ്ങളായ ശൃംഗാരചേഷ്ടകൾ അസ്ഥാനത്തിലും അസംബന്ധത്തിലും കലാശിപ്പിക്കുകയാണു ചെയ്യുന്നത്.

ഒരു അവസരത്തിൽ അവൾ ദേവദത്തനെ കടന്നുപിടിക്കുവാൻ ആരംഭിക്കവെ അവൻ കൈ വിതറിക്കളഞ്ഞു. ആ സമയം അവളുടെ മോതിരം നിലത്തു വീഴുകയും അവൻ അതിനെ പെട്ടെന്നു കുനിഞ്ഞെടുക്കുകയും അവൾക്കു കൊടുക്കുകയും ചെയ്തു. ആ മോതിരത്തിന്റെ വിദ്യ അവനു മനസ്സിലായി. ഇങ്ങനെയുള്ള ഒരു സ്ത്രീക്കുവേണ്ടി താൻ തയ്യാറായതിൽ അവനു മനഃസങ്കോചമുണ്ടായെങ്കിലും പ്രതിജ്ഞാലംഘനം വരുമല്ലോ എന്നു ഭയന്നു പോകാനായൊരുമ്പെട്ടു, "എന്റെ വാഗ്ദാനത്തെ ഞാൻ നിറവേറ്റുന്നതിനായി ഇതാ തയ്യാറാകുന്നു. നിങ്ങളുടെ പാതകക്രിയകളെക്കുറിച്ച് എനിക്കിപ്പോൾ ഓൎമ്മയുണ്ടായി. ഞാൻ അതിനെപ്പററി ധാരാളമായി കേട്ടിട്ടുണ്ട്. ഇനിയെങ്കിലും പാപപരിഹാരാൎത്ഥം ദൈവഭജനം ചെയ്ക.

ഭാഗ്യ—ഹേ! യുവാവേ! എന്റെ ജോലി നടക്കാവുന്നിടത്തോളം നടന്നു. ഇനിയും അങ്ങനെതന്നെ നടക്കും. നിങ്ങൾക്ക് അതിനെക്കുറിച്ച് അന്വേഷിക്കാനും പറയാനും അവകാശമില്ല. നമുക്കിനിപ്പിരിയാം. നിങ്ങൾ വാഗ്ദാനമനുസരിച്ചു പ്രവൎത്തിക്കുമെന്നു വിശ്വസിക്കുന്നു.

ദേവ—ഞാൻ നിങ്ങളുടെ സഹോദരവിമോചനാൎത്ഥം ശ്രമിക്കുന്നു. ഈ മോതിരം ഞാൻ കൊണ്ടുപോകുകില്ല. ഇതിൽ വിഷമുണ്ടായിരിക്കുമെന്നു ശങ്ക എനിക്കുണ്ട്. അതിനാൽ ഇതു നിങ്ങളുടെ കൈയിൽ ഇരിക്കട്ടെ (എന്നു പറഞ്ഞ് അതു അവളുടെ പക്കൽ മടക്കിക്കൊടുത്തു)

ഭാഗ്യ—ഇതു കൊണ്ടുപോയി കൊടുക്കാമെന്നു പറഞ്ഞ വാക്കിനെ ഇപ്പോൾ തെററിച്ചിരിക്കുന്നു.

ദേവ—നിങ്ങളുടെ സഹോദരന്റെ മോചനത്തിനായി എന്നാൽ കഴിവുള്ള പ്രയത്നങ്ങളെല്ലാം ചെയ്യും അതാണെന്റെ വാഗ്ദാനം. അതിനു സാധിച്ചില്ലെങ്കിൽ ആ പ്രയത്നത്തിൽപെട്ടു കാലഗതിയെ പ്രാപിക്കും, അതിൽ അധൈൎയ്യമേ ഇല്ല. എന്നാൽ ഈ പാഷാണം കൊണ്ടുപോയി കൊടുത്തു് ഇതുനിമിത്തം ഉണ്ടാകുന്നിടയുള്ള അപായസംഭവങ്ങളിൽ ഞാൻ പങ്കില്ല. എന്റെ വാക്കു തെററിയെങ്കിൽ തെററിക്കൊള്ളട്ടെ.

എന്നുപറഞ്ഞു വെറുപ്പോടെ അവൻ അവിടംവിട്ടുപോയി ഭാഗ്യവതിക്കു് അവന്റെ മേലും ഈൎഷ്യയുണ്ടായി. "ഇവൻ സത്യവാൻ ധൎമ്മതല്പരൻ, വാഗ്ദാനം തെററിക്കുകയില്ല അതിനാൽ സഹോദരന്റെ മോചനത്തിനു വേണ്ടവിധം ശ്രമിക്കും" എന്നു വിചാരിച്ചുകൊണ്ടു് അവളും മടങ്ങിപ്പോയി. അവൾക്കു തന്റെ പ്രാഭവത്തിനും ഗൌരവത്തിനും എന്തോ ഒരു ഹാനിസംഭവിച്ചതുപോലെ മനസ്സിടിവോടുകൂടിയാണു് അവൾ ആ ദിവസം കഴിച്ചുകൂട്ടിയതു്. "ഞാൻ ഒരു രാജകുമാരി. എന്റെ പ്രേമത്തിനായി എത്രയോ രാജകുമാരന്മാരും പ്രഭുക്കളും പ്രയത്നിച്ചു. അവരുടെ ആശകളെ അസ്ഥാനത്തിലാക്കി. ദേവദത്തൻ കേവലം ദരിദ്രൻ. ഒരു ചിത്രമെഴുത്തുകാരൻ. അവനെ സ്നേഹിക്കുന്നു എന്നുള്ള എന്റെ അപേക്ഷയെ അവൻ തള്ളിക്കളഞ്ഞു ഇതിനേക്കാൾ ഒരു ആക്ഷേപമുണ്ടാവാനില്ല. ഈ സംഭവം എത്ര വിചിത്രമായിരിക്കുന്നു. ആളറിഞ്ഞു പെരുമാറണം എന്ന പഴഞ്ചൊല്ലു് പതിരില്ലാത്തതു തന്നെ. എന്തധികാരം. ഞാൻ അവനെ വണങ്ങി താഴ്മയായി എന്റെ അനുഗ്രഹത്തെ അറിയിച്ചതിൽ അവൻ നിരാകരിക്കയല്ലേ ചെയ്തതു്. അതിനെ ഗൌരവമായി ആരറിക്കേണ്ടതായിരുന്നില്ലേ ഇരിക്കട്ടെ. അവൻ എപ്പോഴെങ്കിലും എന്റെ കൈയിൽ വന്നുകപ്പെടും. ഇതിന്റെ പ്രതികാരം അന്നു ഞാൻ ചെയ്തുകൊള്ളാം" എന്നചിന്തയിൽ അവളുടെ സമയം നയിക്കപ്പെട്ടിരുന്നു.

---

## അദ്ധ്യായം ൨൫

ദേവദത്തൻ നേരേ ഉദയപുരത്തേക്കു നടന്നു. തന്റെ മാതാവിന്റെ അസ്ഥിവച്ചിരുന്ന സ്ഥലത്തു് ഒരു ശിലാകുടീരം പണിയിക്കുവാൻ സമൎത്ഥനായ ഒരു സ്നേഹിതനെ ചുമതലപ്പെടുത്തി, അന്നവിടെ താമസിച്ചു. രാത്രിയിൽ അത്താഴം കഴിഞ്ഞു കിടന്ന അവസരത്തിൽ ക്രൂരവിജയന്റെ കോട്ടയിൽ പോകേണ്ട സംഗതിയെക്കുറിച്ചു വിചാരിച്ചു. ഏതു വേഷത്തിൽ എങ്ങനെയായിരിക്കണം യാത്രചെയ്യുന്നതെന്നുള്ളതിനെക്കുറിച്ചു് ഗാഢമായി ചിന്തിച്ചു.

അടുത്തദിവസം അവൻ തന്റെ സ്നേഹിതനോടു തന്റെയാത്രയുടെ പരമോദ്ദേശ്യത്തെ അറിയിച്ചു. സ്നേഹിതൻ അതിനെ തടുക്കയും യാത്ര അപായകരമാണെന്നു പറഞ്ഞു വേണ്ടവിധം അധൈര്യപ്പെടുത്തുകയും ചെയ്തു. എന്നാൽ സ്ഥിരചിത്തനും ഒന്നിനാലും അസംഭിന്നമായ പ്രകൃതിയോടുകൂടിയവനും ആയ അവന്റെ നിശ്ചയത്തെ ഇളക്കുവാൻ ആ ഉപദേശങ്ങൾക്കു കഴിഞ്ഞില്ല. ദേവദത്തൻ കുറേ പണവും ഒരു കത്തും സ്നേഹിതനെ ഏല്പിച്ചു. താൻമടങ്ങിവരുമ്പോൾ പണം മടക്കിത്തരണമെന്നും, താൻ ഒരാഴ്ചയോളം മടങ്ങിവരുന്നതിനു കാലവിളംബം വന്നുകണ്ടാൽ എഴുത്തുകൊണ്ടുപോയി താരാഭായിയെ ഏല്പിക്കണമെന്നും പറഞ്ഞു വ്യവസ്ഥചെയ്തു.

പിന്നീട് രണ്ടു കത്തുകൾ എഴുതി. ഒന്നു പത്മാവതിക്കും മറ്റേതു പ്രഭുകുമാരമോഹനന്റെ ഇളയമകളായ ശാരദാദേവിക്കും ആയിരുന്നു. ആ എഴുത്തുകളേയും സ്നേഹിതൻവശം ഏല്പിച്ചു. താൻ ഏഴു ദിവസം കഴിഞ്ഞിട്ടും വന്നുകാണാതിരുന്നാൽ രജതശൈലത്തിൽചെന്ന് അവിടെ പാർക്കുന്ന ഭാഗ്യവതി എന്ന സ്ത്രീയെക്കണ്ട് ദേവദത്തൻ വാഗ്ദാനം അനുസരിച്ചു ക്രൂരവിജയന്റെ കോട്ടയിൽ പോയിരിക്കുന്നു എന്നും ഇനിയും മടങ്ങിവന്നിട്ടില്ലെന്നും, അവിടെവച്ച് അപായത്തിൽ പെടുകയോ പാതാളക്കിടങ്ങിൽ അടയ്ക്കപ്പെടുകയോ ആയിരിക്കണമെന്നും പറയുവാൻകൂടി ഏർപ്പാടുചെയ്തു. അവൻ അതിന്മണ്ണം സാവ്യാസനം സമ്മതിച്ചു. ഉടൻ യാത്രപറഞ്ഞു ദേവദത്തൻ പുറത്തേക്കു പോയി.

അടുത്തദിവസം രാവിലെ ക്രൂരവിജയന്റെ രാജധാനിയിൽ വച്ച് ഉദാരാനന്ദനും ക്രൂരവിജയനും തമ്മിൽ ചില സംഭാഷണം നടന്നു.

ഉദാരാനന്ദൻ.—അതേ. അന്നു കൊണ്ടുവന്ന ആ പ്രേതം വലിയകറുപ്പന്റേതാണ്. അവൻ എന്റെ ഒരു വിശ്വസ്തഭൃത്യനായിരുന്നു

ക്രൂര.--അവൻ അങ്ങനെ മരിക്കുവാനുള്ള കാരണമെന്ത്?

ഉദാ.—ദേവദത്തൻ എന്ന ഒരു ചെറുപ്പക്കാരനുണ്ട്. അവനു മരണദണ്ഡനം കൊടുക്കണമെന്നു സംഘം തീരുമാനിച്ചിരിക്കയാണ്. ആ ദേവദത്തൻ................

ക്രൂര. ഞാനവനെക്കുറിച്ചു കേട്ടിട്ടുണ്ട്. അവന്റെ സഹോദരി രാജശേഖരൻപ്രഭുവിന്റെ ഒരു വേലക്കാരിയായിരുന്നു.

ഉദ—അതെ. അവൻ തന്നെ. ഞാൻ നാഗേന്ദ്രത്തിന്റെ ഹോട്ടലിൽ ചെന്നദിവസം അവനും അവിടെ വന്നുകപ്പെട്ടിരുന്നു. സംഘത്തിന്റെ ആജ്ഞയനുസരിച്ചുപ്രവർത്തിച്ചുകൊള്ളുന്നതിനു വലിയകറുപ്പനെ ഭാരമേല്പിച്ചിട്ട് ഞാൻ ഇങ്ങോട്ടു പോന്നിരുന്നു. ശൂരസിംഹനെ പിടിക്കുവാൻ നിങ്ങളെക്കൊണ്ട് ആളയപ്പിച്ചശേഷം ഞാൻചില ആ

ളുകളുമായി വലിയകറപ്പൻ ഇരിക്കേണ്ട സ്ഥലത്തേക്കു ചെന്നു. അവിടെ അവന്റെ പ്രേതശരീരം ചെടികളാൽ മറയ്ക്കപ്പെട്ടുകിടന്നിരുന്നു. അവന്റെ വക ഈട്ടി സമീപത്തുണ്ടായിരുന്നു. അതിൽ രക്തം പുരണ്ടിരുന്നു. ആ ദേവദത്തൻ തപ്പിപ്പിഴച്ചു പൊയ്ക്കളഞ്ഞു. എന്നാൽ എന്റെ കൈകൊണ്ട് അവനെ കൊല്ലുന്നതാണെന്നു ഞാൻ ശപഥം ചെയ്തിട്ടുണ്ട്. അതങ്ങനെ ഇരിക്കട്ടെ ഞാൻ ഇന്നലെ പറഞ്ഞ സംഗതിയെക്കുറിച്ച് ആലോചിക്കുവാനാണ് ഇന്നു താങ്കളെ വരുത്തിയത്.

ക്രൂരവിജയൻ— ഓ! ദുഷ്ടകേ........ഉദരാനന്ദരേ! ഞാൻ നിങ്ങളുടെ കൈയിൽകുടുങ്ങിയിരിക്കുകയാണ്. എന്നാലും അല്പം ദയകാണിക്കരുതോ? അവസാനത്തിൽ നാം രണ്ടുപേരും വിരോധികളായി പ്രവർത്തിച്ചുകൊള്ളാമല്ലോ. നിങ്ങൾ ആ ഉയർന്നപദവിയിലിരിക്കുന്ന സ്ത്രീയെക്കുറിച്ചുള്ള സംഗതി വെളിക്കു വരുത്തുന്നതായിരുന്നാൽ ഞാൻ നിങ്ങളുടെ പൂർവ്വചരിത്രത്തെ വെളിക്കു വിടുമെന്നുള്ളതു നിരാക്ഷേപമാകുന്നു.

ഉദരാ— മതി. നിറുത്തുക. നാം ഇതിനെക്കുറിച്ച് ഒരു തീരുമാനം ചെയ്യേണ്ടതായുണ്ട്.

ആ സമയം ഒരു രാജഭൃത്യൻവന്നു ക്രൂരവിജയനെ തൊഴുത് ഓച്ഛാനിച്ചുനിന്നു.

ക്രൂര— എന്താ! നീ വന്നത്?

ഭൃത്യൻ— പ്രഭോ! ഒരു കറുത്ത നിറമുള്ളവൻ വന്ന് അവനു ഭക്ഷണത്തിനു വല്ലതും വേണമെന്ന് ആവശ്യപ്പെടുന്നു. അവനു വാക്കു പറയാൻ കഴികയില്ല. മൂകനാണെന്നു തോന്നുന്നു. എല്ലാം ആംഗ്യംകൊണ്ടറിയിക്കുകയാണ്. അവന്റെ ആംഗ്യങ്ങളൊന്നും ഞങ്ങൾക്കു ശരിയായറിയുവാൻ പാടില്ല.

ക്രൂര— അവനു നാക്കില്ലേ? സംസാരിക്കുവാൻ പാടില്ലേ? വല്ലതും കൊടുത്തയയ്ക്കൂ.

ഭൃത്യ— ഭക്ഷണം കൊടുത്തു. പിന്നിട്ട് അവനു പോകാൻ മനസ്സില്ലാത്തതുപോലെ അവിടെത്തന്നെ ഇരിക്കുന്നു.

ഉദരാ— എനിക്ക് അവനെ കാണണമെന്നാശയുണ്ട്. അതിനു കാരണവുമുണ്ട്. അതു പിന്നെപ്പറയാം.

ഭൃത്യൻ ഉടനേ അവനെ കൂട്ടിക്കൊണ്ടുവന്ന് അവരുടെ മുമ്പിൽ നിറുത്തി. പ്രഭു അവനോട് സമീപത്തിൽ ചെല്ലുവാൻ ആജ്ഞാപിച്ചു. വേഷപ്രച്ഛന്നനായ ദേവദത്തൻ താൻ മൂകനാണെന്ന് ആംഗ്യംകൊണ്ടറിയിച്ചു.

പ്രഭു— പാവം, ഇവൻ ഊമയാണ്. കിഴക്കൻദേശങ്ങളിൽ ഇങ്ങനെയുള്ളവരെയാണ് വീട്ടുവേലക്കാരായി പാർപ്പിക്കാറുള്ളത്. ഉദരാനന്ദർ വല്ലതും എഴുതാനറിയുമോ? എന്ന് ആംഗ്യം കാണിച്ചുചോ

ദിച്ചു. അതിലേക്കം അവൻ തലകുലുക്കി മറുവടി പറഞ്ഞു.

കൃ--ഇവൻ ജനനവശാൽതന്നെ ഊമയായിരിക്കണം.

ഉദ--അങ്ങിനെയല്ല. ജനനത്താൽ ഊമയായാൽ ചെകിടനായും ഇരിക്കേണ്ടതാണു്. വ്യാധി നിമിത്തമോ മററു കാരണത്താലോ മൂകത്വം സംഭവിച്ചിരിക്കണം. ഇവന്നു് ഒരക്ഷരവും പറയാനാകില്ല. ഏതായാലും നമ്മുടെ പ്രധാനവിഷയത്തിനു് ഇവൻ പ്രയോജനപ്പെട്ടും.

പ്രഭു--അതെങ്ങിനെ?

ഉദരാ--കോട്ട ഏത്ര ബന്ധവസ്സിലിരുന്നാലും നിങ്ങളുടെ ഭൃത്യന്മാരിൽ എനിക്കു വിശ്വാസമില്ല. കുറച്ചുനാൾക്കു മുമ്പിൽ ഒരു സ്ത്രീ ഇതിനുള്ളിൽ നിന്നു് എങ്ങിനെയോ പൊയ്ക്കളഞ്ഞതായി നിങ്ങൾതന്നെ ഒരിക്കൽ പറയുകയുണ്ടായിട്ടുണ്ടല്ലോ. അവൾ പോയതെങ്ങിനെയെന്നു് ഇനിയും വെളിപ്പെട്ടിട്ടില്ല. പ്രതാപവീരനെ നിങ്ങളുടെ ആളുകൾ വിട്ടുകളകയാണു ചെയ്തതു്. കിഴക്കവശത്തുള്ളവരെ വിശ്വസിക്കുന്നതിൽ അപാകമില്ല. അതിനാൽ ഞാൻ ഇവരെ സൂക്ഷിച്ചുകൊള്ളാം. ശൂരസിംഹനെ കാക്കുന്നതിനു് ഇവൻ തക്കയോഗ്യനാണു്. ധനാശകൊണ്ടു് ഇവനെ മയക്കുവാൻ സാദ്ധ്യമല്ല. നമ്മുടെ ഉദ്ദേശം ഇവന മനസ്സിലാകത്തക്കവണ്ണം ആംഗ്യംകാണിക്കാം. നോക്കുക.

ദേവദത്തന്നു് ഒരു ആലോചന അധികം സന്തോഷമായിരുന്നു. അവന്റെ വേഷപ്രച്ഛന്നത തന്മയമായിരുന്നതിനാൽ ഉദരാനന്ദന്നു് അവൻ ഇന്നാരെന്നു കണ്ടുപിടിക്കുവാൻ കഴിഞ്ഞില്ല. ഉദരാനന്ദൻ അവന്റെ സമീപത്തുചെന്നു നീ വിശ്വാസമായിരുത്തിക്കുമെങ്കിൽ നിന്നെ വേലക്കാരനായി വച്ചുകൊള്ളാമെന്നു് ആംഗ്യം കാണിച്ചു ചോദിച്ചു. അവൻ അതിനെ അറിഞ്ഞു എന്ന നാട്യത്തോടെ സമ്മതിച്ചു് ആംഗ്യപ്രകടനം ചെയ്തു.

ഉദരാ—ഈ തരക്കാർ സൂക്ഷ്മബുദ്ധിയുള്ളവരാണു്. ഇനി ഇവനെ വിളിച്ചുകൊണ്ടുപോയി ശൂരസിംഹന്നു് കാവൽ നിറുത്തണം.

പ്രഭു:—ഊമകളെല്ലാം ഇങ്ങിനെതന്നെ. ഏതെങ്കിലും ഒരു പ്രധാന അംഗത്തിനു കേടുള്ളവർ പ്രായേണ ബുദ്ധിമാന്മാരായേ ഇരിക്കുകയുള്ളു.

ദേവദത്തൻ നന്ദികാണിക്കുന്ന മട്ടിൽ മുട്ടുകുത്തി ഉദരാനന്ദന്റെ പാദങ്ങൾ പിടിച്ചു് തന്റെ നെററിമേലണച്ചു. ഇതുകണ്ടു് ആ കള്ളസന്ന്യാസി സന്തോഷാധിക്യത്താൽ മതിമറന്നു് അവനെ കൂട്ടിക്കൊണ്ടു ശൂരസിംഹൻ ഇരിക്കുന്ന സ്ഥലത്തേക്കു പോയി, കൂടത്തെക്കടന്നു നീണ്ടതായ ഒരു താഴ്വാരത്തിൽകൂടി നടന്നു കല്പടികൾകയറി പാറാക്കാരൻ കാവൽ നില്ക്കുന്ന ഒരുവാതലിൽ എത്തി. അവിടെനിന്നു പൂട്ടപ്പെട്ടിരുന്ന മൂന്നറകൾവഴി ഒരു മുറിയിലെത്തി. അവിടെ കതകുണ്ടെന്നു

തോന്നുകില്ല. ഉദരാനന്ദൻ സൂത്രത്തിൽ ഒരു കമ്പി പിടിച്ചുതിരിച്ചപ്പോൾ ഒരു ഭിത്തിയിൽ ഇണക്കിയിരുന്ന കള്ളക്കതകു തുറന്നു. അവിടെനിന്ന് സുമാർ പത്തുകോൽ നീളമുള്ള ഒരു ഇടുങ്ങിയ ഗുഹാമാർഗ്ഗം കടന്ന് ഒരു കതകിന്റെ മുമ്പിലെത്തി. അതു വളരെ ബലിഷ്ഠമായ ഒരു വാതലായിരുന്നു. അതിൽ മൂന്നു പൂട്ടുകൾകൊണ്ടു് അപ്രതിരോധസ്ഥിതിയെ പ്രകാശിപ്പിച്ചു. ഉദരാനന്ദനും ദേവദത്തനും അതിനുള്ളിൽ കടന്നു. അവിടെ ഇരുമ്പഴികൾകൊണ്ടു നിർമ്മിച്ചിട്ടുള്ള ഒരു അഴിക്കൂട്ടിനുള്ളിൽ ശൂരസിംഹൻ ഒരു കസേരയിൽ ഇരുന്നു മേശപ്പുറത്തു കവിണ്ണു കിടക്കുന്നുണ്ടായിരുന്നു. ആ മുറിയിൽ എത്തിയ സമയം ഒരു ഉഗ്രമായ ഈട്ടി ഉദരാനന്ദന്റെ കൈയിൽ പിടിച്ചിരുന്നു. ഇവർ രണ്ടുപേരും മുറിക്കുള്ളിലെത്തിയ സമയം ശൂരസിംഹൻ സംഭ്രമിച്ചെഴുന്നേററു്, പരിതാപകരമായ നോട്ടങ്ങളോടുകൂടി ഇവരെ നോക്കിനിന്നു.

ഉദരാ:—രാജകുമാരാ! നിങ്ങൾ എന്റെ കൈയിൽ അകപ്പെട്ടുപോയിരിക്കുന്നു. ഞാൻ ചോദിച്ച രാജഭോഗം കൊടുക്കുന്നതായാൽ ഹിതാനുസരണം വിട്ടയയ്ക്കാം. അല്ലെങ്കിൽ എന്റെ കൈയിൽനിന്നു രക്ഷപ്പെടുക അസാദ്ധ്യമാകുന്നു.

ശൂരസിംഹൻ:—രാജശേഖരൻപ്രഭുവിന്റെ സഹായം എങ്ങനെയും എനിക്കുണ്ടാകാതെ ഇരിക്കയില്ല. അയാളുടെ സ്വഭാവത്തെക്കുറിച്ച് എത്രതന്നെ നിങ്ങൾ ദോഷപ്രഖ്യാപനംചെയ്താലും ഞാനവയെ വിശ്വസിക്കുകയില്ല.

ഉദ:—നിങ്ങളുടെ ഉള്ളിൽ വേരൂന്നിപ്പോയ ആ വിശ്വാസം അസ്ഥാനത്തിലുള്ളതാണ്. അയാൾ ക്രൂരവിജയനോട്ട് എഴുതിയയച്ചു ചോദിപ്പിച്ചതിൽ നിങ്ങളെപ്പററി യാതൊരു വിവരവും അറിവില്ലെന്നു മറുവടി അയച്ചിരിക്കുന്നു. ആ അന്വേഷണം അതോടെ അവസാനിച്ചുപോയി. നിങ്ങൾക്ക് ഇവിടെനിന്നും രക്ഷവേണമെന്നു വിചാരിക്കുന്നപക്ഷം കുറഞ്ഞതു മൂന്നുലക്ഷം രൂപാ തരണം. രാമപുരംജമീൻദാർക്ക് ഇതൊരു സാരമുള്ള തുകയല്ല.

ശൂര:—ചെറിയ കറുപ്പനെ വിട്ടയയ്ക്കുക. ഞാൻ അവനെ നീലേശ്വരത്തയച്ചു പണം വരുത്താം.

ഉദരാ:—അവൻ പോയി പട്ടാളം ശേഖരിച്ചു യുദ്ധത്തിനു വരും. അതൊന്നും സാദ്ധ്യമല്ല. നിങ്ങളുടെ ധനം എവിടെയോ മറച്ചുവെച്ചിട്ടുണ്ട്. ആ സ്ഥലം പറഞ്ഞാൽ ഞാനെടുത്തുകൊള്ളാം. നിങ്ങൾക്കു മോചനം ലഭിക്കുകയും ചെയ്യും. ഒരേ വാക്ക് ഇതിനു ഭേദമില്ല.

ശൂര.—എടാ! ചണ്ഡാല! ഞാൻ ചെലവിനുകൂടി പണമില്ലാതെ വലയുന്നു. യാത്രച്ചെലവു വിജയപുരംപ്രഭു തന്നതാണ്. അതും ഒരു പട്ടപാപി കൊള്ളചെയ്തുകൊണ്ടുപോയി. അങ്ങനെയിരിക്കേ നീ ഇങ്ങനെ ചോദിച്ചാൽ ഞാനെന്തുപറയട്ടെ!

ഉദ--മതി മതി; കുറെക്കൂടി ചെല്ലുമ്പോൾ നിനക്കു വേണ്ടതു തോന്നും. ഇപ്പോൾ നിനക്കൊരു കൂട്ടുകാരനെക്കൂടി കൊണ്ടുവന്നിട്ടുണ്ട്. ഇവൻ മൂകനാണു്,

ശൂര—ഊമയാണോ? നന്നായി!

ഉദ--അതെ; കിഴക്കേടികളിൽ കാവലിൻ പ്രസിദ്ധിയുള്ളവൻ നല്ല തുണയായിരിക്കും.

എന്നുപറഞ്ഞു രണ്ടുപേരെയും അതിനുള്ളിലിട്ടടച്ചുപൂട്ടി അയാൾ വന്നവഴിയേ മടങ്ങിപ്പോയി. അനന്തരം ശൂരസിംഹൻ ഇങ്ങനെ തന്നത്താനെ പറഞ്ഞു. മഹാദുഷ്ടൻ, നന്ദിയില്ലാത്തവൻ, ഞാൻ കൊടുത്ത ദ്രവ്യത്തിന്ന് അവധിയില്ല. എനിക്ക് ഇവിടെനിന്നും രക്ഷ കിട്ടുന്നതായാൽ ഇപ്പോൾ എനിക്കു കാവലിന്ന് ഒരു ഊമയേയും നിയോഗിച്ചിരിക്കുന്നു എന്നു പറയുന്ന സമയം പ്രഭുവേ! എന്നൊരു ശബ്ദം തന്റെ പുറകിൽ നിന്നും കേട്ടു ശൂരസിംഹൻ ഞെട്ടി പുറകോട്ടുനോക്കി.

ദേവ---പ്രഭോ! ഭയപ്പെടേണ്ട; ഞാൻ നിങ്ങൾക്കായിതന്നെ ഈ പ്രച്ഛന്നവേഷത്തിൽ വന്നതാണു്.

ശൂര---നീ ആര്? ഇവിടെ എങ്ങനെ വന്നുചേർന്നു?

ദേ---എന്റെ പേർ ദേവദത്തൻ.

ശൂര---ആ! കേട്ടിട്ടുണ്ട്.

ദേ—ഞാൻ രജതസൌധത്തിലേക്കു പോയിരുന്നു. അവിടെ വെച്ചു താങ്കളുടെ സഹോദരിയെക്കണ്ടു് ആ ഭാഗ്യവതിയോടു ചെയ്ത വാഗ്ദാനം അനുസരിച്ചു താങ്കളെ ഇവിടെനിന്നു വിമോചിപ്പിച്ചുകൊണ്ടു പോവാനായി വന്നതാകുന്നു.

ശൂ--ഭാഗ്യവതി ക്ഷേമമായ് ചെന്നുചേർന്നുവോ? അവൾ നിന്റെപക്കൽ ഒന്നും തന്നയച്ചില്ലേ?

ദേ– എന്റെ പക്കൽ ഒരു പൊതി തന്നിരുന്നു. എന്നാൽ അതുകൊണ്ടുവരുവാൻ എനിക്കു സമ്മതമില്ലാതിരുന്നതുനിമിത്തം ഞാൻ മടക്കികൊടുത്തുകളഞ്ഞു.

ശൂ—എന്താമടക്കികൊടുത്തതു്?

ദേ---അതിൽ വിഷമുണ്ടായിരിക്കുമെന്നു എനിക്കുസംശയമുണ്ടായി. ഞാൻ നിങ്ങളുടെ നല്ലനടത്തയ്ക്കായി ഈ സഹായംചെയ്യുന്നതല്ല. നിങ്ങളുടെ സഹോദരിയുടെ വാഗ്ജാലത്തിനും സാമർത്ഥ്യത്തിനും അടിമയായി ഇതിനു തുനിഞ്ഞതല്ല. സഹോദരിയുടെ സങ്കടം കണ്ടു ആർദ്രതയുണ്ടായതുനിമിത്തം എങ്ങനെയെങ്കിലും താങ്കളെ വിമോചിപ്പിച്ചുകൊടുക്കാമെന്നും അല്ലാത്തപക്ഷം ഈ പ്രയത്നത്തിൽപെട്ടു കാലധർമ്മത്തെ പ്രാപിക്കാമെന്നും വാഗ്ദാനംചെയ്തതനുസരിച്ചു വന്നതാകുന്നു.

ശൂ--നീ നിഷ്കളങ്കൻ; അതുനിമിത്തം നിന്നെ പൂർണ്ണമായി വി

ശപസിക്കാം. ഇതിൽനിന്ന് എങ്ങനെ രക്ഷപ്പെടാമെന്നു നീ വിചാരിക്കുന്നു?

ദേ—നല്ല ആയുധങ്ങളും ഒരു ബലമുള്ള പട്ടുകയറും എൻെറ പക്കലുണ്ട്.

ശ്രു—(ധൈര്യത്തോടെ) അതു മതി. പിന്നീടു വേണ്ടതു സൂക്ഷ്മബുദ്ധിയും ധൈര്യവുമാണ്.

ദേ—എന്നെ തടവിലടച്ചിട്ടില്ലായ്കയാൽ അപ്രസമയങ്ങളിൽ ഇതിനു വെളിയിൽ സഞ്ചരിച്ചു മാർഗ്ഗങ്ങളുടെ ബലാബലങ്ങളെ പരിക്ഷിക്കുവാനും സൌകര്യമുണ്ട്. എവിടമാണു സൌകര്യമുള്ളതെന്നു നോക്കിക്കൊള്ളാം. ബലമായ കാവലുള്ളതിനാൽ നേർവഴിയേ സാദ്ധ്യമല്ല.

ശ്രു—തടവിലടച്ചിട്ടില്ലെങ്കിലും കോട്ടകം വളരെ ബലവത്തായ സ്ഥിതിക്ക് അതിനുള്ളിൽ എവിടെയിരുന്നാലും അത്രബലമുള്ള ബന്ധനമായിത്തന്നെ വിചാരിക്കണം.

ദേ—അതേ, അതങ്ങനെതന്നെ; അക്കാര്യം ഞാൻ മറന്നിട്ടില്ല.

ശ്രു—കറപ്പനെക്കൂടി മോചിപ്പിച്ചു കൊണ്ടുപോകാനെന്താണുപായം?

ദേ—അവനെ നാം മോചിപ്പിക്കണമെന്നില്ല. നാം രക്ഷപ്പെട്ടാൽ അവർ അവനെ ഉടൻ വിട്ടുകളയും. താങ്കൾ ഇവിടുള്ള കഥ വെളിപ്പെടാതിരിക്കുന്നതിനാണ് അവനെയും ബന്ധനത്തിൽവച്ചത്. നാം വെളിപ്പെട്ടാൽ പിന്നെ അവനെ ഇവിടെ വച്ചതുകൊണ്ടു ഫലമില്ല. അതു വാസ്തവമാണ്.

ശ്രു—എന്നെ തടവിൽ വച്ചിരിക്കുന്ന ദുഷ്ടൻ ആരെന്നു നിനക്കറിയാമോ?

ദേ—അറിയാം, ഉദാരാനന്ദനല്ലേ?

ശ്രു—അവൻെറ വാസ്തവചരിത്രം അറിയാമോ?

ദേ—ഇല്ല, വേഗിംസംഘത്തിലെ ഒരു നായകൻ എന്നുമാത്രം അറിയാം.

ശ്രു—ദുഷ്ടകേതു എന്നൊരുവനെ കേട്ടിട്ടുണ്ടോ?

ദേ—കേട്ടിട്ടുണ്ട്, ഇരുപത്തഞ്ചുവത്സരത്തിനു മുമ്പിൽ ചക്രവർത്തിയുടെ പുത്രനെമാററി എടുക്കാൻനിശ്ചയിച്ച രാജദ്രോഹത്തിനായി തൂക്കിക്കൊല്ലപ്പെട്ടവനല്ലേ?

ശ്രു—അതേ.

ദേ—വലിയകറപ്പൻെറ കേസു വിചാരണചെയ്ത ദിവസം ദുഷ്ടകേതുവിനെ രണ്ടുപേർ കണ്ടിരുന്നതായി പറഞ്ഞുകേട്ടു,

ശ്രു—അതു സത്യമായിരുന്നു. ഉദാരാനന്ദൻതന്നെയാണ് ദുഷ്ടകേതു തൂക്കിചിട്ടശേഷം മരിച്ചുപോയി എന്നു വിചാരിച്ചു കൊലയാളികൾ

പരിശോധിക്കാതെ അവനെ കാട്ടിൽ തള്ളിക്കളഞ്ഞു. അവനു ബോധം വന്നശേഷം പതുക്കെ എഴുന്നേറ്റു പോയി. ഇങ്ങനെ അവൻ രക്ഷപ്പെട്ടു.

ദേവദത്തൻ ഇതുകേട്ടു ഭയന്നു. ഇങ്ങനെയാണോ? ഇവൻ എന്നെ കൊല്ലാൻ തരംനോക്കിയിരിക്കുകയാണ്. ഈ സംഗതി എനിക്ക് അറിവുണ്ടായിരുന്നതുകൊണ്ട് യഥാസമയം ഉപയോഗിക്കുന്നതിന് ഒരു നല്ല ആയുധമായിട്ടുണ്ട്.

പിന്നീട് അവർ മോചനമാർഗ്ഗത്തെക്കുറിച്ചു വിചാരിച്ചുതുടങ്ങി. നേരമാർഗ്ഗത്തൂടെ പോകുവാൻ സാധിക്കയില്ല. അനേകം വാതലുകളും കാവലുകളും ഉണ്ട്. അതിനാൽ ഇവിടത്തെ രണ്ടഴി മുറിച്ചാൽ പുറത്തിറങ്ങാം. കയറിട്ട് അതിൽ തൂങ്ങിയിറങ്ങുകയും ചെയ്യാം. അങ്ങനെയായാൽ ഈ കെട്ടിടം മുഴുവനും കടന്ന നിലയിലാകും എന്നു പറഞ്ഞു ദേവദത്തൻ പുറത്തിറങ്ങി എല്ലാടവും നോക്കി പരിശോധിച്ചുവച്ചു. നല്ല ഇരുട്ടത്തു വഴിതെറ്റി ശത്രുക്കളുടെ കൈയിൽ പെട്ടു, ആപത്തിലകപ്പെടാതിരിക്കുവാനുള്ള സൂക്ഷ്മങ്ങളെല്ലാം ചെയ്തുറപ്പിച്ചു. മൂന്നു ദിവസംകൊണ്ട് അഴികൾ കണ്ടിച്ചു. എന്നാൽ അതു് ആർക്കും നോക്കിയറിയാത്തവിധം മുറികളെ ചേർത്തുവയ്ക്കുകയും ചെയ്തു.

---

## അദ്ധ്യായം ൨൩.

ദേവദത്തൻ അവിടെച്ചെന്നതിന്റെ നാലാം ദിവസം രാത്രിയിൽ പന്ത്രണ്ടുമണിക്ക് അവർ അഴികൾ മുറിച്ചുമാറ്റി കയറുവഴിയായി മറുപുറത്തിറങ്ങി. ദേവദത്തനും ശൂരസിംഹനും കൂരിരുട്ടിൽകൂടെ നടന്നുപോയി. പാദപതനം അന്യർ കേൾക്കാത്തവിധം മന്ദമാക്കിയിരുന്നു. അങ്ങനെ അവർ നടന്നു കാവലില്ലാത്ത കോട്ടയുടെ ഒരു ഭാഗത്തുചെന്നു. ഇവർ പോകുംവഴി ഒരു മിന്നലുണ്ടായി. മിന്നൽവെളിച്ചംകൊണ്ട് ഇവരെ ഒരു കാവൽക്കാരൻ കാണുകയും അവൻ ഓടി അവരുടെ അടുത്തെത്തുകയും ചെയ്തു. ആരത്? എന്നു കാവൽഭടൻ ഉറക്കെച്ചോദിച്ചു. ഇതിനുത്തരമായി ശൂരസിംഹൻ ഭയസന്ത്രാസങ്ങൾകൊണ്ടു തന്റെ സർവ്വശക്തിയും ഉപയോഗിച്ച് ഒരടിക്ക് അവനെ നിലത്തു പതിപ്പിച്ചു. അവൻ അവിടെ കിടന്നു നിലവിളിച്ചു. നിലവിളികേട്ടു ഭടന്മാരുടെ ഇടയിൽ ഇളക്കമുണ്ടായി, ഉടൻ വെളിച്ചം പ്രകാശിച്ചു. അട്ടാലുകളിൽ നിന്നും വലിയ ചൂട്ടുകളിൽ നിന്നും വീശിയതായിരുന്നു. ഇതിനിടയിൽ ദേവദത്തനും ശൂരസിംഹനും മതിൽ ചാടിക്കടന്നു കിടങ്ങിലിറങ്ങി. അപ്പോഴേക്കു കോട്ടയുറന്നു കിടങ്ങിലെ പാലം ഇ

രക്കിയ ശബ്ദം കേട്ടു പാലത്തിൽകൂടി പലരും ആയുധപാണികളായി ഓടുന്നുണ്ടായിരുന്നു. അതുകണ്ടു, ദേവദത്തനും ശൂരസേനനും പാലത്തിൽനിന്നും വളരെ അകലമുള്ള ഒരു പുൽച്ചെടിയുടെ ഇടയിൽ മറഞ്ഞുനിന്നു; അവിടം ആഴം അധികമില്ലാത്ത സ്ഥലമായിരുന്നു. ആളുകളെല്ലാം പലവഴിക്കും ഓടിപ്പോയി; പാലത്തിന്റെ സമീപം നിശ്ശബ്ദമായി. ഈ തക്കം കണ്ടു് അവർ കിടങ്ങിന്റെ കരപററി നടന്നു പാലത്തിന്റെ തൂണിൽ പററിപ്പിടിച്ചു മുകളിൽകയറി വേഗത്തിൽ അകലത്തുള്ള ഒരു വൃക്ഷച്ഛായയിൽ മറഞ്ഞു. ആ സമയം ഇവരുടെ മുമ്പിലായി മുഴുവൻ കറുത്ത വസ്ത്രംകൊണ്ടു മൂടിയ ഒരാൾ പോകുന്നതുകണ്ടു. അവർ രണ്ടുപേരും അവനെ പിന്തുടന്നു കുറെ അകലമായപ്പോൾ ഇനി ഭയപ്പെടാനില്ലെന്നു ദേവദത്തൻ പറഞ്ഞു. ആ പോകുന്നതു് ഉദാരനന്ദനാണു് എന്നു ശൂരസേനൻ പറഞ്ഞു. നമുക്കവനെ കൂടി പിടിച്ചു കൊണ്ടുപോകണമെന്നു ദേവദത്തൻ കർണ്ണങ്ങളിൽ മന്ത്രിച്ചു.

അവർ പെട്ടെന്നു് ഉദാരനന്ദനെ കടന്നു പിടിച്ചു അവൻ ആയുധം പ്രയോഗിക്കുന്നതിനു മുമ്പായി അവന്റെ കൈകൾ രണ്ടും കെട്ടി. നിലവിളിച്ചാൽ നിന്റെ ജീവൻ യമലോകത്തു പോകും എന്നു പറഞ്ഞു ഭയപ്പെടുത്തി. ഉദാരനന്ദനു രണ്ടുപേരെയും മനസ്സിലായി. തൽക്കാലം അവരുടെ ഹിതം അനുസരിക്കുക മാത്രമേ ശരണമുണ്ടായിരുന്നുള്ളൂ. ഉദാരനന്ദന്റെ വായിൽ തുണി കയററി കെട്ടി. അവനെ അവർ രണ്ടുപേരുംകൂടി പിടിച്ചുവലിച്ചു് ഉദ്ദേശം രണ്ടുമൂന്നു നാഴിക അകലത്താക്കി. പിന്നീടു ശ്വാസോച്ഛ്വാസം ചെയ്തുകൊള്ളട്ടെ എന്നു പറഞ്ഞു വായിലെ കെട്ടഴിച്ചു. കൈകൾ രണ്ടും പിന്നാക്കം കെട്ടി. കാലുകൾക്കും സ്വാധീനം നടക്കാവുന്ന നിലയിൽ കെട്ടിട്ടു ബന്ധിച്ചു പതുക്കെ അവർ നടത്തിക്കൊണ്ടുപോയി.

ഉദാരാ:—നീയാണോ ദേവദത്തൻ?

ദേവ—അതേ; ഉമയായിരുന്നതു ഞാൻതന്നെയാണു്.

ഉദാര—നീ എന്നെ ജയിച്ചുകളഞ്ഞു. എന്റെ തന്ത്രങ്ങളെ ജയിച്ചു് എന്റെ ശക്തിയെ ക്ഷയിപ്പിച്ചിരിക്കുന്നു. ഇപ്പോൾ ഞാൻ നിന്റെ കൈക്കൂട്ടിൽ അകപ്പെട്ടു.

ദേവ:—ഈസമയം ദുഷ്ടകേതു രക്ഷപെട്ടാൽ അതു് എന്റെ തെററായിത്തന്നെയിരിക്കും.

ഉദ—ഈ രഹസ്യം ശൂരസേനൻ നിന്നോടു പറഞ്ഞുവോ?

ശൂര—നിന്നെപ്പോലെ പരമചണ്ഡാലനായ ദുഷ്ടനെ സംബന്ധിച്ചു് എന്തെങ്കിലും ഒത്താശ ചെയ്ക എന്നതുണ്ടാകുമോ? മിണ്ടാതിരിക്ക, ഈ കട്ടിയുള്ള വടികൊണ്ടടിച്ചു നിന്റെ തലച്ചോറു ചിന്തിച്ചുകളയും ഓർക്കുക.

ഉദാ—എന്നെ വിട്ടയയ്ക്കുന്നതായാൽ ഒട്ടേറെ ധനംലഭിക്കത്തക്ക രഹസ്യം പറഞ്ഞു തരാം. അതു യുവചക്രവത്തിനിയായ പത്മാവതിയെ സംബന്ധിച്ചതാകുന്നു.

ദേവ—നിന്നെ വിട്ടയയ്ക്കുന്നതിനുള്ള യാതൊരു ശ്രമവും ചെയ്യേണ്ട. അതിനുള്ള നിബന്ധനകളൊന്നും കേൾക്കുകയും വേണ്ട.

ഉദാ—ആ രഹസ്യം എങ്ങനെയുള്ളതെന്നു നിനക്കറിവില്ല. അതു മൂന്നു പേൾക്കു മാത്രമേ അറിവുള്ളു. അതിൽഒരുവനായ വലിയകറപ്പൻ നിൻെറ കൈയിൽ പെട്ടുമരിച്ചു മററു രണ്ടുപേരിൽ, ഭയം ഹേതുവായിട്ടു പുറത്തുപറകയേ ഇല്ല. പിന്നീട് അതുപുറത്താകുവാൻ ഞാനൊരുത്തനേയുള്ളു.

ദേവ.—നീ രണ്ടു വിഷയത്തിൽ തെററിപ്പോയി. നിൻെറ ആളിനെ ഞാൻ കൊന്നില്ല. അവൻഉരുണ്ടുവീണു് എല്ലുമുറിഞ്ഞു ചത്തു. ആ രഹസ്യം അറിയാവുന്നവർ രണ്ടു പേർമാത്രമല്ല. വലിയ കറപ്പൻ മരിക്കുന്ന സമയം മനസ്സ് തിരിഞ്ഞിട്ട്..........

ഉദാ—എല്ലാം പറഞ്ഞുകേൾപ്പിച്ചുവോ? ക്രൂരവിജയനെയും എന്നെയും കാട്ടിക്കൊടുത്തുവോ? (എന്നുതന്നെമറന്നു പറഞ്ഞു)

ദേവദത്തൻെറ ഉദ്ദേശം ശരിയാണെന്നു ബോധം വന്നു. ഉദരാനന്ദനെ നോക്കി നിൻെറ ഭൃത്യൻ എല്ലാം ശരിയായി പറഞ്ഞു. എൻെറ കൈവശം ചില എഴുത്തുകളുണ്ടു്. അതിൽ ആ രഹസ്യസംഗതി ആദിമുതൽ അവസാനംവരെ വിസ്താരമായി എഴുതീട്ടുണ്ടു്.

ശ്രു—നീ എങ്ങനെയും ദുഷ്ടമരത്തിൻെറ രുചിയെ വീണ്ടുംഅറിവാൻ സംഗതയാക്കിയിരിക്കുന്നു. അതു് അതക്കിതമാണു്.

ഉദരാനന്ദൻെറ അടിവയററിൽനിന്നും ഒരു തീക്ഷ്ണമായ തീജ്വാലപൊങ്ങി ഹൃദയത്തിനുള്ളിൽ കടന്നു അവൻെറ ബോധത്തെ തപിപ്പിച്ചു. എന്നാൽ അവൻെറ ദ്രോഹചിന്ത അതുകൊണ്ടവസാനിച്ചില്ല. അവൻ പിന്നെയും തുടൻ പറഞ്ഞു.

ഉദരാ—ഇനിയൊരു സംഗതിയുണ്ടു. ദേവദത്തൻ പറയുവാൻ പറഞ്ഞാൽ അവനെ വിശ്വസിച്ചു പറയുവാൻ ഒരുക്കമുണ്ടു്. അതിനെ ചക്രവത്തിയോടു പറഞ്ഞാൽ ധാരാളം ധനം ലഭിക്കും. വേഗിസംഘത്തിൻെറ സകല ഏപ്പാടുകളും അതിനെ സ്ഥാപിച്ചിട്ടുള്ളസ്ഥലവും അതിൽപെട്ട ജനങ്ങളും മററു് അതുസംബന്ധമായ വിവരങ്ങളും ഞാൻ പറഞ്ഞുകേൾപ്പിക്കാം.

ദേവ—ഛേ! ഛേ! പരമചണ്ഡാല! നിന്നെപ്പോലെ കുലദ്രോഹി ആരുമില്ല. നിന്നെപ്പോലെയുള്ള വിശ്വാസപാതകന്മാരോടുചെയ്യുന്നയാതൊരുവ്യവസ്ഥയും ആപല്ക്കരമാകുന്നു. നിൻെറ കാര്യം ചക്രവത്തിതന്നെ തീരുമാനിക്കേണ്ടതാകുന്നു.

ഉദരാനന്ദനു സാധിക്കാവുന്ന തന്ത്രങ്ങളെല്ലാം പ്രയോഗിച്ചുനോ

ക്കിയിട്ടും ഫലിക്കാതായതുകണ്ടു് അവന്റെ മനസ്സു ദ്രവിച്ചു നേത്രദ്വാരം വഴിയായി ജലമയമായി ഒഴുകിത്തുടങ്ങി. വെളുപ്പാൻ നാലുനാഴികയുള്ളപ്പോൾ അവർ മൂന്നുപേരും രജതസൌധാത്തിലെത്തി. ദേവദത്തൻ, താൻ നടത്തിയ സംഗതികളും ഉദരാനന്ദന്റെ പ്രവൃത്തികളും ചരിത്രവും മുഴുവൻ രാജശേഖരൻപ്രഭുവിനെ അറിയിച്ചു.

പ്രഭുവിനുണ്ടായ സന്തോഷം സീമാതീതമായിരുന്നു. ഏററവും വിലപിടിച്ച ഒരു രത്നാംഗുലീയം ദേവദത്തനു സമ്മാനിച്ചു. അതിൽ രാജശേഖരന്റെ സമ്മാനമെന്നറിയത്തക്ക മുദ്രകളുണ്ടായിരുന്നു. ഉദരാനന്ദനെ ബലമായ ബന്തവസ്സിൽവച്ചു. അവന്റെ മേൽനോട്ടം ദേവദത്തനായിരുന്നു. അടുത്തദിവസം ദേവദത്തൻ, തന്റെ സ്നേഹിതനെ ഏല്പിച്ചിരുന്ന പണവും എഴുത്തുകളും മടക്കിവാങ്ങി. തന്റെ സഹോദരനെ രക്ഷപ്പെടുത്തിയതിൽ ഭാഗ്യവതിക്കു് ദേവദത്തന്റെമേൽ അതിശയ സന്തോഷമുണ്ടായി. എന്നാൽ അവളുടെ ഉള്ളിൽ സൂക്ഷിച്ചിരുന്ന വെറുപ്പു് ഇതുമൂലം തള്ളിക്കളയാൻ അവളുടെ ദുഷ്ടശീലം സമ്മതിച്ചില്ല.

അതുകഴിഞ്ഞു മൂന്നാംദിവസം വിശ്വസ്ഥന്മാരും, ധീരന്മാരും, ബലിഷ്ഠന്മാരുമായ പന്ത്രണ്ടു ഭടന്മാരുമായി ദേവദത്തൻ ഉദരാനന്ദനെനീലേശ്വരത്തേക്കു കൊണ്ടുപോയി.

---

# അദ്ധ്യായം ൨൭.

മേലെഴുതിയ സംഭവങ്ങൾക്കുശേഷം ആറുവാരങ്ങൾകഴിഞ്ഞിരിക്കുന്നു. ഒരുദിവസം രാവിലെ ഏഴുമണിക്കു്, നീലേശ്വരത്തിലെ തടവുശാലയിൽ ഉദരാനന്ദൻ ശയിച്ചിരിക്കുന്നു. ആ ശാല ഭയങ്കരമായ കള്ളന്മാരെ അടച്ചിടുന്നതായിരുന്നു. പണ്ടു്, പ്രതാപവീരൻശിശുവായിരുന്നപ്പോൾ അയാളെ മാററിയെടുക്കാൻ ചെയ്തദുരാലോചന നിമിത്തം ദുഷ്ടകേതുവിനെ അടച്ചിരുന്ന സ്ഥലം അതുതന്നെയായിരുന്നു. ഉദരാനന്ദൻ എന്ന വ്യാജപ്പേരോടുകൂടി വർത്തിച്ചു് അനവധിദുഷ്കൎമ്മങ്ങൾ ചെയ്തതിന്റെ ഫലമായി അവൻ വീണ്ടും ആ തടവുശാലയിൽതന്നെ അകപ്പെടുവാൻ സംഗതിയായി.

ഉദരാനന്ദൻ ഉറക്കപ്പായിൽ നിന്നു് എഴുന്നേററു്, കാഴ്ചബംഗ്ലാവുകളിൽ അടയ്ക്കപ്പെട്ട സിംഹം, കടുവാ മുതലായ ദുഷ്ടമൃഗങ്ങളെപ്പോലെ കോപകലുഷമായ ൎമഷചിന്തയോടുകൂടി ആ മുറിയ്ക്കുള്ളിൽ അങ്ങട്ടും ഇങ്ങട്ടും നടന്നുകൊണ്ടിരുന്നു. ആ സമയം ഒരു കാവൽഭടൻ വാതൽതുറന്നു് അവനു ഭക്ഷണം കൊണ്ടുചെന്നു.

ഉദരാനന്ദൻ ആ കാവൽക്കാരനോട് "ഹേ സ്നേഹിത! നീ എന്നെ ഇതിൽനിന്ന് വിട്ടയച്ചാൽ നിനക്ക് അളവില്ലാത്ത ധനം തരാം. ഞാൻ അതു കഴിച്ചുവെച്ചിരിക്കുകയാണ്. നീ കൂടി എന്നോടൊന്നിച്ചു പോന്നുകൊൾക. നിന്നെ ഞാൻ കുബേരനാക്കാം" എന്നു പറഞ്ഞു. അതിലേക്ക് എന്നാൽ സാധ്യമല്ലെന്ന് അവൻ തലകുലുക്കി. എന്നാൽ എന്റെ ധനം മുഴുവനും തന്നേയ്ക്കാമെന്ന് ഉദരാനന്ദൻ വീണ്ടും പറഞ്ഞു.

കാവൽഭടൻ—എടാ! മുരാള! എന്നെ നീ മൂഢനാണെന്നു വിചാരിച്ചുവോ? ഞാൻ നിന്നെ വിശ്വസിച്ചു രാജശിക്ഷയെ ഗണിക്കാതെ കൂടെ വന്നാൽ വഴിയിൽവെച്ച് എന്നെ കൊന്നുകളഞ്ഞിട്ട്, കമ്പിനീട്ടാമെന്നു വിചാരിച്ചുവോ? ദുഷ്ടകേതു! നീ വേഗം ഭക്ഷണം കഴിച്ചിട്ട് എന്നോടൊന്നിച്ചു പോരുക. ഉന്നതസ്ഥിതിയിലുള്ള രണ്ടാളുകൾ നിന്നെക്കാണ്മാനായി കാത്തിരിക്കുന്നുണ്ട്. അതിനാൽ വേഗം തയാറായിക്കൊൾക.

ഉദരാ—ഇപ്പോൾ എനിക്ക് ആഹാരം വേണമെന്നില്ല. ഞാൻ കൂടി പോരാം പോകാം.

കാവൽ—നീ മുമ്പേ നട. നിന്നെപ്പോലുള്ളവരെ പുറകിൽ നിർത്തുന്നതു യോഗ്യമല്ല.

അവർ രണ്ടുപേരുംകൂടി തടവുശാലകളുടെ മേലധികാരിയായ ജയിലർ ഇരിക്കുന്ന സ്ഥലത്തു ചെന്നു. അവിടെ ഉദരാനന്ദനെ കാണ്മാനായി ചിലർ ഇരുന്നിരുന്നു യുവചക്രവർത്തി, യുവചക്രവർത്തിനി, വീരസിംഹൻ, താരാഭായി, ദേവദത്തൻ എന്നിവരായിരുന്നു. യുവചക്രവർത്തി ഉദരാനന്ദനെ നോക്കി ദുഷ്ടകേതു! നിന്റെ കൈകൊണ്ടല്ലേ പത്മാവതിയുടെ പിതാവിനെ കൊന്നതു്? ഒരു സമയം മാതാവിനെയും കൊന്നിരിക്കണം നീ ആ പാപത്തിനായി ഒരു കാര്യം ചെയ്യുമോ? അതായതു പത്മാവതിയെ സംബന്ധിച്ചുള്ള എന്റെ ചോദ്യങ്ങൾക്കു സത്യമായ മറുവടികൾ പറയാമോ?

ഉദരാ— അങ്ങനെ പറഞ്ഞാൽ എനിക്കെന്തു ഗുണം ചെയ്തു തരും?

യുവചക്രവർത്തി—നീ പറയുന്നതു തെളിവുകൾ ലഭിച്ചിട്ടുള്ള ലക്ഷ്യങ്ങൾക്ക് ഒത്തിരുന്നാൽ നിന്നെ തൂക്കിക്കൊല്ലുവാൻ ചെയ്തിട്ടുള്ള കല്പനയിൽനിന്നും ജീവപര്യന്തം തടവുശിക്ഷയാക്കി മാററുന്നതിനു ഞാൻ പരിശ്രമിക്കാം.

ഉദ—കേൾക്കുക; സത്യമായി എല്ലാം പറയാം.

അതു കേട്ടുപ്രതാപവീരൻ, താരാഭായിയുടെ പക്കലുണ്ടായിരുന്നതും ക്രൂരവിജയൻ താരാഭായിയെ തടവിൽ വച്ചിരുന്ന സമയം കണ്ടെടുത്തതുമായ എഴുത്തുകളെ ഉദരാനന്ദനെക്കാണിച്ചിട്ട്, ഇതിൽകാണുന്ന

തെല്ലാം സത്യമാണോ പറയുക എന്നു ചോദിച്ചു.

ഉദാ--(അതു വാങ്ങി നോക്കീട്ടു്)ഇതു ക്രൂരവിജയന്റെ അനുജന്റെ പത്നിയായ രത്നാംഗി എഴുതിയതാകുന്നു.

ആ എഴുത്തുകളെ പിതാവിനെ കാണിക്കണം, സൂക്ഷിച്ചുകൊൾക എന്നു പറഞ്ഞു പ്രതാപവീരൻ വീണ്ടും താരാഭായിയെ ഏല്പിച്ചു. ദേവദത്തനെ വഴിക്കുവെച്ചു കൊല്ലുന്നതിനായി വലിയകറുപ്പനെ നീ നിയോഗിച്ചിരുന്നുവല്ലോ. അവൻ പത്മാവതിക്കു കൊടുക്കാനായി ഒരു എഴുത്തു ദേവദത്തൻവശം ഏല്പിച്ചിരുന്നു. അതിനെ ഞാൻ വായിക്കാം എന്നു പറഞ്ഞു പ്രതാപവീരൻ താഴെ പറയുന്നവണ്ണം വായിച്ചു.

ഭാഗ്യവതി! ഈ എഴുത്തു താങ്കൾക്കു ലഭിക്കുന്ന സമയം ഞാൻ ജീവനോടിരിക്കുന്നതു ഭാഗിയല്ല, താങ്കൾ ഇതുവരെ വിചാരിച്ചിരുന്നതുപോലെ ഒരു സാധാരണസ്ത്രീയുടെ, സന്താനമല്ല. താങ്കളുടെ പിതാവു്, ക്രൂരവിജയന്റെ സഹോദരനായ സിംഹവർമ്മനാണു്. ഭവതിയുടെ മാതാവു് അയാളുടെ ധർമ്മപത്നിയായ രത്നാംഗിയാകുന്നു. ഭവതിയുടെ പിതാവിനെ ഉദാനന്ദൻ എന്ന പേരോടുകൂടി യോഗിസംഘത്തിന്റെ അദ്ധ്യക്ഷനായിരിക്കുന്ന ദുഷ്ടകേതുവാണു കൊന്നതു്. മാതാവു ക്രൂരവിജയന്റെ തടവുശാലയിൽ കിടന്നു വിഷം കുടിച്ചു മരിച്ചു. ഇതെല്ലാം ക്രൂരവിജയൻ ചെയ്യിച്ചതാകുന്നു. ഭവതി ശിശുവായിരുന്നപ്പോൾ എന്നെ ഏല്പിച്ചു കൊന്നുകളയാൻ ആജ്ഞാപിച്ചിരുന്നു. എനിക്കതിനു മനസ്സുവരാതെ സമീപത്തുള്ള ഒരാൾവശം വളർത്തുവാൻ ഏല്പിച്ചു. അല്പകാലം കഴിഞ്ഞു ഭവതിയെ വളർത്തിയിരുന്ന സ്ത്രീയും അവളുടെ ഭർത്താവും ജ്വരപീഡിതരായി മരിച്ചു. അടുത്തിരുന്നവർ ശിശുവായിരുന്ന ഭവതിയെ കൊണ്ടുചെന്നു രാജശേഖരൻപ്രഭുവിന്റെ ധർമ്മപത്നിക്കു കൊടുത്തു. ആ സുകൃതിനിയും താരാഭായിയുടെ മാതാവും ആയ രാജ്ഞി ഭവതിയെ വളർത്തി. ഈ സംഗതികളൊന്നും ഭവതിക്കറിവില്ല. ഞാൻ അനേകം ദുഷ്കൃത്യങ്ങൾ ചെയ്തുപോയിട്ടുണ്ടു്. എന്നാൽ അവയിൽവെച്ചു് ഇതൊന്നുമാത്രമാണു എന്റെ ഹൃദയത്തെ സന്താപിപ്പിച്ചുകൊണ്ടിരുന്നതു്. ഞാൻ ജീവനോടുകൂടിയിരിക്കുമ്പോൾ ഈ സംഗതി വെളിപ്പെടുത്തിയാൽ ജീവാപായം ഭവിക്കും. തന്നിമിത്തം മരണസമയം വരെ രഹസ്യമായി സൂക്ഷിക്കേണ്ടിവന്നു. ഇതെല്ലാം കേട്ടുകൊണ്ടിരുന്ന പത്മാവതിക്കു് അപ്പോഴാണു തന്റെയും മാതാപിതാക്കന്മാരുടെയും ചരിത്രം അറിവാൻ സംഗതിയായതു്. അതവളുടെ പരിശുദ്ധഹൃദയത്തിൽ വ്യസനരൂപമായ വിപ്ലവത്തെ ജനിപ്പിച്ചു. അവളുടെ നേത്രങ്ങൾ അശ്രുക്കളാൽ പൂർണ്ണങ്ങളായി.

പ്രതാപവീരൻ--ഹേ! ദുഷ്ടകേതോ! ഇതിൽ എഴുതിയിരിക്കുന്നതെല്ലാം സത്യമല്ലേ?

ഉദാ--അതെ; എല്ലാം സത്യം തന്നെ.

പ്രതാ—നീ നടത്തിയ സകല സംഗതികളും പത്മാവതിയുടെ ചരിത്രവും നീയെഴുതി ഒപ്പിട്ട് ഇവിടെത്തരണം. ഞങ്ങൾ ഇതു് ആവർത്തിച്ചാവർത്തിച്ചു പലരോടും പറയേണ്ടതായി വരും. ആ സമയത്തിൽ ഈ രേഖകൾ കാണിച്ചാൽ അതൊരു ഭ്രമക്കുറവും പൊടിപ്പും തൊങ്ങലുംവച്ച് ഉള്ളതും ഇല്ലാത്തതുംകൂടി കൂട്ടിപ്പറയാതിരിക്കുന്നതിനു പര്യാപ്തവും ആയി ഭവിക്കുന്നതാകുന്നു.

ഉദാ—നാളെക്കാലത്തു തന്നെ എഴുതി ഏല്പിക്കാം.

പ്രതാ—ഇനി ക്രൂരവിജയനെപ്പിടിച്ചു ബന്ധിച്ചുകൊണ്ടുവരുന്നതിനു സൈന്യത്തെ അയയ്ക്കാൻ തീർച്ചയാക്കിയിരിക്കുന്നു. എന്നാൽ അവിടെവച്ച് അതു യുദ്ധമായി പരിണമിക്കുന്നപക്ഷം അനേകം നിരപരാധികളുടെ ജീവൻ അതുനിമിത്തം നശിക്കുവാനിടയുണ്ടല്ലോ. അങ്ങനെ ചെയ്യാതെ അവനെ ഇവിടെ കൊണ്ടുവരുവാൻ വല്ല തന്ത്രവുമുണ്ടോ? നിങ്ങൾ രണ്ടുപേരും വേഗിംസംഘത്തിൽപെട്ടവരാകകൊണ്ട് അതിനു സൌകര്യമുണ്ടാകുമോ?

ഉദാ—അങ്ങനെ സാധിക്കാം. ഞാൻ കൊടുക്കുന്ന എഴുത്ത് ഹോട്ടലുടമസ്ഥൻ നാഗേന്ദ്രത്തെ ഏല്പിച്ചാൽ സംഗതികൾ സാധിക്കും.

എന്നുപറഞ്ഞു താഴെക്കാണുന്നവിധം ഒരെഴുത്തെഴുതിക്കൊടുത്തു.

നാഗേന്ദ്രത്തിന്—"നീ ഏതുവിധത്തിലും ഉപായേന ക്രൂരവിജയനെ ഹോട്ടലിൽ വരുത്തി ഈ വരുന്നആൾവശം ഏല്പിക്കണം എന്ന് ഈരട്ടിനാടയാൽ ആജ്ഞാപിക്കുന്നു. ഇതിൽ ലേശവും തെറ്റു വരരുത് എന്ന് ഉദാനന്ദൻ" എന്നെഴുതിക്കൊടുത്തു. ആ എഴുത്തിന്റെ പുറത്ത് ഈരട്ടിനാടയുടെ മുദ്ര പതിച്ചു. പ്രതാപവീരൻ ആ എഴുത്തു വാങ്ങി ദൂതന്റെകൈയിൽ കൊടുത്തയച്ചു.

പിന്നീട് ഉദാനന്ദനെ അവന്റെ തടവുമുറിയിലേക്കു കൊണ്ടുപോയി അടച്ച് എഴുതുവാനുള്ള ഉപകരണങ്ങളും കൊടുത്തു. അന്ന് എല്ലാവരും പിരിഞ്ഞു. പിറേറന്നാൾ എല്ലാവരും മുൻപോലെ കൂടി. ഉദാനന്ദന്റെ ചരിത്രം മുഴുവൻ എഴുതിക്കൊണ്ടുവന്ന് പ്രതാപവീരന്റെകൈയിൽ കൊടുത്തു. അതിൽ അവൻ ചക്രവർത്തിയുടെ ഭടനായിരുന്നതുമുതൽ നാളതുവരെയുള്ള സകല വിവരങ്ങളും അടങ്ങിയിരുന്നു.

---

## അദ്ധ്യായം ൨൭.

അടുത്ത ദിവസം സന്ധ്യാസമയം ഉദാനന്ദൻ അവന്റെ തടവുശാലയിൽ ഇരിക്കുന്നുണ്ടായിരുന്നു. ഒരു വിളക്ക് അവന്റെ മുമ്പിൽ എരിഞ്ഞുകൊണ്ടിരിക്കുന്നു. അവന്റെ മുഖം അപ്പോൾ പ്രസന്നമാ

യിരുന്ന തന്നെത്താനെ ഇങ്ങനെപറഞ്ഞു. "ഭേഷ്! ക്രൂരവിജയനോട്ട ശരിയായി പകരം വീട്ടികഴിഞ്ഞു. എന്നോട്ട നന്ദികാണിക്കാതെ, എന്നെ അലക്ഷ്യമായി വിചാരിച്ചു വന്നതിന്റെ ഫലം ഇപ്പോഠം അവന്റ മനസ്സിലായിരിക്കണം. വീരസിംഹൻപ്രഭുവിനെ ഇനിയും കണ്ടില്ലല്ലോ" ഇങ്ങനെ അവൻ വിചാരിച്ചുകൊണ്ടിരിക്കുമ്പോഠം വാതൽ പെട്ടന്ന തുറക്കപ്പെട്ടു. വീരസിംഹൻ ഉള്ളിൽ പ്രവേശിച്ചു. "നമ്മുടെ സംഭാഷണം അവസാനിക്കാൻ അധികസമയം വേണ്ടിവരുമോ" എന്ന പ്രഭുചോദിച്ചു.

ഉദരാ:--അധികസമയം ആവശ്യമില്ല.

ജയിലർ പ്രഭുവിനെ അതിനുള്ളിൻ വിട്ടിട്ടു കതകടച്ചുംവെച്ചു പോയി.

ഉദരാ--പ്രഭോ! എന്നെ വിട്ടയയ്ക്കണം. അതു സിദ്ധാന്തമായിരിക്കണം.

വീര--എന്താ! അധികപ്രസംഗം പറയാതെ (എന്നകോപത്തോട്ട കൂടി പറഞ്ഞു.)

ഉദരാ--താങ്കഠം രാമപുരത്തുകോട്ടയിൽവച്ച് അവമാനിച്ചതിനെ ഞാൻ മറന്നിട്ടില്ല. തന്നിമിത്തം താങ്കളുടെ മേൽ എനിക്കുള്ളവിരോധത്തെ തീക്കുവാൻ എനിക്കു കഴിയുമെന്നും ആ ഒരു സംഗതികൊണ്ടു താങ്കഠം എനിക്ക് ആനുകൂല്യപ്പെട്ടുമെന്നുംഞാൻ വിശ്വസിക്കുന്നു. ഒരേ വാക്കുമാത്രം. എന്നെ വിട്ടയപ്പിക്കണം. ചക്രവത്തിയും താങ്കളുമായുള്ള സൌഹാർദ്ദശക്തിക്ക് ഈ സംഗതി പ്രയാസമുള്ളതിലൊന്നല്ല.

വീര:--അടാ! കൊലപാതക! നീ തെററായിഎന്നെ വിചാരിച്ചിരിക്കുന്നു. ഒരു പുഴുവിനെ കൊല്ലുന്നതുപോലുള്ള പ്രയത്നമേ വേണ്ടു നിന്റെ ജീവഹാനി വരുത്തുന്നതിന്ന" എന്നുള്ളത് ഓമ്മയിൽഇരിക്കട്ടെ.

ഉദരാ:--നിങ്ങഠം രാജദ്രോഹിയല്ലേ? യുവചക്രവത്തിയുടെസന്താനത്തെ മാററിയെടുത്ത നിങ്ങളിൽ രാജദ്രോഹകുററം ഇരിക്കുകില്ലേ? കോകിലം എഴുതിയ എഴുത്ത് എന്റെ പക്കലുണ്ട്. അതു ഭാഗ്യവതി എന്നെ ഏല്പിച്ചിരിക്കുകയാണ്. എന്റെ വിമോചനം സാധിപ്പിക്കാത്തപക്ഷം ഇതിനെ ഞാൻ പ്രതാപസിംഹൻവശംകൊടുക്കുന്നതാണ് എഴുത്ത് ഇതാനോക്കുക.

വീര--അടാ മൂഢ! എന്റെ അപായശംകയെ നീ സൂചിപ്പിക്കുന്നുവോ? ആ എഴുത്തു ഒരുനിമിഷം കൊണ്ടു ഭസ്മമാക്കാൻ എനിക്കു കഴിയും എന്നെമിരട്ടാമെന്നുള്ള ബുദ്ധിവിട്ടുകളയുക.

ഉദരാ--ഈ വിദ്യയ്ക്ക് ഞാൻ ഭയപ്പെടുന്നവനല്ല.

വീര—ആ! അങ്ങനെയാണോ? നോക്കു.

എന്നുപറഞ്ഞു ആഎഴുത്തിന്റെനേരെ കണ്ണുതുറന്ന് അല്പനേരം

സൂക്ഷിച്ചുനോക്കി. പെട്ടെന്നു ആ എഴുത്തിൽ തീകയറി എരിഞ്ഞു ചാരമായി വീണു. ഈ അപൂൎവ്വസംഭവംകണ്ടു് ഉദരാനന്ദൻ ഭയന്നുസകല നാഡികളുംസ്തബ്ധമായി നിശ്ചേഷ്ടതയോടെ നിന്നുപോയി. "ഇതെന്തുജാലം. പ്രഭോ. ഈ ജാലത്തിനു ഞാൻ ഭയപ്പെടുന്നവനല്ല. നിങ്ങൾ ഈ എഴുത്തിനെ നശിപ്പിച്ചതുകൊണ്ടു ജയം നേടിയില്ല. സംഗതികൾ ഞാൻ തന്നെ പറഞ്ഞുകൊള്ളാം. ഇതു സത്യം വേഗം മറുവടിപറയൂ. എന്നെവിട്ടയയ്ക്കുമോ ഇല്ലയോ? എന്നു ചോദിച്ചു.

വീര--എടാ!മഠാ! തൂക്കമരത്തിൽനിന്നു തപ്പിപ്പിഴച്ചശിവഗ്ഗുവമേ! നിന്റെ വാക്കെട്ടുന്നതിനു എനിക്കുകഴിയും. നിന്റെപ്രാണനെയുംകളയാം ക്ഷമിച്ചുകൊൾക.

ഉദാ--നിങ്ങൾക്കു എന്നെ അടയ്ക്കുന്നതിനും സാമൎത്ഥ്യമുണ്ടോ ഈ ജാലത്തിനെല്ലാം ഉദരാനന്ദൻ ഭയപ്പെടുന്നവനല്ല. നിന്റെ ഗൎവ്വമെല്ലാം നശിപ്പിക്കുന്നതുണ്ടു് നോക്കിക്കൊള്ളുക. ഇതാജയിലർ വരുന്നു. ആദ്യം അയാളോടുതന്നെപറയും. എന്താപറയുന്നതു്? വേഗം ആകട്ടെ.

വീര--എടാ!നായേ! നിനക്കുകഴിയുന്നതുപോലെ ചെയ്ക. നിന്റെ ആയുസ്സുകുറുകിപ്പോയിരിക്കുന്നു.

ഉദരാനന്ദൻ ഭയം കൂടാതെ "എടാരാജദ്രോഹീ" എന്നുഉച്ചത്തിൽ നിലവിളിച്ചതും ആ! എന്നുപറഞ്ഞു വീരസിംഹൻ അവന്റെമേൽ പാഞ്ഞു ആക്രമിച്ചതും ഒന്നായികഴിഞ്ഞു. ഉദരാനന്ദന്റെ തുറന്ന വായ് അടയാതെ അങ്ങനെതന്നെയിരുന്നു. ജയിലരും അകത്തുകടന്നു ചെന്നു. വേഗം ഒരു വൈദ്യനെ കൂട്ടിക്കൊണ്ടുവരുവാൻ പ്രഭു ജയിലരോടാജ്ഞാപിച്ചു. ജയിലർ പോയി വൈദ്യനെ കൊണ്ടുവന്നു. അതിനുള്ളിൽ ഉദരാനന്ദൻ ശവമായിഭവിച്ചു.

അനന്തരം അവനെ എടുത്തു മറവുചെയ്യാൻ ഏൎപ്പാടു ചെയ്തിട്ടു വീരസിംഹൻ പുറത്തുപോയി. ക്രൂരവിജയൻ തന്റെ പിതാവിന്റെ സഹോദരനാണെന്നറിഞ്ഞ പത്മാവതി, അയാളെ കൊല്ലരുതെന്നു ഭൎത്താവിനോടപേക്ഷിച്ചു. തന്റെ പത്നിയുടെ പിതൃഭക്തികണ്ടു വിസ്മയിച്ചിട്ടു,പ്രതാപവീരൻ നിന്റെ അപേക്ഷയെ ഞാൻ അംഗീകരിക്കുന്നു. അവൻ വിമോചനാൎഹനല്ല. അവൻചെയ്ത കുറ്റംകൊണ്ടു അവന്റെ ശരീരത്തിൽ ജീവനിരിക്കുമ്പോൾതന്നെ പട്ടികളെക്കൊണ്ടു തീറ്റിക്കേണ്ടതാകുന്നു. പരിശുദ്ധയായ നിന്റെ ദയ അസ്ഥാനത്തിലാണെങ്കിലും അവനെ പാതാളക്കിടങ്ങിൽ അടച്ചിടുകയെന്നതു് ഒഴിച്ചുകൂടാൻപാടില്ലാത്തതാകുന്നു. അതിനെ നീ എതിൎക്കരുതു്. മരണപൎയ്യന്തം അവൻ അതിൽ കിടക്കട്ടെ.

എന്നുപറഞ്ഞു് ആയിരത്താൾക്കാരോടുകൂടി ദേവദത്തനെ അയച്ചു. ക്രൂരവിജയനെ പിടിച്ചുചങ്ങലവച്ചുകൊണ്ടുവരുവാനുള്ള കല്പന

ചക്രവൎത്തിയുടേതാകുന്നു. ദേവദത്തൻ ആയുധപാണിയായി സൈന്യസമേതം നാഗേന്ദ്രത്തിന്റെ ഹോട്ടലിൽ ചെന്നു. നാഗേന്ദ്രം വീണ്ടും ദേവദത്തനെ കാണ്മാൻ ഇടയായതിൽ വിസ്മയിച്ചു. ആദ്യം ഉദരാനന്ദനുവേണ്ടി താൻതന്നെ അവനെ കൊല്ലാൻ യത്നിച്ചതു ഫലിച്ചില്ല. പിന്നീടു വലിയകുറുപ്പിനെ അതിന്നായി നിയോഗിച്ചിരുന്നു. അതിൽനിന്നും തെറ്റുകയും ഇപ്പോൾ പിന്നെയും ഹോട്ടലിൽ നിർഭയം വരികയും ചെയ്തപ്പോൾ അവന്റെ വിസ്മയം ശതഗുണീകരിച്ചു. നാഗേന്ദ്രം വേഗിസംഘത്തിൽപെട്ടവനെന്ന വസ്തുത ദേവദത്തൻ മനസ്സിലാക്കിയിരുന്നു. ചെന്നപാടെ ഉദരാനന്ദന്റെ എഴുത്തു നാഗേന്ദ്രത്തിന്റെ കൈയിൽകൊടുത്തു. അവൻ അതു വാങ്ങി വായിച്ചുനോക്കി.

നാഗേന്ദ്രം—ഉദരാനന്ദൻ എവിടെ?

ദേവദത്തൻ— അതൊന്നും ഇപ്പോൾ ചോദിക്കേണ്ട. എഴുത്തിൽ പറഞ്ഞിട്ടുള്ളതുപോലെ ചെയ്യുക. നിന്റെ തന്ത്രങ്ങളൊന്നും എടുക്കരുത്; എടുത്താൽ നീയും ബന്ധനത്തിലാകും. നോക്കു. എന്നോടുകൂടെ നിൽക്കുന്നവർ ചക്രവൎത്തിയുടെ സൈന്യമാണ്. സംശയമുള്ളവരെ ഒക്കെയും ബന്ധിക്കുവാൻ എനിക്കധികാരം തന്നിട്ടുണ്ട്. ഇതു കല്പന വായിച്ചുനോക്കുക. എന്നുപറഞ്ഞിട്ടു കല്പന അവനെ കാണിച്ചു.

എനിക്കു ഉദരാനന്ദന്റെ കല്പന ഒന്നുമാത്രം മതി. ഞാൻ യാതൊരു ചതിവും ചെയ്യുകയില്ല. എന്നുപറഞ്ഞു അവൻ ഉടൻതന്നെ ക്രൂരവിജയന്റെ രാജധാനിയിലേക്കു പുറപ്പെട്ടു. അവൻ ഉദ്ദേശം നാലുമണിക്കൂറിന്നുള്ളിൽ മടങ്ങിയെത്തി. അവൻ എന്തു തന്ത്രം ഉപയോഗിച്ചോ എന്നറിഞ്ഞില്ല. ക്രൂരവിജയനെക്കൂടി കൂട്ടിക്കൊണ്ടുവരികയാണു ചെയ്തതു. രണ്ടുപേരും ഹോട്ടലിന്നുള്ളിൽ കയറിയ ഉടനെ ദേവദത്തൻ ക്രൂരവിജയന്റെ സമീപത്തു ചെന്നു, പ്രഭോ! ഞാൻ ചക്രവൎത്തിയുടെ കല്പനയനുസരിച്ചു താങ്കളെ ബന്ധനത്തിലാക്കിയിരിക്കുന്നു എന്നു പറഞ്ഞു.

ക്രൂരവിജയൻ ഓഹോ! മോശം സംഭവിക്കുകയാണു ചെയ്തതെന്നു വിചാരിച്ചു, പെട്ടെന്നു തന്റെ ഖഡ്ഗത്തെ ഉറയിൽ നിന്നും ഊരി. അതിന്നുള്ളിൽ ഭടന്മാർ അവനെ വളഞ്ഞു.

ദേവ—പ്രഭുവേ! വെറുതെ ഒന്നിനും ഇടഞ്ഞിട്ടാവശ്യമില്ല.

ക്രൂരവി—എന്തു കുറ്റത്തിനായി എന്നെ ബന്ധിക്കുന്നു.

ദേവ— അടുത്തുവരു തനിച്ചു പറയാം.

ഉടനെ ദേവദത്തനും ക്രൂരവിജയനും അല്പദൂരത്തു ചെന്നുനിന്നു നിങ്ങൾ ജ്യേഷ്ഠനെയും ജ്യേഷ്ഠത്തിയെയും കൊന്നസംഗതി വെളിപ്പെട്ടിരിക്കുന്നു എന്നും, ഉദരാനന്ദൻ സകലസത്യവും പറഞ്ഞു എന്നും പറഞ്ഞുകേൾപ്പിച്ചു. ആ! ദുഷ്ടകേതുവോ? എന്നു പ്രഭുപറഞ്ഞു. അതോ

ട്കൂടി സർവ്വാംഗവും സ്തംഭിച്ചു അവന്റെ കഠിനഹൃദയവും ധൈയ്യവും സൂയ്യകിരണങ്ങളിൽ ഹിമകണങ്ങളെന്നപോലെ ആവിയായി വായുമണ്ഡലത്തിൽ ലയിച്ചു.

അനന്തരം ൮ റേ ഭടന്മാരെ ക്രൂരവിജയനു കാവൽനിറുത്തിട്ടു ദേവദത്തൻ ബാക്കി സൈന്യത്തോടുകൂടി ക്രൂരവിജയന്റെ രാജധാനിയിലേക്കുപോയി. കോട്ടയിൽ എത്തിയപ്പോൾ അവിടുള്ള കാവൽഭടന്മാർ എതിൎത്തു. ക്രൂരവിജയനെ ബന്ധിച്ചു തടവിൽ വച്ചിരിക്കുന്നു എന്നും കോട്ട സ്വാധീനപ്പെടുത്തുവാൻ ചക്രവൎത്തിയുടെകല്പനയുണ്ടെന്നും, പറഞ്ഞു് കല്പന അവരെ കാണിച്ചു. അവർ അതിനെ ആദരിച്ചു ആ സമയം ആവിടെ വീരസിംഹൻ പ്രഭുവും ദേവദത്തനു സഹായിക്കാനായി വന്നുചേന്നു. രണ്ടുപേരും കൂടി ഉദരാനന്ദൻ പറഞ്ഞതനുസരിച്ചു ദത്താംഗിയുടെ ശവം കുഴിച്ചിട്ടിരുന്ന സ്ഥലം തോണ്ടിനോക്കി. അവിടെ അസ്ഥിക്കൂടങ്ങൾ കാണപ്പെട്ടു. അതെടുത്തു വേണ്ടവിധം സംസ്കരിച്ചു. സിംഹവമ്മന്റെയും ദത്താംഗിയുടെയും ഛായാപടങ്ങളിരുന്നതെടുത്തു, തന്റെകൂടെയുള്ള സൈന്യനേതാവിനെ അവിടെ നിയമിച്ചു. അയാളുടെ സഹായത്തിനായി കുറെ സൈന്യത്തെയും അവിടെ പാൎപ്പിച്ചു. മായപുരം ജമീൻ മുഴുവനും സ്വാധീനപ്പെടുത്തി.

അതിനുശേഷം കുറച്ചു സൈന്യവും വീരസിംഹനുമായി ദേവദത്തൻ നാഗേന്ദ്രത്തിന്റെ ഹോട്ടലിൽചെന്നു. അവർ അവിടെഎത്തിയഉടൻ ഒരു ഭടൻ ഓടിച്ചെന്നു ക്രൂരവിജയൻ ആത്മഹത്യചെയ്തു എന്നുപറഞ്ഞു. അവന്റെ മടിക്കുള്ളിൽ ഒരു കഠാരി ഉണ്ടായിരുന്നുവെന്നും അതുകൊണ്ടുതന്നെതാൻ കുത്തിമരിച്ചുഎന്നും ഉള്ളസംഗതിപരിശോധനയിലും സത്യമായിരുന്നു. രാജശേഖരൻപ്രഭു താരാഭായിക്കുകൊടുക്കാനായി എല്പിച്ചിട്ടുള്ള എഴുത്തും ശൂരസിംഹനും ഭാഗ്യവതിയും തന്റെവകയായ യാതൊരു രാജ്യങ്ങളിലും ഇരിക്കുവാൻപാടില്ലെന്നും അവർദ്ദുഷ്ടരാണെന്നും അവരെഎത്രയുംവേഗം ഉദയപുരത്തുനിന്നുനിഷ്കാസിക്കണമെന്നും ചക്രവത്തി കൊടുത്തിട്ടുള്ള എഴുത്തും ദേവദത്തൻ വീരസിംഹനെ എല്പിച്ചു.

ദേവദത്തൻ ബാക്കിവന്നസൈന്യത്തെയുംദാസിയെയുംകൂട്ടിക്കൊണ്ടു നീലേശപുരത്തു മടങ്ങിയെത്തി പ്രതാപവീരനെക്കണ്ടു താൻ ചെയ്ത പ്രവൃത്തികളെ എല്ലാം അറിയിച്ചു. അതുമുതൽ ദേവദത്തൻ ചക്രവൎത്തിയുടെയുംയുവചക്രവത്തിയായ പ്രതാപവീരന്റെയുംവിശേഷിച്ചുപത്മാവതിയുടെയും സൌഹാൎദ്ദാനുമോദനങ്ങൾക്കുപാത്രമായിഭവിച്ചു. ഒരു സ്നേഹിതന്റെനിലയിൽ പ്രവൎത്തിക്കത്തക്ക സ്ഥിതി രാജകുടുംബത്തോടുണ്ടായി. ക്രമേണജനസാമാന്യത്തിൽ ഉന്നതിയും സ്ഥാനബഹുമാനങ്ങളുമുണ്ടായി. ദേവദത്തന്റെ സ്നേഹത്തിനായി മാത്രമെങ്കിലും അവന്റെ പടങ്ങൾ വാങ്ങുക എന്നതുനാട്ടുകാക്കു സാധാരണ

മായി അവനെക്കൊണ്ടുമാനംസ്വൈരസല്ലാപങ്ങൾചെയ്യാനും മൈത്രീസമ്പാദനത്തിനുമായി അവൻെറ വസതിയിൽ ജനങ്ങൾ കൂടിത്തുടങ്ങി.

താമസിയാതെ ദേവദത്തനെ ക്രൂരവിജയൻെറ രാജ്യത്തെജമീൻദാരായി വാഴിച്ചു് പ്രഭുസ്ഥാനവും നൽകി. അവൻ രാജ്യം, കൈകേയറാവിവരം പ്രഭുകുമാരമോഹനനെ അറിയിച്ചു. അയാൾക്കു ദേവദത്തൻെറ അഭ്യുന്നതിയിൽ നിർവ്യാജമായ സ്നേഹവും അനുമോദനവുമുണ്ടായി. അവൻ അല്പദിവസംകഴിഞ്ഞു് അവിടെച്ചെല്ലുമെന്നും ആ അവസരത്തിൽ ശാരദാംബയെ തനിക്കായി തരണമെന്നും അറിയിച്ചിരുന്നു. ഈ വർത്തമാനംകേട്ടു ശാരദ പരമാഹ്ലാദയായി ഭവിച്ചു. അവൾ ആശിച്ചതുപോലെ സർവ്വവിജയിയായ ഒരു ധർമ്മിഷ്ഠനെ ലഭിക്കുവാൻ യോഗമുണ്ടായതിൽ പ്രഭുകുമാരമോഹനനുണ്ടായ സന്തോഷം അതിരില്ലാത്തതായിരുന്നു.

കുറേനാൾ കഴിഞ്ഞു ദേവദത്തൻ പ്രഭുകുമാരമോഹനൻെറ ഇളയകുമാരിയായ ശാരദാംബയെവിവാഹംചെയ്തു മായാപുരത്തെത്തിരാജ്യഭരണം നീതിപൂർവ്വംനടത്തിവന്നു. തൻെറധനത്തെ രണ്ടായി പകുത്തു നേർപകുതി കന്യകാദാനമായി പ്രഭുകുമാരമോഹനനു കൊടുത്തു. എന്നാൽ അയാളുടെമരണപര്യന്തം അയാളുടെപക്കൽവെച്ചുകൊള്ളുവാനും പിന്നീടു വാങ്ങിക്കൊള്ളുവാനും നിശ്ചയിച്ചു ദേവദത്തൻ വിവരം തെര്യപ്പെടുത്തി. അയാളുടെ ത്യാഗശീലത്തെ പ്രഭുകുമാരൻ അഭിനന്ദിച്ചു.

ശൂരസിംഹനെ രാജ്യഭ്രഷ്ടനാക്കി. അവൻ പല സ്ഥലത്തും അലഞ്ഞുതിരിഞ്ഞു ഒരു ദിക്കിൽ തടവുകാരനായി ഭവിച്ചു. അവിടെ കിടന്നു അവൻ നടത്തിയ ദുഷ്ടകർമ്മങ്ങളുടെശാന്തിക്കായി ദൈവത്തെസ്മരിച്ചു. ഇങ്ങനെ ഏകദേശം രണ്ടു കൊല്ലങ്ങൾ കഴിഞ്ഞു. ആകാലത്തിൽ ഈവിവരം എങ്ങനെയോ ചെറിയകറപ്പൻ അറിഞ്ഞു അവിടെയെത്തി; ജയിൽശിപായിയെസ്വാധീനംചെയ്തു് ഒരു സാധനം ശൂരസിംഹനു കൊടുക്കാനായി കൊടുത്തയച്ചു. ആ വിഷഭക്ഷണംകൊണ്ടു ശൂരസിംഹൻ കഥാവശേഷനായിഭവിച്ചു. അവൻെറ സഹോദരിയായ ഭാഗ്യവതി സപ്തദ്വീപിലെ രാജാവായ സുശീലനെ തന്ത്രത്തിൽ സ്വാധീനംചെയ്തു അവൻെറ ഭാര്യയായി ഭവിച്ചു. അവളെക്കുറിച്ചുള്ള ബാക്കിവിവരം ഒടുവിൽ പറയുന്നതാണു്.

ഇപ്പോൾ നമ്മുടെ കഥ തുടങ്ങിയിട്ടു പത്തൊൻപതു വത്സരങ്ങൾ കഴിഞ്ഞിരിക്കുന്നു. വീരസിംഹനും ഭൂതവുമായിട്ടുള്ള കരാർ പത്തൊൻപതുകൊല്ലങ്ങൾക്കു മുമ്പായിരുന്നു. ഐശ്വര്യം, ബലം, അധികാരം, കീർത്തി ഇവയോടുകൂടി വീരസിംഹൻ പത്തൊൻപതുകൊല്ലങ്ങൾ രാജ്യം ഭരിച്ചിരിക്കുന്നു. ഇനി അഞ്ചു വത്സരങ്ങൾ മാത്രമേ കരാറിൻപ്രകാരമുള്ളു. അതിനുശേഷം അവൻ ഭൂതത്തിൻെറ അടിമയായി നരകത്തി

ലേക്കു പോകേണ്ടതു നിർബന്ധിതമാകുന്നു.

പ്രതാപവീരന്റെ മകനും വീരസിംഹന്റെ മകൾക്കും വയസ്സു പതിനേഴു കഴിഞ്ഞിരിക്കുന്നു. രണ്ടുപേരും ഏകകാലത്തിൽ ജനിച്ചു ഏകയോഗമായി വളർന്നു സഹോദരസഹോദരീഭാവത്തിൽ ക്രീഡിച്ചു യൌവനദശയിലെത്തുകയായിരുന്നു. ആദ്യകാലങ്ങളിൽ അവരുടെ ഹൃദയങ്ങളിൽ പ്രവർത്തിച്ചിരുന്ന സൌഹാർദ്ദം ഇപ്പോൾ കാലാനുസരണമായി അനുരാഗമായി മാറിയിരിക്കുന്നു. പരസ്പരം അതിനു തഴപ്പും മുഴുപ്പും വർദ്ധിച്ചു വന്നുകൊണ്ടുതന്നെ ഇരിക്കുന്നു. അവരെ ദാമ്പത്യബന്ധത്തിൽ ചേർക്കുന്നതിന് എല്ലാവർക്കും പൂർണ്ണമായ സമ്മതമുണ്ടു. വീരസിംഹൻമാത്രമാണ് അതിൽ ഉദാസീനനായിരിക്കുന്നതു്. വിവാഹസമയത്തിൽ വീരസിംഹൻ ഉണ്ടായിരിക്കാൻ പാടില്ലെന്നുള്ളതു ഭൂതത്തിന്റെ സിദ്ധാന്തമാകുന്നു.

തന്റെ മൂത്ത പുത്രനെ ഭൂതത്തിനു കൊടുക്കാമെന്നു ചെയ്ത വാഗ്ദാനത്തിനു വിപരീതമായി തന്റെ പുത്രനെ പ്രതാപവീരന്റെ പുത്രനാക്കി മാററിക്കളഞ്ഞു. ഇനി എന്തു ചെയ്യും. വിവാഹത്തിനു താൻകൂടി ഉണ്ടായിരിക്കണമെന്നു വീരസിംഹനു് അപേക്ഷയുണ്ടു്. എന്നാൽ അതു ഭൂതം സമ്മതിക്കില്ല. തന്നിമിത്തം അയാൾ വിചാരസാഗരത്തിൽ വീണു വലയുന്നു. ജയപാലൻ എന്നു് പ്രതാപവീരന്റെ മകനു പേർ വിളിക്കപ്പെട്ടിരിക്കുന്നു. അവനെക്കുറിച്ചും താൻ പുത്രിയായി വളർത്തിയ കാന്തിമതിയെക്കുറിച്ചും വീരസിംഹനു വാത്സല്യമുണ്ടു്. ജയപാലൻ തന്റെ ഭ്രാതൃപുത്രനും കാന്തിമതി വളർത്തുമകളുമാണല്ലോ. ഈ സംഗതി സംബന്ധിച്ചുള്ള വിചാരം അയാളുടെ ഹൃദയത്തിൽ ഉജ്ജ്വലമായ ഒരു തീവ്രസന്താപത്തെ ജനിപ്പിച്ചു.

ആരോടെങ്കിലും ഇതേപ്പററി ഒന്നു പറഞ്ഞാൽ താപഭരത്തിനു അല്പമായി ഒരു ഉപശമമുണ്ടാകുന്നതാണ്. എന്നാൽ അതിലേക്കു തക്ക ഗുണസമ്പത്തിയുള്ളവരില്ലായ്കയാൽ അതിനും സൌകര്യമില്ലാതായിരിക്കുന്നു. പരിശുദ്ധഹൃദയവും, സത്യാനുസന്ധതയും, ദയയും വാത്സല്യവും ജീവകാരുണ്യവും ഉചിതജ്ഞതയും സാമർത്ഥ്യവും ഉള്ള ഒരു സ്നേഹിതനോടുമാത്രമേ ഈ രഹസ്യം പറവാൻപാടുള്ളു. അങ്ങിനെ സ്ഥിരചിത്തന്മാരായിട്ടു് ആരാണുള്ളതു്? അയാളുടെ ചിന്തയിൽ ആരും നിഴലിച്ചില്ല.

ഒടുവിൽ ദൈവഗത്യാ ഒന്നു തോന്നി. ദേവദത്തനെ അവൻ ഓർമ്മിച്ചു. അവന്റെ നടപടികളെ ആദ്യംമുതല്ക്കേ ഗൌനിച്ചിരുന്നു. താൻ ഊഹിച്ചിടത്തോളം ഇതിലേക്കു അവൻ ഒരുവൻമാത്രമേ അർഹനായിട്ടുള്ളു. പരമദുഷ്ടബുദ്ധികളായ ഭാഗ്യരതിക്കും ശൂരസിംഹനും കൂടി അവൻ ഉപകാരം ചെയ്തിരിക്കുന്നു. തന്നിമിത്തം അവനെ അഭയം പ്രാപിച്ചാൽ ഇതിലേക്കു് ഒരു നിവൃത്തിയുണ്ടാകാതിരിക്കയില്ലെന്നു വിശ്വ

സിച്ചു. അപ്രകാരം ചെയ്യുവാൻ തീൎച്ചയാക്കുകയും ചെയ്തു.

ദേവദത്തൻ മായാപുരംരാജധാനിയിൽ ഭാൎയ്യാസമേതം പാൎക്കുന്നു. വെളിയിൽ എല്ലാവാതലുകളിലും പട്ടാളഭടന്മാർ കാവലുണ്ടു്. സമയമുള്ളപ്പോഴെല്ലാം ചിത്രങ്ങളെഴുതുക പതിവുള്ളതിനാൽ അവന്റെ ചിത്രശാല കമനീയങ്ങളായ ഛായാപടങ്ങൾകൊണ്ടു് അലംകൃതമായിരിക്കുന്നു. ഉജ്വലവും തീക്ഷ്ണവുമായ പ്രതിഭാശക്തിയുടെഫലങ്ങളായ ഛായാപടങ്ങൾ ചിത്രശില്പത്തിന്റെ വിശേഷതയെ സോദാഹരണം പ്രകാശിപ്പിച്ചിരിക്കുന്നു. അവനു് ഇക്കാലത്തിൽ രണ്ടുസന്താനങ്ങളുണ്ടായിട്ടുണ്ടു്. ഒന്നു ജനിച്ചിട്ടു് വളരെ നാളായിട്ടില്ല. ദമ്പതിമാരുടെ ഹൃദയാകൎഷകമായ ദാമ്പത്യസുഖം പരിശുദ്ധമായ അനുരാഗത്തിന്റെ പരമപ്രയോജനത്തിലെത്തിയിരിക്കുന്നു. ഇതു് എല്ലാവൎക്കും സാധാരണ ലഭ്യമല്ല. വാത്സ്യായനപ്രഭൃതികൾ പറഞ്ഞിട്ടുള്ള സ്വാഭാവികഘടനയാണു് അവൎക്കുണ്ടായിട്ടുള്ളതു്. അവരുടെ ദാമ്പത്യഘടനയ്ക്കു വേഷപ്രൌഢിയോ, ധനപ്രൌഢിയോ, കീൎത്തിപ്പെരുമയോ, ലാവണ്യലഹരിയോ ഒന്നുംതന്നെ കാരണമായില്ല. കാന്തവും ഇരുമ്പും തമ്മിൽ ആകൎഷിക്കപ്പെടുന്നതുപോലെ, പ്രകൃതിരമണീയമായ ആകൎഷണം അവരെ പരസ്പരം ദമ്പതികളാക്കുകയായിരുന്നു.

---

## അദ്ധ്യായം ൨൯.

ഏകദേശം അഞ്ചുനാഴിക ഇരുട്ടായിരിക്കും. ദേവദത്തൻ ഗൃഹാന്തത്തിലുള്ള ഒരു ചാരുകസാലയിൽ കിടക്കുന്നു. ആ സമയം ഒരു വേലക്കാരൻ കടന്നുചെന്നു വീരസിംഹൻപ്രഭു കാണ്മാനായി വന്നിരിക്കുന്നു എന്നു ദേവദത്തനെ അറിയിച്ചു. പ്രഭുക്കന്മാർ ദേവദത്തനെ കാണ്മാനായി ചെല്ലുക എന്നതു പ്രായേണ സാധാരണമായിരുന്നുഎങ്കിലുംവീരസിംഹന്റെ വരവു് അക്കൂട്ടത്തിൽ ഗണിക്കത്തക്കതായിരുന്നില്ല. ദേവദത്തൻ ഉടൻതന്നെ എഴുന്നേററു വീരസിംഹന്റെ സമീപത്തുചെന്നു യഥോചിതം അഭിവാദ്യംചെയ്തു.

വീരസിംഹൻ—സ്നേഹിത! എന്റെ ആഗമനം നിന്നിൽവിസ്മയത്തെജനിപ്പിച്ചിരിക്കും. എന്നാൽ നാംതമ്മിൽവല്ല ഒരു കാലത്തുചെയ്തിട്ടുള്ള പ്രവൃത്തികളെ മറന്നുകളകയും എനിക്കു് ഒരുപകാരം ചെയ്യുകയും ചെയ്യുമോ! നീ പലൎക്കും പല ഉപകാരങ്ങളും ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഉദാരനാണല്ലോ.

ദേവദത്തൻ—പ്രഭോ! എന്റെ ഗൃഹത്തിൽ കടന്നുവന്നു് ഉപകാരംചെയ്യണേ എന്നു് അഭ്യൎത്ഥിക്കുന്ന ആൾ ജന്മശത്രുവായിരുന്നാലും ആ അപേക്ഷയെ ഞാൻ ഒരു കാലത്തും പരിത്യജിക്കുകയില്ല. വീ

ശേഷിച്ചും താങ്കളുടെ സംഗതിയിൽ, താങ്കാംക്കായിട്ടു പക്ഷേ ചെയ്യാതിരുന്നാലും ആ ഉത്തമയായ താരാഭായിയെയും അവരുടെ പുത്രിയെയും ഓക്കുമ്പോഠം ഞാൻ ചെയ്യേണ്ടതിന്നു കടമയുള്ളവനായിരിക്കുകതന്നെയാകുന്നു. അതിനാൽ സന്ദേഹരഹിതമായി കാൎയ്യമെന്തെന്നു പറഞ്ഞുകൊള്ളുക.

വീര:—ആ! നിന്റെ ഹൃദയസ്ഥിതി ഇപ്രകാരമായിരിക്കുമെന്നു വിചാരിച്ചുതന്നെയാണു ഞാൻ വന്നതു്. ഞാൻ പറയുന്ന സംഗതി നിന്റെ ഹൃദയത്തിൽ സൂക്ഷിക്കുക എന്നതൊഴിഞ്ഞു് ഒരുവനോടും ഒരു കാരണവശാലും പറഞ്ഞുകൂടാത്തതാകുന്നു. എന്റെ പുത്രിയും പ്രതാപവീരന്റെ മകനും തമ്മിൽ അനുരക്തരായിരിക്കുന്നു എന്നുള്ളതു നിനക്കറിയാമല്ലോ.

ദേവ.—ഓഹോ! അതറിയാം. ആ ഛായാപടം നോക്കുക. അവർ രണ്ടുപേരുടെയും ഛായകളാണു് അതിൽ ഉല്ലേഖനം ചെയ്തിരിക്കുന്നതു്. അനുരാഗസമ്മിളിതമായ ഹൃദയകോശത്തെ അവർ പരസ്പരം തുറന്നു കാണിച്ചിരിക്കുന്നു എന്നു് ഈ ഛായകളുടെ ഗതിചലനം സൂചിതമത്രേ. അവർ തമ്മിൽ വിവാഹം നടത്തുമെന്നുള്ളതും നിരാക്ഷേപമാണല്ലോ.

വീരസിംഹൻ ഛായാപടത്തെ നോക്കീട്ടു് ആ! ആ! അവരുടെ ആത്മഗതങ്ങളറിഞ്ഞു് എഴുതിയതുപോലിരിക്കുന്നു. അവരുടെ ഛായകളും തന്മയങ്ങളാംതന്നെ. ജീവനുണ്ടെന്നുതന്നെ തോന്നിപ്പിക്കുന്നുവല്ലോ. നിങ്ങളുടെ ചിത്രശില്പവൈദഗ്ദ്ധ്യം വിസ്മയാവഹമായിരിക്കുന്നു. അവരുടെ വിവാഹം നടത്തുന്നതിൽ ഒരു വലിയ പ്രതിബന്ധമുണ്ടു്. ആ ദുരദൃഷ്ടം നീചനായ വീരസിംഹനു് സ്വാധീനവുമാകുന്നു.

അതുകേട്ടു ദേവദത്തനു അത്യത്ഭുതമുണ്ടായി. എന്തു്! പ്രഭോ! ഒരു കുറവുമില്ലാത്ത താങ്കാംക്കു് എന്താപത്താണുള്ളതു്? വളരെ ആലോചിച്ചിട്ടും ഗോചരമാകുന്നില്ലല്ലോ.

വീരസിംഹനു തന്റെ ചരിത്രത്തെ പറഞ്ഞുകേൾപ്പിക്കുവാൻ പെട്ടെന്നു ധൈൎയ്യമുണ്ടായില്ല. എന്നാൽ ദേവദത്തൻ ചിന്താകുലനായി ജിജ്ഞാസയോടെ പലവുരു ചോദ്യംചെയ്തു. പ്രഭോ! താങ്കാം ഇങ്ങനെ മൌനഭജനം ചെയ്യുന്നതിൽനിന്നു പല സന്ദേഹങ്ങളും ജനിക്കുന്നുണ്ടു്. താംകാം ആദികാലത്തിൽ ഒരു സാധാരണനായിരുന്നതും പെട്ടെന്നു ധനാഢ്യനായും പ്രബലനായും അജയ്യനായുംഭവിച്ചതും ഓക്കുമ്പോഠം, ആപത്തുകാലത്തിൽ ബുദ്ധിഭേദിച്ചു, ഭൂതത്തിനു് അടിമയായിരിക്കുന്നു എന്നുള്ള കിംവദന്തി ശരിയായിരിക്കുമോ എന്നുള്ള സന്ദേഹത്തിനു മാൎഗ്ഗപ്രദാനം ചെയ്യുന്നു എന്നു പറഞ്ഞു

ഇത്രയുംകേട്ടപ്പോഠം വീരസിംഹനു ധൈൎയ്യമുണ്ടായി: ആ! ശരി! അതുതന്നെയാണു സത്യം. നീ എങ്ങനെയോ സത്യം കണ്ടുപിടി

ച്ചിരിക്കുന്നു. എന്നുപറഞ്ഞിട്ട് തന്റെ സകല ചരിത്രവും ദേവദത്ത നെ കേൾപ്പിച്ചു. ഈ സംഗതി ആദിമുതൽ അവസാനംവരെ ശ്ര ദ്ധാപൂർവം കേട്ടുകൊണ്ടിരുന്ന ദേവദത്തനു വളരെ നേരത്തേക്ക് ഒന്നും പറവാൻ ധൈര്യമുണ്ടായില്ല. ഇതിലേക്ക് എന്തുപായം.? എന്ന് അ വൻ ഗാഢമായി ചിന്തിച്ചുനോക്കി.

വീര—നീ ദയചെയ്താൽ അവരുടെ വിവാഹം നടക്കും. നിന്നെ ക്കുറിച്ചു പ്രതാപവീരനും പത്മാവതിക്കും താരാദേവിക്കും ഒന്നുപോലെ സ്നേഹവും വിശ്വാസവുമുണ്ട്. നീസത്യവാനെന്ന് അവൎക്ക് പൂൎണ്ണബോ ധ്യമുണ്ട്. വിവാഹസന്ദൎഭത്തിൽ ഞാൻ ഉണ്ടായിരിക്കാൻപാടില്ലാത്ത വിധം നീ ഒരുപായം സൃഷ്ടിച്ച് ആ അവസരത്തിൽ നീകൂടെയിരുന്നു ന ടത്തേണമെന്ന് എനിക്കപേക്ഷയുണ്ട്. നിന്റെ സാന്നിദ്ധ്യത്തെ അ വർ അനുവദിക്കുകയുംചെയ്യും.

ദേവ—പ്രഭോ ഏതുകാൎയ്യത്തിലും എന്നെവിശ്വാസമുള്ള അവ രുടെ നേരേ ഞാൻ വ്യാജം പ്രവൎത്തിക്കുന്നതു ഉചിതമല്ല. ന്യായമായ ഒരുപായംപറയുക അതിൽ എത്ര തന്നെ ദുൎഘടങ്ങളായ ദുൎഘടങ്ങളു ണ്ടായിരുന്നാലും ഞാനതിൽ പ്രവേശിച്ചു നിങ്ങളെ സഹായിക്കാം.

വീര—അങ്ങനെയുള്ള മാൎഗ്ഗം ഒന്നുമാത്രമേയുള്ളുവല്ലോ. അതു വളരെ ആപല്ക്കരമായതാകുന്നു. അത്ര ഭയങ്കരകഷ്ടങ്ങളെ അനുഭവി ക്കുന്നതിനു തയ്യാറുള്ളവർ ചുരുക്കമാകുന്നു. എന്നാൽ അതിലേക്കുവേ ണ്ടയോഗ്യതകളെല്ലാം നിനക്കുണ്ടെന്ന ഒരു സമാധാനമില്ലായ്കയില്ല. സഹായവൃത്തിക്കു നിന്നെയല്ലാതെ ചുമതലയറിയാവുന്ന മറ്റാരെയും ഞാൻ കാണുന്നുമില്ല ഈ ദുൎഘടവൃത്തത്തിൽ നിന്നെ തള്ളിവിടാൻ ധൈര്യവുമില്ല. എന്തുചെയ്യാം! (എന്നിങ്ങനെ അയാൾ തന്നത്താ നെ വ്യസനിച്ചു)

ദേവ—പ്രഭോ വ്യസനിച്ചിട്ടു ഫലമില്ല. മാൎഗ്ഗമെന്തെന്നു പ റയുക. പറയുന്നതിൽ ഭയപ്പെടേണ്ടല്ലോ. താങ്കൾ എന്നോടു നിൎബ്ബ ന്ധിച്ചാലും എനിക്കു മനസ്സുണ്ടെങ്കിലേ ഞാനതിൽ പ്രവേശിക്കുകയു ള്ളു. അതിനാൽ ഒന്നുകൊണ്ടും പരുങ്ങേണ്ട ആവശ്യമില്ല.

വീര—അതു ശരിയാണ്. നീ അക്കാൎയ്യം ചെയ്തുതീരണം എ ന്നു ഞാനങ്ങനെ നിൎബ്ബന്ധിക്കും. നിനക്കും ഭാൎയ്യയും സന്താനങ്ങളു മുണ്ട്. എങ്കിലും സ്പഷ്ടമായി പറഞ്ഞേക്കാം. ഞാൻ പാഠശാലയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്ത് എന്റെ മുത്തച്ഛൻ(അപ്പൂപ്പൻ)ജീവി ച്ചിരുന്നിരുന്നു. അദ്ദേഹം പരിശുദ്ധാത്മാവായ ഒരു ഈശ്വരഭക്തനാ യിരുന്നു. സാധുക്കളെ സഹായിക്കുക എന്നതായിരുന്നു അദ്ദേഹത്തി ന്റെ ജീവിതവ്രതം. അദ്ദേഹത്തെ കാണ്മാനായി ദിനംപ്രതി അനേ കം സാധുക്കൾ വന്നുകൊണ്ടിരുന്നു. ഒരുദിവസം ഒരു മഹാ ഉത്തമ തപസ്വിയായ ഒരു ദിവ്യൻ വന്നിട്ടുണ്ടായിരുന്നു. അദ്ദേഹം എന്റെ

പിതാമഹനോട് ഒരു രഹസ്യമായ സംഗതി ഉപദേശിച്ചു. അതായതു ഭാരത വർഷത്തിൽ വടക്കെ അറ്റത്തുള്ള ഹിമവാൻ പർവ്വതത്തിൽ ശിവഗിരി എന്ന ഒരു കൊടുമുടിയുണ്ടു. അതിന്റെ മുകൾപ്പരപ്പിൽ ഒരു ഗുഹയുണ്ടു. ആ ഗുഹയിൽ ഒരു മഹാൻ നിർവ്വികല്പസമാധിയിൽ ഇരിക്കുന്നുണ്ടു. അദ്ദേഹത്തിന്റെ ഇരിപ്പിടത്തിനു സമീപത്തായി ഒരു വില്വ (കൂവളം) വൃക്ഷം നില്പുണ്ടു. അവിടെ ചെന്ന് അദ്ദേഹത്തെ ദർശനം ചെയ്വാൻ യോഗമുണ്ടാകുന്ന പുണ്യശാലികൾക്ക് ആ കൂവളത്തിൽ നിന്നും ഒരു ചെറിയ കമ്പ് ഒടിച്ചുകൊണ്ടു പോരാവുന്നതാകുന്നു. അതുകൊണ്ടു രക്ഷാബന്ധം ചെയ്തു ധരിച്ചാൽ യാതൊരു ഭൂതങ്ങളുടെയും പിശാചുക്കളുടെയും ആവേശം നശിച്ചുപോകുന്നതാകുന്നു. രക്ഷാബന്ധം ഇരിക്കുമ്പോൾ ഒരു ഭൂതബാധയും ബാധകമാകുകയുമില്ല. അദ്ദേഹത്തെ ദർശിക്കുന്നവർക്ക് ദിവ്യജ്ഞാനവും ഉണ്ടാകും. എന്നാൽ ഹിമാവൃതമായ ആ കൊടുമുടിയിൽ കയറുക എന്നതു വളരെ കഷ്ടസാദ്ധ്യമാകുന്നു. പരിശുദ്ധഹൃദയവും സത്യവാക്കും നിർമ്മലജീവിതവും ഏകപത്നീവ്രതവും ഉള്ളവർക്കേ അതു സാധിച്ചുകൂടു. എന്നിങ്ങനെ ആ മഹാൻ പറഞ്ഞിട്ടുണ്ടായിരുന്നു. ഇത്ര കഷ്ടകർമ്മത്തിനായി ഉദ്യമിക്കുവാനുള്ള ധൈര്യം ആർക്കാണുള്ളതു്.

ദേവ--താങ്കൾ ഒന്നിനെക്കുറിച്ചും ഭയപ്പെടേണ്ട. ആ പരിശ്രമം പ്രവർത്തികരിച്ചുതന്നേയിരുന്നാലും ഞാൻ സധൈര്യം പോകാമെന്നു വാഗ്ദാനം ചെയ്യുന്നു.

വീര--സത്യമാണല്ലോ? ഈ സമയത്തിനു തക്കതായ പ്രത്യുപകാരം ചെയ്വാൻ ഞാൻ ശക്തനത്രേ.

ദേവ--ഞാൻ ഇന്നുതന്നെ പുറപ്പെടുന്നുണ്ടു. സകുടുംബമായി യാത്രചെയ്തു ഹിമാലയപ്രാന്തത്തിലുള്ള ഒരു നഗരത്തിൽ അവരെ പാർപ്പിച്ചിട്ട്, ദൈവകൃപയാൽ ഞാൻ പോയി ആ മഹാനെ ദർശനംചെയ്തു വരാം. താങ്കൾ ധൈര്യത്തോടെ വർത്തിക്കുക. ഇതുകൊണ്ടുതന്നെ ജീവിതശേഷം മുക്തമാകും.

വീര--അയ്യോ! ആ ശബ്ദമേ വേണ്ട. എനിക്കു മോചനത്തിനു മാർഗ്ഗമില്ലല്ലോ. ഞാൻ അങ്ങനെ വിചാരിച്ചാൽ ഭൂതം തന്റെ നിബന്ധനയെ നിറവേറ്റിക്കളയും.

ദേവ:--താങ്കൾ അളവിൽ കവിഞ്ഞു ഭയപ്പെടേണ്ട ആവശ്യമേയില്ല. ഞാൻ മടങ്ങിയെത്തിയശേഷം പറയാം. എന്റെ അഭിപ്രായം അനുസരിച്ചു നടന്നാൽ ഭൂതത്തിന്റെ കൈയിൽപെടാതെ നിശ്ചയമായും ജീവിതശേഷം നയിക്കുവാൻ കഴിയും.

ഉടൻ ദേവദത്തനു നന്ദിയോടുകൂടി അഭിവന്ദനം നല്കി കുറെ ദ്രവ്യം യാത്രച്ചിലവിനായി കൊടുത്തു. എന്നാൽ ദേവദത്തൻ സിദ്ധാന്തത്തോടെ അതിനെ നിരാകരിച്ചു.

ഈ സംഭവങ്ങൾ കഴിഞ്ഞു രണ്ടാമത്തെ മാസത്തിൽ ഒരു ദിവസം വൈകുന്നേരം ഹിമാലയത്തിന്റെ സാനുപ്രദേശത്തിൽ ഉള്ള വനാന്തരത്തിൽ കൂടി രണ്ടു വഴിയാത്രക്കാർ നടന്നുപൊയ്ക്കൊണ്ടിരുന്നു. അവരിൽ ഒരുവൻ ദേവദത്തനും മററവൻ മുകുന്ദസേനൻ എന്ന ഒരു വഴികാട്ടിയുമായിരുന്നു. അവൻ പാഞ്ചാലദേശിയനാണ്. വൈകുന്നേരം അഞ്ചുമണിയോടു കൂടി അവർ വനാന്തരം കടന്നു് ഒരു വെളിപ്രദേശത്തെത്തി. ഇവൎക്കു് എതിരേ ദൂരത്തായിട്ട് ഒരു പൎവ്വതശിഖരം പ്രത്യക്ഷീകരിച്ചു. അതിന്റെ ശിഖരം "അദഭ്ര ശുഭ്രകളായ ഹിമസംഹതി"കളാൽ മൂടപ്പെട്ടിരുന്നു. അതിന്റെ അഭ്രംകഷമഹോന്നതി ഭയാനകമായിത്തോന്നി.

ദേവ—മുകുന്ദസേനൻ! ആ കാണുന്നതാണോ ശിവഗിരി?

മുകുന്ദസേനൻ—മഹാരാജൻ! ആ ശിഖരം അതുതന്നെ.

ദേവ—സമീപത്തിലേക്കു് ഇനി എത്ര മയിത്സ് ദൂരമിരിക്കും?

മുകു—രണ്ടു മയിത്സ് ഉണ്ടായിരിക്കും

ദേവ—അവിടെ നിന്നു അടിവാരത്തിലേക്കു് എത്ര അകലമുണ്ടായിരിക്കും?

മുകു—മൂന്നു മയിത്സ ഉണ്ടായിരിക്കും

ദേവ—ശിവഗിരിയിൽ കയറുന്നതു കഷ്ടസാദ്ധ്യമെന്നാണോ പറയുന്നതു്?

മുകുന്ദ—കഷ്ടമെന്നല്ല പറയേണ്ടതു്. അസാദ്ധ്യമെന്നുതന്നെയാണ്. മാർഗ്ഗങ്ങൾ പ്രായേണ അപായകരങ്ങൾ. പാതാളംവരെയുള്ളപിളൎപ്പുകൾ അനേകമുണ്ടായിരിക്കും. മേടും പള്ളവും ചിലേടം തൂക്കെയും അവയെ അതിക്രമിച്ചുപോവുക അസാദ്ധ്യമായും ഇരിക്കും. മുകളിൽ സച്ചിദാനന്ദം എന്ന ഒരു മധുസരണിയുണ്ടെന്നു കേട്ട് പലരും കയറി നോക്കീട്ട് അസാദ്ധ്യമെന്നു മടങ്ങിപ്പോന്നിട്ടുള്ളതായി എനിക്കറിയാം. ചിലർ മടങ്ങിവന്നിട്ടേയില്ല. അവർ വല്ല പാറക്കണ്ടുകളിലും വീണ് കാലഗതിയെ പ്രാപിച്ചിരിക്കുമെന്നും വിചാരിക്കപ്പെട്ടിരിക്കുന്നു. ഇടയ്ക്കിടെയുള്ള ദുഷ്പ്രാപങ്ങളായപള്ളങ്ങളെകടന്നു പോകുവാൻ ആൎക്കു കഴിയും? മടങ്ങിപ്പോന്നവരുടെ സംഭാഷണംകേട്ടാൽ ഞെട്ടക്കമുണ്ടായിപ്പോകും. പാഞ്ചാലദേശിയനായ ഒരു പ്രസിദ്ധമഠാധിപൻ ഇങ്ങനെ ഒരു പരസ്യം ചെയ്തിട്ടുണ്ട്. "ആരെങ്കിലും ശിവഗിരിയിൽ കയറിസച്ചിദാനന്ദതപസ്വിയെക്കണ്ടു് അവിടുള്ളവില്വവൃക്ഷത്തിൽനിന്ന് ഒരു കമ്പു് ഒടിച്ചുകൊണ്ടുവന്നു കൊടുത്താൽ ലക്ഷം രൂപാ കൊടുക്കുമെന്നതാണ്." ചിലരെ ധനാശ പ്രേരിപ്പിക്കനിമിത്തം എത്താനാം ദൂരം കയറി മടങ്ങിപ്പോന്നിട്ടുണ്ട്. കുറച്ചുകാലമായിട്ട് ആരാലും അതു സാധിക്കപ്പെട്ടിട്ടില്ല

ദേവ:—അതിൽ എന്തെല്ലാം അപായഘട്ടങ്ങളുണ്ടോ അവയെ

വിസ്തരിച്ചു പറയുക.

മുകുന്ദ — ആ വില്വമരത്തിൽ നിന്നും ഒരംഗുലം കഷണം മുറിച്ച് കൈയിൽ രക്ഷാബന്ധം ധരിച്ചാൽ ഭൂതപ്രേതപിശാചങ്ങൾക്ക് അടുക്കാൻ പാടില്ലാതാകുന്നതുകൊണ്ട്, അതിലേക്ക പോകുന്നവരെ ഭൂതങ്ങൾ ഉപദ്രവിച്ചു യാത്രയെ മുടക്കുമെന്നു ചിലർ പറഞ്ഞുകേട്ടിട്ടുണ്ട്. മടങ്ങിയെത്തിട്ടുള്ളവരിൽ ചിലർ പേപിടിച്ചവർ എന്നപോലെ അലഞ്ഞുതിരിഞ്ഞു് മരിച്ചുപോയിട്ടുമുണ്ട്.

അവർ രണ്ടാളും സമീപത്തുള്ള ഒരു ഗൃഹത്തിൽ കയറിക്കിടന്നു. രാത്രിയിൽ ഈ സംഗതികൾ ഓർത്തു കിടന്നിരുന്നതുനിമിത്തം ദേവദത്തന് ഉറക്കമുണ്ടായില്ല. പാതിരാത്രി കഴിഞ്ഞു് അല്പമൊന്നു് ഉറങ്ങിയതോടുകൂടി താഴെപ്പറയുന്നപ്രകാരം ഒരു സ്വപ്നം കണ്ടു ‘കൌപീനധാരിയായും നീണ്ട താടിയും ജടയും ഉയർന്ന പൊക്കവും ഗംഭീരമായ നോട്ടങ്ങളുമുള്ളവനായും ഒരാൾ വില്വവൃക്ഷത്തിൽനിന്നു് ഒരു കൊമ്പൊടിച്ചുകൊണ്ടുവന്നു “സർവ്വവിജയമസ്തു” എന്നു പറഞ്ഞിട്ടു്, തരികയും ഉടൻതന്നെ മറയുകയും ചെയ്തു.” ഈ സ്വപ്നം അവന്റെ ഉദ്യമം വിജയപ്രദമായിത്തീരുമെന്നുള്ള ഉറപ്പും വിശ്വാസവും നല്കുകയാൽ സന്തുഷ്ടചിത്തനായി ആ രാത്രിയെ നയിച്ചു.

അടുത്തദിവസം പ്രഭാതത്തിൽ എഴുന്നേററു് ശൌചകർമ്മങ്ങളാചരിച്ചശേഷം ഭക്ഷണംകഴിച്ചു. ഒരുകെട്ടുപൊതിച്ചോറുമായി മലയിൽ കയറുന്നതിനായി ഉദ്യമിച്ചു. കൂട്ടുകാരന് നന്ദിപറഞ്ഞു് അവനെ യാത്രയാക്കി ദൈവസ്മരണയോടുകൂടി മലയിൽ കയറിത്തുടങ്ങി. മേടും പള്ളവുമായിട്ടുള്ള പല ഭാഗങ്ങളും കിഴുക്കാംതൂക്കായിട്ടുള്ള പല ഭാഗങ്ങളും മന്ദമന്ദമായി കടന്നു് ഒരു വലിയ വിടവിന്റെ വക്കത്തു ചെന്നു. ആ വിള്ളലിന്റെ ഉൾഭാഗം വളരെ അഗാധമായിരുന്നു. അതിന്റെ മറുവശം കടക്കുവാൻ ഉപായമൊന്നും കണ്ടില്ല. എവിടെങ്കിലും ഒരു വശം മലയോടു ചേർന്നിരിക്കുവാനിടയുണ്ടെന്നു കരുതി ഒട്ടുവളരെ ദൂരം ചെന്നിട്ടും അങ്ങനെ ഒരു മാർഗ്ഗം ലഭിച്ചില്ല. ഇനിയെന്തു ഗതിയെന്നു കിഴക്കും പടിഞ്ഞാറും വശങ്ങൾവരെ പോയിനോക്കി. പോകപ്പോകെ വിടവിന്റെ അകലം വർദ്ധിച്ചും കണ്ടു. അനന്യശരണനായി ഏകാഗ്രചിന്തയോടുകൂടി കണ്ണടച്ചു നിന്നു ദൈവത്തെധ്യാനിച്ചു. പിന്നീടും മുമ്പോട്ടുനടന്നു. ആ സമയം അതിന്റെ മറുകരയിൽ നിന്നു ഒരു മരം പിഴുതു ഊക്കോടും അലർച്ചയോടുംകൂടി നിലം പതിച്ചു. അതിന്റെ പല ശിഖരങ്ങളും മറുകരയിലെത്തി പാലംപോലെ ഗതാഗതസൌകര്യമുണ്ടാക്കി. ദേവദത്തൻ അതിൽക്കൂടി നടന്നു് മറുകരയിലെത്തി. ഏകദേശം സമയവും മദ്ധ്യാഹ്നമായിക്കഴിഞ്ഞു.

ഒരു വലിയ മരച്ചുവട്ടിലുള്ള തണലിൽ അല്പനേരം വിശ്രമിച്ചു; പൊതിയഴിച്ചു അതിൽനിന്നു കുറെ എടുത്തു ഭക്ഷിക്കയും ഒരു ശിലാഗ

ത്തത്തിൽസ്ഫടികസങ്കാശവും മരത്തണലിലായിരുന്നതുകൊണ്ടു ശീതവുമായ ജലം കോരികുടിച്ചു ദാഹനിവൃത്തിവരുത്തുകയും ചെയ്തിട്ടു യാത്രയെത്തുടൎന്നു. മേല്പ്പെട്ടുമേല്പ്പെട്ടുചെല്ലുംതോറും മുൾച്ചെടികൾ കൊണ്ടും സൂച്യഗ്രങ്ങൾപോലെ കാലിൽ കുത്തുന്ന പാറക്കല്ലുകൾകൊണ്ടും യാത്ര കഷ്ടത്തിലായിരുന്നു. അവിടംകടന്നു മേല്പ്പെട്ടുകയറുവാൻ ആൎക്കാശക്യമല്ലാത്തവിധം ദുഷ്പ്രവേശമായിരുന്ന ആസ്ഥലം കടക്കുവാൻ മനസ്സിന്റെ സിദ്ധാന്തനിശ്ചയം ഒന്നുമാത്രമായിരുന്നു അയാളെമുമ്പോട്ടുതള്ളിക്കൊണ്ടുപോയതു്. സൎവ്വവും നശിച്ചാലും വാഗ്ദാനം നിറവേററണമെന്നതു പുരുഷധൎമ്മങ്ങളിൽ മുഖ്യമാണെന്നുള്ള ബോധത്തോടുകൂടി ജീവിതസരണിയിൽ പ്രവൎത്തിക്കുന്ന അപൂൎവ്വയോഗ്യന്മാരിൽ ഒരാളായിരുന്നു ദേവദത്തൻ. അതിനാൽ "കല്ലും മുള്ളും കടന്നുകുസുമമധുവിരിക്കുന്നിടംനോക്കിനോക്കിച്ചെല്ലുംകാൎവ്വണ്ടു"പോലെ ദേവദത്തൻ സ്ഥിരചിത്തനായി മുമ്പോട്ടു കടന്നുകൊണ്ടുതന്നെയിരുന്നു. അങ്ങനെനടക്കവേ, ആദ്യം കണ്ട വിള്ളലിനെ കവിഞ്ഞതു് അതിവിപുലമായ മറെറാരുവിള്ളൽ കാണപ്പെട്ടു. ഇതു് ആ പൎവ്വതത്തെച്ചുററി പാതാളംവരെ ആഴത്തിൽ ചെന്നിരുന്നു അതിനുള്ളിൽ ജലം ഒഴുകി ചെന്നു ലയിക്കുന്ന ഒരു നദീതടവും കണ്ടു. ദേവദത്തന്റെ ധീരഹൃദയം സ്തബ്ധമായി. അതു കടക്കുക ദുഷ്കരംതന്നെ. അതിന്റെ മറുകരയിൽ ചെല്ലുവാൻ മാൎഗ്ഗം അന്വേഷിച്ചുകൊണ്ടു് അവൻ തീരത്തുകൂടെ ഇരുവശങ്ങളിലും നടന്നു. കിഴക്കെഅററത്തു് ഒരു പലകയിൽ എന്തോ എഴുതി ഒരു മരച്ചോട്ടിൽ ചാരിവെച്ചിരിക്കുന്നു. അതിന്റെ എഴുത്തുകൾ മിക്കവാറും മാഞ്ഞുപോയുമിരുന്നു. വളരെ പണിപ്പെട്ടു് ആ എഴുത്തുകൾ വായിച്ചുനോക്കി. 'ഈ പലക കണ്ടാൽ പിന്നീടാരും ഈ തടം കടക്കുവാൻ യത്നിക്കരുതു്. ഞാൻ ഇതാ ഈ കാണുന്ന വിള്ളലിനുള്ളിൽ ചായ്വായ തീരഭാഗത്തുകൂടി ഇറങ്ങി മറുകര കടക്കുവാൻ തുടങ്ങുകയാണു്. ആകാൎയ്യം നിവൎത്തിക്കയും ഞാൻ മടങ്ങിവരികയും ചെയ്താൽ ഈ പലക ഇവിടെ കാണുകില്ല. പലക കണ്ടുവെങ്കിൽ അപായംനേരിട്ടുഎന്നു വിശ്വസിച്ചു മടങ്ങിപ്പൊയ്ക്കൊൾക', എന്നു് എഴുതിയിരുന്നു.

ഒരുവൻ ഒരു കാൎയ്യസാദ്ധ്യത്തിനായി യത്നിക്കയും അതു് അവനു നാശഹേതുകമായിഭവിക്കുകയും ചെയ്തു എന്നുവിചാരിച്ചു മറെറാരുവനും അതിൽ ഭയപ്പെട്ടിട്ടാവശ്യമില്ലതന്നെ. പലരും പരിശ്രമിക്കുവാനുണ്ടായാൽ അവരിൽ ചിലൎക്കെങ്കിലും അതിൽ വിജയം ലഭിക്കുവാൻ കഴിയാതാവുകയില്ല നിശ്ചയം തന്നെ, എന്ന ഒരുചിന്ത ദേവദത്തന്റെ മനസ്സിൽ ഉദിക്കയും ദൃഢവ്രതനായ അവന്റെ ചിത്തത്തെ വീൎയ്യംഉളപ്പിക്കുകയും ചെയ്തിട്ടു് അവൻ ആ മാൎഗ്ഗത്തിൽക്കൂടെ ഇറങ്ങിത്തുടങ്ങി. ഒരു ചുവടുതെററിയാൽ ആപാതാളകുണ്ഡിൽ പതിക്കുമെന്നതു തീൎച്ചതന്നെ. എങ്കിലും അന്യശരണമില്ലാതിരുന്നതിനാൽ അവനു് ആ മാ

ർഗ്ഗപ്രയാണത്തെ ഉപേക്ഷിപ്പാൻ കഴിഞ്ഞില്ല.

അവൻ ഓരങ്ങളിൽ പററിവളൎന്നിട്ടുള്ള ചെടികളിൽ പിടിച്ചും ഇങ്ങിയും ചവിട്ടി നടക്കുവാൻ ഇടമുള്ളിടത്തു നടന്നും കുറേ ദൂരം ചെന്നപ്പോൾ അവിടെ ഒരു കരിങ്കൽപാലം കണ്ടു. അതിൽ കയറി അല്പം നടന്നു. അതു് ഇരുവശവും മെലിഞ്ഞു നേൎത്ത മദ്ധ്യത്തോടു കൂടിയതായിരുന്നു. കീഴ്പ്പെട്ടുനോക്കിയാൽ തലകറങ്ങി വെള്ളത്തിൽ വീണുപോകുവാനിടയുള്ളതുകൊണ്ടു കീഴ്പ്പെട്ടു ദൃഷ്ടിപതിപ്പിച്ചു നടക്കുവാൻ കഴിയാതെയായി. അല്പമായി തലതിരിയുന്നതുപോലെ തോന്നി. അവൻ ആ പാലത്തിൽ മന്ദമായി താഴ്ന്നിരുന്നു. കുറച്ചുകഴിഞ്ഞു കൈകൾകൊണ്ടു തപ്പിത്തപ്പി മുമ്പോട്ടു നിരങ്ങിനിരങ്ങി പാലംകടന്നു.

വീണ്ടും ദുൎഗ്ഗമമായ മാൎഗ്ഗത്തുകൂടി നടന്നു. സൂൎയ്യാസ്തമയം സമീപിക്കാറായപ്പോൾ പൎവ്വതത്തിന്റെ ഉന്നതതടത്തിലെത്തി. അവിടം വിശാലവും വിസ്തൃതവും വള്ളികളാലും ഉന്നതങ്ങളായ വൃക്ഷങ്ങളാലും ഇടതൂൎന്നുമിരുന്നു. അവിടെയുള്ള ശിലാപൃഷ്ഠത്തിന്മേൽ ഒരു മനുഷ്യശരീരം ഉണങ്ങിവരണ്ടു കിടന്നിരുന്നു. മുമ്പു കണ്ടതായ പലക എഴുതിവച്ചവൻ അവിടംവരെ ചെന്നിരുന്നു; അവൻ അവിടെവച്ചു മരിച്ചുപോയുമിരിക്കുന്നു. ആ അന്വേഷണം നമുക്കിവിടെ ആവശ്യമില്ലല്ലോ.

ദേവദത്തൻ തപ്പിത്തടഞ്ഞു ഗുഹാഗൎത്തം കണ്ടുപിടിച്ചു് അതിനുള്ളിലിറങ്ങി. അവിടെ വിസ്താരമുള്ള ഒരു ഭാഗത്തു് ആ യോഗിവൎയ്യൻ സമാധിസ്ഥനായി കണ്ടു. മറെറാരു ഭാഗത്തായി മനോഹരങ്ങളായ ഫലങ്ങളാൽ സമാവൃതമായ വില്വമരവും ഒരു വലിയ തുളസിക്കാടും കണ്ടു. "വികസൽകുസുമപല്ലവ"ങ്ങൾ കൊണ്ടു നിറഞ്ഞ ഒരു താമരപ്പൊയ്കയും, വളരെ ദൂരത്തായി ഒരു ലതാമന്ദിരവും കണ്ടു. ദേവദത്തൻ പൊയ്കയിലിറങ്ങി സചേലസ്നാനം ചെയ്തിട്ടു് സമാധിസ്ഥനായ യോഗിവൎയ്യന്റെ പാദാരവിന്ദങ്ങളിൽ സാഷ്ടാംഗം നമസ്കരിച്ചുകൊണ്ടു സ്തോത്രം ചെയ്തു. വളരെക്കാലംകൂടി ആ മഹായോഗി കണ്ണുതുറന്നു ലോകഗതിയെ വീക്ഷണംചെയ്തു. തന്റെ പാദങ്ങളിൽ നമസ്കരിച്ചുകൊണ്ടു സ്തുതിക്കുന്ന പരിശുദ്ധ ഭക്തനെക്കണ്ടു് എഴുന്നേററു സമീപത്തു ചെന്നു് അവനെ പിടിച്ചെഴുന്നേല്പിച്ചു.

ദേവദത്ത! നീ പരമഭാഗ്യവാനാണു് ഇവിടെ വന്നു് ഈ പുണ്യസ്ഥലം ദൎശിക്കുക സാധാരണശക്യമല്ല. പുണ്യവാന്മാൎക്കേ അതു സാധിക്കുകയുള്ളു: നിനക്കു് അതു ലബ്ധമായി. നിന്റെ വരവിനുള്ള സംഗതി ഞാനറിഞ്ഞിരിക്കുന്നു. ആ വില്വമരത്തിൽനിന്നു് ഒരു ചെറിയ ശിഖരം ഒടിച്ചുകൊണ്ടുവരിക എന്നു യോഗിവൎയ്യൻ ആജ്ഞാപിച്ചു. ദേവദത്തൻ അവനതശിരസ്കനായി ചെന്നു് ഒരു കൊമ്പൊടിച്ചുകൊണ്ടുചെന്നു് ആ പുണ്യദേഹത്തിന്റെ കൈയിൽ കൊടുത്തു. അദ്ദേഹം അതുവാങ്ങി ജപിച്ചു സിദ്ധിവരുത്തി ദേവദത്തന്റെ കൈയിൽ കൊ

ടുത്തും ഇതു ധരിക്കുന്നവൎക്കു യാതൊരാപത്തുമുണ്ടാകയില്ല. ഭൂതങ്ങളോ പിശാചങ്ങളോ സമീപിക്കയുമില്ല എന്നു് അനുഗ്രഹിച്ചു. ഇനി ഇപ്പോൾതന്നെ മടങ്ങിപ്പോകാം എന്നു പറഞ്ഞിട്ടു് പൎവ്വതത്തിൽനിന്നും കീഴ്പ്പോട്ടിറങ്ങുവാൻ ഒരു മാൎഗ്ഗം ചൂണ്ടിക്കാണിച്ചുകൊടുത്തു.

ദേവദത്തൻ വീണ്ടും സമസ്കരിച്ചു് ഭക്തിപ്രചുരങ്ങളായ ഭാവവിലാസങ്ങളോടുകൂടെ പൎവ്വതത്തിന്റെ ഉപരിതലത്തിൽനിന്നും കീഴ്പ്പോട്ടിറങ്ങിത്തുടങ്ങി. ആ സമയം അവന്റെ മനസ്സ് നിൎവ്വികാരമായും സ്തബ്ധമായും ഭവിക്കുന്നതുപോലെ തോന്നി. പിന്നീടു് അവൻ എന്തുചെയ്യുന്നു എന്നറിയുവാൻപോലും അവന്റെ മനസ്സിനു കഴിവില്ലാതായി. ഏകദേശം ഈ വികാരം ഒരു രണ്ടുമണിക്കൂറോളമുണ്ടായിരുന്നു. അവൻ വീണ്ടും ഉണൎന്നു ബോധവാനായിഭവിച്ചപ്പോൾ തന്റെ ഭാൎയ്യയുടെ വസതിയിൽ നില്ക്കുന്നതായിത്തോന്നി. ഇതെങ്ങിനെ സംഭവിച്ചു എന്നും പൎവ്വതത്തിൽനിന്നും വിടവുകൾ കടന്നു ഇറങ്ങിയതെങ്ങിനെയെന്നും അവനു് ഓൎമ്മിച്ചറിവാൻ കഴിഞ്ഞില്ല.

പാഞ്ചാലദേശിയന്റെ പ്രതിജ്ഞയെ നിറവേററി അവനു കൃപളക്കമ്പിൻകഷണംകൊടുക്കുകയും, അവൻ ലക്ഷം ഉറുപ്പിക പ്രതിജ്ഞാനുസരണം സമ്മാനിക്കുകയും ചെയ്തു. ദേവദത്തൻ ഭാൎയ്യാസന്താനങ്ങളോടുകൂടെ സ്വന്തനാട്ടിലേക്കു മടങ്ങി കപ്പൽകയറി.

---

# അദ്ധ്യായം ൩൦.

നീലേശ്വരത്തിൽനിന്നു ഉദ്ദേശം ൪൦൦ മയിത്സ് ദൂരത്തിൽ സുവൎണ്ണദ്വീപം എന്ന ഒരു നഗരം ഐശ്വൎയ്യസമ്പത്തുകൊണ്ടു് അത്ഭുതവത്തായി ശോഭിച്ചിരുന്നു. സദ്ഗുണങ്ങൾക്കു വിളഭൂവായ ഒരു പുരുഷരത്നമായിരുന്നു ഇക്കാലത്തു ഈ രാജ്യം വാണിരുന്നതു്. ഭാഗ്യവതി എന്ന ഒരു രാജകുമാരിയെക്കുറിച്ചു മുമ്പു പറഞ്ഞിട്ടുണ്ടല്ലോ. ഇവൾ ചക്രവൎത്തിയാൽ ബഹിഷ്കൃതയായെങ്കിലും അവളെ സുവൎണ്ണദ്വീപത്തിലെ രാജാവായ കനകപ്രഭൻ വിവാഹംചെയ്തുകൊണ്ടുപോവുകയാണുണ്ടായതു്. നീതിമാനായ ആ കനകപ്രഭൻ യുവചാപല്യംകൊണ്ടു രൂപവിശേഷധാമമായ അവളുടെ ശൃംഗാരചേഷ്ടകളിൽ മനസ്സുമയങ്ങി അവളെ സ്വയംവരണംചെയ്തു. കാഞ്ഞിരപ്പഴംപോലെ, അകത്തു കുത്തിയും പുറത്തു (ഭക്തി)യും കൊണ്ടു നിൎമ്മിതമായ അവളുടെ ലാവണ്യലഹരിയിൽ കനകപ്രഭൻ മതിമയങ്ങി അവൾക്കുണ്ടായിരുന്ന ദുൎഗ്ഗുണങ്ങളൊന്നും പരിശോധിച്ചറിവാൻ യത്നിച്ചില്ല.

സുവൎണ്ണദ്വീപത്തിന്റെ കിഴക്കുഭാഗത്തായി രാജമന്ദിരം സ്ഥാപി

ക്കപ്പെട്ടിരുന്നു. അതിന്റെ സമീപമായി ഒരു കൽക്കോട്ടയും ഒരു ഭയങ്കരമായ തടവുശാലയുമുണ്ടായിരുന്നു. സുവർണ്ണദ്വീപം ഒരു കാലത്തു രാമപുരം മഹാരാജ്യത്തിന്റെ ഒരംശമായിരുന്നു. അക്കാലത്തു വലിയ ദുഷ്ടന്മാരെ കൊണ്ടുവന്നു് ഈ കോട്ടയ്ക്കുള്ളിൽ അടച്ചിരുന്നു. ആ കോട്ടയുടെ നാമശ്രവണംതന്നെ ഭയാനകമായി വിചാരിക്കപ്പെട്ടുവരുന്നു. അതിന്റെ കാരണം അതിൽ അടയ്ക്കപ്പെട്ട കുററക്കാരിലാരുംതന്നെ വീണ്ടും പുറത്തുകാണാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതായിരുന്നു. എന്നാൽ ആ കാരണം എന്താണെന്നു് ആർക്കും മനസ്സിലാക്കാൻ സാധിച്ചിരുന്നില്ല. ഈ മർമ്മനിഗൂഢത ആളുകളെയും ഭയപരവശരാക്കിത്തീർത്തു.

ഇക്കാലത്തു് ആ കോട്ടയുടെ മുക്കാൽഭാഗവും അടയ്ക്കപ്പെട്ടിരിക്കുന്നു. ഒരുവശത്തു സൈന്യങ്ങൾ കിടക്കുന്നുമുണ്ടു്. ആ ഭാഗംമാത്രം തുറന്നിരുന്നു. ദേവദത്തൻ ശിവഗിരിയിൽനിന്നു് ഇറങ്ങിയതിന്റെ പതിനഞ്ചാം ദിവസം വൈകുന്നേരം ഏഴു മണിക്കു സുവർണ്ണദ്വീപത്തിലെ രാജമന്ദിരത്തിലുള്ള ഭോജനശാലയിൽ ഭാഗ്യവതി ഊണുകഴിച്ചുകൊണ്ടിരിക്കുന്നു. സമീപത്തായി രണ്ടുമൂന്നു ഭൃത്യകൾ നില്ക്കുന്നുമുണ്ടായിരുന്നു. ആ സമയം ഒരു തോഴി ഭാഗ്യവതിയുടെ മുമ്പിൽ ചെന്നു. അതു കണ്ടു് എന്തോ വിശേഷസംഭവമുണ്ടെന്നൂഹിച്ചു ഭാഗ്യവതി അവളോടു് ഇങ്ങനെ ചോദിച്ചു.

ഭാഗ്യവതി— എന്താ രഹസ്യവുംകൊണ്ടുവന്നതു്?

തോഴി—അതേ രഹസ്യംതന്നെ. ഉടഞ്ഞുപോയതായി കേട്ട കപ്പൽ കിഴക്കൻരാജ്യങ്ങളിൽനിന്നു വന്നതാകുന്നു. നീലേശപുരത്തുപോകുന്ന യാത്രക്കാരാണു് അതിലുണ്ടായിരുന്നതു്. അതു് അവരുടെ സ്വന്തം കപ്പൽ ആയിരുന്നുവത്രെ. ഒരു പാറയിൽതട്ടി കപ്പിത്താനും വേലക്കാരും നശിച്ചുപോയി. യജമാനനും അയാളുടെ ഭാര്യയും കുഞ്ഞുങ്ങളും രക്ഷപ്പെട്ടു. അവർ നമ്മുടെ കരയ്ക്കടിഞ്ഞു നമ്മുടെ സത്രത്തിൽ ഇറങ്ങിയിരിക്കുന്നു. സത്രംഅധികാരി അവർക്കു വേണ്ട സഹായസൌകര്യങ്ങളെല്ലാം ചെയ്തിരിക്കുന്നു.

ഭാഗ്യ— അവരുടെ കൂട്ടത്തിൽ യജമാനന്റെ പേരെന്തു്.

തോഴി—ദേവദത്തൻ.

ഭാഗ്യ—കൂടെ എത്ര പേരുണ്ടു്?

തോഴി—അയാളുടെ ഭാര്യയും രണ്ടുകുട്ടികളും ഒരു വാല്യക്കാരിയും മാത്രമേയുള്ളു.

ഭാഗ്യ—ശരി; അവർക്കു വേണ്ടതെല്ലാം കൊടുക്കുവാൻ ചട്ടംകെട്ടിക്കൊള്ളാം, നീ പോയി രത്നാംഗിയെ ഇങ്ങോട്ടയയ്ക്കുക. ഞാൻ വിളിക്കുന്നതായി പറയൂ

തോഴി അവിടെനിന്നു പോയി. ദേവദത്തന്റെ പേർകേട്ട മാത്രയിൽത്തന്നെ ഭാഗ്യവതിയുടെ നഖശിഖാന്തം ഒരു രക്തപ്പാച്ചിലുണ്ടാ

യി. അവളുടെ ഹൃദയം തുടിച്ചു; അതെല്ലാം മനസ്സിൽ അടക്കീട്ടാണു തോഴിയോടു സംഭാഷണം ചെയ്തതു്. ഭാഗ്യം ഊണു കഴിഞ്ഞു കൈ കഴുകിയ സമയം രത്നാംഗിയും വന്നുചേൎന്നു. ഇവളാണു ഭാഗ്യത്തിന്റെ പ്രധാന ദുൎമ്മന്ത്രി. അവളെക്കണ്ട ഉടൻഭാഗ്യവതി അവളുടെ കൈയും പിടിച്ചു ഒരു രഹസ്യമായ അറസ്സുകളിൽ ചെന്നു അവിടെ നിന്നിട്ടു രത്നാംഗിയോടിങ്ങനെ പറഞ്ഞു. 'രത്നം! നി എനിക്കു് ഒരു സഹായം ചെയ്യേണ്ടതുണ്ടു്. ഈ ലോകത്തിൽ എന്റെ വെറുപ്പിനെ സമ്പാദിച്ച ഒരു മനുഷ്യൻഇപ്പോൾകൈയിൽ വന്നുകപ്പെട്ടിരിക്കുന്നു അവന്റെ പേർദേവദത്തൻ എന്നാണു്. അവൻതന്നെയാണു നഷ്ടപ്പെട്ട കപ്പലിൽ വന്ന യാത്രക്കാരൻ. അവൻ സകുടുംബം നമ്മുടെ സത്രത്തിൽ വന്നിട്ടുണ്ടു്.. ഈ രാത്രിയിൽതന്നെ ജയിലിൽ ഉള്ള ഇരിമ്പു പെട്ടിയിൽ അവനെ അടയ്ക്കേണ്ടിയിരിക്കുന്നു. ഇതിലേക്കു നീ എന്തുവേണ്ടതു് പറയുന്നു?"

രത്നാംഗി:—രാജ്ഞി! ഇതൊരു പ്രമാദമായ കാൎയ്യമല്ല; നമ്മുടെ വാമനനും അവന്റെ കൂട്ടുകാരും ഇതിലേക്കു മതിയാകും. ഉടൻ ഈ കാൎയ്യം നിറവേററി വരുന്നേയ്ക്കാം.

ഭാഗ്യ:—ഈ സംഗതി മററാരും അറിവുണ്ടാകരുതു്; യാതൊരു വിധവും രാജാവറിയുന്നതിനും ഇടയാകരുതു്.

അങ്ങനെതന്നെ ഗോപ്യാൽഗോപ്യതമം എന്നു പറഞ്ഞിട്ടു രത്നാംഗി അവിടെനിന്നും മറഞ്ഞു. ദേവദത്തൻ അത്താഴംഊണു കഴിച്ചിട്ടു സത്രത്തിലെ പുറത്തെ തളത്തിൽ ഒരു കസാലമേൽ ഇരുന്നു കപ്പൽചേതത്തെക്കുറിച്ചു ചിന്തിക്കയായിരുന്നു. കപ്പിത്താന്റെ മൌഢ്യം ഒന്നുകൊണ്ടല്ലെങ്കിൽ ഇങ്ങനെ സംഭവിക്കയില്ലായിരുന്നു. എന്നിങ്ങനെ വിചാരിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ ആരോ മൂന്നുനാലുപേർ തന്റെ നേരെ വരുന്നതായിക്കണ്ടു. അവർ തന്നെക്കുറിച്ചു അന്വേഷിപ്പാനായി ആ നാട്ടുകാരിൽ ആരെങ്കിലും വരികയായിരിക്കാം എന്നു ദേവദത്തൻ വിചാരിച്ചു. അവർ വേഗത്തിൽ പാഞ്ഞുവന്നു. അവനെ സമീപിച്ചു. അവൻഅവരോടു കുശലപ്രശ്നം ചെയ്വാൻ വായ് തുറക്കുന്ന സമയം അവർ നാലുപേരും ഒരേവേഗത്തിൽ ആഞ്ഞു ദേവദത്തനെ പിടിച്ചുകെട്ടുകയും നിലവിളിക്കാതിരിക്കുവാൻ വായിൽ തുണിയമൎത്തുകയും ചെയ്തു. ഉടൻ അവനെയുംകൊണ്ടു് അവർപാഞ്ഞുപോയി. ജയിലിൽ ഉള്ളഇരിമ്പുപെട്ടിയിൽ അടച്ചു! അവന്റെകെട്ടുകളും വായിൽ അമൎത്തപ്പെട്ടിരുന്നതുണിയും കളഞ്ഞു അവനെസ്വസ്ഥനാക്കിത്തീൎത്തു. നാലുപേരെയും അപ്പോൾ അവൻനേരിട്ടുകണ്ടു. അവരിൽ ഒരുവൻ വാമനനായിരുന്നു. അവനെദേവദത്തനു നല്ലപോലെ അറിയാം ആ! വാമനനോ? നന്നായി നീയാണോ എന്നെ ചതിച്ചതു്? എന്നുചോദിച്ചു. അവർ ആ പെട്ടി അടച്ചുപൂട്ടീട്ടു പുറത്തേക്കു

പോവുകയും ചെയ്തു. ദേവദത്തൻ മുറി മുഴുവൻ പരിശോധിക്കാൻ തുടങ്ങി. ഒരു വസ്തുക്കൾമെത്ത കിടക്കുന്നതായി അവിടെ കണ്ടു. മുകളിലും താഴത്തും ചുററിലും ഉള്ള പലകകൾ ഇരിമ്പായിരിക്കുന്നമെന്നു അവൻ ഊഹിച്ചു. അവന്റെ അപ്പോഴത്തെ അവസ്ഥയിൽ ഉണ്ടാകാനിടയുള്ള താപത്തിന്റെ അളവു ലഘുവിൽ പറഞ്ഞറിയിക്കത്തക്കതല്ലല്ലോ.

ഭാഗ്യവതിയും രത്നാംഗിയും തമ്മിലുള്ള സംഭാഷണം എങ്ങനെയോ രാജാവിന്റെ ചെവികളിൽ പതിഞ്ഞു. അവർ നിന്നിരുന്ന മുറിയുടെ അടുത്ത മുറിയിൽ രാജാവു് ഇരുന്നിരുന്ന വസ്തുത അവക്കറിവുണ്ടായിരുന്നില്ല. അടുത്ത ക്ഷണംതന്നെ രാജാവു ഭാഗ്യവതിയെ കണ്ടുവെങ്കിലും അയാൾ അതു് അറിഞ്ഞവണ്ണം ഭാവിച്ചില്ല. ഭാഗ്യവതിയും രാജാവും സ്വൈരസല്ലാപം ചെയ്യുന്നതിനിടയിൽ രത്നാംഗികടന്നുചെന്നു "പറഞ്ഞവണ്ണമെല്ലാം സാധിച്ചുകഴിഞ്ഞു" എന്നു ഭാഗ്യവതിയുടെ ചെവിയിൽ പറഞ്ഞിട്ടു് അവിടംവിട്ടു പുറത്തുപോയി. കുറേകഴിഞ്ഞു രാജാവും പുറത്തേക്കു പോയി രണ്ടു മണിക്കൂർ കഴിഞ്ഞു മടങ്ങിയെത്തി. രാജാവു പോയതെന്തിനായിരുന്നു എന്നു മേലേടംകൊണ്ടു വ്യക്തമാകും.

ദേവദത്തന്റെ അന്നത്തെരാത്രിയുടെ ശിഷ്ടംഒരു കാളരാത്രിതന്നെയായിരുന്നു ഒട്ടുനേരം ഭാര്യയുടെയും കുട്ടികളുടെയും അവസ്ഥയോർത്തുകഠിനമായിനിലവിളിച്ചുകരയുകയും ദൈവത്തെ പ്രാത്ഥിക്കുകയും ചെയ്യും. ആ രാജ്യത്തിൽ തനിക്കശത്രുവായിട്ടുള്ളവനാരായിരിക്കുമെന്നിങ്ങനെ വിചാരിക്കും. തന്റെഈഅവസ്ഥഭാഗ്യവതിയെ അറിയിച്ചാൽ ക്ഷണേന തനിക്കുമോചനം ലഭിക്കുമെന്നും, താൻവലിയആപത്തിൽപെട്ടു ക്ലേശിച്ചിരുന്ന അവളുടെ സഹോദരനെരക്ഷപ്പെടുത്തിയതിലേക്കു് ആരും ഈഅവസരത്തിൽ നന്ദികാണിക്കാതിരിക്കുകയില്ലെന്നും ഈ സംഗതി അവളെ അറിയിക്കുന്നതെങ്ങനെയാണെന്നും വിചാരിക്കും. പിന്നെയും കേഴുംപിന്നെയും ദൈവത്തെ ഗാഢമായിസ്തോത്രം ചെയ്യും: താൻ യാതൊരുപ്രാണിക്കും ഉപകാരമല്ലാതെഅപകാരം ചെയ്തിട്ടില്ലാത്ത സ്ഥിതിക്കു് ഈകഠിനശിക്ഷയ്ക്കു പാത്രവാനായതെങ്ങനെയെന്നുചിന്തിക്കും. ഇങ്ങനെ ഉള്ള താപങ്ങളിൽപെട്ടു ദിനരാത്രികൾ കഴിയുന്ന അവസ്ഥ അവനറിയാതെതന്നെ നാലുദിവസങ്ങൾ കടന്നുപോയി. രാത്രിതോറും ആരോ കുറേ അപ്പവും വെള്ളവും കൊണ്ടുചെന്നു കൊടുത്തിരുന്നു. ആ ആളാരായിരിക്കുമെന്നറിയാനും അതെപ്പോൾ കൊണ്ടുവരുന്നു എന്നറിവാനും സാധിച്ചുമില്ല.

ദിവസം ചെല്ലുന്തോറും പെട്ടിയുടെ മേൽമൂടി കീഴ്പോട്ടു അമരുന്നതായി അവനുതോന്നി. നാലാംദിവസം അവനു ഇരിക്കുവാനുള്ളടത്തോളം വ്യാസമേ ഉണ്ടായിരുന്നുള്ളു. അതു കീഴത്തെ തട്ടിനോടടുമേ

അപ്പോൾ അവയ്ക്കുള്ളിൽപെട്ടു തെണ്ടി തന്റെ കഥ കഴിഞ്ഞുകൂട്ടുമെന്ന് അവനു ബോധം വന്നു. അഞ്ചാംദിവസം രാവിലെ അതു് ഒന്നുകൂടി കീഴ്പ്പെട്ടടിഞ്ഞു; ആ സമയം അവനെഴുന്നേല്ക്കുവാൻ കഴിവില്ലാതായി. അവൻ കമിഴ്ന്നു കിടന്നു; നിവരുവാൻ പാടില്ല; അടുത്ത ദിവസമായിരിക്കും തെണ്ടികൊല്ലുന്നതെന്ന് അവൻ ഊഹിച്ചു. അന്നു രാത്രിയിൽ അവൻ ദൈവധ്യാനനിരതനായി കമിഴ്ന്നു കിടക്കുമ്പോൾ കതകു തുറക്കുന്നതായ ഒരു ശബ്ദം കേട്ടു തല പൊക്കിനോക്കി; ദേവദത്താ! എന്ന് ആരോ വിളിച്ചു. ആ ശബ്ദം അവനു പരിചയമുള്ളതുപോലെ തോന്നി. ഭാഗ്യവതിയുടെ ശബ്ദമെന്ന് അവൻ മനസ്സിലാക്കി. ആ! ഭാഗ്യവതിയോ? ഭവതിയിൽനിന്നാണോ ഈ ആപത്തുണ്ടായതു്? മനുഷ്യജന്മം ധരിച്ചവരിൽ ഇത്ര നന്ദികെട്ടവരുമുണ്ടായിട്ടുണ്ടോ? ഞാൻ എന്തെല്ലാം ക്ലേശം അനുഭവിച്ചു നിന്റെ സഹോദരനു ചെയ്ത നന്ദികൾ നീ ഇങ്ങനെയാണോ പ്രത്യുപകാരം ചെയ്വാനുറച്ചതു്? ഓ! നന്ദികെട്ട സ്ത്രീയെ! എന്ന് അവൻ ഗൽഗദസ്വരത്തിൽ ചോദിച്ചു.

ഭാഗ്യവതി:—ഭാഗ്യവതി ഏതു, മറന്നു കളയുന്നവളല്ല. നീ രങ്ഗമണ്ഡപത്തിൽവച്ച് എന്റെ അപേക്ഷയെ ധിക്കരിച്ചതും ഞാൻ മറന്നിട്ടില്ല. ഞാൻ നിന്നെ രക്ഷിച്ചാൽ നീ എന്റെ ഹിതംപോലെ വൎത്തിക്കുമോ? ഞാനിപ്പോൾ കുററവും കുറവും വ്യവഹരിപ്പാനായി വന്നതല്ല. നിനക്ക് ഇഷ്ടമുണ്ടെങ്കിൽ നിന്നെ രക്ഷിക്കാമെന്നു വിചാരിച്ചു വന്നതാകുന്നു.

ദേവ—അങ്ങനെയാണെങ്കിൽ ഉടനെ ഇതിൽനിന്നു എന്നെ ഇറക്കിവിടുക. ഭവതിയെ ധിക്കരിക്കയില്ല; ദൈവത്തെപ്പോലെ വിചാരിച്ചു സ്തോത്രരൂപേണ എന്റെ നന്ദിയെ പ്രകാശിപ്പിക്കാം. ഏതുകാലത്തും നന്ദിയോടും ബഹുമാനത്തോടുംകൂടി പറയുകയും ചെയ്യാം.

ഭാഗ്യ—ഞാൻ നിന്റെ നന്ദി കാണ്മാനായി വന്നതല്ല. നീ എന്റെ കാമവികാരത്തിനു ശമനം ചെയ്യണം. ആ ഒരപേക്ഷയെ എനിക്കുള്ളൂ. ഇതു ഞാൻ മുമ്പും നിന്നോടാവശ്യപ്പെടുകയും അന്നു നീ ധിക്കരിക്കയും ചെയ്തു. ഇപ്പോൾ നിന്റെ ജീവനു എന്റെ കൈയിലായിരിക്കുന്നു. ഈ അവസരത്തിൽ എന്റെ ആഗ്രഹത്തെ നീ സാധിപ്പിക്കാത്തപക്ഷം നിന്നെ ഇതിലിട്ടുതന്നെ തെണ്ടികൊല്ലുവാൻ ഞാൻ കല്പന കൊടുക്കും. അതിനാൽ നല്ലവണ്ണം ഓൎമ്മിച്ചു മറുപടി പറയുക.

ദേവ—ഉത്തരം ആപത്തിൽ കുടുക്കിവെച്ചുകൊണ്ടാണോ വാഗ്ദാനം ആവശ്യപ്പെടുന്നതു്. ഓ! നന്ദികെട്ട സ്ത്രീയെ! നിന്റെ ഹിതമനുസരിച്ചു പാപഭാരം സമ്പാദിച്ചു ചുമക്കുന്നതിനെക്കാൾ ഇതിൽ കിടന്നു തെണ്ടി മരിക്കുന്നതാണുത്തമം. മരണത്തെക്കുറിച്ചു ലേശവും ഭയപ്പെടുന്നില്ല.

ഭാഗ്യ:— ഓ! ബുദ്ധിയില്ലാത്ത മനുഷ്യ! നിന്റെ മരണം എപ്പോഴും വരുമെന്നു വിചാരിക്കാതെ. ഇനി അല്പസമയംകൂടി കഴിഞ്ഞാൽ ഇതിന്റെ മേൽമൂടി കീഴ്പോട്ടടിയ്ക്കുകയും അതോടുകൂടി നിന്റെ ജീവൻ ശരീരത്തിൽ നിന്നു വിട്ടുപോകയും ചെയ്യും. അപ്പോൾ നീ അനുഭവിക്കാനിടയുള്ള വേദന പറഞ്ഞറിയിക്കുക സാദ്ധ്യമല്ല.

ദേവ:— അങ്ങിനെതന്നെ സംഭവിക്കട്ടെ. എന്നാലും ഞാൻ അധർമ്മം പ്രവർത്തിക്കുകയില്ല. ഹേ! പാപിഷ്ഠേ! പരപുരുഷനെ ഇച്ഛിക്കുന്ന നായെ! സ്ത്രീരൂപം ധരിച്ചപേയേ! മഹാരാക്ഷസി! ഞാൻ മുമ്പത്തേക്കാൾ ശതാധികമായി നിന്നെ ധിക്കരിക്കുന്നുണ്ട്. ഇനി നീ ഇവിടെ നില്ക്കാതെ; എന്റെ ചെവികളിൽ ഈ അധർമ്മവാക്യങ്ങളെ പകരാതെ; പോ! ദൂരെപ്പോ! നീ എന്റെ കൊല്ലുവാനാണു വിചാരിക്കുന്നതെങ്കിൽ അതാണുത്തമം. നിന്റെ ക്രൂരകർമ്മത്തെ നടത്തിക്കൊള്ളുക; എനിക്കതിൽ ഭയമില്ല.

ഭാഗ്യ.— അങ്ങിനെ തീരുമാനിക്കയാണെങ്കിൽ നിന്റെ കർമ്മത്താൽ മരിച്ചുകൊള്ളുക.

എന്നു പറഞ്ഞിട്ട് അവൾ ആ വാതലുകടന്നു പുറത്തേക്കു മാറിനിന്നു. ഇനി നിങ്ങളുടെ ജോലി നടക്കട്ടെ എന്ന് അവൾ നിർദ്ദയമായി കല്പനകൊടുത്തു. ആ സമയം പുറത്തുനിന്നും ആളുകൾ വരുന്ന കാലടികളുടെ ശബ്ദംകേട്ടു ഭാഗ്യവതി കടന്നുപോകാൻ ഭാവിച്ചു. ഉടൻ "നില്ലവിടെ" എന്ന് ഒരു കല്പന പുറപ്പെട്ടു. മറുനിമിഷത്തിൽ പെട്ടിയുടെ കതകു തുറക്കപ്പെട്ടു, ദേവദത്തനു മോചനം ലഭിച്ചു. "ദേവദത്തൻ! പുറത്തുവരൂ!" എന്ന് ഒരു കല്പനകൂടി പുറപ്പെട്ടു. അതു ധീരചിത്തനായ ഒരു പുരുഷകണ്ഠത്തിൽനിന്നുത്ഭവിച്ചതായിരുന്നു. അതുകേട്ട് അവൻ പുറത്തേക്കു വന്നു. പെട്ടിയുടെ സമീപത്തുള്ള കൂടത്തിൽ കിരീടധാരിയായ ഒരു സുന്ദരപുരുഷൻ രാജചിഹ്നം ധരിച്ച ഭടന്മാരാൽ പരിവൃതനായി നില്ക്കുന്നതു കണ്ടു. ദേവദത്തൻ നിർവ്യാജവും ഭക്തിപ്രചുരതയാൽ വിനീതവുമായ മുഖഭാവത്തോടുകൂടി ആ രാജാവിനെ തൊഴുതു. ആ സമയം നാലു ഭടന്മാരുടെ ബന്ധനത്തിൽ ഭാഗ്യവതി നില്ക്കുന്നതും കണ്ടു. വാമനനെ രണ്ടുഭടന്മാർ ബന്ധിച്ചിരിക്കുന്നു; രാജാവു ദേവദത്തനോട്,

ദേവദത്ത! നീ ക്ഷേമമായ് നിങ്ങളുടെ കുടുംബത്തോടു പോയി ചേർന്നുകൊള്ളുക. ഒരു തനിക്കപ്പൽ നിങ്ങളുടെ യാത്രയ്ക്കായി തയ്യാറാക്കിയിട്ടുണ്ട്. അതിൽ കയറി നിങ്ങളുടെ ഇഷ്ടാനുസരണം എങ്ങോട്ടു വേണമെങ്കിലും യാത്രചെയ്യാം. ഞാൻ നിങ്ങളുടെ ഉത്തമഗുണത്തെ മനസ്സിലാക്കിക്കഴിഞ്ഞിരിക്കുന്നു. നിങ്ങൾക്ക് അതിനു തക്ക ഫലം ലഭിക്കും; ഇത്രദൂരം നിങ്ങളെ കഷ്ടപ്പെടുത്തിയതിലേക്കു ഞാൻ ക്ഷമായാചനം ചെയ്യുന്നു. ഇവളുടെ ക്രൂരകർമ്മഗതിയെ വ്യക്തമായറിവാൻ

വേണ്ടി കാത്തിരുന്നതാണു്. നിങ്ങളുടെ ഭാൎയ്യയും സന്താനങ്ങളും ദുഃഖിക്കുന്നില്ല. നിന്നെ ഇവരെ ബന്ധനത്തിലാക്കിയ ഉടൻതന്നെ ഞാൻ അതറിഞ്ഞു. ഉടൻതന്നെ അവർ വ്യസനിക്കാതിരിക്കുന്നതിനു നിങ്ങളെ ഒരു കാൎയ്യമായി ഒരു സ്ഥലത്തയച്ചിരിക്കുന്നു എന്നും താമസിയാതെ വന്നുചേരുമെന്നും ഞാൻ നേരിട്ടു് എഴുതി കൊടുത്തിട്ടുണ്ടു്. അവർ ആതിനാൽ ഈ സംഗതികളറിഞ്ഞിട്ടില്ല. ഇപ്പുറം അറിയിക്കുകയും അരുതു്.

ദേവദത്തൻ രാജാവിന്റെ സദ്ഗുണവിശേഷത്തിനായി അങ്ങേഹത്തെ ഒന്നുകൂടി പ്രണമിച്ചിട്ടു തിരിച്ചു നടന്നു

രാജാവു്, ഉടൻ വാമനനെ വിളിച്ചു് നീ ഈ പാപിഷ്ഠയുടെ സഹായിയായിരുന്നതുനിമിത്തം നിന്നെ മരണപൎയ്യന്തം ജയിൽവാസത്തിനു വിട്ടിരിക്കുന്നു. എന്നു പറഞ്ഞ ക്ഷണം രാജഭടന്മാർ അവനെ പിടിച്ചു കൊണ്ടുപോയി ജയിലിൽ അടച്ചു. പിന്നീടു ദാസിയായ രത്നാംഗിയെ വിളിച്ചു, നീ ഇതുവരെ ഇവളുടെ ക്രൂരകൎമ്മങ്ങൾക്കു സഹായിനിയായിരുന്നാലും, ഞാൻ ചോദിച്ചഉടൻ പരമാൎത്ഥമെല്ലാം പറഞ്ഞതു നിമിത്തം നിന്നെ തൽക്ഷണം ഈ നാട്ടിൽനിന്നു ബഹിഷ്കരിക്കുകമാത്രമായിട്ടേ ശിക്ഷിക്കുന്നുള്ളു. ആയിരം ഉറുപ്പികയും തന്നിരിക്കുന്നു. അതും കൊണ്ടു് ഏതുനാട്ടിലെങ്കിലുംപോയി ജീവിച്ചുകൊള്ളുകയെന്നു കല്പന കൊടുത്തു. ഉടൻ രണ്ടുഭടന്മാർ അവളെ ബഹിഷ്കാരത്തിനായി പിടിച്ചുകൊണ്ടുപോയി.

ഒടുവിൽ ഭാഗ്യത്തെനോക്കി ക്രോധവശനായ ആ ധീരപുരുഷൻ ദേഷ്യത്തോടു നടക്കട്ടെ ഇനി അമാന്തിക്കേണ്ട എന്നു കല്പനനല്കുകയും അവർ ഭാഗ്യത്തെപ്പിടിച്ചു് ആ ഇരിമ്പുപെട്ടിയിലടച്ചു ഒന്നു്, രണ്ടു്, നാലു്, അഞ്ചു് എന്നു് അഞ്ചുമണികൾ അരമണിക്കൂർ കൊണ്ടടിച്ചു തീൎക്കയും, അവരും പലരുടെയും ഹൃദയങ്ങളെ വേദനപ്പെടുത്തിയതിന്റെ ഫലമായി വേദനപ്പെട്ടു ഞെരുങ്ങി മരിക്കുകയും ചെയ്തു. അവളുടെ നിലവിളികളും അഭയപ്രാൎത്ഥനകളും ക്ഷമാപണങ്ങളും ഒന്നും ധീരോദാത്തനും ധൎമ്മൈകനിരതനും ആയ ആ രാജരത്നത്തിന്റെ ഹൃദയനിശ്ചയത്തെ വിപാടനംചെയ്വാൻ ശക്തമായില്ല. ദ്രോഹം ചെയ്യുന്നവൻ കഠിനതാപത്തിൽ പെട്ടു മരിക്കുമെന്നുള്ളതിനു് അവളുടെ ചരിത്രം ദൃഷ്ടാന്തമാകുന്നു.

# അദ്ധ്യായം ൩൯.

മുൻ അദ്ധ്യായത്തിൽ പറഞ്ഞ സംഭവങ്ങൾ നടന്നതിന്റെ മൂന്നാമത്തെ വാരത്തിൽ ദേവദത്തനും കുടുംബവും നീലേശ്വരത്തുള്ള അവരുടെ ഭവനത്തിൽ വന്നുചേൎന്നു. അല്പമായി വിശ്രമിച്ചിട്ട് അയാൾ അന്നുതന്നെ വീരസിംഹനെ കാണ്മാനായി വിജയപുരരാജധാനിയിലേക്കു പോയി. പ്രഭു ദേവദത്തൻ വിജയിയായി വന്നതുകണ്ടുള്ള അത്ഭുതസന്തോഷങ്ങളോടുകൂടി അവനെ പിടിച്ചു ആശ്ലേഷംചെയ്തു. ഹാ നിങ്ങളുടെ മുഖലക്ഷണംകൊണ്ടു ജയം സിദ്ധമായി എന്നും, തന്നിമിത്തം എന്റെ പുത്രൻ ഭൂതബാധയിൽനിന്നും വിമുക്തനായി എന്നും ഞാൻ വിശ്വസിക്കുന്നു. ഇനി താമസിയാതെ വിവാഹം നടത്തിക്കണം.

ദേവ—പ്രഭോ! ഞാൻപോയതു ശുഭമുഹൂൎത്തത്തിലായിരുന്നു; ആ യോഗിവൎയ്യൻ സമാധിയിൽനിന്നുണൎന്നുനോക്കിയതു് എന്നെ ആയിരുന്നു. അങ്ങനെ ഒരു മംഗളാവസരം നമുക്കു വിശേഷാൽ ലഭിച്ചിട്ടുണ്ട്. ഞാൻ സാഷ്ടാംഗപ്രണിപാതംചെയ്തു സ്തുതിച്ചു. അദ്ദേഹം നമ്മുടെ ഉദ്ദേശ്യങ്ങളെ ദിവ്യദൃഷ്ടിയിൽ കണ്ടറിഞ്ഞിട്ടു വില്വശിഖരം ഒടിച്ചുകൊണ്ടുവരുവാൻ കല്പിച്ചു. ഞാൻ അപ്രകാരം ചെയ്തു. അദ്ദേഹം അതു വാങ്ങി ജപിച്ചു ശുദ്ധിവരുത്തി മടക്കിത്തന്നു. ഇതു ധരിക്കുന്നവൎക്കു ലോകത്തിൽ യാതൊരുവക പീഡകൾക്കും സംഗതിയാകുന്നതല്ലെന്ന് അരുളിച്ചെയ്കയും എനിക്കു ക്ഷണസാദ്ധ്യമായ മാൎഗ്ഗം ചൂണ്ടിക്കാണിക്കുകയും ചെയ്തു. അതിനാൽ ഞാൻ, നിഷ്പ്രയാസം പൎവ്വതത്തിൽ നിന്നും വന്നുചേൎന്നു. ഈ രക്ഷാബന്ധം ധരിച്ചുകൊണ്ടു നടന്നാൽ ഭൂതത്തിന്റെ ബാധയെ ഭയപ്പെടുകയേവേണ്ട. താങ്കളുടെ പുത്രൻ മാത്രമല്ല, താങ്കളും വിമുക്തനായിരിക്കുന്നു. ഇതിനെ ധരിച്ചുകൊണ്ടു ത്രികാലങ്ങളിലും ദൈവസ്മരണം ചെയ്യണം. എത്ര ഉഗ്രഭൂതങ്ങൾക്കും സമീപിക്കാൻ കഴികയില്ല. ഭയംകൂടാതെ എന്റെകൂടെ വരിക. ഇപ്പോൾതന്നെ നമുക്കു ക്ഷേത്രത്തിൽ പോകാം. രക്ഷാബന്ധം ധരിച്ചുകൊൾക.

പ്രഭുവിനു് ഉള്ളിൽ ഭയമായിരുന്നാലും ദേവദത്തന്റെ ധൈൎയ്യവും പ്രേരണയുംകൊണ്ടു അവർ രണ്ടാളും ക്ഷേത്രത്തിലേക്കു പുറപ്പെട്ടു. താൻ ഇരിമ്പുപെട്ടിയിൽ അടയ്ക്കപ്പെട്ടു സുവൎണ്ണദ്വീപിൽ കിടന്നസമയം ഭൂതം തന്റെ അടുക്കൽ വരികയും ഇരുപത്തഞ്ചുകൊല്ലത്തേക്കു പടിപാടുകൊടുത്താൽ പെട്ടിയിൽനിന്നുംവിമോചനംവരുത്തിക്കൊടുക്കാമെന്നു വാഗ്ദാനംചെയ്കയും ചെയ്തു. എന്നാൽ അതിനെ താൻ നിഷേധിക്കയും രാജാവു തന്നെവിമോചിക്കയുംചെയ്തു എന്നുള്ളകഥയുംദേവദത്തൻ വീരസിംഹനോടു പറഞ്ഞു. അവർ ക്ഷേത്രത്തിന്റെ ഗോപുരത്തിലെത്തിയസമയം ഭൂതംപ്രത്യക്ഷനായി വീരസിംഹന്റെ യാത്രയെ

തടഞ്ഞു. അവർ രക്ഷാമന്ത്രം ധരിച്ചിരുന്നതിനാൽ സമീപിക്കാൻ കഴിയാതെ, രക്ഷാബന്ധശക്തിയേറ്റ ഭൂതം ബോധക്ഷയത്താൽ നിലം പതിച്ചു. വീരസിംഹൻ കൂട്ടുകാരനുമായി ക്ഷേത്രത്തിൽ കയറി ദൈവപ്രാർത്ഥന ചെയ്തു. ഭൂതം എന്നെന്നേക്കുമായി വിട്ടുപോയി.

വീരസിംഹന്റെ ക്ഷേത്രപ്രവേശനം താരാഭായിക്കു അത്യാനന്ദത്തെ ജനിപ്പിച്ചു. ഉടൻതന്നെ ദേവദത്തന്റെ ഹിതാനുസരണം വിവാഹത്തിനുള്ള ഒരുക്കങ്ങളെല്ലാം ചെയ്തു. ഒരു ശുഭമുഹൂർത്തത്തിൽ പ്രതാപവീരന്റെ മകനും വീരസിംഹന്റെ മകളും തമ്മിലുള്ള വിവാഹം അത്യാഡംബരപൂർവം കൊണ്ടാടപ്പെട്ടു.

ദേവദത്തൻ രാജകുടുംബങ്ങളുടെ എല്ലാം നാരായവേരായി വിശ്വസിക്കപ്പെടുകയും ബഹുമാനിക്കപ്പെടുകയും ചെയ്തു. രാജശേഖരൻപ്രഭു വയോധിക്യംനിമിത്തം രാജ്യഭരണം മന്ത്രിയെ ഏല്പിച്ചിട്ടു താരാഭായിയുമൊന്നിച്ചു പാർപ്പുതുടങ്ങി. വാർദ്ധക്യകാലത്തു മകളുടെ ശുശ്രൂഷയേറ്റു മരിക്കണമെന്നായിരുന്നു ശുദ്ധാത്മാവായ രാജശേഖരൻപ്രഭുവിനുണ്ടായിരുന്ന ആഗ്രഹം.

പ്രഭുകുമാരമോഹനന്റെ മൂത്ത മകൾ മരിക്കുകയാൽ അവിടത്തെ അധിവാസം മേലാൽ ശുഭകരമായിരിക്കുകയില്ലെന്നു കരുതി തന്റെ സ്വത്തുമുഴുവൻ വിറ്റുകിട്ടിയ ധനത്തോടുകൂടി ദേവദത്തന്റെ ഗൃഹത്തിൽ വന്നുചേർന്ന്, തന്റെ ധനം മുഴുവനും ഇളയപുത്രിക്കു ദാനംചെയ്ത് അവളുമൊന്നിച്ച് അധിവസിച്ചു.

താരാഭായി തന്റെ ഭർത്താവിനെ ബാധിച്ചിരുന്ന ഭൂതത്തെ അകറ്റി സ്വസ്ഥനാക്കിത്തീർപ്പാൻ ദേവദത്തൻ ചെയ്ത പ്രയത്നത്തിന്റെ ഉൽക്കൃഷ്ടമായ അവസ്ഥയെ ഓർത്ത് അയാളോടു നന്ദിപറയുകയും, ആജന്മം നന്ദിക്കു കടപ്പെട്ടിരിക്കുകയും, പിതൃദത്തമായ രാജ്യത്തിന്റെ ഒരംശം നന്ദിസ്മാരകമായി വിട്ടുകൊടുക്കുകയും, ചെയ്ത് വീരസിംഹനുമായി പ്രജാക്ഷേമൈകനിരതയായി ജീവിതശിഷ്ടത്തെ നയിച്ചു.

പ്രതാപവീരൻ തന്റെ പിതാവായ ചക്രവർത്തിയുടെ മരണശേഷം സിംഹാസനസ്ഥനായി അഭിഷേകം ചെയ്യപ്പെട്ടു. യോഗിസംഘത്തിന്റെ ശബ്ദമോ അവരുടെ ഉപദ്രവമോ നിശ്ശേഷം നശിച്ചു. ഉദരാനന്ദന്റെയും ക്രൂരവിജയന്റെയും അസ്ഥികൂടങ്ങൾകൂടി നശിച്ചുകഴിഞ്ഞു. ദേവദത്തന്റെ മഹത്കൃത്യങ്ങൾക്കായി മഹാരാജ്ഞിയായ ചിത്രാവതിയുടെ പ്രേരണ അനുസരിച്ചു യഥോചിതമായി അവനു വേണ്ടതിലധികം സ്ഥാനമാനങ്ങളും കൊടുത്ത്, ഒരു രാജ്യം മുഴുവനും അവനു പാരിതോഷികമായും നല്കി.

സത്യം, പരോപകാരപരത്വം, നീതി, ദയ, വാത്സല്യം, പരഗുണപ്രീതി മുതലായ സൽഗുണങ്ങൾകൊണ്ടു ഏതു താണസ്ഥിതിയിൽ ജീവിക്കുന്നവനും ലോകത്തിലെ പരമോന്നതപദവികൾ അനുഭവിക്കുവാ

ൻ ഇടയാകുമെന്നും, വേഗിംസംഘത്തെപ്പോലെ ദ്രോഹകരങ്ങളായ കൎമ്മങ്ങളും ശക്തിയേറിയ ഘാതകവൃത്തികളും പ്രബലങ്ങളായ കൂട്ടുകെട്ടുകളുംകൊണ്ടു, രാജ്യമൊട്ടുക്കു ഭയങ്കരമായ ഭീതിയെ പ്രകാശിപ്പിക്കുന്ന അരാജകസംഘത്തിനും ദുഷ്കൎമ്മനിരതന്മാൎക്കും നാശമാകുന്ന അവസാനഗതിയെന്നു് ഇതിലെ കഥാഗാത്രത്തിലെ ഓരോ സംഭവങ്ങൾകൊണ്ടും വ്യക്തമാകുന്നതാകുന്നു.

യുവചക്രവൎത്തിതയിൽ ചക്രവൎത്തിയായി പ്രതാപവീരനും, സ്ഥിരംപ്രഭുവായിതന്നെ വീരസിംഹനും, പരഗുണകൎമ്മൈകനിരതനായി ദേവദത്തനും സകുടുംബം എന്നും വിജയപ്പൂതാക.

ശുഭം.

ഓം തത് സത്.

---

ശ്രീരാമവിലാസം പ്രസ്സ് — കൊല്ലം

21 NOV 1953

MUL

094308